## ഹയർ സെക്കണ്ടറി കോഴ്സ്

# ഇസ്‌ലാമിക
# ചരിത്രവും സംസ്കാരവും

## XII


കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2019

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala

Website : www.scertkerala.gov.in
e-mail : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
Printed at KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികതനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ.ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

# പാഠപുസ്തക വിവർത്തനം

## ശില്പശാലയിൽ പങ്കെടുത്തവർ

### വിദഗ്ദ്ധർ

**ഡോ. മുഹമ്മദ് റഫീഖ് ടി.**
അസി.പ്രൊഫസർ,
ഇസ്‌ലാമിക ചരിത്ര വിഭാഗം
ഗവ. ആർട്സ് & സയൻസ് കോളേജ്,
മലപ്പുറം

**ഡോ.ഷജില ബീവി. എസ്.**
അസി.പ്രൊഫസർ,
ഇസ്‌ലാമിക ചരിത്ര വിഭാഗം
മഹാരാജാസ് കോളേജ്,
എറണാകുളം

**ഡോ.കുമാർ.ജെ.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം, യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം

**ഡോ.പി.നസീർ**
പ്രിൻസിപ്പൽ
മന്നാനിയാ കോളേജ് ഓഫ്
ആർട്ട്സ് & സയൻസ്,
തിരുവനന്തപുരം-9

---

1. **അബ്ദുൽ റഊഫ് ടി.എം.**
എച്ച്.എസ്.എസ്.ടി. ഇസ്‌ലാമിക ചരിത്രം
സീതി സാഹിബ് ഹയർസെക്കണ്ടറി സ്കൂൾ
തളിപ്പറമ്പ്, കണ്ണൂർ

2. **ബഷീർ.ഒ.**
എച്ച്.എസ്.എസ്.ടി ഇസ്‌ലാമിക ചരിത്രം
ദാറുൽ ഹിദായ ഓർഫനേജ് ഹയർസെക്കണ്ടറി സ്കൂൾ
എടപ്പാൾ, മലപ്പുറം

3 **അസീന.എം.എ**
എച്ച്.എസ്.എസ്.ടി ഇസ്‌ലാമിക ചരിത്രം
ഗവ. ഹയർ സെക്കണ്ടറി സ്കൂൾ
കുറ്റിക്കാട്ടൂർ, കോഴിക്കോട്

**ഡോ. എ. സഫീറുദ്ദീൻ**
***അക്കാദമിക് കോർഡിനേറ്റർ***
*റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.*

Z4X2H6

# ഉള്ളടക്കം

1. അബ്ബാസിയ്യ ഖിലാഫത്ത് - സാർവ ജനീന സാമ്രാജ്യം

2. മുസ്‌ലിം ഖിലാഫത്ത് ആഫ്രോ-ഏഷ്യൻ വൻകരകളിലേക്ക്

3. ഇസ്‌ലാമിക സ്‌പെയിനിന്റെ പാരമ്പര്യം

4. മുസ്‌ലിം ലോകം ഉസ്മാനിയ ഭരണത്തിൻ കീഴിൽ

5. പടിഞ്ഞാറെ ഏഷ്യ-യൂറോപ്യൻ സാമ്രാജ്യത്തിൻ കീഴിൽ

6. മുസ്‌ലിം ലോകം പുതിയ ലോക ക്രമത്തിൽ

7 .മുസ്‌ലിം ഭരണം ഇന്ത്യയിൽ : രാഷ്ട്രം - സമൂഹം - സംസ്കാരം

8. സ്വാതന്ത്ര്യസമരവും ഇന്ത്യൻ മുസ്‌ലിംകളും

9. ഇസ്‌ലാമിക പാരമ്പര്യം കേരളത്തിൽ

# അബ്ബാസിയ്യ ഖിലാഫത്ത് - സാർവ ജനീന സാമ്രാജ്യം

1

Z9D3B6

### പഠനനേട്ടങ്ങൾ

- അബ്ബാസി സാമ്രാജ്യത്തിന്റെ രൂപീകരണത്തെ വിദ്യാർത്ഥികൾ പരിചയപ്പെടുന്നു.
- അബ്ബാസി സാമ്രാജ്യത്തിന്റെ രാഷ്ട്രീയപരവും ഭരണപരവുമായ നേട്ടങ്ങളെ വിദ്യാർത്ഥികൾ വിശകലനം ചെയ്യുന്നു.
- വൈദ്യശാസ്ത്രം, തത്വശാസ്ത്രം, ഗണിതശാസ്ത്രം, ചരിത്രരചനാശാസ്ത്രം, വാനശാസ്ത്രം, ആൽക്കെമി, ദൈവശാസ്ത്രം തുടങ്ങിയ മേഖലകളിൽ അബ്ബാസി സാമ്രാജ്യം നൽകിയ സംഭാവനകളെ വിദ്യാർത്ഥികൾ മനസ്സിലാക്കുന്നു.
- അബ്ബാസി സാമ്രാജ്യത്തിന്റെ കല-വാസ്തുവിദ്യാ മേഖലകളെ വിശകലനം ചെയ്തുകൊണ്ട് വിദ്യാർത്ഥികളുടെ ആസ്വാദനാഭിരുചിയെ വികസിപ്പിക്കുന്നു.
- അബ്ബാസി സാമ്രാജ്യത്തിന്റെ സാഹിത്യ സംഭാവനകളെ വിദ്യാർത്ഥികൾ പരിചയപ്പെടുന്നു.
- അബ്ബാസി സാമ്രാജ്യത്തിന്റെ സാമൂഹ്യ ജീവിതവും അതിന്റെ പ്രത്യേകതകളെയും വിദ്യാർത്ഥികൾ തിരിച്ചറിയുന്നു.
- അബ്ബാസി സാമ്രാജ്യത്തിന്റെ തകർച്ചയുടെ കാരണങ്ങൾ വിദ്യാർത്ഥികൾ മനസ്സിലാക്കുന്നു.

### പ്രധാനാശയങ്ങൾ

- അബ്ബാസി രാഷ്ട്രീയചരിത്രവും ഭരണവും
- ശാസ്ത്രസാഹിത്യ പുരോഗതി
- ദൈവശാസ്ത്ര, ശരീഅത്ത് നിയമം ഫിഖ്ഹ് എന്നിവയുടെ വികസനം
- സാമൂഹിക ജീവിതം
- കലയും വാസ്തുവിദ്യയും
- അബ്ബാസി സംസ്കാരവും അതിന്റെ പ്രത്യേകതകളും
- ബൈത്തുൽ ഹിക്മ
- അബ്ബാസി സാമ്രാജ്യ തകർച്ച

അബ്ബാസി സാംസ്കാരത്തെയും ശാസ്ത്രപുരോഗതിയെയും പറ്റിയുള്ള ബി.ബി.സി ഡോക്യുമെന്ററി വീക്ഷിക്കുക.

മധ്യകാലഘട്ടത്തിലെ പ്രധാനപ്പെട്ടൊരു സംസ്കാരത്തെയാണ് ഈ അധ്യായം വിവരിക്കുന്നത്. അബ്ബാസിയ്യ ഭരണത്തിൻ കീഴിൽ മധ്യകാലഘട്ടം ശാസ്ത്രസാഹിത്യ മേഖലകളിൽ പ്രാവീണ്യം തെളിയിക്കുകയുണ്ടായി. അതുകൊണ്ടുതന്നെ പാശ്ചാത്യരുടെ സംഭാവനകൾ വിരളമായിരുന്ന മധ്യ കാലഘട്ടത്തെ ഇരുണ്ടകാലമെന്ന് വിളിക്കപ്പെടുമ്പോൾ അബ്ബാസി കാലഘട്ടം വൈജ്ഞാനിക രംഗത്ത് പ്രശോഭിച്ചിരുന്നു.

750 സി.ഇ. മുതൽ 1258 സി.ഇ. വരെ ബാഗ്ദാദ് കേന്ദ്രീകരിച്ച് നിലനിന്നിരുന്ന മുസ്ലിംഭരണകൂട മാണ് അബ്ബാസി രാജവംശം. 749 സി.ഇ.യിൽ നടന്ന സാബ് യുദ്ധത്തെ തുടർന്ന് ഡമസ്കസ് കേന്ദ്രീകരിച്ച് ഭരണം നടത്തിയിരുന്ന ഉമവികളെ പരാജയപ്പെടുത്തികൊണ്ടാണ് അബ്ബാസി ഭരണം രൂപീകൃതമാകുന്നത്. ഉമവി സാമ്രാജ്യത്തിന്റെ അവസാന നാളുകളിൽ രൂപപ്പെട്ട വിവിധ വിഘടനവാദ പ്രസ്ഥാനങ്ങളും അബ്ബാസി പ്രസ്ഥാനവും തങ്ങളുടെ പൊതുശത്രുവായ ഉമവികൾക്കെതിരെ നീക്കം നടത്തുകയും ഭരണം അവസാനിപ്പിക്കുകയും ചെയ്തു. സാമ്രാജ്യത്വ വ്യാപനത്തെക്കാൾ വൈജ്ഞാനിക പുരോഗതിക്കായിരുന്നു അബ്ബാസി ഭരണം പ്രാധാന്യം നൽകിയത്.

അബ്ബാസി പ്രചരണത്തിന്റെ നേതൃസ്ഥാനിയായ പ്രവാചകന്റെ പിതൃവ്യയൻ അബ്ബാസിന്റെ ബന്ധു മുഹമ്മദ്-ഇബ്നു-അലി-അബ്ബാസിന്റെ പേര് ചേർത്തുകൊണ്ടാണ് പ്രസ്തുത ഭരണകൂടം അബ്ബാസി രാജവംശമെന്ന് വിളിക്കപ്പെട്ടത്. അബ്ബാസി ഭരണത്തിന്റെ പ്രധാന വക്താവായി അറിയപ്പെടുന്ന അബു-മുസ്ലിം-ഖുറാസാനിയുടെ പ്രവർത്തനങ്ങളായിരുന്നു സാബ് യുദ്ധത്തിലെ വിജയത്തിനു കാരണമായത്.

## അബുൽ അബ്ബാസ് അസ്സഫ്ഫാഹ് (750-754 സി.ഇ)

സാബ് യുദ്ധസമയത്ത് അബ്ബാസി പ്രസ്ഥാനത്തിന്റെ നേതൃസ്ഥാനം വഹിച്ചിരുന്ന അബുൽ അബ്ബാസ് യുദ്ധാനന്തരം രൂപീകൃതമായ അബ്ബാസി ഭരണകൂടത്തിന്റെ സ്ഥാപകനായി അറിയപ്പെട്ടു. ഭരണം ഏറ്റെടുത്തയുടനെ അദ്ദേഹം 'അസ്സഫ്ഫാഹ്' (രക്തദാഹി) എന്ന അപരനാമം പേരിനോടൊപ്പം സ്വീകരിക്കുകയും പ്രസ്തുത നാമം അന്വർത്ഥമാക്കുന്ന വിധത്തിൽ നടപടികൾ കൈക്കൊള്ളുകയുമുണ്ടായി. തന്റെ മുൻഗാമിയായ അബ്ബാസി നേതാവ് ഇബ്രാഹിമിനെ കൊലചെയ്തതിനും ഖർബല കൂട്ടക്കൊലയ്ക്കും അദ്ദേഹം സ്വീകരിച്ച പ്രതികാര നടപടിയായിരുന്നു ഉമവി വംശജരുടെ ഉന്മൂലനം. ഇതിലൂടെ അബ്ബാസി ഭരണകൂടത്തിന്റെ ശക്തി ജനങ്ങളെ ബോധ്യപ്പെടുത്തുവാനും അദ്ദേഹത്തിനു ഉദ്ദേശ്യമുണ്ടായിരുന്നു. പ്രസ്തുത വംശഹത്യയിൽ നിന്നും രക്ഷപ്പെട്ട ഒരേയൊരു വ്യക്തി പത്താമത്തെ ഉമവി ഭരണാധികാരിയായിരുന്ന ഹിഷാം രണ്ടാമന്റെ പേരക്കുട്ടി അബ്ദുറഹ്മാനായിരുന്നു. അദ്ദേഹം സിറിയയിൽ നിന്നു വടക്കേ ആഫ്രിക്ക വഴി സ്പെയിനിലെത്തുകയും അവിടെ ഒരു സ്വതന്ത്ര ഉമവി ഭരണകൂടം 756 സി.ഇ യിൽ അബ്ബാസിക്കളെ വെല്ലുവിളിച്ചുകൊണ്ട് സ്ഥാപിക്കുകയും ചെയ്തു.

അസ്സഫ്ഫാഹിനെ ഭരണകാര്യങ്ങളിൽ സഹായിച്ചിരുന്നത് പ്രധാന ഉദ്യോഗസ്ഥരായിരുന്ന അബു-മുസ്ലിം-ഖുറാസാനി, അബു-സൽമ, അബ്ദുള്ള-ഇബ്നു-അലി, സുലൈമാൻ-ഇബ്നു-അലി, ഖാലിദ്-ഇബ്നു-ബർമക്ക് എന്നിവരായിരുന്നു. അബു-സൽമ ആയിരുന്നു ആദ്യത്തെ പ്രധാനമന്ത്രി. അദ്ദേഹത്തിന്റെ മരണത്തെ തുടർന്നാണ് ആ സ്ഥാനത്തേക്ക് പേർഷ്യൻ വംശജനായ ഖാലിദ്-ഇബ്നു-ബർമക്കിനെ നിയമിക്കുന്നത്. കൂഫയ്ക്കടുത്തുള്ള അംബർ (ഹാഷ്മിയ്യ)

ആയിരുന്നു അബുൽ അബ്ബാസ് അസ്സഫ്ഫാഹ് തലസ്ഥാന നഗരിയായി തെരഞ്ഞെടുത്തത്. 754 സി.ഇ യിൽ അസുഖത്തെത്തുടർന്ന് അബുൽ അബ്ബാസ് അസ്സഫ്ഫാഹ് മരണപ്പെടുകയും സഹോദരനായ അബു-ജാഫർ-മൻസൂർ അടുത്ത അബ്ബാസി ഭരണാധികാരിയാവുകയും ചെയ്തു.

## അബൂ-ജാഫർ-മൻസൂർ (754 – 775 സി.ഇ)

മൻസൂർ എന്ന അപരനാമം സ്വീകരിച്ചു കൊണ്ടാണ് അബുൽ അബ്ബാസ് അസ്സഫ്ഫാഹിനു ശേഷം അബു-ജാഫർ അബ്ബാസി ഭരണ നേതൃത്വം ഏറ്റെടുത്തത്. 'വിജയി' എന്നർഥം വരുന്ന പ്രസ്തുത പദം ഭരണവും സംഭാവനകളും വിലയിരുത്തുമ്പോൾ അദ്ദേഹത്തിനു ഏറ്റവും അനുയോജ്യമായി മാറുന്നു. അബ്ബാസിയ്യ സാമ്രാജ്യത്തെ ഏകീകരിച്ചുകൊണ്ട് ഒരു കേന്ദ്രീകത ഭരണ സംവിധാനം അദ്ദേഹം സ്ഥാപിച്ചു.



അബു-ജാഫർ



അബു-മുസ്‌ലിം

### നിസിബിൻ യുദ്ധവും അബു മുസ്‌ലിം ഖുറാസാനിയും

ഖലീഫയുടെ അമ്മാവൻ സിറിയയിൽ വിഘടനവാദമുയർത്തി. ഈ ഭീഷണി നേരിടാൻ അബുജഅഫർ അബു മുസ്ലിം ഖുറാസാനിയെ നിയോഗിച്ചു. നിബിയൻ യുദ്ധത്തിൽ അബ്ദുല്ല ഇബനു ആലിയും അബു മുസ്ലിം ഖുറാസാനിയും ഏറ്റുമുട്ടി. അബ്ദുല്ല ഇബനു ആലിയെ തടവിലാക്കുകയും ചെയ്തു. ഈ വിജയത്തിലൂടെ ആ കാലഘട്ടത്തിലെ പേരുകേട്ട സൈനികത്തലവനായി അബു മുസ്‌ലിം കൂടുതൽ ജനസമ്മതനായി. തന്റെ പ്രസിദ്ധികൊണ്ടും സൈനികശക്തി കൊണ്ടും അബ്ബാസി ഭരണത്തെ പിടിച്ചടക്കാൻവരെ ശക്തനായിരുന്നു അബു മുസ്‌ലിം.

## മൻസൂറിന്റെ ഭരണത്തിനെതിരെയുള്ള വിഘടനവാദങ്ങൾ

നിരവധി വിഘടന വാദങ്ങൾ മൻസൂറിന്റെ ഭരണാരംഭത്തിലേ തന്നെ ഉയർന്നു വന്നിരുന്നു. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് റവെൻഡിസ് എന്ന വിഘടന വാദികൾ മൻസൂറിന് എതിരായതാണ്. ഭരണാധികാരിയെ ദൈവമായി അംഗീകരിക്കുകയും ദൈവത്തിന്റെ പ്രതിപുരുഷനായി ആരാധിക്കുകയും ചെയ്തിരുന്ന ഒരു വിഭാഗമായിരുന്നു റവെൻഡിസ്. തന്നെ ദൈവമായി വിശ്വസിക്കുന്ന ഇവരെ അംഗികരിക്കാൻ മൻസൂർ തയാറായില്ല. മാത്രമല്ല, മത പണ്ഡിതന്മാരുടെയും യഥാസ്ഥിതിക വിശ്വാസികളുടെയും അഭിപ്രായങ്ങൾ മാനിച്ചുകൊണ്ട് മൻസൂർ ഇവരെ പൂർണമായും ഇല്ലാതാക്കി.

മൻസൂറിന്റെ ഭരണകാലത്ത് ശിയാക്കൾ അദ്ദേഹത്തിനെതിരെ പ്രശ്നങ്ങൾ ഉണ്ടാക്കാൻ തുടങ്ങി. ശിയാക്കളുടെ പരമോന്നത നേതാവായി അറിയപ്പെടുന്ന ഇമാം മുസ്ലിമിന്റെ പേരക്കുട്ടിയായ മുഹമ്മദ് ആയിരുന്നു ആ സമയത്ത് ശിയാക്കളുടെ നേതാവ്. അദ്ദേഹത്തിന്റെ സ്വഭാവമഹിമ നിമിത്തം മുസ്ലിം സമൂഹം മുഴുവനും അദ്ദേഹത്തെ നഫ്സ് സക്കിയ എന്നാണ് വിളിച്ചിരുന്നത്. മുഹമ്മദിന് ഖിലാഫത്ത് നൽകാനും ഭരണാധികാരിയായി അംഗീകരിക്കാനും ശിയാക്കൾ ശ്രമം നടത്തി. തന്റെ അധികാരം നിലനിർത്താൻ ഇവിടെയും മൻസൂർ കർശന നിലപാടുകൾ സ്വീകരിക്കുകയും ശിയാ വിഭാഗത്തെ അടിച്ചമർത്തുകയും ചെയ്തു. സി.ഇ. 762-ൽ സൈനിക നടപടികളിലൂടെ മുഹമ്മദിനെയും അദ്ദേഹത്തിന്റെ സഹോദരനായ ഇബ്രാഹിമിനെയും വധിക്കുകയുണ്ടായി. മുഹമ്മദിന് പിന്തുണ നൽകിയ എല്ലാവരെയും മൻസൂർ ശിക്ഷാനടപടികൾക്ക് വിധേയമാക്കി. പ്രമുഖ മത പണ്ഡിതനായ ഇമ്മാംഅബൂ ഹനീഫയെ തടവിലാക്കുകയും ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തത് ഇതിന്റെ ഭാഗമായിട്ടാണ്. സിറിയയിലെ അബ്ബാസിയ ഗവർണറും മൻസൂറിന്റെ അമ്മാവനുമായ അബ്ദുള്ള ഇബനു ആലി സിറിയയിൽ ഭരണാധികാരിയായി സ്വയം പ്രഖ്യാപിച്ചു. മൻസൂർ അദ്ദേഹത്തിനെതിരെ അബൂ മുസ്ലിം ഖുറാസാനിയെ നിയോഗിക്കുകയും സി.ഇ. 754 ലെ നിസിബിൻ യുദ്ധത്തിലൂടെ പരാജയപ്പെടുത്തുകയും ചെയ്തു.

അബൂ മുസ്ലിമിന്റെ രാഷ്ട്രീയമായ വളർച്ചയും ജനങ്ങൾക്കിടയിലെ സ്വാധീനവും തന്റെ അധികാരത്തിനു തടസ്സമാണെന്ന് മൻസൂർ മനസ്സിലാക്കുകയും അദ്ദേഹത്തെ തന്റെ കൊട്ടാരത്തിലേക്ക് വിളിച്ചുവരുത്തി ചതിപ്രയോഗത്തിലൂടെ വധിക്കുകയുമുണ്ടായി.


## തലസ്ഥാനനഗര നിർമാണം

അധികാരം ഏകീകരിച്ചതിനുശേഷം മൻസൂർ പുതിയൊരു തലസ്ഥാനം നിർമിക്കാൻ തിരുമാനിച്ചു. നിലവിലുള്ള ഹാഷിമിയ്യ തലസ്ഥാനം കൂഫാനഗരത്തോട് വളരെ അടുത്ത് സ്ഥിതിചെയ്യുന്ന പ്രദേശമായിരുന്നു. കൂഫയിലെ ശിയാക്കളുടെ സാന്നിധ്യം അബ്ബാസിയ ഭരണത്തിന്റെ നിലനിൽപ്പിന് തടസ്സം സൃഷ്ടിക്കുമെന്ന് മനസിലാക്കിയ മൻസൂർ ടൈഗ്രിസ് നദിയുടെ പടിഞ്ഞാറേ തീരമായ ബാഗ്ദാദ് കേന്ദ്രീകരിച്ച് പുതിയ തലസ്ഥാനം നിർമിക്കാൻ തീരുമാനിച്ചു.


മെസപ്പൊട്ടേമിയൻ സംസ്കാരത്തിനു കിഴിലും പേർഷ്യൻ സാമ്രാജ്യത്തിനു കിഴിലും ഈ പ്രദേശം പ്രധാനപ്പെട്ടൊരു നഗരമായിരുന്നു. സി. ഇ. 762-ൽ ആരംഭിച്ച തലസ്ഥാനനഗരിയുടെ നിർമ്മാണം സി. ഇ. 766-ൽ അഞ്ചുലക്ഷത്തോളം ദിർഹം ചെലവഴിച്ച് ഒരുലക്ഷം തൊഴിലാളികൾ പണിയെടുത്താണ് പൂർത്തീകരിച്ചത്. മൻസൂർ ഈ നഗരത്തിന് മദീനത്തുസലാം (സമാധാന നഗരം) എന്നു പേരിട്ടു.

വൃത്താകൃതിയിലായിരുന്നതുകൊണ്ട് മുദവ്വറ (വൃത്താകൃതമായ നഗരം) എന്നും അക്കാലത്ത് മദീനത്തുസലാം വിളിക്കപ്പെട്ടിരുന്നു. വലിയ രണ്ട് ചുറ്റുമതിലുകളാൽ സംരക്ഷിക്കപ്പെട്ടിരുന്ന ഈ നഗരത്തിന്റെ മധ്യത്തിലായിരുന്നു അബ്ബാസിയ കൊട്ടാരത്തിന്റെ സ്ഥാനം. കൊട്ടാരത്തോട് ചേർന്നു

തന്നെ വലിയൊരു മുസ്‌ലിംപള്ളിയും നിർമ്മിച്ചിരുന്നു. ജനങ്ങളെ നേരിൽക്കണ്ട് അവരുടെ പ്രശ്ന ങ്ങൾ പരിഹരിക്കാൻ ഓഡിയൻസ് ചേമ്പർ എന്ന പേരിൽ ഒരു വിഭാഗവും കൊട്ടരത്തോ ചേർന്ന് നിർമിക്കപ്പെട്ടിരുന്നു.




പേർഷ്യ



ബാഗ്ദാദിനെപ്പറ്റി ചർച്ച ചെയ്യുക-ബാഗ്ദാദ്: സമാധാന നഗരം- സമാധാന പൂന്തോട്ടം.

മൻസൂറിനുശേഷം അദ്ദേഹത്തിന്റെ മകനായ അൽ മഹദി (775-785 സി.ഇ) അധികാരത്തിൽ വന്നു. മഹദിക്കുശേഷം അദ്ദേഹത്തിന്റെ മകനായ ഹാദിയാണ് അബ്ബാസിയ്യ ഭരണാധികാരിയായത്. ഒരു വർഷത്തെ ഭരണത്തിനുശേഷം ഹാദി 786 സി.ഇ.യിൽ മരണപ്പെടുകയുണ്ടായി.

## ഹാറൂൺ അൻറഷീദ്

തന്റെ പിതാവായ മഹ്ദി മരണത്തെത്തുടർന്ന് സി.ഇ. 786-ൽ, 23-ാംമത്തെ വയസ്സിലാണ് ഹാരുൺ അൽ റഷീദ് അബ്ബാസി ഭരണാധികാരിയായി സ്ഥാനമേൽക്കുന്നത്. അധികാരം ഏറ്റെടുത്ത ഉടൻ തന്റെ അധ്യാപകനും ഉപദേശകനുമായ യഹ്‌യ ഇബ്നു ബർമക്കിയെ പ്രധാനമന്ത്രി സ്ഥാന ത്തേക്ക് നിയമിച്ചു. യഹ്‌യാ ഇബ്നു ബർമക്കും അദ്ദേഹത്തിന്റെ നാല് മക്കളുംകൂടിയായിരുന്നു ഹാറൂൺ അൽറഷിദിന്റെ കാലത്ത് അബ്ബാസിയഭരണം നിയന്ത്രിച്ചിരുന്നത്. അബ്ബാസി സാമ്രാജ്യം ഭരണപരമായ വികസനത്തിന്റെ ഉയർച്ചയിലെത്തിയത് ഹാറൂൺ റഷീദിന്റെ കാലത്താ ണ്.

ബാഗ്ദാദിലെ അബ്ബാസിയ ഭരണകാലത്ത് രാഷ്ട്രീയപരമായ മുഴുവൻ അധികാരങ്ങളും ഉണ്ടായി രുന്ന ബർമക്കികൾ ബാക്ട്രിയയിൽ നിന്നും ചേക്കേറിയ കുലീന കുടുംബമായിരുന്നു. അബ്ബാസി കാലഘട്ടത്തിലെ ആദ്യ ഖലീഫയായിരുന്ന അബുൽ അബ്ബാസിന്റെ ധനമന്ത്രിയായിരുന്നു ഖാലിദ് ഇബ്നു ബർമക്ക്. അദ്ദേഹത്തിന്റെ മകനായ യഹ്‌യ ഹാറൂൺ റഷീദിന്റെ ഗുരുവും അദ്ദേഹ ത്തിന്റെ ഭരണകാലത്തെ സാമ്രാജ്യത്തിലെ ഏറ്റവും സ്വാധീനമുള്ള വ്യക്തിയുമായിരുന്നു. തങ്ങ ളുടെ ഔദാര്യം കൊണ്ടും ആതിഥ്യമര്യാദകൊണ്ടും കുലീനത്വംകൊണ്ടും, ബർമക്കിയ കുടുംബം

അക്കാലത്ത് ഏറെ പ്രസിദ്ധമായിരുന്നു. അതുകൊണ്ടുതന്നെ ഹാറൂൺ റഷീദിന്റെ കാലത്ത് രചിക്കപ്പെട്ട സാഹിത്യരൂപമായ ആയിരത്തൊന്നു രാവുകളിലെ പലകഥകളിലും ഇവരെ പരാമർശിക്കുന്നതായികാണാം.

അബ്ബാസി ഭരണകൂടത്തിന്റെ ആദ്യകാല ഭരണകർത്താക്കളുടെ കീഴിൽ സേവനമനുഷ്ഠിച്ചിരുന്ന ബർമക്കകൾ ഇസ്ലാം സ്വീകരിക്കുന്നതിനുമുമ്പ് ബുദ്ധമത വിശ്വാസികളായിരുന്നെന്ന് ചരിത്രത്തിൽ രേഖപ്പെടുത്തുന്നു. അക്കാലത്ത് മധേഷ്യ, അറേബ്യ, പേർഷ്യ എന്നിവിടങ്ങളിൽ വൈജ്ഞാനികപരമായും ഭരണപരമായും പേരുകേട്ട കുടുംബമായിരുന്നു ബർമക്കികൾ. ബാഗ്ദാദിലെ ബർമക്കി കൊട്ടാരം പണ്ഡിതന്മാരുടെയും, മതപുരോഹിതന്മാരുടെയും കവികളുടെയും സാഹിത്യകാരന്മാരുടെയും കേന്ദ്രമായിരുന്നു.

മൻസൂറിനെപ്പോലെത്തന്നെ നിരവധി പ്രശ്നങ്ങൾ ഹാറൂൺ റഷീദിനും ഖലീഫ സ്ഥാനം ഏറ്റെടുത്തപ്പോൾ നേരിടേണ്ടിവന്നിട്ടുണ്ട്. മൊറോക്കോ കേന്ദ്രീകരിച്ച് ഇദ്‌രീസ് ഇബ്നു ഹസ്സൻ അബ്ബാസി ഭരണത്തിനെതിരെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഇദ്‌രീസിനെ തന്റെ ഭരണം അംഗീകരിപ്പിച്ചശേഷം ഹാറൂൺ റഷീദ് അറേബ്യയിൽ പൊട്ടിപ്പുറപ്പെട്ട വംശീയ വിദ്വേഷം ഇല്ലാതാക്കാൻ ശ്രമിച്ചു. യഹ്യാ ഇബ്നു ബർമക്കിന്റെ രണ്ടാമത്തെ മകനായ ജാഫറിന്റെ കീഴിൽ വലിയൊരു സൈന്യത്തെ ഹാറൂൺ അൽ റഷീദ് അറേബ്യയിലേക്കയച്ചു. ദൈലം കേന്ദ്രീകരിച്ച ശിയാക്കൾ ഹാറൂൺ റഷീദിന്റെ ഭരണത്തിനെതിരെ തിരിഞ്ഞപ്പോൾ യഹ്‌യാ ഇബ്നു ബർമക്കിന്റെ രണ്ടാമത്തെ പുത്രനായ ഫസലിന്റെ കീഴിൽ ഒരു സൈന്യത്തെ ഹാറൂൺ റഷീദ് നിയോഗിച്ചു. കാബൂളും, ഹിന്ദുക്കുഷും അബ്ബാസിയ്യ സാമ്രാജ്യത്തോടു ഹാറൂൺ റഷീദ് ചേർക്കുകയുണ്ടായി. മൊസൂൾ കേന്ദ്രീകരിച്ച് വിമതർ പ്രക്ഷോഭം ഉണ്ടാക്കിയപ്പോൾ ഹാറൂൺ റഷീദ് ഉപരോധത്തിലൂടെ അവരെയും അബ്ബാസി ഭരണം അംഗീകരിപ്പിച്ചു.

വടക്കെ ആഫ്രിക്ക കേന്ദ്രീകരിച്ച് ഖവാരിജുകൾ ഹാറൂൺ റഷീദിന്റെ ഭരണത്തിനെതിരെ ഒരു സ്വതന്ത്ര ഖവാരിജി ഭരണത്തിന് രൂപം കൊടുത്തു. ഇബ്നു താരിഫ് ആയിരുന്നു ഈ ഖവാരിജി ഭരണത്തിന്റെ നേതാവ്. അദ്ദേഹത്തിന്റെ മരണത്തെ തുടർന്ന് സഹോദരി ലൈലയായിരുന്നു ഖവാരിജി ഭരണത്തിന്റെ സാരഥി. യുദ്ധത്തിൽ പ്രകടമാക്കിയ ധീരതയാൽ ചരിത്രത്തിൽ അറബ് ജോൺ ഓഫ് ആർക്ക് എന്നാണ് ലൈല അറിയപ്പെടുന്നത്.

### ഹാറൂൺ റഷീദും ബൈസന്റൈൻ ഭരണാധികാരിയും

ഒമ്പതാംനൂറ്റാണ്ടിലെ രണ്ടു പ്രമുഖരായ ഭരണാധികാരികളായിരുന്നു പടിഞ്ഞാറ് ചാർലമേനും കിഴക്ക് ഹാറൂൺ റഷീദും. ഇതിൽ ഹറൂൺ റഷീദായിരുന്നു ഏറ്റവും ശക്തനായ ഭരണാധികാരി. ചാർലമെന്റെയും ഹാറൂൺ റഷീദിന്റെയും പൊതുശത്രുക്കളായിരുന്നു ബൈസന്റൈൻ ഭരണാധികാരിയും സ്പെയിനിലെ സ്വതന്ത്ര്യ ഉമവി ഭരണാധികാരിയും. ഈ രണ്ടു പൊതുശത്രുക്കൾക്കെതിരെ ചാർലമെനും ഹാറൂൺ റഷീദും സൈനിക കരാറിൽ എത്തുകയുണ്ടായി.

ഡമസ്കസിലെ ഉമവി ഭരണകാലത്തുതന്നെ ബൈസന്റൈൻ ചക്രവർത്തി ഒരു നിശ്ചിത തുക ഇസ്ലാമിക ഭരണാധികാരിക്ക് നികുതിയായി കൊടുത്തിരുന്നു. ഹാറൂൺ റഷീദിന്റെ കാലത്ത് പ്രസ്തുത തുക ബൈസന്റൈൻ ചക്രവർത്തിയായ നിസിഫറസ് നൽകാൻ വിസമ്മതിച്ചു. വിസമ്മതം പ്രകടിപ്പിച്ച നിസിഫറസിനെതിരെ ഹാറൂൺ റഷീദ് ശക്തമായ സൈനിക നീക്കം നടത്തുകയും സൈപ്രസ്സ്, റോഡ്സ് തുടങ്ങിയ ദ്വീപുകൾ തിരിച്ചുപിടിക്കുകയും ചെയ്തു. ബൈസന്റൈൻ ഭരണാധികാരി സി.ഇ. 806-ൽ ഹാറൂൺ റഷീദ് മുന്നോട്ടു വെച്ച എല്ലാ കരാറുകളും അംഗീകരിച്ചുകൊണ്ട് ഇരട്ടി തുക കപ്പം നൽകാമെന്ന് സമ്മതിച്ചു. അൽ റഷീദിന്റെ കാലഘട്ടത്തിൽ അബ്ബാസി ഭരണം അതിന്റെ പാരമ്യത്തിലെത്തി. രാജ്യം പുരോഗതി പ്രാപിക്കുകയും ആർഭാട ജീവിതരീതി നിലവിൽ വരികയും ചെയ്തു. ലോകത്തെ തന്നെ വൈജ്ഞാനിക സാംസ്കാരിക വാണിജ്യ രംഗങ്ങളുടെ കേന്ദ്രമായി ബാഗ്ദാദ് മാറി.

## ഖാലിദ് ഇബ്നു ബർമക്ക്

പതിനേഴ് വർഷത്തോളം അബ്ബാസി സാമ്രാജ്യത്തിന്റെ പ്രധാന മന്ത്രിപദവി സ്വീകരിച്ചുകൊണ്ട് ഭരണപരമായ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നവരാണ് പേർഷ്യൻ വംശത്തിൽപ്പെട്ട ഖാലിദ് ഇബനു ബർമക്കും കുടുംബവും. ആദ്യ രണ്ട് അബ്ബാസി ഖലീഫമാരുടെ കീഴിൽ ഉയർന്ന സ്ഥാനം വഹിച്ചിരുന്ന വ്യക്തിയാണ് ഖാലിദ് ഇബ്നു ബർമക്ക്. അബൂ സൽമയുടെ മരണ ശേഷം അദ്ദേഹം മന്ത്രിപദത്തിലേക്കുയർത്തപ്പെട്ടു.

ഇതോടൊപ്പം ഇറാഖിന്റെയും മൊസൂളിന്റെയും ഗവർണർ സ്ഥാനവും കൂടി അദ്ദേഹത്തിന് നൽകിയിരുന്നു. അബ്ബാസി സ്ഥാപക ഖലീഫ അബുൽ അബ്ബാസിന്റെ പത്നിയും ഖാലിദിന്റെ മകളും പരസ്പരം സേവനമനുഷ്ഠിച്ചിരുന്നു. ഖാലിദിന്റെ മകനായ യഹ്‌യ ഇബ്നു ബർമക്ക് ഖലീഫ മഹദിയുടെ മകനായ ഹാറൂൺ റഷീദിന്റെ ഗുരുവും ഗവർണറുമായി പ്രവർത്തിച്ചിട്ടുണ്ട്.

ഖാലിദിന്റെ ഔദ്യോഗിക ജീവിതമാരംഭിക്കുന്നത് അബ്ബാസിയ്യ ഭരണകൂടത്തിന്റെ ധനകാര്യകർത്താവായിട്ടായിരുന്നു. (ദിവാനുൽ ഖറാജ്). പ്രധാനമായും നികുതികാര്യങ്ങൾക്കും പാട്ട വ്യവസ്ഥയ്ക്കുമായിരുന്നു പ്രസ്തുത വിഭാഗം മുൻഗണന നൽകിയിരുന്നത്. ആദ്യമായി ബജറ്റ് അവതരണ സമ്പ്രദായം നടപ്പാക്കിയതും, വ്യത്യസ്ത ഭരണ വിഭാഗങ്ങളിലേക്ക് ഉദ്യോഗസ്ഥരെ നിയമിച്ചതും ഖാലിദ് ഇബ്നു ബർമക്കായിരുന്നു. പ്രവിശ്യകളിലെ കാര്യങ്ങളെപ്പറ്റി ഗവർണർമാർ ഔദ്യോഗിക കത്തിടപാടുകൾ നടത്തേണ്ടതും ഭരണ ഉദ്യോഗസ്ഥരെല്ലാംതന്നെ വരവുചെലവുകൾ കൃത്യമായി കണക്കാക്കി സമർപ്പിക്കേണ്ട വ്യവസ്ഥയും ബർമക്കികളുടെ കാലത്താണ് ആരംഭിച്ചത്. അബ്ബാസി ഭരണത്തെ സഹായിക്കുന്നതിനുവേണ്ടി ഒരു ഇറാനി ഉദ്യോഗ വിഭാഗത്തെയും ഈ കുടുംബം രൂപീകരിച്ചു. സി.ഇ. 765–ൽ തബരിസ്ഥാനിലെ ഗവർണർ സ്ഥാനം ലഭിച്ചത് അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതത്തിൽ കൂടുതൽ വഴിത്തിരിവുകളുണ്ടാക്കി. കാർക്കശ്യവും-നീതിയും സന്തുലനം ചെയ്യുന്ന തന്റെ നയങ്ങൾകൊണ്ട് അവിടത്തെ നിയമവാഴ്ച നേരെയാക്കാനും അപരിഷ്കൃത കുർദുകളെ നിലയ്ക്കു നിർത്താനും അദ്ദേഹത്തിനായി.

യഹ്‌യ ഇബ്നു ബർമക്കിന്റെ പുത്രന്മാർ ഹാറൂൺ റഷീദിന്റെ കീഴിൽ ഉന്നത ഔദ്യോഗിക പദവികളലങ്കരിച്ചിരുന്നു. ശാസ്ത്ര പഠനങ്ങളോട് ആഭിമുഖ്യം പ്രകടിപ്പിച്ചിരുന്ന ബർമക്കികൾ ഇന്ത്യൻ ശാസ്ത്ര അറിവുകൾ ബാഗ്ദാദിലേക്കും തുടർന്ന് മറ്റു പ്രദേശങ്ങളിലേക്കും പ്രചരിപ്പിക്കാൻ സഹായിച്ചു. ബാഗ്ദാദിൽ ഒരു പേപ്പർ നിർമാണശാലക്ക് തുടക്കം കുറിച്ചതും ഇവരാണ്. ബർമക്കികളുടെ കഴിവും സേവനങ്ങളും ആയിരത്തൊന്നു രാവുകളിലെ കഥാപാത്രങ്ങളിലൂടെ ഇന്നും ജീവിക്കുന്നു. ഇതിൽ ഏറ്റവുമധികം പരാമർശിക്കുന്നത് ജാഫർ ഇബ്നു ബർമക്കാകുന്നു. ' ബർമക്കി സദ്യ' എന്ന വിവരണവും അവരുടെ സ്വാധീനത്തെ സൂചിപ്പിക്കുന്നു. യഹ്‌യ ഇബ്നു ബർമക്ക് അറിയപ്പെടുന്ന ഭിഷഗ്വരനും ധാരാളം വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ അറബി-പേർഷ്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്ത വ്യക്തിയുമാണ്. ഖുറാസാനും ട്രാൻസോക്സിയാനയും ഇന്ത്യൻ വൈജ്ഞാനിക സംഭാവനകൾ വിവർത്തനം ചെയ്യുന്നതിൽ നിർണായക പങ്കു വഹിച്ചു.

മൻസൂറിന്റെ ഭരണകാലത്തും ഖാലിദ് ഇബ്നു ബർമക്ക് തന്നെയായിരുന്നു വസീർ ഹാറൂൺ റഷീദ് വിദ്യ അഭ്യസിച്ചിരുന്നതും അദ്ദേഹത്തിന്റെ ബാല്യകാലം ചെലവഴിച്ചതും ഖാലിദ് ഇബ്നു-ബർമക്കിന്റെ മകൻ യഹ്‌യാ ഇബ്നു ബർമക്കിന്റെ കീഴിൽ ആയിരുന്നു. തന്റെ ഗുരുവിനോടുള്ള ബഹുമാനാർഥം ഹാറൂൺ റഷീദ് യഹ്‌യ ഇബ്നു ബർമക്കിനെ ഫാദർ എന്നാണ് അഭിസംബോധന ചെയ്തിരുന്നത്. ഹാറൂൺ റഷീദിന്റെ ഭരണകാലത്ത് ഭരണകാര്യങ്ങൾ നിയന്ത്രിച്ചിരുന്നത് വസീർ ആയ യഹ്‌യാ ഇബ്നു ബർമക്കും അദ്ദേഹത്തിന്റെ മക്കളായ ജാഫർ, മുഹമ്മദ്, മൂസ്സ എന്നിവരുമായിരുന്നു.

പതിനേഴ് വർഷത്തോളം അബ്ബാസി ഭരണം നിയന്ത്രിച്ചിരുന്ന ബർമക്ക് കുടുംബം ചുരുങ്ങിയകാലംകൊണ്ടുതന്നെ ജനങ്ങൾക്കിടയിൽ വളരെ സ്വാധീനമുള്ളവരായി മാറി. ഭീമമായ സ്വത്തിന് ഉടമസ്ഥരായിത്തീർന്ന ഇവർ കിഴക്കൻ ബാഗ്ദാദിൽ ഏറ്റവും അറിയപ്പെടുന്നവരായി മാറി. വളരെ ആർഭാടജീവിതം നയിച്ചിരുന്ന ബർമക്ക് കുടുംബം കിഴക്കൻ ബാഗ്ദാദിൽ അൽ ജഫ്രിന എന്ന പേരിൽ അബ്ബാസി കൊട്ടാരത്തേക്കാൾ വലിയൊരു കൊട്ടാരം നിർമിച്ചു. നിരവധി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടും ദാനധർമങ്ങൾ ചെയ്തുകൊണ്ടും ബർമക്ക് കുടുംബം ഭൂരിഭാഗം ജനങ്ങളെയും തങ്ങൾക്കനുകൂലമാക്കിമാറ്റി.

## ബർമക്ക് കുടുംബത്തിന്റെ തകർച്ച

ഭരണകാര്യങ്ങളിൽ ഇത്രയുമധികം സ്വാധീനം ഒരു പേർഷ്യൻ കുടുംബത്തിന് ഉണ്ടായത് കൊട്ടാരത്തിലെ അറബ് വംശജരായ ഉദ്യോഗസ്ഥർ നിരന്തരം ഹാറൂൺ റഷീദിനെ അറിയിക്കുകയും പിന്നീടത് ബർമക്ക് കുടുംബത്തിനെതിരെയുള്ള ആരോപണങ്ങളായി പരിണമിക്കുകയും ചെയ്തു. ഇതിന് നേതൃത്വം കൊടുത്തത് ഫസൽ ഇബ്നു റാബിഹ് എന്ന ഉദ്യോഗസ്ഥനായിരുന്നു അറബ് -പേർഷ്യൻ വംശീയ വിദ്വേഷത്തിന്റെ തുടക്കം കൂടിയായിരുന്നു ഇത്. ഇവരുടെ വളർച്ചയും സ്വാധീനവും തന്റെ ഖലീഫസ്ഥാനവും അധികാരവും ഇല്ലാതാക്കുമെന്ന് ഭയന്ന് ഹാറൂൺ റഷീദ്, ബർമക്ക് കുടുംബത്തിനെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ തുടങ്ങി. ഹാറൂൺ റഷീദിന്റെ ഭരണ നാളുകളിൽ വസീർ ആയിരുന്ന ജാഫറിനെ അകാരണമായി അദ്ദേഹം വധിച്ചു. വൃദ്ധാവസ്ഥയിലായ തന്റെ ഗുരു യഹ്‌യ ഇബ്നു ബർമക്കിയെയും മറ്റ് മൂന്ന് മക്കളെയും തടവിലാക്കുകയും പ്രസ്തുത കുടുംബത്തിന്റെ മുഴുവൻ സ്വത്തും ഖലീഫ പിടിച്ചെടുക്കുകയും ചെയ്തു. യഹ്‌യയും അദ്ദേഹത്തിന്റെ മൂന്ന് മക്കളും തടവറയിൽ കിടന്നാണ് മരണപ്പെട്ടത്. പ്രസിദ്ധ ചരിത്രകാരനായ ഇബ്നു ഖൽദൂൻ അഭിപ്രായപ്പെടുന്നത് 'അബ്ബാസിയ്യ സാമ്രാജ്യത്തിന്റെ വളർച്ചയ്ക്ക് പ്രധാന പങ്കുവഹിച്ച ബർമക്ക് കുടുംബത്തെ രാഷ്ട്രീയ ദുഷ്പ്രചാരണങ്ങൾ കാരണമാണ് ഹാറൂൺ റഷീദ് വധിച്ചത് എന്നാണ്'. മധ്യേഷ്യൻ ചരിത്രകാരനായ ജോർജ് സെയിദാൻ അഭിപ്രായപ്പെടുന്നത്, 'പേർഷ്യൻ വംശജരായ ബർമക്ക് കുടുംബത്തിന്റെ വളർച്ച ഖലീഫയുടെ അറബ് ഉദ്യോഗസ്ഥർ ഭയപ്പെട്ടിരുന്നു. ശിയാക്കളുമായി കൂടിച്ചേർന്നുകൊണ്ട് അബ്ബാസിയ ഭരണത്തിനെതിരെ തിരിയുമോ എന്ന ഭയംകൊണ്ടാണ് ഹാറൂൺ റഷീദ് അവരെ ഇല്ലാതാക്കിയത്'. ബർമക്കുകളുടെ പ്രശസ്തിയും ബഹുജനസമ്മതിയും എല്ലാവരെയും നിഷ്പ്രഭരാക്കി. ചരിത്രകാരന്മാരായിരുന്ന തബരിയും ഇബ്നു ഖൽദൂനും അഭിപ്രായപ്പെടുന്നത് ക്രമാനുഗതമായാണ് ബർമക്കുകളുടെ തകർച്ചയുണ്ടായതെന്നാണ്.


- ബർമക്കുകളുടെ പ്രൗഢി ഹാറൂൺ റഷീദിന്റെ സ്വാധീനത്തെ നിഷ്പ്രഭമാക്കുകയുണ്ടായി. ജാഫർ ഇബ്നു ബർമക്ക് ഇരുപത് മില്ല്യൻ ചെലവഴിച്ച് വലിയൊരു കൊട്ടാരം നിർമിക്കുകയും അദ്ദേഹത്തിന്റെ പിതാവായ യഹ്‌യ ഇബ്നു ബർമക്ക് പ്രസ്തുത കൊട്ടാരച്ചുവരുകൾ സ്വർണം കൊണ്ട് അലങ്കരിക്കുകയും ചെയ്തിരുന്നു. ഈ കൊട്ടാരത്തിനരികിലൂടെയുള്ള സ്ഥിരം യാത്രയും ഇതു ബർമക്കുകളുടെതാണെന്നു ജനങ്ങൾ പറയുന്നതും ഹാറൂൺ റഷീദിനെ വളരെയധികം അസ്വസ്ഥനാക്കിയിരുന്നു.
- ഫസൽ ഇബ്നു റാബിഹ് എന്ന അറബി ഉദ്യോഗസ്ഥൻ ബർമക്ക് പേർഷ്യൻ കുടുംബത്തിന്റെ ഔദ്യോഗിക വളർച്ചയിൽ അസൂയാലുവായിരുന്നു. ഹാറൂൺ റഷീദിന്റെ അടുത്ത അനുയായിരുന്ന ഇദ്ദേഹമായിരുന്നു ബർമക്ക്കളുടെ നീക്കങ്ങൾ അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ. തുടർന്ന് ഖലീഫയുടെ മനസ്സിൽ ബർമക്കുകൾക്കെതിരെ സംശയത്തിന്റെ വിത്തു പാകുകയും ഫസൽ, ജാഫർ എന്നിവർ അബ്ബാസിയ്യാ സാമ്രാജ്യത്തിന്റെ നിലനിൽപ്പിനു ഭീഷണിയാണെന്ന് ഖലീഫയെ അറിയിക്കുകയും ചെയ്തു.

ബർമക്ക് കുടുംബത്തെ ഇല്ലാതാക്കിയതോടെ അബ്ബാസി ഭരണത്തിന്റെ പ്രതാപത്തിന് മങ്ങലേൽക്കാൻ തുടങ്ങി. ഇവരുടെ വധം അബ്ബാസി ഭരണത്തിന്റെ തകർച്ചയ്ക്കുള്ള ഒരു കാരണമായി മാറി.

**ബർമക്ക് സൈന്യം** സാങ്കേതികപരമായി നോക്കിയാൽ ബർമക്ക് സൈന്യം അബ്ബാസി സൈന്യത്തിന്റെ ഭാഗമായിരുന്നെങ്കിലും പ്രസ്തുത സൈനികർക്ക് കൂടുതൽ അനുഭാവമുണ്ടായിരുന്നത് പ്രധാനമന്ത്രി ജാഫറിന്റെ സഹോദരനായ ഫസലിനോടായിരുന്നു. ഏകദേശം അമ്പതിനായിരം പേരടങ്ങുന്ന സൈന്യമായിരുന്നു അത്. അവരുടെ അവസാന നാളുകളിൽ ഫസലിനോട് ഇരുപതിനായിരം സൈനികരുമായി ബാഗ്ദാദിലേക്കെത്താനും കർനാബിയയുമായി ചേരാനും ആവശ്യപ്പെട്ടു. ഇത് ഹാറൂൺ റഷീദിന്റെ അപ്രീതിക്ക് കാരണമായി. ഖുറാസാനിലെ അബ്ബാസിയ്യാ ഗവർണർ അവിടത്തെ പ്രശ്നങ്ങൾക്ക് പ്രധാന കാരണം യഹ്‌യയുടെ മറ്റൊരു പുത്രനായ മൂസ ഇബ്നു യഹ്‌യ ആണെന്ന് ഹാറൂൺ റഷീദിനെ അിറയിക്കുകയുണ്ടായി.

**യഹ്‌യ ഇബ്നു അബ്ദുള്ള അൽ താലിബിന്റെ** സംഭവം : ഹിജ്റ വർഷം 176 -ൽ യഹ്‌യ ഇബ്നു അബ്ദുള്ള പേർഷ്യയിലേക്ക് പോവുകയും ഹാറൂൺ റഷീദിനു പകരം സ്വയം ഖലീഫയായി പ്രഖ്യാപിച്ചു. ധാരാളം അനുയായികളുണ്ടായിരുന്ന അദ്ദേഹം അബ്ബാസി ഭരണകൂടത്തിനു തലവേദനയായി. ഹാറൂൺ അദ്ദേഹത്തെ തടവിലാക്കുകയും ബാഗ്ദാദിലെ ഫസലിന്റെ ഭവനത്തിൽ പൂട്ടിയിടുകയും ചെയ്തു. അയാൾ രക്ഷപ്പെടുകയില്ലെന്ന് ഉറപ്പാക്കുന്നതിനുപകരം ഫസൽ അദ്ദേഹത്തിന് പണവും യാത്രാ സൗകര്യങ്ങളും നൽകുകയും ബാഗ്ദാദിൽ നിന്ന് രക്ഷപ്പെടാൻ അവസരമൊരുക്കുകയും ചെയ്തു. ഇതിനെ അബ്ബാസി ഭരണകൂടം ഒരു രാജദ്രോഹക്കുറ്റമായി കണ്ടു.

വ്യക്തിപരമായി സാഹിത്യാഭിരുചിയുള്ള അബ്ബാസിയ്യ ഖലീഫയായിരുന്നു ഹറൂൺ റഷീദ്. കലാ സാഹിത്യ രംഗത്തും ഹറൂൺ റഷീദിന്റെ ഭരണകാലം പ്രസിദ്ധി നേടി. കനാലുകൾ, പള്ളികൾ, മറ്റു പൊതു പ്രവർത്തനങ്ങൾ എന്നിവ ബർമിക്കകളുടെ പ്രചോദനത്താൽ ധാരാളമായി നിർമ്മിക്കപ്പെട്ടിരുന്നു. യഹ്‌യ ഇബ്നു ബർമക്ക് സാഹിത്യാഭിരുചിയുള്ള വ്യക്തിയും നല്ലൊരു പ്രാസംഗികനുമായിരുന്നു. റമദാൻ മാസത്തിൽ പള്ളികളിൽ ശരറാന്തൽ വിളക്ക് സ്ഥാപിച്ചതും ബർമക്ക് കുടുംബാംഗമായിരുന്ന യഹ്‌യ ഇബ്നു ബർമക്കാണ്. ബാഗ്ദാദിലെ ആദ്യത്തെ പേപ്പർ നിർമാണശാലയ്ക്കു തുടക്കമിട്ടതും ബർമക്ക് കുടുംബമായിരുന്നു. ജാഫർ, യഹ്‌യയുടെ മറ്റു പുത്രന്മാരെപ്പോലെത്തന്നെ സാഹിത്യ രംഗത്ത് പ്രശസ്തനായിരുന്നു. അദ്ദേഹം നല്ലൊരു വാഗ്മിയും സാഹിത്യഭിരുചിയുള്ള ഗ്രന്ഥകർത്താവുമായിരുന്നു. ഇക്കാരണത്താൽ അറബ് ചരിത്രകാരന്മാർ ബർമക്കികളെ അഹ്‌ലുൽ കലാം (തൂലികയുടെ വിഭാഗം) എന്നാണ് വിളിച്ചിരുന്നതെന്ന് പി. കെ. ഹിറ്റി വാദിക്കുന്നു. ഹാറൂൺ റഷീദിന്റെ കൊട്ടാരത്തിലെ പ്രധാനപ്പെട്ട സംഗീതജ്ഞരായിരുന്നു അബു നുവാസ്, അബുൽ അത്താഹിയ തുടങ്ങിയവർ. ഇത്തരത്തിൽ ഭരണരംഗത്തും സാഹിത്യ സാംസ്കാരിക മേഖലകളും വളരെയധികം സംഭാവനകൾ നൽകിയതിനാലാണ് ഹാറൂൺ റഷീദിന്റെ കാലഘട്ടത്തിൽ ബാഗ്ദാദ് ഇത്രയുമധികം പുരോഗതിയിലെത്തിയത്. നീണ്ടകഴുത്തുണ്ടായിരുന്ന ബർമക്കികളാണ് വലിയ കോളറുള്ള മേൽകുപ്പായം ധരിച്ചുകൊണ്ട് അവ പ്രചാരത്തിൽ കൊണ്ടുവന്നത്.



ബാഗ്ദാദിലെ സുമുറുദ് ഖാത്തും ശവകുടീരം



ഹാറൂൺ റഷീദിന്റെ കാലഘട്ടത്തിലെ അബ്ബാസി ഭരണ പ്രത്യേകതകളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുക.

### ഹാറൂൺ റഷീദിന്റെ കീഴിൽ ബാഗ്ദാദിന്റെ പുരോഗതി

തന്റെ ഇരുപത്തി മൂന്ന് വർഷത്തെ ഭരണംകൊണ്ട് ബാഗ്ദാദിനെ ലോകത്തിലെ ഏറ്റവും പ്രൗഢിയുള്ള നഗരമാക്കി മാറ്റാൻ ഹാറൂൺ റഷീദിന് സാധിച്ചു. ജനങ്ങളുടെ അഭിപ്രായങ്ങൾക്ക് യോജിച്ച രീതിയിലായിരുന്നു അദ്ദേഹം ഭരണം നടത്തിയിരുന്നത്. ഹാറൂൺ റഷീദിന്റെ ഭരണകാലത്ത് ബൈത്തുൽമാൽ (പൊതു ഖജനാവ്) സമൃദ്ധമാവുകയും സാമ്പത്തിക രംഗം മെച്ചപ്പെടുകയും ചെയ്തു. ബാഗ്ദാദ് വലിയൊരു കച്ചവടകേന്ദ്രമായി മാറി അദ്ദേഹത്തന്റെ കാലഘട്ടത്തിൽ

ജനങ്ങളുടെ ബുദ്ധിമുട്ടും പ്രയാസങ്ങളും മനസ്സിലാക്കാനായി അദ്ദേഹം രാജ്യത്തുടനീളം സഞ്ചരിക്കാറുണ്ടായിരുന്നു. അഴിമതി ഇല്ലാതാക്കാൻ അദ്ദേഹം കർശന നിലപാടുകൾ സ്വീകരിച്ചു. സാമ്രാജ്യത്തിന്റെ അതിർത്തി ശക്തമായ സൈന്യത്തെ ഉപയോഗിച്ചുകൊണ്ട് സുരക്ഷിതമാക്കി. കച്ചവടക്കാരുടെയും തീർഥാടകരുടെയും സാധാരണ ജനങ്ങളുടെയും യാത്രയ്ക്കായി റോഡുകൾ നിർമിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വിശ്രമാലയങ്ങൾ, ജലസേചന സൗകര്യങ്ങൾ തുടങ്ങിയവ ജനക്ഷേമത്തിനായി നിർമിച്ചു. ദാനധർമങ്ങൾ പ്രോത്സാഹിപ്പിച്ചിരുന്ന ഹറൂൺ റഷീദ് ദിവസവും ആയിരം ദിർഹം വീതം ദാനം നൽകിയിരുന്നു.


അബ്ബാസി രാജകൊട്ടാരത്തിന്റെ മുന്നിൽ ഒരുഭാഗം കൊട്ടാരത്തിലെ ഉദ്യോഗസ്ഥർക്കും സ്ത്രീകൾക്കുമായുള്ള താമസസൗകര്യത്തിന് മാറ്റിവെച്ചിരുന്നു. ഇസ്‌ലാമിക ചരിത്രത്തിൽ, സ്ത്രീകൾക്ക് സാമൂഹ്യ കാര്യങ്ങളിൽ ഇടപെടാൻ കൂടുതൽ അനുവദിച്ചത് അബ്ബാസിയ്യാ ഖലീഫയായിരുന്നു. ഹാറൂൺ റഷീദിന്റെയും അദ്ദേഹത്തിന്റെ പിൻഗാമിയായ മഅ്മൂനിന്റെയും കാലഘട്ടത്തിൽ അന്തഃപുരസ്ത്രീകൾ ഭരണകാര്യങ്ങളിൽ സ്വതന്ത്രമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും രാഷ്ട്രീയ ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ഹാറൂൺ റഷീദിന്റെ പത്നിയായ സുബൈദയും സഹോദരി ഉലയ്യയും ബൈസന്റ്യൻ ചക്രവർത്തിനിമാരെപ്പോലെയാണ് ജീവിച്ചിരുന്നത്. പടിഞ്ഞാറിന്റെ പല ഭരണരീതികളും കിഴക്കിനു പരിചയപ്പെടുത്തിക്കൊടുത്തത് ഹാറൂൺ റഷീദിന്റെ കൊട്ടരത്തിലെ സ്ത്രീകളായിരുന്നെന്ന് ചരിത്രം പറയുന്നു. രാജകൊട്ടാരത്തിലെ ആഘോഷ പരിപാടികളെല്ലാം തന്നെ യൂറോപ്യൻ മാതൃകയിലായിരുന്നു. ആഭ്യന്തരവും വൈദേശികവുമായി അദ്ദേഹം നടത്തിയിട്ടുള്ള എല്ലാ യുദ്ധങ്ങളും വിജയിച്ചിട്ടുണ്ട്.

വ്യത്യസ്ത രാജ്യങ്ങളിലെ പണ്ഡിതന്മാർ ഹാറൂൺ റഷീദിന്റെ കൊട്ടാരത്തിലെ നിത്യസന്ദർശകരായിരുന്നു. അദ്ദേഹത്തിന്റെ കൊട്ടാരത്തിൽവെച്ച് ഈ പണ്ഡിതന്മാരുടെ വൈജ്ഞാനിക ചർച്ചകൾ നടത്താറുണ്ടായിരുന്നു. തുടർന്ന് ഹറൂൺ റഷീദ് വ്യത്യസ്ത ഭാഷാഗ്രന്ഥങ്ങൾ അറബിയിലേക്കും പേർഷ്യനിലേക്കും തർജമ ചെയ്യാനായി ദാറുൽ തർജുമാൻ എന്നൊരു വിഭാഗം കൊട്ടാരത്തിൽ ആരംഭിച്ചു. ഗ്രീക്ക്, സംസ്കൃതം, സിറിയക്ക്, ഹിബ്രു തുടങ്ങിയ ഭാഷകളിലെ ഗ്രന്ഥങ്ങൾ അറബി പേർഷ്യൻ ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടു. പണ്ഡിതന്മാർക്ക് തർജുമ ചെയ്ത പുസ്തകത്തിന്റെ തൂക്കത്തിനനുസരിച്ച് സ്വർണ്ണ നാണയങ്ങൾ ആയിരുന്നു വേതനമായി നൽകിയിരുന്നത്. തത്വശാസ്ത്രം, വൈദ്യശാസ്ത്രം, വാനശാസ്ത്രം തുടങ്ങിയ വിജ്ഞാന ശാഖകളെപ്പറ്റി ദാറുൽ തർജുമാനിൽ വെച്ചുതന്നെ പഠനമാരംഭിച്ചിരുന്നു. പ്രധാനമായും അരിസ്റ്റോട്ടിലിന്റെ ചിന്താരീതിയെ വിശകലനം ചെയ്യാനാണ് അറബി പണ്ഡിതന്മാർ തുടക്കമിട്ടത്. ശാസ്ത്ര പഠനത്തോടൊപ്പംതന്നെ തിയോളജി (ദൈവശാസ്ത്രം) പഠനവും ഹാറൂൺ റഷീദിന്റെ കാലഘട്ടത്തിൽ ആരംഭിച്ചിരുന്നു. ഇതിനും ഗ്രീക്ക് ഗ്രന്ഥങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. സംഗീതത്തിനും ഹാറൂൺ റഷീദിന്റെ

കൊട്ടാരത്തിൽ വലിയ സ്ഥാനം നൽകിയിരുന്നു. ഹാറൂൺ റഷീദിന്റെ കാലഘട്ടത്തിൽ എഴുതപ്പെട്ടിട്ടുള്ള സംഗീത ഗ്രന്ഥമാണ് അൽ-അഗാനി ഇന്ത്യയിൽനിന്നുള്ള സംസ്കൃത ഭാഷയിലെഴുതപ്പെട്ട, 'സിദ്ധാന്ത' അറബിയിലേക്ക് തർജ്ജമ ചെയ്യുകയും അറബികൾ വാന ശാസ്ത്ര പഠനത്തിന്റെയും ഗണിതശാസ്ത്ര പഠനത്തിന്റെയും അടിസ്ഥാനമായി ഉപയോഗിക്കുകയും ചെയ്തു. ഇന്ത്യയിലെ പഞ്ചതന്ത്ര കഥകൾ അറബിയിലേക്ക് തർജുമ ചെയ്യുകയും ഭരണപരമായ കാര്യങ്ങളിൽ അതിലെ സാരോപദേശങ്ങൾ അബ്ബാസിയ്യ ഭരണാധികാരികൾ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്.




സിന്ദ്ബാദും നാവികനും എന്ന വീഡിയോ വീക്ഷിച്ചുകൊണ്ട് ഹാറുൺ റഷീദന്റെ കാലഘട്ടത്തിലെ അബ്ബാസിയ ഭരണപ്രത്യേകതകളെപ്പറ്റി വിവരണങ്ങൾ ശേഖരിക്കുക.



ആയിരത്തൊന്നു രാവുകളിലെ ഒരു കഥാവിഷ്കാരം

## അറേബ്യൻ രാവുകൾ (ആയിരത്തൊന്നു രാവുകൾ)

അബ്ബാസി കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ക്ലാസിക്കൽ സാഹിത്യ കൃതിയാണ് ആയിരത്തൊന്ന് രാവുകൾ. പ്രധാനമായി പ്രാചീന മധ്യകാലഘട്ടങ്ങളിലെ തെക്കു പടിഞ്ഞാറ് ഏഷ്യൻ രാജ്യങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്ന നാടോടിക്കഥകളാണ് ഈ സാഹിത്യ കൃതിയുടെ ഇതിവൃത്തം. 1706-ലെ ആദ്യത്തെ ഇതിന്റെ ഇംഗ്ലിഷ് പതിപ്പു പ്രകാരം ഇതിനെ അറേബ്യൻ രാത്രികളെന്നു പറയപ്പെടുന്നു. അറബി, പേർഷ്യൻ, സംസ്കൃതം, ഈജിപ്ഷ്യൻ, മെസപ്പൊട്ടോമിയൻ തുടങ്ങിയ ഭാഷകളിലെ നാടോടിക്കഥാകൃതികളാണ് ഇതിൽ പ്രധാനപ്പെട്ടവ. അതോടൊപ്പം ഖിലാഫത്ത് കാലഘട്ടങ്ങളിലെ സംഭവങ്ങളും ഇതിൽ പ്രതിപാദിക്കുന്നു. പേർഷ്യൻ പഹ്‌ലവി ഭാഷയിൽ ഇതിനെ ഹസാർ അഫ്സാനെ എന്നു വിളിക്കപ്പെടുന്നു.




അബ്ബാസി സാമ്രാജ്യം

ഇന്ത്യയിൽ നിന്നുള്ള കഥകളായിരുന്നു ഇതിൽ പ്രധാനമായും കാണാൻ സാധിക്കുന്നത്. ആയിരത്തൊന്നു രാവുകളിലെ കഥാസമാഹരങ്ങളാണ് അലാവുദ്ദീനും അത്ഭുത വിളക്കും, ആലിബാബയും നാൽപതൊന്നു കള്ളന്മാരും, സിൻദ്ബാദിന്റെ ഏഴ് കടൽയാത്രകൾ. ആയിരത്തൊന്നു രാവുകളിലെ എല്ലാ കഥകളും വായനക്കാർക്ക് ഗുണപാഠം നൽകുന്നതാണ്. കഥകൾ, പ്രണയ കാവ്യങ്ങൾ, ദുരന്തകഥകൾ, ഹാസ്യകഥകൾ, കവിതകൾ, തുടങ്ങിയവയെല്ലാം ഉൾക്കൊള്ളുന്നതാണ് ആയിരത്തൊന്നു രാവുകൾ. ജിന്ന്, കുട്ടിച്ചാത്തൻ തുടങ്ങിയ നിരവധി അഭൗമശക്തികൾ ആയിരത്തൊന്നു രാവുകളിലെ കഥാപാത്രങ്ങളായി കാണാൻ കഴിയുന്നു. അബ്ബാസി കാലഘട്ടത്തിലെ പ്രധാന വ്യക്തികളായ ഹാറൂൺ റഷീദ്, ജാഫർ ഇബ്നു ബർമക്ക് അബ്ബാസി കവിയായ അബുനുവാസ് എന്നിവരെയും ആയിരത്തൊന്ന് രാവുകളിൽ പരാമർശിക്കുന്നു. വിഷയാടിസ്ഥാനത്തിൽ പരിശോധിക്കുകയാണെങ്കിൽ ദുരന്തകഥകൾ, പ്രേമകാവ്യങ്ങൾ, നർമ കഥകൾ തുടങ്ങിയവയെല്ലാം ആയിരത്തൊന്ന് രാവുകളിൽ കാണാൻ സാധിക്കുന്നതാണ്. പേർഷ്യൻ സാമ്രാജ്യത്തിലുണ്ടായിരുന്ന പല പ്രശസ്തരായ വ്യക്തികൾ ആയിരത്തൊന്നു രാവുകളിലെ ശഹർസാദിന്റെ കഥകളിലൂടെ ജീവിക്കുന്നു.



ആയിരത്തി ഒന്ന് രാവുകൾ വായിച്ചുകൊണ്ട് അബ്ബാസി ഭരണത്തെപ്പറ്റി കുറിപ്പ് തയാറാക്കുക.

**അമീൻ**

ഹാറൂൺ റഷീദ് തന്റെ അറബ് വംശജയായ പത്നിയുടെ ആവശ്യപ്രകാരം അവരുടെ മകനായ അമീനെ തനിക്കുശേഷം ഖലീഫയായി നിർദേശിച്ചു. എന്നാൽ തന്റെ ഇഷ്ടപുത്രനായ മഅ്മൂനെ അതിനുശേഷം അടുത്ത ഖലീഫയായി ഹറൂൺ റഷീദ് നാമനിർദേശം ചെയ്തിരുന്നു. ബാഗ്ദാദിലെ അബ്ബാസിയ്യ ഖലിഫയായി അമീനെയും ഖുറാസാനിൽ സ്വതന്ത്ര ഭരണാധികാരിയായി മഅ്മൂനെയും നിയോഗിച്ചുകൊണ്ട് തന്റെ രണ്ട് മക്കളുടെ ഇടയിൽ ഭരണം വീതിച്ചു നൽകിയ ശേഷമാണ് ഹാറൂൺ മരണപ്പെട്ടത്.


ഹാറൂൺ റഷീദിന്റെ മൂത്ത പുത്രനായ അമീനെ വിദ്യ അഭ്യസിപ്പിച്ചത് ഫസൽ ഇബ്ൻ റാബിഹ് ആയിരുന്നു. എന്നാൽ മഅ്മൂനിനെ ജാഫർ ഇബ്നു ബർമക്കിന്റെ കീഴിലായിരുന്നു വിദ്യ അഭ്യസിച്ചിരുന്നത്. ഇത്തരത്തിൽ തികച്ചും വ്യത്യസ്തമായ ചിന്താഗതികളുള്ള വ്യക്തികൾ ഗുരുക്കന്മാരായത് അമീന്റെയും മഅ്മൂനിന്റെയും ആശയാന്തരം കൂടാൻ കാരണമായി. ഹാറൂൺ റഷീദിന്റെ ഭരണകാലത്തു തന്നെ അബ്ബാസിയ സാമ്രാജ്യത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിലെ ഗവർണറായി അമീനെയും കിഴക്കൻ പ്രദേശങ്ങളിൽ മഅ്മൂനെയും ഇറാഖിൽ മൂന്നാമത്തെ പുത്രനായ ഖാസിമിനെയും നിയമിച്ചിരുന്നു. സി.ഇ. 809-ൽ ഖുറാസാൻ കേന്ദ്രീകരിച്ച് വിഘടനവാദികളെ അടിച്ചമർത്തിയ ശേഷം തിരിച്ചുവരും വഴി ഹാറൂൺ റഷീദ് മരണപ്പെടുകയും തുടർന്ന് അബ്ബാസിയ ഖലീഫയായി അമീൻ മാറുകയും ചെയ്തു.

സി.ഇ. 809-ൽ അബ്ബാസി ഖലീഫയായശേഷം അമീൻ ആദ്യം ചെയ്തത്. തനിക്കുശേഷം രണ്ടാമത്തെ ഖലീഫയായി നിർദേശിച്ചിരുന്ന തന്റെ സഹോദരൻ മഅ്മൂനിനെ പിന്തുടർച്ച സ്ഥാനത്തു നിന്നു മാറ്റുകയും തന്റെ മകനെ നാമനിർദേശം ചെയ്യുകയുമാണ്. തുടർന്ന് അറബ് വിഭാഗീയതയുടെ വക്താവായിരുന്ന അമീനിനെതിരെ ആരോപണങ്ങൾ ഉയരാൻ തുടങ്ങി. ജനങ്ങളിൽ ഭൂരിഭാഗംപേരും അമീനിനെക്കാൾ മികവുള്ള മഅ്മൂനിനെ ഖലീഫയാക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഈ വിഭാഗീയത രാജകൊട്ടാരത്തിലും ജനങ്ങൾക്കിടയിലും അമീനിനെയും മഅ്മൂനിനെയും പിന്തുണയ്ക്കുന്ന രണ്ട് വ്യത്യസ്ത വിഭാഗങ്ങൾ ഉടലെടുക്കാൻ കാരണമായി. അബ്ബാസി സാമ്രാജ്യത്തിന്റെ കിഴക്കൻ പ്രവിശ്യകളിൽ ജനങ്ങൾ മഅ്മൂനിനോട് കൂടുതൽ അനുഭാവം പ്രകടിപ്പിച്ചിരുന്നതുകൊണ്ട് അമീൻ നിരന്തരം സൈന്യത്തെ ഉപയോഗിച്ചുകൊണ്ട് തന്റെ ഖിലാഫത്ത് അവരെ അംഗീകരിപ്പിക്കാൻ ശ്രമംനടത്തി. പിന്നീട് അമീൻ തന്നെ വലിയൊരു സൈന്യത്തെ മഅ്മൂനിനെതിരെ തയ്യാറാക്കുകയും സി.ഇ 812-ൽ ഹമദാൻ കേന്ദ്രീകരിച്ച് അമീനുമായി ഏറ്റുമുട്ടി. എന്നാൽ ഈ ഏറ്റുമുട്ടലിൽ അമീൻ വധിക്കപ്പെട്ടു.

### മഅ്മൂൻ

ആഭ്യന്തര യുദ്ധത്തിനുശേഷം മഅ്മൂൻ സി.ഇ.813-ൽ അബ്ബാസി ഖലീഫയായി. അദ്ദേഹത്തിന്റെ ഭരണകാലഘട്ടം രണ്ടായി വിഭജിക്കുന്നു. ആദ്യത്തെ 6 വർഷം മർവ് കേന്ദ്രീകരിച്ച് വിദ്യാഭ്യാസപരവും തത്വശാസ്ത്രപരമായ കാര്യങ്ങൾക്കു വേണ്ടി ചെലവഴിച്ചു. ഈ കാലഘട്ടത്തിൽ ബാഗ്ദാദ് കേന്ദ്രീകരിച്ച് അബ്ബാസി ഭരണ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നത് അദ്ദേഹത്തിന്റെ വിശ്വസ്ത മന്ത്രിയായ ഫസൽ ഇബ്നു സഹ്ൽ ആയിരുന്നു. ബാക്കി പതിനാല് വർഷമായിരുന്നു അബ്ബാസി ഖാലിഫയായിക്കൊണ്ട് അദ്ദേഹം നേരിട്ട് ഭരണ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നത്. ബാഗ്ദാദ് കേന്ദ്രീകരിച്ച് ഫസൽ ഇബൻ സഹ്ൽ മഅ്മൂന് പകരമായിക്കൊണ്ട് ഭരിക്കുന്നത് വീണ്ടും പ്രക്ഷോഭങ്ങൾ ഉടലെടുക്കാൻ കാരണമായി. ഇറാഖ്, മക്ക, മദീന, ഹിജാസ് എന്നിവിടങ്ങളിൽ ജനങ്ങൾ ഫസൽ ഇബ്നു സഹലിനെതിരെ പ്രവർത്തിക്കാൻ തുടങ്ങി.

മർവ്വ് കേന്ദ്രമാക്കി വിജ്ഞാന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന മഅ്മൂൻ ഫസൽ ഇബ്നു സഹലിനെതിരെയുള്ള പ്രക്ഷോഭങ്ങൾ അറിയാനിടയായി. മർവിലുള്ള ശിയാക്കളുമായി മഅ്മൂൻ വളരെ നല്ല സൗഹൃദബന്ധമായിരുന്നു പുലർത്തിയിരുന്നത്. മർവ്വിലെ ശിയാക്കൾ അദ്ദേഹത്തിന് നൽകിയിരുന്ന ആദരവ് നിമിത്തം, ശിയാക്കളുടെ എട്ടാമത്തെ ഇമാമായ അലി അർ റിദയുടെ ഉപദേശാനുസരണം മഅ്മൂൻ ബാഗ്ദാദിലെത്തി ഖലീഫസ്ഥാനം ഏറ്റെടുത്തു. മഅ്മൂനിനു ശേഷം സഹോദരൻ മുഅ്തസിമും അതിനുശേഷം അദ്ദേഹത്തിന്റെ മകൻ അൽ വാഥിഖും അബ്ബാസിയ ഭരണാധികാരിയായി. ഈ കാലഘട്ടം മുതൽ അബ്ബാസികളുടെ പ്രൗഢി ക്ഷയിക്കാൻ തുടങ്ങി.



സിറിയയിലും ഇറാഖിലും നടന്ന ആഭ്യന്തരയുദ്ധങ്ങളുടെ പശ്ചാത്തലത്തിൽ മഅ്മൂന്റെ കാലഘട്ടത്തിലെ ക്രമസമാധാന പ്രശ്നങ്ങൾ താരതമ്യം ചെയ്യുക.


അബു അൽ ഹസ്സനെന്നും, അലി അൽ റിദയെന്നും അറിയപ്പെടുന്ന അലി ഇബ്നു മൂസ അൽ റിദ ശിയാക്കളുടെ എട്ടാമത്തെ ഇമാമാണ്. ഇദ്ദേഹത്തെ തനിക്കു ശേഷം ഖലീഫയായി നിർദേശിച്ചതും കറുത്ത നിറത്തിലുള്ള അബ്ബാസി പതാകയ്ക്കു പകരം ശിയാ പതാകയുടെ പച്ചനിറം സ്വീകരിച്ചതും ശിയാവിഭാഗത്തോടു മഅ്മൂനിന്റെ അനുഭാവപ്രകടനത്തിന്റെ ഭാഗമായിരുന്നു. കൂടാതെ അദ്ദേഹം പുറത്തിറക്കിയ നാണയത്തിന്റെ ഒരു ഭാഗത്ത് മഅ്മൂന്റെയും മറുഭാഗത്ത് അലി അൽ റിദയുടെയും നാമം ആലേഖനം ചെയ്തിരുന്നു. ഇവയെല്ലാം അബ്ബാസി ഖിലാഫത്തിൽ നിരവധി ആഭ്യന്തര പ്രശ്നങ്ങൾക്കു കാരണമായി.

## അബ്ബാസി ഭരണവ്യവസ്ഥ

### കേന്ദ്രഭരണം

അബ്ബാസിയ ഭരണ ക്രമത്തിൽ എല്ലാ പരമാധികാരവും ഖലീഫയിൽ നിക്ഷിപ്തമായിരുന്നു. ആദ്യത്തെ അബ്ബാസി ഖലീഫമാർ സ്വേച്ഛാധിപത്യ ഭരണക്രമമായിരുന്നു നടപ്പാക്കിയിരുന്നത്. ഭരണപരമായ കാര്യങ്ങളിൽ ഉമവി രാജവംശത്തിന്റെ നയങ്ങൾ തന്നെയായിരുന്നു. അബ്ബാസി ഭരണകൂടവും പിന്തുടർന്നത്. മഹാനായ അബ്ബാസി ഭരണാധികാരി മഅ്മൂനിന്റെ കാലഘട്ടത്തിൽ ഒരു അർധ ജനാധിപത്യ സംവിധാനം നിലവിൽ വരികയുണ്ടായി. എല്ലാ ജനവിഭാഗങ്ങളിൽ നിന്നുമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഖലീഫയോടുമാത്രം ആഭിമുഖ്യമുള്ള ഒരു സഭ്യം കൂടിയാലോചനാസമിതി ഖലീഫ രൂപപ്പെടുത്തി. ഭരണകൂടത്തിന്റെ ദൈനംദിന കാര്യങ്ങളിൽ ഖലീഫയെ സഹായിക്കാൻ നിരവധി ഉദ്യോഗസ്ഥരുണ്ടായിരുന്നു.


ഭരണ സൗകര്യത്തിനായി വികേന്ദ്രീകൃത ഭരണ സംവിധാനമായിരുന്നു അബ്ബാസി ഖലീഫമാർ സ്വീകരിച്ചത്. ഖലീഫ കഴിഞ്ഞാൽ ഭരണകാര്യങ്ങൾ നിയന്ത്രിച്ചിരുന്ന അടുത്ത അധികാരി വസീറായിരുന്നു. പേർഷ്യൻ വംശജരായിരുന്നു വസീറുമാരിൽ അധികവും. വസീറായിരുന്നു വ്യത്യസ്ത ഭരണ വിഭാഗങ്ങളെ നിയന്ത്രിച്ചിരുന്നത്. ഉമയ്യാ ഭരണത്തിൽ നിന്ന് വ്യത്യസ്തമായിക്കൊണ്ട് രണ്ട് തരത്തിലുള്ള വസീർ പദവി അബ്ബാസി ഭരണത്തിലുണ്ടായിരുന്നു : വസീർ തഫ്‌വീദ്; വസീർ തൻഫീദ്. ഖലീഫക്ക് പകരം എല്ലാ അധികാരവും നൽകപ്പെട്ടിട്ടുള്ള ഭരണപരമായ കാര്യങ്ങളിൽ എല്ലാ തീരുമാനങ്ങളും എടുക്കാൻ അധികാരമുള്ള വസീറായിരുന്നു വസീർ തഫ്‌വീദ്. എന്നാൽ നാമമാത്രമായ അധികാരമുള്ള പ്രധാനമന്ത്രിയായിരുന്നു വസീർ തൻഫീദ്.



ഉമവി ഭരണവും അബ്ബാസി ഭരണ സംവിധാനവും തമ്മിൽ താരതമ്യം ചെയ്യുക. അബ്ബാസി കാലഘട്ടത്തിൽ ജനങ്ങൾക്കുണ്ടായിരുന്ന പ്രാതിനിത്യവും സച്ചരിതരായ ഖലീഫമാരുടെ കാലഘട്ടത്തിൽ നൽകപ്പെട്ടിരുന്ന ജനാധിപത്യവും താരതമ്യം ചെയ്യുക.

സാമ്രാജ്യത്തിന്റെ കീഴിലെ പൗരന്മാരുടെ സമാധാനം കാത്തുസൂക്ഷിക്കാൻ ശക്തമായ ഒരു പോലീസ് വിഭാഗമുണ്ടായിരുന്നു. ഇതിന്റെ തലവനെ സാഹിബുൽ ശുർത്താ എന്നായിരുന്നു വിളിച്ചിരുന്നത്.

### പ്രവിശ്യാഭരണം





അബ്ബാസി ഭരണപ്രവിശ്യകൾ



തന്നിരിക്കുന്ന യൂറേഷ്യയുടെ ഭൂപടത്തിൽ അബ്ബാസിയ്യ കാലഘട്ടത്തിലെ പ്രധാന നഗരങ്ങൾ കണ്ടെത്തുക.

വ്യത്യസ്ത പ്രവിശ്യകളായി അബ്ബാസി സാമ്രാജ്യത്തെ വിഭജിച്ചിരുന്നു. ഗവർണർമാർക്ക് അമീർ എന്ന സ്ഥാനപ്പേരാണ് നൽകിയിരുന്നത്. അവരെ നിയമിച്ചിരുന്നത് ഖലീഫയാണ്.

വളരെ വിപുലമായൊരു തപാൽ സംവിധാനം അബ്ബാസി കാലഘട്ടത്ത് നടപ്പാക്കിയിരുന്നു. പ്രധാനമായും ഭരണ സൗകര്യത്തിനായി തുടങ്ങിയ തപാൽ സംവിധാനം ജനങ്ങൾക്കു കൂടി പ്രയോജനപ്പെടുംവിധം വിശാലമാക്കി. ഓരോ പ്രവിശ്യയിലെയും ഭരണ തലസ്ഥാനത്ത് ഓരോ തപാലാഫീസ് വീതം നിർമിച്ചു. പ്രവിശ്യകളിൽ നിന്നും കേന്ദ്ര തലസ്ഥാനമായ ബാഗ്ദാദിലേക്ക് പ്രത്യേകം ഗതാഗത സൗകര്യം ഒരുക്കിയിരുന്നു. കേന്ദ്രഭരണ തലസ്ഥാനവും പ്രവിശ്യകളും തമ്മിൽ ബന്ധിപ്പിക്കാൻ വ്യവസ്ഥാപിതവും വിശാലവുമായ ഗതാഗത സംവിധാനം നടപ്പാക്കി. സന്ദേശങ്ങൾ കൈമാറ്റം ചെയ്തിരുന്നത് കുതിര, ഒട്ടകം, കഴുത തുടങ്ങിയ മൃഗങ്ങളുടെ സഹായത്തോടെയായിരുന്നു. പ്രധാന സന്ദേശമയച്ചിരുന്നത് പ്രാവുകളെ ഉപയോഗിച്ചായിരുന്നു. തപാൽ ഉദ്യോഗസ്ഥന്റെ പേര് സാഹിബുൻ ബരീദ് എന്നായിരുന്നു. തപാൽ കൈമാറ്റം ചെയ്യുന്നതോടൊപ്പം ആ പ്രദേശത്തെ മുഴുവൻ വിവരങ്ങളും രഹസ്യമായി ഖലീഫയെ അറിയിക്കേണ്ട ചുമതലയും അദ്ദേഹത്തിനായിരുന്നു. രഹസ്യാന്വേഷണ വിഭാഗമായി അക്കാലത്ത് പ്രവർത്തിച്ചിരുന്നത് തപാൽ വിഭാഗമായിരുന്നു.



ഉമവി - അബ്ബാസി ഭരണകാലഘട്ടങ്ങളിലെയും ആധുനിക ഇന്ത്യയുടെയും തപാൽ സംവിധാനങ്ങളെപ്പറ്റി ഒരു ചർച്ച നടത്തുക.

### ധനകാര്യ വകുപ്പ്

ഉമവി ഖിലാഫത്തിന്റെ കീഴിൽ വളരെ വ്യവസ്ഥാപിതമായി നടപ്പാക്കിയിരുന്ന ദിവാനുൽ ഖറാജ്

എന്ന നികുതി വിഭാഗത്തെ അബ്ബാസി ഖലീഫമാർ വികസിപ്പിക്കുകയും വിശാലമാക്കുകയും ചെയ്തു.

ഇബ്നു ഖൽദൂനിന്റെ അഭിപ്രായത്തൽ, സവാദിൽ നിന്നും (നിമ്ന ഇറാഖും പൗരാണിക ബാബിലോണിയയും) വാർഷിക ഭൂനികുതി വസ്തുക്കൾക്കു പകരം പണമായിട്ടായിരുന്നു ഈടാക്കിയിരുന്നത്. മഅ്മൂനിന്റെ കാലഘട്ടത്തിൽ ഇത് 278 ലക്ഷം ദിർഹവും, ഖുറാസാനിൽ ഇരുന്നൂറ്റി എൺപത് ലക്ഷം ദിർഹവും ഈജിപ്തിൽ നിന്ന് 2,30,40000 തുകയും സിറിയ,പലസ്തീൻ എന്നിവിടങ്ങളിൽ നിന്നു 1,47,24000 ദിർഹവും മറ്റു പ്രദേശങ്ങളിൽനിന്നെല്ലാംകൂടി 33,19,29008 ദിർഹവും നികുതിയായി ഈടാക്കിയിരുന്നു. വസ്തുക്കളായി നികുതി പിരിവ് ഒഴിവാക്കിയിരുന്നു.

(അറബികളുടെ ചരിത്രം പി.കെ. ഹിറ്റി, പേജ് 321)

മൻസൂർ മരണപ്പെടുമ്പോൾ കേന്ദ്ര ഖജനാവിൽ 600 ലക്ഷം ദിർഹവും 140 ലക്ഷം ദിനാറും ഉണ്ടായിരുന്നു. എന്നാൽ ഹാറൂൺ റഷീദ് മരണപ്പെടുമ്പോൾ ഇത് 9000 ലക്ഷം ആയിരുന്നു. 908 സി. ഇ. യിൽ മുക്തഫി എന്ന ഭരണാധികാരി മരണപ്പെടുമ്പോൾ ദിനാറും ദിർഹവും ആഭരണവും മറ്റ് വസ്തുക്കളും എല്ലാം കൂടി 1000 ലക്ഷം ദിനാറിന്റെ മതിപ്പ് മാത്രമേ ഖജനാവിൽ ഉണ്ടായിരുന്നുള്ളൂ.

(അറബികളുടെ ചരിത്രം പി.കെ. ഹിറ്റി, പേജ്: 321)

നികുതി വരുമാനംകൊണ്ട് അബ്ബാസി ഭരണാധികാരികൾക്ക് ഭരണകൂടത്തിന്റെ എല്ലാ സാമ്പത്തികാവശ്യങ്ങളും നിറവേറ്റാൻ സാധിച്ചിരുന്നു. ഭൂനികുതിയായിരുന്നു പ്രധാന വരുമാനമാർഗം. അതു പണമായോ മറ്റ് വസ്തുക്കളായോ ഈടാക്കിയിരുന്നു.

വരുമാന നികുതി, ഖുംസ്, ജിസിയ, അൽഫയ്അ് എന്നിവയും വരുമാന മാർഗങ്ങൾ ഇവയാണ്.

അബ്ബാസിയ സാമ്രാജ്യത്തിന്റെ മറ്റു പ്രധാന വരുമാന മാർഗങ്ങളായിരുന്നു.

- ഭൂനികുതി ( ഖറാജ്)
- ടിത്ത് അല്ലെങ്കൽ വരുമാന നികുതി (സക്കാത്ത്-ഉഷ്ർ-സദഖ)
- ഖനികൾ, മേച്ചിൽ സ്ഥലങ്ങൾ എന്നിവയ്ക്കു ചുമത്തിയിരുന്ന നികുതി.
- വാണിജ്യ നികുതികൾ
- ജിസ്യ( സൈനിക സേവനത്തിൽ നിന്നും ഒഴിവാക്കുന്ന അമുസ്‌ലിംകൾ നൽകേണ്ട നികുതി)
- സമുദ്രോൽപ്പന്ന നികുതി, ഉപ്പുനികുതി
- ഇറക്കുമതി നികുതി.
- പൊതു സ്ഥാപനങ്ങൾ കച്ചവടത്തിനോ മറ്റേതെങ്കിലും ആവശ്യ ങ്ങൾക്കോ ഉപയോഗിക്കുന്നതിന് ഈടാക്കുന്ന നികുതി.
- വ്യവസായ സ്ഥാപനങ്ങളും മറ്റും നടത്തുന്നതിനുള്ള നികുതി
- ആഡംബര ജീവിതത്തിനും ആഡംബര വസ്തുക്കൾ ഉപയോഗിക്കുന്നതിനുള്ള നികുതി
- ഗനീമത്തും, ഫയ്അും- യുദ്ധത്തിനുശേഷം കിട്ടുന്ന യുദ്ധമുതലുകളാണ് ഗനീമത്ത്. യുദ്ധം ചെയ്യാതെ തന്നെ ശത്രുസൈന്യം ഇസ്‌ലാമിക ഭരണത്തിന് കീഴടങ്ങുകയാണെങ്കിൽ ശത്രു സൈന്യത്തിന്റെ യുദ്ധമുതലുകളാണ് ഫയ്അ്.


**ഗനീമത്തും ഫയ്ഉം**

ഇസ്ലാമിക ചരിത്രത്തിൽ യുദ്ധമുതലുകളെ രണ്ടായി തരം തിരിക്കുന്നു: ഗനീമത്തും ഫയ്ഉം. ശത്രുക്കളെ യുദ്ധം ചെയ്തു പരാജയപ്പെടുത്തിയ ശേഷം കിട്ടുന്ന യുദ്ധ മുതലുകളാണ് ഗനീമത്ത്. എന്നാൽ യുദ്ധമോ രക്തച്ചൊരിച്ചിലോ കൂടാതെ ശത്രുക്കൾ നിരുപാധികമായി കീഴടങ്ങിയിട്ടോ, പരാജയഭയംകൊണ്ട് യുദ്ധഭൂമിയിൽ നിന്നു വിട്ടുപോയിട്ടോ ലഭിക്കുന്ന യുദ്ധ മുതലുകളാണ് ഫയ്അ്. ഗനീമത്തും ഫയ്ഉം നിയന്ത്രിക്കുന്നത് വ്യത്യസ്തമായ നിയമങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ്. അതുകൊണ്ടുതന്നെ ഇവ ഓരോന്നും വേർതിരിച്ച് കൈകാര്യം ചെയ്യുന്നു.

'യുദ്ധമുതലുകൾ വിജയികൾക്കുള്ളതാണ് എന്ന ആപ്തവാക്യം അപരിഷ്കൃതരായ അറബ് ഗോത്രവർഗ ജീവിത കാലഘട്ടത്തിൽ മാത്രമല്ല നിലനിന്നിരുന്നത്. ഇസ്ലാമിക ഭരണകൂടത്തിലും ആ കാലഘട്ടത്തിലെ മറ്റു പലഭരണകൂടങ്ങളിലും യുദ്ധനിയമം ഇതുതന്നെയായിരുന്നു. ഇസ്ലാം വരുന്നതിനുമുമ്പ് അറേബ്യയിലുണ്ടായിരുന്ന രീതി, ഗോത്രയുദ്ധങ്ങൾക്കു ശേഷം വിജയിഗോത്രത്തിനു ലഭിക്കുന്ന യുദ്ധ മുതലുകൾ ഒന്നുകിൽ സൈനികർക്കിടയിൽ വീതിക്കുകയോ അല്ലെങ്കിൽ ഗോത്ര നേതാവായ ശൈഖ് കൈവശപ്പെടുത്തുകയോ ആയിരുന്നു. എന്നാൽ ഇസ്ലാമികഭരണകൂടം സ്ഥാപിതമായശേഷം യുദ്ധമുതലുകൾ ലഭിക്കുമ്പോൾ അതിന്റെ അഞ്ചിൽ നാലുഭാഗം സൈനികർക്കിടയിൽ വിഭജിക്കുകയും ഒരുഭാഗം പൊതുജന ക്ഷേമങ്ങൾക്കായി ഇസ്ലാമിക ഭരണകൂടത്തിന്റെ ഖജനാവിലേക്ക് അടയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ഖലീഫ ഉമറിന്റെ കാലഘട്ടത്തിൽ ഇത്തരം യുദ്ധമുതൽ വിഭജനരീതി പുനഃക്രമീകരിച്ചു യോദ്ധാക്കൾക്കുള്ള വിഹിതം കന്നുകാലി വർഗങ്ങളിലും സ്ഥാവര ജംഗമ വസ്തുക്കളിലും മാത്രമാക്കി ഒതുക്കി. പിടിച്ചടക്കപ്പെടുന്ന പ്രദേശങ്ങൾ അവർക്കിടയിൽ വിഭജിക്കാതെ ഇസ്ലാമിക ഭരണകൂടത്തോട് ചേർത്തു. ഭരണകൂടത്തിന്റെ നിലനിൽപ്പിനും ഐക്യത്തിനും വേണ്ടിയായിരുന്നു ഇത്.

## നീതിന്യായം

ഉമയ്യാ ഭരണകാലത്തെ രീതികൾ തന്നെയായിരുന്നു നിയമ വാഴ്ചയുടെ കാര്യത്തിലും അബ്ബാസിയ്യാ ഭരണാധികാരികൾ സ്വീകരിച്ചത്. ഓരോ പ്രവിശ്യകളിലായി പ്രവിശ്യാ ജഡ്ജിമാരും അവരെ നിയന്ത്രിക്കാൻ കേന്ദ്ര ഭരണത്തിന്റെ കീഴിൽ ചീഫ് ജസ്റ്റിസും (ഖാദി-അൽ-ഖുദാത്ത്) ഉണ്ടായിരുന്നു. ബാഗ്ദാദിലെ മുഖ്യന്യായാധിപനെ ഖാദി-അൽ-ഖുദാത്ത് എന്നാണറിയപ്പെട്ടിരുന്നത്. ഹാറൂൺ റഷീദിന്റെ ഭരണകാലത്തെ ചീഫ് ജഡ്ജിയായിരുന്നു അബു യൂസഫ്. അദ്ദേഹം പ്രസിദ്ധ ഇസ്ലാമിക മത പണ്ഡിതനായിരുന്ന ഇമാം അബു ഹനീഫയുടെ പ്രധാന ശിഷ്യനായിരുന്നു. അബു യൂസഫ് എഴുതിയിട്ടുള്ള നിയമഗ്രന്ഥമാണ് കിത്താബുൽ ഖറാജ്. അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതം അൽ മഹ്ദിയുടെ കാലഘട്ടത്തിലായിരുന്നു ആരംഭിച്ചത്. ഖാദിമാർ ഖുർആനിലും പ്രവാചക ഹദീസിലും മറ്റു ഇസ്ലാമിക ഗ്രന്ഥങ്ങളിലും വൈദഗ്ധ്യം നേടിയവരായിരിക്കും. അതുപോലെ അമുസ്ലിം പൗരന്മാരുടെ കാര്യങ്ങൾ അവരുടെ മത പുരോഹിതന്മാരുടെ തീരുമാനമനുസരിച്ചായിരുന്നു പരിഹരിച്ചിരുന്നത്. നിയമ വാഴ്ചയുടെ പ്രശ്നങ്ങളിൽ വേണ്ടവിധത്തിൽ ചർച്ച നടത്താനും ജില്ലാ ജഡ്ജിമാരെ നിയമിക്കാനുമുള്ള അധികാരം ഖാദി-അൽ-ഖുദാത്തിനുണ്ടായിരുന്നു.



നീതിന്യായ വ്യവസ്ഥയുടെ ആവശ്യകതയെപ്പറ്റി ചർച്ച നടത്തുക

## ഇമാം അബുയൂസുഫ്

യാഖൂബ് ഇബ്നു ഇബ്രാഹിം അൽ അൻസാരി എന്നറിയപ്പെടുന്ന അബുയൂസഫ് (735 -798 സി.ഇ.) ഇമാം അബു ഹനീഫയുടെ ശിഷ്യനാണ്. തന്റെ രചനകളിലൂടെയും ഔദ്യോഗിക പദവികളിലൂടെയും ഹനഫി ആശയങ്ങൾ അദ്ദേഹം പ്രചരിപ്പിക്കുകയുണ്ടായി. ഹാറൂൺ റഷീദിന്റെ കാലഘട്ടത്തിൽ അദ്ദേഹം ചീഫ് ജഡ്ജിയായി (ഖാദി അൽ-ഖുദാത്ത്) സേവനമനുഷ്ഠിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധ ഗ്രന്ഥമായ കിതാബുൽ ഖറാജ് നികുതിയെയും സാമ്പത്തിക കാര്യങ്ങളെയും പ്രതിപാദിക്കുന്നതാണ്. ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് ബാഗ്ദാദിലും കൂഫയിലുമായി ജീവിച്ച അദ്ദേഹം അസാമാന്യ ജ്ഞാനത്തിനുടമയായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് അദ്ദേഹത്തിന്റെ വിജ്ഞാന തൃഷ്ണയെ നിരുത്സാഹപ്പെടുത്തുകയും കച്ചവടപരമായ നൈപുണ്യം നേടാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. (മറ്റൊരു ഉറവിടത്തിൽ നിന്നും വസ്ത്ര നിർമ്മാണ വ്യാപാര മേഖലയായിരുന്നുവെന്നും സൂചനയുണ്ട്). എന്തായാലും ചരിത്ര വസ്തുതകൾ പ്രകാരം അദ്ദേഹം തന്റെ മാതാവിന്റെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്നതോടൊപ്പംതന്നെ തന്റെ വൈജ്ഞാനിക തൃഷ്ണയെയും പരിപോഷിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ വൈജ്ഞാനിക പാണ്ഡിത്യം മനസ്സിലാക്കിയ അധ്യാപകൻ തന്റെ ഏറ്റവും പ്രധാന ശിഷ്യനായി അദ്ദേഹത്തെ അംഗീകരിക്കുകയുമുണ്ടായി. വിജ്ഞാനക സമ്പാദനത്തിൽ കർമനിരതനായിരുന്ന അദ്ദേഹത്തിന്റെ വിജ്ഞാനം കരസ്ഥമാക്കാനുള്ള ശ്രമങ്ങൾ പ്രസിദ്ധമായിരുന്നു. കൂഫ, മദീന എന്നിവിടങ്ങളിലുണ്ടായിരുന്ന അബൂഹനീഫ, മാലിക് ഇബ്നു അനസ്, ഇബ്നു സൈദ് തുടങ്ങി അനേകം പണ്ഡിതന്മാരിൽ നിന്നുമായി അദ്ദേഹം ഖുർആനിലും ഹദീസിലും പ്രാവീണ്യം നേടി. അബൂഹനീഫയുടെ കീഴിൽ ഉന്നത പാണ്ഡിത്യം നേടിയ ഇമാം യൂസഫ് അദ്ദേഹത്തിന്റെ ചിന്താധാരകൾ പ്രചരിപ്പിക്കാനും ശ്രമിച്ചിരുന്നു.


ബാഗ്ദാദിലെ ചീഫ് ജഡ്ജിയായി നിയമിതനാകുന്നതുവരെ അബൂ യൂസുഫ് ജീവിച്ചത് കൂഫയിലായിരുന്നു. ഹാറൂൺ റഷീദിന് അധ്യാപകനോടുള്ള പ്രത്യേക ആദരവ് നിമിത്തമായിരുന്നു ചീഫ് ജഡ്ജിയെന്ന സ്ഥാനം അദ്ദേഹത്തിന് നൽകിയത്. ഇസ്ലാമിക ചരിത്രത്തിലാദ്യമായിട്ടായിരുന്നു ഒരാൾക്ക് ഖാദി-അൽ-ഖുദാത്തെന്ന പദവി നൽകുന്നത്. ഖലീഫ ഹാറൂൺ നിയമപരമായ കാര്യങ്ങളെക്കുറിച്ചും ധനകാര്യനയങ്ങളെക്കുറിച്ചും അബൂ യൂസുഫിനോട് കൂടിയാലോചന നടത്തുകയും സാമ്രാജ്യത്തിലെ മറ്റു ന്യായാധിപന്മാരെ നിയമിക്കാനുള്ള അധികാരം നൽകുകയും ചെയ്തു. ആധുനിക ന്യായാധിപന്മാർക്കു സമാനമായിട്ടായിരുന്നു ഗ്രാൻഡ് ഖാദി പദവി. ഹി. 182 സി.ഇ /798-ൽ അബൂ യൂസഫ് മരിക്കുന്നതുവരെ ഗ്രൻഡ് ഖാദിയായിരുന്നു അദ്ദേഹം.



അബ്ബാസിയ കാലഘട്ടത്തിലെ വ്യത്യസ്ത ഭരണവിഭാഗങ്ങളെ പ്രദർശിപ്പിക്കുന്ന ചാർട്ട് തയാറാക്കുക.

- അബ്ബാസി കാലഘട്ടത്തിലെ ജഡ്ജിമാർക്ക് നിരവധി ചുമതലകളുണ്ടായിരുന്നു.
  ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുകയും ഉചിതമായ പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുക.
- അനാഥരുടെയും അഗതികളുടെയും സംരക്ഷണം ഏറ്റെടുക്കുക.
- മതനിയമങ്ങൾ ലംഘിക്കുന്നവർക്ക് ശിക്ഷ നടപ്പാക്കുക.
- പ്രവിശ്യാ ജഡ്ജിമാരെയും മറ്റു നിയമ പാലകരെയും നിയമിക്കുക.
- വെള്ളിയാഴ്ചകളിൽ നടക്കുന്ന സംഘപ്രാർഥന (ജുമുഅ) യ്ക്ക് നേതൃത്വം വഹിക്കുക.

അബ്ബാസിയ്യ ഭരണകാലത്തെ ജഡ്ജിമാർക്ക് വളരെ ആകർഷകമായ ശമ്പളമാണ് നൽകിയിരുന്നത്. മഅ്മൂനിന്റെ കാലത്ത് ചീഫ് ജഡ്ജിന 4000 ദിർഹം വരെ മാസ ശമ്പളം നൽകിയിരുന്നു.



അബ്ബാസീയ കാലഘട്ടത്തിലെയും ആധുനികകാലഘട്ടത്തിലെയും ജഡ്ജിമാരുടെ കർത്തവ്യങ്ങൾ താരതമ്യം ചെയ്തു.

## സൈനിക വിഭാഗം (ദിവാൻ ജുൻദ്)

സൈനിക വ്യവസ്ഥയുടെ കാര്യത്തിലും അബ്ബാസിയ്യാക്കൾ ഉമവിയ ഭരണം തന്നെയായിരുന്നു മാതൃകയാക്കിയിരുന്നെങ്കിലും വ്യത്യസ്ത ഗ്രൂപ്പുകളായി സൈന്യത്തെ വിഭജിച്ചിരുന്നു. അബ്ബാസിയ്യ ഭരണത്തിന്റെ ആദ്യനാളുകളിൽ പ്രസിദ്ധമായിരുന്ന സൈനിക ഗ്രൂപ്പായിരുന്നു ഖുറാസാനി വിഭാഗം. വടക്കൻ അറബികളെന്നും തെക്കൻ അറബികളെന്നും അറബ് സൈനികർക്കിടയിൽത്തന്നെ രണ്ടു വിഭാഗമുണ്ടായിരുന്നു. അബ്ബാസി ഖലീഫ മുഅ്തസിമിന്റെ ഭരണകാലത്ത് അദ്ദേഹം രൂപീകരിച്ച പുതിയ തുർക്കി സൈനിക വിഭാഗം പിന്നീട് അബ്ബാസി ഭരണത്തിന്റെ തന്നെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

സൈന്യത്തിലെ യോദ്ധാക്കളുടെ പ്രധാന പദവികൾ ഇവയായിരുന്നു.

- ആരിഫ്
- ഖലീഫ
- ഖാഇദ്
- അമീർ

അബ്ബാസി സൈന്യത്തിന്റെ മറ്റൊരു പ്രത്യേകതയായിരുന്നു യോദ്ധാക്കളുടെ യുദ്ധരീതിയുടെ അടിസ്ഥാനത്തിലുള്ള വിഭജനം. കുതിരപ്പട, കാലാൾപ്പട, അമ്പെയ്ത്തുകാർ, അഗ്നിശമനസേന, തുരങ്ക നിർമാതാക്കൾ, കൂലിപ്പട്ടാളം എന്നിവരടങ്ങിയതായരുന്നു അബ്ബാസിയ സൈന്യം. യുദ്ധത്തിനു പുറപ്പെടുന്ന സൈനികരോടൊപ്പംതന്നെ സാങ്കേതിക വിദഗ്ധരും ഭിഷഗ്വരന്മാരും അനുഗമിച്ചിരുന്നു. ഇവരെയും സൈന്യത്തിലെ അംഗമായിത്തന്നെയായിരുന്നു പരിഗണിച്ചിരുന്നത്. വേതനത്തിനു പുറമെ യുദ്ധാനന്തരം ലഭിക്കുന്ന ഗനീമത്ത്, ഫയ്അ് തുടങ്ങിയ സ്വത്തുക്കളിൽനിന്നു നിശ്ചിത വിഹിതം സൈനികർക്ക് നൽകുകയും ചെയ്തിരുന്നു.

അബ്ബാസി ഭരണകാലത്ത് നാവികശക്തി വേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നില്ല. എന്നാലും സിറിയ, ഈജിപ്ത്, ഏഷ്യാമൈനർ തുടങ്ങിയ മധ്യധരണ്യാഴി തീരങ്ങളിൽ ചെറിയ നാവിക സൈന്യത്തെ നിയോഗിച്ചിരുന്നു. ബൈസന്റൈൻ കപ്പലുകളെക്കാൾ വലുപ്പം കൂടുതലായിരുന്നു

അബ്ബാസി കപ്പലുകൾക്ക്. നാവിക സൈന്യത്തിന്റെ ഉന്നത പദവി അലങ്കരിച്ചിരുന്ന ഉദ്യോഗസ്ഥന്റെ സ്ഥാനപ്പേരായിരുന്ന അമീറുൽ ബഹർ. കപ്പൽപ്പട നായകനെന്ന പദത്തിന്റെ ഉത്ഭവം ഈ വാക്കിൽ നിന്നായിരുന്നു.. കച്ചവട കപ്പൽ ഗതാഗതവും ഇക്കാലത്ത് പ്രോത്സാഹിപ്പിച്ചിരുന്നു.

## അബ്ബാസി കാലഘട്ടത്തിലെ വൈജ്ഞാനിക സംഭാവനകൾ

അല്ലാമാ ഇഖ്ബാൽ തന്റെ വാക്കുകളിലൂടെ ഇസ്ലാമിക ലോകം നൽകിയ ശാസ്ത്ര സംഭാവനകൾ വിശദീകരിക്കുന്നു:

'ശാസ്ത്രം എന്നത് പടിഞ്ഞാറിന്റെ കൈയാൽ രൂപപ്പെട്ടതല്ല. യഥാർഥ അർഥത്തിൽ അത് സർഗാത്മകതയിൽ ഒളിഞ്ഞു കിടക്കുന്ന ഒരു ഉജ്ജ്വലനമാണ്.

നിങ്ങൾ യഥാർഥത്തിൽ അന്വേഷിക്കുകയാണെങ്കിൽ മുസ്‌ലിംകളാണ് അതിന് ജീവനം നൽകിയതെന്ന് കാണാം; നമ്മുടെ കൈകളിൽനിന്നു നഷ്ടപ്പെട്ട മുത്തുകളാണവ. അറബികൾ യൂറോപ്പിൽ വ്യാപിക്കാൻ തുടങ്ങിയതോടെ അവർ ശാസ്ത്ര പഠനങ്ങളുടെ തുടക്കം അവിടെ കുറിച്ചു. അതിനുള്ള വിത്ത് ഈ മരുഭൂവാസികൾ യൂറോപ്പിൽ നടുകയും ചെയ്തു.

എന്നാൽ ആ വിത്ത് പരിപോഷിപ്പിച്ചതും നട്ടുവളർത്തിയതും പുഷ്പിച്ചതും പടിഞ്ഞാറിന്റെ കൈകളിലാണ്.

അതിനുള്ള തൃഷ്ണ വന്നത് നമ്മുടെ പൂർവീകന്മാരുടെ ചഷകങ്ങളിലൂടെയാണ്.

ഇസ്‌ലാമികചരിത്രം പേജ് (661-662)

## ബൈത്തുൽ ഹിക്മ

ഭൗതികമായ ഉണർവിന്റെയും നാഗരികതയുടെയും കാലഘട്ടമായിട്ടാണ് അബ്ബാസി ഭരണം ലോക ചരിത്രത്തിൽ പ്രസിദ്ധിയാർജിച്ചത്. പൗരാണിക അറിവുകളുടെ സംരക്ഷണത്തിനുവേണ്ടി മൻസൂർ ഒരു വിവർത്തനകേന്ദ്രം ആരംഭിച്ചു. ഹാറൂൺ റഷീദിന്റെ കാലഘട്ടത്തിലിത് ദാറുൽ തർജുമാന എന്നറിയപ്പെട്ടിരുന്നു മഅ്മൂന്റെ ഭരണ കാലത്ത് ബൈത്തുൽ ഹിക്മയെന്ന വലിയൊരു വൈജ്ഞാനിക അക്കാദമിയായി മാറി. ഏതൻസിലും അലക്സാൻഡ്രിയയിലും നിലവിലുണ്ടായിരുന്ന വൈജ്ഞാനിക സ്ഥാപനങ്ങളെക്കാൾ പ്രസിദ്ധി നേടി ബാഗ്ദാദിലെ ബൈത്തുൽ ഹിക്മ. അബ്ബാസി കാലഘട്ടത്തിലെ അറിവിന്റെ ദീപസ്തംഭമായിട്ടാണ് ഈ വൈജ്ഞാനിക കേന്ദ്രം അറിയപ്പെട്ടിരുന്നത്.

വ്യത്യസ്ത തരത്തിലുള്ള വിജ്ഞാനശാഖകൾ ബൈത്തുൽ ഹിക്മയിൽ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. ജ്യോതിശാസ്ത്രം, തത്വശാസ്ത്രം, വാനശാസ്ത്രം, ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം, ഭൂമിശാസ്ത്രം, രസതന്ത്രം തുടങ്ങി വ്യത്യസ്ത പഠനമേഖലകളിലെ അറിവുകൾ ബൈത്തുൽ ഹിക്മയിൽ വിവർത്തനം ചെയ്യുകയും കൂടുതൽ പഠനങ്ങൾക്ക് വിധേയമാക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. വ്യത്യസ്ത ഭാഷകളിലെ വൈജ്ഞാനിക ഗ്രന്ഥങ്ങൾ ബൈത്തുൽ ഹിക്മയിൽ വെച്ച് അറബി-പേർഷ്യൻ ഭാഷകളിലേക്ക് തർജമചെയ്യപ്പെട്ടു. പ്രധാനമായി ഗ്രീക്കു ഭാഷയിലെ ഗ്രന്ഥങ്ങളായിരുന്നു തർജമ ചെയ്യപ്പെട്ടിരുന്നത്.

ഗ്രീക്ക് ഭാഷയിൽ നിന്ന് ആദ്യം സിറിയൻ ഭാഷയായ അരാമിക്കിലേക്കും തുടർന്ന് അറബി പണ്ഡിതന്മാർ അവ അറബിയിലേക്കും തർജമ ചെയ്തു. (ഗ്രീക്ക്-അരാമിക്-അറബിക്). അരിസ്റ്റോട്ടിൽ, സോക്രട്ടീസ്, പ്ലാറ്റോ, ഗാലെൻ, ആർക്കിമിഡീസ്, യൂക്ലിഡ്, ടോളമി, ഡെമസ്തനീസ്, പൈതഗോറസ് തുടങ്ങിയ ഗ്രീക്ക് പണ്ഡിതന്മാരുടെ മിക്ക ഗ്രന്ഥങ്ങളും ലഘുലേഖകളും ബൈത്തുൽ ഹിക്മയിൽ തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ നിന്നുള്ള സംസ്കൃത ഭാഷയിലെ ഗ്രന്ഥങ്ങളും അറബിയിലേക്ക് തർജമ ചെയ്തിരുന്നു. ഇന്ത്യയുടെ സിദ്ധാന്ത അറബി ഭാഷയിലേക്ക് അൽ ഫസാരിയെന്ന പണ്ഡിതനാണ് തർജമ ചെയ്തത്. ഇന്ത്യയുടെ പഞ്ചതന്ത്ര കഥകൾ പേർഷ്യൻ ഭാഷയിലേക്ക് തർജമ ചെയ്ത പണ്ഡിതനാണ് ഇബ്നു മുഖാഫ്. അദ്ദേഹത്തിന്റെ പേർഷ്യൻ തർജമയിൽ നിന്ന് പഞ്ചതന്ത്രം കഥകൾ നാൽപ്പത് ലോകഭാഷകളിലേക്കും തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. ലോകത്തിന്റെ നാനഭാഗത്തു നിന്നുമുള്ള പണ്ഡിതന്മാർ ബൈത്തുൽ ഹിക്മ സന്ദർശിക്കുകയും ചെയ്തിരുന്നു. ജാതി-മതവിശ്വാസങ്ങൾക്കതീതമായി വിവിധ മേഖലകളിലെയും ഭാഷകളിലെയും സംസ്കാരങ്ങളെ അബ്ബാസികൾ സ്വീകരിച്ചിരുന്നു.

ഇതിനുപുറമെ ഇന്ത്യയുടെ സംഖ്യാശാസ്ത്രവും ആയുർവേദവും പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളും അറബിയിലേക്ക് തർജമ ചെയ്തിരുന്നു. ബൈത്തുൽ ഹിക്മയിൽവെച്ച് ചൈനീസ് പണ്ഡിതന്മാരുടെ സഹായത്തോടെ പേപ്പർ നിർമാണവും അബ്ബാസിയ്യാ ഭരണകാലത്ത് ആരംഭിച്ചിരുന്നു. ഇബ്നു ബക്തിഷായും അദ്ദേഹത്തിന്റെ പിൻഗാമികളും അബ്ബാസിയ കൊട്ടാരത്തിലെ പ്രധാന ഭിഷഗ്വരന്മാരെന്ന പദവി അലങ്കരിച്ചവരായിരുന്നു. ആദ്യമായി ഗ്രീക്ക് ഭാഷയിലെ ഗ്രന്ഥങ്ങൾ ബൈത്തുൽ ഹിക്മയിൽവെച്ച് തർജമ ചെയ്തത് ഇവരായിരുന്നു. രസതന്ത്രത്തിലെ പ്രധാന വിഭാഗമായ ആൽക്കെമിയെപ്പറ്റി ആദ്യം പഠനം നടത്തുന്നത് ബൈത്തുൽ ഹിക്മയിൽ വെച്ച് ക്രിസ്ത്യൻ പണ്ഡിതനായിരുന്ന ഹുനൈൻ ഇബ്നു ഇശാഖിന്റെ നേതൃത്വത്തിലായിരുന്നു. കൂടാതെ ബൈത്തുൽ ഹിക്മയിലെ തർജമ പണ്ഡിതന്മാരുടെ ശൈഖെന്ന അപരനാമംകൂടി അദ്ദേഹത്തിനുണ്ടായിരുന്നു.

ലോകത്ത് അന്ന് നിലനിന്നിരുന്ന എല്ലാ വൈജ്ഞാനിക ഗ്രന്ഥങ്ങളും ബൈത്തുൽ ഹിക്മയിൽ വെച്ച് തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. അറബിയിലേക്കും പേർഷ്യൻ ഭാഷയിലേക്കും തർജമ ചെയ്യപ്പെട്ട ഈ അറിവുകൾ അടിസ്ഥാനമാക്കിക്കൊണ്ട് ബൈത്തുൽ ഹിക്മയിലെ പണ്ഡിതന്മാർ കൂടുതൽ പരീക്ഷണങ്ങൾ നടത്തുകയും ശാസ്ത്ര, സാഹിത്യരംഗങ്ങളിൽ പുതിയ സംഭാവനകൾ നൽകുകയും ചെയ്തു. ബൈത്തുൽ ഹിക്മയിലെ ഈ വൈജ്ഞാനിക സംഭാവനകൾ പിന്നീട് സ്പെയിനിലേക്കും അവിടെനിന്ന് ഇറ്റലിയിലേക്കുമെത്തുകയും ലാറ്റിൻ ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുകയുമുണ്ടായി. ഈ വൈജ്ഞാനിക സ്രോതസ്സുകൾ ഉപയോഗിച്ചുകൊണ്ടാണ് യൂറോപ്പിൽ ഇറ്റലി കേന്ദ്രീകരിച്ച് നവോത്ഥാനത്തിന് തുടക്കമിടുന്നതും യൂറോപ്പ് ആധുനികതയിലേക്ക് മാറിയതും.

## വൈദ്യശാസ്ത്രം


*ചികിത്സയില്ലാത്ത ഒരു രോഗവും ദൈവം ഭൂമിയിൽ സൃഷ്ടിച്ചിട്ടില്ല. (സ്വഹീഹുൽ ബുഖാരി (7-582)*

പ്രവാചകൻ മുഹമ്മദിന്റെ ജീവിത കാലയളവിൽത്തന്നെ വ്യത്യസ്ത തരത്തിലുള്ള ചികിത്സാരീതികൾ അദ്ദേഹം ഉപദേശിച്ചിരുന്നു. ഖുർആനിലും പ്രവാചക ജീവിതചര്യയിലും വൃത്തിയെയും ആരോഗ്യത്തെയും പ്രാധാന്യത്തോടെ വീക്ഷിക്കുന്നു. അവ വിശ്വാസത്തിന്റെ അടിസ്ഥാനമായി

കണക്കാക്കുകയും ചെയ്തു. രോഗിയെ സന്ദർശിക്കുന്നത് പുണ്യമായി ഉപദേശിച്ച പ്രവാചകൻ ചികിത്സയും ആരോഗ്യസംരക്ഷണവും ഓരോ മുസ്‌ലിമിന്റെയും പ്രധാനപ്പെട്ട മതപരമായ നിർബന്ധകർമമാക്കി മാറ്റി. അതിനെ പിന്തുടർന്ന് കൊണ്ടാണ് ബൈത്തുൽ ഹിക്മയിൽ വെച്ച് ഗ്രീക്ക് വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ പേർഷ്യൻ, അറബി ഭാഷകളിലേക്കു തർജമ ചെയ്തിരുന്നത്. പേർഷ്യൻ സ്വാധീനം ഉൾക്കൊണ്ടുകൊണ്ട് ആരോഗ്യത്തിനും കൂടുതൽ പ്രാധാന്യം അബ്ബാസി കാലഘട്ടത്തിലെ സമൂഹം നൽകിയിരുന്നു. വൈദ്യശാസ്ത്രപഠനം ഏറ്റവുമധികം വികസിച്ചത് ഗ്രീക്ക് കാലഘട്ടത്തിലായിരുന്നു. പ്രസ്തുത ഗ്രീക്ക് വൈദ്യശാസ്ത്ര അറിവുകൾക്ക് പൂർണത കൈവരിച്ചതും അബ്ബാസിയ്യ കാലഘട്ടത്തിലായിരുന്നു. ആദ്യമായി ചരിത്രത്തിൽ ഒരു ഫാർമസി ആരംഭിക്കുന്നതും മാനസികാരോഗ്യകേന്ദ്രം ആരംഭിക്കുന്നതും കാഴ്ചയില്ലാത്തവർക്കുള്ള സ്ഥാപനങ്ങൾക്ക് തുടക്കമിട്ടതും അബ്ബാസി കാലഘട്ടത്തിലായിരുന്നു.

ഇബ്നുമസാവൈഹായിരുന്നു അബ്ബാസിയ്യ കാലഘട്ടത്തിൽ ആദ്യമായി ഗ്രന്ഥരചന നടത്തുന്നത്. ഇദ്ദേഹത്തിന്റെ ഫിർദൗസൽ ഹിക്കാം വിവിധ ഔഷധങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. അറബി ഭാഷയിൽ നേത്ര രോഗങ്ങളെ സംബന്ധിച്ച് ആദ്യമായി ഗവേഷണപ്രബന്ധം എഴുതിയതും ഇദ്ദേഹമാണ്.

### അൽറാസി (മ. 925 സി.ഇ.)


അൽറാസി

അബ്ബാസി കാലഘട്ടത്തിലെ ഏറ്റവും പ്രഗത്ഭനായ വൈദ്യശാസ്ത്രജ്ഞനാണ് അബൂബക്കർ മുഹമ്മദ് ഇബ്നു സക്കരിയ്യ അൽ റാസി. അബ്ബാസിയ കാലഘട്ടത്തിലെ അവസാന നാളുകളിൽ നിരവധി സ്വതന്ത്രഭരണകൂടങ്ങൾ ഉടലെടുത്തിരുന്നു. അതിലൊന്നായ സാമാനിയ രാജവംശത്തിനു കീഴിലായിരുന്നു റാസി ജീവിച്ചിരുന്നത്. സാമാനി ഭരണാധികാരിയായിരുന്ന മൻസൂർ അൽ റാസിയ്ക്ക് എല്ലാ വിധത്തിലുമുള്ള സഹായങ്ങളും സൗകര്യങ്ങളും പഠനത്തിനായി ചെയതു കൊടുത്തിരുന്നു. അതുകൊണ്ട് തന്റെ ഏറ്റവും പ്രധാനപ്പെട്ട ഗ്രന്ഥത്തിന് അദ്ദേഹം കിതാബുൽ മൻസൂറി എന്ന് നാമകരണം ചെയ്തു. പത്ത് വലിയ വാല്യങ്ങളുള്ള പുസ്തകമായ കിതാബുൽ മൻസൂറി ഗ്രീക്ക് ഔഷധങ്ങളെക്കുറിച്ചുള്ള ഗവേഷണ പ്രബന്ധമാണ്. ശിശുരോഗ വിഭാഗത്തെപ്പറ്റി ആദ്യമായി പ്രതിപാദിക്കുന്ന പണ്ഡിതനും അൽറാസിയാണ്. സൂക്ഷ്മ ജീവികളെ ഇല്ലാതാക്കാനുള്ള സൂര്യപ്രകാശത്തിന്റെയും ശുദ്ധവായുവിന്റെയും കഴിവ് ആദ്യമായി പരാമർശിക്കുന്നതും അൽറാസിയുടെ ഗ്രന്ഥങ്ങളാണ്. അൽറാസിയുടെ ഏറ്റവും പ്രധാനപ്പെട്ട വൈദ്യശാസ്ത്രഗ്രന്ഥമാണ് പത്ത് വാല്യങ്ങളുള്ള അൽ-ഹാവി. ബാഗ്ദാദിൽ അദ്ദേഹമൊരു ആശുപത്രി സ്ഥാപിച്ചു.

ആൽക്കെമിയെപ്പറ്റി അൽറാസി എഴുതിയിട്ടുള്ള ഗ്രന്ഥമാണ് കിതാബുൽ അസ്റാർ (രഹസ്യങ്ങളുടെ ഗ്രന്ഥം). മെർക്കുറിയും സൾഫ്യൂറിക് ആസിഡും പരീക്ഷണാർഥം ഉപയോഗിക്കാമെന്ന് അൽറാസി പരാമർശിക്കുന്നു. വസൂരിയെപ്പറ്റി അദ്ദേഹം രചിച്ചിട്ടുള്ള ലേഖനങ്ങൾ സർവ്വവിജ്ഞാനകോശമായ ബ്രിട്ടാനിക്കയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഗ്രീക്ക് പണ്ഡിതന്മാരായ ഗ്യാലൻ യൂക്ലിഡ് തുടങ്ങിയവരുടെ പല വൈദ്യശാസ്ത്ര തത്വങ്ങളുടെയും പോരായ്മകൾ അൽറാസി തിരുത്തിയതായി കാണാം. ഇന്നത്തെ ഇറാനിലെ ടെഹ്റാനിൽ ജനിച്ച അൽറാസിയുടെ ഓർമയ്ക്കായിട്ടാണ് അവിടത്തെ പ്രധാന സർവകലാശാലയ്ക്ക് അദ്ദേഹത്തിന്റെ പേര് നൽകിയിരിക്കുന്നു. അദ്ദേഹം എഴുതിയിട്ടുള്ള മറ്റൊരു വൈദ്യശാസ്ത്രഗ്രന്ഥമാണ് അൽജുദാരി വൽ ഹിസാബ്.

## അൽ തബരി

അബ്ബാസിയ കാലഘട്ടത്തിലെ മറ്റൊരു പ്രധാന വൈദ്യശാസ്ത്രജ്ഞനാണ് തബരിസ്താനിൽ ജനിച്ച അബുൽ ഹസ്സൻ അലി ഇബ്നു ജരീർ അൽ തബരി ( 832-923 സി.ഇ.). അബ്ബാസിയ്യ ഖലീഫ അൽ മുഅ്തസിമിന്റെയും അൽ മുത്തവക്കിലിന്റെയും കീഴിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു. ഒരു വൈദ്യശാസ്ത്രജ്ഞനേക്കാൾ അബ്ബാസിയ കാലഘട്ടത്തിലെ പ്രസിദ്ധനായ ചരിത്രകാരനായിരുന്നു അൽ തബരി. അദ്ദേഹം എഴുതിയിട്ടുള്ള വൈദ്യശാസ്ത്ര ഗ്രന്ഥങ്ങളാണ്.

- ഫിർദൗസുൽ ഹിക്മ (ബുദ്ധി വൈഭവത്തിന്റെ സ്വർഗം)
- തുഹ്ഫത്തുൽമുലൂക്ക് (രാജാക്കന്മാരുടെ സംഭാവനകൾ)
- കിതാബുൽ ഹിജാമ (യുനാനി ചികിത്സാലേഖനങ്ങൾ)
- ഹഫ്സുൽ സ്വഹീഹ് (ആരോഗ്യ സംരക്ഷണം)
- കിതാബുൽ റുഖ (ചെപ്പടിവിദ്യയുടെ ഗ്രന്ഥം)
- കിതാബുൽ തർത്തിബുൽ അദബിയ (പാചകവിദ്യയെപ്പറ്റിയുള്ള ലേഖനങ്ങൾ)

## ഇബ്നു സീന (മ. 1037 സി. ഇ.)

അബ്ബാസിയ കാലഘട്ടത്തിലെ പ്രസിദ്ധനായ വൈദ്യശാസ്ത്രജ്ഞനാണ് അബുൽ അലി അൽ ഹുസൈൻ ബിൻ അൽ സീന (ഇബ്നു സീന). യൂറോപ്യൻ രാജ്യങ്ങളിൽ അദ്ദേഹം അറിയപ്പെടുന്നത് അവിസെന്നയെന്നാണ്. ഭിഷഗ്വരന്മാരുടെ രാജകുമാരനെന്നും അദ്ദേഹം അറിയപ്പെടുന്നു. സൂക്ഷ്മജീവികളെ ഇല്ലാതാക്കാനുള്ള ശുദ്ധവായുവിന്റെയും സൂര്യപ്രകാശത്തിന്റെയും കഴിവിൽ അദ്ദേഹം വിശ്വസിച്ചിരുന്നു. മലിനജലം ഉപയോഗിക്കുന്നതിലെ അപകടങ്ങളെക്കുറിച്ച് അദ്ദേഹം ജനങ്ങൾക്ക് മുന്നറിയിപ്പു നൽകി. ഇബ്നു സീനയുടെ വരവോടു കൂടി ഇസ്‌ലാമിലെ വൈദ്യശാസ്ത്ര വികസനം അതിന്റെ പാരമ്യത്തിലെത്തി.


ഇബ്നു സീന

ഇബ്നു സീന ഒരു തത്വശാസ്ത്രജ്ഞനെന്ന നിലയിലാണ് ഏറെ പ്രസിദ്ധൻ. അരിസ്റ്റോട്ടിലിന്റെ തത്വശാസ്ത്രത്തെ ആസ്പദമാക്കി പഠനം നടത്തിയിരുന്ന അദ്ദേഹത്തിന്റെ പ്രശസ്തമായ തത്വശാസ്ത്രഗ്രന്ഥമാണ് കിതാബുൽ ശിഫ (ആത്മാവിന്റെ ആശ്വാസം). വൈദ്യശാസ്ത്രജ്ഞനെന്ന നിലയിൽ അദ്ദേഹത്തെ പ്രശസ്തനാക്കുന്നത് ഖാനൂൻ ഫിൽ ത്വിബ്ബ് എന്ന ഗ്രന്ഥമാണ്. ഈ ഗ്രന്ഥത്തെ മെറ്റീരിയ മെഡിക്ക (മെഡിക്കൽ ബൈബിൾ) എന്നാണ് യൂറോപ്പ് വിളിച്ചിരുന്നത്.

ഖാനൂൻ ഫിൽ ത്വിബ്ബ് എന്ന ഈ ഗ്രന്ഥം രചിക്കാൻ അദ്ദേഹത്തെ സഹായിച്ചത് ഗ്രീക്ക് പണ്ഡിതനായ ഗ്യാലന്റെയും ഇന്ത്യൻ വൈദ്യശാസ്ത്ര പണ്ഡിതന്മാരായ ചരകൻ, സുശ്രുതൻ തുടങ്ങിയവരുടെയും വൈദ്യശാസ്ത്ര സംഭാവനകളായിരുന്നു. ഏകദേശം 760 ഓളം മരുന്നുകളെപ്പറ്റി ഇബ്നുസീന ഖാനൂൻ ഫിൽ ത്വിബ്ബിൽ വിവരിക്കുന്നു.

അബ്ബാസിയ കാലഘട്ടത്തിലെ പ്രശസ്തനായ ശസ്ത്രക്രിയാ വിദഗ്ധനായിരുന്നു അൽ സഹ്റാവി. ശസ്ത്രക്രിയയെപ്പറ്റിയും അതിനുവേണ്ടിയുള്ള ഉപകരണങ്ങളെപ്പറ്റിയും അദ്ദേഹമെഴുതിയിട്ടുള്ള ഗ്രന്ഥമാണ് അൽ തസരീഫ്.

ഇബ്നു സീനയുടെ മറ്റു പ്രധാന രചനകൾ താഴെ കൊടുക്കുന്നു.

- ദാനിഷ് നാമ-ഇ-അലി (അറിവിന്റെ പുസ്തകം).
- അന്താർ-ദാനിഷ്-ഇ-റാഗ്.
- നുസ്ഹത്ത്-മജ്ലിസ് (പേർഷ്യൻ കവിതയുടെ വിവരണം)

**അൽ മജൂസി ( മ. 994 സി. ഇ.)**



അൽ മജൂസി

അബ്ബാസി കാലഘട്ടത്തിലെ അവസാന നാളുകളിൽ ജീവിച്ചിരുന്ന പ്രശസ്തനായ വൈദ്യശാസ്ത്രജ്ഞനാണ് അലി ഇബ്നു അൽ അബ്ബാസ് മജൂസി. അദ്ദേഹം ജീവിച്ചിരുന്നത് ബുവൈഹിദ് രാജവംശത്തിലെ ഭരണാധികാരിയായിരുന്ന അദുദൗലയുടെ കൊട്ടാരത്തിലായിരുന്നു. അദ്ദേഹം പഠനം നടത്തിയിരുന്നത് അൽ മജൂസിയുടെ പ്രധാനപ്പെട്ട ഗ്രന്ഥങ്ങളാണ്

- കാമിൽ-അൽ-സിനാക്ക്-അൽ ത്വിബ്ബിയ്യ.
- കിതാബുൽ മാലക്കി (മഹദ്ഗ്രന്ഥം).

**ഗണിതശാസ്ത്രം**

ശരിയായ വരവുചെലവ് കണക്കുകൾ സൂക്ഷിക്കാൻ ഇസ്ലാം അതിന്റെ അനുയായികളെ പ്രോത്സാഹിപ്പിക്കുന്നു. അതുകൊണ്ടാണ് ഗണിത ശാസ്ത്രത്തെപ്പറ്റിയുളള പഠനം ബൈത്തുൽ ഹിഖ്മയിൽ പ്രോത്സാഹിപ്പിച്ചിരുന്നത്. ഇന്ത്യൻ ഗണിത ശാസ്ത്ര ഗ്രന്ഥമായ 'സിദ്ധാന്ത' മുഹമ്മദ് ഇബ്രാഹിം അൽ ഫസാരി സംസ്കൃത ഭാഷയിൽ നിന്നും അറബി ഭാഷയിലേക്ക് തർജമ ചെയ്തു. സിദ്ധാന്തയിൽ വാനശാസ്ത്രത്തെയും ഗണിത ശാസ്ത്രത്തെയുംപറ്റിയാണ് ഏറ്റവും കൂടുതൽ ചർച്ചചെയ്തിരുന്നത്. ഇന്ത്യൻ എണ്ണൽ സംഖ്യകൾ സിദ്ധാന്തയിലൂടെ അറബികൾ പഠിച്ചു. 'പൂജ്യം' അറബികളിലൂടയാണ് യൂറോപ്പിൽ എത്തിയത്. സിദ്ധാന്തയ്ക്കു പുറമെ ഗ്രീക്ക് ഗണിത ശാസ്ത്രജ്ഞനായ യൂക്ലിഡിന്റെ ഗ്രന്ഥങ്ങളും അറബികളെ സ്വാധീനിച്ചിട്ടുണ്ട്. യൂക്ലിഡിന്റെ ഗണിതശാസ്ത്രത്തെപ്പറ്റി ലേഖനമെഴുതിയിട്ടുളള അറബി പണ്ഡിതനാണ് മുഹമ്മദ് ബാഖി




അൽ ഫസാരി

അബ്ബാസി കാലഘട്ടത്തിലെ ഏറ്റവും പ്രസിദ്ധനായ ഗണിത ശാസ്ത്രജ്ഞനായ മുഹമ്മദ് ഇബ്നു മൂസ അൽ ഖവാറിസ്മിയെ അക്കാലത്തെ ബീജഗണിതത്തിന്റെ പിതാവായും കരുതപ്പെടുന്നു. അദ്ദേഹത്തിന്റെ ഗണിതശാസ്ത്രത്തെപ്പറ്റിയുള്ള ഗ്രന്ഥമാണ് ഹിസാബ് ജബർ-വൽ-മുഖാബല. ഈ ഗ്രന്ഥം ലാറ്റിൻ ഭാഷയിലേക്ക് തർജമ ചെയ്യുകയും അതിലൂടെ ഇന്ത്യൻ ഗണിത ശാസ്ത്ര അിറവുകൾ യൂറോപ്പിന് ലഭിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മറ്റു രചനകളാണ്.

- കിതാബുൻ - ജമ-വൽ തഫ്രീഖ് (എലമെന്റ്സ്)




ഖവാറസ്മി




- കിതാബുൻ ജബർ വൽ -മുഖാബല (സമവാക്യങ്ങളുടെയും ഏകീകരണങ്ങളുടെയും സങ്കലനരീതികൾ).

ഹരണ പ്രക്രിയ, സ്ക്വയർ റൂട്ട്, ക്യൂബ് തുടങ്ങിയ ഗണിത ശാസ്ത്രരീതികളെപ്പറ്റി ആദ്യമായി പരാമർശിക്കുന്നത് അൽ നസാവിയുടെ ഗ്രന്ഥത്തിലാണ്. അദ്ദേഹവും തന്റെ പഠനത്തിനായി ഉപയോഗിച്ചത് സിദ്ധാന്ത എന്ന ഗ്രന്ഥമാണ്.

**ഉമർ ഖയ്യാം**




ഉമർ ഖയ്യാം





സെൽജുക്ക് ഭരണകാലഘട്ടത്തിലെ പ്രശസ്തനായൊരു ഗണിതശാസ്ത്രജ്ഞനാണ് ഉമർ ഖയ്യാം. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ഗ്രന്ഥം ഗണിതശാസ്ത്രത്തെ പരാമർശിക്കുന്നതാണ്. എന്നാൽ ഒരു ഗ്രന്ഥകർത്താവെന്ന നിലയിൽ ഒമർ ഖയ്യാമിനെ പ്രസിദ്ധനാക്കുന്നത് അദ്ദേഹം നിർമ്മിച്ച കലണ്ടറായ ജലാലി കലണ്ടറാണ്. ബീജഗണിതത്തിലും അദ്ദേഹം സംഭാവന നൽകിയിട്ടുണ്ട്. എല്ലാത്തിലുമുപരി അബ്ബാസിയ കാലഘട്ടത്തിലെ പ്രസിദ്ധനായ കവിയായിരുന്ന അദ്ദേഹത്തിന്റെ പ്രധാന സംഭാവനയാണ് റുബാഇയ്യാത്ത്.

### അൽ ബിറൂണി



അൽ ബിറുണി



അബ്ബാസി കാലഘട്ടത്തിലെ മറ്റൊരു പ്രധാന ഗണിത ശാസ്ത്രജ്ഞനാണ് അൽബിറൂണി അദ്ദേഹം ഭൂമിയുടെ വൃത്താകൃതിയെയും അതിന്റെ ആരത്തെയുംപ്പറ്റിയാണ് പഠനം നടത്തിയത്. കൂടാതെ സംഖ്യാ സംബന്ധമായ പ്രശ്നങ്ങളെക്കുറിച്ച് പ്രത്യേക പഠനവും അദ്ദേഹം നടത്തിയിട്ടുണ്ട്. ഒരു ചരിത്രകാരനായ അദ്ദേഹം ഇരുപത് വർഷത്തോളം ഇന്ത്യയിൽ താമസിക്കുകയും സംസ്കൃതം പഠിക്കുകയും അതിനുശേഷം ഇന്ത്യയെപ്പറ്റി എഴുതിയ യാത്രാവിവരണമാണ് കിതാബുൽ ഹിന്ദ്. ഇന്ത്യൻ തത്വശാസ്ത്രത്തിലേക്ക് വശീകരിക്കപ്പെട്ട ഒരു വ്യക്തികൂടിയായിരുന്നു അൽബിറൂനി.

### വാന ശാസ്ത്രം



വാനശാസ്ത്രപഠന ഉപകരണങ്ങൾ

വാനശാസ്ത്ര പഠനത്തിനും അബ്ബാസിയ കാലഘട്ടത്തിലെ പണ്ഡിതന്മാർക്ക് ഇന്ത്യയുടെ സിദ്ധാന്ത തന്നെയായിരുന്നു പ്രചോദനമായത്. മഅ്മൂന്റെ കൽപന അനുസരിച്ചാണ് സിദ്ധാന്ത വിവർത്തനം ചെയ്തത്. അബ്ബാസി ഭരണകൂടം ആദ്യമായി വാനനിരീക്ഷണകേന്ദ്രം സ്ഥാപിക്കുന്നത് ജുന്ദിഷാപുരിലായിരുന്നു. അതിനുശേഷം മഅ്മൂനിന്റെ കാലഘട്ടത്തിൽ ബൈത്തുൽ ഹിക്മയോട് ചേർന്ന് തദ്മോർ സമതലത്തിൽ സ്ഥാപിക്കപ്പെട്ട വാനനിരീക്ഷണ കേന്ദ്രമാണ് ഷംസിയ നിരീക്ഷണകേന്ദ്രം. വാനശാസ്ത്രത്തെപറ്റി അൽബിറൂണി എഴുതിയിട്ടുള്ള ഗ്രന്ഥമാണ് അൽ ഖാനൂൻ അൽ മസ്ഊദി.


### അൽക്കെമി

വസ്തുനിഷ്ഠമായ പ്രായോഗിക പരീക്ഷണ നിരീക്ഷണങ്ങളാണ് രസതന്ത്ര പഠനത്തിൽ അറബികൾ പരിചയപ്പെടുത്തിയത്. ആൽക്കെമിയെപ്പറ്റിയുള്ള ആദ്യപഠനം നടന്നത് ബൈത്തുൽ ഹിക്മയിലാണ്. ഗ്രീക്ക് ഗ്രന്ഥങ്ങളായിരുന്നു ഇതിനവർക്ക് പ്രചോദനമായത്. ആൽക്കെമിയെ

പ്പറ്റി ആദ്യമായി പഠനം നടത്തിയ അബ്ബാസിയ്യ പണ്ഡിതനാണ് ജാബിർ ഇബ്നു ഹയ്യാൻ. കൂഫയിലുണ്ടായിരുന്ന അദ്ദേഹം അറബ് ആൽക്കെമിയുടെ പിതാവായും അറിയപ്പെടുന്നു. അദ്ദേഹം ധാരാളം രാസവസ്തുക്കളും സംയുക്തങ്ങളും കണ്ടെത്തുകയുണ്ടായി. കിതാബുൽ റഹ്മ (കരുണയുടെ പുസ്തകം), കിതാബുൽ തജ്മി (ഏകത്ര സമാഹരണ ഗ്രന്ഥം), കിതാബുൽ സിബാഗുൽ ശർക്കി (കിഴക്കൻ മെർക്കുറിയുടെ പുസ്തകം) തുടങ്ങിയവയാണ് ജാബിർ ഇബ്നു ഹയ്യാന്റെ ആൽക്കെമിയെപ്പറ്റിയുള്ള ഗ്രന്ഥങ്ങൾ. ഇരുപത്തിരണ്ടോളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിരുന്നുവെങ്കിലും അഞ്ചെണ്ണം മാത്രമെ കണ്ടെടുത്തിട്ടുള്ളു. രസതന്ത്രത്തിൽ പഠനം നടത്തിയ മറ്റൊരു പ്രധാന വ്യക്തിയാണ് അൽ റാസി. ആൽക്കെമിയെപ്പറ്റി അൽറാസി എഴുതിയിട്ടുള്ള ഗ്രന്ഥമാണ് കിതാബുൽ അസ്റാർ (രഹസ്യങ്ങളുടെ പുസ്തകം). ഇത് വ്യത്യസ്ത ഭാഷകളിലേക്ക് തർജമ ചെയ്യുകയുണ്ടായി.



ജാബിർ ഇബ്നു ഹയ്യാൻ.






ഹമദാനി

### ചരിത്ര രചനശാസ്ത്രം

ഉമവി ഭരണകാലത്ത് ആരംഭിച്ച ചരിത്ര രചനയെ അബ്ബാസി പണ്ഡിതന്മാർ വളരെയധികം വിപുലീകരിക്കുകയുണ്ടായി. അബ്ബാസി കാലഘട്ടത്തിലെ പ്രധാനപ്പെട്ട ചരിത്രകാരനായിരുന്നു ബലാദുരി, മസ്ഊദി, ഇബ്നു ആതിർ, ഹമദാനി, തബരി.

### അൽ ബലാദുരി (മ. 892 സി. ഇ.)

ബലാദുരി എഴുതിയിട്ടുള്ള പ്രശസ്തമായ ചരിത്രഗ്രന്ഥമാണ് ഫുത്തുഹുൽ ബുൽദാൻ ( പിടിച്ച

ടക്കലുകളുടെ ചരിത്രം). ഒമ്പതാം നൂറ്റാണ്ടിൽ അബ്ബാസി ഖലീഫയായിരുന്നു മുത്തവക്കിലിന്റെ കൊട്ടാരത്തിലെ അറിയപ്പെടുന്ന ചരിത്രകാരനായിരുന്നു അഹമദ് ഇബ്നു യഹ്‌യ ബലാദുരി. ഫുതുഹുൽ ബുൽദാൻ (പിടിച്ചടക്കലുകളുടെ ചരിത്രം), അൻസാബുൽ അശ്റാഫ് എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവായ അദ്ദേഹം സിറിയ, ഇറാഖ് എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയാണ് തന്റെ ചരിത്രഗ്രന്ഥങ്ങൾക്കുവേണ്ട വിവരങ്ങൾ ശേഖരിച്ചത്. അറബികളുടെ ആദ്യകാല വിവരങ്ങൾ നൽകുന്ന ആധികാരിക ഗ്രന്ഥമായി അദ്ദേഹത്തിന്റെ രചനയെ കാണാം.

## അൽ തബരി

അബ്ബാസിയ കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചരിത്രകാരനാണ് തബരിസ്ഥാനിൽ ജനിച്ച അബുൽ ഹസ്സൻ അലി ഇബ്നു ജരീർ അൽ തബരി ( 832-923 സി.ഇ.). അദ്ദേഹത്തിന്റെ പ്രശസ്തമായ ചരിത്രഗ്രന്ഥമാണ് താരിഖ് റുസുൽ വൽ മുലൂക്ക് (പ്രവാചകന്മാരുടെയും രാജാക്കന്മാരുടെ ചരിത്രം). ഹിജ്റ വർഷാടിസ്ഥാനത്തിലാണ് തബരി സംഭവങ്ങളെ ക്രമീകരിച്ചത്. അദ്ദേഹം എഴുതിയിട്ടുള്ള പ്രശസ്തമായ ഖുർആൻ വ്യാഖ്യാന ഗ്രന്ഥമാണ് തഫ്സീർ അൽ തബരി. അറബി ഭാഷയിലെ ആദ്യത്തെ എഴുതപ്പെട്ട സാഹിത്യരൂപമായി കരുതപ്പെടുന്നത് തബരിയുടെ പ്രസ്തുത ചരിത്ര ഗ്രന്ഥമാണ്. മിസ്കവയ്ഹി, ഇബ്നു ആതിർ, അബുഫിദ തുടങ്ങിയ ചരിത്രകാരന്മാർക്ക് പ്രചോദനമായത് തബരിയുടെ ഈ ഗ്രന്ഥമായിരുന്നു.




*മഅ്മൂന്റെ കാലഘട്ടത്തിലെ ഭൂപടനിർമ്മിതി*



*അൽ തബരി*

### മുഹമ്മദ് ഇബ്നു ജരീർ അൽ തബരി

അബു ജാഫർ മുഹമ്മദ് ഇബ്നു ജരീർ അൽ തബരി (224-310 ഹി./ 839-923 സി.ഇ.) തബരിസ്ഥാനിൽ നിന്നുള്ള, ആധുനിക ഇറാനിലെ മസന്ദരാൻ, പേരുകേട്ട പേർഷ്യൻ പണ്ഡിതനും, ചരിത്രകാരനും ഖുർ ആൻ വ്യാഖ്യാതവുമായിരുന്നു ഇസ്‌ലാമിക ദൈവശാസ്ത്രത്തിലുള്ള (ഖുർ ആനിലും കർമ്മശാസ്ത്രത്തിലുമുള്ള) അവഗാഹംകൊണ്ടും ചരിത്ര സംഭാവനകളും നിമിത്തമാണ്. വ്യത്യസ്ത വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പണ്ഡിതനെന്ന നിലയിൽ അദ്ദേഹം പ്രശസ്തനായത്. കവിത, ഭാഷാശാസ്ത്രം, അലങ്കാരിക ശാസ്ത്രം, ധാർമിക ശാസ്ത്രം, ഗണിതം, ചരിത്രം, വൈദ്യശാസ്ത്രം തുടങ്ങിയ മേഖലകളിൽ തന്റെ സംഭാവനകൾ അദ്ദേഹം നൽകിയിട്ടുണ്ട്. അദ്ദേഹത്തെ ഏറ്റവും പ്രസിദ്ധനാക്കുന്നത് തഫ്സീർ അൽ തബരിയെന്ന ഖുർആൻ വ്യാഖ്യാനവും അദ്ദേഹത്തിന്റെ ചരിത്ര ഗ്രന്ഥമായ താരിഖ് റുസുൽ വൽ മുലുക്കെന്ന ചരിത്ര ഗ്രന്ഥവുമാണ്. പ്രധാനമായും രാജാക്കന്മാരുടെ ജീവചരിത്രമായിരുന്നു അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലെ പ്രതിപാദ്യ വിഷയം.

## അലി ഇബ്നു അൽ ആതിർ


അബു ഹസ്സൻ അലി ഇബ്നു മുഹമ്മദ് അൽ ശൈബാനിയാണ് പൊതുവെ അലി ഇസ്സുദ്ദീൻ ഇബ്നു ആതിർ അൽ ജസരിയെന്നറിയപ്പെടുന്നത്. ഇറാഖിലും അറേബ്യയിലുമായി വ്യാപിച്ചിരുന്ന പ്രസിദ്ധമായ ബനുബക്കർ ഗോത്രത്തിലെ അംഗമായിരുന്നു ഇബ്നു ആതിർ. മൊസുളിലും ബാഗ്ദാദിലുമായി ജീവിച്ച അദ്ദേഹം പിന്നീട് സിറിയയിലെ സലാഹുദ്ദീന്റെ സൈന്യത്തോടൊപ്പവും ചേർന്നു. അതിനു ശേഷം അലപ്പോവിലും ഡമസ്കസിലും അദ്ദേഹം സേവനമനുഷ്ടിച്ചിരുന്നു. ലോക ചരിത്രത്തെപ്പറ്റി അദ്ദേഹം എഴുതിയ ഗ്രന്ഥമാണ് അൽ കാമിൽ ഫിൽ താരിഖ് (പരിപൂർണ ചരിത്രം). മൊസൂൾ നഗരത്തിൽ വെച്ചാണ് അദ്ദേഹം മരണപ്പെടുന്നത്.

## അൽ മസൂദി


അബ്ബാസി കാലഘട്ടത്തിലെ മറ്റൊരു പ്രധാന ഭൂമിശാസ്ത്രജ്ഞനും ചരിത്രകാരനുമായിരുന്നു അബുൽ ഹസ്സൻ അലി ഇബ്നു അൽ ഹുസൈൻ ഇബ്നു അൽ മസൂദി ( ജനനം 896 സി.ഇ. ബാഗ്ദാദ്-മരണം സെപ്തംർ 956 സി.ഇ. കൈറോ, ഈജിപ്ത്). അറബികളുടെ ഹെറഡോട്ടസ് എന്ന് വിളിക്കപ്പെടുന്ന അദ്ദേഹത്തിന്റെ പ്രശസ്ത ചരിത്ര ഗ്രന്ഥമാണ് മുറൂജു ദഹബ് വ മആദിൻ അൽ ജൗഹർ. ഇതിന്റെ വിവർത്തനമാണ് ദി മെഡോസ് ഓഫ് ഗോൾഡ് ആന്റ് മൈൻസ് ഓഫ് ജംസ് ( സ്വർണത്തിന്റെ മേച്ചിൽ സ്ഥലങ്ങളും പവിഴങ്ങളുടെ ഖനികളും) താൻ സന്ദർശിച്ചിട്ടുള്ള രാജ്യങ്ങളുടെ ചരിത്രവും ഭൂപ്രകൃതിയുമായിരുന്നു മസൂദി ഇതിലെ ഉള്ളടക്കമൊക്കിയത്. മസൂദിയുടെ മറ്റൊരു പ്രധാനപ്പെട്ട ഗ്രന്ഥമാണ് ഇസ്സത്തു തൻബിഹുൽ ഇശ്റാഫ്. ആധുനിക ചരിത്രത്തിന്റെ പിതാവെന്നറിയപ്പെടുന്ന ഹെറഡോട്ടസ് സ്വീകരിച്ചിരുന്ന വിഷയാടിസ്ഥാന രീതിതന്നെയായിരുന്നു മസൂദിയും ചരിത്രരചനയ്ക്ക് തെരഞ്ഞെടുത്തത്. അതുകൊണ്ടാണ് അൽ മസൂദിയെ അറബികളുടെ ഹെറഡോട്ടസ് എന്നു വിളിക്കുന്നത്. ജീവചരിത്ര രചനാരീതിക്ക് പകരമായി ആദ്യമായി വിഷയാടിസ്ഥാനത്തിൽ ചരിത്രരചന നിർവഹിച്ച ആദ്യത്തെ അറബ് ചരിത്രകാരനാണ് മസൂദി. പേർഷ്യ, അർമേനിയ,



അൽ മസൂദി



അസർബൈജാൻ, കാസ്പിയൻ കടൽത്തീരങ്ങൾ, അറേബ്യ, സിറിയ, ഈജിപത്, ഇൻഡസ് താഴ്വരകൾ, ഇന്ത്യയുടെ പടിഞ്ഞാറൻ മേഖലകൾ, കിഴക്കൻ ആഫ്രിക്ക, ഇന്ത്യൻ മഹാസമുദ്ര തീരങ്ങൾ, ചെങ്കടൽ-മധ്യധരണ്യാഴി തീരങ്ങൾ എന്നിവിടങ്ങളിലെല്ലാം യാത്ര ചെയ്ത ശേഷമാണദ്ദേഹം തന്റെ ചരിത്രരചനയാരംഭിച്ചത്. അബ്ബാസി കാലഘട്ടത്തിൽ വികസിച്ചുവന്ന മറ്റൊരു ശാസ്ത്രപഠന മേഖലയാണ കാർട്ടോഗ്രാഫി (ഭൂപട നിർമാണ ശാസ്ത്രം).



പഴയകാല ഭൂമിശാസ്ത്രജ്ഞന്മാർ ഭൂമിയുടെ പരിധിയും ചുറ്റളവും കണ്ടെത്താനുപയോഗിച്ചിരുന്ന മാർഗങ്ങളേതെല്ലാമെന്ന് കണ്ടെത്തുക.

## തത്വശാസ്ത്രം

അബ്ബാസി കാലഘട്ടത്തിൽ വൈദ്യശാസ്ത്രം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയ പഠന മേഖലയാണ് തത്വശാസ്ത്രം. ഇവിടുത്തെ പണ്ഡിതന്മാർ തത്വശാസ്ത്ര പഠനത്തിന് അടിസ്ഥാനമായുപയോഗിച്ചത് ഗ്രീക്ക് തത്വശാസ്ത്ര സംഭാവനകളായിരുന്നു.

### അൽ കിന്ദി ( മ. 873 സി. ഇ.)

അറബികൾക്കിടയിൽ ആദ്യമായി വ്യവസ്ഥാപിതമായ രീതിയിൽ തത്വശാസ്ത്ര പഠനത്തിനു തുടക്കമിട്ടത് 'അറബികളുടെ തത്വജ്ഞാനി' എന്നറിയപ്പെടുന്ന അബൂ യൂസഫ് അൽ കിന്ദി ആയിരുന്നു. ബൈത്തുൽ ഹിക്മയിലെ അധ്യാപകനായിരുന്ന അദ്ദേഹം ജ്യോതിശാസ്ത്രം, രസതന്ത്രം, ദർശനശാസ്ത്രം, സംഗീതം എന്നീ മേഖലകളിലും പ്രശസ്തനായിരുന്നു. 361 ഓളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിരുന്നുവെങ്കിലും മിക്കതും നഷ്ടപ്പെട്ടുപോയി.



അൽ കിന്ദി

### അൽ ഫാറാബി (മ. 950 സി. ഇ.)

ട്രാൻസോക്സിയാനയിൽ ജനിക്കുകയും ബാഗ്ദാദിൽ ജീവിക്കുകയും ചെയ്ത തത്വശാസ്ത്രജ്ഞനാണ് മുഹമ്മദ് ഇബ്നു തർക്കാൻ അബൂ നസർ അൽ ഫാറാബി. അരിസ്റ്റോട്ടിലിന്റെ തത്വശാസ്ത്രത്തെ ലോകത്തിനു രണ്ടാമതും നൽകിയ പണ്ഡിതനെന്നർത്ഥത്തിൽ 'രണ്ടാം അധ്യാപകൻ' (മുഅല്ലിം അസ്സാനി) എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. രാഷ്ട്രതന്ത്രം, മനഃശാസ്ത്രം, അതിഭൗതികത എന്നീ വിഷയങ്ങളിലായി നിരവധി ഗ്രന്ഥങ്ങൾ രചിച്ച അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ഗ്രന്ഥങ്ങളാണ് രിസാലത്തുൽ ഫുസൂലുൽ ഹിക്കാം, രിസാലത്തുൽ ഫിൽ ആറാ അഹ്ലുൽ മദീന വൽ ഫദീല, സിയാസത്തുൽ മദനിയ്യ എന്നിവ.



അൽ ഫാറാബി

## ഇബ്നു സീന ( മ. 1037 സി. ഇ.)


അബ്ബാസി കാലഘട്ടത്തിലെ മറ്റൊരു പ്രധാന തത്വശാസ്ത്രജ്ഞനായിരുന്നു ഇബ്നു സീന. പത്താം വയസ്സിൽത്തന്നെ ഖുർആൻ മനഃപാഠമാക്കിയ അദ്ദേഹം മതത്തെയും തത്വശാസ്ത്രത്തെയും തമ്മിൽ ബന്ധിപ്പിക്കാൻ ശ്രമിക്കുകയും മതസിദ്ധാന്തങ്ങളെ യുക്തിയുടെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുകയും ചെയ്തു. തത്വജ്ഞാനിയെന്ന നിലയിൽ അദ്ദേഹത്തെ പ്രശസ്തനാക്കുന്നത് ഗ്രന്ഥങ്ങളാണ്.

- കിതാബുൽ ശിഫ അൽ നഫ്സ്
- കിതാബുൽ നജാത്തു അൽ നഫ്സ്
- കിതാബുൽ ഇശാറത്ത് വൻ തൽബിഹാക്ക്

## അൽ ഗസ്സാലി

അബ്ബാസിയ കാലഘട്ടത്തിന്റെ ഭരണത്തിന്റെ അവസാനനാളുകളിൽ പ്രസിദ്ധനായ മുസ്ലിം തത്വജ്ഞാനിയാണ് അബ്ദുൽ ഹമീദ് ബിൻ മുഹമ്മദ് അൽ ഗസ്സാലി (1058-1111 സി.ഇ.). ഇദ്ദേഹം പൊതുവെ ഹുജ്ജത്തുൽ ഇസ്ലാം (ഇസ്ലാമിന്റെ അടയാളം) എന്നാണ് ആധുനിക മുസ്ലിം പണ്ഡിതന്മാർക്കിടയിൽ അറിയപ്പെടുന്നത്. വിശ്വാസത്തെ നവീകരിച്ചയാളെന്ന പരിഗണനയാണ് ഇസ്ലാമിൽ അദ്ദേഹത്തിന്റെ സ്ഥാനം. അബ്ബാസി കാലഘട്ടത്തിന്റെ അവസാനനാളുകളിൽ ഇസ്ലാം മതവിശ്വാസത്തിൽ നിരവധി അനാചാരങ്ങളും അന്ധവിശ്വാസങ്ങളും രൂപപ്പെടാൻ തുടങ്ങി. അതിനാൽ യഥാർത്ഥ ഇസ്ലാമിക തത്വങ്ങൾക്കനുസരിച്ച് ജീവിക്കാൻവേണ്ടി മുസ്ലിംകളെ ആഹ്വാനം ചെയ്തുകൊണ്ട് അദ്ദേഹം എഴുതിയിട്ടുള്ള ഏറ്റവും പ്രസിദ്ധമായ ഗ്രന്ഥമാണ് ഇഹ്യാ ഉലുമുദ്ദീൻ (ഇസ്ലാമിക വിശ്വാസത്തിന്റെ പുനരുദ്ധാരണം) ഗസ്സാലിയുടെ ഈ ഗ്രന്ഥം പുറത്തിറങ്ങിയതിനു ശേഷമാണ് നിരവധി മാറ്റങ്ങൾ മുസ്ലിം സമൂഹത്തിനിടയിൽ ഉണ്ടായത്. പ്രശസ്തമായ 'നിസാമിയ്യ' യൂണിവേഴ്സിറ്റിയിലായിരുന്നു ഗസ്സാലി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നത്. അറബിക്, ഇംഗ്ലീഷ്, തുർക്കി, ഉറുദു, മലയാളം എന്നീ ഭാഷകളിൽ ഇഹ്യാ ഉലുമുദ്ദീനെന്ന പ്രശസ്ത ഗ്രന്ഥം ലഭ്യമാണ്. നാനൂറോളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചതിൽ ഇഹ്യാ ഉലുമുദ്ദീനാണ് അദ്ദേഹത്തെ പ്രശസ്തനാക്കുന്നത്.

> അബ്ദുൽ ഹമീദ് ബിൻ മുഹമ്മദ് ഇബ്നു മുഹമ്മദ് അൽ ഗസ്സാലിയാണ് (1058 -1111 സി.ജി.) ഇസ്ലാമികലോകത്ത് ഗസ്സാലിയെന്നും പടിഞ്ഞാറൻ ലോകത്ത് ഗസ്സൽ എന്നും അറിയപ്പെടുന്നത്. അദ്ദേഹം ഒരു ഇസ്ലാമിക മതപണ്ഡിതനും, നിയമജ്ഞനും, തത്വജ്ഞാനിയും സൂഫിയുമായിരുന്നു. പ്രവാചകൻ മുഹമ്മദിനുശേഷം ലോകത്തിനുണ്ടായ ഏറ്റവും നല്ല ഇസ്ലാമിക പണ്ഡിതനായി കരുതപ്പെടുന്നതുകൊണ്ട് അദ്ദേഹത്തെ ഇസ്ലാമിക ലോകം ഒരു മുജദ്ദിദ് (വിശ്വാസത്തിന്റെ പുനരുദ്ധാരകൻ) ആയി കാണുന്നു. അദ്ദേഹത്തിന്റെ രചനകൊണ്ട് സമകാലികരായ പണ്ഡിതന്മാരും അദ്ദേഹത്തിന് ഹുജ്ജത്തുൽ ഇസ്ലാം (ഇസ്ലാമിന്റെ അടയാളം) എന്ന ആദരവ് നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ തത്വശാസ്ത്ര കണ്ടെത്തലുകൾ ഇസ്ലാമിന്റെ ശാസ്ത്ര വളർച്ചയ്ക്ക് തടസ്സമാണെന്നു വാദിക്കുന്നവരുണ്ട്. അദ്ദേഹത്തിന്റെ പ്രശസ്തഗ്രന്ഥം അതുവരെ ഉണ്ടായിരുന്ന ഇസ്ലാമിക തത്വശാസ്ത്രരീതിയെ തിരുത്തിയെഴുതി. ആദ്യ കാലങ്ങളിൽ നവപ്ലാറ്റോയിസത്തിന്റെയും ഹെല്ലനിസത്തിന്റെയും അടിസ്ഥാനത്തിലായിരുന്നു ഇസ്ലാമിക തത്വശാസ്ത്രചിന്തകൾ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ഇതിനെ അദ്ദേഹം യാഥാസ്ഥിതിക രീതിയിലേക്കും സൂഫിസത്തിലേക്കും തിരിച്ചുകൊണ്ടുവന്നു. അങ്ങനെ സൂഫിസവും ഇസ്ലാമിക തത്വചിന്തകളും പരസ്പര പൂരകങ്ങളാക്കി അദ്ദേഹം മാറ്റുകയുമുണ്ടായി.



ഇഹ്‌യാ ഉലുമുദ്ദീൻ

## മതപഠനശാസ്ത്രം

ശാസ്ത്ര വിഷയങ്ങൾക്ക് പുറമെ ദൈവശാസ്ത്ര (തിയോളജി) പഠനവും ബൈത്തുൽ ഹിക്മയിൽ വികസിപ്പിച്ചിരുന്നു. ദൈവശാസ്ത്ര പഠനത്തിന് ഏറെ സഹായകമായത് മഅ്മൂനിന്റെ പ്രോത്സാഹനമായിരുന്നു. ഭൗതികവിജ്ഞാനത്തെയും ആത്മീയവിജ്ഞാനത്തെയും തുല്യ പ്രാധാന്യത്തോടെയായിരുന്നു അബ്ബാസിയ്യാക്കൾ കണ്ടിരുന്നത്. പ്രധാനമായും ഖുർആൻ, ഹദീസ് (പ്രവാചകന്റെ ജീവിതരീതികൾ) എന്നിവ അടിസ്ഥാനമാക്കിയായിരുന്നു ദൈവശാസ്ത്ര പഠനം നടന്നത്.

## മുഅ്തസലിസം

മഅ്മൂനിന്റെ ഭരണകാലത്ത് ഉയർന്നുവന്ന ഒരു പ്രത്യേക മതാശയമാണ് മുഅ്തസലിസം. എട്ടാം നൂറ്റാണ്ടിൽ പ്രസിദ്ധ മുസ്‌ലിം മതപണ്ഡിതനായ ഹസ്സൻ ബസരിയുടെ പ്രധാന ശിഷ്യനായിരുന്ന വാസിൽ-ഇബ്നു-അത്ത എന്ന പണ്ഡിതനാണ് യുക്തിചിന്താധാരയായ മുഅ്തസലിസ വിശ്വാസം രൂപീകരിച്ചത്. അന്ധമായ അനുകരണത്തെ എതിർത്തുനിന്നിരുന്ന മുഅ്തസലിസം അറിവ് ധൈഷണിക ചിന്തയുടെ അടിസ്ഥാനത്തിലായിരിക്കണം ആർജിക്കേണ്ടതെന്ന് ഉപദേശിക്കുന്നു. മനുഷ്യ ചിന്തയ്ക്ക് പ്രഥമസ്ഥാനം നൽകുന്നതുകൊണ്ട് സ്വതന്ത്രചിന്തയിലൂടെ ദൈവത്തെ കണ്ടെത്താൻ മുഅ്തസലിസം ജനങ്ങളെ ഉപദേശിക്കുന്നു. പരിശുദ്ധ ഖുർആൻ ദൈവത്തിന്റെ ഒരു സൃഷ്ടി മാത്രമാണെന്ന് വിശ്വസിക്കുന്ന മുഅ്തലിസം കറകളഞ്ഞ ഏകദൈവ വിശ്വാസത്തിനുവേണ്ടി ശക്തമായി വാദിക്കുന്നു. സ്വതന്ത്ര-യുക്തി ചിന്തയ്ക്ക് പ്രാധാന്യം നൽകുന്ന ഈ ആശയത്തെ സി.ഇ. 827-ൽ മഅ്മൂൻ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചു. യാഥാസ്ഥിതിക മതപുരോഹിതന്മാരും വിശ്വാസികളും ഈ പുതിയ ആശയത്തെ എതിർക്കുകയും അതിനെതിരെ ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് മുഅ്തസിലിസ വിശ്വാസത്തെ എതിർക്കുന്നവരെ വിചാരണ ചെയ്യാൻ മഅ്മൂൻ 'മിൻഹ' എന്ന പേരിൽ ഒരു പ്രത്യേക കോടതിതന്നെ നടപ്പാക്കി. മഅ്മൂന്റെ ഇത്തരം ശിക്ഷാനടപടികൾക്ക് വിധേയമായ പ്രധാനപ്പെട്ട പണ്ഡിതനായിരുന്നു ഇമാം അഹ്മദ് ഇബ്നു ഹമ്പൽ.

മനുഷ്യന്റെ ധൈഷണിക ചിന്തയ്ക്ക് പ്രാധാന്യം കൊടുക്കുന്ന വിശ്വാസരീതിയായതുകൊണ്ട് എല്ലാ അറിവിനെയും യുക്തിചിന്തയിലൂടെ വീക്ഷിക്കാനാണ് മുഅ്തസലിസം ആഹ്വാനം ചെയ്യുന്നത്. മുൻഗാമികളുടെ ചെയ്തികളെ അനന്തമായി അനുകരിക്കുന്നതിന് പകരം സ്വന്തം ബുദ്ധി ഉപയോഗിച്ച് ചിന്തിച്ച് സത്യം കണ്ടെത്താനായി മുഅ്തസലിസം മനുഷ്യരെ പ്രേരിപ്പിക്കുന്നു. മുഖ്യധാരാ യാഥാസ്ഥിതിക വിശ്വാസത്തിനെതിരായി പ്രവർത്തിച്ചതുകൊണ്ടാണ് (മുഖ്യധാരയിൽ നിന്ന് പുറത്ത്പോന്നവർ) മുഅ്തസലിസം എന്ന് പൊതുസമൂഹത്തിൽ അറിയപ്പെട്ടിരുന്നത്.

അബ്ബാസി സമൂഹത്തിലെ യുവാക്കൾ വളരെ വേഗത്തിൽ ഇതിലേക്കാകർഷിക്കപ്പെട്ടു. വിശ്വാസത്തിലധിഷ്ഠിതമായ സ്വതന്ത്രചിന്തയെ പ്രോത്സാഹിപ്പിക്കുകയും മർവ്വ് കേന്ദ്രീകരിച്ച് വൈജ്ഞാനിക പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്ത മഅ്മൂനും സ്വാഭാവികമായും മുഅ്തസലിസ തത്വങ്ങളിൽ ആകൃഷ്ടനായി. പുതിയ വിശ്വാസത്തിന്റെ വ്യാപനത്തിനായി ഉദാരമായ നടപടികൾ സ്വീകരിച്ച മഅ്മൂൻ സി. ഇ. 827-ൽ അബ്ബാസി ഭരണത്തിന്റെ ഔദ്യോഗിക മതമായി മുഅ്തസലിസ വിശ്വാസത്തെ പ്രഖ്യാപിക്കുകയും ശേഷംവന്ന അബ്ബാസി ഭരണാധികാരികളെല്ലാം അതു പിന്തുടരുകയും ചെയ്തു.

### മുഅ്തസലിസ വിശ്വാസത്തിന്റെ പ്രധാനതത്വങ്ങൾ

- മനുഷ്യന്റെ മുൻവിധിയെയും ഖവാരിജുകളുടെ തീവ്രനിലപാടുകളെയും എതിർത്തിരുന്നു.
- ഏകദൈവം മാത്രമാണ് അനശ്വരൻ, ദൈവത്തിന്റെ ഗുണങ്ങളെ സത്തയിൽനിന്ന് വേർപ്പെടുത്താൻ സാധിക്കുകയില്ല.
- ഖുർആൻ സൃഷ്ടിക്കപ്പെട്ടതുമാത്രമാണ്. ദൈവത്തോടൊപ്പം അനശ്വരമാണ് ഖുർആനെന്ന യാഥാസ്ഥിതിക വിശ്വാസത്തെ മുഅ്തസലിസം ശക്തമായി എതിർക്കുന്നു.
- അന്ധമായ അനുകരണം നിരോധിക്കുകയും മനുഷ്യന്റെ യുക്തിചിന്തയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്യുന്നു.
- മനുഷ്യന്റെ മുൻവിധിയെ എതിർക്കുകയും തിന്മയായാലും നന്മയായാലും മനുഷ്യൻ അറിഞ്ഞുകൊണ്ടുതന്നെയാണ് ചെയ്യുന്നതെന്നും അതുകൊണ്ട് അതിനുള്ള പ്രതിഫലവും ശിക്ഷയും അവന് കിട്ടേണ്ടതാണെന്നും മുഅ്തസലിസം ശക്തമായി വാദിക്കുന്നു.

**അൽ അശ്അരി** (മ. 935 സി. ഇ.)

മുഅ്തസലിസം ഉയർന്നുവന്നതിനെത്തുടർന്ന് യാഥാസ്ഥിതിക വിശ്വാസികളും പുതിയ യുക്തിചിന്തയെ പ്രോത്സാഹിപ്പിക്കുന്നവരും തമ്മിൽ നിരന്തരം ഇസ്‌ലാമിക തത്വങ്ങളെ ചൊല്ലി തർക്കങ്ങൾ നടന്നിരുന്നു. ഇത്തരത്തിൽ മതപരമായ തത്വങ്ങളെക്കുറിച്ചുള്ള സംവാദങ്ങളെ മൊത്തം ഇൽമുൽ കലാം എന്നാണ് മുസ്‌ലിം സമൂഹം പരാമർശിക്കുന്നത്. മുഅ്തസലിസത്തിന്റെയും യാഥാസ്ഥിതിക വിശ്വാസത്തിന്റെയും ഇടയിൽ ഒരു മധ്യമനിലപാടെടുക്കുന്ന ആശയമായിരുന്നു അശ്അരിസം. ഇൽമുൽ കലാമിന്റെ ഉപജ്ഞാതാവായ അബു ഹസ്സൻ അലി അൽ അശ്അരിയായിരുന്നു ഇതിന്റെ ഉപജ്ഞാതാവ്. മനുഷ്യന്റെ മുൻവിധിയിലും ഭാഗധേയത്തിലും വിശ്വസിക്കുന്ന അദ്ദേഹം ഖുർആൻ ദൈവവചനമാണെന്നും സൃഷ്ടിക്കപ്പെട്ടതല്ലെന്നും, ദൈവത്തോടൊപ്പം അനശ്വരമാണെന്നുള്ള യാഥാസ്ഥിതിക വിശ്വാസ രീതിയെ പിന്തുണച്ചു. എന്നാൽ ഗ്രന്ഥരൂപത്തിലുള്ള അതിന്റെ ഭൗതികത മനുഷ്യന്റെ ഉപയോഗത്തിനു വേണ്ടിയുള്ള താൽക്കാലിക സൃഷ്ടിയാണ്. ദൈവത്തിന്റെ മാത്രം വിശേഷണങ്ങളായ ബുദ്ധി, സർവാധികാരം, കാരുണ്യം എന്നിവ അനശ്വരവും പങ്കുചേർക്കാൻ കഴിയാത്തതുമാണെന്നും അശ്അരിസം ഉപദേശിക്കുന്നു. നിസാമിയ്യ സർവകലാശാല അശ്അരി വിശ്വാസത്തിന്റെ പ്രചാരത്തിലൂന്നിയാണ് പ്രവർത്തിച്ചിരുന്നത്

## ഹദീസ് പഠനം

അറിവുസമ്പാദനത്തിനു മുസ്‌ലിംകളുടെ ശ്രദ്ധതിരിയാൻ മതപരമായ പരിവേഷമുണ്ടായിരുന്നു. വൈജ്ഞാനിക ശാഖയെന്ന നിലയിൽത്തന്നെയാണ് മതശാസ്ത്രപഠനവും അബ്ബാസി കാലഘട്ടത്തിൽ പ്രചാരം നേടിയത്. ഭാഷാപഠനത്തിന്റെയും മതശാസ്ത്രപഠനത്തിന്റെയും അടിസ്ഥാനം ഖുർആനും പ്രവാചകചര്യയുമായിരുന്നു (ഹദീസ്). ഖുർആൻ പ്രവാചകൻ മുഹമ്മദിനു അവതരിക്കപ്പെട്ട ദൈവീകവചനങ്ങളുടെ സമാഹരണമാണെന്നും ദൈവത്തിന്റെ പ്രചോദനമത്താലുള്ള മുഹമ്മദിന്റെ വചനങ്ങളും, മൗനാനുവാദങ്ങളുമാണ് ഹദീസെന്നും ഇസ്‌ലാമിക ലോകം വിശ്വസിക്കുന്നു. വാമൊഴികളായാണ് ഹദീസ് പഠനം നടത്തിയിരുന്നത്. എന്നാൽ ഹിജ്റ രണ്ടാം നൂറ്റാണ്ടോടുകൂടി ഹദീസ് എഴുതി സൂക്ഷിക്കാൻ തുടങ്ങി. ഖുർആനു തുല്ല്യമായ സ്ഥാനം ഹദീസിനു നൽകപ്പെട്ടിരുന്നില്ല. ശാസ്ത്രീയമായ രീതികൾ സ്വീകരിച്ചിരുന്നതുകൊണ്ട് ഹദീസ് പഠന മേഖലയെ ഇൽമുൽ ഹദീസ് ( ഹദീസ് പഠനശാസ്ത്രം) എന്നാണ് വിളിക്കുന്നത്. അബ്ബാസിയ കാലഘട്ടത്തിൽ പ്രവാചകന്റെ ഹദീസ് ക്രോഡീകരിക്കേണ്ടതിന്റെ ആവശ്യകത പണ്ഡിതന്മാർ മനസ്സിലാക്കുകയും അതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. ഒരു മുസ്‌ലിമിന്റെ നിത്യജീവിതത്തിലുടനീളമുള്ള വ്യത്യസ്ത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളുടെയും സാരോപദേശങ്ങൾ ഹദീസിലൂടെ നൽകപ്പെട്ടിട്ടുണ്ട്. പ്രവാചകൻ അദ്ദേഹത്തിന്റെ ജീവിതകാലത്ത് ചെയ്ത പ്രവൃത്തികളും വാക്കുകളും മൗനാ അനുവാദങ്ങളും ഉപദേശങ്ങളുമാണ് ഹദീസിന്റെ ഉള്ളടക്കം. എട്ടാം നൂറ്റാണ്ടിലാണ് ഹദീസിന്റെ ക്രോഡീകരണം ആരംഭിക്കുന്നത്. ഖുർആനു തുല്യമായി ഹദീസിനെ കാണുന്നില്ലെങ്കിലും വളരെയധികം പ്രാധാന്യം ഇസ്‌ലാമിക ലോകം ഹദീസിനു നൽകുന്നു. വളരെ ശാസ്ത്രീയമായ രീതിയിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയതിനു ശേഷം മാത്രമായിരുന്നവ ക്രോഡീകരിക്കപ്പെടുന്നത്. ഒരു ഹദീസിന് പ്രധാനമായും, സനദ് (റിപ്പോർട്ടർമാരുടെ ശൃംഖല), മത്ന് (ഹദീസ് വാക്യം) എന്നീ രണ്ട്വിഭാഗമുണ്ടായിരുന്നു. ആധികാരികതയുടെ അടിസ്ഥാനത്തിൽ ഓരോ ഹദീസിനും പ്രത്യേക പദവികൾ ഉണ്ടായിരുന്നു. അതിൽ പ്രധാനപ്പെട്ടവയായിരുന്നു സ്വഹീഹ് (ഏറ്റവും സ്വീകാര്യമായത്), ഹസ്സൻ (നല്ലത്) ദഈഫ് (ദുർലഭമായത്).

ഇത്തരത്തിൽ വ്യക്തമായ പരിശോധനയ്ക്കു ശേഷം സമാഹരിക്കപ്പെട്ടതിൽ ആറ് ഗ്രന്ഥങ്ങൾ മാത്രമാണ് ഏറ്റവും സ്വീകാര്യമായിട്ടുള്ളതെന്ന് മുസ്‌ലിം സമൂഹം അംഗീകരിക്കുന്നു.

| | ഹദീസ് പണ്ഡിതൻ | ഹദീസ് ഗ്രന്ഥം |
|---|---|---|
| 1. | ഇമം ബുഹാരി | സ്വഹീഹുൽ ബുഹാരി |
| 2. | ഇമാം മുസ്‌ലിം | സ്വഹീഹുൽ മുസ്‌ലിം |
| 3. | ഇമാം അബു ദാവൂദ് | സുനനു അബു ദാവൂദ് |
| 4. | ഇമാം തിർമിദി | ജാമിഉ തിർമിദി |
| 5. | ഇമാം ഇബ്നു മാജ | സുനനു ഇബ്നു മാജ |
| 6. | ഇമാം നസാഇൗ | സുനനു നസാഇൗ |

പ്രവാചക വചനങ്ങൾ ക്രോഡീകരിക്കപ്പെട്ട ആറ് അടിസ്ഥാന ഹദീസ് ഗ്രന്ഥങ്ങളാണ് സിഹാഹുസിത്ത. വിഷയാടിസ്ഥാനത്തിലുള്ള ഹദീസ് ക്രോഡീകരണങ്ങളെ മുസന്നഫ് എന്നു പറയുന്നു. ഹദീദ് റിപ്പോർട്ടർമാരുടെ വിവരങ്ങൾകൂടി നൽകുന്ന ഹദീസ് ഗ്രന്ഥങ്ങളെ മുസ്നദ് എന്നു വിളിക്കുന്നു. ഇമാം ബുഹാരിയും ഇമാം മുസ്‌ലിമും ഒരുപോലെ പരാമർശിക്കുന്ന ഹദീസുകളെ മുത്തഫക്കുൻ അലൈഹി എന്ന് വിളിക്കപ്പെടുന്നു. പ്രസ്തുത ഹദീസുകളാണ് ഖുർആൻ കഴിഞ്ഞാൽ

ഇസ്‌ലാമിക ലോകം രണ്ടാമതായി സ്വീകരിക്കുന്നത്. ഇമാം ബുഹാരിയുടെയും ഇമാം മുസ്ലിമിന്റെയും ഹദീസ് ക്രോഡീകരണ ഗ്രന്ഥങ്ങളെയാണ് 'രണ്ട് ആധികാരിക ഹദീസ് ഗ്രന്ഥങ്ങൾ' (അൽ സ്വഹിഹൈയ്നി) എന്ന് വിളിക്കുന്നത്. മുസ്നദ് രീതിയിലുള്ള ഏറ്റവും പ്രധാനപ്പെട്ട ഹദീസ് ഗ്രന്ഥം ഇമാം അഹ്മദ് ഇബ്നു ഹമ്പലിന്റേതാണ്

## ഇസ്‌ലാമിലെ നിയമവ്യവസ്ഥയും കർമശാസ്ത്ര വിഭാഗവും

ഇസ്‌ലാമിലെ കർമശാസ്ത്ര നിയമങ്ങളെ പൊതുവായി ശരീഅത്ത് എന്നാണ് വിളിക്കുന്നത്. പിൻതലമുറകൾക്ക് ഇസ്‌ലാമിക മതനിയമങ്ങൾ എത്തിക്കുന്നതിനു വേണ്ടി വികസിപ്പിച്ച ശാസ്ത്രമാണ് ഫിഖ്ഹ്. തുടർന്നു വരുന്ന ശരീഅത്ത് നിയമങ്ങളുടെ പ്രധാന ഉറവിടങ്ങൾ ഖുർആനും ഹദീസുമാകുന്നു. ആദ്യത്തെ രണ്ട് കർമ്മ ശാസ്ത്ര ഉറവിടങ്ങളും വളരെ പരിശുദ്ധവും ആധികാരികതയുള്ളതായി ഇസ്‌ലാമികലോകം കാണുന്നു. പ്രവാചകൻ സി. ഇ. 632-ൽ മരണപ്പെടുന്നതു വരെ പ്രവാചകൻ നേരിട്ടായിരുന്നു മുസ്‌ലിംകളുടെ കർമശാസ്ത്ര വിധികളും സംശയങ്ങളും പ്രശ്നങ്ങളും പരിഹരിച്ചിരുന്നത്. ഇസ്‌ലാമിക ഭരണത്തിന്റെ വ്യാപ്തി വ്യത്യസ്ത സംസ്കാരമുൾക്കൊള്ളുന്ന ജനവിഭാഗങ്ങളിലേക്കും പ്രദേശങ്ങളിലേക്കും വ്യാപിച്ചതോടെ ഇസ്‌ലാമിക കർമശാസ്ത്ര നിയമങ്ങൾ ക്രോഡീകരിക്കേണ്ടതാവശ്യമായിവന്നു. ഖുർആനിന്റെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾക്ക് അബ്ബാസി കാലഘട്ടത്തിൽ ഇസ്‌ലാമിക നിയമനിർമാണത്തിനായി രൂപീകൃതമായ പുതിയ പ്രശ്നപരിഹാര രീതികളാണ് ഇജ്മ (ഐക്യകണ്ഠാഭിപ്രായം), ഖിയാസ് (താരതമ്യപഠനം) എന്നിവ. പ്രവാചകൻ മുഹമ്മദ് യമനിലെ ജഡ്ജിയായി മുആദ് ഇബ്നു ജബലിനെ നിയോഗിക്കുന്ന വേളയിൽ അവർ തമ്മിലുള്ള സംഭാഷണം ഇസ്‌ലാമിലെ നിയമനിർമാണം എങ്ങനെയായിരിക്കണമെന്ന് വ്യക്തമാക്കുന്നു.

| | | |
|---|---|---|
| പ്രവാചകൻ | - | എന്തെങ്കിലും പ്രശ്നം ഉണ്ടായാൽ നിങ്ങൾ എങ്ങനെയത് പരിഹരിക്കും? |
| മുആദ് | - | ഖുർആനിലെ നിയമമനുസരിച്ച് |
| പ്രവാചകൻ | - | അതിൽ പ്രശ്നപരിഹാരം കണ്ടില്ലെങ്കിലോ? |
| മുആദ് | - | ദൈവത്തിന്റെ പ്രവാചകന്റെ ഹദീസിനനുസരിച്ച് |
| പ്രവാചകൻ | - | അതിലും പ്രശ്നപരിഹാരം കണ്ടില്ലെങ്കിലോ |
| മുആദ് | - | ധൈഷണിക ചിന്ത ഉപയോഗിച്ച് ഉചിതമായത് തീരുമാനിക്കും. |

അബ്ബാസിയ കാലഘട്ടത്തിൽ ഇസ്‌ലാമിക കർമശാസ്ത്ര നിയമങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് വ്യത്യസ്ത അഭിപ്രായങ്ങളുള്ള പണ്ഡിതന്മാരുടെ കീഴിൽ കർമ്മശാസ്ത്ര വിഭാഗങ്ങൾ രൂപീകരിക്കപ്പെട്ടു. ഇസ്‌ലാമിന്റെഅടിസ്ഥാന തത്വങ്ങളിൽ ഈ വിഭാഗങ്ങളെല്ലാം ഒരേ അഭിപ്രായക്കാരാണെങ്കിലും ശാഖാപരമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഇവരിൽ അഭിപ്രായഭിന്നത നിലനിന്നിരുന്നു. പ്രധാനമായും നാല് വിഭാഗമാണ് ഇത്തരത്തിലുള്ളത്.

1. ഹനഫി മദ്ഹബ്.
2. മാലിക്കി മദ്ഹബ്
3. ശാഫിഈ മദ്ഹബ്.

4. ഹമ്പലി മദ്ഹബ്

## ഹനഫി മദ്ഹബ് (മ. 767 സി. ഇ.)

ഇമാം അബു ഹനീഫ എന്നറിയപ്പെടുന്ന നുഅ്മാൻ ഇബ്ൻ സാബിത്തിന്റെ അനുയായികളാണ് ഇറാഖിൽ ആദ്യമായി കർമശാസ്ത്ര നിയമ തത്വങ്ങളുടെ രൂപീകരണത്തിനു തുടക്കമിടുന്നത്. ചില നിയമജ്ഞർ ഇജ്മാഇന്റെ പ്രാബല്യം പ്രവാചകന്റെ അനുയായികളുടെകാലഘട്ടത്തിൽമാത്രമായി പരിമിതപ്പെടുത്തുന്നു. എന്നാൽ അബുഹനിഫ എല്ലാ കാലഘട്ടത്തിലെയും ജനങ്ങൾക്കും ഒരു പോലെ പ്രാബല്യം നൽകുന്നു. അബുഹനീഫയും അദ്ദേഹത്തിന്റെ ശിഷ്യനായ അബു യൂസഫ് മുപ്പതു വർഷം കൊണ്ട് വിശാലമായൊരു നിയമസംഹിത ഉണ്ടാക്കിയെങ്കിലും നിർഭാഗ്യവശാൽ അതിന്റെ ചില ഭാഗങ്ങളൊഴിച്ച് ബാക്കിയെല്ലാം നഷ്ടപ്പെട്ടു. ഏറ്റവും കൂടുതൽ അനുയായികളുള്ള വിഭാഗമാണ് ഹനഫി മദ്ഹബ്. ഇദ്ദേഹം ഖിയാസിനായിരുന്നു അദ്ദേഹം കൂടുതൽ പ്രാധാന്യം നൽകിയിരുന്നത്.

## മാലിക്കി മദ്ഹബ്

മദീനയിൽ ഇമാം മാലിക് ഇബ്നു അനസിന്റെ അനുയായികൾ രൂപീകരിച്ചതാണ് മാലിക്കി മദ്ഹബ്. പ്രവാചകന്റെ ഹദീസിനും അദ്ദേഹത്തിന്റെ അനുയായികളുടെ അഭിപ്രായത്തിനും കൂടുതൽ പ്രാധാന്യം നൽകുന്ന അദ്ദേഹം മദീനയിൽ തുടർന്നുകൊണ്ടിരുന്ന ആചാരങ്ങളോട് ആഭിമുഖ്യം കാണിച്ചു. തീരുമാനങ്ങളെടുക്കുമ്പോൾ അദ്ദേഹം മസ്‌ലിഹത്തിനായിരുന്നു (പൊതുനന്മ) പ്രാധാന്യം നൽകിയിരുന്നത്. ഇമാം മാലിക്കാണ് അഞ്ചാമത്തെ കർമശാസ്ത്ര ഉറവിടമായ ഇസ്തിദ്‌ലാൽ (ന്യായാധിപപരിഹാരം) രൂപീകരിക്കുന്നത്. മാലികി എഴുതിയിട്ടുള്ള മുഅത്ത ഏറ്റവും പഴക്കംചെന്ന ഹദീസ് ഗ്രന്ഥമാണ്. നിയമനിർമാണത്തിൽ മാലിക്കി മദ്ഹബിന്റെ അടിസ്ഥാനം പൊതു നന്മയായിരുന്നു.

## ശാഫിഈ മദ്ഹബ്

ഈജിപ്തിലും സിറിയയിലുമായി ഇമാം ഇദരിസ് ശാഫിഈയുടെ അനുയായികളാണ് മൂന്നാമത്തെ വിഭാഗമായ ശാഫിഈ മദ്ഹബ് രൂപീകരിച്ചത്. കർമ്മശാസ്ത്ര കാര്യങ്ങളിൽ ഹനഫി മദ്ഹബിന്റെയും മാലികി മദ്ഹബിന്റെയും ഇടയിൽ മധ്യമ നിലപാടെടുക്കുന്ന രീതിയാണ് ശാഫിഈ മദ്ഹബ് സ്വീകരിക്കുന്നത്. ഖുറൈഷ് ഗോത്രത്തിൽ ജനിച്ച അദ്ദേഹം ഇമാം മാലിക്കിന്റെ കീഴിൽ വിദ്യാഭ്യാസം നേടി. പ്രസ്തുത മദ്ഹബ് പ്രവാചക ഹദിസുകൾക്ക് പ്രാധാന്യം നൽകുന്നു. ഇജ്മാഇനായിരുന്നു അദ്ദേഹം കൂടുതൽ പ്രാധാന്യം നൽകിയത്. നിയമ നിർമാണത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് (ഉസൂൽ) രൂപീകരണം നൽകിയതും ഇദ്ദേഹമായിരുന്നു.

## ഹമ്പലി മദ്ഹബ്

ഇമാം ശാഫിഇയുടെ ശിഷ്യനായിരുന്ന ഇമാം അഹ്മദ് ഇബ്നു ഹമ്പലിന്റെ അനുയായികളാണ് ബാഗ്ദാദിൽ ഹമ്പലി മദ്ഹബ് രൂപീകരിച്ചത്. ഹദിസിന്റെ കാര്യത്തിൽ കൃത്യമായി നിഷ്പക്ഷമായ നിലപാടെടുക്കുന്ന മദ്ഹബായിരുന്നു ഹമ്പലി മദ്ഹബ്. ഇമാം അഹ്മദ് ഇബ്നു ഹമ്പൻ അമ്പതിനായിരം ഹദീസുകളെ തന്റെ മുസ്നദിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണാം. മഅ്മൂനിന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന അദ്ദേഹം പൂർണമായും യാഥാസ്ഥിതിക വിശ്വാസരീതി പിൻതുടർന്ന പണ്ഡിതനായിരുന്നു. മുഅ്തസിലി വിശ്വാസത്തെ എതിർത്തിന്റെ പേരിൽ മഅ്മൂനിന്റെ ശിക്ഷാ നടപടികൾക്ക് അദ്ദേഹം വിധേയനായിരുന്നു.

## അബ്ബാസി കാലഘട്ടത്തിലെ സാമൂഹ്യജീവിതം

ഖിലാഫത്തു ഭരണമായിട്ടുകൂടി അബ്ബാസി സമൂഹത്തിൽ ഓരോരുത്തരുടെയും പദവിയുടെയും തൊഴിലിന്റെയും അടിസ്ഥാനത്തിൽ വിഭജനം കാണാൻ സാധിക്കുന്നതാണ്. പ്രധാനമായും നാല്


വിഭാഗമായിട്ടായിരുന്നു അബ്ബാസി സമൂഹത്തെ വിഭജിച്ചിരുന്നത്. ഇതിൽ ആദ്യത്തേത് ഖലീഫയും അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളും, ഉയർന്ന ഉദ്യോഗസ്ഥരുമടങ്ങുന്ന വിഭാഗമായിരുന്നു. ഖിലാഫത്തിന്റെ പരമാധികാരി ഖലീഫയായിരുന്നു. ഇവർ ആർഭാട പൂർണമായ ജീവിതമായിരുന്നു നയിച്ചിരുന്നത്. രണ്ടാമത്തെ വിഭാഗമാണ് താഴ്ന്ന പദവിയുള്ള ഉദ്യോഗസ്ഥരും വലിയ കച്ചവടക്കാരും പണ്ഡിതന്മാരും ഉൾപ്പെടുന്ന മധ്യവർഗം. വലിയ കച്ചവടക്കാർക്ക് അബ്ബാസിയ സമൂഹത്തിൽ ഉയർന്ന സ്ഥാനമുണ്ടായിരുന്നു. മൂന്നാമത്തെ വിഭാഗത്തിൽ ചെറിയ കച്ചവടക്കാരും സൈനികരും തൊഴിലാളികളും ഉൾപ്പെടുന്നു. അടിമകളായിരുന്നു നാലാമത്തെ വിഭാഗം. ഇത്തരം വിഭജനം അബ്ബാസി സമൂഹത്തിലുണ്ടായിരുന്നുവെങ്കിലും മധ്യകാലഘട്ടത്തിലെ യൂറോപ്പിനേക്കാൾ വളരെ നല്ല രീതിയിലായിരുന്നു ജനങ്ങൾ ജീവിച്ചിരുന്നത്. അബ്ബാസി സമൂഹത്തിൽ അടിമകൾക്ക് നിരവധി അവകാശങ്ങളും നിയമപരമായ സംരക്ഷണവും നൽകിയിരുന്നു. സാധാരണ ജനങ്ങളുടെ സ്ഥാനം അബ്ബാസിയ സമൂഹത്തിലെ അടിമകൾക്കുണ്ടായിരുന്നു. രാജകീയ സഹായങ്ങളും നിയമ പരിരക്ഷയും അവർക്കു ലഭിച്ചിരുന്നു. പ്രധാനമായും വീട്ടുജോലികൾക്കും പൊതുനിർമ്മാണ പൊതു പ്രവർത്തനങ്ങൾക്കുമായിരുന്നു അടിമകളെ ഉപയോഗിച്ചിരുന്നത്. ഇതിന് പുറമെത്തന്നെ തങ്ങൾക്ക് കിട്ടുന്ന വേതനത്തിൽ നിന്ന് നിശ്ചിത തുക ഉടമയ്ക്ക് നൽകിക്കൊണ്ട് മോചിതനാകാനുള്ള സ്വാതന്ത്ര്യവും അബ്ബാസി സമൂഹത്തിലെ അടിമകൾക്കുണ്ടായിരുന്നു.

| ഒന്നാം വിഭാഗം | രണ്ടാം വിഭാഗം |
|---|---|
| ഖലീഫ<br>ഖലീഫയുടെ ബന്ധുക്കൾ<br>ഉയർന്ന ഉദ്യോഗസ്ഥർ | താഴ്ന്ന ഉദ്യോഗസ്ഥർ<br>വലിയ കച്ചവടക്കാർ<br>പണ്ഡിതവിഭാഗം |
| ചെറുകച്ചവടക്കാർ<br>സൈനികർ<br>തൊഴിലാളികൾ | അടിമകൾ |
| മൂന്നാം വിഭാഗം | നാലാം വിഭാഗം |

വ്യത്യസ്ത ജനവിഭാഗങ്ങളടങ്ങുന്ന സാർവജനീനമായൊരു സമൂഹമായിരുന്നു അബ്ബാസി കാലഘട്ടത്തിലുണ്ടായിരുന്നത്. അറബികൾ, പേർഷ്യൻ, തുർക്കികൾ, ബർബറുകൾ, അമീനിയൻ, ഗ്രീക്കുകാർ തുടങ്ങി വ്യത്യസ്ത വിഭാഗങ്ങൾ അബ്ബാസി ഖിലാഫത്തിന് കീഴിൽ ജീവിച്ചിരുന്നു. ഏറ്റവും കൂടുതൽ ജനങ്ങൾ ഇസ്ലാംമത വിശ്വാസികളായിരുന്നുവെങ്കിലും ജൂതന്മാരും ക്രിസ്ത്യാനികളും അഗ്നിയാരാധകരായ മതവിഭാഗക്കാരും അവരുടേതായ മതാനുഷ്ഠാനങ്ങൾ പിന്തുടർന്നതോടൊപ്പം ഒത്തൊരുമയോടെ ജീവിച്ചിരുന്നു. ഉമയ്യക്കളിൽ നിന്നു ഭരണം അബ്ബാസി വിഭാഗത്തിലേക്കെത്തിയപ്പോൾ കച്ചവടവും വാണിജ്യവും വികസിക്കാൻ തുടങ്ങി. അബ്ബാസിയ ഖലീഫമാർ കച്ചവടത്തിനു വളരെയധികം പ്രാധാന്യം നൽകിയിരുന്നു. ബസറ, ജിദ്ദ, ടുണീഷ്യ, അലക്സാൻഡ്രിയ എന്നിവയായിരുന്നു പ്രധാനപ്പെട്ട കച്ചവട കേന്ദ്രങ്ങൾ.

*ദിമ്മികൾ : ജൂതൻമാർ, ക്രിസ്ത്യാനികൾ, അഗ്നിയാരാധകർ എന്നിവരെയായിരുന്നു ദിമ്മികളായി അക്കാലത്ത് പരിഗണിച്ചിരുന്നത്.*

അറബ് മുസ്‌ലിംകളും മവാലികളും ഒരുമയോടെ ജീവിച്ചിരുന്നു. ദിമ്മികളെയും മവാലികളെയും, ഖവാരിജുകളെയും, ശിയാക്കളെയും, അറബ് മുസ്‌ലിംകളെയും രാജ്യസേവനത്തിനു നിയമിച്ചിരുന്നു. യാതൊരു വിവേചനവും സർക്കാർ നിയമനങ്ങളിൽ കാണിച്ചിരുന്നില്ല. ഇത്തരത്തിൽ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളാൻ കഴിഞ്ഞതുകൊണ്ടാണ് അബ്ബാസി ഖിലാഫത്തിനെ സാർവലൗകികമായി കാണുന്നത്. അബ്ബാസി കാലഘട്ടത്തിൽ സ്ത്രീകൾക്ക് വളരെയധികം പ്രാധാന്യം നൽകിയിരുന്നു. ഖൈസുറാൻ, ഉലയ്യ, സുബൈദ, ബുറാൻ തുടങ്ങിയ ഖലീഫമാരുടെ അടുത്ത ബന്ധുക്കളായ സ്ത്രീകൾ ഭരണകാര്യങ്ങളിൽ ഇടപെടുകയും തങ്ങളുടെ സ്വതന്ത്ര അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പത്താം നൂറ്റാണ്ടിന്റെ അവസാനത്തോടെ സ്ത്രീകൾക്ക് അബ്ബാസിയ സമൂഹത്തിലുണ്ടായിരുന്ന സ്ഥാനം നഷ്ടപ്പെടുകയുണ്ടായി.



അറബികളുടെ ചരിത്രമെന്ന ഗ്രന്ഥത്തിൽ പരാമർശിക്കുന്ന അബ്ബാസി കാലഘട്ടത്തിലെ സ്ത്രീകളുടെ സ്ഥാനവും ആധുനിക കാലഘട്ടത്തിലെ സ്ത്രീകളുടെ സ്ഥാനവും തമ്മിൽ താരതമ്യം ചെയ്യുക.

## സംഗീതവും കലയും

അബ്ബാസി കാലഘട്ടത്തിൽ സംഗീതത്തിനും കവിതയ്ക്കും വളരെ പ്രാധാന്യം നൽകിയിരുന്നു. ഹാറൂൺ റഷീദ് ഉൾപ്പെടെയുള്ള നിരവധി അബ്ബാസിയ ഖലീഫമാർ കലാ-സാഹിത്യാഭിരുചികളുള്ള വ്യക്തികളായിരുന്നു. അബ്ബാസി കാലഘട്ടത്തിലെ പ്രശസ്തരായ സംഗീതജ്ഞരായിരുന്നു ഖലീഫ മഹ്ദിയുടെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന അബ്ദുല്ല ഇബ്നു വഹാബ്, ബസ്ബസ് എന്നിവർ. യഹ്‌യ ഇബ്നു ബർമക്കിന്റെ പ്രോത്സാഹനത്തിൽ പ്രസിദ്ധിയാർജിച്ച കവിയിത്രിയായിരുന്നു ദനാനിർ. ഹാറൂൺ റഷീദിന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ഇബ്രാഹിം അൽ മൊസ്വുളായിരുന്നു അബ്ബാസി കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഗീതജ്ഞൻ. അദ്ദേഹം മഅ്മൂനിന്റെയും മുത്തവക്കിലിന്റെയും കീഴിൽ സേവനമനുഷ്ഠിച്ചിരുന്നു. ഹാറൂൺ റഷീദിന്റെ കാലഘട്ടത്തിൽ സംഗീത മേഖലയുമായി ബന്ധപ്പെട്ടവരായിരുന്നു ഇബ്നു ജാമി, ബസൽ, സർസർ, യൂനുസ്-അൽ-കാതിബ് എന്നിവർ. അബ്ബാസി ഖലീഫമാരും ബന്ധുക്കളും സംഗീതത്തെ പ്രോത്സാഹിപ്പിക്കുന്നവരും ഹാറൂൺ റഷീദിന്റെ സഹോദരൻ ഇബ്രാഹിം മഹ്ദി, ഖലീഫ അൽ വാതിഖ്, മുൻതസിർ, മുഅ്തസിം, മുഅ്തമിദ്, ഉലയ്യ എന്നിവർ സംഗീതത്തിന്റെ വ്യത്യസ്ത മേഖലകളിൽ പ്രശസ്തരുമായിരുന്നു. ഫറാബി എഴുതിയ സംഗീതത്തെപ്പറ്റിയുള്ള ഗ്രന്ഥമാണ് കിതാബ് മൂസിക് അൽ കബീർ, ഇബ്നു സീനയുടെ കിതാബു ശിഫ കവിതാരൂപത്തിൽ എഴുതപ്പെട്ടതാണ്. അബ്ബാസിയ കാലഘട്ടത്തിലെ പ്രശസ്ത കവിയായ ഉമർ ഖയ്യാം പ്രേമകാവ്യങ്ങളായിരുന്നു ഏറ്റവും അധികം എഴുതിയിട്ടുള്ളത്.

| പണ്ഡിതൻമാർ | സംഭാവനകൾ |
|---|---|
| അൽ-മസൂദി | സുവർണ്ണ പുൽമേടുകൾ |
| അൽ-ഫറാബി | 1. കിതാബുൽ മ്യൂസിക് അൽ കബീർ<br>2. സംഗീതത്തിന്റെ രീതികൾ<br>3. രാഗങ്ങളുടെ വിഭജനം |
| അഹമ്മദ് അൽ ഖവാറസ്മി | ശാസ്ത്രത്തിന്റെ താക്കോൽ ( സംഗീത സിദ്ധാന്തങ്ങൾ |
| ഇബ്നു സീന | കിതാബ് അൽ ശിഫാ (സംഗീത ചികിത്സ |
| ഇബ്നു ഹൈത്തം | സൗഹാർദ്ദ സംസ്ഥാപനം |
| ഇമാം ഗസ്സാലി | സംഗീതവും സൗന്ദര്യശാസ്ത്രവും |

പോളോ, ചെസ്സ്, അമ്പെയ്ത്ത്, കുതിരയോട്ടം, നായാട്ട് എന്നിവയായിരുന്നു അബ്ബാസി സമൂഹത്തിന്റെ പ്രധാന വിനോദങ്ങൾ. ഇതിനു പുറമെ സത്യം കണ്ടെത്തുന്നതിനു എപ്പോഴും വ്യത്യസ്ത വിഷയങ്ങളെപ്പറ്റി സംവാദങ്ങൾ നടത്തുന്ന പണ്ഡിതസഭകൾ നടത്തപ്പെടാറുണ്ടായിരുന്നു. ഈ സന്ദർഭങ്ങളിൽ പുസ്തക വിൽപ്പനയും നടന്നിരുന്നു. അബ്ബാസി കാലഘട്ടത്തിലെ മറ്റൊരു പ്രത്യേകതയാണ് ചെറുകിട വ്യവസായം. സിൽക്ക്, പരുത്തി, ഫർണിച്ചറുകൾ, അലങ്കാര വസ്തുക്കൾ, കരകൗശല വസ്തുക്കൾ, പാത്രങ്ങൾ എന്നിവയെല്ലാം അബ്ബാസി കാലഘട്ടത്തിലെ കുടിൽവ്യവസായത്തിൽപെടുന്നു. കൃഷി പ്രധാന വരുമാന മാർഗ്ഗമായിരുന്നതുകൊണ്ടവർ ജലസേചന സൗകര്യം വേണ്ടവിധത്തിൽ ഏർപ്പെടുത്തിയിരുന്നു. വിഗ്രഹാരാധനയെ പരിപോഷിപ്പിക്കുന്ന വിധത്തിലുള്ള എല്ലാ കലാസൃഷ്ടികളെയും ഇസ്‌ലാം എതിർക്കുന്നതുകൊണ്ടുതന്നെ ചിത്രരചനയും മറ്റും ആദ്യകാല ഇസ്‌ലാമിക ഭരണകൂടം വിലക്കിയിരുന്നു. ഒരു കുതിരപ്പടയാളിയുടെ പ്രതിമയെ ഖലിഫ മൻസൂർ തന്റെ കൊട്ടാരത്തിൽ സ്ഥാപിച്ചിരുന്നു. അമീൻ സിംഹത്തിന്റെയും കഴുകന്റെയും ഡോൾഫിന്റെയും ചിത്രങ്ങൾ തന്റെ ആഡംബരനൗകയിൽ വരച്ചിരുന്നു. ഇതല്ലാതെ ചിത്രരചന അക്കാലത്തുണ്ടായിരുന്നില്ല. അൽ മുഅ്തസിം സ്ഥാപിച്ച സമാറ എന്ന നഗരവും കൊട്ടാരവും സ്ത്രീ കഥാപാത്രങ്ങളുടെ ചിത്രങ്ങൾകൊണ്ട് അലങ്കരിച്ചിരുന്നു. ബൈസന്റെയൻ ചിത്രകാരന്മാർ മുതവക്കിലിന്റെ കൊട്ടാരത്തിലെ നിത്യ സന്ദർശകരായിരുന്നു.



അബ്ബാസി കാലഘട്ടത്തിലെ പണ്ഡിതൻമാരെയും ചരിത്രപ്രസിദ്ധമായ സ്ഥലങ്ങളെയും നിർമ്മിതികളെയും പറ്റി വിശദീകരിക്കുന്ന ചിത്രങ്ങൾ സമാഹരിച്ച് എന്റെ ആൽബം എന്ന പേരിൽ ചിത്ര സമാഹാരം തയാറാക്കുക.




അൽ ഉഖൈദർ കോട്ട - ഇറാക്ക്

## കാലിഗ്രാഫി (എഴുത്തുകല)

അബ്ബാസി കാലഘട്ടത്തിൽ വികസിച്ചിരുന്ന മനോഹരമായൊരു കലാരൂപമാണ് കാലിഗ്രാഫി. അബ്ബാസി കാലഘട്ടത്തിലെ ഏറ്റവും പ്രശസ്തരായ കാലിഗ്രാഫി ചിത്രകാരന്മാരായിരുന്നു അലി ബിൻ ഉബൈദയും അൽ റൈഹാനിയും. മഅ്മൂന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന അദ്ദേഹത്തിന്റെ എഴുത്തുകലയെ റൈഹാനി എഴുത്തുരീതിയെന്ന് പ്രത്യേകം വിളിച്ചിരുന്നു. ഇബ്നു മുഖല, ഇബ്നുർ സിത്തിരി, യാക്കൂത്ത് അൽ മുസ്തസ്മി എന്നിവരും അബ്ബാസി കാലത്തെ കാലിഗ്രാഫി വിദഗ്ധരായിരുന്നു. ഖൈറവാനിൽ ഒരു കാലിഗ്രാഫി കോളേജ് അബ്ബാസി കാലഘട്ടത്തിൽ ആരംഭിച്ചു.



കാലിഗ്രാഫി



കാലിഗ്രാഫി

## വാസ്തു വിദ്യ

ഉമവി ഖിലാഫത്തിന് വിപരീതമായി അബ്ബാസി ഖലീഫമാർ നിരവധി നിർമാണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകിയിരുന്നു. മൻസൂറിന്റെ കാലഘട്ടത്തിൽ നിർമിക്കപ്പെട്ട ബാഗ്ദാദ് എന്ന തലസ്ഥാന നഗരിയും അതിലെ കൊട്ടാരവും പള്ളിയും അബ്ബാസി കാലഘട്ടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നിർമാണ പ്രവർത്തനങ്ങളാണ്.

വൃത്താകാരമായ ബാഗ്ദാദ് നഗരം സമാന്തരമായ ചുവരുകളാൽ കെട്ടിയടക്കപ്പെട്ടിരുന്നു. ഖലീഫയുടെ കൊട്ടാരം നഗരമധ്യത്തിലായിരുന്നു. കൊട്ടാരത്തോട് ചേർന്നു കൊണ്ടായിരുന്നു നഗരത്തിലെ വലിയ പള്ളി സ്ഥിതി ചെയ്തിരുന്നത്. മംഗോളിയരുടെ ആക്രമണത്തിൽ നശിച്ച പഴയ ബാഗ്ദാദ് നഗരത്തിന്റെ അവശിഷ്ടങ്ങൾക്ക് മുകളിലാണ് ആധുനിക ബാഗ്ദാദ് നഗരം നിർമിച്ചിരിക്കുന്നത്. ഹാറൂൺ റഷീദിന്റെ ഭരണകാലത്ത് നിർമിച്ച റഖ്ഖ എന്ന കൊട്ടാരം പ്രസിദ്ധമായൊരു വാസ്തുവിദ്യാ സംഭാവനയാണ്. ഖലീഫ മുസ്തഅ്സിമിന്റെ ഭരണകാലത്ത് അദ്ദേഹം സാമറ എന്ന പേരിലൊരു തലസ്ഥാന നഗരി സ്ഥാപിച്ചു.



സമാറ പള്ളി

അബ്ബാസി കാലഘട്ടത്തിലെ പ്രധാനപ്പെട്ട നിർമാണ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ഖലീഫ മുത്തവക്കിൽ | - | ജാഫറിയ നഗരം, മസ്ജിദ്, അബു ദുലാഫ് മസ്ജിദ് |
| അദ്ദു ദൗല മുവഹ്ഹിദ് | - | ടൈഗ്രിസ് നദീതീരത്തു നിർമിച്ച ആശുപത്രി സമുച്ചയം |
| ഖലീഫ മുസ്തൻസിർ | - | ടൈഗ്രീസ് നദിതിരത്തു നിർമിച്ച മുസ്തൻസിറിയ്യ സർവകലാശാല |
| ഇബനു തുലൂൻ | - | ഇബനു തുലൂൻ മസ്ജിദ് |




അബ്ബാസി കൊട്ടാരം

## പൊതുസ്നാന കേന്ദ്രങ്ങൾ

വിശ്വാസത്തിന്റെ ഭാഗമായിട്ടാണ് ശുദ്ധിയെ ഇസ്ലാമിൽ കരുതപ്പെടുന്നത്. പ്രവചകന് മുമ്പ് ഇത്തരം പൊതുസ്നാന കേന്ദ്രങ്ങളുണ്ടായിരുന്നില്ല. .അബ്ബാസി കാലഘട്ടത്തിലെ ഏറ്റവും വലിയ പ്രത്യേകതയാണ് സാമ്രാജ്യത്തിലുടനീളം നിർമിക്കപ്പെട്ട പൊതു സ്നാന കേന്ദ്രങ്ങൾ. അബ്ബാസി കാലഘട്ടത്തിൽ ഇത്തരം കേന്ദ്രങ്ങൾ പ്രാർത്ഥയ്ക്ക് മുമ്പുള്ള ശുദ്ധീകരണത്തിനായി തുടങ്ങിയതാണെങ്കിലും പിന്നീടത് വിനോദത്തിന്റെയും ആഡംബരത്തിന്റെയും അടയാളമായിമാറി. വ്യത്യസ്ത വിഭാഗങ്ങളായി നിർമിക്കപ്പെട്ടിട്ടുള്ള പൊതു സ്നാന കേന്ദ്രങ്ങൾ മൊസൈക്കും മാർബിളും ഉപയോഗിച്ചായിരുന്നു മനോഹരമാക്കിയത്. ഇബ്നു ബത്തൂത്ത 1327-ൽ ബാഗ്ദാദ് സന്ദർശിക്കുന്ന വേളയിൽ ഓരോ പതിമൂന്നു വാര കഴിയുമ്പോഴും രണ്ടോ മൂന്നോ അതിലധികമോ പ്രസ്തുത സ്നാന കേന്ദ്രങ്ങളുള്ളതായി കണ്ടിരുന്നവെന്നദ്ദേഹം വിവരിക്കുന്നു. കാലാവസ്ഥ അനുസരിച്ച് ചൂടുവെള്ളവും തണുത്ത വെള്ളവും ക്രമീകരിക്കാനുള്ള രീതിയും പ്രസ്തുത കേന്ദ്രങ്ങളിലുണ്ടായിരുന്നു.

> "ശുദ്ധി വിശ്വാസത്തിന്റെ പകുതിയാണ്." സ്വഹീഹ് മുസ്ലിം




ബാഗ്ദാദിലെ പൊതുസ്നാനം കേന്ദ്രത്തിന്റെ രൂപരേഖ

## വിദ്യാഭ്യാസം

അബ്ബാസി സമൂഹം വിദ്യാഭ്യാസത്തിനും വളരെയധികം പ്രാധാന്യം നൽകിയിരുന്നു. പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനം, ഉന്നത വിദ്യാഭ്യാസ സ്ഥാപനം എന്നിങ്ങനെയായിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്രമീകരണം. ഇതിൽ ആദ്യത്തേത് പ്രധാനമായും മുസ്ലിം പള്ളികളോട് ചേർന്നുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളായിരുന്നു. ആറാം വയസ്സിലാണ് ഔപചാരിക വിദ്യാഭ്യാസം കുട്ടികൾക്ക് ആരംഭിക്കുന്നത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുപോലെ വിദ്യാഭ്യാസം അക്കാലത്തു നൽകിയിരുന്നു.

വായന, എഴുത്ത്, വ്യാകരണം, ഹദീസ് പാഠം, ഗണിതം എന്നിവയായിരുന്നു പ്രധാനമായും പാഠ്യ പദ്ധതിയിലുണ്ടായിരുന്നത്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മുതിർന്ന കുട്ടികളുടെ പാഠ്യവി ഷയങ്ങൾ മതശാസ്ത്രം, മതനിയമശാസ്ത്രം, ഭാഷാപഠനം, കവിതയിലെ അലങ്കാരിക പ്രയോഗ ങ്ങൾ, സാഹിത്യം എന്നിവയായി ക്രമീകരിച്ചിരുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിഷയങ്ങൾ വാനശാസ്ത്രം, ജ്യോതിശസ്ത്രം, ഗണിതശാസ്ത്രം, സംഗീതം, വൈദ്യശാസ്ത്രം എന്നിവയൊക്കെയായിരുന്നു. പലതരത്തിലുള്ള ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ സാമ്രാജ്യത്തിൽ സ്ഥാപിക്കപ്പെട്ടു. അബ്ബാസി കാലഘട്ടത്തിലെ മറ്റൊരു സവിശേഷതയാണ് വിശാലമായ ലൈബ്രറികൾ. നിസാമിയ്യ ,കൊർദോവ സർവകലാശാലകളിലെ വലിയ ലൈബ്രറികളിലായി നിരവധി പുസ്തകങ്ങൾ (നാല് ലക്ഷത്തിലധികം) ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ഇതിനു പുറമെ ട്രിപ്പോളിയിലും റയ്യിലും വലിയ ലൈബ്രറികൾ ഉണ്ടായിരുന്നുന്നതായും രേഖകൾ സാക്ഷ്യപ്പെ ടുത്തുന്നു.



ബൈത്തുൽ ഹിക്മാ

എന്നാൽ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ശാസ്ത്ര-സാഹിത്യ വിഷയങ്ങൾക്കായിരുന്നു മുൻതൂക്കം നൽകിയിരുന്നത്. അബ്ബാസി കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിദ്യാഭ്യാസ കേന്ദ്രമായിരുന്നു ബൈത്തുൽ ഹിക്മ. ഒരു വിവർത്തന കേന്ദ്രമെന്ന നിലയിൽ ആരംഭിച്ച ഈ സ്ഥാപനം പിന്നീട് ഉന്നത വിദ്യാഭ്യാസ കേന്ദ്രമായി മാറുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു പണ്ഡിതന്മാർ ഇവിടെ ഒരുമിച്ചുകൂടുകയും ചെയ്തു. അബ്ബാസി കാലഘട്ടത്തിന്റെ അവസാനനാളുകളിൽ ഉയർന്നുവന്ന സെൽജുക്ക് രാജവംശം സ്ഥാപിച്ചതാണ് ബാഗ്ദാദിലെ തന്നെ നിസാമിയ സർവകലാശാല. സെൽജുക്ക് ഭരണാധികാരിയായ മാലിക് ഷായുടെ പ്രധാനമന്ത്രിയായ നിസാമുൽ മുൽക്കാണ് ഈ വിജ്ഞാന കേന്ദ്രം സ്ഥാപിക്കുന്നത്. പ്രശസ്ത മുസ്‌ലിം പണ്ഡിതനും തത്വശാസ്ത്രജ്ഞനുമായിരുന്ന ഗസ്സാലി ഇവിടുത്തെ വിദ്യാർഥിയും അധ്യാപകനുമായിരുന്നു. അബ്ബാസി കാലഘട്ടത്തിൽ നിർമിതമായ മറ്റൊരു വിദ്യാഭ്യാസ സ്ഥാപനമാണ് മുസ്താൻസിരിയ സർവകലാശാല.



മുസ്തൻസിരീയ സർവകലാശാല-ബാഗ്ദാദ്



അബ്ബാസി കാലഘട്ടത്തിലെ സാമൂഹികജീവിതത്തെയും ആധുനിക കാലഘട്ടത്തിലെ അതിന്റെ സ്വാധീനത്തെയും പറ്റി സെമിനാർ നടത്തുക.

## അബ്ബാസിയ സാമ്രാജ്യത്തിന്റെ തകർച്ച

സി. ഇ. 750-ൽ സ്ഥാപിക്കപ്പെട്ട അബ്ബാസി ഭരണകൂടം സി. ഇ. 1258 ലാണ് അവസാനിക്കുന്നത്. സി. ഇ. 749-ൽ നടന്ന സാബ് വിപ്ലവത്തെത്തുടർന്ന് നാമവശേഷമായ ഉമവി ഭരണത്തിന്റെ സ്ഥാനത്താണ് അബ്ബാസി ഭരണം ഉടലെടുക്കുന്നത്. ഹാറൂൺ റഷീദിന്റെ കാലഘട്ടത്തിലാണ് അബ്ബാസി സാമ്രാജ്യം സമൃതിയുടെയും മഹത്വത്തിന്റെയും ഉന്നതിയിലെത്തിയത്. എന്നാൽ പിന്നീടുവന്ന ഖലീഫമാരുടെ കാലഘട്ടം തകർച്ചയ്ക്കു തുടക്കം കുറിച്ചു. ഭരണകൂടത്തിന്റെ സ്ഥാപകൻ അബുൽ അബ്ബാസ് അസ്സാഫ്ഫാഹും അവസാനത്തെ ഖലിഫ മുസ്തഅസിമും ആയിരുന്നു. ബാഗ്ദാദ് തലസ്ഥാന നഗരിയാക്കിക്കൊണ്ട് ഭരിച്ചിരുന്ന അബ്ബാസി സാമ്രാജ്യത്തിന്റെ പതനം മധ്യേഷ്യയിൽ നിന്നുള്ള ഹുലാഗു ഖാന്റെ സൈനിക നീക്കത്തിലൂടെയായിരുന്നു. 1258-ൽ മധ്യേഷ്യയിൽ നിന്ന് വലിയ സൈന്യവുമായി വന്ന ഹുലാഹു ഖാൻ ബാഗ്ദാദ് മുഴുവനും തീയിട്ട് നശിപ്പിക്കുകയും ചെയ്തു.

### അബ്ബാസി ഭരണത്തിന്റെം തകർച്ചയിലേക്ക് നയിച്ച പ്രധാന കാരണങ്ങൾ


- മഅ്മൂനിനു ശേഷം വന്ന ഭരണാധികാരികളെല്ലാംതന്നെ അശക്തരായിരുന്നു.
- ഭരണാധികാരം പിന്തുടർച്ചയായി വന്നതുമൂലം അശക്തരായ ഭരണാധികാരികളെ ജനങ്ങൾക്ക് ഖലിഫയാക്കേണ്ടി വന്നു.
- സുന്നി വിഭാഗവും ശിയാ വിഭാഗവും തമ്മിലുള്ള അധികാര തർക്കങ്ങൾ നിരന്തരം ഉണ്ടായിരുന്നു. ഇത് ആഭ്യന്തര കലഹങ്ങളിലേക്ക് വഴിവെച്ചു.
- ഉദ്യോഗസ്ഥർക്കിടയിൽ അറബി വിഭാഗമെന്നും പേർഷ്യൻ വിഭാഗമെന്നുമുള്ള വിഘടനവാദം ഉടലെടുത്തു. ബർമക്കുകൾ പ്രധാനമന്ത്രി സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടതിനെത്തുടർന്നാണ് ഈ വിഭാഗീയതയ്ക്ക് തുടക്കമിടുന്നത്. അമീനും മഅ്മൂനും തമ്മിലുണ്ടായ അധികാരത്തിനുവേണ്ടിയുള്ള ആഭ്യന്തരയുദ്ധം ഇത്തരത്തിലുള്ള (അറബ്-പേർഷ്യൻ) വിഭാഗീയതയുടെ അനന്തരഫലമാണ്.
- ബർമക്കി കുടുംബത്തിന്റെ വധം. അബ്ബാസി സാമ്രാജ്യത്തിന്റെ ആദ്യനാളുകളിൽ നിസ്തുലമായ സേവമനുഷ്ഠിക്കുകയും അതിനെ വളർച്ചയുടെ ഉന്നതിയിലെക്കെത്തിക്കുകയും ചെയ്ത പ്രധാനമന്ത്രി കുടുംബമാണ് ബർമക്കികൾ. പേർഷ്യൻ വിഭാഗമായതുകൊണ്ട് അറബ് ഉദ്യോഗസ്ഥരുടെ ഗൂഢാലോചനയാൽ ഹാറൂൺ റഷീദ് ഇവരെ വധിക്കുകയുണ്ടായി. ഇത് പിന്നീട് പേർഷ്യൻ ജനങ്ങളുടെ ശത്രുതയ്ക്ക് കാരണമായി. മാത്രമല്ല ബർമക്കുകളെപ്പോലെ കഴിവുറ്റ പ്രധാനമന്ത്രിമാരെ പിന്നീട് നിയമിക്കപ്പെട്ടില്ല.
- മവാലികളുടെ അതൃപ്തി (അനറബികൾ) നിരന്തരമായി അബ്ബാസി ഭരണത്തിനെതിരെ പ്രശ്നങ്ങൾ ഉണ്ടാക്കിയിരുന്നു. കാരണം അവരെ അറബ് മുസ്‌ലിംകളെന്നും രണ്ടാം പൗരന്മാരുമെന്ന നിലയിൽ തരം താഴ്ത്തപ്പെട്ടിരുന്നു.
- ഖലിഫമാരുടെ ആഡംബര ജീവിതം
- പിടിച്ചടക്കിയ സ്ഥലങ്ങളിൽ കേന്ദ്രീകൃത ഭരണസംവിധാനം നടപ്പിലാക്കാൻ കഴിയാതെ പോയി.

- അറബികൾക്ക് പകരമായി മധ്യേഷ്യയിൽ നിന്നുള്ള തുർക്കികളെ ഖലിഫ മുസ്‌താഅ്‌സിമിന്റെ കാലഘട്ടത്തിൽ സൈന്യത്തിലേക്ക് നിയമിച്ചു. ഇതിന് മുമ്പ് അറബികളെ മാത്രമായിരുന്നു സൈന്യത്തിലെടുത്തിരുന്നത്. വളരെ ശക്തരും കായികബലമുള്ളവരുമായ തുർക്കികളെ സൈന്യത്തിൽ എടുത്തത് സേനയെ ശക്തിപ്പെടുത്താൻ ആയിരുന്നു. കൂടാതെ തുടർന്നുള്ള ഖലീഫമാരെല്ലാംതന്നെ തുർക്കികളെ തങ്ങളുടെ അംഗരക്ഷകരായി നിയമിച്ചു. പിന്നീട് തുർക്കികൾ ഇതിലൂടെ ശക്തരാകുകയും ചെറിയ സ്വതന്ത്ര രാജവംശങ്ങൾ വരെ അബ്ബാസി ഭരണത്തെ ചോദ്യം ചെയ്തുകൊണ്ട് സ്ഥാപിക്കുകയും ചെയ്തു.

  സമൂഹം ധാർമികതയിൽ നിന്ന് പിന്തിരിഞ്ഞത്.
- സാമ്പത്തികമായി അബ്ബാസിയ ഖിലാഫത്ത് അവസാന നാളുകളിൽ അരക്ഷിതാവസ്ഥയിലേക്ക് നീങ്ങി.
- ഖിലാഫത്ത് അധികാരത്തെച്ചൊല്ലി പിൻഗാമികൾക്കിടയിൽ നിരന്തരം നടന്ന ആഭ്യന്തര യുദ്ധങ്ങൾ.
- അബ്ബാസി ഖിലാഫത്തിന്റെ അവസാന നാളുകളിൽ ഉയർന്നുവന്ന സ്വതന്ത്ര രാജ വംശങ്ങൾ.
- പകർച്ചവ്യാധികൾ.
- 1257 സി. ഇ.യിൽ ഹുലാഖു ഖാൻ വലിയൊരു സൈന്യവുമായി ബാഗ്ദാദ് ആക്രമിക്കാനെത്തി. 1258 ൽ ബാഗ്ദാദിന്റെ ചുവരുകൾ നശിപ്പിക്കുകയും നഗരത്തിൽ പ്രവേശിക്കുയും ചെയ്തു. അവർ ബാഗ്ദാദിലെ വൈജ്ഞാനിക കേന്ദ്രം പൂർണ്ണമായും നശിപ്പിക്കുകയുണ്ടായി. വളരെ നിഷ്ഠൂരമായി ഖലിഫയെ വധിക്കുകയും ജനങ്ങളെ പൂർണ്ണമായും വാ ളിനിരയാക്കുകയും ബാഗ്ദാദ് തീയിട്ട് നശിപ്പിക്കുകയും ചെയ്തു.



**ഹുലാഗു ഖാൻ തന്റെ കൊട്ടാരത്തിൽ**



അബ്ബാസിയ സാമ്രാജ്യ തകർച്ചയുടെ കാരണങ്ങൾ കാണിക്കുന്ന ചാർട്ട് തയാറാക്കുക.

## സംഗ്രഹം

ഈ അധ്യായത്തിലൂടെ അബ്ബാസി കാലഘട്ടത്തിലെ പ്രധാനപ്പെട്ട രാഷ്ട്രീയ സംഭവവികാസങ്ങളെ വ്യക്തമായ രീതിയിൽ അവലോകനം നടത്താൻ സാധിക്കുന്നു. ഈ കാലഘട്ടത്തിലെ ശാസ്ത്രസാഹിത്യ സംഭാവനകൾ ഈ അധ്യായം ചർച്ച ചെയ്യുന്നു.

ബർമ്മക് കുടുംബത്തിന്റെ വളർച്ചയും തകർച്ചയും, ഹാറൂൺ റഷീദിന്റെ കാലഘട്ടത്തിലെ അനിതര സാധാരണമായ പ്രത്യേകതകളും വികസനവും വിശകലനം ചെയ്യുന്നു.

ആയിരത്തൊന്നു രാവുകൾ, അബ്ബാസി ഭരണപ്രത്യേകതകൾ. പ്രഗത്ഭരായ പണ്ഡിതൻമാരുടെ സംഭാവനകൾ, ഇസ്‌ലാമിക മതശ്സാത്രത്തിന്റെ വികാസം, അബ്ബാസി ഭരണതകർച്ച എന്നിവയും ഈ അധ്യായം വിശദീകരിക്കുന്നു.

## ചോദ്യങ്ങൾ

1. അബ്ബാസി സാമ്രാജ്യ രൂപീകരണത്തെപ്പറ്റി പരിശോധിക്കുക.
2. അബ്ബാസി കാലഘട്ടത്തിലെ ശാസ്ത്രസാഹിത്യമേഖലകളിലെ പുരോഗതിയെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.
3. അബ്ബാസി ഭരണപ്രത്യേകതകളെക്കുറിച്ച് എഴുതുക.
4. അബ്ബാസി വാസ്തുവിദ്യ പ്രത്യേകതകളെ വിശദീകരിക്കുക.
5. അബ്ബാസി ഭരണതകർച്ചയുടെ കാരണങ്ങൾ വിശദമാക്കുക.

# 2

# മുസ്‌ലിം ഖിലാഫത്ത് ആഫ്രോ-ഏഷ്യൻ വൻകരകളിലേക്ക്


W7C5L3

## പഠനനേട്ടങ്ങൾ

- ഫാത്തിമി സാമ്രാജ്യത്തിന്റെ രൂപീകരണത്തെ വിദ്യാർത്ഥികൾ മനസ്സിലാക്കുന്നു.
- പ്രധാനപ്പെട്ട മുസ്‌ലിം രാജവംശങ്ങളെ വിദ്യാർത്ഥികൾ വേർതിരിച്ച് മനസ്സിലാക്കുന്നു.
- ആഫ്രോ-ഏഷ്യൻ പ്രദേശങ്ങളിൽ ചെറു രാജവംശങ്ങളുടെ രൂപീകരണത്തിലേക്കെത്തിച്ച വ്യത്യസ്ത കാരണങ്ങളെ വിദ്യാർഥികൾ തിരിച്ചറിയുന്നു.
- ആഫ്രോ-ഏഷ്യൻ പ്രദേശങ്ങളിലെ സാംസ്കാരിക വികാസത്തെ വിദ്യാർഥികൾ പ്രകീർത്തിക്കുന്നു.
- ആഫ്രോ-ഏഷ്യൻ പ്രദേശങ്ങളിലുണ്ടായിരുന്ന മുസ്‌ലിം സ്ഥാപനങ്ങളെ വിദ്യാർത്ഥികൾ കണ്ടെത്തുന്നു.
- ആഫ്രോ-ഏഷ്യൻ പ്രദേശങ്ങളിലെ വ്യത്യസ്ത മേഖലകളിലുണ്ടായിരുന്ന പ്രഗത്ഭരായ മുസ്‌ലിം പണ്ഡിതന്മാരെ വിദ്യാർഥികൾ തിരിച്ചറിയുന്നു.
- കുരിശുയുദ്ധങ്ങളെയും അതിന്റെ ഫലങ്ങളെയും വിദ്യാർഥികൾ പരിചയപ്പെടുന്നു.
- വ്യത്യസ്ത ചെറുരാജവംശങ്ങളെപ്പറ്റി വിദ്യാർഥികൾ വിവരിക്കുന്നു.
- മംഗോളിയരുടെ വ്യത്യസ്ത ആക്രമണങ്ങളെയും കടന്നു കയറ്റത്തെയും വിദ്യാർഥികൾ വരച്ചുകാട്ടുന്നു.
- ആഫ്രോ-ഏഷ്യൻ പ്രദേശങ്ങളിൽ അക്കാലഘട്ടത്തിലുണ്ടായിരുന്ന വൈജ്ഞാനിക സംഭാവനകൾ വിദ്യാർഥികൾ പരിചയപ്പെടുന്നു.

## പ്രധാനാശയങ്ങൾ

- ഈജിപ്തിലെ ഫാത്തിമിയ സാമ്രാജ്യം.
- ഫാത്തിമിയാക്കളുടെ തകർച്ച.
- സെൽജൂക്കുകൾ.
- ഫാത്തിമിസാമ്രാജ്യത്തിന്റെ വൈജ്ഞാനിക സംഭാവനകൾ.
- നിസാമുൽ മുൽക്കിന്റെ നിസാമിയ്യ മദ്രസ്സ.
- ഇമാം ഗസ്സാലി.
- അയ്യൂബി സാമ്രാജ്യം.
- കുരിശുയുദ്ധങ്ങൾ.
- സലാഹുദ്ദീൻ അയ്യൂബി.
- മംലൂക്കുകൾ.
- മംഗോളിയരുടെ ആക്രമണം.
- മംലൂക്കുകളുടെ വൈജ്ഞാനിക സംഭാവനകൾ




ഫാത്തിമിയ, സെൽജുക്ക്, മംലൂക്ക്, അയ്യൂബിയ തുടങ്ങിയ മുസ്‌ലിം രാജവംശങ്ങൾ ശാസ്ത്ര സാഹിത്യ മേഖലകളിൽ നിരവധി സംഭാവനകൾ നൽകുകയുണ്ടായി. പത്തു മുതൽ പതിനാറു വരെയുള്ള നൂറ്റാണ്ടുകളിലായി ഏഷ്യയിലും ആഫ്രിക്കയിലുമുണ്ടായ രാഷ്ട്രീയവും സാംസ്കാരികവുമായ വികാസങ്ങളും കുരിശുയുദ്ധമടക്കമുള്ള പ്രധാന പോരാട്ടങ്ങളുമാണ് ഈ അധ്യായത്തിലെ പ്രതിപാദ്യ വിഷയം.

## ഈജിപ്തിലെ ഫാത്തിമി രാജവംശം ( 909-969 സി.ഇ.)

പത്താം നൂറ്റാണ്ടോടുകൂടി നിരവധി മുസ്ലിം സ്വതന്ത്രരാജവംശങ്ങൾ ഏഷ്യയിലും ആഫ്രിക്കയിലും ഉടലെടുത്തിരുന്നു. അതിൽ പ്രധാനപ്പെട്ട രാജവംശമായിരുന്നു ഈജിപ്ത് കേന്ദ്രീകരിച്ച് രൂപപ്പെട്ട ഫാത്തിമി രാജവംശം. ലോകത്തിലെതന്നെ ആദ്യത്തെ ശിയ ഭരണകൂടമാണിത്. ടുണീഷ്യയിൽ സി.ഇ. 909-ൽ സെയ്ദ് ഇബ്നു ഹുസൈന്റെ കീഴിലായിരുന്നു ഈ രാജവംശം രൂപീകരിക്കപ്പെട്ടത്.ശിയാക്കളിലെതന്നെ പ്രധാന വിഭാഗമായ ഇസ്മാഇലികളാണ് വടക്കെ ആഫ്രിക്ക കേന്ദ്രീകരിച്ച് അവിടത്തെ ബർബറുകളുടെ സഹായത്തോടെ ഫാത്തിമി ഭരണത്തിനു തുടക്കമിടുന്നത്. പ്രവാചക കുടുംബത്തോടുള്ള ആദരവ് നിമിത്തമാണ് പ്രവാചകന്റെ പുത്രിയായ ഫാത്തിമയുടെ പേര് ഈ ഭരണകൂടത്തിനു നൽകിയത്. പ്രവാചകന്റെ മകളായ ഫാത്തിമയുടെ പിൻതലമുറക്കാരായി അവകാശവാദമുന്നയിച്ച അവർ പ്രസ്തുത ഭരണകൂടത്തിനു ഫാത്തിമി രാജവംശമെന്നു പേരു നൽകുകയും അറുപതു വർഷത്തോളം വടക്കെ ആഫ്രിക്കയിൽ നിലനിർക്കുകയും മൊറോക്കോ വരെ അവരുടെ സ്വാധീനമുറപ്പിക്കുകയും ചെയ്തു. ഈജിപ്ത് കീഴടക്കിയ ശേഷം ഫാത്തിമികൾ ടുണിസിൽ നിന്ന് തലസ്ഥാനം ഈജിപ്തിലെ കൈറോയിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. സി. ഇ. 969 മുതൽ ഫാത്തിമി രാജവംശത്തിന്റെ തകർച്ച ആരംഭിച്ചെങ്കിലും 1171 സി. ഇ. യിൽ പൂർണമായി തകരുന്നതു വരെ ഈജിപ്ത് ആസ്ഥാനമായ ഭരണകൂടമായി ശിയാക്കൾ നിലനിന്നിരുന്നു.

### ഇസ്മാഇലി പ്രസ്ഥാനം

ശിയാ വിഭാഗത്തിലെ ഏറ്റവും പുരോഗമനപ്രസ്ഥാനമായിരുന്നു ഇസ്മാഇലി പ്രസ്ഥാനം. 756 സി.ഇ.യിൽ അലി ജഅ്ഫർ അൽ സാദിഖിന്റെ മരണത്തോടെയാണ് ഇത് ആരംഭിക്കുന്നത്. അദ്ദേഹത്തിന്റെ മരണത്തെ തുടർന്ന് നേതൃസ്ഥാനത്തെച്ചൊല്ലി പിൻഗാമികൾ രണ്ട് വിഭാഗമായി തിരിഞ്ഞു. ഭൂരിഭാഗം അനുയായികളും അദ്ദേഹത്തിന്റെ ഇളയപുത്രനായ മൂസയെ അനുകൂലിച്ചപ്പോൾ മൂത്ത പുത്രനായ ഇസ്മാഇലിനെ ചുരുക്കംപേരേ പിന്തുണച്ചുള്ളൂ. ഇവരാണ് പിന്നീട് ഇസ്മാഇലി അവാന്തര വിഭാഗമായി മാറിയത്. പ്രസ്തുത വിഭാഗങ്ങളാണ് പിന്നീട് ഇസ്മാഇലി വിഭാഗമെന്നും ഇസ്നാ അശ്അരിയെന്ന വിഭാഗവുമായി മാറിയത്.

ഭരണം സ്ഥാപിച്ചയുടനെ സെയ്ദ് ഇബ്നു ഹുസൈൻ ( 909-934 സി.ഇ.) ഫാത്തിമയുടെ പിൻഗാമിയെന്ന അർഥത്തിൽ ഉബൈദുള്ള മഹ്ദിയെന്ന പേര് സ്വയം സ്വീകരിക്കുകയും പ്രസ്തുത നാമത്തിൽതന്നെ പിന്നീട് പ്രസിദ്ധിയാർജിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മകനായ അബുൽ ഖാസിം മുഹമ്മദ് അൽ ഖാഇമും (934-946 സി. ഇ.) പേരക്കുട്ടിയായ മുഇൗസ്സും അദ്ദേഹത്തിന്റെ സാമ്രാജ്യ വികസന നയങ്ങളെ പിന്തുണയ്ക്കുന്നവരായിരുന്നു. മുഇൗസ്സിന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സൈനിക നേതാവായിരുന്ന ജൗഹർ ഈജിപ്ത് കീഴടക്കുകയും സി. ഇ. 969-ൽ ഖാഹിറ (കൈറോ) എന്ന പേരിൽ പുതിയ തലസ്ഥാനനഗരം സ്ഥാപിക്കുകയും ചെയ്തു. കൈറോ പിന്നീട് ഫാത്തിമികളുടെ രാഷ്ട്രീയവും സാംസ്കാരികവും മതപരവുമായ പ്രവർത്തനങ്ങളുടെ കേന്ദ്രമായിമാറി. 971 സി. ഇ. യിൽ അദ്ദേഹം സ്ഥാപിച്ച അൽ അസ്ഹർ പള്ളി പിന്നീട് അൽ അസ്ഹർ സർവകലാശാലയായി മാറുകയും ചെയ്തു.

### ചെങ്കടൽ വ്യാപാരമാർഗം

രാജ്യാന്തര വ്യാപാര മാർഗത്തിന്റെ (പൗരസ്ത്യ-പാശ്ചാത്യ) പ്രധാന കൈവഴിയായിരുന്ന ചെങ്കടൽ വഴിയുള്ള വ്യാപാരമാർഗത്തിനു തുടക്കമിട്ടത് ഫാത്തിമി രാജവംശമായിരുന്നു. ഇതിലൂടെ പേർഷ്യൻ ഉൾക്കടലിനപ്പുറത്തുള്ളവരെക്കൂടി ഇവിടേക്കാകർഷിക്കാൻ കഴിഞ്ഞു. അറബ് ചരിത്രത്തിലാദ്യമായി ഭരണകൂടത്തിന്റെ ഇടപെടലുകളില്ലാതെ കച്ചവടക്കാർക്ക് വളരെ സ്വതന്ത്രമായി വ്യാപാരം നടത്താൻ സൗകര്യമൊരുക്കിയത് ഫാത്തിമി രാജവംശമായിരുന്നു. കിഴക്കൻ മധ്യധരണ്യാഴിയെ ഈജിപ്ത് സൈന്യം എപ്പോഴും കടൽക്കൊള്ളക്കാരിൽ നിന്നു സംരക്ഷിക്കുകയും ചെയ്തു. ഇത് പശ്ചിമ യൂറോപ്പും ഇസ്ലാമിക ലോകവും തമ്മിലുള്ള വ്യാപാരത്തിന്റെ വാതായനം തുറന്നിടുന്നതിനു കാരണമായി. ഈ മാർഗങ്ങളിലൂടെയെല്ലാം ഈജിപ്ത് സാമ്പത്തിക ഭദ്രത കൈവരിക്കുകയും യൂറോപ്പിലാകമാനം പ്രശസ്തിയാർജിക്കുകയും ചെയ്തു.

ഫാത്തിമി ഖലീഫ അൽ അസീസ് ബില്ലയുടെ (975-996 സി. ഇ.) കാലഘട്ടം ഫാത്തിമി ഭരണത്തിന്റെ വികസനത്തിന്റെ കാലഘട്ടമായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായിവന്ന അൽ ഹാക്കിമിന്റെ ( 996- 1021 സി.ഇ.) സ്വഭാവവൈകല്യം നിരവധി ആഭ്യന്തര പ്രശ്നങ്ങൾക്കു കാരണമാവുകയും ഇത് ഫാത്തിമി ഭരണത്തിന്റെ തകർച്ചയ്ക്കു തുടക്കം കുറിക്കുകയും ചെയ്തു. 1171 സി. ഇ. യിൽ അയ്യൂബി വംശത്തിന്റെ ആഗമനത്തോടെയാണ് ഫാത്തിമി രാജവംശം തകരുന്നത്.



അൽ അസ്ഹർ - സർവകലാശാല

**ഫാത്തിമിയ ഭരണത്തിൻ കീഴിലെ വസീറിനെ വിളിച്ചിരുന്നത് മാലിക് എന്നായിരുന്നു.**

**ഫാത്തിമി രാജവംശത്തിന്റെ തകർച്ചയിലേക്കു നയിച്ച പ്രധാനകാരണങ്ങൾ ഇവയാണ്:**

- ഭരണകൂടവും ഉദ്യോഗസ്ഥരും സേനാവിഭാഗങ്ങളും തമ്മിലുണ്ടായ നിരന്തര ആഭ്യന്തര പ്രശ്നങ്ങൾ.
- അൽ ഹാക്കിമിന്റെ കാലഘട്ടത്തിനുശേഷം നിരന്തരമായുണ്ടായ ക്ഷാമവും സാമ്പത്തിക തകർച്ചയും.
- ഫാത്തിമിയ സമൂഹത്തിലുണ്ടായിരുന്ന ക്രിസ്ത്യൻ ജനങ്ങളുടെ അതൃപ്തി.

  അബ്ബാസിയ സൈന്യത്തിലെ തുർക്കി യോദ്ധാക്കൾ നിരന്തരം ഷിയാ ഭരണത്തിനെതിരെ നടത്തിയ ശക്തമായ സൈനികനീക്കം
- സലാഹുദ്ദീൻ അയ്യൂബിയുടെ കടന്നുവരവ്.

### ഡ്രൂസെസ്

ഫാത്തിമിയ്യ ഖലീഫയായ അൽ ഹാക്കിം എ.ഡി 1021-ൽ ഫാത്തിമിയ സമൂഹത്തിൽ നിന്നു ദുരൂഹസാഹചര്യത്തിൽ അപ്രത്യക്ഷനായി. അദ്ദേഹത്തിന്റെ തിരോധാനത്തെ തുടർന്ന് ഒരുവിഭാഗം അനുയായികൾ ഒരു പ്രത്യേക മതവിഭാഗമായി ഉയർന്നു വന്നു. ഇവരാണ് ഡ്രൂസെസ് എന്നറിയപ്പെടുന്നത്

## ഫാത്തിമികളുടെ ഭൗതിക സംഭാവനകൾ

ഫാത്തിമി കാലഘട്ടത്തിലെ പണ്ഡിതന്മാരാണ് ഈജിപ്തിൽ വൈജ്ഞാനിക ഉണർവിന് തിരി തെളിയിച്ചത്. വൈജ്ഞാനിക പുരോഗതിക്ക് ഏറ്റവുമധികം പ്രാധാന്യം നൽകിയ ഖലിഫ ഇബ്ൻ കില്ലിസ് തലസ്ഥാനനഗരിയിൽ ഒരു അക്കാദമി സ്ഥാപിക്കുകയും പൊതുഖജനാവിൽ നിന്നു ആയിരം ദിർഹം വീതം മാസംതോറും അതിന്റെ നടത്തിപ്പിനായി ചെലവഴിക്കുകയും ചെയ്തിരുന്നു. ഭിഷഗ്വരനായ മുഹമ്മദ് അൽ തമീമി, ചരിത്രകാരന്മാരായ മുഹമ്മദ് ഇബ്നു യൂസഫ് അൽ കിന്ദി, ഇബ്നു സലമ അൽ ഖുദാംഇ എന്നീ പണ്ഡിത പ്രമുഖർ അദ്ദേഹത്തിന്റെ കൊട്ടാരത്തെ അലങ്കരിച്ചിരുന്നു.

ഭൂരിഭാഗം ഖലീഫമാരും വൈജ്ഞാനിക-സാംസ്കാരിക വികസനത്തിനു പ്രാധാന്യം നൽകിയിരുന്നു. ഒരു കവികൂടിയായിരുന്ന അൽ അസീസാണ് അൽ അസ്ഗർ പള്ളിയും അക്കാദമിയും സ്ഥാപിച്ചത്. പൊതുഖജനാവിലെ വലിയൊരുപങ്ക് സമ്പത്ത് ശാസ്ത്രപഠനങ്ങൾക്കും വിദേശ പണ്ഡിതന്മാരെ കൈറോവിലെത്തിക്കാനുമാണദ്ദേഹം ചെലവഴിച്ചത്. പ്രശസ്ത വാനശാസ്ത്രജ്ഞനായിരുന്ന അലി ഇബ്നു യൂനിസ്, പ്രസിദ്ധ വൈദ്യശാസ്ത്രജ്ഞനായിരുന്ന ഇബ്നു അലി ഹസ്സൻ ഇബ്നു അൽ ഹൈഥം എന്നിവരായിരുന്നു അൽ ഹാക്കിമിന്റെ കൊട്ടാരത്തിലെ പ്രധാനികൾ

## ദാറുൽ ഹിക്മ

ഫാത്തിമി കാലഘട്ടത്തിലെ ഖലീഫമാർ വൈജ്ഞാനിക പുരോഗതിയ്ക്കായി സ്കൂളുകൾ, കോളേജുകൾ, വായനശാലകൾ, ശാസ്ത്ര പഠന കേന്ദ്രങ്ങൾ എന്നിവ സാമ്രാജ്യത്തിലുടനീളം സ്ഥാപിക്കുകയുണ്ടായി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു ശിയാ വിശ്വാസതത്വങ്ങൾ പഠിപ്പിക്കാനും പ്രചരിപ്പിക്കാനുമായി അൽ ഹാക്കിം 1005 സി. ഇ. യിൽ ആരംഭിച്ച ദാറുൽ ഹിക്മ ( ദാറുൽ ഇൽമ്) എന്ന അക്കാദമി. ഗ്രന്ഥങ്ങൾ മൊഴിമാറ്റം ചെയ്യുക, തുടർപഠനങ്ങൾ നടത്തുക തുടങ്ങിയ ആവശ്യങ്ങൾക്കായി അദ്ദേഹം പൊതുഖജനാവിൽനിന്നു ഏകദേശം 257 ദീനാർ വീതം മാസംതോറും ദാറുൽ ഹിക്മയ്ക്കുവേണ്ടി നൽകിയിരുന്നു. ദാറുൽ ഹിക്മയിൽ ഒരു കൊട്ടാരവും വായനശാലയും പൊതുചർച്ചാവേദിയും നിർമിച്ചിരുന്നു. ബൈത്തുൽ ഹിക്ക്മയുടെ കീഴിൽ അബ്ബാസിയ സാമ്രാജ്യത്തിലുണ്ടായിരുന്ന വൈജ്ഞാനിക പുരോഗതിക്ക് സമാനമായിട്ടാണ് ഫാത്തിമി കാലഘട്ടത്തിൽ സ്ഥാപിക്കപ്പെട്ട ദാറുൽ ഹിക്ക്മയെന്ന് വിശേഷിപ്പിക്കാം. ബൈത്തുൽ ഹിക്ക്മയെപ്പോലെത്തന്നെ പുസ്തകങ്ങൾ തർജമ ചെയ്യപ്പെട്ടിരുന്ന ദാറുൽ ഹിക്ക്മയുടെ വലിയൊരു ഭാഗം ലൈബ്രറിയായി ഉപയോഗിച്ചിരുന്നു. പാഠ്യപദ്ധതിയിലെ പ്രധാന വിഷയങ്ങൾ വാനശാസ്ത്രം, വൈദ്യശാസ്ത്രം. ഖുർആൻ, ഹദീസ് എന്നിവയായിരുന്നു. സി. ഇ. 1119-ൽ മാലിക് അൽ അഫ്ദൽ എന്ന ഖലീഫ വ്യക്തിപരമായ കാരണങ്ങളാൽ ദാറുൽ ഹിക്മ അടച്ചുപൂട്ടിയെങ്കിലും അയ്യൂബികളുടെ ആഗമനം വരെ ഇത് നിലനിന്നിരുന്നു..



വൈജ്ഞാനിക കേന്ദ്രമെന്ന നിലയിലുള്ള ദാറുൽ ഹിക്മയുടെയും ബൈത്തുൽ ഹിക്മയുടെയും പ്രാധാന്യത്തെപ്പറ്റി സെമിനാർ നടത്തുക.



ഇബ്നു ഹൈഥം

## ഇബ്നു ഹൈഥം

ഫാത്തിമി കാലഘട്ടത്തിലെ പ്രശസ്ത വൈദ്യശാസ്ത്രജ്ഞനായിരുന്ന ഇബ്നു ഹൈഥം ബസറയിലാണ് ജനിച്ചത്. വ്യത്യസ്ത വൈജ്ഞാനിക മേഖലകളിൽ പ്രസിദ്ധനായിരുന്ന അദ്ദേഹം ഗണിതശാസ്ത്രം, വാനശാസ്ത്രം, തത്വശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയിലായി നൂറുകണക്കിനു ഗ്രന്ഥങ്ങൾ രചിച്ചിരുന്നതായി കരുതപ്പെടുന്നു. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ഗ്രന്ഥമായ കിതാബുൽ മനാസിർ മധ്യകാലഘട്ടത്തിൽ നേത്രരോഗങ്ങളെയും കണ്ണടകളെയുംപറ്റിയുള്ള പഠനത്തിനു പ്രചോദനമായി. ഈ ഗ്രന്ഥത്തിലൂടെ യൂക്ലിഡിന്റെയും ടോളമിയുടെയും കണ്ടെത്തലുകളിലെ അപാകതകളെ അദ്ദേഹം തിരുത്തുകയുണ്ടായി. നേത്രരോഗത്തെപ്പറ്റി 'മുൻതഖാബ് ഫിൽ ഇലാജിൽ അയ്ൻ' (നേത്രരോഗ ചികിത്സയ്ക്കുള്ള തെരഞ്ഞെടുത്ത ഉപകരണങ്ങൾ) എന്ന ഗ്രന്ഥമെഴുതിയ അമ്മാർ ഇബ്നു അലി അൽ മവാസിൽ അൽ ഹാക്കിമിന്റെ കാലത്താണ് ജീവിച്ചിരുന്നത്. ഖലീഫ അൽ അസീസാണ് ഫാത്തിമി കാലഘട്ടത്തിലെ രാജകീയ വായനശാല നിർമിച്ചത്. ഈ വായനശാല ശിയാക്കളുടെ സാംസ്കാരിക സിരാകേന്ദ്രമായി വർത്തിച്ചുവെന്നു മാത്രമല്ല, ഫാത്തിമികളുടെ പ്രശസ്തി ലോകത്താകമാനം എത്തിക്കുന്നതിൽ മുഖ്യപങ്കു വഹിക്കുകയും ചെയ്തു. ഖലീഫ മുൻതസിറിന്റെ കാലഘട്ടത്തിൽ രണ്ട് ലക്ഷം ഗ്രന്ഥങ്ങളും 2400 ഖുർആൻ പകർപ്പുകളും ഇവിടെ ഉണ്ടായിരുന്നതായി ചരിത്രരേഖകളിൽ കാണാം.

## സെൽജൂക്ക് രാജവംശം ( 1040- 1100 സി.ഇ.)

പതിനൊന്നാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഫാത്തിമി രാജവംശത്തിന്റെ തകർച്ചയുടെ വേളയിലായിരുന്നു മധ്യേഷ്യ കേന്ദ്രീകരിച്ച് സെൽജൂക്ക് രാജവംശത്തിന്റെ ഉദയം. ഈ തുർക്കി രാജവംശം ഇറാനിയൻ പീഠഭൂമി, മധ്യേഷ്യ, ചന്ദ്രക്കല ഫലഭൂയിഷ്ട പ്രദേശം എന്നിവ കീഴടക്കുകയും വളരെ ചുരുങ്ങിയകാലം കൊണ്ട് പിടിച്ചടക്കിയ സ്ഥലങ്ങളിൽ സാമൂഹികവും സാംസ്കാരികവുമായ വികസനത്തിനു തുടക്കം കുറിക്കുകയും ചെയ്തു. അബ്ബാസി സൈന്യത്തിലേക്കുള്ള മധ്യേഷ്യൻ തുർക്കികളുടെ നിയമനമായിരുന്നു ഇവർക്ക് പതിനൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ രാജവംശ സ്ഥാപനത്തിനു വഴിതെളിച്ചത്. സെൽജൂക്ക് എന്ന തുർക്കി നാടോടിക്കുടുംബമായിരുന്നു ഈ രാജവംശം സ്ഥാപിച്ചത്. സി. ഇ. 1040-ഓടെ ഈ നാടോടിക്കുടുംബത്തിന്റെ പേരിലറിയപ്പെടാൻ തുടങ്ങിയ ഈ ഭരണകൂടത്തിന്റെ യഥാർഥ സ്ഥാപകനായി അറിയപ്പെടുന്നത് തുഗ്രിൽ ബെഗെന്ന പ്രസ്തുത കുടുംബത്തിലെ ഗോത്രനേതാവായിരുന്നു. ഇറാൻ സമതലം കീഴടക്കിയശേഷം ബാഗ്ദാദിലെ അബ്ബാസി ഖലീഫയെവരെ കീഴടക്കാൻ ഇവർ ശ്രമിക്കുകയുണ്ടായി.

സെൽജൂക്ക് രാജവംശത്തിന്റെ സ്ഥാപകനായ തുഗ്രിൽ ബെഗ് ആണ് ആദ്യമായി അധികാരപദവിയായ സുൽത്താൻ എന്ന സ്ഥാനം സ്വീകരിച്ചത്. 10 മുതൽ 12 വരെയുള്ള നൂറ്റാണ്ടുകളിൽ ഏഷ്യയിലെത്തന്നെ പ്രധാന ഭരണകൂടമായിരുന്നു സെൽജൂക്ക്.

### സെൽജൂക്കുകൾ

- ചെറു രാജവംശം
- 956 സി. ഇ. യിൽ തുർക്കിസ്താനിലെ ക്രിഗിസ് പുൽമേടുകളിൽ നിന്നു വന്നവർ
- തുർക്കി ഓഗുസ് വംശത്തിലെ പ്രമുഖ ഗോത്രമായിരുന്നു സെൽജൂക്ക്
- രാജവംശത്തിന്റെ സ്ഥാപകൻ തുഗ്രിൽ ബെഗ്

സുൽത്താനെന്ന പദവി സ്വീകരിച്ച തുഗ്രിൽ ബെഗാണ് (1040- 1100 സി. ഇ.) സെൽജൂക്ക് രാജവംശത്തിന്റെ യഥാർഥ സ്ഥാപകൻ. അദ്ദേഹത്തിനുശേഷം വന്ന ആൽപ് അർസലാന്റെയും (1063-1072 സി.ഇ.) മകൻ മാലിക്ക് ഷായുടെയും (1072- 1092 സി. ഇ.) കാലഘട്ടത്തിലായിരുന്നു പൗരസ്ത്യ ലോകത്തെ ഏറ്റവും വലിയ സാമ്രാജ്യമായി സെൽജൂക്കുകൾ മാറുന്നത്. തന്റെ ഭരണത്തിന്റെ രണ്ടാംവർഷം ആൽപ് അർസലാൻ അർമീനിയയുടെ തലസ്ഥാനമായ ആനിയ ബൈസന്റൈൻ ചക്രവർത്തിയിൽനിന്നും പിടിച്ചെടുക്കുകയുണ്ടായി. ഇത് ബൈസന്റയൻ ചക്രവർത്തിയും സെൽജൂക്കുകളും തമ്മിലുള്ള ശത്രുതയ്ക്ക് കാരണമായി. 1071 സി. ഇ. യിൽ നടന്ന മാൻസികർത്ത് യുദ്ധത്തിൽ ക്രിസ്തീയ ഭരണാധികാരിയെ തോൽപ്പിച്ചുകൊണ്ട് അനറ്റോളിയ പിടിച്ചടക്കുകയും റൂം എന്ന സ്ഥലം കേന്ദ്രമാക്കികൊണ്ട് സെൽജൂക്ക് ഭരണം സ്ഥാപിക്കുകയുമുണ്ടായി. ആൽപ് അർസലാനു ശേഷം മകൻ മാലിക്ക് ഷാ യുടെ കാലഘട്ടത്തിലായിരുന്നു സെൽജൂക്ക് ഭരണം ഏറ്റവുമധികം പ്രസിദ്ധിയാർജിച്ചത്. അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ പ്രധാനമന്ത്രിയായിരുന്ന നിസാമുൽ മുൽക്കിന്റെ സേവനങ്ങളായിരുന്നു അതിനദ്ദേഹത്തെ സഹായിച്ചത്.



നിസാമുൽ മുൽക്ക്

പേർഷ്യൻ വംശജനായ നിസാമുൽ മുൽക്കാണ് ആൽപ് അർസലാൻ, മാലിക്ക് ഷാ എന്നിവരുടെ കാലഘട്ടം സെൽജൂക്കുകളുടെ ഏറ്റവുംനല്ല ഭരണകാലമാക്കിമാറ്റിയതിൽ പ്രധാന പങ്കുവഹിച്ചത്. ഭരണകാര്യങ്ങളെല്ലാം നിയന്ത്രിച്ചതും ഭരണാധികാരികൾക്കുവേണ്ട ഉപദേശങ്ങളും നിർദേശങ്ങളും നൽകിയിരുന്നതും അദ്ദേഹമായിരുന്നു. പ്രായോഗികമായി അധികാരങ്ങളെല്ലാംതന്നെ മാലിക് ഷായുടെ കൈകളിലായിരുന്നുവെങ്കിലും സുൽത്താനെ മുന്നിൽനിന്നു നയിച്ചിരുന്നത് നിസാമുൽ മുൽക്കായിരുന്നു. പ്രധാനമന്ത്രിയെക്കാളുപരിയായി വൈജ്ഞാനിക പുരോഗതിക്ക് പ്രാധാന്യം നൽകിയ ഉദ്യോഗസ്ഥനായിരുന്നു നിസാമുൽ മുൽക്ക്. അദ്ദേഹത്തിന്റെ കീഴിൽ 1065 സി. ഇ. യിൽ സ്ഥാപിക്കപ്പെട്ട വൈജ്ഞാനികകേന്ദ്രമാണ് നിസാമിയ്യ അക്കാദമി. അദ്ദേഹത്തിന്റെ നിർദേശ പ്രകാരം പുതിയതായി നിർമിക്കപ്പെട്ട വാനനിരീക്ഷണ കേന്ദ്രത്തിലേക്ക് (1074-1075 സി.ഇ.) വാനശാസ്ത്രജ്ഞരുടെ ഒരു സമ്മേളനം വിളിച്ചു ചേർക്കുകയും നിലവിലുള്ള പേർഷ്യൻ ജലാലി കലണ്ടർ പരിഷ്കരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. നിസാമുൽ മുൽക്ക് എഴുതിയിട്ടുള്ള പ്രധാനപ്പെട്ട ഗ്രന്ഥമാണ് സിയാസത്ത് നാമ. മാലിക് ഷാ യുടെ നിർദേശപ്രകാരമാണ് ഭരണ-രാഷ്ട്രീയ -നയതന്ത്ര മേഖലകൾ കൈകാര്യം ചെയ്യുന്ന പ്രസ്തുത ഗ്രന്ഥം അദ്ദേഹം രചിച്ചത്.

ഇന്ന് ലോകത്താകമാനം പ്രചാരത്തിലുള്ള മുസ്‌ലിം മതവിശ്വാസ സ്ഥാപനമായ മദ്രസ്സ സംവിധാനത്തിന്റെ തുടക്കമായിരുന്നു നിസാമിയ്യ. ആ കാലഘട്ടിലെ സുന്നി വിഭാഗത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ അവബോധത്തിന്റെ പ്രാഥമിക പാഠങ്ങൾ പകർന്നു നൽകുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനമായി നിസാമിയ്യ മദ്രസ്സ പരിണമിച്ചു. ഇസ്‌ലാമിലെ പ്രസിദ്ധ ചിന്തകനും പുനരുദ്ധാരകനുമായി കരുതപ്പെടുന്ന അൽ ഗസ്സാലി ഇവിടത്തെ വിദ്യാർഥിയും അധ്യാപകനുമായിരുന്നു ( 1091 –1095 സി.ഇ.). ബഹാവുദ്ദീൻ ഇബ്നു ജുബൈർ, ഇബ്നു ആതിർ എന്നിവരായിരുന്നു നിസാമിയ്യ അക്കാദമിയിലെ മറ്റു പ്രധാന അധ്യാപകർ. സൂഫിവര്യനായ ഇമാം ഗസ്സാലി സെൽജൂക്ക് കാലഘട്ടത്തിലെ പ്രസിദ്ധ തത്വശാസ്ത്രജ്ഞനും പണ്ഡിതനുമായിരുന്നു. തന്റെ 34-ാമത്തെ വയസ്സിലായിരുന്നു അദ്ദേഹം നിസാമിയ്യ അക്കാദമിയുടെ മുഴുവൻ ചുമതലയും ഏറ്റെടുത്തത്. ഹിജാസ്, പലസ്തീൻ, സിറിയ എന്നിവിടങ്ങളിൽ പന്ത്രണ്ടു വർഷത്തോളം സഞ്ചരിച്ച ശേഷമാണ് അദ്ദേഹം നിസാമിയ്യ അക്കാദമിയിലെ പണ്ഡിതനായത്. പിന്നീട് അദ്ദേഹം ബാഗ്ദാദിലേക്ക് തിരിച്ചുപോയി. പതിനൊന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സെൽജൂക്ക് രാജവംശം നാമാവശേഷമായി.

## അയ്യൂബി രാജവംശം (1171–1250)

അയ്യൂബിരാജവംശം ചരിത്രത്തിൽ പ്രസിദ്ധമാകുന്നത് കുരിശുയുദ്ധങ്ങളുമായി ബന്ധപ്പെട്ടാണ്. സലാഹുദ്ദീൻ അയ്യൂബിയുടെ പേരിൽ അറിയപ്പെടുന്ന അയ്യൂബി രാജവംശം ഫാത്തിമിയ രാജവംശത്തെ പരാജയപ്പെടുത്തി കൊണ്ടാണ് പ്രസ്തുത പ്രദേശങ്ങളിൽ ഉയർന്നു വന്നത്. ഈ ഭരണ കൂടത്തിന്റെ യഥാർഥ സ്ഥാപകനായ സലാഹുദ്ദീൻ അയ്യൂബിയുടെ പിതാവായ നജ്മുദ്ദീൻ അയ്യൂബിയുടെ പേരിനോട് ചേർത്തുകൊണ്ടാണ് അയ്യൂബി രാജവംശമെന്ന് അറിയപ്പെടുന്നത്. തക്‌രീതിൽ 1138 സി. ഇ. യിലാണ് സലാഹുദ്ദീൻ അയ്യൂബിയുടെ ജനനം. അദ്ദേഹത്തിന്റെ പിതാവ് സെൽജൂക്ക് രാജവംശത്തിൻ കീഴിൽ പൊതുഖജനാവിലെ ഉദ്യോഗസ്ഥനായിരുന്നെങ്കിലും പന്നീട് സൈന്യത്തിൽ ചേരുകയുണ്ടായി. പിതാവിന്റെ പാത പിന്തുടർന്ന അദ്ദേഹം സിറിയ കൂടി അയ്യൂബി രാജവംശത്തിന്റെ കീഴിലാക്കി മാറ്റി. 1187 സി. ഇ. യിൽ സിറിയയിലെ ഹിറ്റീനിൽ നടന്ന യുദ്ധത്തിൽ ജറുസലേം ക്രിസ്ത്യാനികളുടെ കൈകളിൽനിന്നു തിരിച്ചുപിടിച്ചു കൊണ്ടാണദ്ദേഹം ചരിത്രത്തിൽ പ്രസിദ്ധനാകുന്നത്. ഈ സംഭവം മൂന്നാം കുരിശ് യുദ്ധത്തിനു കാരണമായി.

ഇസ്‌ലാമിക ഭരണകൂടത്തിന്റെ കേന്ദ്രമായി ഈജിപ്ത് മാറുന്നത് അയ്യൂബി രാജവംശത്തിന്റെ കാലഘട്ടത്തിലായിരുന്നു. ശിയാ വിഭാഗത്തിന് സ്വാധീനമുണ്ടായിരുന്നു ഈജിപ്തിലെ ഫാത്തിമിയ ഭരണത്തെ ഇല്ലാതാക്കിക്കൊണ്ട് അവിടെ ഇസ്‌ലാമിലെ സുന്നി വിഭാഗത്തിന് സ്വാധീനമുണ്ടാക്കിയത് അയ്യൂബിയ ഭരണകൂടമാണ്. അൽ അസ്ഗർ വിദ്യാഭ്യാസ സ്ഥാപനം ശിയാസ്വാധീനത്തിൽ നിന്നു യാഥാസ്ഥിതികതയിലേക്ക് തിരിച്ചു കൊണ്ടുവന്നത് ഈ കാലഘട്ടത്തിലാണ്. സിറിയയും ഈജിപ്തും ഉൾപ്പെടുത്തി കൊണ്ടുള്ള വിശാലമായൊരു സാമ്രാജ്യമായിരുന്നു അയ്യൂബിയ രാജവംശത്തിന്റേത്.

സലാഹുദ്ദീൻ അയ്യൂബിയുടെ പ്രധാനപ്പെട്ട സംഭാവനകളായിരുന്നു:

- കുരിശുയുദ്ധക്കാർക്കെതിരെ നേടിയ വിജയം.
- ഇസ്‌ലാമികസാമ്രാജ്യ കേന്ദ്രമെന്ന നിലയിൽ ഈജിപ്തിനെ പുനരാവിഷ്കരിച്ചു
- ഫാത്തിമി കാലഘട്ടത്തിലെ ശിയാ സ്വാധീനത്തിന്റെ സ്ഥാനത്ത് സുന്നി ഇസ്‌ലാം പുനഃക്രമീകരിച്ചു.

അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിൽ മദ്രസ്സ സംവിധാനം പുനഃക്രമീകരിക്കുകയും ശിയാ സ്വാധീനത്തിൽ നിന്നു അൽ അസ്ഹറിനെ യാഥാസ്ഥിതിക സുന്നി സ്വാധീനത്തിലാക്കിമാറ്റുകയും ചെയ്തു.

## കുരിശുയുദ്ധങ്ങൾ

പലസ്തീനിലെ ജറുസലേം നഗരവും പരിശുദ്ധഭൂമിയും സ്വന്തമാക്കുകയെന്ന ഉദ്ദേശത്തോടെ പാശ്ചാത്യ ലോകത്തെ ക്രിസ്ത്യാനികളും ഏഷ്യയിലെയും ആഫ്രിക്കയിലെയും മുസ്‌ലിങ്ങളും തമ്മിൽ നൂറ്റാണ്ടുകൾ നീണ്ടുനിന്ന യുദ്ധപരമ്പരയാണ് കുരിശുയുദ്ധങ്ങൾ എന്ന പേരിലറിയപ്പെടുന്നത്. ഏകദേശം പത്താം നൂറ്റാണ്ടിൽ ആരംഭിച്ച പ്രസ്തുത പോരാട്ടങ്ങൾക്ക് അങ്ങനെ പേരുവരുന്നത് പോപ്പിന്റെ ആജ്ഞപ്രകാരം കുരിശുപതിച്ച പതാകയേന്തി മതപരിവേഷം നൽകി ക്രിസ്ത്യാനികൾ യുദ്ധത്തിൽ പങ്കെടുത്തതുകൊണ്ടാണ്

**നൂറ്റാണ്ടുകളായി നടന്ന ഈ യുദ്ധങ്ങളെ പ്രധാനമായും മൂന്നായി തരം തിരിക്കുന്നു:**

- ക്രിസ്ത്യൻ ഭരണാധികാരികൾ തുടക്കം കുറിച്ചിട്ടുള്ളതും 1144 സി.ഇ. വരെ നീണ്ടുനിന്നതുമായ യുദ്ധങ്ങളുടെ കാലഘട്ടം.
- നാസറുദിൻ സാംഗിയുടെ കീഴിൽ ആരംഭിക്കുകയും പിന്നീട് അയൂബി രാജവംശത്തിന്റെയും മംലൂക്ക് രാജവംശത്തിന്റെയും നേതൃത്വത്തിൽ നടന്ന മുസ്‌ലിം പ്രതിരോധ കാലഘട്ടം.
- ചെറു യുദ്ധങ്ങളുടെയും ആഭ്യന്തരയുദ്ധങ്ങളുടെയും കാലഘട്ടം

## കുരിശ് യുദ്ധങ്ങളും സലാഹുദ്ദീൻ അയ്യൂബിയും



സലാഹുദ്ദീൻ അയ്യൂബിയുടെ പ്രതിമ

ക്രിസ്ത്യാനികൾക്കെതിരെ കുരിശ് യുദ്ധസമയത്ത് നടന്ന ഏറ്റവും വലിയ മുസ്‌ലിം പോരാട്ടം അയ്യൂബി കാലഘട്ടത്തിൽ സലാഹുദ്ദീൻ അയ്യൂബിയുടെ നേതൃത്വത്തിലായിരുന്നു. സലാഹുദ്ദീൻ അയ്യൂബി നൂറുദ്ദീൻ സാംഗിയുടെ കീഴിലെ പ്രധാനപ്പെട്ട സൈനിക നേതാവായി മാറി. അദ്ദേഹം തുടക്കമിട്ട കുരിശുയുദ്ധക്കാർ ക്കെതിരെയുള്ള പ്രതിരോധ സമരങ്ങൾ പിന്നീടദ്ദേഹം ഭരണാധികാരിയായപ്പോഴും തുടരാൻ ആഗ്രഹിച്ചു. ക്രിസ്ത്യൻ ഭരണാധികാരികളെ മധ്യേഷ്യയിൽനിന്നും തുരത്തിയോടിക്കാനുള്ള ശ്രമങ്ങളദ്ദേഹം ആരംഭിച്ചു. അതിനുവേണ്ടി ശക്തമായൊരു ഭരണകൂടം

വേണമെന്ന് അദ്ദേഹം വാദിക്കുകയും ചെറു മുസ്‌ലിം രാജവംശങ്ങളോട് നൂറുദ്ദീൻ സാംഗിയുടെ കീഴിൽ ഒന്നിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. നൂറുദ്ദീൻ സാംഗിയുടെ മരണത്തെത്തുടർന്ന് പ്രക്ഷുബ്ധാവസ്ഥയിലെത്തിയ ഭരണകൂടത്തെ അപകടാവസ്ഥയിൽ നിന്നു രക്ഷപ്പെടുത്താനും ഏകീകരിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ഈജിപ്ത് കേന്ദ്രമാക്കികൊണ്ട് സിറിയയുടെ അധികാരം അദ്ദേഹം പിടിച്ചടക്കി. സൈനിക നേതാവായിരുന്ന അദ്ദേഹം യുദ്ധതന്ത്രങ്ങളിൽ നിപുണനായിരുന്നു. 1187 സി. ഇ. യിൽ സിറിയ പിടിച്ചടക്കിയതോടെ കുരിശുയുദ്ധക്കാരെ നേരിടാനുള്ള ആത്മവിശ്വാസം കൈവരിച്ചു. ഈജിപ്ത്, വടക്കൻ സിറിയ, ഇറാഖ് തുടങ്ങിയ പ്രദേശങ്ങൾകൂടി തന്റെ ഭരണകൂടത്തോട് അദ്ദേഹം ചേർത്തു. കുരിശ് യുദ്ധക്കാരെ നേരിടാനുള്ള തയ്യാറെടുത്തപ്പോൾ കൈറോ, ബാഗ്ദാദ് എന്നിവിടങ്ങളിലെ മുസ്‌ലിങ്ങളും അദ്ദേഹത്തെ സഹായിക്കാനെത്തി. 1187 സി. ഇ. യിൽ ആദ്യം ക്രിസ്ത്യാനികൾ മുസ്‌ലിങ്ങളുമായി കരാറിൽ ഒപ്പുവെച്ചെങ്കിലും കരാർ ലംഘിച്ചതിനെ തുടർന്ന് അദ്ദേഹം ക്രിസ്ത്യാനികളോട് നഷ്ടപരിഹാരം ആവശ്യപ്പെട്ടു. സലാഹുദ്ദീന്റെ ആവശ്യം വിസമ്മതിച്ചതിനെ തുടർന്ന് 1187 സി.ഇ. ജൂലൈ 1-ന് ക്രിസ്ത്യാനികൾക്കെതിരെ യുദ്ധം പ്രഖ്യാപിക്കുകയും ആദ്യം തിബരിസ് അവരിൽ നിന്നു പിടിച്ചെടുക്കുകയും ചെയ്തു. തുടർന്ന് ജൂലൈ 3ന് 20000 പേരടങ്ങുന്ന ക്രിസ്തീയ സൈന്യത്തെ ഹിറ്റീൻ യുദ്ധത്തിൽ നേരിടുകയും ജറുസലേം പിടിച്ചടക്കുകയും അവിടെ ഇസ്‌ലാമികഭരണം നടപ്പാക്കുകയും ചെയ്തു.

ഹിറ്റിൻ യുദ്ധവും ജറുസലേം പിടിച്ചടക്കലും മൂന്നാം ( 1189- 1192 സി. ഇ. ) കുരിശു യുദ്ധത്തിനു കാരണമായി. ജറുസലേം എങ്ങനെയും തിരിച്ചു പിടിക്കാൻ വേണ്ടി നടത്തിയ പ്രസ്തുത കുരിശു യുദ്ധത്തിനു ജർമ്മൻ ചക്രവർത്തി ഫ്രെഡറിക് ബർബറോസ, ഫ്രാൻസിലെ രാജാവ് ഫിലിപ്പ് അഗസ്തസ്, ഇംഗ്ലണ്ടിലെ ഭരണാധികാരിയായിരുന്ന റിച്ചാർഡ് തുടങ്ങിയ പാശ്ചാത്യ ലോകത്തെ പ്രമുഖ ഭരണാധികാരികളുടെ മുഴുവൻ പിന്തുണയുമുണ്ടായിരുന്നു. ഇതിലൂടെ തങ്ങളുടെ പ്രധാനപ്പെട്ട ആക്റെ കോട്ട പടിച്ചടക്കാൻ കുരിശുയുദ്ധക്കാർക്കായെങ്കിലും ജറുസലേം തിരിച്ചുപിടിക്കാൻ കഴിഞ്ഞില്ല. നിരവധി യുദ്ധങ്ങൾക്കുശേഷം 1192 സി.ഇ.യിൽ സലാഹുദ്ദീനുമായി ക്രിസ്ത്യാനികൾക്കു സൈനിക കരാറിൽ ഒപ്പുവെക്കേണ്ടി വന്നു. തൊട്ടടുത്ത വർഷം അദ്ദേഹം മരണപ്പെടുകയും ചെയതു.

സലാഹുദ്ദീൻ അയ്യൂബി നല്ലൊരു ഭരണാധികാരികൂടിയായിരുന്നു. അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിൽ മദ്രസ്സ സംവിധാനം പുനഃക്രമീകരിക്കുകയുണ്ടായി. അൽ അസ്ഗർ വിദ്യഭ്യാസ സ്ഥാപനത്തെ ശിയാ സ്വാധീനത്തിൽ നിന്നും യാഥാസ്ഥിതിക സുന്നി ആശയാടിസ്ഥാനത്തിലാക്കിമാറ്റി. സലാഹുദ്ദീൻ അയ്യൂബിയുടെ മരണശേഷം അദ്ദേഹത്തിന്റെ സാമ്രാജ്യം ബന്ധുക്കൾ വിഭജിച്ചെടുക്കുകയും ചെറു സ്വതന്ത്ര ഭരണകൂടങ്ങളായി മാറുകയും ചെയ്തു. ഡമസ്കസ്, ഇറാഖ്, ഹയ്യാത്ത്, യമൻ എന്നിവിടങ്ങളിൽ ഇത്തരത്തിലുള്ള ഭരണകൂടങ്ങൾ രൂപപ്പെടുകയുണ്ടായി. എന്നാൽ ഈജിപ്ത് മാത്രമായിരുന്നു അയ്യൂബിയ രാജവംശത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ഒറ്റഭരണാധികാരിയാൽ ഭരിക്കപ്പെട്ട പ്രദേശം. ഈജിപ്തിലെ അയ്യൂബികൾ സിറിയയിലെ ഭരണം പിടിച്ചടക്കാൻ ശ്രമംനടത്തിക്കൊണ്ടിരുന്നു. അവസാനത്തെ അയ്യൂബി ഭരണാധികാരി മാലിക് അൽ സാലിഹ് മംലൂക്ക് തുർക്കികളെ അമിതമായി സൈന്യത്തിലേക്കെടുത്തത് അയ്യൂബി വംശത്തിന്റെ തകർച്ചയ്ക്കു കാരണമാവുകയും 1250 സി. ഇ. യിൽ ഈജിപ്തിലെ അയ്യൂബിയ ഭരണം അവസാനിക്കുകയുമുണ്ടായി. എന്നാൽ താർത്താരികളുടെ കടന്നുകയറ്റത്തെ തുടർന്ന് 1260-ൽ സിറിയയിലെ അവശേഷിച്ച അയ്യൂബി ഭരണവും നാമാവശേഷമായി.

## കുരിശു യുദ്ധങ്ങളുടെ ഫലങ്ങൾ

- കുരിശുയുദ്ധങ്ങൾ ലോകചരിത്രത്തിൽ ദൂരവ്യാപകമായ ഫലങ്ങളുണ്ടാക്കി.
- 1453 സി. ഇ.യിൽ തുർക്കികൾക്ക് ബൈസന്റൈൻ സാമ്രാജ്യ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിൾ പിടിക്കാനുള്ള ആത്മവിശ്വാസം നൽകിയത് കുരിശുയുദ്ധമായിരുന്നു
- മുസ്ലിംകളുടെ കടന്നു കയറ്റത്തിൽ നിന്ന് യൂറോപ്പിനെ രക്ഷപ്പെടുത്തിയത് കുരിശു യുദ്ധങ്ങളാണ്.
- ഒന്നാമത്തെ കുരിശുയുദ്ധത്തോടെ പോപ്പിന് ജനങ്ങൾക്കിടയിലുള്ള പദവിയും സ്ഥാനവും വർധിച്ചു.
- കുരിശുയുദ്ധങ്ങൾ പിന്നീട് മതപരവും സൈനികപരവുമായ നിരവധി വിഭാഗങ്ങൾ പിൽക്കാലത്ത് ഉയർന്നു വരുന്നതിനു കാരണമായി.
- മതപുരോഹിതരുടെയും ക്രിസ്തീയസഭയുടെയും അധികാരങ്ങൾ കുറയാൻ കാരണമായി.
- യൂറോപ്പിൽ നിലനിന്നിരുന്ന നാടുവാഴി വ്യവസ്ഥ ഇല്ലാതായതും കുരിശുയുദ്ധ ഫലമായിട്ടായിരുന്നു.
- ഭൂമിശാസ്ത്രപരമായ പുതിയ പഠനങ്ങൾക്കു വഴിതെളിച്ചു.
- കുരിശുയുദ്ധ കാലഘട്ടങ്ങളിൽ യൂറോപ്പിന്റെ അറിവുകൾ പൗരസ്ത്യ രാജ്യങ്ങളിലേക്കും പൗരസ്ത്യ രാജ്യങ്ങളിലെ അറിവുകൾ തിരിച്ച് യൂറോപ്പിലേക്കും കൈമാറ്റം ചെയ്യപ്പെട്ടു.

## ഈജിപ്തിലെ മംലൂക്കുകൾ (1249-1517 സി. ഇ.)

അയ്യൂബി രാജവംശത്തിന്റെ അവസാന നാളുകളിൽ 1249-ൽ സ്ഥാപിക്കപ്പെട്ട ഭരണകൂടമാണ് മംലൂക്ക് ഭരണകൂടം. അവസാനത്തെ അയ്യൂബി ഭരണാധികാരി മാലിക് അൽ സാലിഹ് മംലൂക്ക് തുർക്കികളെ അമിതമായി സൈന്യത്തിലേക്കെടുത്തതാണ് അയ്യൂബി വംശത്തിന്റെ തകർച്ചയ്ക്കു പ്രധാന കാരണമായത്. ഈജിപ്ത് കേന്ദ്രീകരിച്ച് മംലൂക്ക് ഭരണം സ്ഥാപിക്കുന്നത് അവസാനത്തെ അയൂബിയ സുൽത്താനായിരുന്ന മാലിക് അൽ സാലിഹിന്റെ തുർക്കി അടിമയായ പത്നി ഷജർ അൽ ദുർ ആയിരുന്നു. അവർ അടിമയായിരുന്നതുകൊണ്ടാണ് പ്രസ്തുത ഭരണകൂടത്തെ മംലൂക്ക് (അടിമ) രാജവംശമെന്നു പറയുന്നത്.

### മംലൂക്കുകൾ

- മംലൂക്കുകൾ എന്ന പദം കൊണ്ടുദ്ദേശിക്കുന്നത് അടിമരാജവംശമെന്നാണ്.
- വ്യത്യസ്ത ദേശീയതകളുള്ളവരും നിരവധി വംശവിഭാഗങ്ങളും ഇതിൽ അംഗങ്ങളായിരുന്നു.
- സൈനിക, പ്രഭു, ഏകാധിപത്യ ഭരണത്തിനു തുടക്കം കുറിച്ചു.

  പടിഞ്ഞാറൻ ഏഷ്യ കേന്ദ്രീകരിച്ചായിരുന്നു ഈ രാജവംശം നിലനിന്നിരുന്നത്.

നാലാമത്തെ മംലൂക്ക് ഭരണാധികാരി മാലിക് അൽ സാഹിർ ബൈബർസായിരുന്നു (1290- 1277 സി. ഇ.) മംലൂക്ക് രാജവംശത്തിന്റെ യഥാർഥ സ്ഥാപകനായി കരുതപ്പെടുന്നത്. അദ്ദേഹം അയ്യൂബി ഭരണാധികാരി മാലിക് അൽ സാലിഹ് സ്ഥാപിച്ച തുർക്കി അടിമ സൈനിക വിഭാഗത്തിൽപ്പെട്ട സൈനിക നേതാവായിരുന്നു. മംലൂക്ക് രാജവംശത്തിനു വേണ്ടി കുരിശുയുദ്ധക്കാരെ നേരിട്ട ഇദ്ദേഹം ഇസ്ലാമികലോകത്തെ രണ്ടാം സലാഹുദ്ദീനാവാനായിരുന്നു ശ്രമിച്ചത്.

1263 സി. ഇ. യിൽ ബൈബർസ് കാരക്ക് എന്ന സ്ഥലം പിടിച്ചടക്കിക്കൊണ്ട് മംലൂക്ക് രാജവംശത്തെ പതിമൂന്നാം നൂറ്റാണ്ടിലെ അറിയപ്പെടുന്ന ഭരണകൂടമാക്കി മാറ്റുകയുണ്ടായി. അങ്ങനെ ഈജിപ്ത് മംലൂക്കുകളുടെ കീഴിൽ കിഴക്കൻ അറബികളുടെ രാഷ്ട്രീയ-സാംസ്കാരിക കേന്ദ്രമായി മാറി. അവസാനത്തെ അയ്യൂബി സുൽത്താനായിരുന്ന മാലിക് അൽ സാലിഹിന്റെ മരണശേഷം (1249) നിരവധി രാഷ്ട്രീയ സംഭവങ്ങൾക്ക് ഈജിപ്ത് സാക്ഷിയായ ശേഷമായിരുന്നു മംലൂക്കുകളുടെ ഉദയം. അദ്ദേഹമായിരുന്നു മംലൂക്ക് തുർക്കികളെ സൈന്യത്തിലെടുത്തത്. ആദ്യകാലങ്ങളിൽ നൈൽ നദി സംരക്ഷണാർഥം ഇവർ നൈൽ നദീതീരങ്ങളിലെ സൈനിക കേന്ദ്രങ്ങളിലായിരുന്നു വസിച്ചിരുന്നത്. അതുകൊണ്ട് ഇവർ പിന്നീട് ബഹ്‌രി മംലൂക്കുകളെന്ന് വിളിക്കപ്പെട്ടു.

**ഈജിപ്തിൽ നൈലിനെ വിളിച്ചിരുന്ന മറ്റൊരു പേരായിരുന്നു ബഹ്ർ**

**ബഹ്‌രി മംലൂക്കുകൾ ( 1250-1382 സി. ഇ.)**


അവസാനത്തെ അയ്യൂബിയ സുൽത്താനായിരുന്ന മാലിക് അൽ സാലിഹ് വാങ്ങിയ അടിമകളായ അംഗരക്ഷകരായിട്ടായിരുന്നു ഇവരുടെ ആഗമനം. മധ്യേഷ്യയിൽ നിന്നുള്ള തുർക്കികളും മംഗോളിയരും ഇതിൽ ഉൾപ്പെടുന്നു. 24-ാം ബഹ്‌രി മംലൂക്ക് സൈന്യമെന്നത് അന്ന് പ്രശസ്തമായ സൈനിക വിഭാഗമായിരുന്നു.

ബൈബർസിനുശേഷം ഖലാവൂനാണ് മംലൂക്ക് രാജവംശത്തിന്റെ അടുത്ത ഭരണാധികാരിയാവുന്നത് ( 1279–1290 സി.ഇ). മംലൂക്ക് രാജവംശത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭരണാധികാരിയായിരുന്ന അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ സ്ഥാപിച്ച അക്ക സൈനിക അക്കാദമി വളരെയധികം പ്രസിദ്ധമായിരുന്നു. അവിടെ വെച്ച് കുരിശുയുദ്ധക്കാരെ നേരിടാൻ തയ്യാറെടുക്കുമ്പോഴായിരുന്നു അദ്ദേഹം മരണപ്പെടുന്നത്. തുടർന്ന് മകൻ അൽ അശ്റഫ് (1290–1293 സി. ഇ.) മംലൂക്കുകളുടെ അടുത്ത ഭരണാധികാരിയാവുകയും ചെയ്തു. അക്ക കുരിശുയുദ്ധക്കാർ പിടിച്ചടക്കിയതോടെ സിറിയൻ ചരിത്രത്തിലെ വലിയൊരധ്യായം അവസാനിക്കുകയും ചെയ്തു.

*മംഗോളിയരുടെ കൈയ്യാൽ നശിപ്പിക്കപ്പെട്ടതോടെ ബാഗ്ദാദിന്റെ പ്രൗഢി അവസാനിക്കുകയുണ്ടായി. മാത്രമല്ല മംഗോളിയർ സാംസ്കാരിക വികസനത്തിനു വേണ്ടത്ര പ്രാധാന്യം നൽകുകയും ചെയ്തില്ല. ഇറാഖ് മംഗോളിയരുടെ കൈകളിലായത് ഈജിപ്തിന്റെ പ്രാധാന്യം വർധിക്കാൻ സഹായകമാവും കാരണമായി. പേർഷ്യൻവത്കൃത മംഗോളിയരുടെയും അറബി വത്കൃത മംലൂക്കുകളുടെയും ഇടയിലുള്ള ശത്രുത വർധിക്കാനിത് കാരണമായി. മംഗോളിയരുടെ പല സൈനിക കടന്നുകയറ്റങ്ങളെയും മംലൂക്കുകൾ തടയുകയുണ്ടായി.*

## മംലൂക്ക് രാജവംശത്തിന്റെ സംഭാവനകൾ

ആദ്യകാല മംലൂക്ക് ഭരണാധികാരികൾ കഴിവുറ്റവരും വൈജ്ഞാനിക വികസനത്തിനു പ്രാധാന്യം നൽകിയവരുമായിരുന്നു. പതിമൂന്നാം നൂറ്റാണ്ടിലെ മുസ്‌ലിംകൾ വൈദ്യശാസ്ത്രം, വാനശാസ്ത്രം എന്നിവയ്ക്കായിരുന്നു പ്രാധാന്യം നൽകിയിരുന്നത്. പ്രസിദ്ധ തത്വജ്ഞാനിയായ


നാസറുദ്ദീൻ തൂസി

നാസറുദ്ദീൻ തൂസിയായിരുന്നു ഖാനിദ് വാനനിരീക്ഷണ കേന്ദ്രത്തിന്റെ നേതൃസ്ഥാനം അലങ്കരിച്ചിരുന്നത്. ഖലാവൂൻ നിർമിച്ച ആശുപത്രി സമുച്ചയത്തിന്റെ മേൽനോട്ടം വഹിച്ചത് രക്തചംക്രമണപഠനത്തിനു പ്രസിദ്ധനായ അബുൽ ഹസ്സനായിരുന്നു. മംലൂക്ക് കാലഘട്ടത്തിൽ വികസിച്ചുവന്ന മറ്റൊരു പഠനമേഖലയായിരുന്നു മൃഗചികിത്സ. നിരവധി ഗ്രന്ഥങ്ങൾ ഈ മേഖലയിൽ എഴുതപ്പെട്ടിരുന്നു. ഇബ്നു ജുബൈർ പ്രസിദ്ധനായ ഭിഷഗ്വരനായിരുന്നു. ജൂത കുടുംബങ്ങളിൽ നിന്നായിരുന്നു വൈദ്യശാസ്ത്രജ്ഞരിൽ ഭൂരിഭാഗവും ഉയർന്നുവന്നത്. അൽ ആതിർ ആണ് ഫാർമസിയെപ്പറ്റി ആദ്യമായി ഗ്രന്ഥമെഴുതുന്നത്.

സാഹിത്യവിഭാഗത്തിൽ ജീവചരിത്ര രചനയ്ക്കായിരുന്നു ഇവർ പ്രാധാന്യം നൽകിയിരുന്നത്. മംലൂക്ക് കാലത്തെ ഏറ്റവും പ്രധാനപ്പെട്ട ജീവചരിത്രകാരനായിരുന്ന ശംസുദ്ദീൻ അഹ്മദ് ഇബ്നു മുഹമ്മദ് ഇബ്നു ഖാലികാൻ. ഇദ്ദേഹത്തിന്റെ പ്രശസ്ത ഗ്രന്ഥമായ വഫ്ഹത്തുൽ അയ്ൻ വൽ അൻബാഉൽ സദൻ, അക്കാലഘട്ടത്തിലെ 805 വ്യക്തികളുടെ ചരിത്രമാണ് പറയുന്നത്. മംലൂക്ക് രാജവംശത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ചരിത്രകാരനായിരുന്നു താഖിഉദ്ദീൻ അഹമ്മദ് അൽ മഖ്‌രീസി (1364-1442 സി. ഇ.) എഴുതിയ ചരിത്രഗ്രന്ഥമാണ് അൽ മവാഇഖ് വൽ ഇത്ബിർ ഫിൽ ദിക്റ് അൽ കിത്വാത് അൽ ആത്താർ.

## മംഗോളിയൻ കടന്നുകയറ്റം

1332 സി. ഇ. യി ൽ ട്രാൻസോക്സിയാനയിൽ ജനിച്ച തിമൂർ 1380 സി. ഇ. ആയപ്പോഴേക്കും തന്റെ കഠിനപ്രയത്നത്തിലൂടെ അഫ്ഗാനിസ്ഥാൻ, പേർഷ്യ, ഫാരിസ്, കുർദിസ്താൻ എന്നി സ്ഥലങ്ങൾ കീഴടക്കി. 1393-ൽ അദ്ദേഹം ബാഗ്ദാദും പിന്നീട് ചുരുങ്ങിയകാലംകൊണ്ട് ഇറാഖും പൂർണമായും തന്റെ അധീനതയിലാക്കുകയും ചെയ്തു.

1400 സി. ഇ. യിൽ വടക്കൻ സിറിയ പിടിച്ചടക്കുകയും നൂറുദ്ദീൻ അയ്യൂബി സിറിയയിൽ നിർമിച്ച പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നശിപ്പിക്കുകയും ചെയ്തു. തുടർന്ന് ഹമാഹ്, ഹിംസ്, ബലാബക്ക് എന്നിവയും അദ്ദേഹം പിടിച്ചടക്കി. ഫറജ് ഇബ്നു സലീമിന്റെ കീഴിലുള്ള ഈജിപ്ഷ്യൻ സൈന്യത്തെ അദ്ദേഹം പരാജയപ്പെടുത്തുകയും ബാഗ്ദാദ് കീഴടക്കുകയും ചെയ്തു. അവിടെ ഉണ്ടായിരുന്ന പണ്ഡിതന്മാരെയും നിപുണരായ തൊഴിലാളികളെയും കരകൗശല വിദഗ്ധരെയും അദ്ദേഹം തന്റെ തലസ്ഥാന നഗരമായ സമർഖണ്ഡിലേക്കു കൊണ്ടുപോയി.

സി. ഇ. 1402 ജൂലൈ 21-നു അദ്ദേഹം ഏഷ്യാമൈനർ കീഴടക്കുകയും അങ്കാറയിൽ നിന്നു ഉസ്മാനി തുർക്കികളെ തുരത്തുകയും സുൽത്താൻ ബയാസിദ് ഒന്നാമനെ തടവിലാക്കുകയും ചെയ്തു. ഉസ്മാനി തുർക്കികളുടെ ആദ്യകാല തലസ്ഥാന നഗരങ്ങളായ ബ്രൂസ്സയും സ്മിർണയും പിടിച്ചടക്കി. 1404 സി. ഇ. യിൽ തിമൂർ മരണപ്പെട്ടതോടെയാണ് ഈജിപ്തിലെ മംലൂക്കുകളുടെ സാമ്രാജ്യ വ്യാപനത്തിനുള്ള തടസ്സം നീങ്ങിക്കിട്ടിയത്.

## മർജ് ദാബിഖ് യുദ്ധം

1517 സി.ഇ.യിൽ ഉസ്മാനി സുൽത്താനായ സലീം ഒന്നാമനുമായി നടന്ന മർജ് ദാബിക്ക് യുദ്ധത്തോടെ മംലൂക്കുകളുടെ ഭരണം അവസാനിച്ചു. ഇരുസൈന്യവും വടക്കൻ അലപ്പോയിലുള്ള മർജ് ദാബിക്കിൽ വെച്ച് 1516 സി. ഇ. ആഗസ്റ്റ് 24-നാണ് യുദ്ധമാരംഭിച്ചത്. ഖൈർബെഹിന്റെ ഇടത് ഭാഗത്തെ സൈന്യത്തിന്റെ ചുമതല ഖൻസ്വാഇനായിരുന്നു. ആധുനിക യുദ്ധസാമഗ്രികളുള്ള തുർക്കി സൈന്യത്തിന്റെ മുന്നിൽ പിടിച്ചുനിൽക്കാനാകാതെ മംലൂക്ക് സൈന്യം പരാജയപ്പെട്ടു.

ഈ യുദ്ധത്തോടെ മംലൂക്ക് ഭരണാധികാരികളുടെ കൈവശമുണ്ടായിരുന്ന ഖിലാഫത്ത് എന്ന അധികാര പദവി 1517 സി. ഇ.യിൽ അങ്ങനെ ഉസ്മാനിയ സുൽത്താൻമാരിലേക്കും യുറോപ്പിലേക്കും എത്തി.

അബ്ബാസിയ കാലഘട്ടത്തിന്റെ അവസാന നാളുകളിൽ ചെറുരാജവംശങ്ങൾ സാമ്രാജ്യത്തിലുടനീളം രൂപപ്പെടുകയുണ്ടായി. അതിൽ പ്രധാനപ്പെട്ടവയായിരുന്നു ഫാത്തിമി, സെൽജുക്ക്, അയ്യൂബി, മംലൂക്ക് രാജവംശങ്ങൾ. ഈ കാലഘട്ടം നിരവധി സാംസ്കാരിക വൈജ്ഞാനിക മുന്നേറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. നിരവധി ശാസ്ത്രജ്ഞർ, കവികൾ, ചരിത്രകാരന്മാർ, വാസ്തുവിദ്യാവിദഗ്ധർ എന്നിവരെ ലോകത്തിനു സമ്മാനിച്ചു. എന്നാൽ മംഗോളിയരുടെ അതിപ്രസരത്തിലൂടെ അവയെല്ലാം നാമാവശേഷമായി.

## ചോദ്യങ്ങൾ

1. ആരായിരുന്നു ഫാത്തിമി രാജവംശ സ്ഥാപകൻ?
2. സെൽജുക്ക് രാജവംശത്തിന്റെ സംഭാവനകൾ പരിശോധിക്കുക.
3. കുരിശുയുദ്ധങ്ങളുടെ കാരണങ്ങളും ഫലങ്ങളും വിശകലനം ചെയ്യുക.
4. ഈജിപ്തിന്റെ വൈജ്ഞാനിക പുരോഗതിയിൽ ദാറുൽ ഹിക്മയുടെ പങ്ക് വിവരിക്കുക.
5. സിറിയയിലെ മംഗോൾ കടന്നുകയറ്റത്തിന്റെ കാരണങ്ങൾ കണ്ടെത്തുക.
6. സലാഹുദ്ദീൻ അയ്യൂബിയുടെ ഭരണമേഖലയിലും സൈനിക മേഖലയിലുമുള്ള സംഭാവനകൾ പരിശോധിക്കുക.

# 3
# ഇസ്ലാമിക സ്പെയിനിന്റെ പാരമ്പര്യം

## പഠനനേട്ടങ്ങൾ

- സ്പെയിനിലെ ഉമവിയ രാജവംശ രൂപീകരണം ദൃഢനിശ്ചയത്തിന്റെയും സമർപ്പണത്തിന്റെയും ഫലമാണെന്ന് വിദ്യാർഥികൾ തിരിച്ചറിയുന്നു.
- സി. ഇ. 711 മുതൽ സി. ഇ. 1492 വരെ സ്പെയിനിലുണ്ടായിരുന്ന രാഷ്ട്രീയവും സാംസ്കാരികവുമായ വികാസം വിദ്യാർഥികൾ തിരിച്ചറിയുന്നു.
- ഇസ്ലാമിക സ്പെയിനിന്റെ വിദ്യാഭ്യാസ സംഭാവനകളെ വിദ്യാർഥികൾ വിശദീകരിക്കന്നു.
- ശാസ്ത്രപരമായ കണ്ടെത്തലുകൾക്കുള്ള ജിജ്ഞാസയും സാഹിത്യാഭിരുചിയും വിദ്യാർഥികളിൽ ജനിപ്പക്കുന്നു.

## പ്രധാനാശയങ്ങൾ

- സ്പെയിനിൽ സ്വതന്ത്ര ഉമവി രാജവംശത്തിന്റെ രൂപീകരണം.
- വൈജ്ഞാനിക സംഭാവനകൾ.
- വിദ്യാഭ്യാസപരവും സാംസ്കാരികവുമായ വികസനങ്ങൾ.
- ശാസ്ത്ര-സാഹിത്യ-കലാ മേഖലകളിൽ ഉമവികൾ നൽകിയ സംഭാവനകൾ.
- സാംസ്കാരിക-വാസ്തുവിദ്യ വളർച്ച.



അൽ ഹംറ കൊട്ടാരം

സ്പെയിനിലെ അറബ് പണ്ഡിതന്മരുടെ സംഭാവനകൾ പാശ്ചാത്യ ലോകത്തെത്തിയതും അതിലൂടെ യൂറോപ്പിൽ നവോത്ഥാനം സാധ്യമായതുമാണ് ഈ അധ്യായത്തിലെ പ്രധാന പ്രതിപാദ്യ വിഷയങ്ങൾ. മുസ്ലിം ഭരണകാലത്തെ സ്പാനിഷ് സംസ്കാരം ഗ്രീക്ക് സംസ്കാരവുമായി സമന്വയിച്ചു കിടന്നിരുന്നതുകൊണ്ട് പടിഞ്ഞാറിന് വൈജ്ഞാനിക ഉണർവിന്റെ വികാസത്തിനെളുപ്പമായി. അറബികളാകട്ടെ സാഹസികമായ, വൈജ്ഞാനിക വിസ്ഫോടനത്തിന്റെ അസംസ്കൃത വസ്തുക്കളായിമാറുകയും ചെയ്തു.

## സ്പെയിൻ കീഴടക്കൽ

ഇന്നത്തെ സ്പെയിനും പോർച്ചുഗലും അടങ്ങുന്നതായിരുന്നു അന്നത്തെ സ്പാനിഷ് ഉപഭൂഖണ്ഡം. പെന്റഗൺ രൂപത്തിലുള്ള സ്പെയിനിനെ പുരാതന കാലഘട്ടത്തിൽ വ്യത്യസ്ത പേരുകളിലറിയപ്പെട്ടിരുന്നു.

**സ്പെയിനിന്റെ പ്രാചീന പേരുകൾ**

ഗ്രീക്കുകാർ ⟷ ഐബീരിയ

റോമാക്കാർ- ⟷ ഹിസ്പാനിയ

മുസ്ലിംകൾ ⟷ അന്തലുസിയ

സ്പെയിമിന്റെ ആദ്യകാല ചരിത്രവിവരങ്ങൾ കൃത്യമായി ലഭ്യമല്ല. എന്നാൽ പതിനൊന്നാം നൂറ്റാണ്ടു മുതലുള്ള ചരിത്രം രേഖകളുടെയും വീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ലഭ്യമാണ്. സ്പെയിനിന്റെ ഫലഭൂയിഷ്ഠമായ താഴ്വരകളിലേക്ക് ധനിസമ്പത്തുതേടി ഗ്രീക്കുകാർ, ക്രോപ്ക്സ്, കാർത്തേജിയക്കാർ, റോമക്കാർ ,ഖാന്തൽകാർ ,ഗോത്തികൾ തുടങ്ങിയ നിരവധി ദേശക്കാർ ഈ ഉപഭൂഖണ്ഡത്തിലെത്തുകയുണ്ടായി.





സ്പെയിൻ

വടക്കെ ആഫ്രിക്കയിലെ പ്രസിദ്ധനായ ഉമവി ഗവർണർ മൂസ ഇബ്നു നുസൈർ സി. ഇ. 711-ൽ തന്റെ ബർബർ വംശജനായ സൈനികനേതാവ് താരിഖ് ഇബ്നു സിയാദിനെ സ്പെയിൻ കീഴടക്കാൻ അയച്ചു. ഏഴായിരം സൈനികരുമായി അദ്ദേഹം ആദ്യം സ്പെയിനിന്റെ മധ്യധരണ്യാഴിയോട് ചേർന്നു കിടക്കുന്ന തെക്കൻ താഴ്വരയിൽ സ്ഥിതി ചെയ്യുന്ന പർവതത്തിലാണ് എത്തിയത്. പിന്നീട് അദ്ദേഹത്തിന്റെ പേരിനോട് ചേർത്തുകൊണ്ട് ഈ പർവതത്തെ ജബൽ അൽ താരീഖ് (താരിഖിന്റെ പർവതം) എന്ന് വിളിക്കപ്പെടാൻ തുടങ്ങി. പിന്നീടത് ജിബ്രാൾട്ടർ എന്നറിയപ്പെടാൻ തുടങ്ങി.

711 സി.ഇ.യിൽ താരിഖ് വിസിഗോത്ത് ഭരണാധികാരിയായ റൊഡറികിനെ ബർബറ്റെ നദിയുടെ തീരത്ത് ഗ്വാദലേറ്റിൽ (ജാൻദാ) വെച്ച് നേരിടുകയും ഒരാഴ്ചയോളം നീണ്ടുനിന്ന യുദ്ധത്തിൽ അവസാനം റൊഡറികിന്റെ സൈന്യം പരാജയപ്പെടുകയും ചെയ്തു. തുടർന്ന് റൊഡറിക് സ്പെയിനിൽ നിന്നു രക്ഷപ്പെടുകയും സ്പെയിനിന്റെ തെക്കൻപ്രദേശങ്ങൾ താരിഖിന്റെ കീഴിലാവുകയും ചെയ്തു.

ഗ്വാദലേറ്റ് (ജാൻദാ) യുദ്ധത്തിനു ശേഷം താൻ സ്പെയിനിലെത്തുന്നതു വരെ തുടർന്നുള്ള സൈനികനീക്കം താൽകാലികമായി നിർത്തി വെക്കാൻ മൂസ ഇബ്നു നുസൈറിൽ നിന്നു താരിഖിനു സന്ദേശം ലഭിക്കുകയുണ്ടായി. അങ്ങനെ 712 സി.ഇ. യിൽ ആയിരത്തി എണ്ണൂറു പേരടങ്ങുന്ന സൈന്യവുമായി മൂസ വടക്ക് പടിഞ്ഞാറൻ ഭാഗത്തുകൂടി സ്പെയിനിലെത്തുകയുണ്ടായി. ഓരോ പ്രദേശങ്ങൾ കീഴടക്കിക്കൊണ്ട് ടോളിഡോയിലെത്തിയ സൈന്യം അവിടെ വെച്ച് താരിഖ് ഇബ്നു സിയാദിന്റെ സൈന്യവുമായി ചേർന്നു. തുടർന്ന് ഈ സംയുക്ത സൈന്യം ആരഗണിലേക്ക് നീങ്ങുകയും പ്രസ്തുത സ്ഥലം മുസ്‌ലിം സൈന്യം കീഴടക്കുകയും ചെയ്തു. ആരഗണിലെ ക്രിസ്തീയ ഗവർണർ മുസ്‌ലിംകളുമായി കരാറിലെത്തുകയും ഇസ്‌ലാം മതം സ്വീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ ഭരണം തുടരാൻ അനുവദിച്ചു. അങ്ങനെ ചുരുങ്ങിയ വർഷങ്ങൾകൊണ്ട് സ്പെയിനിന്റെ ഭൂരിഭാഗം പ്രദേശങ്ങളും കീഴടക്കാൻ മൂസ-താരിഖ് സംയുക്തസേനയ്ക്കു സാധിച്ചു.

മൂസയും താരിഖും പിരണീസ് മലനിരകൾ കടന്ന് ഫ്രാൻസിലേക്ക് തങ്ങളുടെ സൈനിക പര്യടനം നടത്താൻ തീരുമാനിക്കുകയുണ്ടായി. അതിലൂടെ മൂസ വലിയൊരു സൈനിക മുന്നേറ്റം തന്നെയായിരുന്ന സ്വപ്നം കണ്ടിരുന്നത്. ആദ്യം തെക്കൻ യൂറോപ്പ് മുഴുവൻ കീഴടക്കുകയും യൂറോപ്പ് വഴി ഡമസ്കസിലെത്തുന്നവിധത്തിൽ ആ വൻകര മുഴുവൻ പിന്നീട് കീഴടക്കുന്ന തരത്തിലുള്ള സൈനിക നീക്കത്തിനുള്ള രൂപരേഖ തയ്യാറാക്കിക്കൊണ്ടാണദ്ദേഹം പിരണീസ് കടക്കാൻ തീരുമാനിച്ചത്. എന്നാൽ ഖലീഫ വലീദിന്റെ മരണത്തെത്തുടർന്ന് സ്ഥാനമേറ്റ സുലൈമാൻ സൈനിക നടപടികൾക്ക് പൊതുവെ തൽപ്പരനല്ലാതിരുന്നതിനാലും മൂസ ഇബ്നു നുസൈറിന്റെ സാമ്രാജ്യ വികസന ലക്ഷ്യത്തെ ഇഷ്ടപ്പെടാതിരുന്നതിനാലും യൂറോപ്പിലേക്കുള്ള സൈനിക നടപടി നിർത്തിവെക്കാനും രണ്ടു സേനാനായകരോടും ഡമസ്കസിലേക്ക് തിരിച്ചുവ



മൂസ ഇബ്നു നുസൈറും താരിഖ് ഇബ്നു സിയാദും നടത്തിയ സ്പെയിൻ കീഴടക്കലിനെപ്പറ്റി ചർച്ച ചെയ്യുകയും കുറിപ്പ് തയ്യാറാക്കുകയും ചെയ്യുക.

രാനും ആവശ്യപ്പെട്ടു. പിടിച്ചടക്കിയ സ്പെയിനിലെ ഗവർണറായി തന്റെ മകനായ അബ്ദുൾ അസീസിനെ നിയമിച്ചുകൊണ്ട് സ്പെയിനിൽ ഉമവി ഭരണം സ്ഥാപിച്ചശേഷമാണ് മൂസ ഡമസ്കസിലേക്ക് തിരിച്ചത്.

711 സി.ഇ. മുതൽ സി. ഇ. 756 സ്പെയിനിൽ നിയമിതരായ ഉമവിയ്യ ഗവർണർമാർ

1. അബ്ദുൽ അസീസ് ഇബ്നു മൂസ
2. അയ്യൂബ് ഇബ്നു ഹബീബ് ലാക്മി
3. ഹുറ് ബിനു അബ്ദുൽ റഹ്മാൻ സാഖിഫി
4. സമ ബിൻ മാലിക് അൻ ഖുലാനി
5. അൻബസ ബിൻ സാഹിം ഖൽബി
6. അബ്ദുൽ റഹ്മാൻ ബിൻ അബ്ദുല്ല ഗാഫിഖി
7. അബ്ദുൽ മാലിക് ബിൻ ഖുതാൻ ഫർഹി
8. അഖബ ബിൻ ഹജ്ജാജ് സലൂലി
9. അബ്ദുൽ മലിക് ബിൻ ഖത്തർ ഫഹ്രി
10. ബാലി ബിൻ ബഷർ ഖുസൈരി
11. സലബ ബിൻ സലമ അലമേലി
12. അബ്ദുൽ ഖത്തർ ഹുസാം ബിൻ സറാർ ഖൽബി
13. യൂസഫ് ബിൻ അബ്ദുൻ റഹ്മാൻ അൽ ഫിഹ്രി

മൂസയും താരിഖും ഡമസ്കസിൽ എത്തിയതോടെ വലീദിന്റെ പിൻഗാമിയായ സുലൈമാൻ അവരെ വിചാരണകൂടാതെ വധിക്കുകയുണ്ടായി. സ്പെയിൻ കീഴടക്കിയ ധീരരായ യോദ്ധാക്കളുടെ അന്ത്യം നിന്ദ്യവും ദയനീയവുമായ തരത്തിലുള്ളതായിരുന്നു.

ഉമവിയ ഖലീഫ ഉമർ ഇബ്നു അബ്ദുൽ അസീസിന്റെ ഭരണകാലത്താണ് ഭരണ വിസ്തൃതി വർധിപ്പിക്കാൻ സ്പെയിനിൽ വീണ്ടും സൈനികനീക്കം നടത്തുന്നത്. സി. ഇ. 730-ൽ അബ്ദുൽ റഹ്മാൻ ബിൻ അബ്ദുള്ള ഗാഫിഖിയെ സ്പെയിനിലെ ഗവർണറായി നിയമിച്ചു. നല്ലൊരു ഭരണകർത്താവായിരുന്ന അദ്ദേഹത്തിന്റെ കീഴിൽ സ്പെയിൻ കൂടുതൽ പുരോഗതിയാർജിച്ചു. അദ്ദേഹം മൂസ ഇബനു നുസൈറും താരിഖ് ഇബനു സിയാദും നിർത്തിവെച്ച ഫ്രാൻസിലേക്കുള്ള സൈനിക പര്യടനം ആരംഭിച്ചു. മാത്രമല്ല അദ്ദേഹമായിരുന്നു ഫ്രാൻസ് കീഴടക്കാൻ അവസാനം ശ്രമിച്ച മുസ്ലിം യോദ്ധാവ്. സി.ഇ. 732-ൽ അദ്ദേഹം പിരണീസ് മലനിരകൾ കടന്ന് ഫ്രാൻസിന്റെ മണ്ണിലെത്തിയെങ്കിലും ദയനീയമായി പരാജയപ്പെടുകയും മരണപ്പെടുകയും ചെയ്തു.

### ബലാത്ത് അൽ ശുഹദാഅ്

തുലൂസ് യുദ്ധത്തിന്റെ പ്രതികാരമായി അൻ സമഹിന്റെ മകനായ അബ്ദുറഹ്മാൻബിൻ അബ്ദുള്ള ഗാഫഖി ഫ്രഞ്ച് ഭരണാധികാരി ചാൾസിനെ നേരിടാൻ തീരുമാനിച്ചു. അതിനായ് പിറണീസ് മലനിരകൾ കടന്ന് അദ്ദേഹം ടൂർസ് എന്ന സ്ഥലത്തെത്തി. അങ്ങനെ ഗാഫിഖിയുടെ സൈന്യവും പെപിന്റെ മകനായ ചാൾസിന്റെ സൈന്യവും സി.ഇ. 732 ഒക്ടോബർ മാസം ടൂർസിൽ വെച്ച് ഏറ്റുമുട്ടി. ഈ യുദ്ധത്തിൽ ഗാഫഖി മരണപ്പെടുകയും അദ്ദേഹത്തോടൊപ്പമുള്ള മുഴുവൻ മുസ്‌ലിംകളും രക്തസാക്ഷികളാവുകയും ചെയ്തു. അതുകൊണ്ട് പ്രസ്തുത യുദ്ധം ചരിത്രത്തിൽ 'ബലാത്ത് അൽ ശുഹദാഅ് (രക്തസാക്ഷികളുടെ കാലടയാളങ്ങൾ) എന്നു വിളിക്കപ്പെടുന്നു.

## ടൂർസ് യുദ്ധത്തിന്റെ പ്രാധാന്യം

അബ്ദുറഹ്മാൻ ഗാഫിഖിയുടെ മരണത്തെത്തുടർന്ന് സ്പെയിനിൽ അരാജകത്വം സൃഷ്ടിക്കപ്പെടുകയും അറബികൾക്കിടയിൽ പഴയകാല വിഭാഗീയത ഉടലെടുക്കുകയും ചെയ്തു. ഇതിനെ തുടർന്ന് അധികാരത്തെച്ചൊല്ലി വടക്കൻ അറബികളും തെക്കൻ അറബികളും തമ്മിൽ നിരന്തരം തർക്കങ്ങളുണ്ടായി. തുടർന്ന് പ്രശ്ന പരിഹാരത്തിനും അറബികളുടെ വ്യത്യസ്ത വിഭാഗങ്ങളായ ഖൈസയിറ്റ്സും യമനികളും തമ്മിൽ അവസാനം ഒരു കരാറിലെത്തുകയുണ്ടായി. തുടർന്ന് ഗവർണറുടെ കാലാവധി ഒരു വർഷമായി പരിമിതപ്പെടുത്തി. ഇതിന്റെയടിസ്ഥാനത്തിൽ സി. ഇ. 747 ൽ യൂസഫ് ബിൻ-അബ്ദുൽ റഹ്മാൻ അൽ ഫിഹിരിയാണ് ഗവർണറായതെങ്കിലും ഒരു വർഷത്തിനുശേഷം അദ്ദേഹം സ്ഥാനമൊഴിയാൻ വിസമ്മതിക്കുകയും സി.ഇ. 756 വരെ ഭരണം തുടരുകയും ചെയ്തു.



ടൂർസ് യുദ്ധത്തെപ്പറ്റി ഒരു ചർച്ച നടത്തുക.

## സ്പെയിനിലെ സ്വതന്ത്ര ഉമവി ഭരണം

സി. ഇ. 750-ൽ ഉമവി രാജവംശത്തെ പരാജയപ്പെടുത്തിയ അബ്ബാസി ഭരണകൂടം ഉമവി കുടുംബത്തെ പൂർണ്ണമായി ഉന്മൂലനം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. പത്താമത്തെ ഉമവിയ ഖലീഫ ഹിഷാം രണ്ടാമന്റെ മകനായ അബ്ദുൽ റഹ്മാന് മാത്രമാണ് സാഹസികമായി അബ്ബാസിയ്യ സൈന്യത്തിന്റെ കണ്ണിൽ പെടാതെ രക്ഷപ്പെടാനായത്. അദ്ദേഹം ഡമസ്കസിൽ നിന്ന് ഈജിപ്ത് വഴി വടക്കൻ ആഫ്രിക്കയിലെത്തുകയും അവിടെ പല പ്രദേശങ്ങളിലായി ഒളിവിൽ താമസിക്കുകയുമുണ്ടായി. അവസാനം ക്യൂട്ടയിലെത്തുകയും ബർബറുകളുടെയും സ്പെയിനിലെ ഉമവി വിഭാഗത്തിന്റെയും സഹായത്തോടെ സി. ഇ. 756-ൽ സ്പെയിനിലെത്തിച്ചേരുകയും ചെയ്തു

## അബ്ദുൽ റഹ്മാൻ ഒന്നാമൻ (756-788 സി.ഇ.)

അബ്ദുൽ റഹ്മാൻ ഒരുകൂട്ടം ബർബരി സൈനന്യവുമായി സി.ഇ. 756-ൽ സ്പെയിനിന്റെ തുറമുഖ നഗരമായ അൽമുനിക്കബിലെത്തി. അവിടെവെച്ച് സ്പെയിനിലെ അവശേഷിച്ചിരുന്ന ഉമവി കുടുംബങ്ങളുമായി ചേർന്ന് വിപുലമായൊരു സൈന്യത്തെ അദ്ദേഹം സജ്ജമാക്കി. തുടർന്നും റാഗിയോ

പ്രവിശ്യയുടെ തലസ്ഥാനമായ ആർച്ചിഡോണയിലേക്ക് സൈനികനീക്കം നടത്തി. അവിടത്തെ അബ്ബാസി ഗവർണർ അദ്ദേഹത്തിനു മുമ്പിൽ കീഴടങ്ങുകയും ചെയ്തു. അങ്ങനെ അബ്ദുറഹ്മാൻ സ്പെയിനിൽ സ്വതന്ത്ര ഉമവി ഭരണ പ്രഖ്യാപനം നടത്തുകയും സ്പെയിനിലെ ആദ്യത്തെ ഉമവി അമീറായി സ്വയം പ്രഖ്യാപിക്കുകയും ചെയ്തു.

### അബ്ദുറഹ്മാൻ ഒന്നാമൻ

നിരവധി സാഹസികതകളിലൂടെ അബ്ദു റഹ്മാൻ ഒന്നാമൻ ഫലസ്തീൻ, ഈജിപ്ത്, വടക്കെ ആഫ്രിക്ക വഴി സിറിയയിൽ നിന്നു മൊറോക്കോയിലെത്തി. അവിടെയുണ്ടായിരുന്ന തന്റെ മാതാവിന്റെ ഗോത്രമായ ബനൂനഫൂസയിലെ ബർബർ ഗോത്രാംഗങ്ങൾ അദ്ദേഹത്തിനു രഹസ്യമായി സംരക്ഷണം നൽകുകയും അവിടെ നിന്നുകൊണ്ട് സ്പെയിനിലുള്ള ഉമവി വിഭാഗത്തോട് സഹായവും അഭയവും ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം ദൂതനെ അയക്കുകയും ചെയ്തു.

ആ സമയത്ത് സ്പെയിനിലെ മുസ്‌ലിംകൾ രണ്ട് വിഘടന വിഭാഗങ്ങളായിമാറി കഴിഞ്ഞിരുന്നു. ഒന്ന് നിലവിലുള്ള ഭരണത്തെ അനുകൂലിക്കുന്ന ഖൈസയ്റ്റ് വിഭാഗവും രണ്ടാമത്തേത് എതിർക്കുന്ന യമനി വിഭാഗവും. അങ്ങനെ വിഘടനവാദികളായ യമനിവിഭാഗം അബ്ദുർ റഹ്മാനെ സഹായിക്കാൻ തീരുമാനിച്ചു. ഉമവി വംശത്തിൽപ്പെട്ട ചില മുസ്‌ലിംകൾ അബ്ദുൽ റഹ്മാനുള്ള പരസ്യ പിന്തുണപ്രഖ്യാപിച്ചു. തുടർന്ന് യമനികളും തങ്ങളുടെ പിന്തുണ അറിയിച്ചുകൊണ്ട് പ്രസ്തുത വിഭാഗത്തോടൊപ്പം കൂടി.

അബ്ദുൽ റഹ്മാൻ രണ്ടാമന്റെ (822-852 സി.ഇ.) കാലഘട്ടത്തിൽ സ്പെയിനിലുടനീളം മുസ്‌ലിം സർവകലാശാലകൾ സ്ഥാപിക്കപ്പെട്ടു. കൊട്ടാരം സിറിയാബിന്റേയും മറ്റു പ്രശസ്ത സംഗീതജ്ഞരുടെയും സംഗീത പരിപാടികളാൽ അലങ്കൃതമായിരുന്നു. അദ്ദേഹം തെക്കൻ സ്പെയിനിലൂടെ ഒഴുകുന്ന പ്രശസ്തമായ ഗ്വാഡൽക്വിവർ നദീ തീരങ്ങളിൽ ധാരാളം കെട്ടിടങ്ങൾ നിർമിക്കുകയും തലസ്ഥാനനഗരിയായ കൊർദോവ മനോഹരമായ പൂന്തോട്ടങ്ങൾകൊണ്ട് മോടിപിടിപ്പിക്കുകയും ചെയ്തു. ഈ നഗരത്തിനാവശ്യമായ ജലമെത്തിച്ചിരുന്നത് സിയേറാമൊറീന മലനിരകളിൽ നിന്നായിരുന്നു. സ്പെയിനിലെ എല്ലാ പ്രധാന നഗരങ്ങളിലും അദ്ദേഹം പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നിർമിക്കുകയുണ്ടായി. പ്രൗഢഗംഭീരമായ മുപ്പത് വർഷങ്ങൾക്കുശേഷം അദ്ദേഹം 852 സി.ഇ.യിൽ മരണപ്പെട്ടു. അദ്ദേഹത്തിന്റെ പിൻഗാമികളായ മുഹമ്മദ് ഒന്നാമൻ, അൽമുന്തിർ, അബ്ദുള്ള തുടങ്ങിയവർ മുപ്പത് വർഷത്തോളം സ്പെയിൻ ഭരിക്കുകയുണ്ടായി.

## സ്പെയിനിലെ ഉമവി ഖിലാഫത്ത്

സ്പെയിനിലെ ഉവമി ഭരണാധികാരികളുടെ സ്ഥാനപ്പേര് 'അമീർ' എന്നായിരുന്നു. സ്പെയിൻ അടക്കമുള്ള മുഴുവൻ ഇസ്‌ലാമികലോകവും ഖിലാഫത്ത് സ്ഥാനം ബാഗ്ദാദിലെ അബ്ബാസികളുടെ മാത്രം അവകാശമാണെന്ന് കരുതി പോന്നിരുന്നു. പത്താം നൂറ്റാണ്ടോടുകൂടി അബ്ബാസിയ ഭരണാധികാരികളുടെ ഖലീഫ സ്ഥാനത്തിന് ശക്തി ക്ഷയിക്കാൻ തുടങ്ങുകയും, പടിഞ്ഞാറൻ ഭാഗത്ത് ഫാത്തിമിയ ഭരണാധികാരി (ഈജിപ്ത്) ഖലീഫയായി പ്രഖ്യാപനം നടത്തുകയും ചെയ്തു. ഇസ്‌ലാമിക ലോകത്ത് നിലനിൽക്കുന്ന പ്രസ്തുത പ്രതിസന്ധി മുതലെടുത്തുകൊണ്ട് അന്നത്തെ

സ്പെയിനിലെ ഉമവി ഭരണാധികാരിയായിരുന്ന അബ്ദുൽ റഹ്മാൻ മൂന്നാമൻ സി.ഇ. 927-ൽ ഖലീഫയായി സ്വയം പ്രഖ്യാപിക്കുകയും 'അൽ നാസിർ ലി ദീനില്ലാഹ്'എന്ന പേര് സ്വീകരിക്കുകയും ചെയ്തു. അങ്ങനെ അക്കാലത്ത് ഇസ്‌ലാമിക ലോകത്ത് മൂന്നു ഖലീഫമാരുള്ള അവസര സംജാതമായി. ബാഗ്ദാദിൽ അബ്ബാസിയ്യ ഖലീഫ, വടക്കെ ആഫ്രിക്കയിൽ ഫാത്തിമികൾ, സ്പെയിനിൽ ഉമവികൾ.

## അബ്ദുൽ റഹ്മാൻ മൂന്നാമൻ (912-961 സി.ഇ.)

മുസ്‌ലിം സ്പെയിനിലെ ഏറ്റവും പ്രസിദ്ധനായ ഭരണണാധികാരിയായിരുന്ന അബ്ദുൽ റഹ്മാൻ മൂന്നാമൻ ഭരണ സാരഥ്യം ഏറ്റെടുക്കുന്നത് 912 സി.ഇ.യിലായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടം സ്പെയിനിന്റെ വളർച്ചയുടെ പാരമ്യമാവുകയും ഹിസ്പാനോ മുസ്‌ലിം സംസ്കാരം അദ്ദേഹത്തിന്റെ പ്രോത്സാഹനത്താൽ ഉജ്ജ്വലമായി വികസിക്കുകയും ചെയ്തു. ഖലീഫ എന്ന പദവി സ്വീകരിക്കുന്ന ആദ്യത്തെ ഉമവി ഭരണാധികാരിയാണദ്ദേഹം.

പത്താം നൂറ്റാണ്ടിലെ സ്പെയിൻ ഭരണം പ്രധാനമായും അബ്ദുൽ റഹ്മാൻ മൂന്നാമന്റെയും അദ്ദേഹത്തിന്റെ മകൻ അൽ ഹക്കമിന്റെയും കരങ്ങളിലായിരുന്നു. അബ്ദുൽറഹ്മാൻ മൂന്നാമന്റെ കാലഘട്ടം ഭരണപരമായ പുരോഗതി നേടിയപ്പോൾ ഹക്കം രണ്ടാമന്റെ കാലഘട്ടം വൈജ്ഞാനിക പുരോഗതിക്കാണ് പ്രസിദ്ധിയാർജിച്ചത്.

അബ്ദുൽറഹ്മാൻ മൂന്നാമൻ വൈജ്ഞാനിക രംഗത്ത് മികച്ച നിലവാരം പുലർത്തിയിരുന്നു. ഭരണപരമായ കാര്യങ്ങളിൽ നൈപുണ്യം നേടിയെടുക്കാൻ അദ്ദേഹത്തിനു സാധിക്കുകയുണ്ടായി. ഇത്തരം ഗുണഗണങ്ങൾ ഭരണ സാരഥ്യം ഏറ്റെടുക്കുമ്പോൾ ബന്ധുക്കളുടെ അധികാരാവകാശവാദങ്ങളെ വലിയ തോതിലുള്ള ആഭ്യന്തര എതിർപ്പുകളൊന്നും കൂടാതെ അദ്ദേഹത്തിനു പരിഹരിക്കാൻ കഴിഞ്ഞു.


തുടക്കത്തിൽതന്നെ സ്പെയിനിന്റെ വടക്കു ഭാഗത്തു നിന്നു ക്രിസ്തീയ ഭരണാധികാരികളുടെ പ്രക്ഷോഭങ്ങൾ അദ്ദേഹത്തിനു നേരിടേണ്ടിവന്നു. 914 സി. ഇ.യിൽ ലിയോണിലെ ഭരണാധികാരി ഓർഡോനോ രണ്ടാമൻ മുസ്‌ലിം ഭരണപ്രദേശ അതിർത്തിയിൽ കടന്നുകയറ്റം നടത്തുകയും മെറിഡ, തലവേര, അലൻജെ തുടങ്ങിയ പ്രദേശങ്ങളിൽ അക്രമം അഴിച്ചു വിടുകയും ചെയ്തു. ഇത് നേരിടാൻ അബ്ദു റഹ്മാൻ അഹ്മദ് ഇബ്നു അബീ അബ്ദുള്ളയുടെ കീഴിൽ വലിയ സൈന്യത്തെ അയക്കുകയും ഓർഡോനോ രണ്ടാമനെ കീഴടക്കുകയും ചെയ്തു. തുടർന്ന് ക്രിസ്തീയ സ്പെയിനിലെ മുഴുവൻ പ്രദേശങ്ങളും മുസ്‌ലിം ഭരണത്തിന്റെ കീഴിലായിമാറി. ഭരണമേൽക്കുമ്പോൾ തകർച്ചയുടെ ഭീതിയിലായിരുന്ന സ്പെയിനിനെ ചുരുങ്ങിയ കാലംകൊണ്ടു തന്നെ അബ്ദുൽ റഹ്മാൻ വളർച്ചയുടെ പാരമ്യത്തിലെത്തിക്കുകയും തന്റെ കീഴിലുള്ള എല്ലാ പ്രദേശങ്ങളെയും ഒന്നിപ്പിച്ചുകൊണ്ട് ഒരു സാമ്രാജ്യം രൂപീകരിച്ച് പ്രശ്നകലുഷിത അന്തരീക്ഷത്തിൽ നിന്ന് വ്യക്തമായ നിയമ വാഴ്ച നടപ്പാക്കുകയും ചെയ്തു. അങ്ങനെ അബ്ദുൽറഹ്മാൻ മൂന്നാമന്റെ കീഴിൽ സ്പെയിൻ അക്കാലത്തെ ഒരു പ്രബല ലോക ശക്തിയായി മാറുകയുണ്ടായി.

അര നൂറ്റാണ്ടോളം ഭരണം നടത്തിയ ശേഷം അബ്ദുൽ റഹ്മാൻ മൂന്നാമൻ 961 സി.ഇ.യിൽ മരണപ്പെട്ടു. അബ്ദുൽ റഹ്മാൻ മൂന്നാമനെ സ്പെയിൻ കണ്ടതിൽവെച്ച് ഏറ്റവും പ്രശസ്തനായ ഭരണാധികാരിയായിട്ടാണ് ചരിത്രത്തിൽ വിശേഷിപ്പിക്കുന്നത്. സ്പെയിനിലെ എല്ലാ ഉമവി ഭരണാധികാരികളും ഇദ്ദേഹത്തെയാണ് പ്രഗത്ഭനായ ഭരണാധികാരിയായി അംഗീകരിക്കുന്നത്. അബ്ദുറഹ്മാൻ മൂന്നാമൻ ഭരണത്തിൽ വന്നപ്പോൾ കൊർദോവയിൽ മാത്രമായി ഒതുങ്ങി നിന്നിരുന്ന മുസ്‌ലിം ഭരണം അദ്ദേഹം മരണപ്പെടുമ്പോൾ സ്പെയിൻ മുഴുവൻ വ്യാപിക്കുകയും വടക്കെ ആഫ്രിക്കയുടെ ചില പ്രദേശങ്ങൾകൂടി സ്പെയിനിന്റെ ഭരണത്തിൻ കീഴിലാകുകയും ചെയ്തു.


അബ്ദു റഹ്മാൻ മൂന്നാമനു ശേഷം അൽ ഹക്കം രണ്ടാമൻ സ്പെയിനിലെ ഭരണാധികാരിയാവുന്നത് അദ്ദേഹത്തിന്റെ നാൽപത്തിയാറാം വയസ്സിലായിരുന്നു അതുകൊണ്ടുതന്നെ ഭരണപരമായ പരിചയം അദ്ദേഹത്തിനു വേണ്ടുവോളമുണ്ടായിരുന്നു. അദ്ദേഹത്തിനുശേഷംവന്ന മകൻ അബ്ദുൽ മാലിക് അൽ മുസാഫറിന്റെ (976–1008 സി.ഇ.) ഭരണത്തോടെ കൊർദോവയിലുണ്ടായിരുന്ന ഉമവി ഭരണം ക്ഷയിക്കാൻ തുടങ്ങി.




സ്പെയിനിലെ സ്വതന്ത്ര ഉമവി രാജവംശം




ഗ്രാനഡയിലെ നാസിറിദ് രാജവംശം



അബ്ദുൾ റഹ്മാൻ മൂന്നാമന്റെ സംഭാവനകളെപ്പറ്റി ചർച്ച നടത്തുകയും കുറിപ്പ് തയാറാക്കുകയും ചെയ്യുക

അതിനുശേഷം മുസ്‌ലിം സ്പെയിനിലെ ഉമവി ഭരണകൂടം പരസ്പരം പോരടിക്കുന്ന ചെറിയ രാജവംശങ്ങളായി മാറി. ഈ കാലഘട്ടം ചെറു നാട്ടു രാജവംശങ്ങളുടെ ഭരണകാലഘട്ടം (മുലൂക്ക് അൽ തവാഇഫ്) എന്നറിയപ്പെടുന്നു. ഇത് പിന്നീട് മുസ്‌ലിം സ്പെയിനിനെ പൂർണമായ തകർച്ചയിലേക്ക് നയിച്ചു. സ്പെയിനിലെ അവസാനത്തെ മുസ്‌ലിം ഭരണകൂടം ഗ്രാനഡ കേന്ദ്രീകരിച്ചു നിലനിന്നിരുന്ന നാസിറിദ് ഭരണമായിരുന്നു.

## വൈജ്ഞാനിക സംഭാവനകൾ

മുസ്‌ലിം സ്പെയിനിനെ മഹത്വവത്കരിക്കുന്നത് അക്കാലത്തുണ്ടായിരുന്ന രാഷ്ട്രീയവും വൈജ്ഞാനികവുമായ പുരോഗതിയാണ്. അൽ ഹക്കം രണ്ടാമൻ വിദ്യാഭ്യാസ പുരോഗതിക്കായി ധാരാളം സംഭാവനകൾ നൽകുകയും വൈജ്ഞാനിക വികാസത്തിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്ന ഭരണാധികാരിയായിരുന്നു. അദ്ദേഹം പണ്ഡിതന്മാർക്കും വിദ്യാർഥികൾക്കും പ്രത്യേക ധനസഹായങ്ങൾ നൽകുകയും ഇരുപത്തേഴോളം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ തലസ്ഥാന നഗരിയിൽ സ്ഥാപിക്കുകയും ചെയ്തു



കൊർദോവ സർവകലാശാല

### *വിദ്യാഭ്യാസം*

വിദ്യാഭ്യാസ സംരംഭങ്ങൾ സ്പെയിനിൽ വിപുലമായ രീതിയിൽത്തന്നെ അക്കാലത്ത് ആരംഭിച്ചിരുന്നു. കൊർദോവ, സെവില്ലി, മലാഗ, ഗ്രാനഡ എന്നി നഗരങ്ങൾ പ്രസിദ്ധമായത് അവിടത്തെ മുസ്‌ലിം സർവ്വകലാശാലകളുടെ പേരുകൾകൊണ്ടാണ്. ഉന്നത വിദ്യാഭ്യാസത്തിനുള്ള അക്കാലത്തെ ലോക പ്രശസ്ത സർവകലാശാലകളായിരുന്ന ഇവിടേക്ക് മറ്റു യൂറോപ്യൻ പ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർഥികളുടെ സാന്നിധ്യം വളരെ ശക്തമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസ പാഠ്യപദ്ധതിയിലെ വിഷയങ്ങൾ ഖുർആനെ ആസ്പദമാക്കിയിട്ടുള്ള എഴുത്തും വായനയും അറബിവ്യാകരണം പഠനം എന്നിവയുമായിരുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഖുർആൻ, ദൈവശാസ്ത്രം, തത്വശാസ്ത്രം, കവിത, കവിതാരചനാ ശാസ്ത്രം, ചരിത്രം, ഭൂമി ശാസ്ത്രം എന്നിവയായിരുന്നു പ്രധാന പാഠ്യവിഷയങ്ങൾ.

ഫിലിപ്പ്. കെ. ഹിറ്റി. പറയുന്നു, 'പ്രത്യേകിച്ച് സ്പെയിനിന്റെ വിദ്യാഭ്യാസ പുരോഗതി പരിഗണിക്കുമ്പോൾ, ഭൂരിഭാഗം സ്പാനിഷ് മുസ്‌ലിംജനതയ്ക്കും അക്കാലത്ത് എഴുത്തും വായനയും അറിയാമായിരുന്നു. അക്കാലത്ത് യൂറോപ്പിലാകമാനം ഈ സ്ഥിതി കാണപ്പെട്ടിരുന്നുമില്ല'.


### *കൊർദോവ സർവകലാശാല*

അബ്ദുറഹ്മാൻ മൂന്നാമൻ നിർമിച്ച അൽ സഹ്റ പള്ളിയോട് ചേർന്നുകൊണ്ട് പിൽക്കാലത്ത് അൽ ഹക്കമാണ് കൊർദോവ സർവകലാശാല സ്ഥാപിച്ചത്. അക്കാലത്ത് ലോക പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനമായി ഇത് മാറുകയും യൂറോപ്പ്, ആഫ്രിക്ക, ഏഷ്യ എന്നിവിടങ്ങൽ നിന്നെല്ലാം വിദ്യാർഥികളുടെ ഇവിടേക്കുള്ള വരവിന് ആക്കം കൂട്ടുകയും ചെയ്തു. കൊർദോവ സർവകലാശാലയിലെ

പ്രധാനപ്പെട്ട പഠന വിഷയങ്ങൾ വാനശാസ്ത്രം, ഗണിതം, വൈദ്യശാസ്ത്രം, ശരിഅത്ത് നിയമ സംഹിത എന്നിവയായിരുന്നു. ഓരോ വർഷവും ആയിരത്തോളം വിദ്യാർഥികൾക്ക് അഡ്മിഷൻ നൽകപ്പെടുകയും പഠിച്ചിറങ്ങുന്ന വിദ്യാർഥികൾക്ക് ഉടൻതന്നെ ഉന്നത സ്ഥാനങ്ങളിൽ ജോലി നൽകുകയും ചെയ്തിരുന്നു.

### *ഗ്രാനഡ സർവകലാശാല*

ഏഴാമത്തെ നാസിറിദ്ദ് ഭരണാധികാരിയായിരുന്ന യൂസഫ് അബു അൽ ഹജ്ജാജാണ് ഗ്രാനഡ സർവകലാശാല സ്ഥാപിച്ചത്. പ്രസ്തുത സ്ഥാപനത്തിന്റെ കവാടം കല്ലുകൊണ്ട് നിർമിച്ച സിംഹത്തിന്റെ രൂപംകൊണ്ടാണ് അലങ്കരിച്ചിരുന്നത്. ഇവിടത്തെ പാഠ്യവിഷയങ്ങൾ കർമ്മശാസ്ത്രം, ദൈവശാസ്ത്രം, രസതന്ത്രം, തത്വശാസ്ത്രം, വാനശാസ്ത്രം എന്നിവയായിരുന്നു. വിദേശ വിദ്യാർഥികൾ ഈ സ്ഥാപനത്തിൽ പഠനത്തിനായ് വന്നിരുന്നുവെന്നും ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. മലാഗ, സെവില്ലി തുടങ്ങിയ സർവകലാശാലകൾ അക്കാലത്തെ മറ്റു പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്.



ഒരു സമൂഹത്തിൽ സർവകലാശാലകളുടെ സ്വാധീനത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

## ഗ്രന്ഥശാലകൾ

കൊർദോവയിലായിരുന്നു സ്പെയിനിലെ ഏറ്റവും വലിയ ഗ്രന്ഥശാല പ്രവർത്തിച്ചിരുന്നത്. അൽ ഹക്കം രണ്ടാമന്റെ ഭരണകാലത്ത് അലക്സാണ്ട്രിയ, ഡമസ്കസ്, ബാഗ്ദാദ് എന്നിവിടങ്ങളിലേക്ക് പണ്ഡിതന്മാരെ അയക്കുകയും അവിടെ ലഭ്യമായ ഗ്രന്ഥങ്ങളുടെ പകർപ്പുകൾ അവരിലൂടെ കൊർദോവയിലെത്തിക്കുകയും ചെയ്തു. വ്യത്യസ്ത പഠനവിഭാഗങ്ങളിലായി അദ്ദേഹം നാല് ലക്ഷത്തിലധികം പുസ്തകങ്ങൾ ഗ്രന്ഥശാലയിൽ സൂക്ഷിക്കുകയും പുസ്തകങ്ങളുടെ സ്ഥിതിവിവരപട്ടിക തയ്യാറാക്കി സൂക്ഷിക്കുകയും ചെയ്തു.

സർവകലാശാലകളോട് ചേർന്ന് വലിയ ഗ്രന്ഥശാലകൾ നിർമിക്കപ്പെട്ടിരുന്നത് മുസ്ലിം സ്പെയിനിന്റെ പ്രത്യേകതയായിരുന്നു. മുഹമ്മദ് ഒന്നാമൻ സ്ഥാപിച്ച കൊർദോവ സർവകലാശാലയെ അബ്ദുൽ റഹ്മാൻ മൂന്നാമൻ വിപുലമാക്കുകയും ഹക്കം രണ്ടാമന്റെ കീഴിൽ അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരവും ചേർത്തുകൊണ്ട് ലോകത്തെത്തന്നെ ഏറ്റവും വലിയ വൈജ്ഞാനിക കേന്ദ്രമാക്കി മാറ്റിയെടുക്കുകയും ചെയ്തു. ഇതിനുപുറമെ സ്ത്രീകളുൾപ്പെടെ ചില വ്യക്തികൾക്കും സ്വകാര്യ പുസ്തക ശേഖരങ്ങളുണ്ടായിരുന്നു.

## ഭാഷയും സാഹിത്യവും

തങ്ങളുടെ ഭാഷാ-സാഹിത്യ സംഭാവനകളിലൂടെ മുസ്ലിം സ്പെയിനിലെ പണ്ഡിതന്മാർ യൂറോപ്പിനു സംസ്കാരിക നാഗരികതകളുടെ ദീപശിഖയേന്തിയവരായിമാറി. അതിനു പുറമെ മധ്യകാല മുസ്ലിം പണ്ഡിതന്മാരാണ് പുരാതന ഗ്രീക്ക് തത്വശാസ്ത്രവും ശാസ്ത്ര അറിവുകളും കണ്ടെത്തിയത്. അവർ തങ്ങളുടേതായ സംഭാവനകൾ കൂട്ടിച്ചേർത്തുകൊണ്ട് യൂറോപ്പിൽ നവോത്ഥാനത്തിന് പ്രാപ്തമാകുന്നവിധം വീണ്ടുമത് പാശ്ചാത്യലോകത്തിനു കൈമാറുകയും ചെയ്തു. ഭാഷാശാസ്ത്ര പഠനങ്ങളായ വ്യാകരണ നിയമങ്ങൾ, ആലങ്കാരിക പ്രയോഗങ്ങൾ എന്നിവയെല്ലാം സ്പെയിനിൽ മുസ്ലിംകളുടെ ഭരണകാലത്താണ് രൂപപ്പെട്ടത്. കൊർദോവ സർവകലാശാല

യിലെ പ്രധാനപ്പെട്ട പണ്ഡിതന്മാരിലൊരാളായിരുന്നു അൽ ഖാലി. അദ്ദേഹത്തിന്റെ ശിഷ്യനായ മുഹമ്മദ് ഇബ്നു അൽ ഹസ്സൻ, അൽ സുബൈദി എന്നിവരെ അൽ ഹക്കം രണ്ടാമൻ തന്റെ ഇളയ പുത്രനായ ഹിശാമിനെ വിദ്യ അഭ്യസിപ്പിക്കാൻ നിയോഗിച്ചു. സുബൈദിയുടെ പ്രധാനപ്പെട്ട രചനയായ മുഷീർ വ്യാകരണ പണ്ഡിതന്മാരെയും ഭാഷാശാസ്ത്രജ്ഞരെയുംപറ്റി തരം തിരിച്ച് രേഖപ്പെടുത്തിയിരുന്ന പുസ്തകമാണ്. ഹിബ്രു വ്യാകരണത്തെയും അറബി വ്യാകരണത്തെയുംപ്പറ്റി അക്കാലത്ത് എഴുതപ്പെട്ടിരുന്നു. പല സാങ്കേതിക അറബി പദങ്ങളുടെയും രൂപീകരണം, സ്പെയിനിലെ ഇസ്‌ലാമിക ഭരണകാലത്തായിരുന്നു നടന്നത്. സ്പെയിനിൽ ജീവിച്ചിരുന്ന ഹജ്ജാബ് ജൂദാ ബിൻ ഡേവിഡ് ആണ് ഹിബ്രു ഭാഷയിൽ ശാസ്ത്രീയമായ വ്യാകരണ നിയമങ്ങൾ ഉണ്ടാക്കിയത്. കൊർദോവയിലെ ഏറ്റവും പ്രസിദ്ധനായ എഴുത്തുകാരനായ ഇബ്നു അബ്ദു റാബിഹ് ആന്തോളജിയെപ്പറ്റി എഴുതിയിട്ടുള്ള ഗ്രന്ഥമാണ് അൽ ഇഖ്ദുൽ ഫരീദ്. അറബികളുടെ സാഹിത്യ ചരിത്രത്തെപ്പറ്റി എഴുതിയിട്ടുള്ള രചനകളിൽ പ്രഥമ സ്ഥാനം അൽ അഘാനിക്കാണ്. ഇസ്‌ലാമിക സ്പെയിനിന്റെ പേരുകേട്ട ചിന്തകനും പണ്ഡിതനുമായിരുന്നു അലി ഇബ്നു ഹസ്സം.

## ഇബ്നു ഖാലികാൻ

ചരിത്രം, ദൈവശാസ്ത്രം, ഹദീസ്, യുക്തി ശാസ്ത്രം, കവിത തുടങ്ങിയ വിഷയങ്ങളിലായി നൂറു വാള്യങ്ങളുള്ള രചനകൾ ഇബ്നു ഖാലികാൻ വൈജ്ഞാനിക ലോകത്തിനു സംഭാവന നൽകിയിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. അദ്ദേഹത്തിന്റെ ഏറ്റവും പ്രധാന രചനയാണ് പ്രേമകാവ്യമായ തവഖൽ ഹമാമയും, അൽ ഫസൽ ഫിൽ-മിലാൽ വൽ നിഹാലും.

## ചരിത്രരചന ശാസ്ത്രം


ഇബ്നു ഖൽദൂന്റെ രചനകൾകൊണ്ടാണ് അറേബ്യൻ ചരിത്രരചനാ ശാസ്ത്രം സമ്പന്നമാകുന്നത്. അദ്ദേഹത്തിന്റെ പ്രശസ്ത ചരിത്ര ഗ്രന്ഥത്തിന്റെ ആമുഖമായ മുഖദ്ദിമ ലോകപ്രസിദ്ധമായൊരു രചനയാണ്. സെവില്ലിയിൽ ജീവിച്ചിരുന്ന ഇബ്നു ഖൽദൂൻ കുടുംബത്തിന്റെ പിൻ തലമുറക്കാരനായിരുന്നു അദ്ദേഹം. മെയ് 27, 1332 സി.ഇ.യിൽ സെവില്ലിയിൽ ജനിച്ച ഇബ്നു ഖൽദൂനു വസ്തുതകൾ വിശകലനം ചെയ്യാനുള്ള കഴിവും നല്ല നിരീക്ഷണപാടവവും ജന്മനാ അപാരമായ ഓർമ ശക്തിയുമുണ്ടായിരുന്നു. ഈ കഴിവുകൾ അദ്ദേഹത്തിന്റെ ചരിത്ര രചനകളിൽ പ്രതിഫലിച്ചു. മാനവ ചരിത്രരചനയുടെ വികാസത്തിന് നിരവധി സംഭാവനകൾ നൽകാൻ അദ്ദേഹത്തിനു സാധിച്ചു.

'മുഖദ്ദിമ' ആരംഭിക്കുന്നതുതന്നെ ചരിത്രത്തിന്റെ പ്രത്യേകതകളെയും സാധ്യതയെയും വിവരിച്ചുകൊണ്ടാണ്. ചരിത്രത്തിന്റെ പരോക്ഷമായ അർഥതലങ്ങൾ, സത്യത്തെ കണ്ടെത്തലും മൂർത്തമായ വസ്തുക്കളുടെ ആരംഭവും അതിന്റെ കാര്യകാരണങ്ങളുടെ വിശദമായ വിവരണവും സംഭവങ്ങളെപ്പറ്റി എങ്ങനെ, എന്തുകൊണ്ട് തുടങ്ങിയ കൃത്യമായ ചോദ്യങ്ങൾക്കുള്ള ഗഹനമായ ഉത്തരം കണ്ടെത്തലുമാകുന്നുവെന്ന് മുഖദ്ദിമ വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ കിതാബുൽ ഇബ്റ് എന്ന ചരിത്ര ഗ്രന്ഥത്തിന്റെ ആമുഖമാണ് മുഖദ്ദിമ. പ്രസ്തുത ബൃഹത് ചരിത്രഗ്രന്ഥം മധ്യകാലഘട്ടത്തിലുണ്ടായിരുന്ന അറബികളുടെയും പേർഷ്യൻ, ബർബർ വംശജരുടെയും ചരിത്രത്തെപ്പറ്റിയാണ് പ്രധാനമായും പ്രതിപാദിക്കുന്നത്. ഇബ്നു ഖൽദൂനെ മധ്യകാലഘട്ടത്തിലെ 'സമൂഹശാസ്ത്രത്തിന്റെ പിതാവ്' എന്ന് വിളിക്കപ്പെട്ടിരുന്നു.

## ഭൂമിശാസ്ത്രം

പതിനൊന്നാം നൂറ്റാണ്ടിലെ പ്രസിദ്ധനായ ഭൂമിശാസ്ത്രജ്ഞനായിരുന്ന അൽ ബക്കരി ഒരു ഹിസ്പാനോ അറബിയായിരുന്നു. എന്നാൽ അക്കാലഘട്ടത്തിലെ ഏറ്റവും പ്രഗത്ഭനായ ഭൂമി

ശാസ്ത്രജ്ഞനായിരുന്ന അൽ ഇദ്രീസി പന്ത്രണ്ടാം നൂറ്റാണ്ടിലെ അറിയപ്പെടുന്ന ഭൂപട നിർമാതാവും കൂടിയായിരുന്നു.



ഉമവി സ്പെയിനിലുണ്ടായിരുന്ന പ്രധാനപ്പെട്ട പണ്ഡിതന്മാർ, അവരുടെ രചനകൾ എന്നിവയെപ്പറ്റി വിശദമായ വിവരങ്ങൾ ശേഖരിക്കുക.

സ്പെയിനിലെ പ്രസിദ്ധമായ അറബി കുടുംബത്തിലെ പിൻതലമുറക്കാരനായിരുന്ന അൽ ഇദ്രിസിയുടെ ആദ്യകാല വിദ്യാഭ്യാസം സ്പെയിനിലായിരുന്നു. ഇബ്നു ജുബൈർ, അബുൽ ഹുസൈൻ എന്നിവർ അക്കാലഘട്ടത്തിലെ പ്രധാനപ്പെട്ട സഞ്ചാരികളായിരുന്നു. ഇബ്നു ജുബൈർ ഗ്രാനഡയിൽ നിന്നു മക്കയിലെത്തി. അവിടെ നിന്ന് ഈജിപ്ത്, ഇറാഖ്, സിറിയ എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും അവയെക്കുറിച്ചെല്ലാം യാത്രാവിവരണങ്ങൾ എഴുതുകയും ചെയ്തു.

മധ്യകാലഘട്ടത്തിലെ മുസ്ലിം ഭൂഗോളസഞ്ചാരി എന്നറിയപ്പെടുന്ന മൊറോക്കൻ അറബിയായ മുഹമ്മദ് ഇബ്നു അബ്ദുള്ള ഇബനു ബത്തൂത്തയുടെ വരവോടെ ഇബ്നു ജുബൈർ, മസീനി എന്നിവരുടെ ഈ രംഗത്തുള്ള പ്രസിദ്ധിക്ക് മങ്ങലേൽക്കാൻ തുടങ്ങി. ഇബനു ബത്തൂത്ത ഒട്ടുമിക്ക സ്ഥലങ്ങളിലും സഞ്ചരിക്കുകയും തന്റെ സഞ്ചാരക്കുറിപ്പുകൾ ലോകത്തിനു സമർപ്പിക്കുകയും ചെയ്തു.

## വാനശാസ്ത്രവും ഗണിതശാസ്ത്രവും

പത്താം നൂറ്റാണ്ടിന്റെ അവസാന പകുതിയിലാണ് സ്പെയിനിൽ വാനശാസ്ത്ര പഠനങ്ങൾ ആരംഭിക്കുന്നത്. കൊർദോവ, സെവില്ലി, ടോലിഡോ തുടങ്ങിയ സ്ഥലങ്ങളിലെ ഭരണാധികാരികൾ പ്രത്യേക പരിഗണന ഈ മേഖലയ്ക്ക് നൽകുകയും ചെയ്തിരുന്നു. പൊതുവെ വാനശാസ്ത്രജ്ഞന്മാരെല്ലാവരും ഗണിത ശാസ്ത്രത്തിലും നൈപുണ്യമുള്ളവരായിരുന്നു. ബാഗ്ദാദിലെ അബു മശ്അർ എന്ന വാനശാസ്ത്രജ്ഞനെപ്പോലെ തന്നെ അന്തലൂസ്യയിലെ വാന ശാസ്ത്രജ്ഞന്മാരും മനുഷ്യന്റെ ജനനവും മരണവും അവയ്ക്കിടയിലെ ജീവിതത്തിന്റെ ഗതികളിലുമെല്ലാം ആകാശഗോളങ്ങളുടെ സ്വാധീനമുള്ളതായി വിശ്വസിക്കപ്പെട്ടിരുന്നു. ഇത്തരത്തിലുള്ള ആകാശ ഗോളങ്ങളുടെ സ്വാധീനത്തെപ്പറ്റിയുള്ള പഠനവും ജ്യോതിഷവും പ്രധാനമായും ഭൂഗോളത്തിലെ സ്ഥല-സ്ഥാന നിർണയത്തിനും ഭൂഗോളത്തിലെ സാങ്കല്പിക രേഖകളായ അക്ഷാംശ-രേഖാംശ രേഖകളുടെ രൂപീകരണത്തിനും വേണ്ടിയായിരുന്നു. ഇക്കാരണത്താൽ വാന ശാസ്ത്രപഠനം പിന്നീട് ജ്യോതിശാസ്ത്ര പഠനത്തിനു ഏറെ സഹായകമായിത്തീരുകയും ചെയ്തു. ചുരുക്കത്തിൽ സ്പെയിനെന്ന മാധ്യമത്തിലൂടെയായിരുന്നു പൗരസ്ത്യ ലോകത്തെ വാനശാസ്ത്ര-ജ്യോതിശാസ്ത്ര പഠനങ്ങൾ പടിഞ്ഞാറൻ ലാറ്റിനിലേക്ക് എത്തിയത്.




അസ്ട്രോലാബ്

യൂറോപ്പിന്റെ ഗണിതശാസ്ത്ര വികസനത്തിലും അറബികളുടെ കാലടിപ്പാടുകൾ സുവ്യക്തമാണ്. അറബി ഭാഷയിൽ നിന്നാണ് ആൾജിബ്ര, അൽഗോരിതം തുടങ്ങിയ പദങ്ങൾ ലാറ്റിൻ ഭാഷയി

ലേക്ക് വരുന്നത്. ആദ്യമായി മുസ്‌ലിം ലോകത്ത് ഗണിതശാസ്ത്ര പട്ടികയ്ക്ക് രൂപം നൽകിയ ഖവാറസ്മിയുടെ കണ്ടെത്തലുകളിലെ പാകപിഴവുകൾ കണ്ടെത്തുകയും തിരുത്തുകയും ചെയ്തത് സ്പെയിൻ പണ്ഡിതനായിരുന്നു അൽ മജ്‌രിസി. കൊർദോവയിൽ ജീവിച്ചിരുന്ന അൽ മജ്‌രിസിക്കാണ് 'അൽ ഹാസിബ്' (ഗണിത ശാസ്ത്രജ്ഞൻ) എന്ന പ്രശംസനീയ സ്ഥാനപേര് അറബ്‌ലോകം നൽകിയത്. മാത്രമല്ല അദ്ദേഹത്തെ അറബ് ലോകം ഗണിതശാസ്ത്ര അറിവുകളുടെ ഇമാമായി (നേതാവ്) കരുതിയിരുന്നു. സ്പെയിനിലുണ്ടായിരുന്ന വാനശാസ്ത്ര നിരീക്ഷകനായിരുന്നു ടോളിഡോവിൽ ജീവിച്ചിരുന്ന അൽ സർക്കാലി. മധ്യധരണ്യാഴി കടലിന്റെ നീളത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ ടോളമിയുടെയും ഖവാറസ്മിയുടെയും കണ്ടെത്തലുകളെക്കാൾ മികച്ചതായിരുന്നു. ഗ്രഹങ്ങൾ സൂര്യനുചുറ്റും പരിക്രമണം ചെയ്യുമ്പോളുണ്ടാകുന്ന രണ്ട് പ്രതിഭാസങ്ങളായ അപ്പോജി (സൂര്യനിൽ നിന്നു ഏറ്റവും അകലെയാകുന്ന അവസ്ഥ), പെഡിഗ്രി (സൂര്യനോട് ഏറ്റവും അടുക്കുന്ന അവസ്ഥ) തുടങ്ങിയവയെപ്പറ്റി ശാസ്ത്രലോകത്തിനു ആദ്യം അറിവു നൽകുന്ന പണ്ഡിതനുംകൂടിയാണ് അൽ സർക്കാലി.

പന്ത്രണ്ടാം നൂറ്റാണ്ടിൽ സെവില്ലി കേന്ദ്രീകരിച്ച് പ്രസിദ്ധിയാർജിച്ച വാനശാസ്ത്രജ്ഞനാണ് ജാബിർ ഇബ്നു അഫ്‌ലഹ്. അദ്ദേഹം ടോളമിയുടെ വാനശാസ്ത്ര കണ്ടെത്തലുകളിലെ അപാകതകൾ തിരുത്തുകയുണ്ടായി. വാനശാസ്ത്രത്തെപ്പറ്റി അദ്ദേഹമെഴുതിയിട്ടുള്ള ഗ്രന്ഥങ്ങളാണ് ഇസ്‌ലഹ് അൽ മജിസ്റ്റി, കിതാബുൽ ഹയ്അ എന്നിവ. അദ്ദേഹമാണ് ആദ്യമായി ആകാശലോകത്തിന്റെ രൂപരേഖ വരയ്ക്കുന്നതും ആകാശഗോളങ്ങളുടെ ചലനത്തെപ്പറ്റി പരാമർശിക്കുന്നതും. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരുന്നു സെവില്ലിയിൽ ഒരു വാനനിരീക്ഷണ ഗോപുരത്തിനു നിർമാണം നടന്നത്.



വ്യത്യസ്ത ഉറവിടങ്ങളിൽ നിന്നായി വാനശാസ്ത്ര മേഖലയിൽ ഇന്ത്യ നൽകിയ സംഭാവനകളെപ്പറ്റി ഒരു ക്ലാസ് അസൈൻമെന്റ് തയ്യാറാക്കുക.

## വൈദ്യശാസ്ത്രം

മുസ്‌ലിം സ്പെയിനിലുണ്ടായിരുന്ന പ്രധാനപ്പെട്ട വൈദ്യശാസ്ത്രജ്ഞരായിരുന്നു ഇബ്നു ഖാതിബ്, അൽ സഹ്റാവി, ഇബ്നു സുഹൈർ എന്നിവർ. ഇതിൽ ഗ്രാനഡയിൽ ജീവിച്ചിരുന്ന ഇബ്നുൽ ഖാതിബാണ് പകർച്ചവ്യാധികളെ ചെറുക്കുന്ന ചികിത്സാരീതിയെപ്പറ്റി ലേഖനമെഴുതിയ ആദ്യത്തെ മുസ്‌ലിം വൈദ്യശാസ്ത്രജ്ഞൻ. ഹക്കം രണ്ടാമന്റെ കൊട്ടാര ഭിഷഗ്വരനായ അദ്ദേഹം അക്കാലത്തെ പ്രശസ്ത ശസ്ത്രക്രിയാ വിദഗ്ധൻ കൂടിയായിരുന്നു. ശസ്ത്രക്രിയയെയും അതിനുള്ള ഉപകരണങ്ങളെയുംപ്പറ്റി അദ്ദേഹം എഴുതിയിട്ടുള്ള പ്രശസ്തഗ്രന്ഥമാണ് അൽ തഫ്സീർ ലിമാൻ അജ്ജസാഇൻ അൽ തഅ്ലിഫ്. അൽ സഹറവിയെപ്പോലെത്തന്നെ ശസ്ത്രക്രിയാരംഗത്ത് പ്രശസ്തനായിരുന്നു ഇബ്നു സുഹൈറും. അദ്ദേഹത്തിനു സ്പെയിനിലെ പ്രശസ്തമായ വൈദ്യശാസ്ത്ര കുടുംബപാരമ്പര്യവും ഉണ്ടായിരുന്നു. സെവില്ലിയിൽ ജനിച്ച അദ്ദേഹം മുവഹിദ് രാജവംശ സ്ഥാപകനായ അബ്ദുൽ മുഅമിന്റെ ശേഷം 1162 സി.ഇ.യിലാണ് മരണപ്പെടുന്നത്. റാസി കഴിഞ്ഞാൽ പിന്നീട് മുസ്‌ലിംലോകം കണ്ട ഏറ്റവും വലിയ ഭിഷഗ്വരനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ ഗ്രന്ഥമായിരുന്നു 'അൽ തയ്സീർ ഫിൽ മുദവ്വവൽ തദ്ബീർ'.

## തത്വശാസ്ത്രം

ഗ്രീക്ക് തത്വശാസ്ത്രത്തെപ്പറ്റി വിശകലനം ചെയ്തുകൊണ്ടാണ് സ്പെയിനിലെ അറബികൾ തത്വശാസ്ത്ര ലോകത്തേക്ക് കടന്നുവരുന്നത്. ഇബ്നു റുഷ്ദ്, ഇബ്നു അറബി, മയ്മൂൺ, ബെൻ ഗെബ്രിയേൽ, ഇബ്നു ബാജ്ജ എന്നിവരായിരുന്നു മുസ്‌ലിം സ്പെയിനിലെ പ്രശസ്തരായ തത്വശാസ്ത്രജ്ഞന്മാർ.

### ഇബ്നു റുഷ്ദ്


അവിറോസെന്ന് പാശ്ചാത്യ ലോകത്തറിയപ്പെടുന്ന ഇബ്നു റുഷ്ദ് അരിസ്റ്റോട്ടിലിന്റെ ലോകനശ്വരതയെന്ന ആശയത്തോട് യോജിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ദ്രവ്യവും ആകാരവും നശ്വരമാണ്. മനുഷ്യന്റെ ധൈഷണികതമാത്രമാണ് അനശ്വരവും അമൂർത്തവും വ്യക്തിയിൽ നിന്ന വേർതിരിക്കപ്പെടാവുന്നതുമായത്. ഇതാണ് പ്രാപഞ്ചികാത്മാവിന്റെ സാക്ഷാത്കാരം. അത് താൽക്കാലികമായി മൂർത്തഭാവം സ്വീകരിക്കപ്പെടുകമാത്രമാണ് ചെയ്യുന്നത്. ദ്രവ്യത്തിന് ജീവൻ നൽകുന്ന ശക്തിയാണ് ആത്മാവ് എന്നിവയാണ് ഇബ്നു റുഷ്ദിന്റെ പ്രധാനപ്പെട്ട തത്വചിന്താപരമായ കണ്ടെത്തലുകൾ.

### ഇബ്നു അറബി

ഇബ്നു അറബിയാണ് സ്പെയിനിന്റെ യഥാർഥ ചിന്തകനായി അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ പ്രധാനതത്വം ദൈവമെന്നത് ഇന്ദ്രിയഗോചരവും ലോകമെന്നത് ആശയപൂരിതവുമാണ് എന്നതാണ്. ഉൾവിളിയാണ് മനുഷ്യന്റെ ഏറ്റവും വലിയ മാർഗദർശിയെന്ന് വാദിക്കുന്ന അദ്ദേഹം, ഉൾവിളിയുടെ പ്രത്യേക മാർഗത്തിലൂടെ സ്വയം പ്രകാശപൂരിതനാകുന്നതായി വിശ്വസിച്ചു. അദ്ദേഹമാണ് അറബ് ലോകത്തിന് വഹ്ദത്തുൽ വുജൂദ് (അദ്വൈതസിദ്ധാന്തം) എന്ന ആശയം സംഭാവന നൽകുന്നത്. പ്രസ്തുത ആശയപ്രകാരം ദൈവമല്ലാതെ മറ്റൊരു യാഥാർഥ്യമില്ല, പ്രപഞ്ചത്തിലെ സകലതും ദിവ്യത്വത്തിന്റെ ആവിഷ്കാരമാണെന്ന് അദ്ദേഹം സമർഥിക്കുന്നു.

### സോളമൻ ബെൻ ഗെബ്രിയൽ

നവ-പ്ലാറ്റോണിസത്തിന്റെ ആദ്യവക്താവായിട്ടാണ് സോളമൻ ബിൻ ഗെബ്രിയൽ അറിയപ്പെടുന്നത്. അദ്ദേഹം പണ്ഡിത ലോകത്ത് ജൂതപ്ലാറ്റോ എന്നു വിളിക്കപ്പെട്ടിരുന്നു.



ഉമവി കാലഘട്ടത്തിൽ സ്പെയിനിലുണ്ടായിരുന്ന തത്വചിന്താരീതിയുടെ പ്രധാന ആശയങ്ങളെപ്പറ്റി ഒരു ചാർട്ട് തയ്യാറാക്കുക.

## കലയും വാസ്തുവിദ്യയും

എല്ലാ തരത്തിലുമുള്ള കലാരൂപങ്ങളും സ്പെയിനിൽ ഇസ്‌ലാമിക ഭരണകാലത്ത് കാണപ്പെട്ടിരുന്നു. ലോഹ നിർമിത കലാരൂപങ്ങൾക്കും കൊത്തുപണികൾക്കുമായി ഹിസ്പാനോ അറബ് എന്നൊരു വിദ്യാഭ്യാസ സ്ഥാപനം നിലനിന്നിരുന്നതായി പറയപ്പെടുന്നു. ചെറുകിട കലാസൃഷ്ടിരംഗത്ത് പ്രശസ്തമായിരുന്നതായിരുന്നു സെറാമിക് കലകൾ. സ്പെയിനിലെ വലൻസിയ എന്ന നഗരമായിരുന്നു പാശ്ചാത്യ ലോകത്ത് പ്രസ്തുത കലാസൃഷ്ടിക്ക് പ്രശസ്തമായ നഗരം. കളിമൺപാത്ര നിർമാണവും ആരംഭിക്കുകയും ചെയ്തു. മുസ്‌ലിം സ്പെയിനിന്റെ പ്രസ്തുത കളിമൺപാത്ര നിർമ്മാണത്തിന്റെ അനുകരണം പതിനഞ്ചാം നൂറ്റാണ്ടിൽ ഹോളണ്ടിലും കാണാൻ സാധിച്ചിരുന്നു. പിന്നീട് സ്പെയിനിൽ നിന്ന് ഈ കലാനിർമിതി ഇറ്റലിയിലേക്കെത്തുകയും ചെയ്തു. ഇതിന്റെ സ്വാധീനം പിന്നീടു വന്ന യൂറോപ്യൻ പാത്രനിർമാണ കലകളിലും സ്വസോ



അൽ ഹംറ കൊട്ടാരം

അറബിക്, ക്രിസ്തീയമായ തനത് ശൈലികളുള്ള ഉപകരണങ്ങളിലും കാണാൻ സാധിച്ചിരുന്നു. സെറാമിക്കിന്റെയും, മൊസൈക്കിന്റെയും രൂപങ്ങളും ടൈലുകളും സ്പാനിഷ്കലയുടെ ഭാഗമായിരുന്നു. വ്യത്യസ്ത തരത്തിലുള്ള നിറങ്ങൾ സ്പെയിനിലും പോർട്ടുഗലിലും കൊണ്ടുവന്നത് അറബികളുടെ പാരമ്പര്യമായി കണക്കാക്കുന്നു.

ലോഹനിർമിതിപോലെത്തന്നെ ഗ്ലാസ് നിർമാണം, കളിമൺപാത്ര നിർമാണം, വാസ്തുവിദ്യ, മറ്റ് അലങ്കാര കലകൾ എന്നിവയെല്ലാംതന്നെ സ്പെയിനിൽ മുസ്‌ലിംകളുടെ ഭരണകാലത്ത് നിലനിന്നിരുന്നു. നിരവധി യൂറോപ്യൻ നിർമിതികളിൽ ഇസ്‌ലാമിക രീതിയുടെ അടയാളങ്ങൾ ശേഷിക്കുന്നതായി കാണാം.




ആനകൊമ്പുകൊണ്ടുള്ള ആഭരണപ്പെട്ടി

പത്താം നൂറ്റാണ്ടിൽ കൊർദോവയിൽ ആനക്കൊമ്പുകൊണ്ടുള്ള അലങ്കാര വസ്തുക്കളുടെ നിർമാണത്തിനുള്ള സ്ഥാപനം നിലനിന്നിരുന്നു. ഭംഗിയാർന്ന പെട്ടികളും ചെപ്പുകളും ആനക്കൊമ്പുകൊണ്ട് നിർമിക്കുകയും അതിൽ ആഭരണങ്ങളും മുത്തുകളും ഘടിപ്പിക്കുകയും ചെയ്തിരുന്നു. ഇവ ആഭരണപ്പെട്ടികളും സുഗന്ധദ്രവ്യപ്പെട്ടികളുമായിട്ടാണ് പ്രധാനമായും ഉപയോഗിച്ചിരുന്നത്. അവയുടെ പുറംഭാഗം നായാട്ടു രംഗങ്ങളുടെയോ സംഗീത സദസ്സുകളുടെയോ മൃഗങ്ങളുടെയോ ചിത്രങ്ങൾ വരച്ചുകൊണ്ട് ഭംഗിയായി അലങ്കരിച്ചിരുന്നു. സ്പെയിനിലെ ഹിസ്പാനോ - മുസ്‌ലിം അലങ്കാരകലയുടെ ഉത്തമ ഉദാഹരണമായിരുന്നു നാസിറിദ് രാജവംശത്തിന്റെ കൊട്ടാരമായ അൽ ഹംറാഅ്.

കൊർദോവയിൽ അബ്ദുൽറഹ്മാൻ മൂന്നാമൻ അൽ സഹറ നഗരവും അൽ സഹറ കൊട്ടാരവും നിർമിക്കുകയുണ്ടായി. പ്രസ്തുത കൊട്ടാരത്തിൽ നാന്നൂറ് മുറികളും അടിമകളുടെയും കാവൽക്കാരുടെയും ഭവനങ്ങളും കൊട്ടാരത്തിലുണ്ടായിരുന്നു. കൊർദോവയിലെ ഗ്വാഡൽകിവർ നദിയുടെ അഭിമുഖമായി സ്പെയിനിന്റെ വടക്ക് പടിഞ്ഞാറായിട്ടായിരുന്നു ഈ നഗരം സ്ഥാപിച്ചിരുന്നത്.



അൽ ഹംറ കൊട്ടാരത്തിലെ കോർട്ട് ഓഫ് ലയൻസ്



സ്പെയിനിന്റെ വാസ്തുവിദ്യ സംഭാവനകളുടെ ചിത്രങ്ങൾ ശേഖരിച്ച എന്റെ ആൽബം നിർമ്മിക്കുക.

*അൽ ഹകം കൊർദോവപള്ളി വിപുലീകരിക്കുകയും അതിനോട് ചേർന്ന് കൊർദോവ സർവകലാശാല സ്ഥാപിക്കുകയും ലെഡ് പൈപ്പ് ഉപയോഗിച്ച് ജലലഭ്യത പള്ളിയിൽ ഉറപ്പാക്കുകയും ബൈസന്റൈൻ കലാകാരന്മാരെക്കൊണ്ട് ഭീമമായ പണംചെലവഴിച്ച് പള്ളിയെ മനോഹരമാക്കുകയും ചെയ്തു. പ്രശസ്തമായ ഈ സ്ഥാപനത്തിലേക്ക് പൗരസ്ത്യലോകത്തു നിന്നും പണ്ഡിതന്മാരെ ക്ഷണിക്കുകയും ആകർഷകമായ വേതനം നൽകുകയും ചെയ്തു.*

## സ്പെയിനിലെ മുസ്‌ലിം ഭരണത്തിന്റെ തകർച്ച


പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സ്പെയിനിൽ ആഭ്യന്തര പ്രശ്നങ്ങൾ ഉടലെടുക്കുകയുണ്ടായി. അവസാനത്തെ മുസ്ലിം ഭരണകൂടമായ ഗ്രാനഡയിലെ നാസിറിദ് രാജവംശത്തെ തകർക്കാൻ ക്രിസ്തീയ ഭരണാധികാരികൾ ശ്രമം തുടങ്ങി. ഗ്രാനഡയിലെ ഇടയ്ക്കിടെയുള്ള മുസ്ലിം ഭരണാധികാരികളുടെ മാറ്റം ക്രിസ്തീയ ഭരണാധികാരികളിൽ ഏറ്റവും പ്രഗത്ഭനായ

സിഡോണയിലെ ഡ്യൂക്കിന്റെ സഹായത്തോടെ സൈനികനീക്കം നടത്തുന്നതിനും ജിബ്രാൾട്ടർ പിടിച്ചടക്കുന്നതിനും സാധിച്ചു. ജിബ്രാൾട്ടർ നഷ്ടമായത് (ആഗസ്റ്റ് 20, 1462 സി.ഇ.) മുസ്‌ലിംകൾക്കേറ്റ ഏറ്റവും വലിയ പ്രഹരമായിരുന്നു. അങ്ങനെ ഗ്രാനഡ രാജവംശത്തെ വടക്കെ ആഫ്രിക്കയിൽ നിന്നു വേർതിരിക്കുന്നതിൽ ക്രിസ്ത്യൻ ഭരണാധികാരികൾ വിജയിച്ചു.

ഗ്രാനഡയിലെ നാസിറിദ് ഭരണത്തിന്റെ തകർച്ചയോടെ സ്പെയിനിൽ മുസ്‌ലിം ഭരണം എന്നെന്നേക്കുമായി അവസാനിച്ചു. ആയിരക്കണക്കിന് മുസ്‌ലിംകൾ ഗ്രാനഡയിലും വലൻസിയായിലും മുർസിയായിലും സ്പെയിനിന്റെ മറ്റു ഭാഗങ്ങളിലുമായി ക്രിസ്ത്യാനികൾക്കു വലിയ പ്രതിരോധം സൃഷ്ടിച്ചു. ഗ്രാനഡ പിടിച്ചടക്കൽ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു.

## ഗ്രാനഡയുടെ തകർച്ച

1491-സി.ഇ.യിൽ ഫെർഡിനാനിന്റെ കീഴിൽ നാൽപ്പതിനായിരം കാലാൾപ്പടയും പതിനായിരം കുതിരപ്പടയും നാസിറിദ് ഭരണത്തെ കീഴടക്കുന്നതിനും മുസ്‌ലിംങ്ങളെ തുരത്തിയുന്നതിനുമായി ഗ്രാനഡയിലെത്തി. വൃക്ഷങ്ങളും കൃഷിയിടങ്ങളും നശിപ്പിക്കുകയും വീടുകൾ അഗ്നിക്കിരയാക്കുകയും പ്രതിരോധിക്കാൻ അശക്തരായ പ്രദേശവാസികളെ ക്രൂരമായി വേട്ടയാടുകയും വധിക്കുകയും അംഗവിച്ഛേദം നടത്തുകയും ചെയ്തു. കർത്തിലിയൻ ക്യാമ്പുകളിൽ സാരസൻ അറബികൾ നിഷ്ഠൂരമായി വധിക്കപ്പെട്ടു. ഫെർഡിനാൻ തന്റെ പടിഞ്ഞാറൻ യോദ്ധാക്കളുടെ നഷ്ടത്തോടെ സാരസൻ അറബികളെ പൂർണമായും കീഴടക്കാൻ തീരുമാനിച്ചു. 1492-ൽ ഫെർഡിനാന്റ് തന്റെ ചരിത്രപ്രസിദ്ധമായ കൽപ്പന പുറപ്പെടുവിച്ചു. പരാജിതരായ മുസ്‌ലിംകൾക്ക് സ്പെയിനിൽ നിലനിൽക്കണമെങ്കിൽ അവർ ക്രിസ്തുമതം സ്വീകരിക്കുക. അതിനു തയ്യാറല്ലെങ്കിൽ സ്പെയിനിൽനിന്നും പുറത്ത് പോവുക. ഇതായിരുന്നു കൽപന. സ്പെയിനിൽനിന്നു മുസ്‌ലിംകളെ പുറത്താക്കാനുള്ള അന്ത്യശാസനം പുറപ്പെടുവിച്ചത് ഫിലിപ്പ് മൂന്നാമനായിരുന്നു. ദശലക്ഷക്കണക്കിന് മുസ്‌ലിംകൾക്ക് കൊടിയ പീഡനം ഏൽക്കേണ്ടിവന്നു. അവർ തങ്ങളുടെ എല്ലാം ഉപേക്ഷിച്ചുകൊണ്ട് ആഫ്രിക്കൻ തീരങ്ങളിലും ഒട്ടോമൻ സാമ്രാജ്യത്തിലും അഭയം തേടി. 1492-സി.ഇ. മുതൽ പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾവരെ ഏകദേശം മുപ്പത് ലക്ഷം മുസ്‌ലിംകളെ സ്പെയിനിൽ നിന്നു പുറത്താക്കിയതായി കണക്കാക്കുന്നു. അങ്ങനെ സ്പെയിനിലുണ്ടായിരുന്ന ക്രിസ്ത്യാനികളുടെ ഇസ്‌ലാം വിരുദ്ധത എന്നേക്കുമായവർ അവസാനിപ്പിച്ചു. എന്നാൽ മുസ്‌ലിംകൾ നട്ടുവളർത്തിയ സാംസ്കാരിക വൈജ്ഞാനിക പാരമ്പര്യത്തെ പിഴുതെറിയാൻ അവർക്ക് സാധിച്ചില്ല. അത് ഇന്നും നിലനിൽക്കുന്നു.



സ്പെയിനിലെ ഇസ്‌ലാം മതത്തിന്റെ തകർച്ചയെപ്പറ്റി ചർച്ച ചെയ്യുക

**ചെറു രാജവംശങ്ങൾ**

**(1031-1086 സി.ഇ.)**

മലാഗയിലെ ബനൂ ഹമ്മൂദ്

ഗ്രാനഡയിലെ ബനൂ സിരി

സരഗോസയിലെ ബനൂ ഹൂദ്

ടോളിഡോയിലെ ബനൂ സുൽ നൂൻ

മൊറാവിദുകൾ

മുവഹ്ഹിദുകൾ

നാസിറിദുകൾ

സെവിലിയിലെ ബനൂ അബ്ബാദ്

## ചോദ്യങ്ങൾ

1. മുസ്‌ലിം സ്പെയിനിലെ വൈജ്ഞാനിക സംഭാവനകളെ വിവരിക്കുക.
2. സ്പെയിനിലെ സ്വതന്ത്ര ഉമവി ഭരണത്തിന്റെ രൂപീകരണത്തെ വിശദമാക്കുക.
3. അൽ സഹറാ കൊട്ടാരവും അൽ ഹംറ കൊട്ടാരവും പ്രത്യേകം പരാമർശിച്ചുകൊണ്ട് സ്പെയിനിന്റെ വാസ്തുവിദ്യാ സംഭാവനകൾ വിവരിക്കുക.
4. അബ്ദുറഹ്മാൻ മൂന്നാമൻ സ്പെയിനിന്റെ സാംസ്കാരിക വൈജ്ഞാനിക മേഖലകളിൽ നിസ്തുലമായ സംഭാവനകൾ നൽകി വ്യക്തമാക്കുക.
5. മുസ്‌ലിം സ്പെയിനിലെ സർവകലാശാലകളെപ്പറ്റി ചെറുകുറിപ്പ് തയ്യാറാക്കുക.
6. മുസ്‌ലിം സ്പെയിനിന്റെ വൈദ്യശാസ്ത്ര വികാസത്തെ ചർച്ച ചെയ്യുക
7. ഫുത്തുഹുൽ മക്കിയ്യ എന്ന ഗ്രന്ഥത്തിന്റെ കർത്താവാണ്

   എ) ഇബ്നു ഖൽദൂൻ　　ബി) ഇബ്നു അറബി

   സി) ഇബ്നു ബാജ്ജ　　ഡി) ഇബ്നു മയ്മൂൻ
8. സോളമൻ ബിൻ ഗബ്രിയേലിന്റെ പഠന മേഖലയായിരുന്നു

   എ) വൈദ്യശാസ്ത്രം　　ബി) തത്വശാസ്ത്രം

   സി) വാനശാസ്ത്രം　ഡി) ഗണിത ശാസ്ത്രം
9. സ്പെയിനിലെ മുസ്ലിം തത്വചിന്തകരെയും അവരുടെ രചനകളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ചാർട്ട് തയ്യാറാക്കുക.

# 4

# മുസ്‌ലിം ലോകം ഉസ്മാനിയ ഭരണത്തിൻ കീഴിൽ

J8M8I1

## പഠനനേട്ടങ്ങൾ

- നാടോടികളായ മധ്യേഷ്യൻ തുർക്കികൾക്ക് ഒരു ലോകസാമ്രാജ്യം രൂപീകരിക്കാൻ സഹായകമായ ഘടകങ്ങളേതെല്ലാമെന്ന് വിദ്യാർഥികൾ വിശകലനം ചെയ്യുന്നു.
- ബോസ്ഫറസ് കടലിടുക്കിന്റെ നയതന്ത്രപരമായ സ്ഥാനം വിദ്യാർഥികൾ വിലയിരുത്തുന്നു.
- ഉസ്മാനിയ സുൽത്താൻ സുലൈമാന്റെ നിയമാവലിയിലൂടെ സാമൂഹിക മാറ്റങ്ങൾക്കനുസരിച്ച് നിയമങ്ങളിലും ഭരണഘടനയിലും ഭേദഗതികൾ വരുത്തേണ്ടതാണെന്ന് വിദ്യാർഥികൾ തിരിച്ചറിയുന്നു.
- ഒരു ഭരണകൂടത്തിന്റെ വികസനത്തിന്റെ ഔന്നിത്യം അതിന്റെ സാംസ്കാരിക വളർച്ചയിലാണെന്ന് വിദ്യാർഥികൾ മനസ്സിലാക്കുന്നു.
- ഓട്ടോമൻ സാമ്രാജ്യത്തിന്റെ രാജകീയ പ്രൗഢിയുടെ തകർച്ചയ്ക്ക് കാരണം വൈദേശിക ശക്തികളുടെ അതിരു കവിഞ്ഞ ഇടപെടലും യൂറോപ്പിനോടുള്ള വിധേയത്വവുമാണെന്ന് വിദ്യാർഥികൾ വിശദീകരിക്കുന്നു.
- ലോകഘടനയെ എങ്ങനെയാണ് യുദ്ധങ്ങളും പരസ്പര പോരാട്ടങ്ങളും ബാധിക്കുന്നതെന്ന് വിദ്യാർഥികൾ വിലയിരുത്തുന്നു.
- ആധുനികതയിലേക്ക് പോകുന്ന കാലഘട്ടത്തിൽ തുർക്കിക്ക് യോജിച്ച രാഷ്ട്രീയ വ്യവസ്ഥയായിരുന്നില്ല ഖിലാഫത്തും സുൽത്താൻ ഭരണവുമെന്ന് വിദ്യാർത്ഥികൾ തിരിച്ചറിയുന്നു.
- എങ്ങനെയാണ് ഒരു ശക്തനായ നേതാവ് തന്റെ അനുയായികളെ വിപ്ലവാത്മകമായ മാറ്റങ്ങളിലേക്കെത്തിക്കുന്നതെന്ന് വിദ്യാർഥികൾ വിലയിരുത്തുന്നു.
- ഭരണത്തിൽ അതൃപ്തരായ ജനങ്ങൾ എങ്ങനെയാണ് ഉസ്മാനിയ ഭരണ വ്യവസ്ഥിതിക്കെതിരെ തിരിഞ്ഞതെന്ന് വിദ്യാർഥികൾ മനസ്സിലാക്കുന്നു.
- സാമൂഹ്യ അസമത്വങ്ങളും വിഭാഗീയതയും സമൂഹത്തിന്റെ ഐക്യത്തെ ഇല്ലാതാക്കുമെന്ന് വിദ്യാർഥികൾ തിരിച്ചറിയുന്നു.

## പ്രധാനാശയങ്ങൾ

- ഉസ്മാനിയ സാമ്രാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രത്തിന്റെ രത്നചുരുക്കം (1297–1924)
- കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കൽ
- ഉസ്മാനിയ നിയമസംഹിത
- മില്ലെറ്റ് സാമൂഹിക ക്രമം
- ഉസ്മാനിയ സാംസ്കാരിക പാരമ്പര്യം
- ഉസ്മാനിയ സാമ്രാജ്യത്വപ്രൗഢിയുടെ തകർച്ച
- തൻസീമത്ത് നവീകരണ പദ്ധതികൾ
- യുവതുർക്കി വിപ്ലവം (1908)
- ഒന്നാം ലോകമഹായുദ്ധവും ഉസ്മാനിയ സാമ്രാജ്യത്തിന്റെ പതനവും
- സുൽത്താൻ ഭരണവും ഖിലാഫത്ത് ഭരണവും നിർത്തലാക്കുന്നു.
- മുസ്തഫാ കമാൽ പാഷയുടെ കാലഘട്ടവും കമാലിസവും




ബോസ്ഫറസ് കടലിടുക്ക്




ഉസ്മാനിയ സാമ്രാജ്യം

> തന്നിരിക്കുന്ന ഭൂപടത്തിൽ രണ്ടു ഭൂഖണ്ഡങ്ങളിലായി സ്ഥിതി ചെയ്യുന്ന നഗരത്തെ കണ്ടെത്തുക. ഇസ്താംബുൾ എന്നത് കോൺസ്റ്റാന്റിനോപ്പിളിന്റെ പുതിയ പേരാകുന്നു. ഇസ്താംബുൾ നഗരത്തിന്റെ പ്രത്യേകതകളെന്തെല്ലാം?

- ഈ നഗരം ഏഷ്യ-യൂറോപ്പ് എന്നീ വൻകരകളെ തമ്മിൽ ബന്ധിപ്പിക്കുന്നു.
- രണ്ട് വൻകരകളിലായി സ്ഥിതി ചെയ്യുന്ന ലോകത്തിലെ ഒരേയൊരു നഗരമാണ് ഇസ്താംബുൾ.
- മധ്യകാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യാപാരപാതയായ ബോസ്ഫറസ് കടലിടുക്കാണ് ഈ നഗരത്തെ രണ്ട് വൻകരകളായി വിഭജിക്കുന്നത്.
- രണ്ട് വ്യത്യസ്ത സാമൂഹിക സാംസ്കാരിക പാരമ്പര്യമുള്ള ജനവിഭാഗങ്ങളെ ഈ നഗരം ഒന്നിപ്പിക്കുന്നു.

രണ്ടാമത്തെ ഭൂപടത്തിൽ കോൺസ്റ്റാന്റിനോപ്പിൾ തലസ്ഥാന നഗരമായ സാമ്രാജ്യത്തെ നിങ്ങൾക്കു തിരിച്ചറിയാൻ കഴിയുന്നുണ്ടോ? ആരാണ് ഒട്ടോമൻസ്? ഈ അധ്യായം ഉസ്മാനിയ സാമ്രാജ്യത്തിന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ വികാസത്തെയാണ് ചർച്ച ചെയ്യുന്നത്. സാമ്രാജ്യത്വ ഭരണത്തിൽ നിന്നു റിപ്പബ്ലിക്കൻ ഭരണത്തിലേക്കുള്ള മാറ്റവും ചർച്ചചെയ്യുന്നു.

സാമ്രാജ്യ സ്ഥാപകനായ ഉസ്മാന്റെ പേരിനോട് ചേർത്തുകൊണ്ടാണിത് ഉസ്മാനിയ സാമ്രാജ്യമെന്നറിയപ്പെടുന്നത്. ഉസ്മാൻ എന്ന പേരിന്റെ തുർക്കി പദമാണ് ഒട്ടോമൻ. അതുകൊണ്ടാണ് ഓട്ടോമൻ സാമ്രാജ്യമെന്ന് പാശ്ചാത്യലോകത്ത് ഇതറിയപ്പെടുന്നത്. ഇവരുടെ മുൻഗാമികൾ മധ്യേഷ്യയിലെ അൽത്തായി മലനിരകളുടെ താഴ്‌വാരങ്ങളിൽ നിന്നു വന്നവരാണ്. ഏഷ്യാമൈനറിൽ 1098-ൽ സെൽജൂക്കുകൾ ഒരു സ്വതന്ത്ര ഭരണകൂടം സ്ഥാപിച്ചു. നിരന്തരമായ മംഗോൾ ആക്രമണത്തിൽ സെൽജൂക്കുകളെ സഹായിച്ചിരുന്നത് തുർക്കികളായിരുന്നു. ഇതിനു പ്രതിഫലമായി എർത്തുഗ്രൽ എന്ന തുർക്കി യോദ്ധാവിന് സെൽജൂക്കുകൾ നൽകിയ ഉപഹാരമായിരുന്നു അനത്തോളിയയിലെ സൊഗുത്ത് എന്ന പ്രദേശം. എർത്തുഗ്രലിന്റെ മരണശേഷം മകനായ ഉസ്മാൻ ഓട്ടോമൻ വംശത്തിന്റെ നേതൃസ്ഥാനം ഏറ്റെടുത്തു. ഇദ്ദേഹമാണ് ലോക പ്രശസ്തമായ ഒട്ടോമൻ സാമ്രാജ്യത്തിന്റെ യഥാർഥ സ്ഥാപകനായി മാറിയത്.

പതിമൂന്നാം നൂറ്റാണ്ട് തുടങ്ങി ഇരുപതാം നൂറ്റാണ്ട് വരെ യൂറോപ്പിലും ഏഷ്യയിലുമായി വ്യാപിച്ചിരുന്ന ബൃഹത്തായൊരു മുസ്‌ലിം ഭരണകൂടമാണ് ഉസ്മാനിയസാമ്രാജ്യം. പതിനഞ്ചാം നൂറ്റാണ്ട് മുതൽ പതിനെട്ടാം നൂറ്റാണ്ട് വരെ ലോകം നിയന്ത്രിച്ച ഭരണകൂടമായിരുന്നു ഉസ്മാനിയ തുർക്കികൾ. ഭരണകൂടത്തിന്റെ യഥാർഥ സ്ഥാപകനായ ഉസ്മാന്റെ നാമത്തിലാണ് ഇതിനെ ഓട്ടോമൻ സാമ്രാജ്യമെന്ന് വിളിക്കുന്നത്. തുർക്കി ഭാഷയിൽ ഉസ്മാൻ എന്ന നാമം ഓട്ടോമാൻ എന്നു വിളി

ക്കപ്പെടുന്നതുകൊണ്ട് ഈ സാമ്രാജ്യം ഒട്ടോമൻ അല്ലെങ്കിൽ ഉസ്മാനിയ സാമ്രാജ്യമെന്നു വിളിക്കപ്പെടുന്നു.

## ഉസ്മാനിയ സാമ്രാജ്യത്തിന്റെ ഉത്ഭവം.

അബ്ബാസി ഭരണകൂടത്തിന്റെ അവസാന നാളുകളിൽ മധ്യേഷ്യ കേന്ദ്രീകരിച്ച് ഉയർന്ന് വന്ന സ്വതന്ത്ര തുർക്കി രാജവംശമാണ് മംലൂക്കുകൾ. ബൈസന്റൈൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു അനത്തോളിയ സെൽജുക്കുകൾ പിടിച്ചടക്കുകയും റൂം കേന്ദ്രീകരിച്ച് ഭരണം സ്ഥാപിക്കുകയും ചെയ്തു. സെൽജുക്ക് ഭരണത്തിനെതിരെ മംഗോളിയൻ ആക്രമണം ശക്തമായപ്പോൾ അന്നത്തെ സെൽജുക്ക് ഭരണാധികാരി മധ്യേഷ്യയിൽ നിന്ന് തുർക്കിവംശജരായ നാടോടി ഗോത്ര വർഗങ്ങളുടെ സഹായം തേടി. മധ്യേഷ്യയിലെ അൾത്തായ് പർവത നിരകളിൽ നിന്നായിരുന്നു സെൽജുക്കുകളെ സഹായിക്കാനായി നാടോടികൾ എത്തിയത്. പ്രസ്തുത നാടോടിവർഗ്ഗത്തിന്റെ നേതാവായിരുന്ന എർത്തുഗ്രലാണ് ഓട്ടോമാൻ ഭരണകൂടത്തിന്റെ സ്ഥാപകനെന്നറിയപ്പെടുന്നത്.

മംഗോളിയരിൽ നിന്ന് സെൽജൂക്ക് ഭരണകൂടത്തെ ആദ്യകാലങ്ങളിൽ സംരക്ഷിച്ച് നിർത്തിയ ഈ നാടോടിവർഗത്തെ അനത്തോളിയയിൽത്തന്നെ നിലനിർത്താൻ സെൽജൂക്ക് ഭരണാധികാരി തിരുമാനിക്കുകയും സോഗുത്ത് എന്ന തരിശുഭൂമി അവർക്ക് വാസസ്ഥലമായി നൽകുകയും ചെയ്തു. സ്ഥിരതാമസത്തിന് അനുയോജ്യമായ സ്ഥലമല്ലാത്തതുകൊണ്ട് ബൈസന്റൈൻ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികളുടെ പ്രദേശങ്ങൾ പിടിച്ചെടുക്കാൻ എർത്തുഗ്രൽ ശ്രമം തുടങ്ങി. തുടർന്ന് സോഗത്ത് തലസ്ഥാനമാക്കിക്കൊണ്ട് അദ്ദേഹം ചെറിയൊരു ഭരണകൂടം സ്ഥാപിക്കുകയും ചെയ്തു. കൂടുതൽ ബൈസന്റൈൻ പ്രദേശങ്ങൾ പിടിച്ചടക്കുവാൻ വേണ്ടി അദ്ദേഹം രൂപീകരിച്ച ഒരു പ്രത്യേക സൈന്യമാണ് ഗാസി സമൂഹം. ഗാസി എന്ന പദത്തിന്റെ അർഥം ഭരണപ്രദേശത്തിന്റെ അതിർത്തി സംരക്ഷിക്കാനും വ്യാപിപ്പിക്കാനും വേണ്ടി ക്രിസ്ത്യാനികൾക്ക് എതിരെ യുദ്ധം ചെയ്യുന്നവരെന്നാണ്. ഇതിനിടയിൽ തന്നെ 1308-ൽ റൂമിലെ സെൽജുക്ക് ഭരണകൂടം മംഗോളിയരുടെ ആക്രമണത്തോടെ തകർക്കപ്പെട്ടു. ഗാസി സമൂഹങ്ങൾക്ക് കൂടുതൽ ബൈസന്റൈൻ ഭരണ പ്രദേശങ്ങൾ പിടിച്ചെടുക്കാനിതു സഹായകമായി.

## ഉസ്മാൻ (1299–1324)

എർത്തുഗ്രലിന്റെ മരണത്തെ തുടർന്ന് അദ്ദേഹത്തിന്റെ മകനായ ഉസ്മാനായിരുന്നു ഭരണസാരഥ്യമേറ്റെടുത്തത്. തന്റെ പൂർവികർ പിടിച്ചടക്കിയ പ്രദേശങ്ങളെ ഒന്നിപ്പിച്ചുകൊണ്ട് നല്ലൊരു ഭരണം കാഴ്ചവെച്ചത് ഉസ്മാനായിരുന്നു. അതുകൊണ്ട് ഉസ്മാനിയ സാമ്രാജ്യത്തിന്റെ യഥാർഥ സ്ഥാപകനായിട്ടാണ് ഉസ്മാൻ അറിയപ്പെടുന്നത്. ഗാസി സൈനിക വ്യൂഹത്തിൽ എർത്തുഗ്രലിന്റെ മകനായ ഉസ്മാന്റെ കീഴിലുണ്ടായിരുന്ന ഗാസി സമൂഹമായിരുന്നു ഏറ്റവും വലുത്. ഇത്തരത്തിലുള്ള നിരവധി ഗാസി സമൂഹങ്ങൾ അനത്തോളിയയിൽ രൂപപ്പെടുകയും ക്രിസ്ത്യാനികൾക്ക് എതിരെ യുദ്ധം ആരംഭിക്കുകയും ചെയ്തു. ഓരോ ഗാസി സമൂഹത്തിനും പ്രത്യേക നേതാവുണ്ടായിരുന്നു. ഉസ്മാൻ എല്ലാ ഗാസി സമൂഹത്തെയും തന്റെ കീഴിൽ ഒന്നിപ്പിക്കുകയും ബായ്ബെയലിക്ക് എന്ന പേരിലൊരു ഭരണകൂടം സ്ഥാപിക്കുകയും ചെയ്തു. ഉസ്മാന്റെ മകനായ ഓർഹാൻ ഒന്നാമൻ സി. ഇ. 324-ൽ ബൈസന്റൈൻ സാമ്രാജ്യത്തിന്റെ ഏഷ്യമൈനറിലെ പ്രധാന നഗരമായ ബ്രൂസ്സ പിടിച്ചടക്കിയത് ക്രിസ്ത്യൻ ഭരണകൂടത്തിന് വലിയ തിരിച്ചടിയായിമാറി. തുടർന്ന് ഉസ്മാനിയ ഭരണകൂടത്തിന്റെ തലസ്ഥാനം ബ്രൂസ്സയായിരുന്നു.

ഉസ്മാന്റെ മരണത്തെ തുടർന്ന് മകൻ ഓർഹാൻ ഒന്നാമൻ (1324-1359) അധികാരത്തിൽ വന്നു. ഉസ്മാനിയ സുൽത്താനായ അദ്ദേഹം സോഗുത്തിൽ നിന്ന് ബ്രൂസ്സയിലേക്ക് തലസ്ഥാനം മാറ്റി. തുടർന്ന് 1345 മുതൽ 1356 സി. ഇ. വരെ ബൈസന്റൈൻ പ്രദേശങ്ങളിലേക്ക് അദ്ദേഹം ധാരാളം


പടയോട്ടങ്ങൾ നടത്തുകയും നികിയ, ഗാലിപ്പോലി, ഡാർഡനെൽസ്, നികോമേഡിയ, ആഡ്രിയനോപ്പിൾ എന്നിവ കീഴടക്കുകയും ചെയ്തു. ഇതിൽ ആഡ്രിയനോപ്പിൾ നഷ്ടപ്പെട്ടത് ബൈസന്റൈൻ ഭരണത്തിനു വലിയ തിരിച്ചടിയായി.

ഓർഹാന് ശേഷം മുറാദ് ഒന്നാമനായിരുന്നു (1359-1389) ഉസ്മാനിയ ഭരണാധികാരിയായി മാറിയത്. ഇദ്ദേഹത്തിന്റെ കാലഘട്ടത്തിൽ സി. ഇ. 1365-ലാണ് ജാനിസറി സൈന്യം (ന്യൂ ആർമി) എന്ന പുതിയൊരു സേന രൂപീകരിച്ചത്. സി.ഇ. 1383-ൽ അദ്ദേഹം സുൽത്താനെന്ന സ്ഥാനപ്പേര് സ്വീകരിച്ചുകൊണ്ട് ആദ്യത്തെ ഉസ്മാനിയ സുൽത്താനായിമാറി. അതിനു മുമ്പുവരെ 'ബെഗ്' അല്ലെങ്കിൽ 'അമീർ' എന്നീ സ്ഥാനപ്പേരുകളിലാണ് ഉസ്മാനിയ ഭരണാധികാരികൾ അറിയപ്പെട്ടിരുന്നത്. സി.ഇ 1389-ൽ നടന്ന കൊസോവ യുദ്ധത്തിൽ ബൾഗേറിയ, സെർബിയ എന്നീ പ്രദേശങ്ങൾ പിടിച്ചടക്കിയ ശേഷമാണദ്ദേഹം മരണപ്പെടുന്നത്.

ഏതു ജാനിസറികൾ യുദ്ധസജ്ജരായി നിൽക്കുന്ന ഒരു സൈനിക വിഭാഗമായിരുന്നു ജാനിസറി. വളരെ വ്യവസ്ഥാപിതമായ പരിശീലനമുറകളായിരുന്നു പ്രസ്തുത സൈന്യത്തിനുണ്ടായിരുന്നത്. യുദ്ധസമയങ്ങളിൽ കീഴടങ്ങുന്ന ശത്രുസൈന്യത്തിലെ ആൺകുട്ടികളെ ഉസ്മാനിയ ചക്രവർത്തിമാർ ചെറുപ്പത്തിൽതന്നെ സൈന്യത്തിലേക്ക് ചേർക്കുമായിരുന്നു. പ്രധാനമായും ക്രിസ്തീയ വിഭാഗത്തിലെ കുട്ടികളെ ആയിരുന്നു ജാനിസ്സറി സൈന്യത്തിൽ ഇപ്രകാരമെടുത്തിരുന്നത്. ഇങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെ പ്രത്യേക പരിശീലന സ്ഥാപനങ്ങളിൽ യുദ്ധമുറകൾ പഠിപ്പിക്കുന്നു. ഒമ്പതു വയസ്സുമുതൽ ഇരുപത്തിയൊന്ന് വയസ്സുവരെ പുറംലോകം കാണാതെ സൈനിക പരിശീലനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് ഈ കേന്ദ്രങ്ങളിൽ അവർ വസിക്കുന്നു. ജാനിസ്സറി സൈന്യത്തിലേക്കെടുത്ത ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം അവനു പിന്നീട് കുടുംബവുമായോ ബന്ധുക്കളുമായോ യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. തുടർന്ന് അവന്റെ കാര്യങ്ങളെല്ലാം ഭരണകൂടമാണ് പരിപാലിക്കുന്നത്. ഉസ്മാനിയ സുൽത്താനോട് മാത്രമാണ് അവർക്ക് അനുഭാവവും കടപ്പാടുമുണ്ടായിരുന്നത്. സുൽത്താനും സാമ്രാജ്യത്തിനുംവേണ്ടി ഉഴിഞ്ഞുവെക്കപ്പെട്ടതായിരുന്നു അവരുടെ ജീവിതം. മുഖ്യധാരാ സൈനികരിൽനിന്നും വ്യത്യസ്തമായിരുന്നു ജാനിസ്സറി സൈനികരുടെ ജീവിതം. പ്രത്യേക വേഷവിധാനങ്ങൾ ഉണ്ടായിരുന്ന ഇവർക്കു നിശ്ചിത മാസം ശമ്പളമോ മറ്റാനുകൂല്യങ്ങളോ നൽകിയിരുന്നില്ല. ജാനിസ്സറി സൈനികർക്ക് വിവാഹ ജീവിതം അനുവദിക്കപ്പെട്ടിരുന്നില്ല. മാത്രമല്ല, സ്വതന്ത്രമായി മറ്റുള്ളവരെപ്പോലെ സമൂഹത്തിൽ പ്രവർത്തിക്കാനും അനുവദിച്ചിരുന്നില്ല. ധനം കൈകാര്യം ചെയ്യുക, കച്ചവട രംഗത്തു പ്രവർത്തിക്കുക തുടങ്ങിയവയിൽനിന്നു ജാനിസ്സറികളെ പൂർണ്ണമായും അകറ്റിനിർത്തിയിരുന്നു. എന്നിരുന്നാലും ആ കാലഘട്ടത്തിൽ തങ്ങളുടെ ആൺകുട്ടികളെ ജാനിസ്സറി സൈന്യത്തിലേക്ക് തിരഞ്ഞെടുക്കുന്നത് തുർക്കികൾ ഏറ്റവും വലിയ ഭാഗ്യമായി കരുതിയിരുന്നു. കാരണം, ഓട്ടോമൻ ഭരണാധികാരി കഴിഞ്ഞാൽ സമൂഹത്തിൽ തൊട്ടടുത്ത സ്ഥാനമുള്ള വ്യക്തികളായിരുന്നു ജാനിസ്സറികൾ. ജാനിസസ്സറിയെന്ന പദവി സമൂഹത്തിലെ ഏറ്റവുമുയർന്ന സ്ഥാനമായിരുന്നു.




ഓട്ടോമൻ സാമ്രാജ്യം



ഓട്ടോമാൻ സാമ്രാജ്യം - വികാസത്തിന്റെ ഉന്നതിയിൽ

പതിനാലാം നൂറ്റാണ്ടു മുതൽ പതിനെട്ടാം നൂറ്റാണ്ടു വരെ ഉസ്മാനിയ സാമ്രാജ്യത്തിന്റെ വ്യാപനത്തിനും ഭരണനിലനിൽപ്പിനും ഏറെ സഹായിച്ച ഒരു സൈന്യമായിരുന്നു ജാനിസ്സറി. അച്ചടക്ക രീതികൾ, ധാർമികത ഔദ്യോഗിക പദവി എന്നിവകൊണ്ട് അക്കാലത്ത് യൂറോപ്പിലറിയപ്പെട്ടിരുന്ന ഏറ്റവും വ്യവസ്ഥാപിതമായ സൈന്യമായിരുന്നു ജാനിസ്സറി.

ബയാസിദ് ഒന്നാമന്റെ (389-1403 സി. ഇ.) ഭരണകാലത്ത് മധ്യേഷ്യയിലേക്കും പടിഞ്ഞാറേ ഏഷ്യൻ പ്രദേശങ്ങളിലേക്കും ഉസ്മാനിയ സാമ്രാജ്യം പടയോട്ടങ്ങൾ നടത്തിയിരുന്നു. ഡാന്യൂബ് നദി കടന്ന് ബൈസന്റൈൻ പ്രദേശങ്ങളിലേക്കും സൈനികനീക്കം നടത്തിയ അദ്ദേഹത്തെ 1402-ലെ അങ്കാറ യുദ്ധത്തിൽ മംഗോളിയർ പരാജയപ്പെടുത്തി.

മുഹമ്മദ് ഒന്നാമന്റെ ( 1403 - 1421 സി.ഇ) കാലഘട്ടത്തിൽ അഡ്രിയനോപ്പോൾ തലസ്ഥാനമാക്കി മാറ്റുകയും മംഗോളിയരിൽ നിന്ന് മധ്യേഷ്യ പിടിച്ചടക്കാൻ ശ്രമിക്കുകയും ചെയ്തു. ബൈസന്റൈൻ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചെടുക്കാനുള്ള ശ്രമം മുഹമ്മദ് ഒന്നാമൻ ആരംഭിക്കുകയും അതിനായ് ബോസ്ഫറസ് കടലിടുക്കിന്റെ ഏഷ്യൻ തീരത്ത് അനഡോലു ഹിസ്സാർ എന്ന കോട്ട നിർമിക്കുകയുമുണ്ടായി. പ്രസ്തുത കോട്ട കേന്ദ്രമാക്കിക്കൊണ്ടാണ് കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കാനുള്ള സൈനിക നീക്കം നടത്തിയത്. ക്രിസ്ത്യൻ സൈന്യത്തിന്റെ ശക്തമായ ചെറുത്തുനിൽപ്പിനാൽ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. സെർബിയ കീഴടക്കാൻ കിഴക്കൻ യൂറോപ്പിലേക്കു സൈനിക പര്യടനം നടത്തിയതും ശൈഖ് ബദറുദ്ദീനെന്ന സൂഫിയുടെ കീഴിൽ ഇസ്‌ലാം മത-സാമൂഹിക മണ്ഡലങ്ങളിൽ ശക്തമായ പുരോഗമന പദ്ധതികൾ തുർക്കിയിൽ ആരംഭിക്കുന്നതും അദ്ദേഹത്തിന്റെ കാലഘട്ടത്തിലായിരുന്നു.

മുഹമ്മദ് ഒന്നാമനു ശേഷം വന്ന മുറാദ് രണ്ടാമന്റെ ( 1451-1481 സി. ഇ.) കാലഘട്ടത്തിലും ബൈസന്റൈൻ ഭരണാധികാരിക്കെതിരെ പലയുദ്ധങ്ങളും ഉസ്മാനിയ സാമ്രാജ്യം നടത്തിയിരുന്നു. ഹോളണ്ട്, അൽബേനിയ, വല്ലാഷിയ തുടങ്ങിയ യൂറോപ്യൻ മേഖലകളിലെ ജനങ്ങൾ ബൈസന്റയ്ൻ സഹായത്തോടെ ഉസ്മാനിയ ഭരണത്തിനെതിരെ ആഭ്യന്തര പ്രക്ഷോഭങ്ങൾ സൃഷ്ടിച്ചത് സുപ്രധാനമായ പല യൂറോപ്യൻ പ്രദേശങ്ങളിൽ നിന്നും ഉസ്മാനിയ ഭരണത്തിന്റെ പിന്മാറ്റത്തിനു കാരണമായി.

ഓട്ടോമൻ സുൽത്താനായ മുഹമ്മദ് രണ്ടാമന്റെ കാലഘട്ടത്തിലായിരുന്ന ക്രിസ്ത്യൻ ഭരണകൂടത്തിന്റെ ശക്തികേന്ദ്രമായ കോൺസ്റ്റാന്റിനോപ്പിൾ തുർക്കികൾ പിടിച്ചടക്കുന്നത്. സി. ഇ. 1453-ൽ ജാനിസ്സറി സൈന്യത്തിന്റെ ശക്തിയെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടാണ് മുഹമ്മദ് രണ്ടാമൻ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കുന്നത്. അതോടെ ഉസ്മാനിയ സുൽത്താൻമാർ ബോസ്ഫറസ് കടലിടുക്ക്, ചെങ്കടൽ, കരിങ്കടൽ, മധ്യധരണ്യാഴി കടൽ തുടങ്ങിയവയിലൂടെയുള്ള വ്യാപാരത്തിന്റെയും കപ്പൽ ഗതാഗതത്തിന്റെയും അധിപന്മാരായി മാറി.

മുഹമ്മദ് രണ്ടാമനു ശേഷം വന്ന ബയാസിദ് രണ്ടാമൻ ( 1481- 1512 സി.ഇ. ) പേർഷ്യയിലെ സഫാവിദുകളെ പരാജയപ്പെടുത്തിക്കൊണ്ട് മധ്യേഷ്യയുടെ ഭൂരിഭാഗ പ്രദേശങ്ങളും ഉസ്മാനിയ ഭരണത്തിൽ കീഴിലാക്കി. പൗരസ്ത്യ-പാശ്ചാത്യ സംസ്ക്കാരങ്ങളെ ഒരേപോലെ ഇഷ്ടപ്പെട്ടിരുന്ന

അദ്ദേഹം സമാധാന പൂർണമായ ഒരു സമൂഹത്തെ തന്റെ സാമ്രാജ്യത്തിൻ കീഴിൽ വാർത്തെടുക്കുകയുണ്ടായി. ആയതിനാൽ അദ്ദേഹത്തിന് 'നീതിമാൻ' എന്ന വിശേഷണം നൽകപ്പെട്ടു. ഇതിനു പുറമെ സി. ഇ. 1492-ൽ ഗ്രാനഡ തകർന്നതിനെ തുടർന്ന് സ്പെയിനിൽ നിന്നു പുറത്താക്കപ്പെട്ട മുസ്‌ലിം, ജൂത വിഭാഗങ്ങൾക്ക് തുർക്കിയിൽ അദ്ദേഹം അഭയംനൽകി. നീതിമാനായിട്ടുകൂടി സി. ഇ. 1512-ൽ മകനായ സലീം ഒന്നാമൻ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. സലീം ഒന്നാമന്റെ (1512-1520 സി. ഇ. ) ഭരണകാലത്ത് സി. ഇ. 1516-ൽ മർജ് ദാബിഖ് യുദ്ധത്തിലായിരുന്നു മംലൂക്കുകളെ പരാജയപ്പെടുത്തിക്കൊണ്ട് ഈജിപ്തും മധ്യേഷ്യയുടെ ഭാഗങ്ങളും തുർക്കികൾ പിടിച്ചടക്കുന്നത്. തുടർന്ന് സലീം ഈജിപ്തിൽ നിന്നു ഖിലാഫത്ത് പദവി സി. ഇ. 1517-ൽ ഉസ്മാനിയ സാമ്രാജ്യത്തിലേക്ക് കൊണ്ടു വരികയും സഫാവിദ് ഭരണാധികാരി ഷാ ഇസ്മാഈലിനെ പരാജയപ്പെടുത്തുകയും ചെയ്തു. ഇതോടുകൂടി ഓട്ടോമൻ ഭരണാധികാരി ലോക മുസ്‌ലിങ്ങളുടെ നേതൃസ്ഥാനപദവിയായ ഖലീഫ സ്ഥാനമുള്ള സുൽത്താനായിമാറി. ഇതോടെ മക്ക, മദീന തുടങ്ങിയ ഇസ്‌ലാമിക സാംസ്കാരിക പൈതൃക കേന്ദ്രങ്ങളും ഉസ്മാനിയ ഭരണത്തിൻ കീഴിലായി.

## സുലൈമാൻ-അതികായൻ (1520-1566 സി. ഇ.)

സുലൈമാന്റെ (1520-1566 സി.ഇ) കാലഘട്ടത്തിലായിരുന്നു ഉസ്മാനിയ സാമ്രാജ്യം ലോകപ്രശസ്തിയാർജിച്ചത്. അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ് യൂറോപ്പിന്റെ പകുതിയോളം ഭാഗങ്ങളും പേർഷ്യ, മധ്യേഷ്യ, വടക്കെ ആഫ്രിക്ക തുടങ്ങിയ പ്രദേശങ്ങളും ഉസ്മാനിയ ഭരണത്തിൻ കീഴിൽ വരുന്നത്. ക്രിസ്ത്യൻ ഭൂരിപക്ഷ പ്രദേശങ്ങളായ ബെൽഗ്രേഡ്, റോഡസ്, വിയന്ന തുടങ്ങിയവ ഉസ്മാനിയ സാമ്രാജ്യത്തോട് ചേർത്തതും സുലൈമാനായിരുന്നു. ഇതിനുപുറമെ പേർഷ്യയിലെ സഫാവിദുകളെ പരാജയപ്പെടുത്തുകയും മധ്യേഷ്യ, മധ്യ-പൗരസ്ത്യ ദേശം, വടക്കെ ആഫ്രിക്ക, അൾജീരിയ തുടങ്ങിയ പ്രദേശങ്ങളിലേക്കുവരെ ഉസ്മാനിയ സാമ്രാജ്യം വ്യാപിപ്പിക്കുകയുമുണ്ടായി. അതോടൊപ്പം ചെങ്കടൽ, പേർഷ്യൻ കടലിടുക്ക്, മധ്യധരണ്യാഴികടൽ എന്നീ മൂന്നു കടലുകളിലൂടെയുള്ള വ്യാപാര നിയന്ത്രണം ഉസ്മാനിയ സുൽത്താന്റെ കരങ്ങളിലായി. നീസ, കോർസിക്ക തുടങ്ങിയ പ്രദേശങ്ങളുമായി ബന്ധപ്പെട്ട് ഒരു കരാർ ഫ്രാൻസുമായി ഒപ്പുവെച്ച ഉസ്മാനിയ സുൽത്താനായിരുന്നു സുലൈമാൻ. അദ്ദേഹത്തിന്റെ ഭരണനൈപുണ്യംകൊണ്ട് യൂറോപ്പിലെ മറ്റു ഭരണകൂടങ്ങളെവരെ വെല്ലുവിളിക്കുന്ന തരത്തിലുള്ള മികച്ച ഭരണം കാഴ്ചവെച്ചതുകൊണ്ടാണ് പാശ്ചാത്യലോകം അദ്ദേഹത്തെ 'അതികായൻ'(മാഗ്നിഫിഷ്യന്റ്) എന്നു വിശേഷിപ്പിക്കുന്നത്. സുലൈമാന് ഇന്ത്യയിലെ മുഗൾ ഭരണാധികാരിയായിരുന്ന അക്ബറുമായി സൗഹൃദ ബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ പ്രധാനപ്പെട്ട നാവികരായ ഖൈറുദ്ദീൻ, ബർബറോസ എന്നിവരുടെ സഹായത്തോടെ യൂറോപ്യൻ ശക്തികളെ നിലയ്ക്കു നിർത്താൻ അദ്ദേഹത്തിന് സാധിച്ചു.


പതിനെട്ടാം നൂറ്റാണ്ടിൽ സലീം മൂന്നാമൻ, (1789 - 1808.സി.ഇ.) തകർന്നുകൊണ്ടിരുന്ന ഉസ്മാനിയ സാമ്രാജ്യത്തെ ശക്തമാക്കാൻ വേണ്ടി മറ്റു യൂറോപ്യൻ രാജ്യങ്ങളെപ്പോലെ ഓട്ടോമൻ സാമ്രാജ്യത്തെയും നവീകരിക്കാൻ തീരുമാനിച്ചു. പ്രധാനമായും സൈനിക രംഗത്തും വിദ്യാഭ്യാസ രംഗത്തും ആയിരുന്നു പാശ്ചാത്യ രീതികൾ നടപ്പിലാക്കാൻ അദ്ദേഹം ശ്രമിച്ചത്. ജാനിസ്സറി സൈന്യത്തിന് പകരം യൂറോപ്യൻ രാജ്യങ്ങളിലേത് പോലെ ആധുനിക രീതിയിലുള്ള സൈന്യത്തെ അദ്ദേഹം രൂപീകരിച്ചു. ഇതിനെ എതിർത്ത ജാനിസ്സറി സൈന്യം തങ്ങളുടെ അധികാരം നഷ്ടപ്പെടുമെന്ന് ഭയന്ന് അദ്ദേഹത്തെ വധിക്കുകയുണ്ടായി.

മുപ്പതാമത്തെ ഉസ്മാനിയ സുൽത്താനായ മഹ്മൂദ് രണ്ടാമനാണ് (1808-1839 സി.ഇ.) സാമ്രാജ്യത്തെ ആധുനിക വൽക്കരിക്കാനുള്ള തൻസിമത്ത് (നവീകരണം) നയങ്ങൾ ആരംഭിക്കുന്നത്.

അദ്ദേഹത്തിന്റെ തൻസീമത്ത് നവീകരണ നയങ്ങൾ പൂർത്തീകരിച്ചത് മക്കളായ അബ്ദുൽ മജീദ് ഒന്നാമനും അബ്ദുൽ അസീസ് ഒന്നാമനുമായിരുന്നു. എന്നാൽ മുസ്‌ലിം മതപുരോഹിതന്മാരുടെ പിന്തുണയോടെ ശക്തമായ എതിർപ്പുകൾ ഒരുവിഭാഗം ജനങ്ങൾ പ്രസ്തുത നവീകരണത്തിനെതിരെ പ്രകടിപ്പിക്കാൻ തുടങ്ങി. ഇത് തൻസീമത്തിനെ പരാജയത്തിലേക്കെത്തിച്ചു. എന്നാൽ ഈ നവീകരണ നയങ്ങൾ ദൂരവ്യാപകമായ മാറ്റങ്ങൾ ഉസ്മാനിയ സാമ്രാജ്യത്തിലുണ്ടാക്കി. സി. ഇ. 1826-ൽ ജാനിസ്സറി സൈന്യത്തെ പൂർണമായി നിരോധിച്ച ഭരണാധികാരിയായിരുന്നു മഹ്മൂദ് രണ്ടാമൻ.

1876-ൽ ഉസ്മാനിയ സുൽത്താനായി അധികാരത്തിലേറിയ അബ്ദുൽ ഹമീദ് രണ്ടാമനെ (1876-1909) സാമ്രാജ്യത്തിലെ ഏകാധിപത്യ ഭരണാധികാരിയെന്നാണ് ചരിത്രം വിശേഷിപ്പിക്കുന്നത്. ഇദ്ദേഹത്തിന്റെ ഏകാധിപത്യ നയങ്ങൾക്ക് എതിരെ തുർക്കിയിലെ യുവജനങ്ങൾ നടത്തിയ പ്രക്ഷോഭമാണ് യുവതുർക്കി വിപ്ലവം എന്നറിയപ്പെടുന്നത്. തൻസീമത്ത് നവീകരണത്തെ പിന്തുടർന്നുകൊണ്ട് ഭരണത്തിൽ വന്നയുടനെ പുതിയൊരു ഭരണഘടന ഉസ്മാനിയ സാമ്രാജ്യത്തിനായ് അദ്ദേഹം തയ്യാറാക്കി നടപ്പിലാക്കി. എന്നാൽ ആറുമാസങ്ങൾക്കു ശേഷം ആ ഭരണഘടന നിർത്തലാക്കിക്കൊണ്ട് ഏകാധിപതിയായി പ്രവർത്തിക്കാൻ തുടങ്ങി. അതുകൊണ്ട് യുവജനങ്ങൾ അദ്ദേഹത്തിനെതിരെ വിപ്ലവത്തിന് ആഹ്വാനം ചെയ്തു. വിപ്ലവത്തിന് ശേഷം തുർക്കി സാമ്രാജ്യം ആധുനികവൽക്കരിക്കാനുള്ള ശ്രമങ്ങൾ യുവജനത ആരംഭിച്ചു.

യുവതുർക്കി നേതാവായ മുസ്തഫ കമാൽ പാഷയുടെ കീഴിൽ ഒന്നാം ലോകമഹായുദ്ധത്തിൽ തുർക്കി സൈന്യവും ഉസ്മാനിയ സുൽത്താനും ജർമ്മനിയെ സഹായിച്ചുകൊണ്ട് അച്ചുതണ്ട് ശക്തികളിലെ അംഗമായി. യുദ്ധാനന്തരം സഖ്യകക്ഷികൾ പരാജയപ്പെട്ട തുർക്കിയുടെ പ്രദേശങ്ങൾ വിഭജിച്ചെടുത്തു. തുടർന്ന് സി. ഇ. 1923-ൽ മുസ്തഫ കമാൽ പാഷയുടെ കീഴിൽ തുർക്കി റിപ്പബ്ലിക്കായി മാറുകയും സി. ഇ. 1924-ൽ ഖിലാഫത്തെന്ന സ്ഥാനം ഉസ്മാനിയ ഭരണത്തിൽ നിന്നു പൂർണ്ണമായി എടുത്തുമാറ്റുകയും ചെയ്തു.



വളരെ ചെറിയ കാലം കൊണ്ട് മധ്യേഷ്യയിൽ നിന്നു വന്ന നാടോടികളായ തുർക്കികൾക്ക് വിശാലമായ സാമ്രാജ്യം രൂപപ്പെടുത്താൻ സഹായകമായ ഘടകങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് പട്ടിക തയാറാക്കുക.

## മുഹമ്മദ് രണ്ടാമന്റെ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കൽ


ഉസ്മാനിയ സുൽത്താനായ മുഹമ്മദ് രണ്ടാമനാണ് അൽ-ഫാത്തിഹ് (വിജയി-ദ കോൺക്വറർ) എന്നീ പേരുകളിലറിയപ്പെടുന്നത്. സി. ഇ. 1453-ൽ റോമാ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ബൈസന്റൈൻ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയതു കൊണ്ടാണ് അദ്ദേഹത്തിന് ഈ സവിശേഷ നാമങ്ങൾ ലഭിച്ചത്. മുഹമ്മദ് ഒന്നാമന്റെ കാലഘട്ടം മുതൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കാൻ ശ്രമം ആരംഭിച്ചിരുന്നു. ജാനിസ്സറി സൈന്യത്തിന്റെ രൂപീകരണം തന്നെ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കൽ ലക്ഷ്യം വെച്ചായിരുന്നു. മധ്യകാലഘട്ടത്തിൽ ലോകവ്യാപാരം നിയന്ത്രിച്ചിരുന്ന കേന്ദ്രമായിരുന്നു കോൺസ്റ്റാന്റിനോപ്പിൾ. മധ്യധരണ്യാഴി കടലിനെയും കരിങ്കടലിനെയും തമ്മിൽ ബന്ധിപ്പിച്ചിരുന്ന ബോസ്ഫറസ് കടലിടുക്കിന്റെ നിയന്ത്രണം കോൺസ്റ്റാന്റിനോപ്പിൾ ഭരണാധികാരിയുടെ കീഴിലായിരുന്നു. ഈ നിയന്ത്രണം നേടിയെടുക്കാൻ വേണ്ടിയായിരുന്നു തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കാൻ ശ്രമിച്ചത്.

മുഹമ്മദ് രണ്ടാമൻ ഭരണമേറ്റെടുത്തയുടൻ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കുക എന്ന ലക്ഷ്യത്തോടെ ബോസ്ഫറസ് കടലിടുക്കിന്റെ യൂറോപ്യൻ തീരത്ത് റുമേലി ഹിസ്സാറെന്ന വലിയൊരു കോട്ട നിർമിക്കുകയുണ്ടായി. ഇത് സൈനിക കേന്ദ്രമാക്കിക്കൊണ്ട് തന്റെ നാവികപ്പടയെ അദ്ദേഹം

ബോസ്ഫറസ് കടലിടുക്കിൽ വിന്യസിച്ചു. ഗോൾഡൻ-ഹോൺ, ബോസ്ഫറസ് കടലിടുക്ക്, മർമറ കടൽ തുടങ്ങിയവയാൽ സംരക്ഷിക്കപ്പെട്ടിരുന്ന കോൺസ്റ്റിനോപ്പിളിന് കിഴക്ക്ഭാഗം മാത്രമേ കരയുമായി ബന്ധമുണ്ടായിരുന്നുള്ളു. നാവികസൈന്യത്തെ ഉപയോഗിച്ചുകൊണ്ട് കോൺസ്റ്റാന്റിനോപ്പിൾ പടിച്ചടക്കാനുള്ള മുഹമ്മദ് രണ്ടാമന്റെ ശ്രമങ്ങൾ തീരപ്രദേശത്തെ കടലിനടിയിൽ വലിയ ഇരുമ്പ് ചങ്ങലകൾ സ്ഥാപിച്ചുകൊണ്ട് കോൺസ്റ്റാന്റിനോപ്പിൾ ഭരണാധികാരി തടഞ്ഞു. 1453 ഏപ്രിൽ 6-ാം തിയ്യതി ആയിരുന്നു മുഹമ്മദ് രണ്ടാമൻ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിയത്.

## കോൺസ്റ്റാന്റിനോപ്പിൾ

മുന്നുനിര ചുറ്റുമതിലുകളാൽ സംരക്ഷിക്കപ്പെട്ടിരുന്ന നഗരമായിരുന്നു കോൺസ്റ്റാന്റിനോപ്പിൾ. അതിൽ ഏറ്റവും ഉള്ളിലുള്ള രണ്ടു മതിലുകൾ ശക്തവും 170 അടി കൂടുമ്പോൾ കാവൽക്കാരുടെ ഗോപുരങ്ങൾകൊണ്ട് മനോഹരവുമാക്കിയിരുന്നു. ഏറ്റവും പുറത്തുള്ള മൂന്നാമത്തെ ചുറ്റുമതിലിനു 60 അടി വീതിയുണ്ടായിരുന്നു. തിയോഡിയസ് നിർമിച്ച ഈ ശക്തമായ മൂന്നു പ്രതിരോധ മതിലുകൾ കോൺസ്റ്റാന്റിനോപ്പിളിനെ ഇരുപതോളം ആക്രമണങ്ങളിൽ നിന്നു രക്ഷിക്കുകയുണ്ടായി. ഗോൾഡൻ ഹോണിന്റെ ഒമ്പതു മൈൽ തീരപ്രദേശങ്ങളും കോട്ടമതിലുകളാൽ സംരക്ഷിക്കപ്പെട്ടിരുന്നു. ബോസ്ഫറസ്, ഗോൾഡൻ ഹോൺ എന്നീ ജലാശയങ്ങളാൽ ചുറ്റപ്പെട്ടിരുന്ന കോൺസ്റ്റാന്റിനോപ്പിളിനു കിഴക്കൻ ഭാഗങ്ങളിൽ മാത്രമേ കരയുണ്ടായിരുന്നുള്ളു.)



കോൺസ്റ്റാന്റിനോപ്പിൾ നഗരം

തുടർന്ന് തന്റെ നാവികപ്പടയെ ഒറ്റരാത്രികൊണ്ട് ബോസ്ഫറസ് കടലിൽ നിന്ന് വലിയ മല നിരകൾ കടത്തി കോൺസ്റ്റാന്റിനോപ്പിളിന്റെ പടിഞ്ഞാറൻ ഭാഗത്ത് മുഹമ്മദ് രണ്ടാമൻ എത്തുകയുണ്ടായി. തുടർന്ന് ജാനിസ്സറി സൈന്യത്തെ ഉപയോഗിച്ചു കൊണ്ടദ്ദേഹം ശക്തമായ മിന്നലാക്രമണം നടത്തി. അപ്രതീക്ഷിതമായ ഈ ആക്രമണത്തിൽ ക്രിസ്ത്യൻ സൈന്യം പരാജയപ്പെടാൻ തുടങ്ങി.

ഇരട്ടച്ചുവരുകളാൽ സംരക്ഷിക്കപ്പെട്ടിരുന്ന കോൺസ്റ്റാന്റിനോപ്പിൾ നഗരത്തിന്റെ മതിലുകൾ തകർക്കാൻ വേണ്ടിയായിരുന്നു പീരങ്കിയുടെ ആദ്യരൂപം മുഹമ്മദ് രണ്ടാമൻ നിർമിക്കുന്നത്. 1459 മെയ് 29-ന് കോൺസ്റ്റാന്റിനോപ്പിൾ നഗരം മുഹമ്മദ് രണ്ടാമനു മുന്നിൽ പൂർണമായും കീഴടങ്ങി.




ഗോൾഡൻഹോൺ കടലിടുക്ക്




ബോസ്ഫറസ് കടലിടുക്ക്

## കോണ്‍സ്റ്റാന്റിനോപ്പിള്‍ പിടിച്ചടക്കല്‍

കോണ്‍സ്റ്റാന്‍സ്റ്റിനോപ്പിള്‍ ചക്രവര്‍ത്തിയായ കോണ്‍സ്റ്റന്‍റൈന്‍, അദ്ദേഹത്തിന്റെ തലസ്ഥാനം സംരക്ഷിക്കുന്നതിനായി ശക്തമായ പ്രതിരോധ ശ്രമങ്ങളാരംഭിച്ചു. പടിഞ്ഞാറന്‍ യൂറോപ്പിലേയും ഗ്രീസിലെയും ഭരണാധികാരികളോടദ്ദേഹം സഹായം അഭ്യര്‍ഥിച്ചു. അങ്ങനെ കോണ്‍സ്റ്റന്‍റൈന്‍ തന്റെ കീഴില്‍ 8000 ത്തോളം വരുന്ന ഒരു വലിയ സൈന്യത്തെ അണിനിരത്തി. ഒപ്പം തന്നെ ക്രിസ്തീയ സൈനികര്‍ ഗോള്‍ഡന്‍ ഹോണില്‍ വലിയ ഇരുമ്പു ചങ്ങലകളുപയോഗിച്ചുള്ള ശക്തമായ പ്രതിരോധം തീര്‍ത്തിരുന്നു. അതുകൊണ്ട് ഉസ്മാനിയ നാവികക്കപ്പലുകള്‍ക്ക് തുറമുഖമണയാനായില്ല. ആദ്യം ഗോള്‍ഡന്‍ ഹോണ്‍ ഉള്‍ക്കടല്‍ പൂര്‍ണമായും കീഴടക്കിയാല്‍ മാത്രമെ കോണ്‍സ്റ്റാന്റിനോപ്പിള്‍ മുസ്‌ലിം സൈന്യത്തിനു മുമ്പില്‍ കീഴ്പ്പെടുകയുള്ളൂവെന്ന് മുഹമ്മദ് രണ്ടാമനു ബോധ്യപ്പെട്ടു. തന്റെ യുദ്ധക്കപ്പലുകളെ അപകടം നിറഞ്ഞ യൂറോപ്യന്‍ പ്രദേശങ്ങളിലൂടെ കൊണ്ടുപോകാന്‍ അദ്ദേഹം തീരുമാനിച്ചു. സി. ഇ. 1453 ഏപ്രില്‍ 22-ാം തിയ്യതി അദ്ദേഹം തന്റെ ചെറിയ യുദ്ധകപ്പലുകള്‍ കടല്‍തീരത്തിന്റെ കിഴക്കന്‍ ഭാഗത്തുള്ള ഗലാട്ടയിലെ ജിനോസി കോളനിചുറ്റി ഗോള്‍ഡന്‍ ഹോണിന്റെ വടക്കന്‍ തീരത്തെത്തിച്ചു. മരപ്പലകയില്‍ കപ്പലുകള്‍ കയറ്റിവെച്ചു സൈനികരെയും കുറ്റന്‍ കാളകളെയുമുപയോഗിച്ചുകൊണ്ട് ഇദ്ദേഹം ദൗത്യം പൂര്‍ത്തിയാക്കി. ഏകദേശം എഴുപതോളം കപ്പലുകളാണ് പത്തു മൈലുകളോളം നീണ്ടുകിടന്ന മലനിരകളിലൂടെ മരപ്പലകകള്‍ കൊണ്ടുണ്ടാക്കിയ താല്‍ക്കാലിക വഴിയിലൂടെ ഇത്തരത്തില്‍ ഒറ്റരാത്രികൊണ്ട് അദ്ദേഹം ലക്ഷ്യസ്ഥാനത്ത് എത്തിച്ചത്. മുസ്‌ലിം യുദ്ധക്കപ്പലുകള്‍ താരതമ്യേന വലുപ്പം കുറഞ്ഞവയായിരുന്നതുകൊണ്ട് വളരെപ്പെട്ടെന്ന് രാത്രിതന്നെ ശരറാന്തല്‍ വെളിച്ചത്തില്‍ ഗോള്‍ഡന്‍ ഹോണ്‍ കടലിടുക്കിന്റെ തെക്കുകിഴക്കന്‍ ഭാഗത്തൂടെ പ്രവേശിക്കുകയും കോണ്‍സ്റ്റാന്റിനോപ്പിളിന്റെ മതിലുകള്‍ തകര്‍ക്കുകയും ചെയ്തു. ഉസ്മാനിയ പീരങ്കികള്‍കൊണ്ട് കോണ്‍സ്റ്റാന്റിനോപ്പിളിന്റെ ശക്തമായ ഇരട്ടമതിലുകള്‍ തകര്‍ക്കപ്പെട്ടു. മുഹമ്മദ് രണ്ടാമന്‍ സെന്റ് റുമേനസ് കവാടത്തിലൂടെ നഗരത്തില്‍ പ്രവേശിക്കുകയും ചെയ്തു. തുടര്‍ന്ന് അദ്ദേഹം ഇരു വിഭാഗത്തിനുമിടയില്‍ രക്തചൊരിച്ചില്‍ ഒഴിവാക്കാന്‍ തീരുമാനിച്ചു. തുടര്‍ന്ന് കോണ്‍സ്റ്റാന്റിനോപ്പിളിലെ ജനങ്ങളുടെയും തന്റെ സൈനികരുടെയും ജീവന്‍ നഷ്ടപ്പെടാതിരിക്കാന്‍ കോണ്‍സ്റ്റന്‍റൈന്‍ ചക്രവര്‍ത്തിയോട് നിരുപാധികം കീഴടങ്ങാന്‍ അദ്ദേഹം ആവശ്യപ്പെട്ടു. എന്നാല്‍ മുഹമ്മദ് രണ്ടാമന്റെ സന്ദേശം നിരാകരിച്ച അദ്ദേഹം മുസ്‌ലിം സേനയെ നേരിടാനൊരുങ്ങി. എന്നാല്‍ ക്രിസ്ത്യാനികളുടെ രക്തചൊരിച്ചില്‍ ഒഴിവാക്കാനായി അഞ്ചു ദിവസംകൂടി മുഹമ്മദ് രണ്ടാമന്‍ സാവകാശം നല്‍കിക്കൊണ്ട് നഗരം ഉപരോധിച്ചു. അതിനു ശേഷമാണദ്ദേഹം യുദ്ധത്തിനാഹ്വാനം നല്‍കിയത്. കോണ്‍സ്റ്റാന്റിനോപ്പിള്‍ ചക്രവര്‍ത്തി തന്റെ സൈനീകരിലധികം പേരെയും അണിനിരത്തിയത് ചുറ്റുമതിലുകളിലായിരുന്നു. അങ്ങനെ 57 ദിവസത്തെ ഉപരോധത്തെ തുടര്‍ന്ന് കോണ്‍സ്റ്റാന്റിനോപ്പിള്‍ പൂര്‍ണമായും ഉസ്മാനിയ സൈന്യത്തിനു മുമ്പില്‍ സി. ഇ. 1453-ല്‍ കീഴടങ്ങി.)




ഇസ്താംബുളും ബോസ്ഫറസ് കടലിടുക്കും


## കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയതിന്റെ ഫലങ്ങൾ

റോമൻ സാമ്രാജ്യത്തിന്റെ ശക്തികേന്ദ്രമായിരുന്ന കോൺസ്റ്റാന്റിനോപ്പിൾ 1453-ൽ നാടോടികളായ തുർക്കി സാമ്രാജ്യം പിടിച്ചടക്കിയത് നിർണായകമായ ചരിത്ര സംഭവമായി എണ്ണപ്പെടുന്നു. ബൈസന്റൈൻ സാമ്രാജ്യം പൂർണമായും തകർക്കപ്പെട്ട ഈ സംഭവത്തിന്റെ അനന്തര ഫലങ്ങൾ നിരവധിയാണ്.

- ഉസ്മാനിയ ഭരണകൂടം ഒരു സാമ്രാജ്യപദവിയിലേക്ക് ഉയർന്നു.
- റോമൻ സാമ്രാജ്യവും ബൈസന്റൈൻ സാമ്രാജ്യവും പൂർണമായും തകർക്കപ്പെട്ടു.
- തുർക്കി ഭരണകൂടത്തിന്റെ തലസ്ഥാനം അഡ്രിയനോപ്പിൾ നിന്ന് കോൺസ്റ്റാന്റിനോപ്പിളിലേക്ക് മാറി. പിന്നീട് കോൺസ്റ്റാന്റിനോപ്പിൾ എന്ന പേര് ഇസ്താംബുൾ എന്നാക്കി മാറ്റി.
- ഏഷ്യ, യൂറോപ്പ് എന്നി വൻകരകളിലായി സ്ഥിതി ചെയ്യുന്ന ഒരേയൊരു തലസ്ഥാന നഗരിയായിരുന്നു ഇസ്താംബുൾ.
- യൂറോപ്പിനെ സംബന്ധിച്ചിടത്തോളം ഇന്ത്യ, ചൈന തുടങ്ങിയ കിഴക്കൻ പ്രദേശങ്ങളുമായുള്ള വ്യാപാര ബന്ധം (പട്ടുനൂൽ പാത, സുഗന്ധവ്യഞ്ജന പാത) എന്നേക്കുമായടഞ്ഞു.
- ബോസ്ഫറസ് കടലിടുക്കിലൂടെ ഇന്ത്യയിൽ നിന്നുള്ള സുഗന്ധ വ്യഞ്ജന വസ്തുക്കൾ കരിങ്കടലിൽ എത്തിക്കുന്നതിന് ഭീമമായ നികുതി ഉസ്മാനിയ സുൽത്താന് യൂറോപ്യൻ ഭരണകൂടങ്ങൾ നൽകേണ്ടതായിവന്നു. അതുകൊണ്ട് യൂറോപ്പിന് ഇന്ത്യയിലേക്കും ചൈനയിലേക്കുമെത്താൻ പുതിയ വ്യാപാര മാർഗം കണ്ടെത്തേണ്ടത് അത്യന്താപേക്ഷിതമായി. 1498-ൽ ഇന്ത്യയുടെ മലബാർ തീരങ്ങളിലേക്ക് വാസ്കോ ഡ ഗാമ കപ്പൽ മാർഗമെത്തു

കയും അതിലൂടെ യൂറോപ്യൻ വ്യാപാര ശൃംഖല കിഴക്കൻ പ്രദേശങ്ങളിൽ സ്ഥാപിക്കപ്പെടുകയും ചെയ്തു.

- യൂറോപ്പിൽ ഭൂമിശാസ്ത്ര പഠനത്തിന് തുടക്കം കുറിക്കാൻ കോൺസ്റ്റാന്റിനോപ്പിളിന്റെ നഷ്ടം കാരണമായി.
- ബോസ്ഫറസ് കടലിടുക്കിന്റെ നിയന്ത്രണം നഷ്ടമായ യൂറോപ്പിലെ ക്രിസ്തീയ ഭരണകൂടങ്ങളുടെ സാമ്പത്തിക സ്ഥിതി അധഃപതിക്കാൻ തുടങ്ങി.
- ബോസ്ഫറസ് കടലിടുക്കിന്റെ കൈകാര്യകർത്താക്കളായതോടെ നാടോടികളായ തുർക്കികളുടെ ഭരണകൂടം ലോക വ്യാപാരം നിയന്ത്രിക്കുന്ന ശക്തിയായി മാറി.
- ഉസ്മാനിയ സുൽത്താൻ മധ്യധരണ്യാഴി കടൽ, ചെങ്കടൽ, കരിങ്കടൽ, പേർഷ്യൻ കടലിടുക്ക് തുടങ്ങിയവയുടെ ഉടമസ്ഥനായി. ഇസ്താംബൂൾ കേന്ദ്രമാക്കിക്കൊണ്ട് മുഹമ്മദ് രണ്ടാമൻ മറ്റ് യൂറോപ്യൻ പ്രദേശങ്ങളിലേക്കു സൈനിക നീക്കമാരംഭിച്ചു.
- കോൺസ്റ്റാന്റിനോപ്പിളിൽ മുഹമ്മദ് രണ്ടാമൻ ചരിത്രപ്രസിദ്ധമായ ടോപ്പ് കാപ്പി കൊട്ടാരം നിർമിക്കുകയും പിന്നീടത് ഉസ്മാനിയ സാമ്രാജ്യത്തിന്റെ ഭരണ സിരാകേന്ദ്രമാക്കി മാറുകയും ചെയ്തു.



കോൺസ്റ്റാന്റിനോപ്പിളും ബോസ്ഫറസ് കടലിടുക്കും മുഹമ്മദ് രണ്ടാമൻ കീഴടക്കിയതിന്റെ രാഷ്ട്രീയ സാമ്പത്തിക ഫലങ്ങളെപ്പറ്റി സംവാദം നടത്തുക.

## ഉസ്മാനിയ നിയമ സംഹിത

ഉസ്മാനിയ ഭരണകൂടത്തിന് ആദ്യമായി ഒരു വ്യവസ്ഥാപിത ഭരണഘടന രൂപപ്പെടുത്തുന്നത് സുൽത്താൻ സുലൈമാനായിരുന്നു. ആദ്യമായി ഓട്ടോമൻ തുർക്കികൾക്ക് നിയമാവലിയുണ്ടാക്കിയ സുൽത്താൻ എന്ന നിലയിലാണ് അദ്ദേഹത്തെ സുലൈമാൻ 'ഖാനൂനി' (നിയമദാതാവ്) എന്ന് പൗരസ്ത്യ ലോകം വിളിക്കുന്നത്. സുലൈമാന്റെ കാലഘട്ടത്തിലാണ് സൈനികവും സാമ്പത്തികവും രാഷ്ട്രീയപരവുമായി ഉസ്മാനിയ സാമ്രാജ്യം വളരെയധികം ഔന്നിത്യത്തിലെത്തിയിരുന്നത്. അദ്ദേഹം നല്ലൊരു നിയമദാതാവും നീതിമാനായ ഭരണാധികാരിയുമായിരുന്നു. ഇതുകൊണ്ടാണ് അദ്ദേഹത്തെ പാശ്ചാത്യലോകം (ദി മാഗ്നിഫിഷ്യന്റ്) അതികായനെന്ന് വിശേഷിപ്പിക്കുന്നത്.



സുലൈമാന്റെ കാലഘട്ടത്തിലെ നാണയം

സുലൈമാൻ പ്രധാനമായും ഭരണമാറ്റങ്ങൾ നടത്തിയത് സാമൂഹ്യരംഗം വിദ്യാഭ്യാസരംഗം, നികുതി വിഭാഗം, ക്രിമിനൽ നിയമങ്ങൾ തുടങ്ങിയവയിലായിരുന്നു. സുലൈമാൻ രൂപീകരിച്ച ഭരണഘടനയായിരുന്നു പിന്നീടങ്ങോട്ട് നാനൂറ് വർഷത്തോളം ഉസ്മാനിയ സാമ്രാജ്യത്തിൽ നിലനിന്നത്. സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ഒരുപോലെ സ്വീകാര്യമായിരുന്നു അദ്ദേഹത്തിന്റെ നിയമ സംഹിതയെന്നത് സുലൈമാന്റെ കാര്യനിർവഹണശേഷിക്കു ഉത്തമ ഉദാഹരണമാണ്. അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ് ഉസ്മാനിയ സാമ്രാജ്യം സൈനികവും സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവും കലാസാഹിത്യ പരവുമായ വളർച്ചയുടെ ഉന്നതിയിലെത്തിയത്. തന്റെ മുൻഗാമികളുടെ ഭരണ കാലഘട്ടങ്ങളിലെ മുഴുവൻ നിയമാവലിയും വിശകലനം ചെയ്യുകയും അവയിൽ കാലോചിത മാറ്റങ്ങൾ വരുത്തുകയും വേണ്ടവയെ തെരഞ്ഞെടുക്കു

കയും ചെയ്തു. അതോടൊപ്പംതന്നെ ഇസ്ലാമിക തത്വങ്ങളിലൊന്നും തിരുത്തലുകൾ വരുത്താതെ അനുയോജ്യമായ ക്രിമിനൽ നിയമങ്ങളും ഭൂനിയമങ്ങളും നികുതി പരിഷ്കരണവും ചേർത്തുകൊണ്ടുള്ള നിയമങ്ങളാണദ്ദേഹം നടപ്പാക്കിയത്. ഇത്ര പ്രസക്തമായ ഭൂപരിഷ്കരണ നിയമങ്ങൾ ഉസ്മാനിയ സാമ്രാജ്യത്തിനു നൽകാൻ അദ്ദേഹത്തെ സഹായിച്ച മുഖ്യനിയമജ്ഞനായിരുന്നു എബുസ്സുദ്.





ഉസ്മാനിയ സാമ്രാജ്യം സുലൈമാന്റെ കാലഘട്ടത്തിൽ

## സുലൈമാൻ നടപ്പിലാക്കിയ പ്രധാനപ്പെട്ട ഭരണനിയമ ഭേദഗതികൾ:

- നിലവിൽ തുടർന്നുപോരുന്ന ശരീഅത്ത് നിയമങ്ങളുടെ പ്രധാനപ്പെട്ട തത്വങ്ങളെ ഒരുവിധത്തിലും ബാധിക്കാത്ത തരത്തിലാണ് പുതിയ നിയമാവലി അദ്ദേഹം രൂപീകരിച്ചത്.
- പ്രധാനമായും ഊന്നൽ നൽകിയത് ക്രിമിനൽ നിയമങ്ങൾക്കും ഭൂപരിഷ്ക്കരണത്തിനും നികുതി നിയമങ്ങൾക്കുമായിരുന്നു.
- പ്രധാനമായും മൂന്ന് കോടതികൾ നടപ്പിലാക്കി. മുസ്ലിം കോടതി, അമുസ്ലിം കോടതി, കൺസ്യൂമർ കോടതി.
- കാർഷികവിഭവങ്ങൾക്കും കച്ചവടസാമഗ്രികൾക്കും ഖനനവസ്തുക്കൾക്കും കേന്ദ്രീകൃത നികുതി സംവിധാനം നടപ്പിലാക്കി.
- മുസ്ലിം പള്ളികളോട് ചേർന്ന് നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമിച്ചു.
- ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടി കോളേജുകളും സർവകലാശാലകളും സ്ഥാപിക്കുകയും ശാസ്ത്ര വിഷയങ്ങൾക്കും ആത്മീയ വിഷയങ്ങൾക്കും ഒരുപോലെ പ്രാധാന്യം നൽകുന്ന വിധത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കുകയും ചെയ്തു.
- ബിരുദധാരികൾക്ക് തൊഴിലവസരങ്ങൾ നൽകി.

- സാമ്രാജ്യത്തിലെ അമുസ്ലിം പൗരന്മാരിൽ നിന്നും ഈടാക്കിയിരുന്ന ജിസ്യ നികുതിയിൽ ഇളവ് അനുവദിച്ചു.
- സുലൈമാൻ നൂതനമായ രീതിയിൽ ക്രിമിനൽ നിയമവും പോലീസ് നിയമവും നടപ്പിലാക്കി.
- നിയമം ലംഘിക്കുന്നവർക്ക് ശക്തമായ ശിക്ഷയും പിഴയും നടപ്പിലാക്കി.
- വധശിക്ഷപോലുള്ള കഠിനശിക്ഷാ രീതികളിൽ അദ്ദേഹം ഇളവു വരുത്തി.



സുലൈമാന്റെ നിയമസംഹിതയെപ്പറ്റി ചർച്ച നടത്തുകയും ഇന്ത്യയുടെ ഭരണഘടനയുമായി അതിനെ താരതമ്യം നടത്തുകയും ചെയ്യുക.

## മില്ലറ്റ് സാമൂഹ്യ വ്യവസ്ഥ

ഉസ്മാനിയ സാമ്രാജ്യത്തിലെ പ്രധാനപ്പെട്ട സാമൂഹ്യ വ്യവസ്ഥയായിരുന്നു മില്ലെറ്റ്. തുർക്കി സാമ്രാജ്യത്തിലെ മുഴുവൻ സമൂഹത്തെയും ഓരോ പ്രത്യേക മില്ലറ്റായി വിഭജിച്ചിരുന്നു. മില്ലെറ്റ് വ്യവസ്ഥയിലൂടെ വ്യത്യസ്ത മതവിഭാഗങ്ങൾക്കും വിവിധ ദേശക്കാർക്കും പ്രത്യേക കോടതികൾ നിലവിൽവന്നു. മുസ്ലിംകൾ, ക്രിസ്ത്യാനികൾ, ജൂതന്മാർ, അർമീനിയക്കാർ, സെർബിയക്കാർ, ഗ്രീക്കുകാർ തുടങ്ങിയവയായിരുന്നു ഉസ്മാനിയ സമൂഹത്തിലെ പ്രധാന മില്ലെറ്റുകൾ.

തുർക്കി ഭാഷയിൽ മില്ലെറ്റെന്ന പദം കൊണ്ടർഥമാക്കുന്നത് ഒരു ഭരണകൂടത്തിന് കീഴിലെ വ്യത്യസ്ത മത വിഭാഗങ്ങളിൽപെട്ട ആളുകളെന്നാണ്. മില്ലെറ്റ് വ്യവസ്ഥയിൽ സാമ്രാജ്യത്തിന്റെ കേന്ദ്ര നിയന്ത്രണം ഇവരുടെമേൽ ഉണ്ടായിരുന്നുവെങ്കിലും നിരവധി സ്വതന്ത്ര അവകാശങ്ങൾ ഒരോ മില്ലെറ്റിനും നൽകിയിരുന്നു. ഈ സ്വാതന്ത്ര്യം പ്രധാനമായും നൽകപ്പെട്ടിരുന്നത് തങ്ങളുടേതായ ഭാഷ കൈകാര്യം ചെയ്യാനും മതപഠനത്തിനും ആചാരപാലനത്തിനും വിദ്യാഭ്യാസ സാംസ്കാരിക സ്ഥാപനങ്ങൾ നടത്തുവാനുമായിരുന്നു. ഓരോ മില്ലെറ്റിന്റെയും അംഗങ്ങൾക്കിടയിലെ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നത് അവരുടെ മില്ലെറ്റ് നേതാവായിരുന്നു. അദ്ദേഹത്തിനായിരുന്നു തന്റെ മില്ലെറ്റിലെ അംഗങ്ങളിൽനിന്ന് നികുതി പിരിക്കാനും അതു സുൽത്താന്റെ ഖജനാവിലേക്കടയ്ക്കാനുമുള്ള ചുമതലയുണ്ടായിരുന്നത്. ഒരു മില്ലെറ്റിലെ അംഗങ്ങൾക്കിടയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതും മില്ലെറ്റ് കോടതിയുടെ കീഴിൽ അവരുടെ മില്ലെറ്റ് നേതാവായിരുന്നു. മില്ലെറ്റ് വ്യവസ്ഥയുടെ പ്രധാനപ്പെട്ട പ്രത്യേകത മില്ലെറ്റ് നേതാവാണ് ഉസ്മാനിയ സുൽത്താന്റെ അടുത്ത് തന്റെ മില്ലെറ്റിനെ പ്രതിനിധീകരിച്ച് സംസാരിക്കുവാൻ ഉത്തരവാദിത്തമുള്ള വ്യക്തിയെന്നതാണ്.

രണ്ട് മില്ലെറ്റുകൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിച്ചിരുന്നത് ഇസ്താംബൂളിലുള്ള കേന്ദ്രകോടതിയായിരുന്നു. ഇവ പരിഹരിക്കപ്പെട്ടിരുന്നത് സുലൈമാൻ രൂപീകരിച്ചിട്ടുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മഹ്മൂദ്, രണ്ടാമൻ തുർക്കിയെ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി മില്ലെറ്റ് സംവിധാനം നിർത്തലാക്കുകയും എല്ലാവരെയും തുർക്കി പൗരന്മാരായി പൊതുവായി പരാമർശിക്കുകയും ചെയ്തു. മുസ്തഫ കമാൽ പാഷ തുർക്കി സാമ്രാജ്യത്തെ റിപ്പബ്ലിക്കായി മാറ്റിയതോടെ മില്ലെറ്റ് സംവിധാനം എന്നെന്നേക്കുമായി അവസാനിച്ചു.

## ഉസ്മാനിയ സാമ്രാജ്യത്തിന്റെ സാംസകാരികവികാസം

വ്യത്യസ്ത സംസ്കാരങ്ങളുടെ സമന്വയമായിരുന്നു ഉസ്മാനിയ സാമ്രാജ്യം. തങ്ങൾ പിടിച്ചടക്കുന്ന പ്രദേശങ്ങളിലെയെല്ലാം സാംസ്കാരിക പൈതൃകത്തെ സ്വീകരിക്കുന്ന മനോഭാവമായിരുന്നു ഉസ്മാനിയ തുർക്കികൾക്കുണ്ടായിരുന്നത്. അറബ്, പേർഷ്യൻ, സെൽജുക്ക്, ബൈസന്റൈൻ, യൂറോപ്യൻ ശൈലികളുടെ സമന്വയം ഉസ്മാനിയ സാംസ്കാരിക പൈതൃകത്തിലുട നീളം കാണാൻ സാധിക്കുന്നതാണ്.

മുഹമ്മദ് രണ്ടാമൻ കവിയും വ്യത്യസ്ത ഭാഷകൾ കൈകാര്യം ചെയ്യുന്ന ഭരണാധികാരിയുമായിരുന്നു. സുൽത്താൻ സുലൈമാന്റെ കൊട്ടാരത്തിലുണ്ടായിരുന്ന കലാനിപുണരായ പണ്ഡിത വിഭാഗമായിരുന്നു അഹലുൽ ഹിരിഫ് (വിദഗ്ധരുടെ സംഘം). സുലൈമാന്റെ പുതിയ നിയമ സംഹിതയെപ്പറ്റിയെപ്പറ്റിയുള്ള ഗ്രന്ഥമെഴുതിയ പണ്ഡിതനാണ് ഇബ്രാഹിം അൽ ഹലാബി.

പേർഷ്യൻ ഭാഷയിൽ നിരവധി കവിതകൾ സുൽത്താൻ സലിം ഒന്നാമൻ എഴുതിയിട്ടുണ്ട്. രാജകൊട്ടാരത്തിലെ കലാകാരന്മാർ, ഉദ്യോഗസ്ഥർ, കരകൗശല വിദഗ്ധർ എന്നിവരുടെ ശമ്പള വിതരണവുമായി ബന്ധപ്പെട്ടിട്ടുള്ള ശമ്പളവിതരണപ്പട്ടിക അക്കാലത്ത് എഴുതി സൂക്ഷിച്ചിരുന്നു. സുലൈമാന്റെ പുതിയ നിയമസംഹിതയെപ്പറ്റി ഇബ്രാഹിം അൽ-ഹലബി എഴുതിയിട്ടുള്ള ഗ്രന്ഥമാണ് മുൽതഖ-അൽ-അബ്ഹർ. ഒരു നല്ല കവികൂടിയായിരുന്ന സുലൈമാന്റെ പല ആപ്തവാക്യങ്ങളും പിന്നീട് തുർക്കി പഴഞ്ചൊല്ലായി മാറിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കൊട്ടാരത്തിലെ പണ്ഡിതപ്രമുഖരായിരുന്നു ഫുസൂലിയും ബാഖിയും. അതുപോലെതന്നെ സുലൈമാന്റെ കൊട്ടാര കവിയായിരുന്നു അഹ്മദ് നാദി ഇഫ്ദിയും ഔലിയ സൽബിദും. ഇതിനു പുറമെ ഗ്രീക്ക് പണ്ഡിതനായ ജോർജ്യസ് അമിറ്റ്യൂതസിന്റെ കീഴിൽ തർജമ വിദഗ്ധരുടെ ഒരു സംഘം രൂപപ്പെടുത്തിയിരുന്നു.

## വാസ്തുവിദ്യ

പേർഷ്യൻ, ബൈസന്റൈൻ, മംലൂക്ക് വാസ്തുവിദ്യാ ശൈലികളുടെ സമന്വയമായിരുന്നു ഉസ്മാനിയ വാസ്തുവിദ്യ. പ്രധാനമായും മുസ്‌ലിം പള്ളികളും കൊട്ടാരങ്ങളും മ്യൂസിയങ്ങളുമായിരുന്നു അവർ നിർമിച്ചിരുന്നത്. ബ്രൂസയിൽ ഒറ്റ മകുടമുള്ള പള്ളികളും അക്കാലത്ത് നിർമ്മിച്ചിരുന്നു.



ഹേജിയ സോഫിയ

ഉസ്മാനിയ വാസ്തുവിദ്യയുടെ മകുടോദാഹരണമാണ് ഹേജിയ സോഫിയ (ആയ സോഫിയ) മുഹമ്മദ് രണ്ടാമന്റെ കാലഘട്ടത്തിൽ കോൺസ്റ്റാന്റിനോപ്പിൾ തുർക്കികൾ പിടിച്ചടക്കിയപ്പോൾ അവിടെ ഉണ്ടായിരുന്ന പ്രധാനപ്പെട്ട ക്രിസ്തീയ ദേവാലയമായിരുന്നു ഹേജിയ സോഫിയ. അതിന്റെ തനതായ രൂപവും അൾത്താരയും നിലനിർത്തിക്കൊണ്ടുതന്നെ മുസ്‌ലിം പള്ളിയാക്കി മാറ്റുകയും മിനാരങ്ങൾ നിർമിക്കുകയും ചെയ്തു. 1931-വരെ മുസ്‌ലിം പള്ളിയായിരുന്ന ഹേജിയ സോഫിയയെ 1935-ൽ മുസ്തഫ കമാൽ പാഷ തുർക്കിയിലെ ഏറ്റവും വലിയ മ്യൂസിയമാക്കി മാറ്റുകയുണ്ടായി.



ടോപ്പ്കാപ്പി


ഇസ്താംബുളിൽ നിർമിക്കപ്പെട്ട ഏറ്റവും വലിയ തുർക്കി കൊട്ടാരമാണ് ടോപ്പ്കാപ്പി. ഹേജിയ സോഫിയയ്ക്ക് എതിർവശത്തായി ബോസ്ഫറസ് കടലിടുക്കിനോട് ചേർന്ന് മുഹമ്മദ് രണ്ടാമൻ സി. ഇ. 1465-ൽ നിർമാണമാരംഭിച്ച തുർക്കി കൊട്ടാരമാണ് ടോപ്കാപ്പി. നാനൂറ് വർഷത്തോളം (1465-1856) തുർക്കികളുടെ ഭരണസിരാകേന്ദ്രമായ ഈ കൊട്ടാരത്തെ സി. ഇ. 1985-ൽ യുനസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ടോപ്കാപ്പി കൊട്ടാരം

ബോസ്ഫറസ് കടലിടുക്കിന്റെ മനോഹരമായ ദൃശ്യം ലഭിക്കത്തക്കവിധത്തിൽ മർമറ കടലിനും ഗോൾഡൻ ഹോണിനും അഭിമുഖമായാണ് ടോപ്കാപ്പി കൊട്ടാരം സ്ഥിതി ചെയ്യുന്നത്. സി. ഇ. 1453-ൽ മുഹമ്മദ് രണ്ടാമൻ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കുമ്പോൾ ബൈസന്റൈൻ കൊട്ടാരം തകർന്നടിഞ്ഞ അവസ്ഥയിലായിരുന്നു. അതിനാൽ സുൽത്താനു താമസിക്കാനായാണ് സി. ഇ. 1460-ൽ ടോപ്കാപ്പി കൊട്ടാരത്തിന്റെ നിർമാണമാരംഭിച്ചത്. തുടക്കത്തിൽ ഈ കൊട്ടാരത്തിന്റെ പേര് യാനി സരയ് (പുതിയ കൊട്ടാരം) എന്നായിരുന്നു. പിന്നീടാണ് ടോപ്കാപ്പി (പീരങ്കികവാടം) എന്നാക്കി മാറ്റിയത്. നാല് വലിയ ചത്വരങ്ങളായാണ് കൊട്ടാരത്തിന്റെ നിർമാണം. ഹറം, പള്ളി, ജയിൽ, സ്വീകരണ മുറി, വിദേശികൾക്കുള്ള വിശ്രമമുറി, ആശുപത്രി സമുച്ചയം എന്നിവയെല്ലാം കൂടി 300 മുറികൾ അടങ്ങുന്ന ഈ കൊട്ടാരത്തിനുചുറ്റും വലിയ പൂന്തോട്ടങ്ങളുണ്ടായിരുന്നു. ബാബുൽ-ഹുമയൂൺ, നീതിയുടെ കമാനം, ഹറം, നാണയനിർമാണ ശാല, അഭിവാദ്യകവാടം, പൊതു ദർശന സ്ഥലം, സുവർണജാലക കിരീടം, ആശംസകവാടം, പൊതുഖജനാവ് തുടങ്ങിയവയാണ് ടോപ്പ്കാപ്പി കൊട്ടാരത്തിന്റെ പ്രധാന ഭാഗങ്ങൾ.

സുൽത്താൻ അബ്ദുൽ മജീദ് ഒന്നാമൻ സി. ഇ. 1856-ൽ, എഡ്രിനെ കേന്ദ്രീകരിച്ച് യൂറോപ്യൻ മാതൃകയിൽ വലിയൊരു കൊട്ടാരം നിർമിക്കുകയും പിന്നീട് ടോപ്കാപ്പിയിൽ നിന്ന് ഭരണം എഡ്രിനയിലെ ഈ കൊട്ടാരത്തിലേക്ക് മാറ്റുകയുമുണ്ടായി.


സലീമിയപള്ളിയുടെ ഉൾഭാഗം




ബ്ലൂ മോസ്ക്

ഉസ്മാനിയ സാമ്രാജ്യത്തിലെ ഏറ്റവും പ്രസിദ്ധമായ വാസ്തുവിദ്യാ വിദഗ്ധനായിരുന്നു മിമാർ സിനാൻ. എഡ്രിനയിലെ സലീമിയ പള്ളിയും സുലൈമാനിയ പള്ളിയും ഇസ്താംബുളിലെ അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നിർമിതികളാണ്. ഉസ്മാനിയ വാസ്തുവിദ്യയുടെ ഏറ്റവും വലിയ ഉദാഹരണമാണ് ബ്ലൂ മോസ്ക്. സുൽത്താൻ അഹമ്മദ് മോസ്ക്ക് എന്ന പേരിലും ഇത് അറിയപ്പെടുന്നു. ഉസ്മാനിയ തുർക്കികളുടെ പ്രസിദ്ധമായ ബ്ളു മോസ്ക്കിന്റെ രൂപരേഖ വരച്ചത് അദ്ദേഹത്തിന്റെ ശിഷ്യനായ മുഹമ്മദ് ആഗ ആയിരുന്നു. സുൽത്താൻ അഹമ്മദിന്റെ കാലഘട്ടത്തിൽ നിർമിക്കപ്പെട്ട ഈ പള്ളിക്ക് പ്രസ്തുത പേര് ലഭിക്കാനുള്ള കാരണം പള്ളിയുടെ ഉള്ളും പുറവും വിലപിടിപ്പുള്ള നീല ടൈൽസ് ഉപയോഗിച്ച് കൊത്തുപണി ചെയതു മനോഹരമാക്കിയതു കൊണ്ടാണ്. പേർഷ്യയുമായുള്ള യുദ്ധ വിജയത്തിന്റെ സ്മാരകമായി നിർമിച്ചിട്ടുള്ള ഈ പള്ളി യുനസ്കോ യുടെ ലോകപൈതൃക പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

ഉസ്മാനിയ കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട വാസ്തുവിദ്യാ സംഭാവനകളിലൊന്നാണ് സലീമിയ പള്ളി. വ്യത്യസ്ത സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന ഒരു സമുച്ചയമായിരുന്നു ഇത്. പള്ളി ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മെഡിക്കൽ കോളേജ്, മറ്റ് പൊതു സ്ഥാപനങ്ങൾ എന്നിയെല്ലാം സലീമിയ പള്ളിയോട് ചേർന്ന് നിർമിച്ചിരുന്നു. മിമാർ സിനാൻ തന്നെ നിർമിച്ച ഈ പള്ളിയാണ് ആദ്യമായി ഗ്ലാസ് ഉപയോഗിച്ചു നിർമിച്ച ഉസ്മാനിയ വാസ്തുവിദ്യാ സമുച്ചയം.





ബ്ലൂമോസ്കിന്റെ ഉൾഭാഗം

## സലീമിയ പള്ളി

വ്യത്യസ്ത തരം ടൈലുകൾ ഉപയോഗിച്ച് അർധവൃത്താകൃതിയിലുള്ള മകുടങ്ങൾ മനോഹരമായി പതിച്ച പള്ളിയാണ് സലീമിയ പള്ളി. മൂന്ന് ഭാഗത്തു നിന്നും ജനലുകൾ വഴി വെളിച്ചം ഉള്ളിൽ പ്രവേശിക്കുന്ന വിധത്തിൽ മിഹ്റാബ് ഏറ്റവും പിന്നിലായിട്ടായിരുന്നു ക്രമീകരിച്ചത്. അതുപോലെത്തന്നെ തൂണുകളുടെ ചുവരുകളിൽ സൂര്യപ്രകാശം എല്ലാ ഭാഗത്തു നിന്നും കിട്ടുന്ന വിധത്തിലായിരുന്നു ജനലുകളുടെ നിർമാണം. വ്യത്യസ്ത സംസ്ക്കാരങ്ങളുടെ സമന്വയമായ സലീമിയ പള്ളിയുടെ പ്രധാന കവാടങ്ങളെല്ലാം കൂടിച്ചേരുന്നിടത്ത് ഒക്ടാഗൺ ഘടനയും മകുടാകൃതിയിലുള്ള ചത്വരവും കാണാൻ സാധിക്കുന്നു. എട്ട് വിസ്തൃത മകുടങ്ങളാൽ കമനീയവും, ഒക്ടാഗൺ നാല് അർധ മകുടങ്ങളാൽ അലങ്കൃതവും മൂലകൾ സമചതുര രൂപത്തിലുമായിരുന്നു.



ബ്ലൂമോസ്ക് ബോസ്ഫറസ് കടലിടുക്കിന്റെ പശ്ചാത്തലത്തിൽ

## ഉസ്മാനിയ വാസ്തുവിദ്യയുടെ പ്രത്യേകതകൾ

- ബൈസന്റൈൻ, സെൽജൂക്ക്, അബ്ബാസിയ തുടങ്ങിയ ഭരണകൂടങ്ങളുടെ വാസ്തുവിദ്യയുടെ സമന്വയമായിരുന്നു.
- കൂർത്ത മിനാരങ്ങൾ.
- ചില്ലുജാലകങ്ങൾ.
- സൂര്യപ്രകാശം മുഴുവനായും എല്ലാ മുറികളിലും എത്തുന്ന വിധത്തിലുള്ള നിർമാണ പ്രവർത്തനം.
- തറ വലിയ തൂണുകളുടെ മുകളിൽ പണിയുന്ന രീതി.

### ബ്ലൂ മോസ്ക്

ഇതിന്റെ നടുത്തളത്തിൽ നിർമാതാവിന്റെ ഭൗതികശരീരം അടക്കം ചെയ്തിട്ടുണ്ട്. മദ്രസ്സയും ആശുപത്രിയും അതിനോടൊപ്പം കാണാം. ആയ സോഫിയക്ക് അഭിമുഖമായിട്ടാണ് ബ്ലൂ മോസ്കിന്റെ നിർമാണം. ആറ് മിനാരങ്ങളുള്ള ഇതിന്റെ തറ വലിയ തൂണുകളിലാണ് നിർമിച്ചിട്ടുള്ളത് ഭംഗിയായി അലങ്കരിച്ച 200-ഓളം ജാലകങ്ങളുണ്ട് എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഇരുപതിനായിരം മാർബിൾ കല്ലുകൾ ഇതിന്റെ നിർമാണത്തിനുപയോഗിച്ചിട്ടുണ്ട്. സൂര്യപ്രകാശം എല്ലാ കോണിൽ നിന്നും മോസ്കിന്റെ ഉള്ളിൽ പ്രവേശിക്കുന്ന വിധത്തിലായിരുന്നു നിർമാണം. അതുപോലെ മിഹ്റാബ് എവിടെ നിന്നു നോക്കിയാലും ദർശിക്കാൻ കഴിഞ്ഞിരുന്നു.

## കാലിഗ്രാഫിയും മറ്റ് കലാരൂപങ്ങളും


ഉസ്മാനിയ ഭരണകൂടത്തിന്റെ പ്രധാനപ്പെട്ട ഔദ്യോഗിക ചിഹ്നമാണ് തുഗ്റ എന്ന പേരിൽ പ്രസിദ്ധിയാർജിച്ചത്. സുൽത്താൻമാരുടെ ഒപ്പാണ് കാലിഗ്രാഫി രൂപത്തിൽ ഭംഗിയായി വരച്ച് കൊണ്ട് അത് ഔദ്യോഗിക ചിഹ്നമായി കണക്കാക്കുന്നത്. പിന്നീടത് സീലായി ഉപയോഗിക്കുകയും എല്ലാ ഔദ്യോഗിക റെക്കോർഡുകളിലും നാണയങ്ങളിലും നിർബന്ധമായി പതിപ്പിക്കുകയും ചെയ്തിരുന്നു. ഇതിൽ സുലൈമാൻ തുഗ്ര ആയിരുന്നു ഏറ്റവും പ്രസിദ്ധിയാർജിച്ചത്.

പതിനഞ്ചാം നൂറ്റാണ്ടിൽ ടോപ്കാപ്പി കൊട്ടാരത്തിൽ നഖാഷാനെ റ്റും എന്ന പേരിൽ ഗ്രീക്ക് മാതൃകയിൽ ചിത്രകാരന്മാരുടെ അക്കാദമി സ്ഥാപിച്ചിരുന്നു. സംഗീതത്തിനും മറ്റ് കലാരൂപങ്ങൾക്കും വളരെയധികം പ്രാധാന്യം തുർക്കികൾ നൽകിയിരുന്നു. ജനിസറി സൈന്യത്തിന്റെ പ്രദർശനം പൊതുസ്ഥലങ്ങളിൽ പ്രത്യേക ബാന്റ് മേളത്തോടെയായിരുന്നു നടത്തിയിരുന്നത്. ഏകാംഗ നാടകവും പാവക്കൂത്തും ഉസ്മാനിയ സാമ്രാജ്യം ഈ ലോകത്തിന് നൽകിയ പ്രധാനപ്പെട്ട സംഭാവനയാണ്.




മിമാർ സിനാന്റെ പ്രതിമ

നിരവധി സംഗീതോപകരണങ്ങൾ ഉസ്മാനിയ തുർക്കികളുടെ സംഭാവനയായി ലോകത്തിനു നൽകിയിട്ടുണ്ട്. ഉസ്മാനിയ കൊട്ടാരത്തിലെ അന്തഃപുരങ്ങളിൽ സ്ത്രീകളുടെ നൃത്തവും സംഗീതവും നിത്യ വിനോദമായിരുന്നു. മെദിയാനെന്നത് ഉസ്മാനിയ തുർക്കികളുടെ ഒരു പൊതു പരിപാടിയായിരുന്നു. മെദഹ് എന്നത് ഉസ്മാനിയ കാലഘട്ടത്തിലെ ഏകാംഗ നാടകമായിരുന്നു. കരഗോസ് എന്നറിയപ്പെടുന്ന പാവക്കൂത്ത് നാടകവും ഇക്കാലത്ത് പ്രസിദ്ധിയാർജിച്ചിരുന്നു.



ഉസ്മാനിയ സാമ്രാജ്യവുമായി ബന്ധപ്പെട്ട നിരവധി ചിത്രങ്ങൾ ശേഖരിച്ച് എന്റെ ആൽബം തയ്യാറാക്കുക




സുലൈമാൻ ഒന്നാമന്റെ തുഗ്ര



തുഗ്ര അടയാളമുള്ള നാണയം



ഓർഹാന്റെ തുഗ്ര




ഉസ്മാനിയ തകർച്ചയുടെ ആരംഭം

## ഉസ്മാനിയ സാമ്രാജ്യത്തിന്റെ പതനം

- സുലൈമാന്റെ ഭരണത്തിന്റെ അവസാന നാളുകളിൽ ഉസ്മാനിയ സാമ്രാജ്യത്തിന്റെ തകർച്ച ആരംഭിച്ചു. പത്നിക്ക് വേണ്ടി അദ്ദേഹം സനാനത്യാഗം ചെയ്യുകയുണ്ടായി.
- സുലൈമാന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ റഷ്യൻ വംശജയായ പത്നി റോക്സിലാനയുടെയും (ഖുറം) അവരുടെ സഹോദരനായ ഇബ്രാഹിമിന്റെയും ഭരണപരമായ ഇടപെടൽ ഉസ്മാനിയ സാമ്രാജ്യത്തിന്റെ തകർച്ചക്ക് കാരണമായി. ഇതോടെയാണ് റഷ്യൻ സ്വാധീനം ഉസ്മാനിയ സാമ്രാജ്യത്തിൽ പ്രകടമാകാൻ തുടങ്ങിയത്.
- സുലൈമാന്റെ അവസാന കാലഘട്ടത്തിൽ വർധിച്ചുവന്ന കടബാധ്യതകൾ
- സി. ഇ. 1699-ലെ കർലോവിഡ്സ് കരാറും സി. ഇ. 1792-ലെ ജാസി കരാറും സി. ഇ. 1774-ലെ കുച്ചുക്ക് കൈനർജി കരാറും ഉസ്മാനിയ ഭരണ തകർച്ചയുടെ തുടക്കമായി. യൂറോപ്പ്, കടലിലൂടെ പുതിയ കച്ചവടപാത കണ്ടുപിടിച്ചതോടെ മധ്യധരണ്യാഴി കടലിലൂടെയുള്ള വ്യാപാരം അറ്റ്ലാന്റിക് സമുദ്രത്തിലേക്ക് മാറാൻ തുടങ്ങി. ഇത് ഉസ്മാനിയ സാമ്രാജ്യത്തിന്റെ വരുമാനത്തെയും കച്ചവടത്തെയും സാരമായി ബാധിച്ചു.
- പതിനേഴാം നൂറ്റാണ്ടിലും പതിനെട്ടാം നൂറ്റാണ്ടിലും ഇന്ത്യൻ സമുദ്രത്തിലൂടെയുള്ള വ്യാപാര മേൽക്കോയ്മയ്ക്കു വേണ്ടി ഉസ്മാനിയ സുൽത്താർ പോർട്ടുഗീസുകാരുമായി നിരന്തരം യുദ്ധത്തിലേർപ്പെട്ടിരുന്നു. തുടർന്ന് ഡച്ചുകാർ, ഫ്രഞ്ചുകാർ, ബ്രിട്ടീഷുകാർ തുടങ്ങിയവരുമായും ഏഷ്യയിലെ വ്യാപാര വസ്തുക്കളുടെ നിയന്ത്രണത്തിനുണ്ടി ഉസ്മാനിയ സുൽത്താർക്ക് യുദ്ധത്തിലേർപ്പെടേണ്ടിവന്നു.
- കരിങ്കടൽ വ്യാപാരം മുഴുവനും റഷ്യയുടെ നിയന്ത്രണത്തിലായി.
- പതിനെട്ടാം നൂറ്റാണ്ടിൽ ഉസ്മാനിയ സാമ്രാജ്യത്തിലുയർന്നുവന്ന ദേശീയതാവാദവും സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളും.
- ബാൾക്കൻ പ്രദേശത്തെ ജനങ്ങൾ സ്വാതന്ത്ര്യവാദവുമായി ഉയർന്നുവരാൻ തുടങ്ങി. മില്ലെറ്റ് സമ്പ്രദായത്തിലൂടെ ഉസ്മാനിയ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികൾ ശക്തരാവുകയും പിന്നിട് റഷ്യയുടെ പിന്തുണയോടെ തുർക്കിക്കെതിരെ പ്രക്ഷോഭത്തിനിറങ്ങുകയും ചെയ്തു.
- ജനങ്ങൾക്കിടയിൽ ഉണ്ടായിരുന്ന സുരക്ഷിതത്വം നഷ്ടമായി.
- വികേന്ദ്രീകൃത ഭരണസംവിധാനം നടപ്പിലാക്കിയതിലെ പാളിച്ചകൾ.
- റഷ്യയും തുർക്കിയും തമ്മിൽ സി. ഇ. 1774-ൽ ഒപ്പുവെച്ച കുച്ചുക്ക്-കൈനർജി കരാറിന് ശേഷം ബാൾക്കൻ പ്രദേശങ്ങളിലുണ്ടായിരുന്ന റഷ്യൻ സ്വാധീനം വർധിച്ചു. ഈ കരാർ പ്രകാരം ഉസ്മാനിയ സാമ്രാജ്യത്തിലെ മുഴുവൻ ക്രിസ്ത്യൻ ജനങ്ങളുടെയും നിർണായക കാര്യങ്ങൾ തീരുമാനിക്കാനുള്ള അവകാശം റഷ്യക്കു കൈവന്നു. ഇത് പിന്നീട് ഉസ്മാനിയ സാമ്രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ പാശ്ചാത്യ ശക്തികളുടെ ഇടപെടലിന് വഴിവെച്ചു.
- ഇസ്താംബൂളും മറ്റ് ഓട്ടോമാൻ പ്രദേശങ്ങളും പിടിച്ചെടുക്കാൻ റഷ്യ നടത്തിയ ശ്രമങ്ങൾ.



ഇബ്നു ഖൽദൂന്റെ 'അസബിയ്യ' എന്ന സിദ്ധാന്തത്തെ വിശകലനം ചെയ്തുകൊണ്ട് ഉസ്മാനിയ സാമ്രാജ്യത്തകർച്ചയെപ്പറ്റി ചർച്ച നടത്തുക

## തൻസീമത്ത് - തുർക്കി ആധുനികവത്കരണ പ്രവർത്തനം

സി. ഇ. 1839-ൽ ഉസ്മാനിയ സുൽത്താനായ മഹ്മൂദ് രണ്ടാമൻ ആരംഭിക്കുകയും സി. ഇ. 1876 വരെ നടപ്പിലാക്കുകയും ചെയ്ത തുർക്കി ആധുനികവൽക്കരണ നവീകരണ ശ്രമങ്ങളാണ് തൻസീമത്ത് എന്നറിയപ്പെടുന്നത്. നവോത്ഥാനത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന മറ്റു യൂറോപ്യൻ രാജ്യങ്ങളെപ്പോലെ അതിന്റെ ഭാഗമായിട്ടുള്ള തുർക്കിയെയും ആധുനികവൽക്കരിക്കുക എന്നതായിരുന്നു തൻസീമത്ത് നവീകരണത്തിന്റെ പ്രധാനലക്ഷ്യം. പാശ്ചാത്യ വിദ്യാഭ്യാസം നേടിയ മഹ്മൂദ് രണ്ടാമൻ, തകർന്നുകൊണ്ടിരിക്കുന്ന തുർക്കിസാമ്രാജ്യത്തിന്റെ നിലനിൽപ്പിന് വേണ്ടത് തുർക്കി ജനങ്ങൾക്കിടയിലെ, പ്രത്യേകിച്ച് മുസ്ലിംകളും ക്രിസ്ത്യാനികളും തമ്മിലുള്ള ഐക്യവും സമത്വവും സാഹോദര്യവുമാണെന്ന് മനസ്സിലാക്കി. അദ്ദേഹത്തിന്റെ മാതാവായിരുന്ന ആയ്മീ (നെപ്പോളിയന്റെ ഭാര്യാബന്ധു) ആയിരുന്നു ഈ നവീകരണ പ്രയത്നത്തിൽ അദ്ദേഹത്തിന്റെ പ്രചോദനം.

സി. ഇ. 1839-ൽ അദ്ദേഹം ആരംഭിച്ച തൻസീമത്ത് നവീകരണ പദ്ധതികൾ അദ്ദേഹത്തിന്റെ പിൻഗാമിയായ അബ്ദുൽ മജീദ്, അബ്ദുൽ അസീസ് തുടങ്ങിയ സുൽത്താന്മാരാണ് പൂർത്തീകരിച്ചത്. തൻസീമത്ത് നവീകരണ പദ്ധതികളെ പ്രധാനമായും രണ്ടായി തരംതരിച്ചിരിക്കുന്നു. മഹ്മൂദ് രണ്ടാമൻ ആരംഭിച്ച പദ്ധതികളെ ഹാത്തി ഷെരീഫ് ഓഫ് ഗുൽഹാനെയെന്നും അബ്ദുൽ മജീദ് ഒന്നാമൻ നടത്തിയ പദ്ധതികളെ ഹാത്തിഹുമയൂണെന്നും വിളിക്കുന്നു.

ഹാത്തി ഷെരീഫിലൂടെ മഹ്മൂദ് രണ്ടാമൻ നടത്തിയ നവീകരണ ശ്രമങ്ങളായിരുന്നു:

- സാമ്രാജ്യത്തിലെ മുഴുവൻ ജനങ്ങളുടെയും ജീവനും അഭിമാനവും സ്വത്തും ഉസ്മാനിയ സുൽത്താന്റെ സംരക്ഷണത്തിലാക്കി.
- ജനങ്ങളിൽ നിന്ന് അമിതമായി ഈടാക്കിയിരുന്ന നികുതി നിർത്തലാക്കുകയും വരുമാനത്തിന് അനുസരിച്ച് മാത്രം നികുതി ഏർപ്പെടുത്തുകയും ചെയ്തു.
- ജനിസ്സറി സൈന്യത്തെ 1826-ൽ അദ്ദേഹം നിർത്തലാക്കുകയും പകരം ആധുനിക രീതിയിലുള്ള സൈന്യത്തെ രൂപപ്പെടുത്തുകയും ചെയ്തു. ഭരണം ഏറ്റെടുത്ത ഉടനെ അദ്ദേഹം നടത്തിയ ആദ്യത്തെ പരിശ്രമവും ഇതായിരുന്നു.
- പേപ്പർ കറൻസി ആദ്യമായി നടപ്പിലാക്കി.
- ഉസ്മാനിയ സാമ്രാജ്യത്തിലാദ്യമായി പോസ്റ്റൽ സംവിധാനം നടപ്പിലാക്കി.
- സി. ഇ. 1844-ൽ തുർക്കി സാമ്രാജ്യത്തിലാദ്യമായി ജനസംഖ്യാനിർണയം നടത്തി.
- മറ്റുയൂറോപ്യൻ രാജ്യങ്ങളുടെ മാതൃകയിൽ സാമ്പത്തിക നിയമങ്ങളും സിവിൽ നിയമങ്ങളും ക്രിമിനൽ നിയമങ്ങളും കാതലായ മാറ്റങ്ങൾക്കു വിധേയമാക്കി.
- ആദ്യമായി ഉസ്മാനിയ സാമ്രാജ്യത്തിന് ദേശീയഗീതവും, ദേശീയപതാകയും അദ്ദേഹം നടപ്പാക്കി.
- അടിമത്തവും അടിമക്കച്ചവടവും ഉസ്മാനിയ സാമ്രാജ്യത്തിൽ നിരോധിച്ചു.
- ആദ്യമായി ജനങ്ങൾക്ക് തിരിച്ചറിയൽ രേഖ നടപ്പിലാക്കി.
- ജനങ്ങൾക്ക് പൊതുവിവരങ്ങൾ കൈമാറുന്നതിന്/അറിയിക്കുന്നതിന്, ഒരു കൗൺസിൽ സ്ഥാപിച്ചു.
- വധശിക്ഷ നിർത്തലാക്കി.
- ആധുനിക രീതിയിലുള്ള യൂണിവേഴ്സിറ്റികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിച്ചു.
- ആരോഗ്യ സംരക്ഷണത്തിനുള്ള നിയമങ്ങൾ രൂപീകരിച്ചു.

- പുതിയ വ്യാപാരവ്യവസായ നയങ്ങൾ രൂപീകരിച്ചു നടപ്പിലാക്കി.
- ഇസ്താംബുളിനെ ആധുനിക രീതിയിലുള്ള മുൻസിപ്പാലിറ്റിയാക്കി.

തൻസീമത്ത് നവീകരണ ശ്രമങ്ങളുടെ രണ്ടാം ഭാഗമാണ് ഹാത്തി ഹുമയൂൺ എന്നറിയപ്പെടുന്നത്. സി. ഇ. 1853-1856 കാലയളവിൽ തുർക്കിയും റഷ്യയും തമ്മിൽ നടന്ന ക്രിമിയൻ യുദ്ധത്തിനുശേഷം ബ്രിട്ടൻ തുർക്കിയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാൻ തുടങ്ങി. തുർക്കി സാമ്രാജ്യത്തിന് കീഴിലെ ക്രിസ്ത്യൻ ജനങ്ങൾക്ക് കൂടുതൽ സംരക്ഷണവും അവകാശവും നൽകുന്ന വിധത്തിൽ പുതിയ നിയമനിർമ്മാണം നടത്തണമെന്ന് ബ്രിട്ടൻ ആവശ്യപ്പെട്ടു. ഈ സമ്മർദത്തിന്റെ അടിസ്ഥാനത്തിലാണ് സി. ഇ. 1856-ൽ ഹാത്തി ഹുമയൂൺ എന്ന പേരിൽ നവീകരണ ശ്രമങ്ങൾ നടക്കുന്നത്. ഹാത്തി ഹുമയൂണിലൂടെ നടപ്പിലാക്കിയ നവീകരണ പദ്ധതികൾ ഇവയായിരുന്നു:

- എല്ലാ മതത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കും ഉസ്മാനിയ സാമ്രാജ്യത്തിന്റെ കീഴിൽ തുല്യ അവകാശം പ്രഖ്യാപിച്ചു.
- അമുസ്‌ലിം പൗരന്മാർക്കു സൈന്യത്തിൽ ചേരാൻ അവസരം നൽകി.
- ഭൂനിയമങ്ങൾ പരിഷ്കരിച്ചു.
- എല്ലാവർക്കും തുല്യരീതിയിലുള്ള നികുതി നടപ്പാക്കുകയും ജിസിയ നിരോധിക്കുകയും ചെയ്തു.
- ഉസ്മാനിയ സാമ്രാജ്യത്തിൽ ടെലഗ്രാഫി സംവിധാനവും റെയിൽവേ ശൃംഖലയും നടപ്പിലാക്കി.
- നിരവധി വ്യവസായ ശാലകൾ സ്ഥാപിക്കുകയുണ്ടായി.
- ഓട്ടോമാൻ സാമ്രാജ്യത്തിൽ ഓട്ടോമൻ കേന്ദ്രബാങ്ക് എന്ന ദേശീയ ബാങ്കും ഓട്ടോമൻ സ്റ്റോക്ക് എക്സ്ചേഞ്ചും നടപ്പിലാക്കി.
- സ്വകാര്യമേഖലയിൽ ദിനപത്രം തുടങ്ങുകയും പ്രിന്റിംഗ് പ്രസ് ആരംഭിക്കുകയും ചെയ്തു.
- സാമ്പത്തിക ശാസ്ത്രത്തെയും രാഷ്ട്രീയ വ്യവസ്ഥകളെയും പറ്റി പഠിക്കാൻ പ്രത്യേക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടപ്പിലാക്കി.
- മാധ്യമനിയന്ത്രണ ബിൽ പ്രാവർത്തികമാക്കി.
- ദേശീയതയുടെ പുതിയ നിയമങ്ങൾ നിർമിച്ചു.
- കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കു പൊതുജനമധ്യത്തിൽ വിചാരണ നടപ്പാക്കി.

സാമ്രാജ്യത്തെ ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിയ തൻസീമത്ത് പുനരുദ്ധാരണ പ്രവർത്തനങ്ങൾ വേണ്ടവിധത്തിൽ ഫലം കാണാതെ പരാജയപ്പെടുകയുണ്ടായി. അതിന്റെ പ്രധാന കാരണം പൊതുജനങ്ങളിൽ നിന്ന് വേണ്ടത്ര സഹകരണം ലഭിക്കാത്തതാണ്. മുസ്‌ലിം മതപണ്ഡിതർ, യൂറോപ്യൻ ശക്തികളുടെ സഹായത്തോടെ സുൽത്താൻ നടപ്പിലാക്കുന്ന ഈ ആധുനിക നയങ്ങൾക്കെതിരെ ശക്തമായി പ്രവർത്തിക്കാൻ തുടങ്ങി. മതപണ്ഡിതന്മാരുടെ നിസ്സഹകരണം പൊതുജനങ്ങളെ തൻസീമത്ത് പ്രവർത്തനങ്ങളിൽ നിന്നു വിട്ടുനിൽക്കാൻ പ്രേരിപ്പിച്ചു. ബാൾക്കൻ പ്രദേശങ്ങളിലെ ക്രിസ്ത്യൻ വിഭാഗങ്ങൾ ഏതുവിധേനയും ഉസ്മാനിയ ഭരണത്തിൽ നിന്നും പൂർണമായും സ്വതന്ത്രരാകാനാണ് ശ്രമിച്ചത്. വേണ്ടവിധത്തിൽ പൊതുജനങ്ങളുടെ സഹകരണത്തിന് ശ്രമിക്കാതെ യൂറോപ്യൻ ശക്തികളുടെ സാമ്പത്തിക സഹായത്തോടെ അവർ വരച്ച പ്രവർത്തന മേഖലയിലൂടെ നവീകരണത്തിന് സുൽത്താന് തയ്യാറെടുത്തതാണ് തൻസീമത്ത് പ്രസ്ഥാനം പരാജയപ്പെടാൻ കാരണം.

## യുവതുർക്കി വിപ്ലവം (1908-സി.ഇ)

ഉസ്മാനിയ സുൽത്താനായ അബ്ദുൽ ഹമീദ് രണ്ടാമന്റെ (സി. ഇ. 1876-1908) ഏകാധിപത്യ ഭരണത്തിനെതിരെ തുർക്കിയിലെ വിദ്യാസമ്പന്നരായ യുവാക്കൾ നടത്തിയ പ്രക്ഷോഭമാണ് സി. ഇ. 1908-ലെ യുവ തുർക്കി വിപ്ലവമായി ചരിത്രത്തിൽ രേഖപ്പെടുത്തുന്നത്.


അബ്ദുൽ ഹമീദ് രണ്ടാമൻ

സി. ഇ. 1876-ൽ അബ്ദുൽ ഹമീദ് ഉസ്മാനിയ സുൽത്താനായി ഭരണസാരഥ്യം ഏറ്റെടുക്കുമ്പോൾ തൻസീമത്ത് പ്രവർത്തനങ്ങൾ തുടർന്നുപോന്നിരുന്നു. എന്നാൽ ക്രിസ്തീയ പൗരന്മാർ റഷ്യയുടെ പരോക്ഷമായ പിന്തുണയോടെ ഉസ്മാനിയ സുൽത്താനിൽ നിന്നു സ്വാതന്ത്ര്യം ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ യൂറോപ്യൻ ശക്തികളുടെ ഒരു കോൺഫറൻസ് ബർലിനിൽ വെച്ച് നടത്തുകയും ക്രിസ്തീയ പൗരന്മാർക്ക് കൂടുതൽ സ്വാതന്ത്ര്യവും സംരക്ഷണവും നൽകുന്ന വിധത്തിലുള്ള നിയമനിർമാണം നടത്താൻ അബ്ദുൽ ഹമീദ് രണ്ടാമനോട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ യൂറോപ്യൻ ശക്തികളുടെ ഈ നിർബന്ധത്തിന് വഴങ്ങാൻ തയ്യാറാകാതിരുന്ന അദ്ദേഹം മുഴുവൻ പൗരന്മാർക്കും സമത്വം നൽകുന്ന വിധത്തിൽ പുതിയ നിയമനിർമാണം നടത്തി. ഈ കാലയളവിനെയാണ് തുർക്കിയുടെ ആദ്യനിയമനിർമാണ കാലഘട്ടം (1876) എന്നു വിളിക്കുന്നത്.

മാസങ്ങൾക്ക് ശേഷം തന്റെ പുതിയ ഭരണഘടനയെ അബ്ദുൽ ഹമീദ് രണ്ടാമൻ നിരോധിക്കുകയും പൂർണ്ണമായും സ്വേച്ഛാധിപത്യഭരണം നടപ്പിലാക്കുകയും ചെയ്തു. യൂറോപ്യൻ ശക്തികളുടെ ഇടപെടൽ ഒഴിവാക്കുകയെന്നതായിരുന്നു ഇതിലൂടെ അദ്ദേഹം ലക്ഷ്യംവെച്ചത്. സ്വേച്ഛാധിപത്യ ഭരണത്തിന്റെ ഭാഗമായി നിരവധി ജനവിരുദ്ധ പ്രവർത്തനങ്ങൾ അദ്ദേഹം നടപ്പിലാക്കിയതായിരുന്നു യുവാക്കൾ അദ്ദേഹത്തിനെതിരെ തിരിയാനുള്ള പ്രധാന കാരണം. അദ്ദേഹം നടപ്പിലാക്കിയ ജനവിരുദ്ധ നയങ്ങളിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു:

- സുൽത്താനാണ് സാമ്രാജ്യത്തിന്റെ എല്ലാ കാര്യങ്ങളുടെയും മുഴുവൻ അധികാരിയെന്ന് പ്രഖ്യാപനം നടത്തി.
- സാമ്രാജ്യത്തിലുടനീളം രഹസ്യസംഘടയെ നിയോഗിച്ചു. എല്ലാ പ്രദേശങ്ങളിലും നടക്കുന്ന കാര്യങ്ങൾ വളരെ രഹസ്യമായി സുൽത്താൻ മനസ്സിലാക്കാനുള്ള ഏറ്റവും വലിയ ഉപാധിയായിതുമാറി.
- വാർത്താമാധ്യമങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തി.
- അബ്ദുൽ ഹമീദ് രണ്ടാമന്റെ തീരുമാനങ്ങൾക്ക് എതിരായി വാർത്തകളോ ലേഖനങ്ങളോ പ്രസിദ്ധികരിക്കാൻ അനുവദിച്ചില്ല.
- ജനങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യം നിലനിർത്തലാക്കി.
- അബ്ദുൽ ഹമീദ് രണ്ടാമന്റെ ഭരണത്തിനെതിരായ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും സംഘടനാ പ്രവർത്തനങ്ങളേയും നിരോധിച്ചു.
- ഗവൺമെന്റ് ഉദ്യോഗസ്ഥരുടെയും മന്ത്രിമാരുടെയും എണ്ണം ഗണ്യമായി കുറച്ചുകൊണ്ട് ഏകാധിപത്യ നടപടികൾ കൂടുതൽ ശക്തമാക്കി.

ഇത്തരത്തിലുള്ള ജനവിരുദ്ധ നയങ്ങൾക്കെതിരെയായിരുന്നു യുവാക്കൾ ഉണർന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ അബ്ദുൽ ഹമീദ് രണ്ടാമനെതിരെ ഉയർന്നുവന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനം

കൂടിയായിരുന്നു യുവ തുർക്കി. ഈ പ്രസ്ഥാനത്തിന്റെ പ്രധാനപ്പെട്ട മുദ്രാവാക്യം 1876-ൽ അബ്ദുൽ ഹമീദ്രണ്ടാമൻ രൂപീകരിച്ച പുതിയ ഭരണഘടന പുനഃസ്ഥാപിക്കുകയെന്നതായിരുന്നു.

യുവതുർക്കി പ്രസ്ഥാനങ്ങൾ രൂപീകരിച്ച യുവാക്കൾ പാശ്ചാത്യ വിദ്യാഭ്യാസം നേടിയവരും തുർക്കിയെ ആധുനികതയിലേക്കും പാശ്ചാത്യവൽക്കരണത്തിലേക്കും മാറ്റാൻ ശ്രമിക്കുന്നവരുയിരുന്നു. തൻസീമത്ത് നവീകരണ പ്രസ്ഥാനത്തിന്റെ സ്വാധീനമായിരുന്നു ഇവർക്കു കരുത്തു പകർന്നത്. ഇത്തരം ചിന്താധാരയുള്ള തുർക്കിയിലെ യുവജനത തൻസീമത്ത് പ്രസ്ഥാനത്തിന് ശേഷം തുർക്കിയിൽ ഒരു സ്വേച്ഛാധിപത്യ ഭരണം നടപ്പിലാക്കിയതിനെതിരെ ഉയർന്നു വന്നത് തീർത്തും സ്വാഭാവികമാണ്.

അബ്ദുൽ ഹമീദ് രണ്ടാമന്റെ ഭരണത്തിനെതിരെ ഒന്നിച്ച യുവതുർക്കികൾ ആദ്യമായി ഇസ്താംബൂൾ കേന്ദ്രീകരിച്ച് ഇബ്രാഹിം തെമോ എന്ന നേതാവിന്റെ കീഴിൽ കമ്മിറ്റി ഓഫ് യൂണിയൻ ആന്റ് പ്രോഗ്രസ്സ് (സി.യു.പി.) എന്ന സംഘടന രൂപീകരിച്ചു. അബ്ദുൽ ഹമീദ് രണ്ടാമന്റെ രഹസ്യ പോലീസ് സംവിധാനങ്ങൾ അറിയാതെതന്നെ അതീവ രഹസ്യമായി ഈ സംഘടന സുൽത്താന്റെ ഏകാധിപത്യ നയങ്ങൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. എന്നാൽ ഇതറിഞ്ഞ സുൽത്താൻ യുവതുർക്കി നേതാക്കളെ നാടുകടത്തി. പുറത്താക്കപ്പെട്ടവരിൽ ഭൂരിഭാഗവും ഫ്രാൻസിലായിരുന്നു അഭയം തേടിയിരുന്നത്. നാടുകടത്തപ്പെട്ട (സി.യു.പി.) നേതാക്കൾ പാരീസിൽ നിന്ന് തങ്ങളുടെ ആശയങ്ങൾ ഉൾക്കൊള്ളുന്ന മാസികകൾ പ്രസിദ്ധീകരിക്കുകയും തുർക്കിയിലെ ജനങ്ങൾക്ക് വിദേശ വിനിമയ മാർഗങ്ങളുപയോഗിച്ച് അയച്ച് കൊടുക്കുകയും ചെയ്തു. സി. യു. പി. യുടെ പ്രഥമ സമ്മേളനം സി. ഇ. 1902-ൽ പാരീസിൽ നടത്തുകയും പ്രസ്തുത കോൺഫറൻസിൽ തങ്ങളുടെ ലക്ഷ്യം 1876-ലെ ഭരണഘടന പുനരാവിഷ്ക്കരിക്കുകയാണെന്ന് പ്രഖ്യാപനം നടത്തുകയുമുണ്ടായി.




യുവതുർക്കി സമ്മേളനം

തുടർന്ന് സി. ഇ. 1905-ൽ ഡമസ്കസ് കേന്ദ്രീകരിച്ച് മുസ്തഫാ കമാൽ അത്താ തുർക്കിന്റെ കീഴിൽ വതൻ (ഫാദർ ലാന്റ്) എന്ന പേരിൽ ഒരു സായുധ സംഘടന ആരംഭിക്കുകയുണ്ടായി. ഇതിനു പിന്നിലെ തുർക്കി സാമ്രാജ്യത്തിലുടനീളം അബ്ദുൽ ഹമീദ് രണ്ടാമന്റെ ഭരണത്തിനെതിരെ നിരവധി ചെറു സംഘടനകൾ ഉയർന്നുവന്നു. ഇവയെല്ലാം ഒന്നിപ്പിച്ചുകൊണ്ട് ഓട്ടോമൻ സൊസൈറ്റി ഫോർ യൂണിയൻ ആന്റ് പ്രോഗ്രസ് എന്ന ഒറ്റ സംഘടനയ്ക്ക് രൂപം നൽകി. യുവതുർക്കി പ്രസ്ഥാനത്തിന്റെ പ്രധാനപ്പെട്ട നേതാക്കന്മാരായിരുന്നു തലാത്ത് പാഷ, അൻവർ പാഷ, സിയാ പാഷ, നെമിക് കമാൽ, മുസ്തഫ കമാൽ പാഷ എന്നിവർ.

സി. ഇ. 1907-ൽ പാരീസിൽ രണ്ടാമതും സി.യു.പി. കോൺഫറൻസ് കൂടുകയും അബ്ദുൽ ഹമീദ് രണ്ടാമനെതിരെ സായുധവിപ്ലവത്തിന് ആഹ്വാനം നടത്തുകയും ചെയ്തു. ഈ വിപ്ലവത്തിനായി അവർ തിരഞ്ഞെടുത്ത നേതാവായിരുന്നു മുസ്തഫ കമാൽ. 1908-ൽ സുൽത്താനെതിരെ യുവതുർക്കികളുടെ സായുധ വിപ്ലവം ആരംഭിക്കുകയും ഉസ്മാനിയ കൊട്ടാരത്തിലെത്തി ജൂലായ് 29-ന് അബ്ദുൽ ഹമീദ് രണ്ടാമനെ തടവിലാക്കുകയും ചെയ്തു. തുടർന്ന് 1876-ലെ അബ്ദുൽ ഹമീദ് രണ്ടാമന്റെ ഭരണഘടന നടപ്പിലാക്കിയതായി യുവതുർക്കികൾ പ്രഖ്യാപനം

നടത്തി. പിന്നീട് ഉസ്മാനിയ സുൽത്താൻ ഖലീഫ എന്ന പദവിയിൽ മാത്രം ഒതുങ്ങിനിൽക്കുകയും ഭരണം യുവതുർക്കി നേതാക്കൾ നടത്തുകയും ചെയ്യുന്ന അവസ്ഥയ്ക്കായിരുന്നു തുർക്കി സാക്ഷ്യം വഹിച്ചത്.



യുവതുർക്കി വിപ്ലവത്തെയും ജനാധിപത്യത്തിന്റെ ആധുനിക വീക്ഷണത്തെയും പ്പറ്റി ചർച്ച നടത്തുക.

## ഒന്നാം ലോകമഹായുദ്ധവും ഉസ്മാനിയ സാമ്രാജ്യത്തിന്റെ തകർച്ചയും

സി. ഇ. 1914 മുതൽ സി. ഇ. 1918 വരെ ലോകരാജ്യങ്ങൾ ത്രികകക്ഷി സൗഹാർദമെന്നും ത്രികക്ഷി സഖ്യമെന്നും രണ്ട് ചേരിയായി തിരിഞ്ഞ് നടത്തിയ യുദ്ധങ്ങളും പ്രക്ഷോഭങ്ങളുമാണ് ഒന്നാം ലോക മഹായുദ്ധമെന്നറിയപ്പെടുന്നത്. ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ എന്നിവർ ത്രികക്ഷി സൗഹാർദത്തിലും ജർമനി, ഓസ്ടിയ ഹംഗറി, ഇറ്റലി തുടങ്ങിയ രാജ്യങ്ങൾ ത്രകക്ഷിസഖ്യത്തിലുമാണ് ഉൾപ്പെട്ടിരുന്നത്. നിരവധി കാരണങ്ങൾ ഒന്നാം ലോകമഹായാുദ്ധത്തിനുണ്ടായിരുന്നെങ്കിലും യുദ്ധം പൊട്ടിപ്പുറപ്പെട്ടത് ഓസ്ട്രിയോ-ഹംഗറിയിലെ യുവരാജാവായ ഫ്രാൻസ് ഫെർഡിനാന്റിനെ സെർബിയക്കാരനായ ഗാർവിലോ പ്രിൻസിപ്പ് സി. ഇ. 1914 ജൂൺ 28-ന് വധിച്ചതോടെയായിരുന്നു. തുടർന്ന് സെർബിയയ്ക്കെതിരെ ഓസ്ട്രിയോ-ഹംഗറി നയതന്ത്രപരമായ എല്ലാ പ്രതിസന്ധികളും സൃഷ്ടിക്കുകയും ഒരു യുദ്ധത്തിനുവരെ തയ്യാറെടുക്കുകയും ചെയ്തു. ഇതെത്തുടർന്ന് സെർബിയയെ സഹായിക്കാൻ സഖ്യകക്ഷികൾ രംഗത്തുവന്നു. ജൂലായ് 28-ന് സെർബിയക്കെതിരെ ഓസ്ട്രിയോ-ഹംഗറി യുദ്ധം പ്രഖ്യാപിച്ചു. തുടർന്ന് 1918 ഒക്ടോബർ 30 വരെ ലോകരാജ്യങ്ങൾ മൊത്തം രണ്ട് ചേരിയായി തിരിഞ്ഞ് യുദ്ധം നടത്തുകയുണ്ടായി. ഭൂരിഭാഗം യൂറോപ്യൻ രാജ്യങ്ങളും പങ്കെടുത്ത ഒന്നാം ലോകമഹായുദ്ധം അവസാനിക്കുന്നത് പാരിസ് സമാധാന ഉടമ്പടിയിലൂടെയാണ്. ലോകത്ത് സാമ്പത്തികവും രാഷ്ട്രീയവുമായ നിരവധി മാറ്റങ്ങൾക്ക് ഇത് വഴിതെളിയിക്കുകയുണ്ടായി.




ഒന്നാം ലോകമഹായുദ്ധകാലത്തെ യൂറോപ്യൻ രാജ്യങ്ങളുടെ ചേരികൾ

## ഒന്നാം ലോകമഹായുദ്ധത്തിൽ തുർക്കിയുടെ പങ്ക്

യുദ്ധം ആരംഭിക്കുന്ന സമയത്ത് തുർക്കി ഒരു വിഭാഗത്തെയും സഹായിക്കാതെ നിഷ്പക്ഷ നില പാടെടുത്തു. എന്നാൽ ജർമ്മനി ഓസ്ട്രിയയോ- ഹംഗറിയെ സഹായിക്കുകയും തുർക്കിയോട് ജർമ്മനി നയിക്കുന്ന ത്രികക്ഷി സഖ്യകക്ഷിക്ക് സഹായം നൽകാൻ ആവശ്യപ്പെടുകയും ചെയ്തതോടെ തുർക്കിയും ഒന്നാം ലോകമഹായുദ്ധത്തിലെ ഒരംഗമായി മാറി. തുർക്കി ഒന്നാം ലോക മഹായുദ്ധത്തിൽ പങ്കെടുക്കാനുള്ള കാരണങ്ങൾ:

- ഭൂരിഭാഗം യൂറോപ്യൻ രാജ്യങ്ങളും ഏതെങ്കിലും ഒരു ചേരിയെ അനുകൂലിച്ച് മുന്നോട്ട് വന്നപ്പോൾ യൂറോപ്പിന്റെ ഭാഗമായ തുർക്കിക്കും ഈ യുദ്ധത്തിൽ പങ്കെടുക്കേണ്ടതായി വന്നു.
- ജർമ്മനിയുടെ സമ്മർദ്ദം കൊണ്ടായിരുന്നു തുർക്കി ത്രികക്ഷിസഖ്യത്തെ ശക്തികളെ സഹായിക്കാനായി മുന്നോട്ട് വന്നത്. കാരണം, റഷ്യയും തുർക്കിയും തമ്മിൽ നടന്ന ബാൽക്കൺ യുദ്ധങ്ങളിൽ തുർക്കിയെ സഹായിക്കാൻ ജർമ്മനി സാമ്പത്തികവും സൈനികവുമായ എല്ലാ സഹായങ്ങളും നൽകിയിരുന്നു. ഇതിന് പ്രത്യുപകാരമായി ജർമ്മനിയേയും ഓസ്ട്രിയ-ഹംഗറിയെയും സഹായിക്കാൻ തുർക്കി തയ്യാറായി.
- തുർക്കിയുടെ ആജന്മശത്രുവായ റഷ്യ ത്രികക്ഷിസൗഹാർദ്ദത്തിലെ ഒരു അംഗമെന്ന നിലയിൽ സെർബിയയെ സഹായിക്കാനായി വന്നു. സഖ്യകക്ഷികളുടെ കൂടെ നിന്നുകൊണ്ട് എതിർ ഭാഗത്തുള്ള സൗഹാരർദ്ദകക്ഷികളിലെ റഷ്യയെ പരാജയപ്പെടുത്താൻ തുർക്കി ആഗ്രഹിച്ചു.
- സി.യു.പി. ഗവൺമെന്റിന്റെ നേതാവായ അൻവർ പാഷ ഒന്നാം ലോക മഹായുദ്ധത്തിൽ പങ്കെടുത്തു കൊണ്ട് മദ്ധ്യേഷ്യൻ രാജ്യങ്ങൾ തുർക്കിയുടെ ഭാഗമാകണമെന്ന് ആഗ്രഹിച്ചു.
- ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ തുർക്കി പൗരന്മാർക്കിടയിൽ ബ്രിട്ടിഷ് വിരുദ്ധ മനോഭാവം രൂപപ്പെട്ടു. ബ്രിട്ടീഷ് വിരുദ്ധ വിഭാഗവുമായി ചേർന്ന് ബ്രിട്ടിഷുകാരെ പരാജയപ്പെടുത്തുക അവരുടെ ലക്ഷ്യമായി മാറുകയും ചെയ്തു.

### തുർക്കിയുടെ പ്രവേശനം


ജർമ്മനി റഷ്യക്കെതിരെ 1914 ആഗസ്റ്റ് 1-നും ഫ്രാൻസിനെതിരെ ആഗസ്ത് 3-നും യുദ്ധം പ്രഖ്യാപിച്ചു. എന്നാൽ ഓഗസ്ത് 2-ന് ഉസ്മാനിയ സുൽത്താനും ജർമനിയും കൂടി ഒരു യുദ്ധക്കരാറിൽ ഒപ്പ് വെക്കുകയും തുർക്കി ജർമ്മനിക്ക് എല്ലാവിധ സഹായങ്ങളും വാഗ്ദാനം നൽകുകയുമുണ്ടായി. ജർമ്മനിയുടെ സൈനിക നീക്കത്തിനുള്ള രണ്ടാം ഇടത്താവളമായി തുർക്കി മാറി. റഷ്യക്ക് സൈനിക സഹായമായി വരുന്ന ബ്രിട്ടന്റെയും ഫ്രാൻസിന്റെയും കപ്പലുകൾ ബോസ്ഫറസ് കടലിടുക്കിലൂടെ കരിങ്കടലിലേക്ക് കടക്കാതിരിക്കാൻ തുർക്കി കടലിടുക്ക് അടച്ചു. അതിനുശേഷം കരിങ്കടലിലെ റഷ്യയുടെ തുറമുഖമായ സെവാസ്തപോൾ ആക്രമിച്ചുകൊണ്ട് തുർക്കി റഷ്യക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. പ്രത്യാക്രമണമായി തുർക്കിയുടെ മർമര കടലിലുള്ള തന്ത്ര പ്രധാനമായ ഗാലിപ്പോലി റഷ്യ ആക്രമിച്ചെങ്കിലും കീഴടക്കാനായില്ല. തുടർന്ന് കോക്കസസ് മലനിരകൾ കടന്ന് റഷ്യയെ ആക്രമിക്കാൻ മുസ്തഫ കമാൽ പാഷയുടെ തുർക്കി സൈന്യമെത്തിയെങ്കിലും താഴ്വരയിലെ അർമീനിയൻ ജനത വേണ്ടവിധത്തിൽ തുർക്കി സൈന്യത്തെ സഹായിച്ചില്ല. ഉസ്മാനിയ ഭരണത്തിൽനിന്നു റഷ്യയുടെ ഇടപെടലിലൂടെ സ്വാതന്ത്ര്യം ലഭിക്കുമെന്ന് കരുതി മധ്യ-പൗരസ്ത്യ ദേശത്തെ അറബികളും അർമീനിയയിലെ ജനങ്ങളും തുർക്കി സൈന്യത്തിനു പകരം റഷ്യൻ സൈന്യത്തെയും സഖ്യകക്ഷികളെയും സഹായിച്ചു. ഇതാണ് ഉസ്മാനിയ സാമ്രാജ്യം ഒന്നാം ലോക മഹായുദ്ധത്തിൽ പരാജയപ്പെടാനുണ്ടായ പ്രധാന കാരണം.




മുഡ്രോസ് തുറമുഖം

മധ്യ-പൗരസ്ത്യ ദേശത്തുള്ള അറബ് ഭരണകൂടങ്ങൾ 1916-ൽ തുർക്കിയുടെ ഭരണത്തിനെതിരെ നടത്തിയ ആഭ്യന്തര യുദ്ധത്തിൽ ഉസ്മാനിയ സാമ്രാജ്യം പരാജയപ്പെട്ടു. ആ പ്രദേശങ്ങൾ തുർക്കി അധീനതയിൽ നിന്ന് സ്വതന്ത്രമാക്കപ്പെട്ടത് ഒന്നാം ലോകയുദ്ധത്തിൽ തുർക്കിയുടെ പരാജയത്തിന് വഴിവെച്ചു.

സി. ഇ. 1917-ലെ ബാൾഫർ പ്രഖ്യാപനത്തിലൂടെ ബ്രിട്ടൻ ലോകത്താകമാനം വ്യാപിച്ചു കിടക്കുന്ന ജൂത വിഭാഗത്തിന് പലസ്തീൻ അവരുടെ വാഗ്ദത്തഭൂമിയായി നൽകാമെന്ന് സമ്മതിച്ചു. തുടർന്ന് പലസ്തീനിലേക്ക് ലോകത്തിന്റെ നാനാഭാഗത്തുനിന്നും ജൂതകുടിയേറ്റമാരംഭിച്ചു. ഈ പ്രഖ്യാപനത്തോടെ യുവതുർക്കി ഭരണത്തിന്റെ നേതാവായ മുസ്തഫ കമാൽ പാഷ സഖ്യകക്ഷികൾക്കെതിരെ കൂടുതൽ പ്രക്ഷോഭവുമായി മുന്നോട്ടുവന്നു. എന്നാൽ അറബ് മേഖലയിലുണ്ടായ ആഭ്യന്തരയുദ്ധങ്ങൾ കാരണം അദ്ദേഹത്തിന് വിജയം കൈവരിക്കാനായില്ല. സി. ഇ. 1918-ഓടെ ജർമ്മനി പരാജയപ്പെടുകയും ഒന്നാം ലോക മഹായുദ്ധം അവസാനിക്കുകയും ചെയ്ത സന്ദർഭത്തിൽ വിജയികളായ സഖ്യകക്ഷികൾ പരാജയപ്പെട്ട തുർക്കിയുമായി ചരിത്ര പ്രസിദ്ധമായ ഒരു കരാറിൽ ഏർപ്പെടുകയുണ്ടായി. സി. ഇ. 1918 ഒക്ടോബർ 1-നു സഖ്യകക്ഷികളുടെ സമ്മർദ്ദത്താൽ തുർക്കി ഒപ്പു വെച്ച ഈ കരാർ മുഡ്രോസ് സൈനിക കരാർ എന്നറിയപ്പെടുന്നു. ഈ കരാർ പ്രകാരം യുദ്ധമുഖത്ത് നിന്ന് തുർക്കിക്കു പിൻമാറേണ്ടിവന്നു.



'ലോറൻസ് ഓഫ് അറേബ്യ' എന്ന ഹോളിവുഡ് സിനിമ വീക്ഷിച്ച് അറബ് പ്രക്ഷോഭത്തെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.' ഒന്നാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത രാജ്യങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുക

## ഒന്നാം ലോകമഹായുദ്ധാനന്തരമുള്ള തുർക്കി

ഒന്നാംലോകമഹായുദ്ധത്തിന് ശേഷം ഉസ്മാനിയ സാമ്രാജ്യത്തിൽ ദേശീയവാദികളും യാഥാസ്ഥിതിക വിശ്വാസികളും തമ്മിൽ നിരന്തരം പ്രക്ഷോഭങ്ങളുണ്ടാകാൻ തുടങ്ങി. മുഡ്രോസ് സൈനികകരാറിലെ ഒരു നിബന്ധനയും തുർക്കിക്ക് അനുകൂലമായിരുന്നില്ല. മാത്രമല്ല, തുർക്കിയിൽ യൂറോപ്യൻ സാമ്രാജ്യത്വം അടിച്ചേൽപ്പിക്കാൻവേണ്ടിയായിരുന്നു പ്രസ്തുത കരാർ രൂപീകരിച്ചത്. ഈ കരാറിനെതിരെ ദേശീയ വാദികൾ ഉയർന്ന് വരുകയും സി.യു.പി. ഭരണകൂടവും മുസ്തഫ കമാൽ പാഷയും ദേശീയവാദികളെ അംഗീകരിക്കുകയും ചെയ്തു.

ഈയവസരത്തിൽ സുൽത്താൻ മുഹമ്മദ് ആറാമന്റെ തുർക്കിവിരുദ്ധ നയങ്ങൾക്കെതിരെ മുസ്തഫ കമാൽ പാഷ ജനങ്ങളെ ബോധവാന്മാരാക്കാൻ തുടങ്ങി. തുടർന്നദ്ദേഹം അങ്കാറ കേന്ദ്രമാക്കികൊണ്ട് ഗ്രാന്റ് നാഷണൽ അസംബ്ലി (ജി.എൻ.എ) എന്ന പേരിലൊരു ദേശീയവാദ പ്രസ്ഥാനമാരംഭിച്ചു. ജി. എൻ. എ. യുടെ പ്രവർത്തരുടെ സഹായത്തോടെ സി. ഇ. 1922-ൽ നിലവിലെ ഉസ്മാനിയ സുൽത്താനെ ചോദ്യംചെയ്തുകൊണ്ട് അങ്കാറ കേന്ദ്രീകരിച്ച് ഒരു സ്വതന്ത്ര ഭരണകൂടത്തിന് മുസ്തഫ കമാൽ രൂപംനൽകി. ഇതോടെ ഇസ്താംബൂൾ കേന്ദ്രീകരിച്ച് ഉസ്മാനിയ സുൽത്താനും അങ്കാറ കേന്ദ്രീകരിച്ച് ദേശീയവാദികളുടെതായ മുസ്തഫ കമാൽ പാഷയുടെ ഭരണവും എന്ന നിലയിൽ തുർക്കിയിൽ രണ്ട് ഭരണാധികാരികളുള്ള അവസ്ഥയുണ്ടായി. തുർക്കിയുടെ ഐക്യം നിലനിർത്തുകയെന്ന ഉദ്ദേശ്യത്തോടെ സഖ്യകക്ഷികൾ ഈ പ്രശ്നത്തിൽ ഇടപെടുകയും തുർക്കിയിലെ ഇരട്ട ഭരണകൂടത്തെ അവസാനിപ്പിക്കാനുള്ള ചർച്ചകൾ ആരംഭിക്കുകയും ചെയ്തു. സി. ഇ. 1923 ജൂലായ് 24-ാം തിയ്യതി രൂപീകരിച്ച 'ലൂസന്നെ' കരാറിലൂടെയായിരുന്നു ഈ പ്രശ്നം അവസാനിച്ചത്. ഈ കരാർപ്രകാരം ദേശീയവാദികളുടെ പ്രധാന ആവശ്യമായ ജനഹിതമറിയാനുള്ള പൊതുതെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനമായി. തെരഞ്ഞെടുപ്പിന് ശേഷം സുൽത്താൻ ഭരണ കൂടമാണെങ്കിലും ദേശീയ ഭരണകൂടമാണെങ്കിലും അത് അടുത്ത തുർക്കി ഭരണകൂടമാകുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

## സുൽത്താൻ ഭരണം നിർത്തലാക്കൽ

ജി. എൻ. എ. രൂപീകരിച്ചപ്പോൾതന്നെ മുസ്തഫ കമാൽ പാഷ തുർക്കിഭരണത്തെ പഴയകാല സുൽത്താൻ ഭരണത്തിൽ നിന്നു മോചിപ്പിക്കാൻ ആഗ്രഹിച്ചിരുന്നു. നൂറ്റാണ്ടുകളായിട്ടുള്ള സുൽത്താൻ ഭരണകൂടം ആധുനിക തുർക്കിക്ക് അനുയോജ്യമല്ലെന്ന് ദേശീവാദികൾ പ്രചരിപ്പിച്ചു. ലൂസന്നെ കരാറിനെ തുടർന്ന് സി. ഇ. 1923-ൽ പൊതുതിരഞ്ഞെടുപ്പ് നടത്തുകയും ദേശീയവാദികളുടെ ജി. എൻ. എ. വലിയ ഭൂരിപക്ഷം നേടി അധികാരത്തിൽ വരികയുമുണ്ടായി. തുടർന്ന് മുസ്തഫ കമാൽ പാഷ തുർക്കിയെ റിപ്പബ്ലിക്കായി പ്രഖ്യാപിക്കുകയും പാർലമെന്റ് ഭരണം നടപ്പിലാക്കുകയും ചെയ്തു. സി. ഇ. 1923 ഒക്ടോബർ 23-ാം തിയ്യതി സുൽത്താൻ ഭരണം എന്നെന്നേക്കുമായി തുർക്കിയിൽ അവസാനിച്ചതായി മുസ്തഫ കമാൽ പാഷ പ്രഖ്യാപിക്കുകയും തുർക്കി റിപ്പബ്ലിക്കായി മാറുകയും ചെയ്തു.

## ഖിലാഫത്ത് നിർത്തലാക്കൽ

പൊതുതിരഞ്ഞെടുപ്പിന് ശേഷം മുസ്തഫകമാൽ പാഷയുടെ കീഴിൽ തുർക്കി റിപ്പബ്ലിക്കായി മാറുകയും അദ്ദേഹം തുർക്കിയുടെ ആദ്യ പ്രസിഡന്റായി-അത്താ തുർക്കായി (ആധുനിക തുർക്കിയുടെ പിതാവായി) സ്ഥാനമേൽക്കുകയും ചെയ്തു. തുടർന്നദ്ദേഹം തുർക്കിയുടെ തലസ്ഥാനം ഇസ്താംബുളിൽ നിന്ന് ഇന്നത്തെ അങ്കാറയിലേക്ക് മാറ്റി.


സുൽത്താൻ ഭരണം അവസാനിച്ചെങ്കിലും സുൽത്താനുണ്ടായിരുന്ന ഖിലാഫത്ത് പദവി നിലനിൽക്കുന്നത് ജി. എൻ. എ. യുടെ മതേതരനയങ്ങൾക്ക് തടസ്സമാണെന്നദ്ദേഹം മനസ്സിലാക്കി. ഭരണകൂടവും അധികാരസ്ഥാനങ്ങളും പൂർണമായും മതത്തിന്റെ സ്വാധീനത്തിൽ നിന്ന് മാറ്റിയെടുത്താലേ ജനങ്ങൾക്കിടയിൽ തുല്യതയും മതേതരത്വവും നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്ന് അദ്ദേഹത്തിനു ബോധ്യമായി. ഖിലാഫത്ത് അധികാരം നിർത്തലാക്കാനായി സി. ഇ. 1924 മാർച്ച് 3-ന് മുസ്തഫ കമാൽ പാഷ പാർലമെന്റിൽ ബില്ല് പാസ്സാക്കുകയും അത് നിയമമാക്കുകയും



ഖിലാഫത്ത് ഭരണത്തിന്റെ വികാസത്തെയും തകർച്ചയെയുംപറ്റി ചർച്ച ചെയ്യുക

ചെയ്തു.

## മുസ്തഫ കമാൽ പാഷയുടെ ഭരണകാലഘട്ടം



മുസ്തഫാകമാൽ പാഷ-ഒന്നാംലോക മഹായുദ്ധകാലത്ത്

ആധുനിക തുർക്കിയുടെ പിതാവായിട്ടാണ് (അത്താ തുർക്ക്) മുസ്തഫ കമാൽ പാഷയെ ചരിത്രം വിശേഷിപ്പിക്കുന്നത്. സി. ഇ. 1923-ൽ സുൽത്താൻ ഭരണവും സി. ഇ. 1924-ൽ ഖിലാഫത്ത് ഭരണവും അവസാനിപ്പിച്ചുകൊണ്ടാണ് അദ്ദേഹം തുർക്കിയെ റിപ്പബ്ലിക്കാക്കിയത്. തുർക്കി ദേശീയതയുടെ ഏറ്റവും വലിയ നേതാവായാണ് മുസ്തഫാകമാൽ പാഷ അറിയപ്പെടുന്നത്.

സി. ഇ. 1881-ൽ സലോനിക്കയിലെ ഒരു അൽബേനിയൻ കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. സൈനിക സ്കൂളിൽ പഠനത്തിന് എത്തുമ്പോൾ അദ്ദേഹത്തിന് മുസ്തഫ എന്നായിരുന്നു പേര്. സ്കൂൾ വിദ്യാഭ്യാസ കാലത്ത് അദ്ദേഹം ഗണിത ശാസ്ത്രത്തിലും പ്രസംഗകലയിലുമാണ് പ്രാഗൽഭ്യം തെളിയിച്ചത്. ഈ കഴിവ് കൊണ്ടാണ് അദ്ദേഹത്തിന്റെ അധ്യാപിക കമാൽ (പൂർണ്ണൻ) എന്ന വിശേഷണം അദ്ദേഹത്തിന്റെ പേരിനോട് ചേർത്തത്. ഇസ്താംബുളിലെ സൈനിക കോളേജിൽ പഠിക്കുന്ന സമയത്ത് യുവതുർക്കി പ്രസ്ഥാനത്തിൽ ആകൃഷ്ടനായി പ്രവർത്തനങ്ങളിൽ പങ്കുചേർന്നു. യുവതുർക്കി പ്രസ്ഥാനത്തിലെ പ്രവർത്തനം കാരണം സുൽത്താൻ അദ്ദേഹത്തെ ഡമാസ്കസിലേക്ക് നാടുകടത്തി. അവിടെവെച്ച് യുവതുർക്കി ആശയങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് അദ്ദേഹം പ്രസിദ്ധീകരിച്ച മാസികയായി



കമാലും ഇസ്മത് പാഷയും

രുന്നു 'വതൻ' (ഫാദർ ലാന്റ്). സി. ഇ. 1909-ലെ യുവതുർക്കി വിപ്ലവത്തിന്റെ സമയത്ത് അദ്ദേഹമാണ് സായുധ പോരാളികളുടെ നേതൃത്വം വഹിച്ചത്. തുടർന്ന് സി. യു. പി. ഭരണകൂടത്തിന്റെ നേതൃനിരയിലും അദ്ദേഹമുണ്ടായിരുന്നു. സി. ഇ. 1910-ൽ ഫ്രാൻസിന്റെ യുദ്ധതന്ത്രങ്ങൾ പഠിക്കാൻ വേണ്ടി സി. യു. പി. ഭരണകൂടം അദ്ദേഹത്തെ ഫ്രാൻസിലേക്ക് അയച്ചു. എന്നാൽ ബാൾക്കൺ യുദ്ധങ്ങൾ (1912 -13) തുടങ്ങിയപ്പോൾ അദ്ദേഹം തുർക്കിയിലേക്ക് തിരിച്ചെത്തി. യുദ്ധാനന്തരം മറ്റ് സി. യു. പി. നേതാക്കൾ ജർമ്മനിയോട് പുലർത്തിയിരുന്ന സൈനിക നയതന്ത്ര ബന്ധത്തെ അദ്ദേഹമെതിർത്തു. കാരണം, ഒരു യൂറോപ്യൻ രാജ്യം തുർക്കിയുടെ ആഭ്യന്തര കാര്യത്തിൽ ഇടപെടുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഒന്നാം ലോക മഹായുദ്ധത്തിൽ തുർക്കി പങ്കെടുത്തപ്പോൾ പ്രധാന സൈനികന്റെ ചുമതല വഹിച്ചത് മുസ്തഫ കമാൽ പാഷ ആയിരുന്നു. 1915 - ൽ ഗാലിപ്പോളി യുദ്ധത്തിൽ റഷ്യയെ പരാജയപ്പെടുത്തി ഇസ്താംബൂളിനെ സംരക്ഷിച്ചതും ഇദ്ദേഹമായിരുന്നു. അനന്തരം ഡി.യു.പി സർക്കാർ മുസ്തഫ കമാൽപാഷയുടെ നേതൃത്വത്തിൽ ഒരു വലിയ സൈന്യത്തെ റഷ്യക്കെതിരെ കൗക്കസ് പർവ്വതനിരകൾക്കപ്പുറത്ത് വിന്യസിക്കുകയും ചെയ്തു. അതുപോലെ സിറിയയിലെ ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ നിലകൊണ്ട് "ഏഴാം സേന" യുടെ നായകനും കമാൽപാഷയായിരുന്നു.


തുർക്കി ഭാഷാ പ്രഖ്യാപനം

യുദ്ധാനന്തരം സുൽത്താൻ മുദ്രോസ് സൈനിക കരാറിൽ ഒപ്പുവെച്ചത് മുസ്തഫ കമാൽ പാഷ എതിർത്തിരുന്നു. യൂറോപ്യൻ സാമ്രാജ്യത്തിനെതിരെ ദേശീയതയെന്ന ആശയം കൊണ്ട് മാത്രമേ തുർക്കിയെ സംരക്ഷിക്കാൻ കഴിയുവെന്ന് അദ്ദേഹം മനസ്സിലാക്കി. ഇസ്താംബൂളിൽ നിന്ന് ഏഷ്യാമൈനറിലെ അനത്തോളിയയിലേക്ക് അദ്ദേഹം എത്തുകയും ദേശീയതയിലേക്ക് ജനങ്ങളെ ആഹ്വാനം ചെയ്യുകയുമുണ്ടായി. സുൽത്താന്റെ ജർമ്മനിയുമായുള്ള കൂട്ടുകെട്ടിനെ എതിർത്ത അദ്ദേഹത്തെ സഖ്യകക്ഷികൾ തങ്ങൾക്കനുകൂലമാക്കി മാറ്റാൻ ശ്രമിച്ചു. ബ്രിട്ടനായിരുന്നു ഇതിന് മുൻകൈയെടുത്തത്. സുൽത്താനെതിരെ സൈനികനീക്കം നടത്താൻ ബ്രിട്ടൻ അദ്ദേഹത്തിന് സഹായം നൽകി. എന്നാൽ ബ്രിട്ടന്റെ ആഗ്രഹത്തിന് വിരുദ്ധമായി പ്രസ്തുത സൈനിക നീക്കത്തിൽ നിന്ന് തുർക്കിയെ സംരക്ഷിക്കുകയാണദ്ദേഹം ചെയ്തത്.

ആദ്യമായി ദേശീയവാദികളുടെ ഒരു സമ്മേളനം ഏഷ്യാമൈനറിലെ ശിവാസ് എന്നസ്ഥലത്ത് കൂടുകയും മുസ്തഫ കമാൽ 'നാഷണൽ പാക്ട്' എന്ന പ്രഖ്യാപനത്തിലൂടെ തുർക്കി അവിഭാജ്യ ഭരണകൂടമാണെന്ന പ്രഖ്യാപനം നടത്തുകയും ചെയ്തു. സി. ഇ. 1920-ൽ അദ്ദേഹം ഗ്രാന്റ് നാഷണൽ അസംബ്ലി (ജി. എൻ. എ.) എന്ന സംഘടന രൂപീകരിക്കുകയും അങ്കാറ കേന്ദ്രീകരിച്ച് ഒരു സ്വതന്ത്ര ഭരണകൂടം സ്ഥാപിക്കുകയും ചെയ്തു. ദേശീയ വാദികളുടെ ഈ പുതിയ ഭരണകൂടത്തിനു ഒരു ഭരണഘടനയും അദ്ദേഹം തയ്യാറാക്കി. സി. ഇ. 1923-ൽ തുർക്കിയിൽ നിന്ന് സുൽത്താൻ ഭരണത്തെയും സി.ഇ. 1924-ൽ ഖിലാഫത്ത് ഭരണകൂടത്തെയും മാറ്റിക്കൊണ്ട് തുർക്കിയെ പൂർണമായും ഒരു റിപ്പബ്ലിക്കായി അദ്ദേഹം പ്രഖ്യാപിച്ചു.

## മുസ്തഫ കമാലിന്റെ പരിഷ്കാരങ്ങൾ

- തുർക്കിയെ റിപ്പബ്ലിക്കായി മാറ്റുകയും സുൽത്താൻ ഭരണവും ഖിലാഫത്തും അവസാനിപ്പിക്കുകയും ചെയ്തു.
- തുർക്കി റിപ്പബ്ലിക്കിന്റെ തലസ്ഥാനം ഇസ്താംബൂളിൽ നിന്ന് ഇന്നത്തെ അങ്കാറയിലേക്ക് മാറ്റി.

- മതേതര ആശയങ്ങൾക്കനുസൃതമായ പാശ്ചാത്യരീതിയിൽ സാമൂഹ്യഘടന മാറ്റി.
- ശരീഅത്ത് നിയമം നിർത്തലാക്കുകയും തുർക്കിയ്ക്ക് പുതിയ മതേതര നിയമത്തിലധിഷ്ഠിതമായ ഭരണം നടപ്പിലാക്കുകയും ചെയ്തു.
- തുർക്കിയുടെ പുതിയ റിപ്പബ്ലിക്കൻ ഭരണകൂടം തുർക്കി ദേശീയതയിലധിഷ്ഠിതമായിരിക്കും. ഭരണകൂടത്തിന്റെ ഉദ്യോഗസ്ഥരെല്ലാം ജി. എൻ. എ. സംഘടനയിലെ അംഗങ്ങളായിരിക്കും.
- തുർക്കി റിപ്പബ്ലിക്കിൽ എല്ലാ പൗരന്മാർക്കും തുല്യത ഉറപ്പുവരുത്തി.
- ജനാധിപത്യരീതിയിലുള്ള നയങ്ങളായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നത്.
- അഭിപ്രായസ്വാതന്ത്ര്യം, ചിന്താസ്വാതന്ത്ര്യം, മാധ്യമസ്വാതന്ത്ര്യം സഞ്ചാരസ്വാതന്ത്ര്യം തുടങ്ങിയവ എല്ലാ ജനവിഭാഗങ്ങൾക്കും അദ്ദേഹം ഉറപ്പുവരുത്തി.
- തുർക്കി റിപ്പബ്ലിക്കിനു കീഴിലെ എല്ലാ ജനങ്ങളും തുർക്കികളാണെന്നുള്ള ദേശീയതയാണ് അദ്ദേഹം നടപ്പിലാക്കിയത്.
- ഇസ്ലാം മതത്തിന്റെ എല്ലാ അടയാളങ്ങളും അവസാനിപ്പിക്കുകയും ശരീഅത്ത് നിയമം, ശരീഅത്ത് കോടതി, വഖഫ് നിയമം തുടങ്ങിയവ നിർത്തലാക്കുകയും ചെയ്തു.
- തുർക്കിയിൽ ഹിജ്റ കലണ്ടർ നിർത്തലാക്കുകയും യൂറോപ്പിലെ ഗ്രിഗോറിയൻ കലണ്ടർ നടപ്പിലാക്കുകയും ചെയ്തു.
- തുർക്കിയുടെ ഔദ്യോഗിക മതമെന്ന ഇസ്ലാമിന്റെ സ്ഥാനം ഇല്ലാതാക്കുകയും മറ്റു മതങ്ങളെപ്പോലെ അതിനെ തുർക്കിയിലെ ഒരു മതം മാത്രമാക്കി മാറ്റുകയും ചെയ്തു.
- ഔദ്യോഗിക ഭാഷ എന്ന സ്ഥാനത്ത് നിന്ന് അറബി ഭാഷയെ ഒഴിവാക്കി.

  അമുസ്ലീം പൗരന്മാരിൽ നിന്നു ഈടാക്കിയിരുന്ന ജിസ്യ നികുതി നിർത്തലാക്കി.
- അറബി എണ്ണൽ സംഖ്യക്ക് പകരമായി റോമൻ എണ്ണൽ സംഖ്യാസംവിധാനം നടപ്പിലാക്കി.
- എല്ലാ പൗരന്മാരോടും മതാചാരങ്ങൾ വ്യക്തിജീവിതത്തിൽ മാത്രം ഒതുക്കിനിർത്തുവാനും പൊതു ജീവിതത്തിലേക്കോ പൊതു സമൂഹത്തിലേക്കോ അതിനെ കൊണ്ടു വരരുതെന്നും കർശനമായി നിർദ്ദേശിച്ചു.
- സ്ത്രീകൾക്ക് വോട്ടവകാശം നൽകി.
- വിദ്യാഭ്യാസ മേഖലയെ മതമുക്തമാക്കുകയും പൂർണമായ മതേതരത്വ സ്വഭാവത്തിലുള്ള വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കുകയും ചെയ്തു.
- പാഠ്യപദ്ധതി മറ്റു യൂറോപ്യൻ രാജ്യങ്ങളിലേതുപോലെയാക്കി മാറ്റി.
- തുർക്കിയുടെ ചരിത്രം പഠിക്കാനായി ആദ്യമായി തുർക്കി ചരിത്രപഠന സ്ഥാപനവും തുർക്കി ഭാഷ പ്രചരിപ്പിക്കാനായി തുർക്കി ഭാഷാപഠന സ്ഥാപനവും അദ്ദേഹം ആരംഭിച്ചു.

## കമാലിസം



മുസ്തഫാ കമാൽ പാഷയുടെ ചിഹ്നങ്ങൾ

തുർക്കിയെ റിപ്പബ്ലിക്കാക്കി മാറ്റിയ ശേഷം മറ്റു യൂറോപ്യൻ രാജ്യങ്ങളിലേതുപോലെ പൂർണമായും തുർക്കിയെ ഒരു ആധുനിക രാഷ്ട്രമാക്കി മാറ്റാൻ കമാൽ പാഷ തീരുമാനിച്ചു. ജനങ്ങൾക്കിടയിൽ തുർക്കി ദേശീയത വളർത്തുവാൻവേണ്ടി പുതിയ സിദ്ധാന്തങ്ങൾ അദ്ദേഹം രൂപീകരിച്ചു.

മുസ്തഫ കമാൽ പാഷയുടെ ഈ രാഷ്ട്രീയ സിദ്ധാന്തങ്ങൾ ആറ് തത്വങ്ങൾ (കമാലിസം) എന്നറിയപ്പെടുന്നു. സി. ഇ. 1931-ലെ ജി.എൻ.എ പാർട്ടി കോൺഗ്രസ്സിൽ ആയിരുന്നു ഇവ പ്രഖ്യാപിച്ചത്.

- റിപ്പബ്ലിക്കാനിസം.(റിപ്പബ്ലിക്കൻ നയം)
- ദേശീയത.
- പോപ്പുലിസം.
- മതേതരത്വം.
- സ്റ്റേറ്റിസം.
- വിപ്ലവാത്മകത

### റിപ്പബ്ലിക്കൻ നയം

റിപ്പബ്ലിക്കൻ നയമെന്ന സിദ്ധാന്തം കൊണ്ടദ്ദേഹം ലക്ഷ്യം വെച്ചത് ജനങ്ങളുടെ പരമാധികാരത്തിലൂന്നിയ ഒരു ഭരണകൂടമാണ്. തങ്ങളെ സ്വയം ഭരിക്കാനുള്ള അവകാശം ജനങ്ങൾക്കുണ്ടെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. 'പരമാധികാരം ജനങ്ങൾക്കുള്ളതാണ്' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് പൊതു തെരഞ്ഞെടുപ്പിലൂടെ ജനങ്ങളുടെ പ്രതിനിധികൾ മുഖേന ജനങ്ങൾ തന്നെയാണ് രാഷ്ട്രം ഭരിക്കേണ്ടതെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

### നാഷണലിസം (ദേശീയത)

തുർക്കിദേശീയത ഉയർത്തിപ്പിടിച്ചുകൊണ്ടായിരുന്നു സുൽത്താൻ ഭരണത്തിനെതിരെ മുസ്തഫ കമാൽ പ്രക്ഷോഭങ്ങൾ നടത്തിയത്. വ്യത്യസ്ത മതവിഭാഗങ്ങളും ദേശക്കാരും വ്യത്യസ്ത ഭാഷ സംസാരിക്കുന്നവരുമായ ജനങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു ഉസ്മാനിയ സാമ്രാജ്യ സമൂഹം. തുർക്കി ജനവിഭാഗം എന്ന നിലയിൽ ഇവരെ ഐക്യപ്പെടുത്തിയാൽ മാത്രമേ റിപ്പബ്ലിക്കൻ ഭരണകൂടം നിലനിൽക്കുകയുള്ളൂവെന്ന് അദ്ദേഹം മനസ്സിലാക്കി. തുർക്കിയിൽ നിലവിലുള്ള എല്ലാ വിഭാഗീയതയും ക്രിസ്ത്യാനികൾ, മുസ്‌ലിംകൾ, ജൂതർ, അർമീനിയക്കാർ, സെർബിക്കാർ, അൽബേനിയക്കാർ തുടങ്ങിയ ദേശീയ വിഭാഗീയതകളെ നിർത്തലാക്കിക്കൊണ്ട് തുർക്കി ദേശീയത അവരിൽ ഉറപ്പിക്കുകയും ചെയ്തു.

### പോപ്പുലിസം.

പോപ്പുലിസം എന്ന സിദ്ധാന്തം ലക്ഷ്യം വക്കുന്നത് മതത്തിന്റേയോ വംശത്തിന്റേയോ പ്രദേശത്തിന്റെയോ പേരിൽ ജനങ്ങൾക്കിടയിൽ യാതൊരു വിഭാഗീയതയും ഇല്ലാതെ എല്ലാവരും തുല്യരാണെന്നുള്ള ആത്മവിശ്വാസം ജനങ്ങൾക്കു നൽകുകയെന്നതായിരുന്നു. സി. ഇ. 1924-ൽ അദ്ദേഹം രൂപീകരിച്ച പുതിയ ഭരണഘടന പൗരസമത്വത്തിനായിരുന്നു പ്രാധാന്യം നൽകിയത്. എല്ലാ ഭരണ പരിഷ്കാരങ്ങളും ജനനലക്ഷ്യം വെച്ചുള്ളതായിരുന്നു.

### മതേതരത്വം


തന്റെ ജീവിതത്തിൽ നിന്നു തന്നെ ഇസ്‌ലാം മതത്തെ പൂർണമായും എടുത്തുമാറ്റിക്കൊണ്ടായിരുന്നു മുസ്തഫ കമാൽ മതേതരത്വം എന്ന സിദ്ധാന്തം നടപ്പിലാക്കിയത് . ഭരണകാര്യങ്ങളിൽ നിന്ന് മതത്തെ, പ്രത്യേകിച്ച് ഇസ്‌ലാമിനെ, അദ്ദേഹം പൂർണമായി എടുത്തുമാറ്റി. ഒരു മതത്തിനും പ്രത്യേക പദവിയോ സ്ഥാനമോ നൽകിയില്ല. വ്യക്തി ജീവിതത്തിലും സ്വകാര്യജീവിതത്തിലും മാത്രമായി മതത്തെ ഒതുക്കിനിർത്താൻ അദ്ദേഹം ജനങ്ങളോടഭ്യർഥിച്ചു.

### സ്റ്റേറ്റിസം

സ്റ്റേറ്റിസം എന്ന സിദ്ധാന്തംകൊണ്ട് മുസ്തഫ കമാൽ ലക്ഷ്യംവെച്ചത് ഭരണപരമായ എന്തു തീരുമാനങ്ങളെടുത്താലും വ്യക്തിതാൽപ്പര്യങ്ങളെക്കാൾ ജനങ്ങളുടെ പൊതുതാൽപ്പര്യമെന്ന നിലയിൽ സ്റ്റേറ്റിന്റെ താൽപ്പര്യങ്ങൾക്കു പ്രാധാന്യം നൽകുക എന്നതായിരുന്നു. തുർക്കി റിപ്പബ്ലിക്കിനെ ആധുനികവൽക്കരിക്കാൻ തുർക്കിയുടേതായ ഒരു സ്വതന്ത്ര സാമ്പത്തിക സംവിധാനം വേണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും വ്യാവസായികവുമായ എല്ലാ കാര്യങ്ങളും പൂർണമായും തുർക്കി ഗവൺമെന്റിന്റെ നിയന്ത്രണത്തിലായിരിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. യാതൊരു വിധത്തിലും സ്വകാര്യവ്യക്തികളുടെയോ വിദേശ രാജ്യങ്ങളുടെയോ നിയന്ത്രണം ഒരു മേഖലയിലും അനുവദിക്കരുതെന്നാണ് സ്റ്റേറ്റിസം കൊണ്ടുദ്ദേശിക്കുന്നത്.

### വിപ്ലവാത്മകത

നൂറ്റാണ്ടുകളായി ഉസ്മാനിയ സാമ്രാജ്യത്തിൽ നിലനിന്നിരുന്ന യാഥാസ്ഥിതിക വിശ്വാസത്തിനു വിരുദ്ധമായി പുരോഗമന ചിന്തയുള്ള വ്യക്തിയായിരുന്നു മുസ്തഫ കമാൽ. അന്ധവിശ്വാസങ്ങളിൽനിന്നും പഴമയുടെ ചിന്തയിൽ നിന്നും വിപ്ലവാത്മകമായ നിലപാട് സ്വകാര്യജീവിതത്തിലും പൊതുജീവിതത്തിലും നടപ്പിലാക്കുക എന്നതായിരുന്നു വിപ്ലവാത്മകത കൊണ്ടദ്ദേഹം അർഥമാക്കിയത്.



തുർക്കി റിപ്പബ്ലിക്കിനെ ആധുനികവത്കരിക്കുന്നതിൽ മുസ്തഫ കമാൽ പാഷയുടെ പങ്കെന്തെന്ന് വിശദമാക്കുക.

## സംഗ്രഹം

ഉസ്മാനിയ സാമ്രാജ്യത്തിന്റെ വ്യാപനത്തെയും സാംസ്കാരിക വികാസത്തെയും തകർച്ചയെയും പറ്റിയാണ് ഈ അധ്യായം പ്രതിപാദിക്കുന്നത്. തുർക്കിയെ ആധുനികവത്കരിക്കാനുള്ള ശ്രമങ്ങളും യുവതുർക്കി വിപ്ലവം, ഒന്നാം ലോക മഹായുദ്ധത്തിലെ തുർക്കിയുടെ പങ്ക് എന്നിവയും വിശദമായി പരിശോധിക്കുന്നു. മുസ്തഫ കമാൽ പാഷയുടെ ഭരണസാരഥ്യത്തിന് ശേഷമുള്ള തുർക്കിയുടെ രാഷ്ട്രീയ മാറ്റത്തിന്റെയും അദ്ദേഹത്തിന്റെ ഭരണ സിദ്ധാന്തങ്ങളുടെയും അതിലൂടെ തുർക്കിയിലുണ്ടായ റിപ്പബ്ലിക്കിന്റെയും വ്യക്തമായ ചിത്രം നൽകുകയും ചെയ്യുന്നു.

## ചോദ്യങ്ങൾ

1. താഴെ തന്നിട്ടുള്ള സംഭവങ്ങളെ അവയുടെ വർഷങ്ങളുമായി യോജിപ്പിക്കുക.
   - എ. കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കൽ.
   - ബി. ഖിലാഫത്ത് ഉസ്മാനിയ സാമ്രാജ്യത്തിലേക്ക്
   - സി. യുവതുർക്കി വിപ്ലവം.
   - ഡി. അറബി വിപ്ലവം.
   - ഇ. ബാൾഫർ പ്രഖ്യാപനം

എഫ്. മുഡ്രോസ് സൈനിക കരാർ

ജി. സുൽത്താനേറ്റിന്റെ പതനം

(1453, 1935, 1978, 1839, 1908, 1909, 1917, 1914, 1915, 1916, 1917, 1918, 1919, 1920, 1921, 1922, 1923, 1924, 1925)

2. ഉസ്മാനിയ തുർക്കികളുടെ ആദ്യത്തെ തലസ്ഥാനമായിരുന്നു.

എ) ബ്രൂസ്സ ബി) അങ്കാറ

സി) ഇസ്താംബുൾ ഡി) സോഗുത്ത്

3. ഉസ്മാനിയ സാമ്രാജ്യത്തിന്റെ അഭിമാനമായ ജാനിസ്സറി സൈന്യം രൂപീകരിച്ച സുൽത്താൻ ആരാണ്?

എ) മുഹമ്മദ് രണ്ടാമൻ ബി) മുറാദ് ഒന്നാമൻ

സി) മഹ്മൂദ് രണ്ടാമൻ ഡി) മുറാദ് രണ്ടാമൻ

4. കരിങ്കടലിലുള്ള ചരിത്രപ്രസിദ്ധമായ സെവാസ്തപോൾ എന്ന തുറമുഖം ആരുടെ ഉടമസ്ഥതയിലാണ്?

എ) തുർക്കി ബി) അർമീനിയ

സി) റഷ്യ ഡി) ബൾഗേറിയ

5. ഉസ്മാനിയ സുൽത്താൻമാരുടെ ഔദ്യോഗിക സീലായ, കാലിഗ്രാഫിയിൽ വരച്ച അവരുടെ ഒപ്പിനെ വിളിക്കുന്നത്.

എ) തുഗ്റ ബി) ഗാസ്സി

സി) ഓഗുസ് ഡി) ഖായ് ബൈയ്ലക്ക്

6. തുർക്കിയിലെ ആധുനികവത്കരണത്തിനു തുടക്കം കുറിച്ച തൻസീമത്ത് കാലഘട്ടമായിരുന്നു.

എ) 1839-1876 ബി) 1840-1908

സി) 1839-1908 ഡി) 1840-1876

7. കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കുന്നതിൽ ജാനിസ്സറി സൈന്യം വഹിച്ച പങ്ക് വിശദമാക്കുക.

8. ഉസ്മാനിയ, 2- ാം ഘട്ടത്തിലെ നിർമ്മിതിയുടെ ഘടനാപരമായ പ്രത്യേകതകൾ വിശദമാക്കുക.

9. ഉസ്മാനിയ സമൂഹത്തിലുണ്ടായിരുന്ന ഗാസി സമൂഹങ്ങളുടെ ചുമതലകൾ വിവരിക്കുക.

10. മുഡ്രോസ് സൈനിക കരാർ എങ്ങനെയാണ് ഉസ്മാനിയ സാമ്രാജ്യത്തിന്റെ അധികാരത്തിനു വിഘാതമായത്?

11. തുർക്കിയെ ആധുനികവത്കരിക്കുന്നതിൽ സി.യു.പി. ഭരണം വഹിച്ച പങ്ക് വ്യക്തമാക്കുക.

12. സുൽത്താൻ ഭരണവും ഖിലാഫത്ത് ഭരണവും അവസാനിപ്പിച്ചുകൊണ്ട് മുസ്തഫകമാൽ പാഷ. യൂറോപ്പിന്റെ രോഗിയായ തുർക്കിയെ റിപ്പബ്ലിക്കാക്കിമാറ്റി. വിമർശനാത്മകമായി വിലയിരുത്തുക.

13. സുൽത്താൻ സുലൈമാൻ പാശ്ചാത്യ ലോകത്ത് അതികായനെന്നും പൗരസ്ത്യ ലോകത്ത് ഖാനൂനിയെന്നും അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ സാമ്രാജ്യത്വ വ്യാപനവും ഭരണവും വിശദീകരിച്ചുകൊണ്ട് ഈ പ്രസ്താവന വിശകലനം ചെയ്യുക.

# പടിഞ്ഞാറെ ഏഷ്യ-യൂറോപ്യൻ സാമ്രാജ്യത്തിൻ കീഴിൽ

## 5

R4L7F3

### പഠനനേട്ടങ്ങൾ

- പടിഞ്ഞാറെ ഏഷ്യ, മധ്യ പൗരസ്ത്യ ദേശം തുടങ്ങിയ സംജ്ഞകളെ വിദ്യാർഥികൾ തിരിച്ചറിയുന്നു.
- മധ്യ-പൗരസ്ത്യദേശം എന്ന വിഭാഗത്തിൽപ്പെടുന്ന പ്രദേശങ്ങളും അവയുടെ അതിരുകളും വിദ്യാർത്ഥികൾ കണ്ടെത്തുന്നു.
- നെപ്പോളിയന്റെ പിടിച്ചടക്കൽ മുഖേന ഈജിപ്തിലുണ്ടായ മാറ്റങ്ങൾ വിദ്യാർത്ഥികൾ വിശകലനം ചെയ്യുന്നു.
- ബ്രിട്ടീഷുകാർ ഈജിപ്ത് പിടിച്ചടക്കാനുണ്ടായ കാരണങ്ങളും ഫലങ്ങളും വിദ്യാർഥികൾ വിശകലനം ചെയ്യുന്നു.
- ആധുനിക ഈജിപ്തിന്റെ പിതാവെന്ന നിലയിലുള്ള മുഹമ്മദലിയുടെ പങ്കും സൂയസ് കനാൽ നിർമാണവും ബന്ധപ്പെട്ട വിവരങ്ങളും വിദ്യാർഥികൾ കണ്ടെത്തുന്നു.
- അറബ് ദേശീയതയുടെ അനന്തരഫലങ്ങൾ വിദ്യാർഥികൾ കണ്ടെത്തുന്നു.

  ഇസ്രായേലിന്റെ രൂപീകരണത്തിൽ സിയോണിസത്തിന്റെയും ബാൾഫർ പ്രഖ്യാപനത്തിന്റെയും പങ്ക് വിദ്യാർഥികൾ തിരിച്ചറിയുന്നു.
- സൈക്സ്-പികോ. കരാറിനെപ്പറ്റി വിദ്യാർഥികൾ പരിശോധിക്കുന്നു.

  ഒന്നാം ലോക മഹയുദ്ധാനന്തരം കൈക്കൊണ്ട സമാധാന സന്ധികളെ വിദ്യാർഥികൾ വിശകലനം ചെയ്യുന്നു.

### പ്രധാനാശയങ്ങൾ

- പശ്ചിമേഷ്യ-മധ്യ പൗരസ്ത്യദേശം.

  നെപ്പോളിയന്റെ ഈജിപ്ത് ആക്രമണ അനന്തരഫലങ്ങൾ.
- മുഹമ്മദലിയുടെ ഭരണസാരഥ്യത്തിലേക്കുള്ള കടന്നുവരവ്.
- സൂയസ് കനാലിന്റെ നിർമാണം.
- ബ്രിട്ടീഷുകാരുടെ ഈജിപ്ത് കീഴടക്കൽ.
- അറബ് ദേശീയത.
- സിയോണിസ്റ്റ് പ്രസ്ഥാനവും ബാൾഫർ പ്രഖ്യാപനവും.
- സൈക്സ് -പികോ കരാർ.
- ഒന്നാം ലോകമഹായുദ്ധാനന്തര സമാധാനസന്ധി.
- ചന്ദ്രകല ഫലഭൂയിഷ്ട പ്രദേശം അധിനിവേശ ഭരണത്തിൽ.
- ഇറാഖും ജോർദാനും ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ.
- ഫ്രഞ്ച് അധിനിവേശഭരണം,
- സിറിയയും ലബനോനും ഫ്രഞ്ച് അധിനിവേശഭരണത്തിൻ കീഴിൽ.
- പാലസ്തീൻ അധിനിവേശഭരണത്തിൽ


## പശ്ചിമേഷ്യ – പാശ്ചാത്യ അധിനിവേശത്തിന്റെ നിഴലിൽ

പശ്ചിമേഷ്യ, മധ്യ പൗരസ്ത്യദേശം, എന്നിവ പരസ്പര പൂരകങ്ങളായി ഉപയോഗിക്കുന്ന നാമങ്ങളാണ്. തുർക്കി, ഇറാൻ, ഇസ്രായേൽ, അറബ് രാജ്യങ്ങളായ ലെബനോൻ, ജോർദ്ദാൻ, ഇറാഖ്, സിറിയ, ഈജിപ്ത്, അറേബ്യൻ ഉപദ്വീപിന്റെ മറ്റു ചെറുഭാഗങ്ങൾ എന്നിവയാണ് മധ്യ-പൗരസ്ത്യദേശം (പശ്ചിമേഷ്യ) എന്ന വിഭാഗത്തിൽപ്പെടുന്ന പ്രദേശങ്ങൾ. മറ്റൊരർത്ഥത്തിൽ, പടിഞ്ഞാറ് ഈജിപ്ത് മുതൽ കിഴക്ക് ഇറാൻവരെയും, വടക്ക് തുർക്കി മുതൽ തെക്ക് അറേബ്യൻ ഉപദ്വീപിന്റെ

Middle East




തെക്ക് ഭാഗം വരെയും ഉൾക്കൊള്ളുന്നതാണ് മധ്യപൗരസ്ത്യദേശമെന്നും പരാമർശിക്കാം. പശ്ചിമേഷ്യ എന്ന പദപ്രയോഗം ഏഷ്യയുടെ പടിഞ്ഞാറൻ പ്രദേശങ്ങൾ എന്നർത്ഥത്തിലാണ് ഉപയോഗിക്കപ്പെടുന്നത്. എന്നാൽ മധ്യപൗരസ്ത്യദേശം എന്ന പദപ്രയോഗത്തിന്റെ ഉപജ്ഞാതാവ് ബ്രിട്ടനാണ്. രണ്ടാം ലോകമഹായുദ്ധാനന്തരമാണിത് ഉപയോഗിക്കാൻ തുടങ്ങിയത്. രണ്ടാം ലോകമഹായുദ്ധകാലത്ത് ഇന്ത്യമുഴുവനും ബ്രിട്ടീഷുകാരുടെ കോളനിയായതിനെ തുടർന്ന് ഇന്ത്യയുടെ പടിഞ്ഞാറ് ഭാഗത്ത് കിടക്കുന്ന പ്രദേശങ്ങൾ എന്നർത്ഥത്തലായിരുന്നു ബ്രട്ടിഷുകാർ ഈ പ്രദേശങ്ങളെ മധ്യപൗരസ്ത്യദേശം എന്നു വിളിക്കാൻ തുടങ്ങിയത്. ഈ പ്രദേശങ്ങളിലേക്ക് സഖ്യകക്ഷികളെയയച്ച സൈനിക നടപടികൾക്ക് 'ദ ബ്രിട്ടീഷ് മിഡിൽ ഈസ്റ്റ് കമാന്റ്' എന്ന പേരു നൽകിയതും ഈ അടിസ്ഥാനത്തിലായിരുന്നു.



തന്നിരിക്കുന്ന ഭൂപടത്തിൽ മധ്യപൗരസ്ത്യദേശത്ത് രാജ്യങ്ങളെ കണ്ടെത്തുക.

**സമീപപൗരസ്ത്യദേശം, വിദൂരപൗരസ്ത്യദേശം, ഉദയസൂര്യന്റെ നാട്**

(സമീപ-പൗരസ്ത്യദേശം വിദൂര-പൗരസ്ത്യദേശം എന്നിവ മധ്യ പൗരസത്യ ദേശത്തിന്റെപഴയ പദങ്ങളാണ്. യൂറോപ്പിന്റെയും വിദൂര-പൗരസ്ത്യ ദേശത്തിന്റെ ഇടയിലുള്ള സ്ഥലമെന്നാണ് സമീപ-പൗരസ്ത്യദേശം കൊണ്ടുദ്ദേശിക്കുന്നത്. സി.ഇ. 1517-ന് ശേഷം ഉസ്മാനി സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന പ്രദേശങ്ങൾ എന്നർഥത്തിലും ഈ പദം ഉപയോഗിച്ചിരുന്നു. ലെവന്റ് എന്ന പദവും ഈ പ്രദേശങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കപ്പെടുന്നു. ഉദയ സൂര്യന്റെ നാട്, കിഴക്ക് എന്നർഥം വരുന്ന ഫ്രഞ്ച് പദമാണ് ലെവന്റ്.

*(ഡോൺ പെരറ്റ്സ്)*

## നെപ്പോളിയന്റെ ഈജിപ്ത് അധിനിവേശം

ഉസ്മാനി സുൽത്താൻ സലിം ഒന്നാമൻ സി. ഇ. 1517-ൽ മംലൂക്കുകളെ പരാജയപ്പെടുത്തിക്കൊണ്ട് ഈജിപ്ത് പിടിച്ചടക്കിയതോടെ ഈജിപ്ത് ഉസ്മാനി പ്രവിശ്യയായിമാറി. സി. ഇ. 1798-ൽ ഈജിപ്തിലേക്കും അറബ് രാജ്യങ്ങളിലേക്കും അധിനിവേശ ശ്രമങ്ങൾക്ക് തുടക്കമിടുന്ന ഫ്രഞ്ച് ഭരണാധികാരി നെപ്പോളിയനായിരുന്നു. ഈജിപ്തിന്റെ ഭൂമിശാസ്ത്രപരമായ പ്രാധാന്യം മനസ്സിലാക്കിയ നെപ്പോളിയൻ യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ വൻകരകളിൽ സ്വാധീനമുറപ്പിക്കാനും ഈജിപ്ത് സ്വന്തമാക്കുവാനും ആഗ്രഹിച്ചു. 1798 ജുലായ് 1-ാം തിയ്യതി ഈജിപ്തിന്റെ മെഡിറ്ററിയൻ കടലിലുള്ള അലക്സാൻട്രിയ എന്ന തുറമുഖം കീഴടക്കിക്കൊണ്ടാണ് നെപ്പോളിയൻ ഈജിപ്തിൽ സൈനിക നീക്കമാരംഭിക്കുന്നത്. തുടർന്ന് ദിവസങ്ങളോളം നടന്ന പോരാട്ടങ്ങൾക്കൊടുവിൽ ജൂലായ് 21-ാം തിയ്യതി ഈജിപ്തിന്റെ തലസ്ഥാനമായ കെയ്റോയിൽ എത്തുകയും 1728 ജൂലൈ 21-നു പിരമിഡ് യുദ്ധത്തിൽ ഈജിപ്ത് ഭരിച്ചിരുന്ന മാംലുക്ക് ഭരണാധികാരിയെ പരാജയപ്പെടുത്തുകയും ഈജിപ്തിന്റെ ഭരണം പിടിച്ചടക്കുകയും ചെയ്തു

***നെപ്പോളിയന്റെ ഈജിപ്ത് ആക്രമണലക്ഷ്യങ്ങൾ***


- ലോകഭൂപടത്തിലെ ഈജിപ്തിന്റെ തന്ത്രപ്രധാനമായ സ്ഥാനം മനസ്സിലാക്കിയ നെപ്പോളിയൻ ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നീ വൻകരകളുടെ മധ്യത്തിലായി സ്ഥിതിചെയ്യുന്ന ഫലഭൂയിഷ്ടമായ ഈ പ്രദേശം ആക്രമിച്ചു കീഴടക്കുകയെന്ന ലക്ഷ്യത്തോടെ സി. ഇ. 1798-ൽ ഈജിപ്തിലേക്ക് തന്റെ പടയോട്ടമാരംഭിക്കാൻ തീരുമാനിച്ചു.
- 18-ാം നൂറ്റാണ്ടിൽ ഏഷ്യയിൽ നിന്നുള്ള വ്യാപാരത്തിന്റെ നിയന്ത്രണം ബ്രിട്ടനായിരുന്നു. ബ്രിട്ടന്റെ ഏറ്റവും പ്രധാനപ്പെട്ട ശക്തി കേന്ദ്രമായ ഈജിപ്ത് കീഴടക്കിക്കൊണ്ട് ഏഷ്യൻ രാജ്യങ്ങളിലെ കച്ചവടകുത്തക പിടിച്ചടക്കുകയെന്ന ലക്ഷ്യവും നെപ്പോളിയനുണ്ടായിരുന്നു.
- സി. ഇ. 1789-ലെ ഫ്രഞ്ച് വിപ്ലവത്തിനുശേഷം ഉയർന്നുവന്ന ലോകംകണ്ട ഏറ്റവും വലിയ പോരാളിയാണ് നെപ്പോളിയൻ. ഫ്രഞ്ച് വിപ്ലവത്തെ തുടർന്ന് ലോകം കീഴടക്കുകയെന്ന ലക്ഷ്യത്തോടെ നിരവധി യൂറോപ്യൻ പ്രദേശങ്ങൾ പിടിച്ചടക്കി നെപ്പോളിയൻ മുന്നേറുകയും തുടർന്ന് ആഫ്രിക്കയിലേക്കും ഏഷ്യയിലേക്കും തന്റെ സ്വാധീനം ഉറപ്പിക്കാൻ തിരുമാനിക്കുകയും ചെയ്തു. അതിനായി ആദ്യം തിരഞ്ഞെടുത്ത പ്രദേശമാണ് ഈജിപ്ത്.

- ഈജിപ്ത് ആക്രമിച്ചുകൊണ്ട് ബ്രിട്ടൻ ഇന്ത്യയിൽ നിലനിർത്തിപ്പോന്നിരുന്ന കോളനിവാഴ്ചയും ഗതാഗത വാർത്താവിനിമയ സംവിധാനങ്ങളും തകർത്തുകൊണ്ട് ഈജിപ്തിനെ ഫ്രഞ്ചു കോളനിയാക്കാനും അദ്ദേഹം തീരുമാനിച്ചു.

$• Nne k m¼¯ ni e£ y§ f pvs\ t¸ mfn b sâ CuPn] XvB {I aW¯ nÂ D- mb ncp¶ p CuPn] Xns\ {^ © vt I mf\ nb m¡ p- b pvh Å[ n¨ pcp¶ {^ © vP\ Xb p vB h i- yanb [ m y§ Ä ^ e -dp n¡ Gann ss\ Â \ ZoXS {] tZi § fnÂ I rj nb ne ¡ pS DÂ¸ m\ n¡ p- b pvsN¿ p .

CuPn] Xns\ {^ © vt I mf\ nb m¡ p F ¶ Dt±i yt¯ ms S X sâ ssk \ yt¯ ms Sm w {^ mÀ k nÂ \ n¶ \ nch[ nF © n do Àans cb pvi nk {XÚ scb pvl nÂj n h nZKÛscb pv s\ t¸ mfn b ³ H¸ wl qrb ncp¶ p CuPn] Xv] nSn¨ S¡ nb DSs\ X s¶ \ nch[ nh n k \ {] h À¯ \§ Ä¡ pX pS¡ w Ip dn¡ p- b pvt I mf\ nÂ ; eW- n pÀ {I a§ f nc w¡ n¡ p I b pvsNb Xp F ¶ nÂ s\ t¸ mfn b ³ Xsâ cmPys¯ B `y´ c {] i v§ Ä I ncW w {^ mÀ k ne ; vX ncn vt] nb n.

CuPn] vdv qS¡ nb ti j ws\ t¸ mfn b ³ {^ mÀ k ne ; v Xncn ¡ ]nb DSs\ ¯ s¶ {_ n«o¸ p- nÂ CuPn] Xns e {^ © v cW¯ ns\ Xcnb \ q § f nevw- n pCuPn] XnÂ s\ t¸ mfn b sâ A k m¶ ni ywX§ Ä¡ \ p- q am naram {_ n«³ X ccpam n¨ p k nC. 1798Â \ S¶ A e I k m¡ nb b p¯ ¯ nÂ \ nch[ n{^ © p ¸ ep sf {_ n«o \ nh nn Â \ i ¡ ¡ p- b p- nb n{_ n«o¸ p- neps SCu {] X ym¶ aW w s\ t¸ mfn b ³ CuPn] XnÂ \ S¯ nb p±- n¨ ] e h nk \ ]² Xn Ä¡ pvh nL nXwk rj Sn¨ pCXn pÀ psdsa CuPn] Xns e {^ © p k \ ¡ v^ mÂ k nÂ \ n¶ pvaäpb q dm y³



cmPy§ fnÂ \ n¶ pvA e I k m¡ nb Xpdap kvh gnsb ¯ nb ncp¶ k I nb § Ä {_ n«o v \ nh nn ssk \ yw\ nÀ¯ e m n{^ © vssk \ y¯ nsâ ssI fnÂ \ n¶ pvF § s\ b pv CuPn] Xns â A [ n ncwXncn vj nS¡ m hÀ X¿ nsdSp¯ pA Xn nb nDk an nb k m¡ am Py¯ ns e k pÂ¯ m\ nSvk I nb wA `yÀ° n¡ p- b pv{_ n«sâ b pvX pÀ; nb psSb pvk vb p à ±k \ k nC. 1801bÂ CuPn] Xns e {^ © vssk \ ys¯ B {I an¡ p- b pvA h sc ] cm P b s¸ Sp¯ p- b pvsNb Xp Xsâ I qSSI m p¶ h nZKZ cpSt\ XrXz¯ nÂ CuPn] Xns\ I nÂj nh pvh ynm k nb n anb n h n k ¡ ¡ m s\ t¸ mfn b ³ X¿ nd m nb ]² Xn Ä {_ n«o¸ p- neps S{] hÀ¯ \§ fnÂ \ S¡ nsX b nb n.

## നെപ്പോളിയന്റെ ഈജിപ്ത് ആക്രമണത്തിന്റെ ഫലങ്ങൾ

- കേവലം മൂന്നു വർഷം മാത്രം (സി. ഇ. 1798-1801) നീണ്ടു നിന്ന ഫ്രഞ്ച് അധിനിവേശം ഈജിപ്തിന്റെ ചരിത്രത്തിൽ ദൂരവ്യാപകമായ മാറ്റങ്ങൾക്കു നാന്ദികുറിച്ചു.

  ഈജിപ്തിന്റെ തന്ത്രപ്രധാനമായ ഭൂമിശാസ്ത്ര പ്രത്യേകതകൾ മറ്റ് യൂറോപ്യൻ രാജ്യങ്ങൾ മനസ്സിലാക്കി.

- ആധുനിക സാങ്കേതികവിദ്യ ഈജിപ്തിനെ പരിചയപ്പെടുത്തുകയും പുതിയ പല വ്യവസായങ്ങൾക്കും ഈജിപ്തിൽ ഫ്രഞ്ച് ഭരണം തുടക്കമിടുകയും ചെയ്തു.

- ഈജിപ്തിൽ ഭൗതിക വളർച്ചയുടെ തുടക്കംക്കുറിച്ചത് നെപ്പോളിയനാണ്. പ്രിന്റിംഗ് പ്രസ്സ് തുടങ്ങിയത് ഈജിപ്തിന്റെ വികസനം ത്വരിതഗതിയിലാക്കി. സഹായകമായി. ഈജിപ്റ്റോളജി എന്ന പുതിയ പഠന വിഭാഗത്തിലൂടെ ഈജിപ്തിന്റെ പുരാതന ലിപികൾ കണ്ടെത്തി പഠനം നടത്തുകയുണ്ടായി.
- നെപ്പോളിയന്റെ ഭരണം വൈജ്ഞാനിക ഉണർവിന് തുടക്കമിട്ടു.
- വ്യാപാരവും വ്യവസായവും വികസിപ്പിച്ചു.
- കാർഷികരംഗം അഭിവൃദ്ധിപ്പെട്ടു.
- ഈജിപ്തിലൊരു പുതുയുഗത്തിന് തുടക്കം കുറിക്കാൻ സാധിച്ചു. ആധുനിക ഈജിപ്തിന്റെ പിതാവായറിപ്പെടുന്ന മുഹമ്മദ് അലിയ്ക്ക് എല്ലാവിധ പ്രചോദനവും നൽകിയത് നെപ്പോളിയന്റെ വരവിനു ശേഷമുണ്ടായ മാറ്റങ്ങളായിരുന്നു.

## മുഹമ്മദ് അലി-ആധുനിക ഈജിപ്തിന്റെ പിതാവ് ( സി. ഇ. 1805-1849)

ആധുനിക ഈജിപ്തിന്റെ പിതാവായിട്ടാണ് മുഹമ്മദ് അലി അറിയപ്പെടുന്നത്. മുഹമ്മദ് അലിയുടെ വരവുതന്നെ ഫ്രഞ്ച് ആക്രമണത്തിന്റെ അനന്തരഫലമായിട്ടായിരുന്നു. ആധുനിക ഈജിപ്തിന്റെ ഭരണത്തിനും വികാസത്തിനും തുടക്കമിട്ട ഭരണാധികാരിയെന്നർത്ഥത്തിലാണ് അദ്ദേഹത്തെ ആധുനിക ഈജിപ്തിന്റെ പിതാവായി അറിയപ്പെടുന്നത്.


മുഹമ്മദ് അലി

നെപ്പോളിയന്റെ സൈനിക ആക്രമണത്തിനുശേഷം ഈജിപ്തിൽ നടപ്പാക്കിയ ഫ്രഞ്ച് ഭരണത്തെ ഇല്ലാതാക്കാൻ ബ്രിട്ടനെ സഹായിക്കാൻ നിയമിച്ച ഉസ്മാനിയ സൈന്യത്തിന്റെ രണ്ടാം സേനാധിപതിയായിട്ടാണ് മുഹമ്മദ് അലി ഈജിപ്തിലെത്തുന്നത്. ഉസ്മാനിയ-ആംഗ്ലോ സംയുക്തസേന ഈജിപ്തിലെ ഫ്രഞ്ച്ഭരണം അവസാനിപ്പിച്ചെങ്കിലും മുഹമ്മദ് അലി തുർക്കിയിലേക്ക് തിരിച്ച് പോകാതെ ഈജിപ്തിൽ തുടർന്നു. ഈജിപ്തിന്റെ ഭരണം ലക്ഷ്യംകണ്ടിരുന്ന അദ്ദേഹത്തിന് പ്രധാനമായും മൂന്നു വിഭാഗത്തെ നേരിടേണ്ടി വന്നു.

- മാംലൂക്കുകൾ.
- ഈജിപ്തിലെ ഓട്ടോമാൻ ഗവർണർ.
- അർമേനിയൻ ജനത

ഈ മൂന്ന് വിഭാഗങ്ങളെയും ഒന്നൊന്നായി ഇല്ലാതാക്കിക്കൊണ്ട് ഈജിപ്തിലെ മുഴുവൻ പ്രവിശ്യകളും പിടിച്ചടക്കുകയും തുടർന്ന് ഉസ്മാനിയ സുൽത്താന്റെ അനുവാദത്തോടെ ഈജിപ്തിന്റെ പുതിയ ഗവർണറായി (പാഷ) സി. ഇ. 1805-ൽ അദ്ദേഹം സ്ഥാനമേൽക്കുകയും ചെയ്തു. നിരവധി ഭരണപരിഷ്കാരങ്ങൾ ഈജിപ്തിൽ നടപ്പിലാക്കിക്കൊണ്ട് താൻ നല്ലൊരു ഭരണാധികാരിയാണെന്ന് മുഹമ്മദലി തെളിയിച്ചു.

## മുഹമ്മദ് അലിയുടെ പ്രധാന പരിഷ്ക്കാരങ്ങൾ

- അത്യുൽപ്പാദന ശേഷിയുള്ള വിത്തുകൾ, ആധുനിക രീതിയിലുള്ള വളപ്രയോഗങ്ങൾ തുടങ്ങിയവ ഉപയോഗിച്ചുകൊണ്ട് കാർഷികരംഗം അഭിവൃദ്ധിപ്പെടുത്തി.

- കാർഷിക വിഭവങ്ങളുടെയും കച്ചവട ചരക്കുകളുടെയും സുഗമമായ ഗതാഗതത്തിന് റോഡ് സംവിധാനം മെച്ചപ്പെടുത്തി.
- ആധുനിക ജലസേചന മാർഗ്ഗങ്ങൾ, പുതിയ കാർഷിക പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കി.
- പുരാതന രീതിയിലുള്ള കാർഷിക വിഭവങ്ങൾക്ക് പകരം വാണിജ്യ വിളകളുടെ കൃഷിയാരംഭിച്ചു.
- യുറോപ്യൻ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് നവീനരീതിയിലുള്ള വസ്ത്രനിർമ്മാണ വ്യവസായ ശാലകൾ സ്ഥാപിച്ചു.
- ഉന്നത പരിശീലനം ലഭിക്കുന്നതിനായ് ഉദ്യോഗസ്ഥരെയും സാങ്കേതിക വിദ്ഗ്ദരെയും യുറോപ്യൻ രാജ്യങ്ങളിലേക്കയച്ചു.
- സാങ്കേതിക-സൈനികം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കായി യുറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ദരെ അധ്യാപകരായി നിയമിച്ചു.
- ഈജിപ്തിലെ ഭൂപ്രദേശങ്ങൾ മുഴുവനും സർവ്വെ നടത്തുകയും അനധികൃതമായി കൈവശം വെച്ചിരുന്നഭൂപ്രദേശങ്ങൾ സർക്കാർ തിരിച്ചു പിടിച്ചെടുക്കുകയും ചെയ്തു.
- പൗരാണികകാലം മുതൽ പിന്തുടർന്നു വന്നിരുന്ന ഭൂമി പാട്ടത്തിന് കൊടുക്കുന്ന വ്യവസ്ഥ ഇല്ലാതാക്കി.
- മത സ്ഥാപനങ്ങൾക്കനുവദിച്ചിരുന്ന നികുതിയിളവ് നിർത്തലാക്കി.
- നാണ്യവിളകളുടെ കയറ്റുമതി പൂർണമായും ഭരണകൂടത്തിന്റെ നിയന്ത്രണത്തിലാക്കി.
- സമൂഹത്തിലെ പ്രധാനപ്പെട്ട വ്യക്തികൾ ഉൾക്കൊള്ളുന്ന ഒരു കൗൺസിൽ രൂപീകരിച്ചു.
- ഇരുമ്പ് ഖനനം, ഖനികൾ, പഞ്ചസാര വ്യവസായം, ഗ്ലാസ് നിർമാണം തുടങ്ങിയ പുതിയ വ്യാവസായ സംരംഭങ്ങളാരംഭിച്ചു.
- കാബിനറ്റെന്ന പേരിലുള്ള കേന്ദ്രഭരണ സംവിധാനത്തോട് കൂടിയുള്ള പുതിയ ഭരണകൂടം ഈജിപ്തിൽ ആരംഭിച്ചത് മുഹമ്മദ് അലിയാണ്.
- വിദ്യാഭ്യാസത്തിനും ജനങ്ങളുടെ ആരോഗ്യരക്ഷയ്ക്കും ശുചിത്വത്തിനും ഊന്നൽ നൽകുന്ന നവീന പദ്ധതികൾക്ക് രൂപം നൽകി.

നിരക്ഷരനായിരുന്ന മുഹമ്മദലി വൈജ്ഞാനിക വികസനത്തിനു പ്രാധാന്യം നൽകി. സൈനിക വിദ്യാഭ്യാസം ആധുനിക രീതിയിലാക്കുകയും വിദ്യാഭ്യാസ കൗൺസിൽ സ്ഥാപിക്കുകയും ചെയ്തു. ആദ്യത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം വൈദ്യ ശാസ്ത്ര പഠന സ്ഥാപനം തുടങ്ങി, സാങ്കേതിക വൈജ്ഞാനിക മേഖലകളിലെ നിരവധി മുന്നേറ്റങ്ങൾ അദ്ദേഹത്തിന്റെ സംഭാവനയയാണ്.

കാർഷിക രംഗത്തും വ്യവാസായികരംഗത്തും വിദ്യാഭ്യാസ രംഗത്തും പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിക്കൊണ്ട് ഈജിപ്തിന്റെ ആധുനിക വൽക്കരണത്തിനു തുടക്കം കുറിച്ച മുഹമ്മദലിയെ ആധുനിക ഈജിപ്തിന്റെ പിതാവായി ചരിത്രകാര ാർ വിശേഷിപ്പിക്കുന്നു. ഇദ്ദേഹം സി. ഇ. 1849-ലാണ് മരണപ്പെട്ടത്. മുഹമ്മദലിക്കു ശേഷം അധികാരത്തിൽവന്ന അബ്ബാസ് പാഷാ ചുരുങ്ങിയ കാലം മാത്രമാണ് ഈജിപ്ത് ഭരിച്ചത്.

## സൂയസ് കനാലിന്റെ നിർമാണം

ഈജിപ്തിന്റെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട അദ്ധ്യായമാണ് സൂയസ് കനാലിന്റെ നിർമാണം. മധ്യധരണ്യാഴി കടലിനെയും ചെങ്കടലിനെയും ബന്ധിപ്പിച്ചുകൊണ്ട് പത്തൊമ്പതാം നൂറ്റാണ്ടിൽ നിർമിച്ച കപ്പൽ ഗതാഗത പാതയാണ് സൂയസ് കനാൽ. ആധുനിക ഈജിപ്തിന്റെ മൂന്നാമത്തെ ഭരണാധികാരിയായ സഅദ് പാഷയായിരുന്നു സി. ഇ. 1859-ൽ സൂയസ് കനാലിന്റെ നിർമാണം ആരംഭിച്ചത്. സഅദ് പാഷയുടെ ഫ്രഞ്ച് അനുകൂല നിലപാടായിരുന്നു കനാൽ നിർമാണത്തിനു പ്രധാന കാരണം. അതുകൊണ്ടുതന്നെ ഫ്രഞ്ച് സാമ്പത്തിക സഹായത്തോടെയാണ് സഅദ് പാഷ കനാലിന്റെ നിർമ്മാണം ആരംഭിച്ചത്. എന്നാൽ ബ്രിട്ടന്റെയും മറ്റു യൂറോപ്യൻ രാജ്യങ്ങളുടെയും എതിർപ്പിനെ തുടർന്ന് ഫ്രാൻസുമായുള്ള കരാർ റദ്ദാക്കുകയും പകരം എല്ലാ രാഷ്ട്രങ്ങൾക്കും മുതൽമുടക്കാൻ സാധ്യമാകുന്ന യൂണിവേഴ്സൽ സൂയസ് മാരിടൈം കനാൽ കമ്പനിയെന്ന പേരിലൊരു അന്താരാഷ്ട്ര കമ്പനി രൂപീകരിച്ച് അതിന്റെ കീഴിലാക്കി പിന്നീടുള്ള കനാലിന്റെ നിർമാണം. പ്രസ്തുത കമ്പനി മൂന്നു തരം ഓഹരികൾ മുന്നോട്ടുവെച്ചു. പ്രിഫറൻസ് ഷെയർ, ഫൗണ്ടർ ഷെയർ, ഓർഡിനറി ഷെയർ തുടങ്ങിയവയായിരുന്നു അവ.



ചെങ്കടൽ



സൂയസ് കനാൽ

സഅദിന്റെ പിൻഗാമിയായ ഖദീവ് ഇസ്മായിലിന്റെ കാലഘട്ടത്തിൽ സി. ഇ. 1869 ലാണ് കനാലിന്റെ നിർമാണം പൂർത്തിയായത്. ഇദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ് കനാൽ നിർമാണത്തൊഴിലാളികളുടെ നിർബന്ധിത തൊഴിൽവ്യവസ്ഥ നിർത്തലാക്കിയത്. ഖദീവിന്റെ നയതന്ത്ര ഇടപെടലിലൂടെ യൂറോപ്യൻ ശക്തികൾ കനാൽ നിർമാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ വേണ്ട സഹായങ്ങൾ നൽകി. പത്തു വർഷത്തെ നിർമാണ പ്രവർത്തനങ്ങൾക്കുശേഷം സി. ഇ. 1869-ൽ കപ്പൽ ഗതാഗതത്തിനായ് സൂയസ് കനാൽ തുറന്നു കൊടുത്തു.

സൂയസ് കനാൽ നിർമാണത്തിനായുള്ള തങ്ങളുടെ വിഹിതം ഈജിപ്ത് കണ്ടെത്തിയത് വിദേശ രാജ്യങ്ങളിൽ നിന്നായിരുന്നു. ഇതിന് പുറമെ ഫ്രാൻസും ബ്രിട്ടനും ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളും സൂയസ് കനാൽ നിർമ്മാണത്തിന്റെ വിഹിതം നൽകിയിരുന്നു. ആർഭാടജീവിതം നയിച്ചിരുന്ന ഇസ്മായിൽ യൂറോപ്പിൽ നിന്ന് കടംവാങ്ങിയ തുക കൃത്യസമയത്ത് തിരിച്ച് നൽകിയില്ല മാത്രമല്ല, കനാൽ നിർമ്മാണം ഈജിപ്തിനു കടുത്ത സാമ്പത്തിക ബാധ്യതയും, വരുത്തിവെച്ചു. തുടർന്ന് ഈജിപ്തിൽ സാമ്പത്തിക അരക്ഷിതാവസ്ഥ രൂപപ്പെട്ടു. സൂയസ് കനാലിന്റെ നയതന്ത്രപ്രധാന്യം മനസ്സിലാക്കിയ ബ്രിട്ടൻ ഏതുവിധേനയും കനാൽ സ്വന്തമാക്കാൻ തീരുമാനിച്ചു. യൂറോപ്യൻ രാജ്യങ്ങൾക്ക് ഈജിപ്ത് നൽകാനുള്ള കടം ഈജിപ്തിന്റെ സൂയസ് കനാലിലുള്ള ഓഹരികൾ മുഴുവൻ ഈജിപ്ത് ആവശ്യപ്പെട്ട ഡോളർ നൽകികൊണ്ട് ബ്രിട്ടൺ ഏറ്റെടുത്തു. അങ്ങനെ സി. ഇ. 1874 ൽ ബ്രിട്ടൻ ഈജിപ്തിന്റെ ഓഹരികൂടി വാങ്ങിക്കൊണ്ട് സൂയസ് കനാലിന്റെ ഏറ്റവും വലിയ ഓഹരി ഉടമയായിമാറി.

## ഈജിപ്തിലെ ബ്രിട്ടീഷ് അധിനിവേശം ( സി. ഇ. 1882– 1952)

ഇസ്മായിലിന്റെ ദുർവ്യയവും ആഡംബര ജീവിതവും ഈജിപ്തിനെ കടക്കെണിയിലാഴ്ത്തുകയും ഈജിപ്തിന്റെ രാഷ്ട്രീയ മേഖലയിലെ യൂറോപ്യൻ ഇടപെടലിന് കാരണമാവുകയും ചെയ്തു. തുടർന്ന് സി. ഇ. 1876–ൽ ഇംഗ്ലീഷ് കൺട്രോളർ ജനറലിന്റെയും ഫ്രഞ്ച് ഓഡിറ്റ് ഓഫീസറുടേയും നേതൃത്വത്തിൽ ഒരു അന്താരാഷ്ട്ര കടകമ്മീഷൻ ഈജിപ്തിൽ നിയമിക്കപ്പെട്ടു. ഈ രാഷ്ട്രീയ സാമ്പത്തിക അരക്ഷിതാവസ്ഥ ഈജിപ്തിൽ കേണൽ അഹമ്മദ് പാഷയുടെ നേതൃത്വത്തിലുള്ള ദേശീയത പ്രസ്ഥാനത്തിനുതുടക്കംകുറിച്ചു. യൂറോപ്യൻ ഇടപെടലിൽ നിന്നു ഈജിപ്തിനെ രക്ഷിക്കാൻ ഈജിപ്തിനുചുറ്റും അദ്ദേഹം കോട്ടകൾ പണിതു. ഇതിൽ പ്രക്ഷോഭിതരായ ബ്രിട്ടീഷ് സൈന്യം സി.ഇ. 1882 ജൂലൈയിൽ അലക്സാണ്ട്രിയ പട്ടണം ബോംബിട്ട് നശിപ്പിച്ചു. ഇത് ഈജിപ്തിലെ ബ്രിട്ടീഷ് അധിനിവേശത്തിന് ശക്തി പകർന്നു.



വൈദേശിക ഭരണം പ്രാദേശികസമൂഹത്തിന്റെ ജീവിതത്തെ ബാധിക്കുന്നത് എങ്ങനെയാണെന്ന് വിവരിക്കുക

## ബ്രിട്ടീഷ് പ്രതിനിധിയായി- ക്രോമർ പ്രഭു


സി. ഇ. 1882-ലെ അലക്സാൺട്രിയ ബോംബാക്രമണത്തിനു ശേഷം ഈജിപ്ത് ബ്രിട്ടന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായി. ഈജിപ്തിലെ ബ്രിട്ടീഷ് ഭരണത്തിന്റെ ആദ്യത്തെ പ്രതിനിധിയായിരുന്നു ക്രോമർ പ്രഭു. സാമ്പത്തിക അരക്ഷിതാവസ്ഥയിൽ നിന്നും ഈജിപ്തിനെ രക്ഷപ്പെടുത്തിയത് ഇദ്ദേഹത്തിന്റെ നൂതന സാമ്പത്തിക നയങ്ങളായിരുന്നു. ഇദ്ദേഹം മുന്നോട്ടുവച്ച പുത്തൻ നയങ്ങൾ സാമ്പത്തികം, സൈനികം, വ്യാപാരം, കൃഷി, ആശയവിനിമയം, ജലസേചനം, ആരോഗ്യം, വിദേശകാര്യം തുടങ്ങിയ മേഖലകളിലെ വളർച്ചക്കും വികസനത്തിനും കാരണമായി. അങ്ങനെ ക്രോമർ ഈജിപ്തിന്റെ വിദേശകടം നിയന്ത്രണവിധേയമാക്കി. കൃഷിയിലും ജലസേചനത്തിലുമുണ്ടായ പുരോഗതി രാജ്യത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിക്കാനിയാക്കി.

നിരവധി അടിസ്ഥാന സാമൂഹ്യ മാറ്റങ്ങൾക്കു ഈജിപ്തിലെ ബ്രിട്ടീഷ് ഭരണം കാരണമായി. വിദ്യാഭ്യാസ




ഈജിപ്ത്

ത്തിന്റെ സ്വാധീനം ഈജിപ്ഷ്യൻ ദേശീയതയെ ശക്തിപ്പെടുത്തി. ക്രോമർ പ്രഭുവിന്റെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന സഅദ് സഖ്‌ലുൽ പാഷ രൂപികരിച്ച രാഷ്ട്രീയ പാർട്ടിയാണ് അൽ-വഫദ്-അൽ-മിസ്‌റി. തത്ഫലമായി സഖ്‌ലുൽ പാഷയെ അറസ്റ്റ് ചെയ്തു മാൾട്ടയിലേക്ക് നാടുകടത്തുകയുണ്ടായി. ഈ സംഭവം ബ്രിട്ടീഷുകാരും ദേശീയവാദികളും തമ്മിലുള്ള തുറന്ന പോരാട്ടത്തിനും നിരന്തര കലാപങ്ങൾക്കും കാരണമായി. തുടർന്ന്, മിൽനർ പ്രഭുവിന്റെ നേതൃത്വത്തിൽ ഒരു അന്വേഷണ കമ്മീഷനെ ബ്രിട്ടൺ നിയമിക്കുകയും കലാപകാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കാൻ ആവശ്യപ്പെടുകയും  ചെയ്തു. ശേഷം ബ്രിട്ടീഷ് സംരക്ഷണ ഭരണം ഈജിപ്തിൽ അവസാനിപ്പിക്കണമെന്ന് ഹൈക്കമ്മീഷണർ അലൻബി പ്രഭു നിർദ്ദേശിച്ചു. അങ്ങനെ സി. ഇ. 1922 മാർച്ചിൽ ബ്രിട്ടീഷ് സംരക്ഷണ ഭരണം ഈജിപ്തിൽ അവസാനിച്ചു. തുടർന്ന് ഫുആദ് രാജാവിന്റെ നേതൃത്വത്തിൽ ഒരു ഏകാധിപത്യ ഭരണം ആരംഭിക്കുകയും ചെയ്തു.



ലോഡ് ക്രോമറുടെ വികസനപ്രവർത്തനങ്ങളും ഈജിപ്ഷ്യൻ ദേശീയതയും എന്ന വിഷയത്തെപ്പറ്റി സംവാദം നടത്തുക.

## അറബ് ദേശീയത

അറബ് ജനത താമസിക്കുന്ന പ്രദേശങ്ങളിൽ ഉയർന്നു വന്ന ദേശീയ പ്രസ്ഥാനമാണ് അറബ് ദേശീയത .അബ്ദുൽ റഹ്മാൻ കവാകിബിയാണ്  അറബ് ദേശീയ പ്രസ്ഥാനത്തിന്റെ പിതാവായി അറിയപ്പെടുന്നത് അറബ് ദേശീയവാദ പ്രസ്ഥാനത്തിന്റെ പ്രധാനലക്ഷ്യം അറബ് ജനത വസിക്കുന്ന പ്രദേശങ്ങളെ ഒന്നിപ്പിച്ച് കൊണ്ട് ഒരു അറബ് രാഷ്ട്രം സ്ഥാപിക്കുകയെന്നായിരുന്നു.

പാൻ-ഇസ്‌ലാമിസത്തിന്റെ ആശയങ്ങളിൽ ആകൃഷ്ടനായ കാവാകിബി, മക്ക തലസ്ഥാനമായി ഒരു അറബ് ഭരണകൂടം സ്ഥാപിക്കണമെന്നും, ഖിലാഫത്ത് തുർക്കികളുടെ കൈകളിൽ നിന്നും തിരിച്ചുപിടിച്ച് ഖുറൈഷ് വംശത്തിലെ പ്രഗത്ഭരിലേക്കെത്തിക്കണമെന്നും  ശക്തമായി വാദിച്ചു. അറബികളെ തുർക്കി ഭരണത്തിൽ നിന്നും രക്ഷിക്കുകയെന്ന കവാകിബിയുടെ പ്രചാരണം, അറബ് പ്രഭുക്കന്മാരെ സംബന്ധിച്ചിടത്തോളം ആകർഷണീയമായ ഒന്നായിരുന്നു. ഇത് പിൽകാല അറബ് സ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾക്ക് പ്രചോദനമായി. അറബ് ദേശീയ പ്രസ്ഥാനം പ്രധാനമായും മൂന്ന് ഘട്ടങ്ങളിലൂടെയാണ് കടന്നുപോയത്. പ്രസ്തുത വാദം, തുർക്കി ഇതര അറബ് അമീറുമാർക്കിടയിൽ കവാകിബിയുടെ സ്വാധീനം വർദ്ധിപ്പിക്കുന്നതിനിടയാക്കി. അറബ് ദേശീയ പ്രസ്ഥാനം മൂന്ന് വ്യത്യസ്ത ഘട്ടങ്ങളിലൂടെയാണ് കടന്നുപോയത്.

- ആശയ പ്രചരണ ഘട്ടം
- പ്രായോഗിക രാഷ്ട്രീയ പ്രസ്ഥാനം
- തുർക്കി ദേശീയതയോടുള്ള പ്രത്യക്ഷ പ്രതികരണം

## സയണിസ്റ്റ് പ്രസ്ഥാനം

ആധുനിക ലോകത്ത് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന രാഷ്ട്രീയ സിദ്ധാന്തമാണ് സയണിസം. ഒന്നാം നൂറ്റാണ്ട് മുതൽ യൂറോപ്പിന്റെ പല ഭാഗങ്ങളായി ചിന്നി ചിതറി വസിക്കുന്ന ജൂതസമൂഹങ്ങൾക്ക് തങ്ങളുടേതായ ഒരു സ്ഥിര താമസഗേഹം വേണമെന്നുള്ള ആവശ്യങ്ങൾ സാക്ഷാത്ക്കരിക്കുവാനായി നടത്തിയിട്ടുള്ള പ്രക്ഷോഭങ്ങളാണ് സയണീസം എന്നറിയപ്പെടുന്നത്. ജൂതന്മാരുടെ പ്രസ്തുത ആവശ്യം സി. ഇ. 1917ലെ  ബാൽഫർ പ്രഖ്യാപനത്തിലൂടെ അന്നത്തെ ലോകശക്തിയായ ബ്രിട്ടൻ അംഗീകരിച്ചു. തുടർന്ന് പാലസ്തീനിലേക്കുള്ള ജൂതകുടിയേറ്റം ദ്രുതഗതിയിലായി.

രണ്ടാം ലോകമഹായുദ്ധാനന്തരം സി. ഇ. 1948 മെയ് 15-ാം തിയ്യതി സഖ്യകക്ഷികളുടെയും അമേരിക്കയുടെയും സഹായത്തോടെ പലസ്തീനിൽ ഇസ്രായേൽ രാഷ്ട്രം രൂപപ്പെട്ടു. അതിർത്തികൾ നിർണയിക്കാതെ രൂപപ്പെടുത്തിയ ഈ രാഷ്ട്രത്തിലെ ജൂതവിഭാഗങ്ങൾ ഐക്യരാഷ്ട്രസഭയുടെ നിയമങ്ങൾ ലംഘിച്ചുകൊണ്ട് പാലസ്തീനിലെ മുസ്ലീം ജനതയ്ക്കു നേരെ ഇപ്പോഴും യുദ്ധം നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനനുബന്ധമായി നടക്കുന്ന കടന്നുകയറ്റവും, പീഢനങ്ങളും, ഉപരോധങ്ങളുമെല്ലാം സയണിസമായിത്തന്നെ എണ്ണപ്പെടുന്നു.

ഒന്നാം നൂറ്റാണ്ടു മുതൽ റോമിൽ നിന്ന് പുറത്താക്കപ്പെട്ട ജൂതസമൂഹങ്ങൾ ഭൂരിഭാഗവും യൂറോപ്യൻ രാജ്യങ്ങളിലായിരുന്നു പതിനാലാം നൂറ്റാണ്ടിന്റെ അവസാനംവരെ അഭയം തേടിയിരുന്നത്. പതിനാലാം നൂറ്റാണ്ടിലാണ് ദേശീയ പ്രസ്ഥാനങ്ങൾ ലോകത്താകമാനം ഉയർന്നുവന്നത്. യൂറോപ്പിൽ അഭയാർത്ഥികളായ ജൂതസമൂഹങ്ങളിൽ തങ്ങളുടേതായ ഒരു രാഷ്ട്രവും ഭരണവും വേണമെന്ന ചിന്ത ഈ കാലഘട്ടത്തിൽ ഉടലെടുക്കാൻ തുടങ്ങി.

റഷ്യയിൽ നിന്നായിരുന്നു സയണിസമെന്ന ആശയം ആദ്യമായി ഉയർന്നു വന്നത്. ജൂതന്മാരുടെ ദൈവിക വാഗ്ദത്ത ഭൂമിയെന്ന് പരാമർശിക്കപ്പെടുന്ന സിയോൺ സ്ഥാപിക്കാൻ ശ്രമിക്കുന്ന പ്രയത്നങ്ങൾ എന്നർത്ഥത്തിലാണ് സയണിസം എന്ന ആശയം ജന്മമെടുക്കുന്നത്. പാലസ്തീനിൽ ജൂതവിഭാഗങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആധുനിക രാഷ്ട്രീയ സയണിസത്തിന്റെ ഉത്ഭവം റഷ്യയിൽ നിന്നാണ്. പാലസ്തീനിൽ ജൂതഗേഹം നിർമിക്കുകയെന്ന പ്രത്യേക ലക്ഷ്യത്തോടെ ജൂതവിഭാഗങ്ങൾ ലോകത്താകമാനം രാഷ്ട്രീയ പരമായി ഉയർന്നുവരാൻ തുടങ്ങി. സി. ഇ. 1884-ഓടെ ചിതറിക്കിടന്നിരുന്ന ജൂതവിഭാഗങ്ങളെല്ലാം സയണിസത്തിന്റെ വക്താക്കൾ എന്നർത്ഥത്തിൽ റഷ്യയിൽ ഒന്നിക്കുകയും സംഘടിതരാവുകയും ചെയ്തു. ലോകത്താകമാനം ചിതറി കിടക്കുന്ന ജൂതരോട് ഒന്നിക്കുവാനും ഒരു ജൂതരാഷ്ട്രം നടപ്പിലാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ലിയോൺ പിയാൻസ്കർ തന്റെ രചനകളിലൂടെ ജൂതന്മാരോടാഹ്വാനം ചെയ്തു. ജൂതരാഷ്ട്രം സ്ഥാപിക്കുന്നതിനുവേണ്ടി ശ്രമിക്കുമെന്നും പാലസ്തീൻ കേന്ദ്രീകരിച്ച് സിയോൺ സ്ഥാപിക്കുമെന്നും ജൂതവിഭാഗങ്ങൾ ഇതിനാൽ തീരുമാനിക്കുകയും ചെയ്തു. ഇംഗ്ലണ്ടിലെ ബ്രിട്ടൻ കേന്ദ്രീകരിച്ചുള്ള സിയോണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആവശ്യപ്രകാരം ആഫ്രിക്കയിലെ ഉഗാണ്ട ജൂതന്മാർക്ക് ജൂതരാഷ്ട്രം സ്ഥാപിക്കാൻ നൽകാമെന്ന് ബ്രിട്ടൻ വാഗ്ദാനം നൽകി. എന്നാൽ പ്രസ്തുത വാഗ്ദാനത്തെ നിരസിച്ച ജൂതവിഭാഗം സിയോൺ ഇല്ലാത്ത സിയോണിസം നിരർത്ഥകമാമെന്ന് വാദിച്ചു. സിയോണിസം ഒന്നാം ലോക മഹായുദ്ധത്തോടെ ലോകത്താകമാനം വ്യാപിച്ച സംഘടനയായിമാറി. സിയോണിസ്റ്റ് പ്രവർത്തർ അമേരിക്കൻ പ്രസിഡന്റായിരുന്ന വിൻസ്റ്റൺ ചർച്ചിലിനോട് സയണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആവശ്യം അംഗീകരിക്കാൻ ബ്രിട്ടനോട് നിർദ്ദേശിക്കാൻ സമ്മർദം ചെലുത്തി. ഈ സമ്മർദ്ദത്തിന്റെ ഫലമായാണ് ബാൽഫർ പ്രഖ്യാപനം നടക്കുന്നത്. എന്നാൽ പാലസ്തീനാണ് സിയോൺ എന്ന വാഗ്ദത്ത ഭൂമിയെന്ന് അദ്ദേഹം അവകാശപ്പെട്ടില്ല. അദ്ദേഹത്തിന്റെ ആഹ്വാനം റഷ്യയിലെ യുവജനങ്ങളായ ജൂതന്മാരെ ആകൃഷ്ടരാക്കുകയെന്നുള്ളതായിരുന്നു. പിന്നീടങ്ങോട്ട് ജൂതവിഭാഗങ്ങൾ കൂടുതൽ ശക്തിയാർജ്ജിച്ചു.

തിയോഡർ ഹെർസൽ (സി. ഇ. 1860-1904) എന്ന ജൂതനേതാവായിരുന്നു രാഷ്ട്രീയ സിയോണിസത്തെ ലോകത്താകമാനം വ്യാപിപ്പിച്ചത്. രാഷ്ട്രീയ സിയോണിസത്തിന്റെ ആശയങ്ങൾ വ്യക്തമാക്കുന്നതിനായി സി. ഇ. 1986-ൽ 'ജൂതരാഷ്ട്രം' എന്ന ലേഖനമെഴുതികൊണ്ടായിരുന്നു അദ്ദേഹം പ്രസ്തുത ആഹ്വാനം നടത്തിയത്. ഈ ലേഖനം യൂറോപ്പിലാകമാനം പ്രചരിക്കുകയും സയണിസത്തിന്റെ വളർച്ചയ്ക്കുള്ള അടിസ്ഥാന ഘടകമായി പരിണമിക്കുകയും ചെയ്തു. സി . ഇ. 1897-ൽ സ്വിറ്റ്സർലന്റിലെ ബേസിലിൽവെച്ച് ആദ്യത്തെ സയണിസ്റ്റ് സമ്മേളനം നടത്തുകയും പ്രസ്തുത സമ്മേളനത്തിൽ ജൂതരാഷ്ട്രം സ്ഥാപിക്കുന്നതിനുവേണ്ടി ശ്രമിക്കുമെന്നും പാലസ്തീൻ കേന്ദ്രീകരിച്ച് സിയോൺ സ്ഥാപിക്കുമെന്നും ജൂതവിഭാഗങ്ങൾ തീരുമാനിക്കുകയും ചെയ്തു. ഇംഗ്ല


ണ്ടിലെ ബ്രിട്ടൻ കേന്ദ്രീകരിച്ചുള്ള സിയണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആവശ്യപ്രകാരം ആഫ്രിക്കയിലെ ഉഗാണ്ട ജൂതന്മാർക്ക് ജൂതരാഷ്ട്രം സ്ഥാപിക്കാൻ നൽകാമെന്ന് ബ്രിട്ടൻ വാഗ്ദാനം നൽകി. എന്നാൽ പ്രസ്തുത വാഗ്ദാനത്തെ നിരസിച്ച ജൂതവിഭാഗം സിയോൺ ഇല്ലാത്ത സിയോണിസം നിരർത്ഥകമാമെന്ന് വാദിച്ചു. സിയോണിസം ഒന്നാം ലോക മഹായുദ്ധത്തോടെ ലോകത്താകമാനം വ്യാപിച്ച സംഘടനയായിമാറി.

### സിയോൺ-വാഗ്ദത്ത ഭൂമി

ഒന്നാം നൂറ്റാണ്ടിൽ റോമൻ അധിനിവേശത്തോടെ പാലസ്തീൻ പ്രദേശത്ത് നിന്ന് പുറത്താക്കപ്പെട്ട ജൂതസമുദായങ്ങൾ നൂറ്റാണ്ടുകളോളം യൂറോപ്പിൽ അഭയാർത്ഥികളായി കഴിഞ്ഞിരുന്നുവെങ്കിലും തങ്ങളുടെ പരിശുദ്ധ ഭൂമിയിലേക്ക് തിരിച്ചെത്താൻ എപ്പോഴും ആഗ്രഹിച്ചിരുന്നു. ജൂത വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം പാലസ്തീൻ അവരുടെ പഴയകാല സാംസ്കാരിക പൈതൃക കേന്ദ്രവും അവർക്ക് ദൈവം വരദാനം നൽകിയ സിയോൺ എന്ന പരിശുദ്ധ സ്ഥലം ഉൾക്കൊള്ളുന്ന പ്രദേശവുമാണെന്നും വിശ്വസിക്കുകയും ജൂതന്മാർക്ക് ഏറ്റവും ആത്മബന്ധമുള്ള ഭൂമിയിലെ പ്രദേശമായി അവർ കരുതുകയും ചെയ്യുന്നു. പ്രസ്തുത ഭൂമിയിൽ ജീവിച്ചു മരിച്ചാലേ അവർക്ക് മോക്ഷം ലഭിക്കു എന്നാണ് ജൂതമതവിശ്വാസം. ദൈവജൂതന്മാരായ ദാവൂദും, സോളമനും ജീവിച്ചിരുന്ന ചരിത്രപ്രസിദ്ധമായ സ്ഥലമായതുകൊണ്ട് ഇത് തിരിച്ചുപിടിക്കുക ജൂതന്മാരുടെ ഏറ്റവും വലിയ ലക്ഷ്യമായിരുന്നു. ജൂതരാഷ്ട്രമെന്ന വികാരം ജൂതന്മാരുടെ മനസ്സിൽ ആഴത്തിൽ സ്വാധീനിക്കുകയും പത്തൊമ്പതാം നൂറ്റാണ്ടിൽ അതിനൊരു രാഷ്ട്രീയ മുഖമുണ്ടാവുകയും ചെയ്തു.

## ബാൾഫർ പ്രഖ്യാപനം

ഒന്നാം ലോക മഹായുദ്ധത്തിൽ ബ്രിട്ടനെ സഹായിക്കാൻ മുഴുവൻ സിയണിസ്റ്റ് പ്രവർത്തകരോടും യൂറോപ്പ് ആവശ്യപ്പെട്ടു. ഈ സൈനിക സഹായത്തിന് പകരമായി യുദ്ധാനന്തരം പാലസ്തീനിൽ ഒരു ജൂത രാഷ്ട്രം സ്ഥാപിക്കുവാനുള്ള സഹായങ്ങൾ ബ്രിട്ടൻ ചെയ്തു കൊടുക്കാമെന്ന് ജൂതവിഭാഗത്തോട് വാഗ്ദാനം നൽകി. ഈ വാഗ്ദാനം രേഖാമൂലമാണ് ബ്രിട്ടൻ ജൂതന്മാരെ അറിയിക്കുന്നത്. ബ്രിട്ടീഷ് ജനറലായിരുന്ന ലോഡ് ബാൾഫർ ബ്രിട്ടനിലെ സിയണിസ്റ്റ് പ്രവർത്തനത്തിന്റെ നേതാവായ ലോഡ് റോത്ത്ഷീൽഡിന് അയച്ച കത്താണ് പിന്നീട് സി. ഇ. 1917 നവംബർ 2-ാം തിയ്യതിയിലെ ബാൽഫർ പ്രഖ്യാപനമായി ചരിത്രത്തിൽ സ്ഥാനം പിടിച്ചത്. ലോകത്താകമാനം അഭയാർത്ഥികളായി കഴിയുന്ന ജൂത വിഭാഗത്തോടുള്ള സഹതാപം ഈ കത്തിലൂടെ ബ്രിട്ടീഷ് ഗവൺമെന്റ് പ്രകടിപ്പിക്കുകയും ചെയ്തു.



- ബാൾഫർ പ്രഖ്യാപനം ഇസ്രായിലിന്റെ രൂപീകരണത്തിന് കാരണമായി. ചർച്ച നടത്തുക

### ബാൾഫർ പഖ്യാപനം

ബ്രിട്ടീഷ് ഗവൺമെന്റിന്റെ നേതൃത്വത്തിൽ ജൂത വിഭാഗങ്ങൾക്ക് പാലസ്തീനിൽ ഒരു ജൂതരാഷ്ട്രം സ്ഥാപിക്കാനുള്ള പരിഗണന ആലോചിക്കുന്നു. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കാനുള്ള മുഴുവൻ ശ്രമങ്ങളും ഗവൺമെന്റ് ചെയ്യുന്നതാണ്. പാലസ്തീനിൽ നിലവിലുള്ള ജൂതന്മാരല്ലാത്ത പ്രദേശവാസികളുടെ മതപരവും രാഷ്ട്രീയവും പ്രാദേശികവുമായ അവകാശങ്ങൾ ഹനിക്കുന്ന വിധത്തിലുള്ള ഒരു പ്രവർത്തനങ്ങളും ജൂതന്മാരുടെ ഭാഗത്തുനിന്നും ഉണ്ടാകരുത്. അതുപോലെ മറ്റു രാജ്യങ്ങളിൽ ജൂതവിഭാഗങ്ങൾ അനുഭവിച്ചുവരുന്ന രാഷ്ട്രീയവും പൗരാവകാശപരവുമായ പദവികൾക്കും വിഘടനമേൽപ്പിക്കരുത്.

ഒരു ജൂതരാഷ്ട്രം സ്ഥാപിക്കുവാനുള്ള അനുവാദം ജൂതർക്ക് സഖ്യകക്ഷികൾ നൽകുകയും ചെയ്തു. പാലസ്തീനിലെ പ്രാദേശികവാസികളായ ജൂത ാരല്ലാത്ത വിഭാഗത്തോട് ശത്രുത കാണിക്കരുതെന്ന് അവർക്കെല്ലാം അവകാശങ്ങളും നൽകുക എന്നുള്ളതാണ് ബാൾഫർ പ്രഖ്യാപനത്തിന്റെ ഉള്ളടക്കം.



"ബാൾഫർ പ്രഖ്യാപനം ഇസ്രായേലിന്റെ രൂപീകരണത്തിന് വഴിയൊരുക്കുക" ചർച്ച ചെയ്യുക.

## ഹുസൈൻ- മക്ക് മോഹൻ കറസ്പോണ്ടൻസ്

ഒന്നാം ലോക മഹായുദ്ധ സമയത്ത് അറബ് ദേശീയത അംഗീകരിക്കുന്ന മക്കയിലെ ഭരണാധികാരിയായ ഷെരീഫ് ഹുസൈൻ സഖ്യകക്ഷികളെ സഹായിക്കാൻ മുന്നോട്ട് വരികയുണ്ടായി. സഖ്യകക്ഷികളുടെ ആവശ്യപ്രകാരം തുർക്കി ഭരണത്തിനെതിരായി സ്വാതന്ത്ര്യ വാദമുന്നയിച്ച് ആഭ്യന്തരയുദ്ധം നടത്താമെന്ന് ഇദ്ദേഹം രഹസ്യമായി ബ്രിട്ടീഷുകാരോട് സമ്മതിച്ചു. ഈ ആവശ്യപ്രകാരം ഷെരിഫ് ഹുസൈനും ഈജിപ്തിലുണ്ടായിരുന്ന ബ്രിട്ടിഷ് ഹൈക്കമ്മീഷണർ ആയിരുന്ന ഹെൻട്രി മക് മോഹനും തമ്മിൽ രഹസ്യമായി നടത്തിയ കത്തിടപാടുകളെയാണ് ഹുസൈൻ മക്ക് മോഹൻ കറസ് പോണ്ടൻസ് എന്നറിയപ്പെടുന്നത്. ഇതിന്റെ ഫലമായിട്ടായിരുന്നു സി. ഇ. 1916-ലെ അറബികളുടെ ആഭ്യന്തര കലാപം നടക്കുന്നത്. ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം അറബ് ദേശീയ വാദികൾക്ക് അവരുടെ പ്രദേശത്ത് സ്വതന്ത്ര ഭരണം നൽകാമെന്നും ബ്രിട്ടൻ ഇതിലൂടെ ഉറപ്പ് കൊടുത്തിരുന്നു.

## സൈകസ്-പീകോ കരാർ

ഹുസൈൻ മക്മോഹൻ കത്തിടപാടുകൾ നടന്ന അതേ സമയത്ത് തന്നെ ബ്രിട്ടീഷ് ഭരണകൂടം ഫ്രാൻസ് ഉൾപ്പെടെയുള്ള സഖ്യകക്ഷികളുമായി സി. ഇ. 1916 ഏപ്രിൽ 26-ന് ഉണ്ടാക്കിയ രഹസ്യക്കരാറാണ് സൈക്സ്-പിക്കോ കരാർ. ഹുസ്സൈൻ ഷെരീഫിന് നൽകിയ വാഗ്ദാനത്തിന് വിരുദ്ധമായി ഒന്നാംലോക മഹായുദ്ധാനന്തരം തുർക്കിയുടെ പ്രദേശങ്ങളും തുർക്കിയുടെ കീഴിലുള്ള അറബ് പ്രദേശങ്ങളും തങ്ങൾക്കിടയിൽ വിഭജിക്കപ്പെടുമെന്ന് സഖ്യകക്ഷികൾ ഈ കരാറിലൂടെ തീരുമാനമെടുത്തു.



മധ്യ-പൗരസ്ത്യദേശത്തെ ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും തങ്ങളുടെ നിയന്ത്രണത്തിലാക്കിയ പ്രദേശങ്ങളെ ഭൂപടം നിർമ്മിച്ച് അടയാളപ്പെടുത്തുക.




സൈക്സ്-പീകോ കരാർ പ്രകാരം ബ്രീട്ടീഷ് ഫ്രഞ്ച് നിയന്ത്രണം മധ്യപൗരസ്ത്യദേശത്ത്

## ഒന്നാം ലോക മഹായുദ്ധാനന്തര സമാധാന സന്ധികൾ

### *മുദ്രോസ് ആർമിസ്റ്റിസ് സി. ഇ. 1918*

ഒന്നാം ലോക മഹായുദ്ധം അവസാനിപ്പിക്കുന്നതിനായി ആദ്യം നടത്തിയ സമാധാന സന്ധിയാണ് സി. ഇ. 1918-ലെ മുദ്രോസ് ആർമിസ്റ്റിസ് സഖ്യകക്ഷികളുടെ ആവശ്യപ്രകാരം അവർ മുന്നോട്ട് വയ്ക്കുന്ന നിബന്ധനകളിൽ പരാജയഭീതിയോടടുത്ത തുർക്കി സുൽത്താൻ 1918 ഒക്ടോബർ 30 ന് നിരുപാധികം ഒപ്പു വെച്ച കരാറായിരുന്നു ഇത്. ഈ കരാറിലെ പ്രധാന നിബന്ധനകൾ തുർക്കി യുദ്ധമുഖത്ത് നിന്ന് പിൻമാറുക, അറബ് പ്രദേശങ്ങളിലെ തുർക്കിയുടെ ഭരണം അവസാനിപ്പി ക്കുക എന്നിവയായിരുന്നു.

### *സാൻറെമോ കരാർ*

സൈക്സ്-പികോ കരാറിലെ ഗൂഢാലോചനകൾ നടപ്പാക്കുന്നതിനായി സഖ്യകക്ഷികൾ തമ്മിൽ രഹസ്യമായി ചർച്ചനടത്തി രൂപപ്പെടുത്തിയ കരാറാണ് സി. ഇ. 1920-ലെ സാൻറെമോ കരാർ. തുർക്കിയുടെ കീഴിലുണ്ടായിരുന്ന അറബ് പ്രദേശങ്ങൾ സഖ്യകക്ഷികൾക്കിടയിൽ എങ്ങനെ വിഭ ജിച്ചെടുക്കുമെന്ന് തീരുമാനിച്ച കരാറായിരുന്നു ഇത്.

### *മാൻഡേറ്ററി ഭരണസംവിധാനം മധ്യപൗരസത്യ ദേശത്ത്*

സെവെർസ് സന്ധി പ്രകാരം (സി. ഇ. 1920) ഇന്നത്തെ സിറിയയും ലബനോനും ഫ്രഞ്ച് അധീ നതയിലും ഈജിപ്ത്, പാലസ്തീൻ, ജോർദ്ദാൻ തുടങ്ങിയ പ്രദേശങ്ങൾ ബ്രിട്ടീഷ് അധീനതയി ലുമാക്കിമാറ്റാൻ സഖ്യകക്ഷികൾ തീരുമാനിച്ചു. ബ്രിട്ടനും ഫ്രാൻസും അറബ് പ്രദേശങ്ങൾക്കി ടയിൽ നടപ്പാക്കിയ അവരുടെ യുദ്ധാനന്തര താൽകാലിക അധിനിവേശ ഭരണത്തെ അറിയപ്പെടു ന്നത് മാൻഡേറ്ററി ഭരണസംവിധാനം എന്നാണ്. അറബ് ദേശീയ വാദികളുടെ പ്രക്ഷോഭങ്ങൾ ഉയർന്നു വരാതിരിക്കാനായിരുന്നു ഇത്തരത്തിലുള്ള ഭരണം നടപ്പാക്കിയത്. നൂറ്റാണ്ടുകളായി

തുർക്കിയുടെ പ്രവിശ്യയായിരുന്നു ഈ അറബ് മേഖലകൾ ഒന്നാം ലോക മഹായുദ്ധാനന്തരമാണ് സ്വതന്ത്രമായത്. ആധുനിക രീതിയിലുള്ള ഭരണസംവിധാനം നടപ്പാക്കാൻ വേണ്ടത്ര പരിചയം അറബ് ഭരണാധികാരികൾക്കായിട്ടില്ലെന്നും എപ്പോഴാണോ സ്വയം ഭരിക്കാൻ പ്രാപ്തരാകുന്നത് അപ്പോൾ ഭരണാധികാരം മുഴുവനും അറബികൾക്ക് തിരിച്ച് നൽകാം എന്നും അതുവരെ അറബികൾക്ക് പകരമായി കൊണ്ട് തങ്ങൾ ഭരണം നടത്തും എന്നതായിരുന്നു ഇവരുടെ വാദം. ഇത്തരം സാമ്രാജ്യ അധിനിവേശ ലക്ഷ്യമായിരുന്നു മാൻഡേറ്ററി സംവിധാനത്തിലൂടെ സഖ്യകക്ഷികൾ മുന്നോട്ടു വെച്ചത്.

## ഫ്രഞ്ച് അധിനിവേശ ഭരണകൂടം

സി. ഇ. 1920 ൽ രൂപപ്പെട്ട സാൻ-റെമോ കരാറിലൂടെയാണ് സഖ്യകക്ഷികൾ തങ്ങളുടെ മാൻഡേറ്ററി ഭരണസംവിധാനം അറബ് പ്രദേശങ്ങളിൽ നടപ്പാക്കുന്നതിനായി അറബികളെ അറിയിക്കുന്നതും പ്രായോഗികമായി നടപ്പാക്കുന്നതും. ലീഗ് ഓഫ് നേഷന്റെ അനുവാദവും ഉണ്ടായിരുന്നു ഈ ഭരണസംവിധാനത്തിന് ലബനോനും, ആധുനിക സിറിയയുമടങ്ങുന്ന അന്നത്തെ ഉസ്മാനി സിറിയ പ്രവിശ്യ സി. ഇ. 1920 ഏപ്രിലിലെ സാൻ റെമോ കരാറിലൂടെ ഫ്രഞ്ച് നിയന്ത്രണത്തിലായെങ്കിലും അധിനിവേശ ഭരണം സി. ഇ. 1923 സെപ്റ്റംബർ-29 നായിരുന്നു യഥാർത്ഥത്തിൽ നടപ്പിലായത്.




ഫ്രഞ്ച് അധിനിവേശ ഭരണപ്രദേശങ്ങൾ

സിറിയയിലെ അറബ് ഭരണാധികാരിയായിരുന്ന ഫൈസൽ രാജാവിനെ നാടുകടത്തിക്കൊണ്ട് ഒരു ഫ്രഞ്ച് അധിനിവേശഭരണം അവിടെ നടപ്പിലായി. ഫ്രഞ്ച് നിയന്ത്രണത്തിനെതിരെ ജനകീയ പ്രക്ഷോഭം അറബ് ദേശീയവാദികൾക്കിടയിൽ ഉയർന്നെങ്കിലും അവയെല്ലാം അടിച്ചമർത്തുകയുണ്ടായി. സിറയയിലെ ദേശീയ വാദികളുടെ ഐക്യം തകർക്കാൻ വേണ്ടി ഫ്രഞ്ച് ഭരണകൂടം സിറി

യയെ ജോർദ്ദാൻ, സിറിയ എന്നിങ്ങനെ വിഭജിക്കുകയും ശക്തമായ സൈനിക നിയന്ത്രണത്തിലാക്കി മാറ്റുകയും ചെയ്തു. ഫ്രാൻസിന്റെ മാൻഡേറ്ററി ഭരണത്തിനെതിരെ ഈ പ്രദേശങ്ങളിൽ ദേശീയ വാദികളുടെ പ്രക്ഷോഭങ്ങളും സമരങ്ങളും ശക്തമായി രൂപപ്പെട്ടു. രണ്ടാം ലോക മഹായുദ്ധം വരെ ഈ പ്രക്ഷോഭങ്ങൾ നിലനിൽക്കുകയും യുദ്ധാനന്തരം സി. ഇ. 1946ൽ സിറിയയിൽ നിന്നും ലെബനോണിൽ നിന്നും ഫ്രഞ്ച് സൈന്യം പൂർണമായും പിൻമാറുകയും തുടർന്ന് ഇരു രാജ്യങ്ങളും സ്വാതന്ത്രമാവുകയും ചെയ്തു.

## ബ്രിട്ടീഷ് അധിനിവേശഭരണം

സാൻ റെമൊ കരാർ പ്രകാരം പാലസ്തീൻ, ജോർദ്ദാൻ, ഇറാഖ് തുടങ്ങിയ പ്രദേശങ്ങൾ ബ്രിട്ടന്റെ മാൻഡേറ്ററി ഭരണ സംവിധാനത്തിലായി. ഇറാഖിൽ ഈ പ്രദേശങ്ങളിൽ ബ്രിട്ടീഷ് ഭരണത്തിനെതിരെ ദേശീയ വാദികൾ പ്രക്ഷോഭങ്ങൾ നടത്തി എങ്കിലും ബ്രിട്ടൻ അവയെല്ലാം അടിച്ചമർത്തി. സിറിയയിൽ നിന്നും ഫ്രഞ്ച് ഭരണകൂടം പുറത്താക്കിയ ഫൈസൽ രാജാവിനെയാണ് ഇറാഖിലെ മാൻഡേറ്ററി ഭരണ നേതാവായി ബ്രിട്ടൻ നിയമിച്ചത്. എന്നാൽ ഫൈസൽ രാജാവിന് അവിടുത്തെ ജനങ്ങളുടെ പിന്തുണ ലഭിക്കാതാവുന്നു.ബ്രിട്ടീഷ് ഭരണത്തിനും ശക്തമായ എതിർപ്പ് തന്നെ ഇറാഖ് സൈന്യത്തിൽനിന്നും പൊതുജനങ്ങളിൽനിന്നും നേരിടുകയുണ്ടായി എന്നാൽ മാൻഡേറ്ററി ഭരണസംവിധാനത്തിൽ സാമൂഹ്യ ഘടനയിലും ജീവിതത്തിലും ജനങ്ങളിൽ മാറ്റമുണ്ടായി. സി. ഇ. 1948-ൽ (രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം) ആണ് ഈ പ്രദേശങ്ങളിൽ നിന്നും ബ്രിട്ടീഷ് ഭരണം ഒഴിവായത്.

## അറേബ്യയിലെ സൗദി രാജവംശത്തിന്റെ രൂപീകരണം( കെ. എസ്. എ)

കുടുംബാധിപത്യഭരണം നിലനിൽക്കുന്ന രാജ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സൗദി അറേബ്യ . യമനും പേർഷ്യൻ കടലിടുക്കിന്റെ തീരങ്ങളിലെ രാഷ്ട്രങ്ങളിമൊഴികെ അറേബ്യൻ ഉപദ്വിപിന്റെ ഭൂരിഭാഗപ്രദേശങ്ങളും ഈ രാജ്യത്തിന്റെ കീഴിലാണ്. പെട്രോളിയം ഖനനത്തിന് പ്രസിദ്ധമായ രാഷ്ട്രങ്ങളിലൊന്നായ സൗദി അറേബ്യയുടെ രൂപീകരണത്തിന് അവിടെ രൂപം കൊണ്ട വഹാബി പ്രസ്ഥാനവുമായി അനിഷേധ്യബന്ധമുണ്ട്. പതിനെട്ടാം നൂറ്റാണ്ടിൽ രൂപപ്പെട്ട ഈ ഇസ്‌ലാമിക പുനരുദ്ധാരണ പ്രസ്ഥാനത്തിലേക്ക് ഇബ്നു സൗദ് ആകൃഷ്ടനായി. അദ്ദേഹം മദ്ധ്യ അറേബ്യയിലും വടക്കേ അറേബ്യയിലെ ഗോത്രവർഗ്ഗ ജന വിഭാഗങ്ങളെയെല്ലാം ഒന്നിപ്പിച്ചുകൊണ്ട് ഒരു ചെറുഭരണകൂടം സ്ഥാപിക്കുകയും അത് കേന്ദ്രമാക്കി കൊണ്ട് സൈനിക



സൗദ്യ അറേബ്യ

നീക്കത്തിലുള്ള ഭരണ വിസ്തൃതിയ്ക്ക് ശ്രമിക്കുകയും കർബല, മക്ക, മദീന എന്നിവ പിടിച്ചടക്കുകയും ചെയ്തു. എന്നാൽ ഈജിപ്തിലെ മുഹമ്മദലി സി. ഇ. 1818-ൽ അറേബ്യയിലെ വളർന്നുവരുന്ന വഹാബി പ്രസ്ഥാനത്തെ അടിച്ചമർത്തിയത് ഇബ്ന് സൗദിന്റെ ഭരണവിസ്തൃതി വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾക്കു തടസ്സമായി.

പിന്നീട് 19-ാം നൂറ്റാണ്ടിൽ ഈജിപ്ഷ്യൻ സേനയുടെ പിന്മാറ്റത്തിന് ശേഷം ഇബ്നു സൗദിന്റെ പിൻഗാമികളാണ് ഇന്നത്തെ റിയാദ് തലസ്ഥാനമാക്കികൊണ്ട് ഒരു വലിയ ഭരണകൂടത്തിന് തുടക്കം കുറിക്കുന്നത്. 19-ാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിൽ വഹാബി പ്രസ്ഥാനം തകരാൻ തുടങ്ങിയത് സൗദികളുടെ പുതിയ ഭരണകൂടത്തെ സാരമായിത്തന്നെ ബാധിച്ചു. എന്നാൽ തകർച്ചയിൽ നിന്നും അതിനെ ഇന്നത്തെ രൂപം നൽകിയത് അബ്ദുൽ അസീസ് ഇബ്നു സൗദെന്ന ഭരണാധികാരിയായിരുന്നു. ഇദ്ദേഹത്തിന്റെ കീഴിയലായിരുന്നു സൗദി അറേബ്യ രാജഭരണകൂടംഎന്ന നിലയിലേക്ക് വളരുന്നത്. അതുകൊണ്ടാണ് അബ്ദുൽ അസീസിനെ ആധുനിക സൗദി അറേബ്യയുടെ പിതാവായി കണക്കാക്കുന്നത്.



ഇബ്നു സൗദ്

രൂപീകരണഘട്ടം മുതൽ തന്നെ സൗദി അറേബ്യ തുർക്കി ഭരണകൂടത്തിന് എതിരായിരുന്നു. നജ്ദ് പിടിച്ചടക്കിക്കൊണ്ട് വടക്കൻ അറേബ്യ പൂർണ്ണമായും തുർക്കി ഭരണത്തിൽ നിന്നും മോചിപ്പിച്ച് തന്റെ ഭരണകൂടത്തെ സി. ഇ. 1913 ആയപ്പോഴേക്കും അദ്ദേഹം വിശാലമാക്കി. ഒന്നാം ലോക മഹായുദ്ധകാലത്ത് മക്കയിലെ ഭരണാധികാരിയായിരുന്ന ഹുസൈൻ ഷെരീഫിനെ പോലെ തന്നെ റിയാദിലെ ഇബ്ന് സൗദിനോടും ബ്രിട്ടൻ അനുഭാവം വെച്ചുപുലർത്തി. യുദ്ധാനന്തരം ബ്രിട്ടൻ ഹുസൈൻ ഷെരീഫിനെ ഹിജാസിലെ ഭരണാധികാരിയാക്കി. ബ്രിട്ടീഷുകാരുടെ സഹായത്തോടെ ഹുസൈൻ രാജാവ് അദ്ദേഹത്തിന്റെ കീഴിൽ അറബികളുടെ ഫെഡറേഷൻ രൂപികരിച്ചു. സി. ഇ. സി. ഇ. 1924-ൽ അദ്ദേഹത്തെ ഹിജാസിലെ ഭരണാധികാരിയായി സഖ്യകക്ഷികൾ അവരോധിക്കുകയും അദ്ദേഹത്തിന്റെ പുത്രന്മാരായ അബ്ദുള്ള ഫൈസൽ എന്നിവർ ട്രാൻസ്ജോർദാൻ, ഇറാഖ് എന്നിവിടങ്ങളിലെ ഗവർണർമാരുമായി.

അദ്ദേഹത്തിന്റെ മൂത്തമകനായ അബ്ദുല്ലയെ ട്രാൻസ് ജോർദ്ദാന്റെയും രണ്ടാമത്തെ മകനായ ഫൈസലിനെ ഇറാഖിലെയും ഗവർണർമാരായി നിയമിച്ചു. ഇത് ഇബ്ന് സൗദും ഹുസൈൻ ഷെരീഫും തമ്മിൽ പ്രശ്നങ്ങളുണ്ടാവാൻ കാരണമായി. ഇബ്നു സൗദിന്റെ ജനങ്ങൾക്കിടയിലെ സ്ഥാനവും സ്വാധീനവും വർദ്ധിക്കാൻ തുടങ്ങുകയും ഹുസൈൻ ഷെരീഫിനെക്കാൾ സ്വാധീനമുള്ള വ്യക്തിയായി ഇബ്നു സൗദ് മാറുകയും ചെയ്തു. തുടർന്ന് ഹുസൈന് മകനായ അലിക്കു വേണ്ടി സ്ഥാനമൊഴിയേണ്ടതായി വന്നു.

ഇബ്ന് സൗദ് പ്രത്യാക്രമണങ്ങൾ നടത്തുകയും യുദ്ധത്തിലൂടെ മക്ക, മദീന ഉൾപ്പെടെ ഹിജാസ് മുഴുവനും കീഴടക്കുകയും ചെയ്തു. റിയാദ്, മക്ക, മദീന, ജിദ്ദ തുടങ്ങിയ മുഴുവൻ പ്രദേശങ്ങളും അബ്ദുൽ അസീസ് ഇബ്ന് സൗദ് കീഴടക്കിക്കൊണ്ട് ഏറ്റവും വലിയ ഭരണ പ്രദേശങ്ങളുടെ നേതാവായിമാറി. സി. ഇ. 1932 സെപ്റ്റംബർ 18-ാം തിയ്യതി ഇബ്നു സൗദ് റിയാദ് തലസ്ഥാനമാക്കിക്കൊണ്ട് ഭരണകൂടത്തിന്റെ പേര് സൗദി അറേബ്യ രാജഭരണകൂടം എന്നാക്കിമാറ്റി. പ്രഖ്യാപനം നടത്തി. സി. ഇ. 1938-ൽ സൗദി അറേബ്യയിൽ ഏറ്റവും വലിയ എണ്ണ ഖനിയുള്ളതായി കണ്ടുപിടിക്കപ്പെട്ടതോടെ ലോകരാജ്യങ്ങൾക്കിടയിൽ രാജ്യത്തിന്റെ സ്ഥാനം വർദ്ധിക്കുകയും ചെയ്തു.

## സംഗ്രഹം

നെപ്പോളിയന്റെ ആഗമനം മുതൽ ഒന്നാം ലോക മഹായുദ്ധാനന്തരം നടന്ന അധിനിവേശ ഭരണ സംവിധാനം വരെയുള്ള മധ്യ-പൗരസ്ത്യ ദേശത്തിന്റെ ചരിത്രമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. അതോടൊപ്പം സാമ്രാജ്യത്വ ശക്തികളുടെ അധിനിവേശ ഭരണത്തിലൂടെ അവിടുത്തെ ജനങ്ങളിലുണ്ടായ സാമൂഹ്യ-രാഷ്ട്രീയ ഉണർവും ഇതിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്.

## ചോദ്യങ്ങൾ

1. നെപ്പോളിയന്റെ ആഗമനസമയത്ത് ഈജിപ്ത് ഭരിച്ചിരുന്നത്.
   - എ. അബ്ബാസികൾ
   - ബി. അയ്യൂബികൾ
   - സി. ഫാത്തിമിക
   - ഡി. മംലൂക്കുകൾ
2. ആധുനിക ഈജിപ്തിന്റെ പിതാവാര്?.
3. ഈജിപ്തിന്റെ പാഷയായി മുഹമ്മദലി സ്വയം പ്രഖ്യാപിച്ചതെന്ന്?
4. നെപ്പോളിയന്റെ ഈജിപ്ത് പിടിച്ചടക്കലിന്റെ പരിണിതഫലങ്ങൾ വിശദമാക്കുക.
5. സാൻ റെമൊ കരാർ ഒപ്പുവെക്കപ്പെട്ട വർഷം.
6. ബാൾഫർ പ്രഖ്യാപനത്തെപ്പറ്റി ഒരു ചെറുകുറിപ്പു തയ്യാറാക്കുക.
7. ആദ്യത്തെ സയണിസ്റ്റ് സമ്മേളനം ആരുടെ നേതൃത്വത്തിലായിരുന്നു നടന്നത്?
8. മുഹമ്മദലിയുടെ നവീകരണ നയങ്ങൾ വിലയിരുത്തുക.

# 6

# മുസ്‌ലിം ലോകം പുതിയ ലോക ക്രമത്തിൽ

R6P9T9

## പഠനനേട്ടങ്ങൾ

- ജൂതരാഷ്ട്രമായ ഇസ്രായേലിന്റെ രൂപികരണത്തെപ്പറ്റി വിദ്യാർഥികൾ വിവരിക്കുന്നു.
- ഇസ്രായേലിന്റെ രൂപീകരണത്തിൽ യുനസ്കോപ്പിന്റെ പങ്ക് വിദ്യാർഥികൾ അവലോകനം ചെയ്യുന്നു.
- അറബ്- ഇസ്രായേലി യുദ്ധത്തിന്റെ പരിണിത ഫലങ്ങൾ വിദ്യാർഥികൾ വിവരിക്കുന്നു.
- ഈജിപ്ഷ്യൻ വിപ്ലവം, സൂയസ് കനാൽ പ്രതിസന്ധി, ജമാൽ അബ്ദുൽ നാസറിന്റെ കനാൽ ദേശസാത്കരണം എന്നിവയെക്കുറിച്ച് കൂടുതൽ പരിജ്ഞാനം വിദ്യാർഥികൾക്ക് ലഭിക്കുന്നു.
- മധ്യ-പൗരസ്ത്യ ദേശത്തെ സ്വതന്ത്ര രാജ്യങ്ങളുടെ ആവിർഭാവത്തെ വിദ്യാർഥികൾ തിരിച്ചറിയുന്നു.
- പാലസ്തീൻ പ്രതിരോധവും ഗൾഫ് മേഖലയിലെ പ്രശ്നങ്ങളെയും വിദ്യാർഥികൾ വിവരിക്കുന്നു.

## പ്രധാനാശയങ്ങൾ

- പാലസ്തീനും പാലസ്തീൻ വിഭജനത്തിനുള്ള യു.എൻ. ആസൂത്രണവും.
- രണ്ടാം ലോകമഹായുദ്ധവും പീൽ കമ്മീഷനും പാലസ്തീൻ പ്രശ്നവും.
- 1948, 1967, 1973 എന്നീ വർഷങ്ങളിലെ അറബ്-ഇസ്രായേൽ യുദ്ധങ്ങൾ.
- സ്വതന്ത്ര സൈനിക ഉദ്യോഗസ്ഥ വിഭാഗം, 1956-ലെ സൂയസ് പ്രതിസന്ധി, ക്യാമ്പ് ഡേവിഡ് ഒത്തുതീർപ്പ്.
- പി. എൽ. ഒ., ഹമാസ്, ഇൻതിഫാദ, 1990-1991-ലെ ഗൾഫ് പ്രതിസന്ധി

## രണ്ടാം ലോക മഹായുദ്ധവും ജൂതരാഷ്ട്രമായ ഇസ്‌റായേലിന്റെ രൂപീകരണവും




മധ്യ പൗരസ്ത്യദേശം

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം സഖ്യകക്ഷികളുടെ പിന്തുണയോടെ പലസ്തീനിലേക്ക് ജൂതന്മാരുടെ വൻതോതിലുള്ള കുടിയേറ്റമാരംഭിച്ചു. അറബ് മണ്ണിലേക്കുള്ള ജൂതന്മാരുടെ അനിയന്ത്രിത കുടിയേറ്റം ഇരുകൂട്ടരും തമ്മിലുള്ള അസ്വാരസ്യങ്ങൾക്കും പ്രശ്നങ്ങൾക്കും കാരണമായി. ഇതിനെ തുടർന്ന് 1936-ൽ ''അറബ് ഉന്നത കമ്മിറ്റി എന്ന പ്രസ്ഥാനത്തിന്റെ കീഴിൽ അറബികൾ ഒരു ഏകീകൃത സമരപദ്ധതിക്കു രൂപം നൽകുകയും ശക്തമായ സമരപരിപാടികൾക്കു തുടക്കം കുറിക്കുകയും ചെയ്തു. തുടർന്ന് അറബികളുടെ ജൂതവിരുദ്ധ പ്രക്ഷോഭത്തെക്കുറിച്ച് അന്വേഷിക്കാനായി ബ്രിട്ടീഷ് ഗവൺമെന്റ് ലോർഡ് പീലിന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനെ നിയമിച്ചു.

പീൽ കമ്മീഷൻ റിപ്പോർട്ട് പ്രകാരമാണ് പലസ്തീൻ ജൂതന്മാർക്കും അറബികൾക്കുമിടയിൽ വിഭജിക്കുകയെന്ന ആശയമുടലെടുക്കുന്നത്. ഇതനുസരിച്ച് മധ്യപലസ്തീനും വടക്കൻ പലസ്തീനും ഉൾപ്പെടുന്ന ചെറിയ പ്രദേശങ്ങൾ ജൂതന്മാർക്ക് നൽകണമെന്നു നിർദേശിച്ചു. എന്നാൽ ഈ വിഭജനത്തെ അറബികൾ എതിർക്കുകയും മറ്റ് അറബ് ഭരണകൂടങ്ങളെല്ലാംതന്നെ പലസ്തീനോടൊപ്പം നിൽക്കുകയും ചെയ്തു. ഈ വിഭജനതീരുമാനത്തെ തുടർന്ന് പൊട്ടിപ്പുറപ്പെട്ട അറബ്-ജൂത പ്രക്ഷോഭങ്ങൾക്ക് വിരാമമിടാൻ 1939-ൽ ബ്രിട്ടന്റെ നേതൃത്വത്തിൽ ജൂത-അറബ് നേതാക്ക ാരുടെ ഉച്ചകോടി ചർച്ച നടന്നുവെങ്കിലും വേണ്ടത്ര ഫലം കണ്ടില്ല. ബ്രിട്ടൻ പത്തു വർഷത്തിനുള്ളിൽ തങ്ങളുടെ അധിനിവേശ ഭരണം പലസ്തിനിൽ അവസാനിപ്പിക്കണമെന്ന ധവളപത്രമിറക്കി തങ്ങൾ കാരണം രൂപപ്പെട്ട ജൂത അറബ് പ്രശ്നത്തിൽ നിന്നും തന്ത്രപൂർവം രക്ഷപ്പെടുകയെന്നതായിരുന്നു ബ്രിട്ടൻ ഇതിലൂടെയുദ്ദേശിച്ചത്. ജൂതപലായനം 1944-വരെ ഒരു വർഷത്തിൽ 15,000 പേരായി നിജപ്പെടുത്തുകയുമുണ്ടായി. ജൂത വിഭാഗങ്ങൾ ബ്രിട്ടന്റെ ധവളപത്രത്തിലെ തീരുമാനങ്ങൾക്കെതിരെ തിരിയുകയും ബാൾഫർ പ്രഖ്യാപനത്തിനു വിരുദ്ധമായ തീരുമാനമാണിതെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. രണ്ടാം ലോകമഹായുദ്ധത്തിൽ അറബ് ഭരണകൂടങ്ങൾ ഒരു ഭാഗത്തെയും സഹായിക്കാതെ നിഷ്പക്ഷമായി നിലകൊണ്ടപ്പോൾ പലസ്തീനിലെ ജൂതാന്മാർ സഖ്യകക്ഷികളെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. രണ്ടാം

ലോകമഹായുദ്ധത്തിലെ ജൂതവിഭാഗത്തിന്റെ നിലപാട് സംബന്ധിച്ച് സയണിസ്റ്റ് പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷൻ എന്ന നിലയിലുള്ള ബെൻ ഗുറിയോണിന്റെ പ്രസ്താവന

## ബെൻ ഗുറിയോണിന്റെ പ്രസ്താവന

ധവളപത്രം നിലനിൽക്കാത്തിടത്തോളം ഞങ്ങൾ ബ്രിട്ടനെ യുദ്ധത്തിൽ സഹായിക്കും, എന്നാൽ യുദ്ധം ഇല്ലാത്തിടത്തോളം ഞങ്ങൾ ധവളപത്രത്തെ എതിർക്കുകയും ചെയ്യും സയണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചെയർമാൻ

ഇതിനിടയിൽ ജർമ്മനിയിൽ നടമാടിയ ജൂതകൂട്ടക്കൊല (ഹോളോകാസ്റ്റ്) പലസ്തീനിലെ പ്രശ്നങ്ങൾ ലോകശ്രദ്ധയാകർഷിക്കുന്നതിനു കാരണമായി. സിയണിസ്റ്റ് പ്രസ്ഥാനത്തോടും ജൂതരാഷ്ട്രം വേണമെന്ന അവരുടെ ആവശ്യത്തോടും ലോകജനതയിൽ സഹതാപമുണർത്താൻ നേടിയെടുക്കാനും ഹോളോകാസ്റ്റ് കാരണമായി. അങ്ങനെ പാശ്ചാത്യലോകത്തിന്റെ മാറിയ കാഴ്ചപ്പാട് ജൂതവിഭാഗങ്ങൾക്ക് കൂടുതൽ അനുകൂലമായി.


## ഹോളോകാസ്റ്റ്

രണ്ടാം ലോകമഹായുദ്ധവേളയിൽ നാസി ജർമ്മനിയിലെ സ്വേച്ഛാധിപതി ഹിറ്റ്ലർ ജൂതവിഭാഗങ്ങളെ വംശഹത്യയ്ക്കിരയാക്കാൻ തയ്യാറാക്കിയ പദ്ധതിയാണ് ഹോളോകാസ്റ്റ്. ദീർഘകാല ആസൂത്രണത്തിലൂടെയും കൃത്യമായ പദ്ധതികളിലൂടെയുമാണ് ഈ ജൂതക്കൂട്ടക്കുരുതി. ജർമ്മനിയിൽ നാസി ഭരണകൂടം നടപ്പിലാക്കിയത്. ഹോളോകാസ്റ്റിലൂടെ ഏകദേശം ആറു ദശലക്ഷത്തോളം ജൂതരെ ഭൂമിയിൽ നിന്നു തുടച്ചു നീക്കിയതായി കണക്കാക്കപ്പെടുന്നു.

1942-ൽ അമേരിക്കയിലെ സയണിസ്റ്റ് പ്രവർത്തകർ ബിൽക്മോർ പദ്ധതി രൂപീകരിച്ച് പരമാവധി ജൂതകുടിയേറ്റം നടത്തി ക്കൊണ്ട് പലസ്തീനിൽ ജൂതരാഷ്ട്രരൂപീകരണത്തിന് ആഹ്വാനം ചെയ്തു. ഇതിലൂടെ സയണിസ്റ്റ് പ്രവർത്തനങ്ങളുടെ രാജ്യാന്തര കേന്ദ്രമായി അമേരിക്ക മാറുകയും ചെയ്തു. രണ്ടാം ലോകമഹായുദ്ധകാലത്തെ സയണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാവായ ഡേവിഡ് ബെൻ ഗുറിയോൺ ആണ് സഖ്യകക്ഷികളെ സഹായിക്കാൻ ജൂതൻമാരോട് ആഹ്വാനം ചെയ്തത്.

രണ്ടാം ലോകമഹായുദ്ധകാലത്ത് ലോകശ്രദ്ധ ആകർഷിക്കുകയും ഇപ്പോഴും ചർച്ചചെയ്യപ്പെടുകയും ചെയ്യുന്ന വിഷയമാണ് നാസി-ജർമ്മനി നടപ്പാക്കിയ ജൂതവംശഹത്യ. ഹോളോകാസ്റ്റിനുശേഷം സയണിസ്റ്റ് പ്രസ്ഥാനത്തോടും ജൂതൻമാരോടും ലോകജനതയ്ക്ക് മുഴുവൻ അനുകമ്പ തോന്നുകയും ചെയ്തു. തുടർന്ന് അമേരിക്ക ഈ പ്രശ്നത്തിലകപ്പെട്ടുകൊണ്ട് 1942-ൽ ജൂതന്മാരോട് പലസ്തീനിലേക്ക് പലായനം ചെയ്യാൻ ആവശ്യപ്പെടുകയും അവിടെ ഒരു ജൂതരാഷ്ട്രം സ്ഥാപിക്കാനുള്ള തയ്യാറെടുപ്പുകൾ ഇതിനകം അവർ നടത്തുയും ചെയ്തു. തുടർന്നങ്ങോട്ട് അമേരിക്കയുടെ പിന്തുണയോടെയായിരുന്നു സയണിസ്റ്റ് പ്രസ്ഥാനം വളർന്നത്. ഈ പ്രവർത്തനങ്ങൾ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം പലസ്തീനിൽ സ്ഥിതി കൂടുതൽ വഷളാക്കി. പലസ്തീ

നിൽ ഇർഗൺ, ദി സ്റ്റേൺ ഗാങ് എന്ന പേരിൽ രണ്ട് ജൂത തീവ്രവാദ രഹസ്യ സംഘടനകൾ രൂപപ്പെടുകയും തങ്ങൾക്ക് വിരുദ്ധമായി തീരുമാനമെടുത്ത ബ്രിട്ടീഷുകാരുടെ സ്ഥാപനങ്ങൾ ഇവർ നശിപ്പിക്കുകയും ചെയ്തു. രണ്ടാം ലോകമഹായുദ്ധസമയത്ത് പലസ്തീനിലേക്കുള്ള ജൂതന്മാരുടെ കുടിയേറ്റത്തെ ബ്രിട്ടൻ എതിർത്തിരുന്നുവെന്ന കാരണത്താലാണ് ഇവർ ഇത്തരം ആക്രമണങ്ങൾ അഴിച്ചുവിട്ടത്. തുടർന്ന് 1946-ൽ അമേരിക്കയുടെയും ബ്രിട്ടന്റെയും സംയുക്തസഖ്യമായ ആംഗ്ലോ-അമേരിക്കൻ കമ്മിറ്റി പലസ്തീനിലെ പ്രശ്നങ്ങൾ മനസ്സിലാക്കാനായി ഒരു പഠനം നടത്തുകയുണ്ടായി. കമ്മിറ്റിയുടെ കണ്ടെത്തലുകളും പരിഹാരനിർദേശങ്ങളും രണ്ട് വിഭാഗങ്ങളും അംഗീകരിച്ചില്ല. തുടർന്നും അറബ്-ജൂത പ്രശ്നം കത്തിയെരിഞ്ഞുകൊണ്ടിരുന്നതു കാരണം ബ്രിട്ടൺ 1947-ൽ അമേരിക്കയുടെ ജനറൽ അസംബ്ലിയിൽ ബ്രിട്ടന്റെ മാൻഡേറ്ററി ഭരണം പലസ്തീനിൽ അവസാനിപ്പിക്കുന്നതായി പ്രഖ്യാപിച്ചു.



വിഭജ രൂപരേഖ

രണ്ടാം ലോക മഹായുദ്ധത്തിനുശേഷം അമേരിക്ക ബ്രിട്ടന്റെയും ജൂതന്മാരുടെയും പലസ്തീൻ അറബികളുടെയും ഇടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെട്ടെങ്കിലും വിജയം കണ്ടില്ല. യുദ്ധാനന്തരം രൂപപ്പെട്ട ലോകസംഘടനയായ ഐക്യരാഷ്ട്രസഭ ഈ പ്രശ്നത്തിലിടപെടുകയും, തുടർന്ന് എല്ലാ അംഗങ്ങളുടെയും സമ്മർദത്തിനു വഴങ്ങി പലസ്തീനിലുള്ള അധിനിവേശ ഭരണം അവസാനിപ്പിക്കാമെന്ന് ബ്രിട്ടൻ സമ്മതിക്കുകയും ചെയ്തു. തുടർന്ന് ജൂത-അറബ് പ്രശ്നത്തിൽ ബ്രിട്ടന്റെ സ്ഥാനം അമേരിക്ക ഏറ്റെടുക്കുകയും ചെയ്തതോടെ നിരവധി വഴിത്തിരുവകളിലേക്ക് അറബ്-ഇസ്രായേൽ പ്രശ്നം എത്തി


ഡേവിഡ് ബെൻഗുറിയോൺ ഇസ്രേയേലിന്റെ രൂപീകരണ പ്രഖ്യാപനം നടത്തുന്നു

## പലസ്തീൻ കടുത്ത പ്രതിസന്ധിയിൽ

വ്യവസ്ഥാപിതമല്ലാത്ത അറബ് സൈന്യം ആധുനിക രീതിയിൽ സജ്ജരായ ഇർഗുണിന്റെയും ഹഗനയുടെയും മുൻപിൽ നിഷ്പ്രയാസം പരാജിതരായി. ജൂതപ്രദേശങ്ങളെന്ന് യു.എൻ നിർദ്ദേശിച്ച പ്രദേശങ്ങളിൽ നിന്നു നാല് ലക്ഷത്തോളം പലസ്തീനികൾ പലായനം ചെയ്തു. ആഭ്യന്തരയുദ്ധ സമയത്ത് ജറുസലേമിനടുത്തുള്ള ദയ്റ് യാസ്സീൻ വില്ലേജിലെ 250 അറബ് പൗരന്മാരെ ഇർഗുൺ പ്രകോപനമില്ലാതെ വധിച്ചു. പരിഭ്രാന്തരായ പലസ്തീൻ അറബികൾ തങ്ങളുടെ ഭവനങ്ങളുപേക്ഷിച്ച് രക്ഷപ്പെട്ടു. ഈ ക്രൂരതിക്കെതിരെ ജറുസലേം അതിർത്തിയിലെ ജൂത മെഡിക്കൽ ക്യാമ്പ് ആക്രമിച്ചുകൊണ്ട് ശക്തമായി പ്രതികരിച്ചു.

ച്ചേർന്നു. പലസ്തീൻപ്രശ്നം പരിഹരിക്കാൻവേണ്ടി ഐക്യരാഷ്ട്രസഭയുടെ കീഴിൽ യുണൈറ്റഡ് നേഷൻസ് സ്പെഷ്യൽ കമ്മറ്റി ഓൺ പലസ്തീൻ (യുനെസ്കോപ്പ്) എന്ന പേരിൽ ഒരു പുതിയ സിമിതി രൂപികരിച്ചു. ജൂതകുടിയേറ്റം ശക്തമായി നടക്കുമ്പോഴും ജനസംഖ്യയുടെ 2/3 ഭാഗവും പലസ്തീനികളായിരുന്നു. അനന്തരം യുനെസ്കോപ്പ് പലസ്തീൻ പ്രശ്നം ഗഹനമായി പഠിച്ച ശേഷം ഭൂരിഭാഗ അംഗങ്ങളും മുന്നോട്ടുവെച്ച തീരുമാനമായിരുന്നു പലസ്തീൻ വിഭജനം.

ഐക്യരാഷ്ട്രസഭയുടെ പ്രസ്തുത സമിതിയുടെ നിർദ്ദേശപ്രകാരം പലസ്തീനിനെ മൊത്തത്തിൽ ഏഴ് ഭാഗമായി വിഭജിക്കാനും അതിൽ മൂന്നുഭാഗം പലസ്തീൻ അറബികൾക്കും മൂന്നുഭാഗം ജൂത കുടിയേറ്റക്കാർക്കും ഏഴാമത്തെ ഭാഗമായ ജറുസലേം, ബത്‌ലഹേം അടങ്ങിയ പ്രദേശങ്ങൾ യു.എൻ. നിയന്ത്രണത്തിലുമായിരിക്കണമെന്ന് തീരുമാനിച്ചു. 1947 നവംബർ 29-ാം തീയതി യു.എൻ അസംബ്ലി പ്രസ്തുത നിയമം പാസാക്കി. സയണിസ്റ്റ് പ്രസ്ഥാനം ഇതംഗീകരിച്ചുവെങ്കിലും അറബികൾ ഈ നിർദേശത്തെ പൂർണമായും എതിർത്തു. തുടർന്ന് അഞ്ച് പ്രമുഖ അറബ് രാജ്യങ്ങളുടെ എതിർപ്പിനെ മറികടന്നുകൊണ്ട് പലസ്തീൻ വിഭജനത്തെ ഐക്യരാഷ്ട്ര സഭയിലെ പൊതു സഭയിൽ പതിമൂന്നിനെതിരെ മുപ്പത്തിരണ്ട് വോട്ടുകളുടെ ഭൂരിപക്ഷത്തിൽ പാസ്സാക്കി.

യുനെസ്കോപ്പ് തങ്ങളുടെ നിർദേശം 1947 സെപ്റ്റംബറിൽ ഐക്യരാഷ്ട്രസഭയ്ക്ക് സമർപ്പിച്ചു. ശേഷം ജനറൽ അസംബ്ലിയുടെ തെരഞ്ഞെടുപ്പിന് കാത്തുനിൽക്കാതെ ബ്രിട്ടൻ ധൃതിപിടിച്ച് 1948 മെയ് 15-ന് പലസ്തീനിലെ അധിനിവേശഭരണം അവസാനിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. തുടർന്ന് ഒരു വർഷത്തോളം പലസ്തീനിൽ നിരന്തരമായ കലാപങ്ങളുണ്ടായി. അവിടെയുണ്ടായിരുന്ന ജൂതവിഭാഗങ്ങൾ ഐക്യരാഷ്ട്രസഭ തങ്ങൾക്കു നിർദേശിച്ച പ്രദേശങ്ങൾ സൈനിക നടപടിയിലൂടെ പിടിച്ചെടുക്കാൻ തുടങ്ങി. പ്രസ്തുത പ്രദേശങ്ങൾ അറബ് ഭൂരിപക്ഷ പ്രദേശങ്ങളായതിനാൽ അറബ്-ജൂത ആഭ്യന്തര പ്രശ്നങ്ങൾ പലസ്തീനിൽ ശക്തിയാർജിക്കാൻ കാരണമായി. ഈ പ്രശ്നങ്ങൾക്കിടയിൽ 1948 മെയ് 14-ന് പലസ്തീനിലുണ്ടായിരുന്ന ബ്രിട്ടീഷ് ഹൈകമ്മീഷണർ ജനറൽ അലൻ കണ്ണിംഗ് ഹാം പലസ്തീൻ തുറമുഖനഗരമായ ഹൈഫ വഴി രഹസ്യമായി ബ്രിട്ടനിലേക്ക് കടന്നു. അധിനിവേശഭരണം നടപ്പാക്കിയിരുന്ന ബ്രിട്ടൻ ഏതെങ്കിലും ഒരു വിഭാഗത്തിനോ, സംഘടനയ്ക്കോ മറ്റോ താൽക്കാലികമായി ഔദ്യോഗിക ഭരണകൈമാറ്റം നടത്താതെയാണ് പലസ്തീനിൽ നിന്ന് ബ്രിട്ടൻ തലയൂരിയത്. പലസ്തീൻ പരമാധികാരത്തിനുവേണ്ടി പോരാട്ടം നടത്താൻ അറബ്-ജൂത വിഭാഗങ്ങൾക്ക് തുറന്ന യുദ്ധവേദി സൃഷ്ടിച്ചുകൊണ്ട് തന്ത്രപരമായാണ് പലസ്തീനിൽനിന്നും ബ്രിട്ടൻ പിൻവാങ്ങിയത്. ഈ രാഷ്ട്രീയക്കളിയിൽ ശക്തരായ സയണിസ്റ്റ് ലോബികളും അവരെ സഹായിക്കുന്ന പാശ്ചാത്യ രാജ്യങ്ങളും വിജയിക്കുകയും ചെയ്തു. ബ്രിട്ടീഷ് ഹൈകമ്മീഷണർ പിൻവാങ്ങിയതിന് മണിക്കൂറുകൾക്കകംതന്നെ സയണിസ്റ്റ് നേതാവായ

ഡേവിഡ് ബിൻ ഗോറിയോൺ 1948 മെയ്-14-ന് ഇസ്രായേൽ രാഷ്ട്രം രൂപികരിച്ചതായി ജൂതൻമാരുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പ്രഖ്യാപിച്ചു. യു.എൻ. തിരുമാനത്തെ തുടർന്ന് പലസ്തീനിലെ തങ്ങളുടെ ഭരണം ഔദ്യോഗികമായി അവസാനിപ്പിക്കാൻ ബ്രിട്ടൻ തയ്യാറായി. യു.എന്നിന്റെ നിർദേശത്തെ തുടർന്ന് തങ്ങൾക്കനുവദിച്ച പ്രദേശത്തെ അറബികളെ കുടിയൊഴിപ്പിക്കാൻ ജൂതന്മാർ ശ്രമം തുടങ്ങി. ബ്രിട്ടന്റെ പിന്മാറ്റത്തോടെ 1948 മെയ്-14-ന് പലസ്തീൻ പ്രദേശത്ത് ഇസ്രേയൽ രാഷ്ട്രം രൂപികരിച്ചതായി സിയോണിസ്റ്റ് നേതാവ് ബെൻഗൂരിയോൺ പ്രഖ്യാപനം നടത്തി.

## അറബ് ഇസ്രായേൽ തർക്കങ്ങൾ

ഇസ്രായേൽ രൂപീകരണത്തെ തുടർന്ന് പലസ്തീനിൽ ഉയർന്നുവന്ന പ്രധാനപ്പെട്ട പ്രശ്നമാണ് അറബ്-ഇസ്രായേൽ തർക്കങ്ങൾ. ഇന്നും നിലനിൽക്കുന്നതും ലോകരാഷ്ട്രങ്ങൾ മുഴുവൻ ചർച്ച ചെയ്യുന്നതും യു.എൻ ലോകസംഘടനയ്ക്കുവരെ പരിഹരിക്കാൻ കഴിയാത്തുതമായ ലോകത്തെ ഏറ്റവും വലിയ പ്രശ്നമാണ് അറബ്- ഇസ്രായേൽ തർക്കം.

## ഒന്നാം അറബ്-ഇസ്രായേൽ യുദ്ധം (1948)

1948 മെയ് 15-ന് ഇസ്രായേൽ രാഷ്ട്രം രൂപീകരിക്കപ്പെട്ട പിറ്റേ ദിവസംതന്നെ മധ്യേഷ്യയിലെ അറബികൾ ഇസ്രായേലിനെതിരെ യുദ്ധത്തിന് ആഹ്വാനം ചെയ്തു. ഇജിപ്ത്, സിറിയ, ലബനോൺ, ട്രാൻസ് ജോർദാൻ, ഇറാഖ് തുടങ്ങിയ രാജ്യങ്ങളിലെ സംയുക്തസേനയാണ് യുദ്ധം നയിച്ചത്. എന്നാൽ അമേരിക്കയും സോവിയറ്റ് യൂണിയനും അറബികൾക്കെതിരെ ഇസ്രായേലിനെ സഹായിച്ചു. അത്യാധുനികമായ ആയുധ സൈനിക സംരംഭങ്ങൾ ഉണ്ടായിരുന്ന ഇസ്രായേലിന്റെ

### അറബ് സൈന്യത്തിന്റെ ദൗർബല്യം


പ്രതീക്ഷിച്ചതിനെക്കാൾ അശക്തരായിരുന്നു അറബ് സൈന്യം. ഈജിപ്ത് തങ്ങളുടെ സൈനികരെ രാജ്യത്തേക്കുതന്നെ തിരിച്ചയച്ചു. സൗദി അറേബ്യ 40,000 വാഗ്ദാനം ചെയ്തെങ്കിലും 700 പേരെമാത്രമേ നൽകിയിയുള്ളു. ലബനോൺ 2000-വും ട്രാൻസ്ജോർഡാൻ 10000-വും സൈനികരെ മാത്രമേ അയച്ചുള്ളു. ലക്ഷക്കണക്കിന് പുരുഷ ന്മാരും സ്ത്രീകളുമടങ്ങുന്ന ആധുനിക രീതിയിൽ സജ്ജമാക്കിയ ഇസ്രായേലി സൈന്യവുമായി ഈ ചെറിയ അറബ് സൈന്യം ഒരു നിലയ്ക്കും തുല്യമല്ലായിരുന്നു.



മാതൃരാജ്യം വിട്ട് പലസ്തിനികൾ പലായനം ചെയ്യുന്നു

മുമ്പിൽ അറബികൾ പരാജയപ്പെട്ടു. അമേരിക്കയുടെ നേതൃത്വത്തിൽ യു.എൻ. മുന്നോട്ടുവെച്ച കരാറിൽ പലസ്തീൻ അറബികൾ ഒപ്പുവെക്കുകയും ഇതിലൂടെ അറബ് പലസ്തിൻ രാഷ്ട്രമെന്ന ആവശ്യം നിരാകരിക്കപ്പെടുകയും ഇസ്രായേലിന്റെ പ്രദേശങ്ങൾ വികസിക്കുകയും ചെയ്തു.

അമേരിക്കയും സോവിയറ്റ് യൂണിയനും ഇസ്രായേലിനുവേണ്ട സൈനികസഹായം പരോക്ഷമായി നൽകുകയും അതിർത്തിയില്ലാത്ത ഇസ്രായേലി രാഷ്ട്രത്തെയും അതിന്റെ അറബ് അധിനിവേശത്തെയും തന്ത്രപരമായി അംഗീകരിക്കുയും ചെയ്തു. ഈ കരാർ പ്രകാരം പലസ്തിൻ പ്രദേശത്തെ ഇസ്രായേൽ, ഈജിപ്ത്, ട്രാൻസ് ജോർദാൻ തുടങ്ങിയ രാജ്യങ്ങൾക്കിടയിൽ വിഭജിക്കാൻ തിരുമാനമായി.





പലസ്തിനിലെ ജൂത് അറബ് ജനസംഖ്യ




പലസ്തീൻ ഇസ്രായേലിന്റെ രൂപീകരണാനന്തരം

ഐക്യരാഷ്ട്ര സഭ ജൂണിൽ വെടിനിർത്തൽ പ്രഖ്യാപിച്ചപ്പോൾതന്നെ അറബി സൈന്യം അവശരായി മാറിയിരുന്നുവെങ്കിലും രണ്ട് വിഭാഗവും അവരുടെ സൈനികശക്തി കൂട്ടാനായിരുന്നു വീണ്ടും ശ്രമിച്ചത്. ജൂലൈയിൽ രണ്ടാമത്തെ ഏറ്റുമുട്ടലിൽ ജൂതസൈന്യം കൂടുതൽ സ്ഥലങ്ങൾ പിടിച്ചടക്കി രണ്ടാമത്തെ വെടിനിർത്തൽ പ്രഖ്യാപിക്കപ്പെടുമ്പോഴേക്കും ഇസ്രായേൽ നിരവധി അറബ് പ്രദേശങ്ങൾ കൈയ്യടക്കികൊണ്ട് കൂടുതൽ ശക്തമായി കഴിഞ്ഞിരുന്നു. തുടർന്ന് ഒരു വർഷത്തോളം അറബികൾ ഇസ്രായേലുമായി നിരന്തരം വെടുനിർത്തലിൽ ഒപ്പ് വെക്കേണ്ടതായി വന്നു. പലസ്തീൻ വളരെ വ്യക്തമായി. ഈജിപ്ത്, ഇസ്രയേൽ, ട്രാൻസ്ജോർദാൻ എന്നിവർക്കിടയിൽ തുടർന്നു പലസ്തീന്റെ വലിയൊരു ഭാഗം ഇസ്രായേൽ കയ്യടക്കി. ഇതിലൂടെ ഏകദേശം ഏഴു ലക്ഷത്തോളം പലസ്തിനികൾ അഭയാർത്ഥികളായി മാറി. അവർ തങ്ങളുടെ ജന്മനാടും ഭവനങ്ങളും സ്വത്തുവകകളും ഉപേക്ഷിച്ച് നാടുവിടേണ്ടിവന്നു. പിടിച്ചടക്കിയ പ്രദേശങ്ങളിൽ ഇസ്രായേൽ ശക്തമായ ആധിപത്യം സ്ഥാപിച്ചു.



ഇസ്രായേലിന്റെ വളർച്ച

അറബികളുടെയും ജൂതന്മാരുടെയും ഇടയിൽ അമേരിക്ക നിയോഗിച്ചിരുന്ന മധ്യസ്ഥൻ സ്വീഡന്റെ ബെർണഡറ്റേ ജൂതന്മാരോട് അഭയാർത്ഥികളാക്കപ്പെട്ട അറബികളെ തിരിച്ചവരുടെ പ്രദേശങ്ങളിൽത്തന്നെ അഭയം നൽകാൻ ആവശ്യപ്പെട്ടു. എന്നാൽ തങ്ങളുടെ മനുഷ്യത്വരഹിതമായ ചെയ്തികൾക്ക് കൂട്ടുനിൽക്കാതിരുന്ന അദ്ദേഹത്തെ ഇസ്രായേൽ സായുധ സംഘടനയായ സ്റ്റേൺ ഗ്യാംഗ് വധിക്കുകയുണ്ടായി. തുടർന്ന് മധ്യസ്ഥസ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ട റാൽഫിന്റെ സാന്നിധ്യത്തിൽ 1949-ൽ ഒപ്പിട്ട കരാറിലൂടെ ഒന്നാം അറബ്-ജൂത യുദ്ധം അവസാനിക്കുന്നത്.

ഇസ്രായേൽ-ഈജിപ്റ്റ് കരാർ, ഇസ്രായേൽ-ജോർദാൻ കരാർ, ഇസ്രായേൽ -സിറിയൻ കരാർ, ഇസ്രായേൽ -ലബനോൺ കരാർ തുടങ്ങിയ സംയുക്ത വെടിനിർത്തൽ കമ്മിറ്റികൾ (മാക്) രൂപികരിക്കുകയും ഇവയെല്ലാം ചേർത്തു കൊണ്ട് 1949 -ലെ യുദ്ധം അവസാനിപ്പിക്കാനുള്ള (യു. എൻ.ടി.എസ്.ഒ) സൂപ്പർവൈസറി സംഘടന രൂപീകരിക്കുകയും ചെയ്തു. ഏകദേശം 78 ശതമാനം പലസ്തീൻ പ്രദേശങ്ങളും ഇതോടെ ഇസ്രായേൽ പിടിച്ചടക്കി. 77,0000 ഓളം പലസ്തീൻ ജനത അഭയാർത്ഥികളായി മാറി.

യുദ്ധാനന്തരം തങ്ങൾ കീഴടക്കിയ സ്ഥലങ്ങൾ മുഴുവൻ ഇസ്രേയലിന് ലഭിച്ചു. ആ പ്രദേശങ്ങളിൽ നിന്ന് അറബികളെ കൂട്ടത്തോടെ കുടിയൊഴിപ്പിക്കാൻ ഇസ്രേയൽ ശ്രമം തുടങ്ങി. യു.എൻ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടായിരുന്നു ഇസ്രേയൽ തങ്ങളുടെ മണ്ണിൽ നിന്നും പലസ്തിൻ ജനതയെ ഒഴിവാക്കിയത്. ഈ യുദ്ധത്തെ തുടർന്ന് സിയോണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഭീകരസംഘടനയായ സ്റ്റംഗാങ്ങ് ഓരോ പാലസ്തീൻ പ്രദേശങ്ങൾ പിടിച്ചടക്കികൊണ്ട് ഇസ്രേയൽ രാഷ്ട്രത്തിന്റെ വിസ്തൃതി കൂട്ടാൻ തുടങ്ങി. ഈ കരാർ പ്രകാരം ഗാസാ സ്ട്രിപ്പ്, വെസ്റ്റ് ബേങ്ക് ഗാസാമുനമ്പ് തുടങ്ങിയ പ്രദേശങ്ങളിലായി അറബികൾ ചുരുങ്ങി. പിന്നീട് വെസ്റ്റ് ബാങ്ക് ജോർദാനോട് ചേർക്കപ്പെടുകയും ഗാസാമുനമ്പ് ഈജിപ്തിന്റെ നിയന്ത്രണത്തിലാവുകയും 1967-ലെ അറബ് ഇസ്രായേൽ യുദ്ധം വരെ ഈ വെടിനിർത്തൽ കരാർ നിലനിന്നിരുന്നു.



വ്യത്യസ്ത രാജ്യങ്ങളിൽ വസിക്കുന്ന പാലസ്തീൻ അഭയാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കുക. എണ്ണം രാജ്യാടിസ്ഥാനത്തിൽ തരംതിരിക്കുക.

## രണ്ടാം അറബ്-ഇസ്രായേൽ യുദ്ധം (1956)– സിനായിലേക്കുള്ള ഇസ്രായേൽ കടന്നുകയറ്റം



1956 ജൂലൈ 26 ന് ഈജിപ്തിന്റെ പ്രസിഡനന്റായ ജമാൽ അബ്ദുൽ നാസർ സൂയസ് കനാൽ ദേശസാത്കരിച്ചതായി പ്രഖ്യാപിച്ചപ്പോൾ സന്തോഷത്താൽ അദ്ദേഹത്തെ ഈജിപ്ത്യൻ ജനത എടുത്തുയർത്തുന്നു. സിനായിലേക്കുള്ള ഇസ്രായേൽ സൈന്യത്തിന്റെ കടന്നുകയറ്റം 1956 ജൂലൈയിൽ മാസത്തിൽ ഈജിപ്ത്തിലെ ഭരണാധികാരി ജമാൽ അബ്ദുൾ നാസർ സൂയസ്കനാൽ ദേശസാൽകരിച്ചതോടെയായിരുന്നു ഈജിപ്ത്യൻ പ്രസിഡന്റ് ജമാൽ അബ്ദുൽ നാസർ 1956 ജൂലൈയിൽ സുയാസ് കനാൽ ദേശസാത്കരിച്ചത് പാശ്ചാത്യലോകത്തെ വളരെയധികം ചൊടിപ്പിച്ചു. പാശ്ചാത്യ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ വാണിജ്യ നീക്കങ്ങൾക്ക് ഏറ്റവും വലിയ പ്രഹരമായിരുന്നു സൂയസ് കനാലിന്റെ ദേശസാത്ക്കരണം. ഈ സൂയസ് പ്രിതിസന്ധി തങ്ങൾക്കനുകൂലമാക്കി മാറ്റാൻ ഇസ്രയേൽ തിരുമാനിക്കുകയും ബ്രിട്ടീഷ്, ഫ്രഞ്ച്-ഇസ്രായേൽ സംയുക്ത സേന ഈജിപ്ത്തിനെതിരെ തിരിയുകയും ചെയ്തു. ഈ അവസരം പാശ്ചാത്യരാജ്യങ്ങളുമായി ബന്ധം ശക്തമാക്കിക്കൊണ്ട് ബ്രിട്ടനും ഫ്രാൻസുമായി ചേർന്ന് ശക്തമായ പോരാട്ടം ഈജിപ്തിനെതിരേ നടത്താൻ തീരുമാനിച്ചു. പലസ്തീൻ അറബികൾക്ക് ഏറ്റവും കൂടുതൽ പിന്തുണ നൽകിയതും. ഇസ്രേലിന്റെ രൂപീകരണത്തെ ഏറ്റവും കൂടുതൽ എതിർത്തതും ഈജിപ്തായിരുന്നു. തത്ഫലമായി ഈജിപ്ത് ഇസ്രായേ




പലസ്തീൻ യുദ്ധഭീതിയിൽ

ലിന്റെ മുഖ്യശത്രുവായി മാറി. ഈജിപ്ത് അറബികളുടെ ഭാഗത്ത് നിന്ന് യാതൊരു പ്രകോപനവുമില്ലാതിരുന്ന സമയത്തായിരുന്നു 1956-ൽ ഇസ്രായേൽ, ഈജിപ്തിന്റെ സിനായ് പ്രദേശം ആക്രമിക്കുന്നത്. ഇത് രണ്ടാം അറബ് ഇസ്രേയൽ യുദ്ധത്തിന് 1956-ൽ തുടക്കം കുറിച്ചു. ബ്രിട്ടനും ഫ്രാൻസും ശക്തമായ സേനയെ സൂയസ് കനാൽ പ്രദേശത്ത് വിന്യസിക്കുകയും യുദ്ധം ആരംഭിക്കുകയും ചെയ്തു. തുടർന്ന് പാശ്ചാത്യസൈന്യം സൂയസ് നഗരത്തിലേക്ക് പ്രവേശിച്ചെങ്കിലും പെട്ടെന്നുതന്നെ ഐക്യരാഷ്ട്ര സഭയുടെ ഇടപെടൽ മുഖേന യുദ്ധം നിർത്തേണ്ടി വന്നു. നവംബർ 6-ാം തിയ്യതി ഐക്യരാഷ്ട്രസഭ ഇടപ്പെട്ട് വെടിനിർത്തൽ പ്രഖ്യാപിച്ചതോടെ ബ്രിട്ടീഷ്-ഫ്രഞ്ച് സൈന്യം ഈ പ്രദേശത്ത് നിന്നും പിൻവാങ്ങി. 1957 മാർച്ചോടെ ഇസ്രായേലി സൈന്യം സിനായ് പ്രദേശത്ത് നിന്നും പൂർണ്ണമായും പിൻവാങ്ങി. മാസങ്ങളോളം നീണ്ട ഈ യുദ്ധം യു.എൻ ഇടപെട്ട് അവസാനിപ്പിക്കുകയും പ്രശ്ന ബാധിത പ്രദേശങ്ങളിൽ, പ്രത്യേകിച്ച് ഗാസയിൽ, യു.എൻ പ്രത്യേക സേനയായ യുണൈറ്റഡ് നാഷൻസ് എമർജൻസി ഫോഴ്സിനെ നിയമിക്കുകയും ചെയ്തു. ഈ യുദ്ധത്തിലൂടെ നിരവധി അറബ്-പലസ്തീൻ പ്രദേശങ്ങൾ ഇസ്രേയൽ പിടിച്ചടക്കി.

## മൂന്നാം അറബ്-ഇസ്രായേൽ യുദ്ധം (1956)
## (ജൂൺ യുദ്ധം - ആറ് ദിവസത്തെ യുദ്ധം)

സൂയസ് കനാലിന്റെ ദേശസാൽക്കരണത്തിനു ശേഷം ജമാൽ അബ്ദുൾ നാസറിന്റെ കീഴിൽ അറബ് സഖ്യം ശക്തിപ്പെടുകയും ഇസ്രേയലിനെതിരെ നീക്കങ്ങൾ നടത്താനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇതോടൊപ്പം തന്നെ അറബ് പ്രദേശങ്ങൾ ഓരോന്നായി പിടിച്ചടക്കി കൊണ്ട് അവയെല്ലാം ജൂതവാസസ്ഥലങ്ങളാക്കാനുള്ള ശ്രമങ്ങൾ ഇസ്രേയേലും തുടർന്നു. അങ്ങിനെ രണ്ടു വിഭാഗവും നിരന്തരമായ യുദ്ധഭീഷണിയുടെ നിഴലിലായിമാറി. ഇതിനിടയിൽ 1967 മെയ് മാസത്തിൽ സിറിയൻ രഹസ്യാന്വേഷണ ഏജൻസിയും സോവിയറ്റ് യൂണിയനും ഇസ്രേയൽ അറബികൾക്കെതിരെ ഉടൻ തന്നെ വലിയൊരു യുദ്ധത്തിന് തയ്യാറെടുക്കുന്നതായി റിപ്പോർട്ട് നൽകി. ഇതിനെതിരെ പ്രത്യാക്രമണം നടത്താൻ അബ്ദുൾ നാസർ തിരുമാനിക്കുകയും സിനായ് മരുഭൂമിയിൽ സൈന്യത്തെ സജ്ജീകരിക്കുകയും ചെയ്തു. ഇസ്രേയലിനെതിരെ യുദ്ധം നടത്തണമെങ്കിൽ, ഇസ്രേയൽ-അറബ് പ്രദേശങ്ങളുടെ അതിർത്തിയിൽ വിന്യസിച്ചിട്ടുള്ള യു.എൻ എമർജൻസി ഫോഴ്സ് മാറേണ്ടതുണ്ട് എന്ന് അബ്ദുൽനാസർ ആവശ്യപ്പെട്ടു.



1967 ജൂണിലെ യുദ്ധവേളയിൽ ഇസ്രായേലി വ്യോമക്രമണത്തിൽ തകരുന്ന ഈജിപ്ത് യുദ്ധവിമാനം

അബ്ദുൾ നാസറിന്റെ അഭ്യർത്ഥന മാനിച്ചു കൊണ്ട് യു.എൻ. അവരുടെ സൈന്യത്തെ പിൻവലിച്ചു. ജോർദാനും ഇറാഖും അബ്ദുൾ നാസറിനെ സഹായിക്കാൻ എത്തി. ടിറാൻ കടലിടുക്കിൽ നങ്കൂരമിട്ടിരുന്ന ഇസ്രായേലി കപ്പലിനെ അറബികൾ തടഞ്ഞുവെച്ചതോടെ യുദ്ധത്തിന് തുടക്ക

മായി. 1967 ജൂൺ-5 ന് ഇസ്രയേലിന്റെ വ്യോമാക്രമണം ഈജിപ്ത്തിന് നേരെ നടത്തി കൊണ്ട്. യുദ്ധം ആരംഭിച്ചു. ആറു ദിവസം നീണ്ടുനിന്ന യുദ്ധത്തിൽ ഈജിപ്ത്, സിറിയ, ജോർദാൻ തുടങ്ങിയ അറബ് സഖ്യത്തെ നിഷ്പ്രയാസം ഇസ്രായേൽ പരാജയപ്പെടുത്തി. ആധുനിക രീതിയിലുള്ള വ്യോമസേനയെ ഉപയോഗിച്ചായിരുന്നു ഇസ്രായേൽ ആക്രമണം നടത്തിയത്. ഈ ഭാഗങ്ങളിലെ ആകാശ മാർഗ നിയന്ത്രണം മുഴുവൻ ഇസ്രായേലിന്റെ കൈകളിലായി. യുദ്ധത്തിനിടെ സൂയസ് കനാലിന്റെ കിഴക്കൻ തീരം ഇസ്രേയൽ പിടിച്ചടക്കി. ജറുസലേമിന്റെ അധികാരം ജോർദ്ദാന് നഷ്ടമാവുകയും വെസ്റ്റ് ബാങ്ക് ഇസ്രായേൽ പിടിച്ചടക്കുകയും ഗോലാൻ കുന്നുകൾ സിറിയ്ക്കു നഷ്ടമാവുകയും ചെയ്തു.

ആറ് ദിവസങ്ങൾകൊണ്ട് അറബ് സൈന്യത്തെ മുഴുവൻ ഇസ്രായേൽ പരാജയപ്പെടുത്തി ഇസ്രായേലിന്റെ വിജയം സാധ്യമായശേഷം യു.എൻ പ്രശ്നത്തിൽ ഇടപെടുകയും യു.എൻ സെക്യൂരിറ്റി കൗൺസിൽ പ്രമേയം 242-ലൂടെ യുദ്ധം അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. അറബികൾക്കും ജമാൽ അബ്ദുൾ നാസറിനും ശക്തമായ പ്രഹരം ഏൽപ്പിക്കുന്നതായിരുന്നു 1967 - ലെ ഈ യുദ്ധം. യു.എൻ പ്രമേയമനുസരിച്ച് പിടിച്ചടക്കിയ പ്രദേശങ്ങളിൽ നിന്നു പിന്മാറാനും യു.എൻ നിഷ്കർഷിച്ചിട്ടുള്ള അതിർത്തിയിൽ പ്രശ്നങ്ങൾ ഇല്ലാതാക്കാനും സമാധാനം നിലനിർത്താനും ഇസ്രായേലിനോട് ആവിശ്യപ്പെട്ടു. എന്നാൽ ഈ നിബന്ധകൾ ഒന്നും തന്നെ ഇസ്രേയൽ അനുസരിക്കുകയോ പിടിച്ചടക്കിയ പ്രദേശങ്ങളിൽ നിന്നും പിൻവാങ്ങുകയോ ചെയ്തില്ല.


### യു.എൻ സെക്യൂരിറ്റി കൗൺസിൽ പ്രമേയം 242

1967-ലെ ആറ് ദിവസത്തെ അറബ്-ഇസ്രായേൽ യുദ്ധാനന്തരം യു.എൻ സെക്യൂരിറ്റി കൗൺസിൽ നവംബർ 22-ന് പാസാക്കിയ പ്രമേയം മുന്നോട്ടു വെച്ച നിർദ്ദേശങ്ങൾ :(എ) യുദ്ധാനന്തരം ഇസ്രായേൽ പിടിച്ചടക്കിയ അറബ് പ്രദേശങ്ങളിൽ നിന്നും പിൻവാങ്ങുക (ബി) എല്ലാ പ്രദേശങ്ങളിലേയും ജനങ്ങൾക്കും സമാധാനത്തോടെയും സുരക്ഷിതമായും ജീവിക്കാനുള്ള അവകാശം ഉറപ്പിക്കുകയും, അതിർത്തി പ്രദേശങ്ങൾ സൈനിക വ്യന്യാസങ്ങളിൽ നിന്നും ഭീഷണിയിൽ നിന്നും ഇരുവിഭാഗത്തിന്റെയും പ്രദേശങ്ങൾ സുരക്ഷിതമാക്കുകയും ചെയ്യുക.

## നാലാം അറബ്-ഇസ്രായേൽ യുദ്ധം (1973)


### (യോംകിപ്പർ യുദ്ധം)

1973 ഒക്ടോബർ 6-ാം തിയ്യതി സൂയസ് കനാൽ പ്രദേശം യാതൊരു പ്രകോപനവും ഇല്ലാതെ ഇസ്രേയൽ സൈന്യം ആക്രമിച്ചു കൊണ്ടായിരുന്നു നാലാം അറബ് ഇസ്രേയൽ യുദ്ധത്തിന് തുടക്കമിടുന്നത്. ഗോലാൻ കുന്നുകൾ പിടിച്ചടക്കിയതിനെതിരെ സിറിയ നടത്തിയ പ്രത്യാക്രമണങ്ങൾക്കെതിരെയായിരുന്നു ഇസ്രായേലിന്റെ ഈ ആക്രമണം. ജൂത ാരുടെ പ്രധാന വിശേഷ ദിവസമായ യോംകിപ്പൂർ ദിനത്തിലായിരുന്നു ഈ യുദ്ധം നടന്നത്. ജമാൽ അബ്ദുൽ നാസറിന്റെ കീഴിലുള്ള സൈന്യം ഇസ്രായേലിനെതിരെ



1973 -ലെ അറബ് ഇസ്രായേൽ യുദ്ധമേഖല

ശക്തമായ പ്രത്യാക്രമണങ്ങൾ നടത്തുകയും ഇസ്രായേൽ മുമ്പ്പിടിച്ചടക്കിയ പല ഈജിപ്ഷ്യൻ പ്രദേശങ്ങളും തിരിച്ചുപിടിച്ചുകൊണ്ട് ഈ യുദ്ധത്തിൽ വിജയിക്കുകയും ചെയ്തു. പിന്നീട് സെക്യൂരിറ്റി കൗൺസിലിന്റെ ഇടപെടലിലൂടെ രണ്ട് രാജ്യങ്ങൾക്കുമിടയിൽ വെടിനിർത്തൽ പ്രഖ്യാപിച്ചു. 1973-ലെ ഈ ഒക്ടോബർ യുദ്ധം കാൽ നൂറ്റാണ്ടായി ഇസ്രായേലികളുടെ കൈകളിൽ നിന്നു ലഭിച്ചുകൊണ്ടിരുന്ന പരാജയങ്ങൾക്കുള്ള തിരിച്ചടിയായിരുന്നു അൻവർ സാദത്തായിരുന്നു. അപ്പോഴത്തെ ഈജിപ്ത്യൻ പ്രസിഡന്റ്.



അഭയാർത്ഥികളുടെ പ്രശ്നങ്ങളെ മനുഷ്യവത്കരിച്ചുക്കൊണ്ട് സിംമ്പോസിയം സംഘടിപ്പിക്കുക. അറബ് ഇസ്രായേൽ യുദ്ധങ്ങളുടെ ഒരു സ്ഥിതിവിവര കണക്ക് തയ്യാറാക്കുക.(യുദ്ധ - കാരണം- വർഷം- കാലഘട്ടം- രാജ്യങ്ങൾ-പ്രത്യാഘാതങ്ങൾ, നേതാക്കൾ ഇവയെല്ലാം ഉൾപ്പെടുത്തികൊണ്ട്)




1973 - ൽ ഈജിപത്യൻ സേന സൂയസ് കനാൽ കടക്കുന്നു.

യുദ്ധത്തിന്റെ കെടുതികൾ ലോകശ്രദ്ധയാകർഷിക്കുകയും യു.എൻ പ്രശ്നപരിഹാരത്തിനായ് ഇടപെടുകയും ചെയ്തെങ്കിലും ആദ്യഘട്ടത്തിൽ വിജയിച്ചില്ല. തുടർന്ന് ഒക്ടോബർ 22 ന് യു.എൻ. സ്റ്റേറ്റ് സെക്രട്ടറി ഹെൻട്രി കിസ്സിൻജറും സോവിയറ്റ് യൂണിയന്റെ വിദേശകാര്യമന്ത്രി ഗ്രോമിക്കോയും വെടി നിർത്തൽ പ്രഖ്യാപിക്കുകയും യു. എൻ ന്റെ 338- ാം റെസുല്യൂഷൻ പാസ്സാക്കുകയും ഈജിപ്ത്, ഇസ്രായൽ, സിറിയ തുടങ്ങിയ രാജ്യങ്ങൾ അതംഗീകരിക്കുകയും ചെയ്തു.

## ലോകശക്തികളുടെ പിന്തുണ


ഒക്ടോബർ യുദ്ധം ശക്തമായൊരു പോരാട്ടമായിരുന്നു. സോവിയറ്റ് യൂണിയൻ ആയുധങ്ങൾ, ടാങ്കുകൾ, വ്യോമസേന തുടങ്ങിയ യുദ്ധത്തിനാവശ്യമായ സഹായങ്ങൾ ഈജിപ്തിനും സിറിയക്കും നൽകുകയുണ്ടായി അതുപോലെ അമേരിക്ക എല്ലാവിധ ആധുനിക യുദ്ധഉപകരണങ്ങളും ഇസ്രായേലിനും നൽകി സഹായിക്കുകയുണ്ടായി. ഈ യുദ്ധത്തിൽ ഇസ്രായേലിനു 500 ടാങ്കുകൾ, 120 വിമാനങ്ങൾ 2400 സൈനികർ എന്നിവ നഷ്ടമായി. എന്നാൽ അറബികൾക്ക് 1100 ടാങ്കുകളും 450 യുദ്ധവിമാനങ്ങളും ജൂതസൈനികരെക്കാൾ കുടുതൽ സൈനികരെയും നഷ്ടമായി. ഇസ്രായേൽ ഈ യുദ്ധത്തിനായി ഏകദേശം 7 കോടിയോളം ഡോളർ ചെലവാക്കിയിട്ടുണ്ടെന്ന് പറപ്പെടുന്നു. യുദ്ധത്തിന്റെ ഗതി ലോകമനസാക്ഷിയെ തന്നെ ഞെട്ടിക്കുന്നതായിരുന്നു. തുടക്കത്തിൽ ഈ യുദ്ധം നിയന്ത്രിക്കാൻ പോലും ഐക്യരാഷ്ട്ര സംഘടനയുടെ സുരക്ഷാസമിതിക്കായില്ല. തുടർന്ന് ഒക്ടോബർ 22-ാം തിയ്യതി അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ഹെൻട്രി കിസ്സിംഗറും സോവിയറ്റ് യൂണിയൻ വിദേശകാര്യമന്ത്രി ഗ്രോമിക്കോയും ചേർന്ന് വെടിനിർത്തൽ പ്രഖ്യാപിക്കുകയും യു.എൻ പ്രമേയം 338-പാസാക്കുകയും ഈജിപ്ത്, ഇസ്രായേൽ, സിറിയ എന്നീ രാജ്യങ്ങളെ കൊണ്ടിത് അംഗീകരിപ്പിക്കുകയും ചെയ്തു.





പലസ്തീൻ പ്രദേശത്തേക്കുള്ള ഇസ്രായേലി കടന്നു കയറ്റം

### പെട്രോളിയം ഒരായുധമെന്ന നിലയിൽ

അറബ്-ജൂത പ്രശ്നത്തിൽ വൻശക്തികളുടെ ഇടപെടൽ ത്വരിതപ്പെടുന്നതു തടയിടാൻ അറബ്ലോകം പെട്രോളിനെ ഉപയോഗിക്കാൻ തീരുമാനിച്ചു. അതിനായ് 1973-ഒക്ടോബർ മാസം 17 ന് പെട്രോളിയം വിപണന രാജ്യങ്ങളുടെ സംഘടനയായ ഒപെക് (പെട്രോളിയം കയറ്റുമതി രാജ്യങ്ങളുടെ സംഘടന) അംഗരാജ്യങ്ങൾ ശക്തമായ തീരുമാനങ്ങളുമായി മുന്നോട്ടുപോയി. അധിനിവേശ പാലസ്തീൻ പ്രദേശങ്ങളിൽ നിന്നും ഇസ്രായേൽ പിൻവാങ്ങുന്നത് വരെ അവരുടെ പെട്രോളിയം ഉത്പാദനം ഓരോ മാസവും അഞ്ച് ശതമാനം വീതം കുറച്ച് കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചു. ഇതിന് പുറമെ സൗദി അറേബ്യ അമേരിക്കയിലേക്ക് എണ്ണ കപ്പലുകളയക്കുന്നത് താൽക്കാലികമായി മരവിപ്പിക്കുകയും ചെയ്തു. ഇത് അന്താരാഷ്ട്ര തലത്തിൽ എണ്ണ പ്രതിസന്ധി സൃഷ്ടിച്ചു. അങ്ങിനെ തങ്ങളുടെ എണ്ണ, തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയുള്ള യുദ്ധഉപകരണമായി അറബികൾ മാറ്റിയത് പാശ്ചാത്യ ലോകത്തെ മൊത്തത്തിൽ പ്രതിരോധത്തിലാക്കുകയും അറബ് രാജ്യങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കാൻ തയ്യാറാവുകയും ചെയ്തു. പെട്രോൾ അമേരിക്കൻ ജനതയുടെ ദൈനംദിന ജീവിതത്തിലെ അവശ്യവസ്തുവായതുകൊണ്ട് അറബ്-ഇസ്രായേൽ പ്രശ്നം പരിഹരിക്കുന്നതിനായി അടിയന്തിരമായ ഇടപെടലിനു വാഷിംഗ്ടൺ ശക്തമായ ശ്രമങ്ങളാരംഭിച്ചു.




പെട്രോളിയം പ്രതിസന്ധി



പടിഞ്ഞാറൻ ഏഷ്യൻ പ്രദേശങ്ങളുടെ ഭൂ-രാഷ്ട്രതന്ത്രത്തിന് പെട്രോളിയം ഉത്പന്നങ്ങളുടെ പ്രസക്തി എന്തെന്നു ചർച്ച നടത്തുക.

## 1952 ലെ ഈജിപ്ത്യൻ വിപ്ലവം - 1952 ലെ ഫ്രീ ഓഫിസേർസ് സൈനിക വിപ്ലവം

രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം 1945 മുതൽ 1951 വരെ ഈജിപ്തിൽ ധാരാളം ജനകീയ പ്രക്ഷോഭങ്ങൾ നടന്നുവെങ്കിലും ഒരു വിപ്ലവത്തിലേക്കത് എത്തിയിരുന്നില്ല. തുടർന്ന് ജനവികാരവം മാനിച്ചുകൊണ്ട് 1950-ൽ സ്വതന്ത്ര ഇലക്ഷൻ നടത്താൻ ബ്രിട്ടന്റെ പിന്തുണയോടെ പ്രവർത്തിക്കുന്ന ഗവൺമെന്റിന് തയ്യാറാവേണ്ടിവന്നു. ഈ തെരെഞ്ഞെടുപ്പിൽ ദേശീയവാദികളുടെ പ്രസ്ഥാനമായ വഫ്ദ് പാർട്ടി വിജയിക്കുകയും അധികാരത്തിൽ വരികയും ചെയ്തു.

പിന്നീട് ദേശീയവാദികൾ നൈൽ നദീതീരങ്ങളിലും സൂയസ് കനാൽ ഭാഗങ്ങളിലുമായി നിർത്തി



1953 -ലെ ഒരു കൂട്ടം ഫ്രീ ഓഫീസേർസ് സൈന്യം

യിട്ടുള്ള ബ്രിട്ടീഷ് സൈന്യത്തിനെതിരെ ശക്തമായ പ്രക്ഷോഭം നടത്തി. ഈ പ്രക്ഷോഭങ്ങൾ അവസാനം ഈജിപ്തിന്റെ ചരിത്രത്തിൽ പ്രസിദ്ധമായ 'ബ്ലാക്ക് സാറ്റർഡേ' എന്ന സംഭവത്തിൽ കലാശിച്ചു. ബ്രിട്ടീഷ് സൈന്യം ഈജിപ്ഷ്യൻ പോലീസുകാരെ കൊലപ്പെടുത്തുകയും തുടർന്ന് കെയ്റോ കേന്ദ്രീകരിച്ച് യൂറോപ്യൻ ശക്തികൾക്കെതിരെ നടന്ന വലിയ റാലിയും പ്രസംഗങ്ങളുമാണ് 'ബ്ലാക്ക് സാറ്റർഡേ' എന്നറിയപ്പെടുന്നത്. 1952 ജനുവരി 26 ശനിയാഴ്ചയായിരുന്നു ഈ സംഭവം അരങ്ങേറിയത്.

ഇത്തരം കലാപങ്ങൾക്കിടയിൽ ബ്രിട്ടീഷ് പിന്തുണയോടെ നിലനിന്നിരുന്ന ഫാറൂഖിന്റെ ഭരണം അവസാനിപ്പിക്കാൻ ഈജിപ്ഷ്യൻ ദേശിയവാദികൾ തീരുമാനിച്ചു. ഈജിപ്ഷ്യൻ സൈന്യത്തിൽ ഉണ്ടായിരുന്ന ഫ്രീ ഓഫീസേഴ്സ് എന്ന വിഭാഗത്തിൽപ്പെടുന്ന സൈനികർ, കേണൽ ജമാൽ അബ്ദുൽ നാസറിന്റെ നേതൃത്വത്തിൽ ഫാറൂഖിന്റെ ഭരണത്തിനെതിരെ സൈനികരുടെയും ദേശിയവാദികളുടെയും പിന്തുണയോടെ ഒരുവലിയ പ്രക്ഷോഭം അഴിച്ചുവിട്ടു. പ്രസ്തുത സൈന്യത്തിന്റെ മുൻ നിരനേതാവായിരുന്ന മുഹമ്മദ് നജീബ് രക്തച്ചൊരിച്ചിലുകൾ ഒന്നും ഇല്ലാതെ തന്നെ 1952-ൽ ഒരു സൈനിക അട്ടിമറിയിലൂടെ ഈജിപ്തിനെ ബ്രിട്ടന്റെ കൈകളിൽനിന്ന് സ്വതന്ത്രമാക്കി. മൂന്ന് ദിവസങ്ങൾക്ക് ശേഷം ഫാറൂഖ് രാജാവ് സ്ഥാന ഭ്രഷ്ടനാവുകയും ഈജിപ്തിൽ നിന്നും അപ്രത്യക്ഷനാവുകയും ചെയ്തു. തുടർന്ന് അധികാരം കയ്യാളിയ ഫ്രീ ഓഫീസേഴ്സ് തുടർഭരണം സുഗമമാക്കുന്നതിനായി ആറു നിർദേശങ്ങളുടെ പട്ടിക മുന്നോട്ടുവച്ചു.

### ബ്ലാക്ക് സാറ്റർഡേ (കറുത്ത ശനിയാഴ്ച)

ബ്രിട്ടീഷ് ടാങ്കറുകൾ ഇസ്മായിലിയയുള്ള ഈജിപ്ത്യൻ സൈന്യത്തിന്റെ ബാരക്കുകൾ നശിപ്പിക്കുകയുണ്ടായി. അമ്പതോളം പോലിസുകാരെ വധിക്കുകയും അതിലധികം പേർക്ക് ദുരിതങ്ങളുണ്ടാവുകയും ചെയ്തു. തുടർന്ന് അടുത്ത ദിവസം 1952 ജനുവരി 26-ന് ആയിരകണക്കിന് വരുന്ന ജനസാഗരം കൈറോവിൽ ഒരുമിച്ച് കൂടുകയും ഈ കൂട്ടക്കുരിതിക്കെതിരെ പ്രകടനം നടത്തുകയും, ബ്രിട്ടിഷ് സ്ഥാപനങ്ങളും കേന്ദ്രങ്ങളും നശിപ്പിക്കുകയും ചെയ്തു. 'ബ്ലാക്ക് സാറ്റർഡേ' ബ്രിട്ടനു വലിയ തിരിച്ചടിയാണ് നൽകിയത്. നിലവിലുള്ള ഭരണം ഈജിപിതിൽ അധികം നാൾ നിലനിൽക്കുകയില്ലെന്ന് ഇതിൽ നിന്ന് അവർക്കു മനസ്സിലായി.



ഫാറൂഖ് രാജാവ്

**ഫ്രീ ഓഫീസേഴ്സ് സൈന്യത്തിന്റെ പ്രധാനപ്പെട്ട ആറ് നയങ്ങൾ**

- ഈജിപ്തിലെ ബ്രിട്ടീഷ് സാമ്രാജ്യത്തെയും അതിനനുകൂലമായി പ്രവർത്തിക്കുന്ന ഈജിപ്ഷ്യൻ ഭരണകൂടത്തെയും അവസാനിപ്പിക്കുക.
- നാടുവാഴിത്തസമ്പ്രദായം ഇല്ലാതാക്കുക.
- വൈദേശിക മൂലധന ശക്തികളിൽ നിന്നും ഈജിപ്തിന്റെ നിയന്ത്രണം പിടിച്ചെടുക്കുക.
- സാമൂഹ്യനീതി ഉറപ്പാക്കുക.
- ശക്തമായൊരു ദേശീയ സേന രൂപീകരിക്കുക.
- ഈജിപ്തിൽ ജനാധിപത്യരീതി നടപ്പാക്കുക.
    - 1952-ലെ ഈജിപ്ഷ്യൻ വിപ്ലവത്തെ തുടർന്ന് ഫ്രീ ഓഫീസേഴ്സ് സൈന്യം റിവല്യൂഷനറി കമാൻഡ് കൗൺസിൽ (ആർ.സി.സി) രൂപീകരിച്ചു.
    - 1953-ൽ ഏകാധിപത്യം അവസാനിപ്പിക്കുകയും ഈജിപ്തിനെ ഒരുറിപ്പബ്ലിക്കായി പ്രഖ്യാപിക്കുകയും ചെയ്തു.
    - 1923-ലെ ഭരണഘടന അസാധുവാക്കി.
    - പാർലമെന്റ് പിരിച്ചുവിട്ടു.
    - എല്ലാ രാഷ്ട്രീയ പാർട്ടികളെയും നിരോധിച്ചു.
    - നജീബ് ഒരേസമയം പ്രധാനമന്ത്രി, പ്രസിഡന്റ് എന്നീ ചുമതലകൾ ഏറ്റെടുത്തു.
    - ജമാൽ അബ്ദുൽ നാസർ ആഭ്യന്തര മന്ത്രിയായി.
    - ക്യാബിനറ്റിലുണ്ടായിരുന്ന മുഴുവൻ അംഗങ്ങളെയും ഒഴിവാക്കി, പ്രസ്തുത സ്ഥാനം ആർ.സി.സി അംഗങ്ങൾക്കു കൈമാറി.
    - ഈജിപത് പൂർണമായും സൈനിക നിയന്ത്രണത്തിലായി മാറി.

**മുസ്‌ലിം ബ്രദർഹുഡ് (ഇഖ്‌വാനുൽ മുസ്‌ലിമൂൻ)**

1928-ൽ ഈജിപ്തിലെ ഇസ്‌ലാമിയയിൽ ഹസ്സനുൽ ബന്നയുടെ നേതൃത്വത്തിൽ ഈജിപ്ത്തിലെ രൂപീകരിച്ച സംഘടനയാണ് ഇഖ്‌വാനുൽ മുസ്‌ലിമീൻ. ബ്രിട്ടീഷ് ഭരണകാലത്ത് സാമൂഹ്യമായും രാഷ്ട്രീയമായും തകർന്ന് കൊണ്ടിരുന്ന ഈജിപ്തിനെ പുനരുദ്ധരിക്കാൻ വേണ്ടി ഇസ്‌ലാമിക തത്വങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ട് ഈജിപ്തിന്റെ സ്വാതന്ത്ര്യത്തിനായി പ്രവർത്തിച്ച മുസ്‌ലിം മത സംഘടനയാണ് ഇഖ്‌വാനുൽ മുസ്‌ലിമീൻ. ഇസ്‌ലാമിക ശരിയ്യത്ത് നിയമങ്ങൾക്കനുസൃതമായ ഭരണം ആഹ്വാനം ചെയ്ത ഇഖ്‌വാനുൽ മുസ്‌ലിമീൻ ഇരുപതാം നൂറ്റാണ്ടിൽ ഇസ്‌ലാമിക സമൂഹത്തിൽ കടന്നുകൂടിയ എല്ലാ ആചാരങ്ങളെയും ശക്തമായി എതിർത്തിരുന്നു. 1930 കളോടെ വളരെ പെട്ടെന്ന് തന്നെ ഇഖ്‌വാനുൻ മുസ്‌ലിമിൻ ഈജിപ്റ്റിലാകമാനം 500 ഓളെ വംശങ്ങളുള്ള സംഘടനയായി മാറി. യാഥാസ്ഥിതികരെയും ആധുനികതങ്ങളും സമന്വയിപ്പിച്ചായിരുന്നു ഇഖ്‌വാൻ തങ്ങളുടെ നയങ്ങൾ വ്യക്തമാക്കിയിരുന്നത്. ആർ.സി.സിയുടെ ഏറ്റവും വലിയ പ്രതിപക്ഷ സംഘടനയായിരുന്നു ഇഖ്‌വാനുൽ മുസ്‌ലിമിൻ. മുസ്‌ലിം സമൂഹത്തിന്റെ ആദ്യത്തെ പുനരുദ്ധാരണ സംഘടന കൂടിയാണ് ഇഖ്‌വാനുൽ മുസ്‌ലിമീൻ. ഈജിപ്ത്യൻ വിപ്ലവാനന്തരം രൂപീകൃതമായ സൈനിക ഭരണത്തെ ഇഖ്‌വാനുൽ മുസ്‌ലിമിൻ എതിർക്കുകയും ചെയ്തു.




ഇഖ്വാനുൽ മുസ്ലിമിന്റെ ചിഹ്നവും സ്ഥാപകനേതാവായ ഹസനുൽ ബന്നയും

## ജമാൽ അബ്ദുൾ നാസറും അറബ്‌ലോകവും 1956 ലെ സൂയസ് കനാൽ പ്രശ്നം

1958-ൽ ഈജിപ്തിന്റെ നേതൃത്വത്തിൽ അറബ് രാജ്യങ്ങളുടെ കൂട്ടായ്മയായ സംയുക്ത അറബ് റിപ്പബ്ലിക്ക് (യു. എ. ആർ.) രൂപികൃതമായി. അറബ് രാജ്യങ്ങളുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും അറബ് സംസ്കാരത്തിന്റെ വളർച്ചയ്ക്കും വേണ്ടിയായിരുന്നു ഈ സംഘടന രൂപീകരിച്ചത്. ജമാൽ അബ്ദുൽ നാസർ ആയിരുന്നു ഈ കൂട്ടായ്മയുടെ നേതൃത്വം വഹിച്ചത്. യു.എ. ആർ അറബ് ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുകയും സിറിയയെയും ഈജിപ്തിനും ഒരൊറ്റ ഭരണകൂടമായി മാറ്റിയെടുക്കുന്നതിനു ശ്രമിക്കുകയും ചെയ്തു. ഈജിപ്ത്തിന്റെ നിയന്ത്രണത്തിൽ പാൻ-അറബ് ഐക്യത്തിനു വേണ്ടിയുള്ള നാസറിന്റെ ശ്രമങ്ങളെ സിറിയയിലെയും ഇറാഖിലെയും യുവജനങ്ങൾ അംഗീകരിച്ചില്ല. അതുപോലെ പാശ്ചാത്യ അഭിമുഖ്യമുള്ള ലബനോണിലെയും ജോർദാനിലെയും ഭരണകൂടങ്ങളും പ്രസ്തുത അറബ് ഐക്യത്തിനെതിരായിരുന്നു. അതുകൊണ്ട് തന്നെ യു.എ.ആർ രാഷ്ട്രീയ പരമായി ഒരു പരാജയമായിരുന്നു. എന്നിരുന്നാലും അബ്ദുനാസറിന് അന്നത്തെ രാഷ്ടീയ ലോകം സമർത്ഥനായൊരു നയതന്ത്ര ഭരണധികാരിയുടെ പരിവേഷം നൽകിയിരുന്നു

അറബ് പ്രദേശങ്ങളെ നിയന്ത്രിക്കുന്ന രാജ്യമായി ഈജിപ്തിനെ മാറ്റിയെടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

- ജനസംഖ്യയുടെ കാര്യത്തിൽ പ്രദേശത്തെ പ്രമുഖ രാജ്യമായിരുന്നു ഈജിപ്ത്.
- ഈജിപ്ത്യൻ മാധ്യമരംഗം, സിനിമ, റേഡിയോ, സർവ്വകലാശാലകൾ, വ്യവസായം, വാണിജ്യം എന്നിവയെല്ലാം മറ്റ് അറബ് രാഷ്ട്രങ്ങളെക്കാൾ മികച്ചതായിരുന്നു.
- അറബ് ലീഗിന്റെ ആസ്ഥാനം കൈറോ ആയിരുന്നു. സ്വഭാവികമായും പല അറബ് പ്രദേശങ്ങളും ജമാൽ അബ്ദുൽ നാസറിന്റെ നേതൃസ്ഥാനം അംഗീകരിച്ചു മുന്നോട്ടുവന്നു.




ജമാൽ അബ്ദുൽ നാസർ

എന്നാൽ പശ്ചാത്യരാജ്യങ്ങൾ ഈ ഏകീകൃത അറബ് യൂണിയനെ എതിർക്കുകയും പാശ്ചാത്യ രാജ്യങ്ങളുടെ പിന്തുണയുള്ള പല അറബ് രാജ്യങ്ങളും അറബ് ലീഗിനോട് വിമുഖത കാണിക്കുകയും ചെയ്തു. എന്നാൽ ഈ അറബ് ഐക്യത്തിന്റെ രൂപീകരണത്തോടെ ജമാൽ അബ്ദുൽ നാസർ ഇതിന്റെ പ്രസിഡന്റാവുകയും ഇന്ന് അറബ്‌ലീഗ് എന്നറിയപ്പെടുന്ന ഈ അറബ് ഐക്യത്തിന്റെ ആസ്ഥാനം കെയ്റോ ആക്കിമാറ്റുകയും ചെയ്തു.

## 1956-ലെ സൂയസ് പ്രതിസന്ധി

1952-ലെ വിപ്ലവത്തെ തുടർന്ന് ബ്രിട്ടന്റെ ഭരണം ഈജിപ്തിൽ അവസാനിച്ചു. തുടർന്ന 1954-ൽ ഒപ്പുവെച്ച സന്ധി പ്രകാരം രണ്ടു വർഷത്തനുള്ളിൽ തന്നെ ബ്രിട്ടീഷ് സേനയെ സൂയസ് കനാൽ പരിസരത്ത് നിന്ന് പിൻവലിക്കാമെന്ന് ഈജിപ്തിനോട് ബ്രിട്ടൻ ഉറപ്പു നൽകി. 1956 ഏപ്രിൽ മാസം ബ്രിട്ടീഷ്സേന പൂർണമായും സൂയസ് കനാൽ പരിസരത്ത് നിന്നും പിൻവാങ്ങി. ഇതിനായി ചെറിയ തോതിലുള്ള ആംഗ്ലോ ഈജിപ്ഷ്യൻ പ്രക്ഷോഭങ്ങൾ വേണ്ടിവന്നു. ഇതിനിടയിൽ മറ്റ് അറബ് രാജ്യങ്ങളും ബ്രിട്ടനും തമ്മിൽ ബാഗ്ദാദ് പാക്ട് എന്ന കരാറിലേർപ്പെട്ടു. അറബ് രാജ്യങ്ങളിൽ ബ്രിട്ടന്റെ സാമ്രാജ്യത്വ നയങ്ങൾ നടപ്പാക്കാൻ വേണ്ടിയുള്ള കരാറായിരുന്നുവിത്. ജമാൽ അബ്ദുൽ നാസർ ഈ കരാറിൽ ഒപ്പു വെച്ചില്ലായെന്നു മാത്രമല്ല കരാറിനെ ശക്തമായി എതിർക്കുകയും ചെയ്തു. ബാഗ്ദാദ് പാക്ട് നാസറിനെ പാശ്ചാത്യ ലോകത്തു നിന്നും അകറ്റി നിർത്തി. പിന്നീട് പാശ്ചാത്യ രാജ്യങ്ങളെ യുദ്ധോപകരണങ്ങൾക്കായ് സമീപിച്ചപ്പോൾ ആവശ്യം നിരസിച്ചുകൊണ്ടവർ പകരംവീട്ടി.




സൂയസ് കനാൽ പ്രദേശം

### ബാഗ്ദാദ് പാക്ട്

1954-55 കാലയളവിൽ തുർക്കി, ഇറാൻ, പാകിസ്ഥാൻ, ഇറാഖ്, ബ്രിട്ടൻ എന്നീ രാജ്യങ്ങൾ തമ്മിൽ നിരവധി നയതന്ത്ര കരാറുകളിലേർപ്പെട്ടു. പാശ്ചാത്യരുടെ സാമൂഹ്യ നയങ്ങളുടെ തുടർച്ചയാണിതെന്നും അറബ് പ്രദേശങ്ങളെ പാശ്ചാത്യരുടെ നിയന്ത്രണത്തിലാക്കാനുള്ളതാണ് ഈ കരാറെന്നും വിമർശിച്ചു കൊണ്ട് ജമാൽ അബ്ദുൽ നാസർ ഇതിൽ നിന്നും വിട്ടുനിന്നു. ബ്രിട്ടീഷ് സ്വാധീനത്താൽ അറബ് പ്രദേശങ്ങളെ തങ്ങളുടെ വരുതിലാക്കുവാനുള്ള ശ്രമമാണിതെന്നും അദ്ദേഹം വാദിച്ചു.

ജമാൽ അബ്ദുൾ നാസറിനെതിരായി പാശ്ചാത്യരാജ്യങ്ങളുടെ ഒരുനിര രൂപപ്പെട്ടു. ഇതേതുടർന്ന് ഈജിപത്, സോവിയറ്റ് യൂണിയനുമായൊരു ആയുധ കരാറിലൊപ്പുവെച്ചു. അനന്തരം ലോകബാങ്കിന്റെ ധനസഹായത്തോടെ ഈജിപ്ത്തിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന അസ്വാൻ അണക്കെട്ടിന്റെ നിർമ്മാണത്തിൽ നിന്ന് അമേരിക്ക പെട്ടെന്നു പിൻവാങ്ങി. ആസ്വാൻ അണക്കെട്ടിന് അമേരിക്ക നൽകാമെന്നേറ്റ സാമ്പത്തിക സഹായത്തിൽ നിന്നു പിൻവലിഞ്ഞതിനെത്തുടർന്ന് ജമാൽ അബ്ദുൽ നാസർ ശക്തമായ പ്രത്യാഘാതം പാശ്ചാത്യലോകത്തിന് നൽകാൻ തീരുമാനിച്ചു. ഇതിനായി അദ്ദേഹം സ്വീകരിച്ച നടപടിയായിരുന്നു 1956 ജൂലൈ 26-ലെ സൂയസ്







ബാഗ്ദാദ് ഉടമ്പടി

കനാലിന്റെ ദേശസാൽക്കരണം. സൂയസ് കനാലിന്റെ ദേശസാത്കരണം സൂയസ് പ്രതിസന്ധിക്കു കാരണമായി. കനാലിൽ നിന്നു കിട്ടുന്ന മുഴുവൻ വരുമാനവും ഈജിപ്തിന്റെ വികസനത്തിനു വേണ്ടി ഉപയോഗിക്കുമെന്നും പാശ്ചാത്യരാജ്യങ്ങൾ നിരസിച്ച ഈജിപ്തിലെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഈ തുക ചിലവഴിക്കുമെന്നുമദ്ദേഹം പ്രഖ്യപിച്ചു.

ഈജിപ്ത്യൻ ജനതയുടെ വിയർപ്പിനാൽ നിർമ്മിച്ച കനാലിന്റെ നിയന്ത്രണം ഫ്രഞ്ച് കമ്പനിക്കായിരിക്കുമ്പോഴും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പ്രമുഖ സാമ്പത്തിക സ്രോതസ്സായിരുന്നു ഇത്. നിരവധി അന്താരാഷ്ട്ര പ്രതിനിധി ചർച്ചകളിലൂടെ നാസറിനെ അനുനയിപ്പിക്കാൻ പാശ്ചാത്യ രാജ്യങ്ങൾ ശ്രമിച്ചെങ്കിലും അദ്ദേഹം വഴങ്ങിയില്ല. പ്രസ്തുത നീക്കത്തിലൂടെ സൂയസ് കമ്പനികൾക്കുണ്ടായ നഷ്ടപരിഹാരം നൽകാൻ ഈജിപ്ത് തയ്യാറാണെന്നും എന്നാൽ ദേശസാത്കരണത്തിൽ നിന്നും പിന്നോട്ടില്ലെന്നും സധൈര്യം പാശ്ച്യാത്യർക്കു മുന്നിൽ നിലപാടെടുത്ത ആദ്യത്തെ അറബ് ഭരണാധികാരിയാണ് ജമാൽ അബ്ദുൽ നാസർ.

ഈജിപ്തിന്റെ അനുമതിയില്ലാതെ സ്വതന്ത്രമായി കച്ചവടചരക്കുകൾ നീക്കാനുള്ള പാശ്ചാത്യരാജ്യങ്ങളുടെ അധികാരം നഷ്ടമായി . പാശ്ചാത്യ രാജ്യങ്ങൾ ഈജിപ്തിന്റെ ഈ തീരുമാനംമാറ്റാൻ നിരവധി കോൺഫറൻസുകൾ നടത്തിയെങ്കിലും പരാജയപ്പെട്ടു. തുടർന്ന് ബ്രിട്ടൻ, ഫ്രാൻസ്, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളുടെ സംയുക്ത സൈനികസഖ്യം രഹസ്യ ഉടമ്പടിയിലൂടെ ഒക്ടോബർ, നവംബർ മാസങ്ങളിൽ ഈജിപ്തിനെ ആക്രമിക്കുകയുണ്ടായി. ഇതായിരുന്നു 1956-ലെ അറബ്-ഇസ്രായേൽ യുദ്ധമായി അറിയപ്പെടുന്നത്. ഈ സംയുക്ത സൈനിക നീക്കത്തെ അമേരിക്കയും സോവിയറ്റ് റഷ്യയും നിഷിതമായി വിമർശിച്ചു. തത്ഫലമായി യു. എൻ ഇതിലിടപെടുകയും പ്രദേശത്ത് വെടിനിർത്തൽ പ്രഖ്യാപിക്കുകയും ചെയ്തതോടെ നവംബർ 6-നു യുദ്ധം അവസാനിച്ചു.

## സൂയസ് കനാൽ ദേശസാൽക്കരണത്തിന്റെ അനന്തര ഫലങ്ങൾ

- സൂയസ് കനാലിന്റെ ദേശസാൽക്കരണത്തെ തുടർന്ന് ജമാൽ അബ്ദുൽ നാസർ ലോക രാജ്യങ്ങൾക്കിടയിൽ ഒരു ആരാധ്യപുരുഷനായി.
- കാലങ്ങളായി പാശ്ചാത്യരാജ്യങ്ങൾ അനുഭവിച്ചിരുന്ന സൂയസ് കനാലിന്റെ മുഴുവൻ അധികാരവും നിയന്ത്രണവും ഈജിപ്തിനു സ്വന്തമായി.
- അറബ് രാജ്യങ്ങളുമായി സോവിയറ്റ് യൂണിയൻ കൂടുതൽ സൗഹൃദത്തിലായി.

- 1956 ലെ അറബ് ഇസ്രായേൽ യുദ്ധത്തിലൂടെ ഇസ്രായേൽ പാശ്ചാത്യരാജ്യങ്ങളുടെ മദ്ധ്യപൗരസത്യദേശത്തെ ഏജന്റാണെന്ന് ലോകം തിരിച്ചറിഞ്ഞു.
- അറബികൾക്കിടയിൽ ജൂതവിരോധം ശക്തമായി .


## കേമ്പ് ഡേവിഡ് കരാർ



സാദത്ത്, കാർട്ടർ, ബെഗിൻ എന്നിവർ കരാറിൽ ഒപ്പുവെക്കുന്നു.

ഈജിപ്ഷ്യൻ പ്രസിഡന്റായ അൻവർ സാദത്ത്, ഇസ്രായേലി ഭരണാധികാരിയായി മെഞ്ചം ബേഗിൻ, യു.എസ് . പ്രസിഡന്റായ ജിമ്മി കാർട്ടർ തുടങ്ങിയ ഭരണാധികാരികൾ അറബ് ഇസ്രായേൽ പ്രശ്നം പരിഹരിക്കാൻ വേണ്ടി 1979–ൽ അമേരിക്കയിൽ വച്ച് ഒപ്പുവെച്ച കരാറാണ് കേമ്പ് ഡേവിഡ് അക്കോർഡ് എന്ന പേരിലറിയപ്പെടുന്നത്. മധ്യേഷ്യയിൽ സമാധാനം പുനഃസ്ഥാപിക്കുക എന്ന ലക്ഷ്യം വെച്ച് രൂപപ്പെടുത്തിയ ഈ കരാർ തികച്ചും ഇസ്രായേലിന്റെ താൽപര്യങ്ങൾക്കു മാത്രം പ്രാധാന്യം നൽകുന്നതായിരുന്നു. പാലസ്തീൻ ജനങ്ങളുടെ പ്രധാന ആവശ്യമായ സ്റ്റേറ്റെന്ന ആവശ്യത്തെ പരിഗണിക്കുകയോ അംഗീകരിക്കുകയോ ചെയ്യാൻ ഈ കരാർ തയ്യാറായില്ല. അമേരിക്കയുടെ വേനൽകാല വൈറ്റ് ഹൗസ് എന്നറിയപ്പെടുന്ന മേരി ലാന്റിലുള്ള ക്യാമ്പ് ഡേവിഡിൽ വെച്ചായിരുന്നു 1978 സെപ്തംബറിൽ ഈ കരാറിനു രൂപം നൽകിയത്. പന്ത്രണ്ടു ദിവസത്തെ ചൂടുപിടിച്ച ചർച്ചയ്ക്കൊടുവിൽ ഈജിപ്തിന്റെയും ഇസ്രായേലിന്റെയും ഇടയിൽ സമാധാനം പുനസ്ഥാപിക്കാനുള്ള സന്ധിയുടെ പരിസമാപ്തിക്കുവേണ്ടിയുള്ള രൂപരേഖ എന്ന തീരുമാനത്തിലെത്തുകയുണ്ടായി. പിന്നീട് ഐക്യരാഷ്ട്രസഭയുടെ പ്രമേയം 242 ആയിമാറിയ ഈ കരാർ മദ്ധ്യ-പൗരസ്ത്യദേശത്ത് സമാധാനം സ്ഥാപിക്കാനുള്ള രൂപരേഖ എന്നറിയപ്പെടാൻ തുടങ്ങി. ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം വിജയമായിരുന്നു ഈ കരാർ സ്വതന്ത്ര രാജ്യമെന്ന പലസ്തിനികളുടെ ആവശ്യത്തിനു വിഘാതമായി, 1979 മാർച്ച് 26ന് അൻവർ സാദത്തും മെഞ്ചം ബെഗിനും ഇതിൽ ഒപ്പു വെച്ചു. രണ്ടു രാജ്യങ്ങളും നയതന്ത്രപ്രതിനിധികളെ അയക്കുകയും ഇസ്രായേൽ സിനായ് പ്രദേശത്തു നിന്നും പിൻവാങ്ങുകയും ചെയ്തു. എന്നാൽ ജോർദ്ദാൻ, സൗദി അറേബ്യ, സിറിയ, പി.എൽ.ഒ. തുടങ്ങിയ രാജ്യങ്ങൾ ഈജിപ്ത് ഈ കരാറിൽ ഒപ്പുവെയ്ക്കുന്നതിനെതിരായിരുന്നു. അറബികളും ഈജിപ്തും തമ്മിലുള്ള ബന്ധം കൂടുതൽ വഷളാകാൻ ഇത് കാരണമായി.

കരാറിന്റെ അടിസ്ഥാനത്തിൽ സിനായ് കയ്യേറ്റഭൂമിയിൽ നിന്നും പിൻവാങ്ങാൻ ഇസ്രായേൽ തയ്യാറായി. ഈജിപ്ത് പ്രസിഡന്റ് ആയിരുന്ന അൻവർ സാദത്തിന് ഈ കരാറിൽ ഒപ്പുവെയ്ക്കേണ്ടതായി വന്നു. ജോർദാൻ, സൗദി അറേബ്യ, സിറിയ തുടങ്ങിയ രാജ്യങ്ങളും പി.എൽ.ഒ എന്ന സംഘടനയും ഈ കരാറിൽ നിന്നും വിട്ടിനിന്നു.



അറബികളുടെ രാഷ്ട്രീയ നേതൃസ്ഥാനത്തു നിന്നും ഈജിപ്തിന് പിൻവാങ്ങേണ്ടിവന്ന കരാറാണ് 'ക്യാമ്പ് ഡേവിഡ്' ചർച്ച ചെയ്യുക.

## സ്വതന്ത്ര സിറിയൻ രാജ്യം





ഒന്നാം ലോകമഹായുദ്ധാനന്തര അധിനിവേശ ഭരണം




സിറിയ

### സിറിയ

ഒന്നാം ലോക മഹായുദ്ധത്തെ തുടർന്ന് 1924 ൽ സിറിയയിൽ ഫ്രാൻസിന്റെ അധിനിവേശഭരണം നടപ്പിലാക്കി. തികച്ചും പാശ്ചാത്യരീതികൾക്കനുസൃതമായ ഭരണഘടനയും സംവിധാനവുമായിരുന്നു ഫ്രാൻസ്, താജുദ്ദീൻ എന്ന അറബ് ഭരണാധികാരിയിലൂടെ 1928 ൽ സിറിയയിൽ നടപ്പാക്കിയത്. 1929 മുതൽ ഈ സ്വതന്ത്ര ഗവൺമെന്റിനെതിരെ ജനങ്ങൾ എതിർപ്പു പ്രകടപ്പിച്ചു




ഫ്രഞ്ച് അധിനിവേശ ഭരണകാലത്തെ സിറിയ

തുടങ്ങി. നഗരവത്കൃത ഭൂജന്മിമാരും കച്ചവടക്കാരുമായിരുന്നു അധിനിവേശാനന്തര ഭരണസംവിധാനത്തിൽ സിറിയയിൽ അധികാരം നൽകപ്പെട്ട വിഭാഗം. പാശ്ചാത്യരീതിയിലുള്ള പ്രസിഡന്റ്, പ്രധാനമന്ത്രി, ക്യാബിനറ്റ്, നിയമനിർമ്മാണം, ഹൈക്കോടതി എന്നിവയടങ്ങിയ ഒരു റിബപ്ലിക്കൻ തീരിയിലുള്ള ഭരണവും ഭരണഘടനയും സിറിയയിലെ ഭരണഘടനാ സമിതി മുന്നോട്ടു വെച്ചെങ്കിലും ഫ്രാൻസ് അതംഗീകരിക്കാൻ തയ്യാറായില്ല. 1929-ൽ അസംബ്ലി പിരിച്ചു വിട്ടുകൊണ്ട് ഫ്രാൻസ് പുതിയ ഗവൺമെന്റിനു രൂപം നൽകി. സിറയിയിൽ ഇതിനെതിരെ ദേശീയവാദ പ്രക്ഷോഭങ്ങൾ ഉയർന്നുവരികയുണ്ടായി. ഇന്നത്തെ ലബനേൻ അന്ന് സിറിയയുടെ ഭാഗമായിരുന്നു. സിറിയയിലെ ദേശീയവാദികൾ ഫ്രഞ്ച് ഭരണത്തിൽ നിന്ന് സ്വതന്ത്രമാകാനുള്ള സമരങ്ങൾ നടത്തികൊണ്ടിരുന്നു. 1936-ന്റെ തുടക്കത്തിൽത്തന്നെ എല്ലാ നഗരങ്ങളിലും ശക്തമായ സമരങ്ങൾ അരങ്ങേറി. നിരന്തരമായ ചർച്ചകൾക്കൊടുവിൽ സിറിയയുടെ കൂടുതൽ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സിറിയൻ പ്രൊവിഡന്റെന്നും ലബനോൻ എന്നും വ്യത്യസ്ത രണ്ട് ഭരണപ്രദേശങ്ങളായി സിറിയയെ വിഭജിച്ചു. സിറിയയിൽ ഹാഷിം അൽ അതാസിയുടെ കീഴിൽ ദേശീയവാദികളുടെ ഭരണം നിലവിൽവന്നു. രണ്ടാം ലോകമഹായുദ്ധം അവസാനിക്കുന്നതുവരെ സിറിയയും ലബനോനും ഫ്രഞ്ച് നിയന്ത്രണത്തിൽ തന്നെയായിരിന്നു. യുദ്ധാനന്തരം പൂർണ്ണ സ്വതന്ത്രറിപ്പബ്ലിക്കെന്ന ആവശ്യം സിറിയൻ നേതാക്കൾ മുന്നോട്ടുവെച്ചു. തുടർന്ന് 1946-ൽ സിറിയയിൽ ഒരു പാർലിമെന്ററി റിപ്പബ്ലിക്ക് നിലവിൽ വന്നു. സ്വാതന്ത്ര്യാനന്തരം നിരവധി ആഭ്യന്തര പ്രശ്നങ്ങൾ സിറിയയിൽ ഉടലെടുത്തു. 1948-ലെ അറബ് ഇസ്രായേൽ യുദ്ധത്തിൽ സിറിയ പങ്കെടുത്തപ്പോൾ ഒരു കൂട്ടം സിറിയൻ സൈന്യം യുദ്ധത്തിൽ പങ്കെടുക്കാതെ വിട്ടുനിന്നു. സൈനിക വിപ്ലവങ്ങളും രാഷ്ട്രീയ അരക്ഷിതാവസ്ഥയും 1970-ൽ ബാത്ത് പാർട്ടി വക്താവ് അസദ് സിറിയയിൽ ഭരണം സ്ഥാപിക്കുന്നതുവരെ തുടർന്നു പോന്നു. അവയിൽ പ്രധാനപ്പെട്ടതായിരുന്നു 1949-ൽ ഹുസ്നി സൈൻ രക്തരഹിതമായ സൈനിക സമരം നടത്തുകയും പ്രസിഡന്റിനെയും രാഷ്ട്രീയ നേതൃത്വങ്ങളെയും തടവിലാക്കുകയും ചെയ്തു. തുടർന്ന് സൈൻ പ്രസിഡന്റാവുകയും മറ്റു രാഷ്ട്രീയ പാർട്ടികളെ അസാധുവാക്കുകയും ചെയ്തു. എന്നാൽ നാലുമാസങ്ങൾക്കു ശേഷം അദ്ദേഹത്തെ സൈനിക വിപ്ലവത്തിലൂടെ ജനറൽ ഹിന്നാവി തടവിലാക്കുകയും, കേണൽ ശിശാക്ലി 1953 ൽ പ്രസിഡന്റും പ്രധാനമന്ത്രിയുമായി. പിന്നീടങ്ങോട്ട് വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളും വിഭാഗ

ങ്ങളും സിറിയയിൽ ഉയർന്നുവന്നു. 1955- ൽ ശുക്രി അൽ കുവൈത്തി വീണ്ടും സിറിയൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം സിറിയയിൽ ഫ്രാൻസിന്റെ മാൻഡേറ്ററി ഭരണം അവസാനിക്കുകയും 1946 ൽ സിറിയയെ പാർലമെന്ററി റിപ്പബ്ലിക് ആയി പ്രഖ്യാപിക്കുകയും ചെയ്തു. 1958 വരെ ഹുസ്നി സെയ്ൻ അടക്കം വ്യത്യസ്ത ഭരണാധികാരികൾ സിറിയ ഭരിച്ചു.




സ്വാതന്ത്ര്യാനന്തര സിറിയ

1958 ൽ ഈജിപ്ത്തും സിറിയയും ഒന്നിച്ചു ചേർന്ന് കൊണ്ട് യുണിയൻ ഓഫ് ഈജിപ്ത് ആന്റ് സിറിയ (യു.എ.ആർ.) രൂപീകരിച്ചു. എന്നാൽ 1961 സെപ്തംബറിൽ സൈന്യത്തിലെ ഒരു വിഭാഗം നടത്തിയ അട്ടിമറിയിലൂടെ സിറിയ യു.എ.ആർ-ൽ നിന്നും പിൻവാങ്ങി. ഈ കാലഘട്ടത്തിലായിരുന്നു സിറിയയിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയായ ബാത്ത് പാർട്ടിയുടെ രൂപീകരണം. ഫ്രാൻസിൽ നിന്ന് വിദ്യാഭ്യാസം നേടിയ മൈക്കൽ അഫ്‌ലാക്ക് സാലാഹുദിൻ ബിത്താർ ആയിരുന്നു ബാത്ത് പാർട്ടി രൂപീകരിച്ചത്. മതേതര അറബ് ദേശീയതയ്ക്കൊപ്പം സോഷ്യലിസത്തിനും പ്രാധാന്യം നൽകുന്ന പാർട്ടിയായിരുന്നു ഇത്. 1963-ൽ സിറിയയുടെ ഭരണം ബാത്ത് പാർട്ടി പിടി


### ബാത്ത് പാർട്ടി

ഫ്രാൻസിൽ വിദ്യാഭ്യാസം നേടിയ സിറിയൻ ക്രിസ്ത്യാനി മിഖായേൽ അഫ്‌ലാഖും, സുന്നി മുസ്‌ലിമായ സലാഹുദ്ദീൻ ബിത്താറുമായിരുന്നു. ബാത്ത് പാർട്ടിയുടെ സ്ഥാപകനേതാക്കൾ. സോഷ്യലിസം ആപ്തമാക്കിയ ഈ സംഘടനയുടെ ലക്ഷ്യം, മതേതര അറബ് ദേശീയത സ്ഥാപിക്കുക, സാമ്രാജ്യത്വനയങ്ങളിൽ നിന്നും സ്വതന്ത്രരാവുക തുടങ്ങിയവായിരുന്നു. 1946-ൽ സിറിയ സ്വതന്ത്രമാകുന്ന വേളയിൽ ഒരു സാധാരണ രാഷ്ട്രീയ പാർട്ടിയായിരുന്ന ഇത് പിന്നീട് അറബ് രാജ്യങ്ങളിലെല്ലാം ശാഖകളുള്ള വലിയ രാഷ്ട്രീയ പാർട്ടിയാവുകയും 1963-ൽ അധികാരത്തിൽ വരികയും ചെയ്തു.



മൈക്കൽ അഫ്‌ലാഖ്

ച്ചടക്കി. ഈ പാർട്ടിയിലെ സൈനിക നേതാക്കളായിരുന്നു പിന്നീട് സിറിയയിൽ ഭരണം നടത്തിയത്. അതിലധികവും അലവി-ശിയാക്കളായിരുന്നു. സൈനിക ഭരണ രീതി 1963-ൽ പ്രഖ്യാപിക്കുകയും പിന്നീടങ്ങോട്ട് അത് തുടരുകയും ചെയ്തു. 1970-ൽ അന്നത്തെ പ്രതിരോധ മന്ത്രിയും, ഇന്നത്തെ ഭരണാധികാരിയായ ബഷർ അൽ അസദിന്റെ പിതാവുമായ ഹാഫിസ് അൽ അസദ് രക്തരഹിത സൈനിക വിപ്ലവത്തിലൂടെ സിറിയൻ ഭരണം പിടിച്ചടുക്കുകയും, 1971- ൽ പ്രസിഡന്റാവുകയും ചെയ്തു.



ഹാഫിസ് അൽ അസദ്

പിന്നീട് അദ്ദേഹത്തിന്റെ അസദ് പാർട്ടിയായിരുന്നു സിറിയയിൽ ഭരണം നടത്തിയത്. ഇന്നത്തെ സിറിയൻ പ്രസിഡണ്ട് ആയ ബഷർ അൽ ആസദ് അദ്ദേഹത്തിന്റെ മകനാണ്. ഏകാധിപത്യ നയങ്ങൾ നീണ്ട കാലമായി സ്വീകരിക്കുന്ന അദ്ദേഹത്തത്തിന്റെ ഭരണം അവസാനിപ്പിക്കാനായി വിമതർ സിറായിയിൽ നിരന്തരം പ്രക്ഷോഭം നടത്തിവരുന്നു.




ബ്രിട്ടീഷ് അധിനിവേശഭരണം ഇറാഖിൽ

## സ്വതന്ത്ര ഇറാഖ് രാഷ്ട്രം

യൂഫ്രട്ടീസ്-ടൈഗ്രീസ് നദികളാലും വലിയ പെട്രോളിയം ലഭ്യതകൊണ്ടും പ്രസിദ്ധമായിരുന്ന ഇറാഖായിരുന്നു ഇരുപതാംനൂറ്റാണ്ടിൽ തെക്ക്-പടിഞ്ഞാറൻ ഏഷ്യയിലുണ്ടായിരുന്ന ഏറ്റവും സമ്പന്നമായ അറബ് രാജ്യം. നൂറ്റാണ്ടുകളായി ഉസ്മാനിയ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ഇറാഖ്, അറബ് ആഭ്യന്തരയുദ്ധാനന്തരം സി. ഇ. 1917 മുതൽ ബ്രിട്ടീഷ് നിയന്ത്രണത്തിലായി. സി. ഇ. 1932 -ൽ ആദ്യമായി അധിനിവേശാനന്തര ഭരണത്തിൽ നിന്നു സ്വതന്ത്രമായ അറബ് രാജ്യം ഇറാഖാണ്. തുടർന്ന് ഇറാഖ് ഐക്യരാഷ്ട്ര സഖ്യത്തിലംഗമായി. ഒന്നാം ലോകമഹായുദ്ധത്തെ തുടർന്ന് ഇറാഖ്, ബ്രിട്ടന്റെ അധിനിവേശ ഭരണത്തിൻ കീഴിലായിരുന്നു. തങ്ങളുടെ ഭരണസംവിധാനത്തെ നയിക്കാൻ ബ്രിട്ടൻ ഇറാഖിൽ നിയമിച്ചത് ഫൈസൽ രാജാവിനെയായിരുന്നു. അധിനിവേശ ഭരണത്തിനെതിരെ ഇറാഖിലും ജനങ്ങളുടെ പ്രശ്നങ്ങൾ ഉയർന്നുവരാൻ തുടങ്ങി. ഫൈസൽ ഒന്നാമന്റെ ഭരണത്തെത്തുടർന്ന് രാജ്യത്ത് വീണ്ടും അനിയന്ത്രിതമായ ആഭ്യന്തര പ്രശ്നങ്ങളുണ്ടാവാൻ

തുടങ്ങി. നിരവധി സൈനിക വിപ്ലവങ്ങളും തുടർന്ന് ഏകാധിപത്യ ഭരണവും രൂപപ്പെട്ടു. എന്നാൽ ഈ കാലഘട്ടങ്ങളിലെല്ലാം തന്നെ ബ്രിട്ടൻ രാഷ്ട്രീയ പരമായ ഇടപെടൽ ഇറാഖിൽ നടത്തി കൊണ്ടിരുന്നു. രണ്ടാം ലോകമഹായുദ്ധത്തെ തുടർന്ന് ഇറാഖ് സ്വതന്ത്രമാവുകയും പിന്നീടങ്ങോട്ട് ഹാഷിമികളുടെ ഭരണത്തിലായിരുന്നു ഇറാഖ്. 1953-ൽ ഫൈസൽ രണ്ടാമൻ ഇറാഖിലെ ഭരണാധികാരിയായപ്പോൾ ഭരണകാര്യം മുഴുവൻ നിയന്ത്രിച്ചിരുന്നത് അമ്മാവൻ അബ്ദുള്ളയും നയതന്ത്രകാര്യങ്ങളിൽ നിപുണനായ നൂരി അൽ സൈദുമായിരുന്നു. പാശ്ചാത്യ-ബ്രിട്ടീഷ് താൽപരകാര്യങ്ങൾക്കനുസരിച്ചുള്ള ഗവൺമെന്റായിരുന്നതുകൊണ്ട് സി. ഇ. 1954-ലെ ബാഗ്ദാദ് പാക്റ്റിൽ ഇറാഖ് ഒപ്പുവെച്ചു. ഇതിനെ തുടർന്ന് ഇറാഖിലെ ജനത വ്യത്യസ്ത അഭിപ്രായക്കാരായി മാറി. ജനങ്ങളുടെ രാഷ്ടീയ പ്രാധാന്യം തന്നെ ഗവൺമെന്റിനോട് അനുഭാവമുള്ള വ്യക്തികളുടെ സാന്നിധ്യത്തിൽ മാത്രമായൊതുങ്ങി.



ഫൈസൽ രണ്ടാമൻ രാജാവ്

ഭരണകൂടത്തിന്റെ അരക്ഷിതാവസ്ഥ ബ്രിട്ടീഷ് അഭിമുഖ്യം

അബ്ദുൾ നാസറിനെതിരെയുള്ള നടപടികൾ ഇവയെല്ലാം ദേശിയവാദികളുടെയും പൊതുജനങ്ങളുടെയും പിന്തുണ ലഭിക്കുന്നതിന് വിഘാതമായി തുടർന്ന് അടിച്ചമർത്തൽ നയങ്ങൾ സ്വീകരിച്ചു കൊണ്ടായിരുന്നു ഭരണ കൂടത്തിന് നിലനിൽക്കാനായത്. 1952 ജുലൈയിൽ ബ്രിഗേഡിയർ അബ്ദുൾ കരിം ഖാസിം ശക്തമായ വിപ്ലവത്തിലൂടെ നിലവിലുള്ള ഭരണത്തെ താഴെയിറക്കുകയും ലക്ഷകണക്കിനു ജനങ്ങളും ഫൈസൽ രണ്ടാമൻ, അബ്ദുള്ള, നൂരി അൽ സൈദ് എന്നിവരെ വധിക്കുകയും ചെയ്തു. അങ്ങിനെ ബ്രിട്ടീഷുകാർ സ്ഥാപിച്ച ഹാശിം ഭരണകൂടം മൂന്ന് പതിറ്റാണ്ടിനു ശേഷം അവസാനിച്ചു.

ഖാസിം സ്ഥാപിച്ച സൈനിക ഏകാധിപത്യ ഭരണം സി. ഇ. 1963-വരെ നിലനിന്നു. തുടർന്ന് സൈന്യത്തിലുണ്ടായിരുന്ന കേണൽ അബ്ദുൽ സലാം ആരിഫ് വിഘടന വിഭാഗമായി മാറുകയും പ്രസിഡന്റായി സ്ഥാനമേൽക്കുകയും ചെയ്തു. എന്നാൽ സി. ഇ. 1966-ലെ ഒരു വിമാന അപകടത്തിൽ അദ്ദേഹം മരണപ്പെട്ടു. തുടർന്ന് ഇറാഖിന്റെ ഭരണാധികാരിയായ അദ്ദേഹത്തിന്റെ സഹോദരൻ 1968 വരെ അധികാരം തുടർന്നു.




സ്വാതന്ത്ര്യാനന്തര ഇറാഖ്

### രാഷ്ട്രീയ പാർട്ടികൾ

ഖാസിം ഇറാഖിനെ റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു. എന്നാൽ അദ്ദേഹമോ അദ്ദേഹത്തിന്റെ പിൻഗാമികളോ അവിടെ തെരഞ്ഞെടുപ്പ് നടത്തിയില്ല. ഏറ്റവും വലിയ വ്യവസ്ഥാപിതമായ രാഷ്ട്രീയ പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നു. ഇതിന്റെ എതിർപാർട്ടിയായിരുന്നു സിറിയയിൽ രൂപപ്പെടുകയും ഇറാഖിൽ വളരുകയും ചെയ്ത ബാത്ത് പാർട്ടി. പാൻ-അറബ് ദേശീയവാദികൾക്ക് ഒരു സ്വതന്ത്ര പാർട്ടി ഉണ്ടായിരുന്നില്ല. ഇതിനിടയിൽ ഇറാക്കിൽ ബാത്ത് പാർട്ടിയുടെ ശാഖ വളരുകയും വ്യാപിക്കുകയും ചെയ്തു. 1968 ൽ ബാത്ത് പാർട്ടി യെ അനുകൂലിക്കുന്ന ഒരു കൂട്ടം ഇറാക്കി ജനങ്ങൾ സൈനിക വിപ്ലവത്തിലൂടെ ഖാസിമിന്റെ ഭരണത്തെയും ഇല്ലാതാക്കി.




സദ്ദാം ഹുസൈൻ

ബാത്ത് പാർട്ടിയുടെ ഉയർന്നുവന്ന നേതാവായിരുന്നു സദ്ദാം ഹുസ്സൈൻ. സി. ഇ. 1968-ൽ ആരിഫിന്റെ ഭരണകൂടത്തെ അവസാനിപ്പിച്ചു കൊണ്ട് ഹസ്സൻ അൽ ബക്കറിന്റെ കീഴിലൊരു പുതിയ ഭരണകൂടം സ്ഥാപിതമായി. അദ്ദേഹം പുതിയതതായി സ്ഥാപിതമായ റെവല്യൂഷണറി കമാന്റ് കൗൺസിലിന്റെ (ആർ. സി. സി.) ചെയർമാനായിരുന്നു. സി. ഇ. 1969-ൽ പ്രസ്തുത കൗൺസിലിന്റെ വൈസ് ചെയർമാനായിട്ടാണ് സദ്ദാം ഹുസൈന്റെ ഔദ്യോഗിക ജീവിതമാരംഭിക്കുന്നത്. സി. ഇ. 1970 -ഓടെ ഇറാഖി ഭരണകൂടത്തിന്റെ അനിഷേധ്യ നേതാവായി സദ്ദാം ഹുസൈൻ മാറി. സൈനിക പരിശീലനങ്ങളൊന്നുമില്ലാത്ത സി. ഇ. 1976-ൽ തന്റെ അധികാരമുപയോഗിച്ച് സൈന്യത്തിന്റെ ജനറലായി അദ്ദേഹം സ്വയം പ്രഖ്യാപിക്കുകയും തുടർന്ന് സി. ഇ. 1979-ൽ ബക്കറിനുശേഷം ഇറാഖി പ്രസിഡന്റാവുകയും ചെയ്തു. ബാത്ത് പാർട്ടിയുടെ ജനറൽ സെക്രട്ടറി, ആർ.സി.സി യുടെ ചെയർമാൻ, സൈന്യത്തിന്റെ മേധാവി തുടങ്ങിയ അധികാരങ്ങളെല്ലാം അദ്ദേഹത്തിന്റെ കൈകളിൽ ഭദ്രമാക്കിക്കൊണ്ട് ഇറാഖിന്റെ ഏകാധിപതിയായി. സി. ഇ. 1968-1979 കാലയളവിൽ ഭരണരംഗത്ത് വളരെയധികം സ്വാധീനമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. സി. ഇ. 1979-ൽ ഇറാഖിന്റെ പ്രസിഡന്റായ അദ്ദേഹം ശക്തമായ ഭരണം കാഴ്ചവെയ്ക്കുകയും എണ്ണവിപണി ദേശസാൽക്കരിക്കുകയും ചെയ്തു. ഏകാധിപത്യരീതിയിലുള്ള ഭരണമായിരുന്നു അദ്ദേഹം നടപ്പാക്കിയത്. ഇറാൻ-ഇറാക്ക് യുദ്ധത്തോടെ അദ്ദേഹം കൂടുതൽ ശക്തനായ ഭരണാധികാരിയായി മാറി.

സുന്നി വിഭാഗത്തിൽ പെട്ടവരായിരുന്നു സദ്ദാം ഹുസ്സൈനെ അംഗീകരിച്ചിരുന്നത്. അദ്ദേഹത്തിന്റെ നയങ്ങളെ പലപ്പോഴും ഷിയ വിഭാഗവും കുർദ് വംശജരുമെതിർത്തിരുന്നു. സി. ഇ. 2003-ൽ അമേരിക്കയുടെ ആഹ്വാനത്തോടെ നാറ്റോ സഖ്യം ഇറാഖ് ആക്രമിക്കുകയുണ്ടായി. മാരകശേഷിയുള്ള ആയുധശേഖരങ്ങൾ കൈവശം വെയ്ക്കുന്നുവെന്നാരോപിച്ചു കൊണ്ടായിരുന്നു ഈ സൈനിക നടപടി. സി. ഇ. 2003 ഡിസംബറിൽ അദ്ദേഹത്തെ നാറ്റോസംഖ്യം പിടിക്കുകയും സദ്ദാം ഹുസ്സൈന്റെ ഭരണം അവസാനിക്കുകയും ചെയ്തു. പിന്നീട് ഇറാഖിൽ നാറ്റോ സഖ്യത്തിന്റെ താൽക്കാലിക ഗവൺമെന്റാണ് ഭരിച്ചത്. തുടർന്ന് നാറ്റോ സംഖ്യത്തിന്റെ കോടതി തടവിലാക്കപ്പെട്ട സദ്ദാം ഹുസ്സൈനെ 148 ഷിയാക്കളെയും കുർദ്കളെയും വംശഹത്യനടത്തിയതിന്റെ പേരിൽ വിചാരണ ചെയ്യുകയും വധശിക്ഷവിധിക്കുകയും 2006 ഡിസംബർ 30- നു സദ്ദാം ഹുസ്സൈനെ തൂക്കിലേറ്റുകയും ചെയ്തു.


## സ്വതന്ത്ര ലബനോൻ

സിറിയയുടെ ഭാഗമായിരുന്ന ലബ ണോൻ ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ഫ്രാൻസിന്റെ അധിനിവേശ ഭര ണത്തിന് കീഴിലാക്കപ്പെട്ടു. സിറിയയിലെ ഭൂരിഭാഗം ജനങ്ങളും ക്രിസ്ത്യൻ വിഭാഗ ക്കാരായിരുന്നു. ക്രിസ്ത്യൻ മറോണൈറ്റ് വിഭാഗത്തിന്റെ താൽപര്യങ്ങൾ സംരക്ഷി ക്കുവാൻ വേണ്ടിയാണ് സിറിയയിൽ നിന്നും ലബനോനെ സി. ഇ. 1920-ൽ ഫ്രാൻസ് വേർപെടുത്തിക്കൊണ്ട് ഗ്രേറ്റ് ലബനോനായി പ്രഖ്യാപിച്ചു. പ്രസ്തുത ക്രിസ്തീയ വിഭാഗക്കാർക്ക് അവരു ടേതായ സ്വതന്ത്ര രാഷ്ട്രീയ ഭരണ ത്തിനുവേണ്ടിയായിരുന്നവിത്. ഗ്രേറ്റ് ലബനോനിലെ 1/3 ഭാഗം മറോണൈറ്റ് ക്രിസ്തീയ വിഭാഗങ്ങളായിരുന്നു. സി. ഇ. 1922-ൽ പ്രതിനിധി സമിതിയെ തെര ഞ്ഞെടുത്തതെങ്കിലും സൈനികവും വൈദേശികവുമായ കാര്യങ്ങളെല്ലാം ഫ്രഞ്ച് നിയന്ത്രണത്തിലായിരുന്നു. ഇതി നിടയിൽ സി. ഇ. 1926 മെയ്-23 ന് ലബ നീസ് റിപ്പബ്ലിക് പ്രഖ്യാപനം നടന്നു. എന്നാൽ 1930 കളിൽ ക്രിസ്തീയ മുസ്‌ലിം വിഭാഗങ്ങൾക്കിടയിൽ പൊട്ടിപ്പുറപ്പെട്ട വംശീയപ്രശ്നങ്ങൾ പിരഹിക്കുകയെന്നതായിരുന്നു ലബനോൻ ഭരണകൂടം നേരിട്ട ഏറ്റവും വലിയ ആഭ്യന്തര പ്രതിസന്ധി. സ്വാതന്ത്ര്യ ലബ്ദി പ്രതീക്ഷിച്ചുകൊണ്ട് ലബനീസ് ചേമ്പർ ഓഫ് ഡെപ്യൂട്ടീസ് മറോണൈറ്റ് നേതാവായ എമിലി എഡ്ഡെയെ ലബനീസ് പ്രസിഡന്റാക്കി. ഭരണഘടന പ്രകാരം പ്രസിഡന്റ് അഹദാബിനെ പ്രധാനമന്ത്രിയാക്കി. തുടർന്ന് സിറിയൻ റിപ്പബ്ലിക്കിലെ ക്രിസ്ത്യൻ-മുസ്‌ലിം പ്രശ്നം അവസാനിപ്പിക്കുന്നതിനുള്ള പരിഹാര നിർദ്ദേശമായി. പ്രസിഡന്റ് മറോണൈറ്റ് ക്രിസ്തീയ വിഭാഗത്തിൽ നിന്നും പ്രധാനമന്ത്രി മുസ്‌ലിം വിഭാഗത്തിൽ നിന്നുമായിരിക്കണമെന്ന കീഴ്‌വഴക്കം നിലവിൽവന്നു. സി. ഇ. 1945-ലെ ദേശീയ പാക്ടിലൂടെ പിന്നി ടിത് അംഗീകരിക്കപ്പെട്ടു. സി. ഇ. 1920-ലെ ഭരണഘടനതീരുമാനങ്ങളെയും ഒന്നിപ്പിച്ചുകൊണ്ട് 1930 കളിൽ ലബനോനിന്റെ രാഷ്ട്രീയ ഘടനയ്ക്കു ഒരു പൊതു മാതൃക സൃഷ്ടിക്കാൻ സാധിച്ചു.





ലബനോൻ ഫ്രഞ്ച് അധിനിവേശ ഭരണകാലത്ത്

നാഷണൽ പാക്ട് മുന്നോട്ട് വെച്ച നിർദ്ദേശാനുസരണം പ്രസിഡന്റ് മറോണൈറ്റ് ക്രിസ്ത്യൻ വിഭാ ഗത്തിൽനിന്നും, സ്പീക്കർ ശിയ വിഭാഗത്തിൽനിന്നും, പ്രധാനമന്ത്രി സുന്നി മുസ്‌ലിം വിഭാഗ ത്തിൽനിന്നും ആയിരിക്കണമെന്ന് തീരുമാനിച്ചു. സി. ഇ. 1946-ൽ ഫ്രഞ്ച് ഭരണം ലെബനോണിൽ നിന്നും പിന്മാറുകയും പൂർണമായി സ്വതന്ത്രമാവുകയും ചെയ്തു. ജുവൽ ഓഫ് ദ ഈസ്റ്റേൺ മെഡിറ്ററേനിയൻ (കിഴക്കൻ മധ്യധരണ്യാഴിയുടെ രത്നം) എന്നറിയപ്പെടുന്ന പശ്ചിമ ലബനോൻ നഗരമായ ബൈറൂത്ത് പൗരസ്ത്യ-പാശ്ചാത്യ സാംസ്കാരിക സാമ്പത്തിക കൈമാറ്റത്തിന്റെ ചാലകശക്തിയും ഏഷ്യയിലെ ഏറ്റവും വലിയ സാമ്പത്തിക കേന്ദ്രവുമായി മാറി. ലൈസ്സസ്-ഫെയർ സാമ്പത്തിക മാർഗത്തിലൂടെയും, ഉദാര ബാങ്കിംഗ് നയങ്ങളിലൂടെയും ബൈറൂത്ത് രാജ്യാന്തര ബാങ്കിംഗ് കേന്ദ്രമാക്കുകയും ലബനോൻ പടിഞ്ഞാറൻ ഏഷ്യയിലെ സ്വിറ്റ്സർലന്റ് എന്ന സ്ഥാനം അതിലൂടെ നേടുകയുമുണ്ടായി.



ലബനോൻ ജനസംഖ്യ


ഇസ്രായേലിനെതിരെയുള്ള യുദ്ധങ്ങളിൽ അയൽ രാജ്യങ്ങളിലെ അറബികളെ ലബനോൻ സഹായിക്കുകയും ഇസ്രായേൽ നാടുകടത്തിയ പലസ്തീൻ ജനതയ്ക്ക് അഭയം നൽകുകയും ചെയ്തു. 1950-കളിൽ സ്വതന്ത്രാനന്തര ഭരണാധികാരിയായ പല പ്രസിഡന്റുമാരുടേയും നയങ്ങൾ കാരണം ലബനോണിൽ ആഭ്യന്തര പ്രശ്നങ്ങൾ ഉയർന്നുവന്നു. ബിഷാറാ അൽഖുറി (1943-1952) കാമില്ലാ കാമൂൺ ഇവരുടെ കാലത്ത് രൂപപ്പെട്ട ആഭ്യന്തരപ്രശ്നങ്ങൾ സി. ഇ. 1975 ആയപ്പോഴേക്കും വലിയൊരു പ്രക്ഷോഭത്തിലേക്കെത്തിച്ചു. ഇത്തരം പ്രക്ഷോഭങ്ങൾ ലെബനോൺ ക്രിസ്ത്യൻ വിഭാഗങ്ങൾക്കിടയിൽ ഒരു സംയുക്തസഖ്യം രൂപപ്പെടുന്നതിനു കാരണമായി. സി. ഇ. 1976 മുതൽ 1982 വരെ ഓരോ വിഭാഗവും അവരുടേതായ അവകാശവാദങ്ങളുമുന്നയിച്ചുകൊണ്ട് നിരന്തര പ്രശ്നങ്ങൾ സൃഷ്ടിച്ചു.



ലെബനോൺ

## സി. ഇ. 1982-ലെ ഇസ്രായേലിന്റെ ലബനോൺ അധിനിവേശം

സി. ഇ. 1982, ജൂണിൽ ഇസ്രായേലി സേന അതിർത്തി കടന്ന് ലബനോണിലെത്തി. മൂന്നുമാസത്തെ സൈനിക നീക്കത്തിലൂടെ ഇസ്രായേലി ഡിഫൻസ് ഫോഴ്സ് പി. എൽ. ഒ. കേന്ദ്രങ്ങൾ ആക്രമിക്കുകയും തലസ്ഥാന നഗരമായ ബെയ്റൂത്തിനു ഉപരോധം സൃഷ്ടിക്കുകയും ചെയ്തു. ആയിരക്കണക്കിനു പലസ്തീനികളും ലബനോൺകാരുമായ സാധാരണക്കാർക്ക് ജീവഹാനി സംഭവിച്ചു.





ലബനോൻ

1970 കളോടെ, ലബനോണിൽ നിരവധി ആഭ്യന്തര പ്രശ്നങ്ങളുണ്ടാകാൻ തുടങ്ങി. പി.എൽ.ഒ.യുടെ സാന്നിദ്ധ്യം ലബണനിൽ അവസാനിപ്പിക്കാൻ 1982 ൽ ഇസ്രയേൽ പി. എൽ. ഒയ്ക്കെതിരെ ലബഃനാണിൽ സൈനികനീക്കം നടത്തുയുണ്ടായി.


## സ്വതന്ത്ര ജോർദ്ദാൻ

ട്രാൻസ്ജോർദ്ദാൻ എന്നപേരിൽ ബ്രിട്ടൻ പശ്ചിമേഷ്യയിൽ രൂപികരിച്ച ഒരു ഭരണ പ്രദേശമായിട്ടായിരുന്നു ജോർദാൻ എന്ന രാജ്യത്തിന്റെ തുടക്കം 1915-16 ൽ നടന്ന ഹുസൈൻ മെക് മോഹൻ കറസ്പോണ്ടൻസിന്റെ ഫലമായി ബ്രിട്ടൻ മക്കയിലെ ഹുസ്സൈൻ ഷെരീഫിന് സ്വതന്ത്ര്യ ഭരണകൂടം വാഗ്ദാനം നൽകി. ഈ വാഗ്ദാനം പാലിക്കാൻ പറ്റാത്തതിനെ തുർന്ന് ഹുസ്സൈൻ ശരിഫിനെ പ്രീതിപ്പെടുത്താനായിട്ടായിരുന്നു ട്രാൻസ്ജോർദ്ദാൻ എന്ന ഭരണകൂടത്തിന് ബ്രിട്ടൻ തുടക്കം ഇടുന്നതും അബ്ദുല്ല രാജകുമാരനെ ഭരണാധികാരിയാക്കുന്നതും. സി. ഇ. 1922 ൽ ലീഗ് ഓഫ് നേഷൻസ് ട്രാൻസ്ജോർദ്ദാനെ ബ്രിട്ടീഷ് അധിനിവേശത്തിന് കീഴിലുള്ള സ്റ്റേറ്റ് ആക്കി അംഗീകരിച്ചു.





ജോർദാൻ

അബ്ദുള്ള രാജാവിന്റെയും ബ്രിട്ടന്റെയും അവകാശങ്ങൾ വ്യക്തമാക്കുന്ന ആംഗ്ലോ ട്രാൻസ്ജോർദൻ കരാറുണ്ടാക്കി. തുടർന്ന് സി. ഇ. 1928-ൽ ലബനോണുവേണ്ടി ഒരു ഭരണ ഘടന നിലവിൽവന്നു. രണ്ടാം ലോകമഹായുദ്ധസമയത്തും ലബനാൻ ബ്രിട്ടനെ സഹായിക്കാൻ മുന്നോട്ടുവന്നു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം സി. ഇ. 1946-ൽ ട്രാൻസ്ജോർദ്ദാൻ സ്വതന്ത്രരാജ്യമായിമാറുകയും അബ്ദുള്ള രാജകുമാരൻ ട്രാൻസ്ജോർദ്ദാനിലെ ആദ്യത്തെ രാജാവായിമാറുകയും ചെയ്തു. അറബ്-ഇസ്രായേൽ യുദ്ധങ്ങളെ തുടർന്ന് ട്രാൻസ്ജോർദ്ദാന്റെ പേര് 1948-ൽ ജോർദ്ദാൻ എന്നാക്കിമാറ്റി. ജോർദ്ദാനിലെ മൂന്നിൽരണ്ട് ഭാഗം ജനതയും പലസ്തീനി ജനതയായിരുന്നു. പലസ്തീൻ പ്രദേശമായ വെസ്റ്റ്ബാങ്ക് ജോർദ്ദാനോട് ചേർക്കപ്പെട്ടതോടെ നാലു ലക്ഷത്തോളം പലസ്തീൻ അഭയാർത്ഥികളുംകൂടി ജോർദ്ദാൻ ജനതയായിമാറി. തങ്ങളുടെ പ്രദേശം ബ്രിട്ടീഷുകാർക്കൊപ്പം നിന്നു വിഭജിക്കപ്പെടാൻ അബ്ദുള്ള രാജാവാണ് കാരണമെന്ന് പലസ്തീൻ ജനത വിശ്വസിച്ചു. പാലസ്തീൻ ജൂതൻമാർക്കും അറബികൾക്കുമായി വീതിക്കാൻ ജോർദ്ദാനിലെ അബ്ദുള്ളരാജാവ് എല്ലാ സഹായവും ചെയ്തുകൊടുത്തു എന്ന് വിശ്വസിച്ചിരുന്ന പലസ്തീൻ ജനതയുടെ കൈയാൽ അദ്ദേഹം ജറുസലേമിലെ അൽ അഖ്സ പള്ളിയുടെ മുന്നിൽവച്ച് വധിക്കപ്പെട്ടു. തുടർന്ന് ഭരണത്തിൽ കയറിയ ഹുസൈൻ രാജാവ് സി. ഇ. 1999 വരെ ജോർദാന്റെ ഭരണാധികാരിയായി തുടർന്നു. പി. എൽ. ഒ. യുമായി നിരന്തരം പ്രശ്നത്തിൽ ഏർപ്പെട്ടുക്കൊണ്ടിരുന്ന അദ്ദേഹം 1967-70 കാലഘട്ടത്തിൽ അരങ്ങേറിയ പല അട്ടിമറികളെയും വധശ്രമങ്ങളെയും അതിജീവിക്കുകയുണ്ടായി.



മക്കയിലെ ഷരീഫ് ഹുസൈൻ



ഹുസൈൻ രാജാവ്



ജോർദാനിലെ അബ്ദുള്ള രാജാവ്



ഇറാഖ്, സിറിയ, ഈജിപ്ത്, സൗദി അറേബ്യ, ജോർദാൻ, ലബനൻ തുടങ്ങിയ രാജ്യങ്ങളുടെ അതിർത്തി, തലസ്ഥാനം, പതാക, ജനസംഖ്യ, നാണയങ്ങൾ, ഭരണാധികാരികൾ ഇവ സൂചിപ്പിക്കുന്ന ചാർട്ട് നിർമ്മിക്കുക.

## പാലസ്തീൻ പ്രതിരോധ പ്രസ്ഥാനം-പാലസ്തീൻ വിമോചന സംഘടന

1964-ൽ കെയ്റോ തലസ്ഥാനമായി നടന്ന അറബ് രാജ്യങ്ങളുടെ ആദ്യത്തെ കോൺഫറൻസിൽ വെച്ചാണ് പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷൻ (പി. എൽ. ഒ.) രൂപീകൃതമാവുന്നത്. പി. എൽ. ഒ. യുടെ ആദ്യത്തെ അദ്ധ്യക്ഷൻ അഹമ്മദ് ഷുഗയിരിയായിരുന്നു. അതിലെ കാര്യനിർവഹണ സമിതി അംഗങ്ങളെല്ലാംതന്നെ പരമ്പരാഗത പലസ്തീനി പ്രഭുക്കന്മാരായിരുന്നു. 1967-ലെ അറബ്-ഇസ്രായേലി യുദ്ധത്തിൽ പലസ്തീൻ നേരിട്ട പരാജയം പി. എൽ. ഒ. യെ

പുതിയ തീരുമാനങ്ങളെടുക്കുവാൻ നിർബന്ധിതമാക്കി. നില വിലെ ഉദ്യോഗസ്ഥ-പ്രഭു നിയന്ത്രണത്തിൽനിന്നുമാറി സ്വതന്ത്ര പ്രതിരോധ പ്രസ്ഥാനമായി പരിണമിക്കുകയും ഇസ്രായേലിനെ തിരെ സായുധ പോരാട്ടത്തിനാഹ്വാനം ചെയ്യുകയുമുണ്ടായി. ജൂൺ യുദ്ധത്തിനുശേഷം ഗാസാ മുനമ്പും ജോർദാനും കേന്ദ്രീ കരിച്ച് നിരവധി ഒളിപ്പോർ സംഘടനകൾ രൂപീകൃതമായി. അതിൽ പ്രധാനപ്പെട്ടതായിരുന്നു യാസിർ അറാഫത്തിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട അൽഫത്താഹ് പാർട്ടി. സി. ഇ. 1950-കളിൽ പലസ്തീൻ ജനതയുടെ അവകാശങ്ങൾക്ക് വേണ്ടി കുവൈറ്റിൽ സേവനമനുഷ്ഠിച്ചിരുന്ന പാലസ്തീനികൾ രൂപീക രിച്ച സംഘടനയായിരുന്നു അൽ ഫത്തഹ് പാർട്ടി. യാസിർ അറാ ഫത്തിന്റെ കീഴിലായിരുന്നു ഇത് രൂപീകരിച്ചത്. ഗൊറില്ല യുദ്ധമുറകളായിരുന്നു ഫത്തഹ് പാർട്ടി സ്വീകരിച്ചിരുന്നത്. കുവൈത്തിലും ജോർദ്ദാനിലും വളരെ വേഗം തന്നെ ഫത്തഹ് പാർട്ടി വ്യാപി ച്ചു. സി. ഇ. 1969 ൽ പി. എൽ. ഒ. യുടെ അദ്ധ്യക്ഷനായി യാസിർ അറാഫത്ത് തെരെഞ്ഞെടു ക്കപ്പെട്ടു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പലസ്തിൻ ജനതയുടെ മോചനത്തിനുവേണ്ടി പോരാടുന്ന മുഴുവൻ സംഘടനകളും പി. എൽ. ഒ യിൽ അണിനിരന്നു. സി. ഇ. 1969 മുതൽ 2004-ൽ അദ്ദേഹത്തിന്റെ മരണംവരെ പി. എൽ. ഒ. യുടെ അദ്ധ്യക്ഷ സ്ഥാനം അലങ്കരിച്ചത് യാസിർ അറാഫത്തായിരുന്നു. പലസ്തീൻ ജനതയുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള മുഴുവൻ ശ്രമങ്ങളയുമാണ് ഇൻതിഫാദ എന്നാണ് പലസ്തീനിലറിയപ്പെടുന്നത്.

പി.എൽ.ഒ. ചിഹ്നം



യാസർ അറാഫത്ത്

## ഹമാസ്

പലസ്തീൻ ജനതയുടെ അവകാശങ്ങൾ നേടിയെയുക്കാൻ വേണ്ടി സി. ഇ. 1981-ൽ രൂപീകൃതമായ സംഘടനയാണ് ഹമാസ്. പലസ്തീ നിലെ ഇഖ്വാനുൽ മുസ്‌ലിമൂൻ എന്ന സംഘടനയുടെ ശാഖ യായാണ് ഹമാസ് രൂപീകരിക്കുന്നത്. ശൈഖ് അഹമദ് യാസിൻ, അബ്ദുൾ അസീസ് അൽ രൻതിസി, സലാഹ് ഷിഹാദി തുടങ്ങിയ വരായിരുന്നു ഇതിന്റെ സ്ഥാപക നേതാക്കൾ. മതേതര രീതിയി ലുടെയും പാശ്ചാത്യരാജ്യങ്ങൾക്കൊപ്പം പ്രവർത്തിച്ചുക്കൊണ്ടും


ഹമാസ് ചിഹ്നം



ശൈഖ് അഹ്മദ് യാസീൻ

പലസ്തീൻ ജനങ്ങളുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന പി. എൽ. ഒ. യുടെ ആശയങ്ങളെ ഹമാസ് പൂർണമായും എതിർത്തു. ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്ന സംഘടനയുടെ ശാഖയായതുകൊണ്ടുതന്നെ പൂർണമായും ഇസ്‌ലാമികതത്വങ്ങൾക്ക് അടിസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ട് സായുധ പോരാട്ടങ്ങൾ നടത്തി ഇസ്രായേലിന്റെ പലസ്തീനിലേക്കുള്ള കടന്നുകയറ്റത്തെ പ്രതിരോധിക്കാനും ആഹ്വാനം ചെയ്യുന്ന സായുധ പോരാട്ടമായിരുന്നു ഹമാസ് മുന്നോട്ടുവെച്ചത്. പാശ്ചാത്യരാജ്യങ്ങളുടെയും ഇസ്രായേലിന്റെയും പാലസ്തീനി താൽപര്യങ്ങൾക്കെതിരേ പ്രതികരിക്കുന്ന സംഘടനയാണ് ഹമാസ്.

വിദ്യാസമ്പന്നരായ യുവാക്കളും വിദ്യാർത്ഥികളുമാണ് ഈ സംഘടനയിലെ ഭൂരിഭാഗം അംഗങ്ങളും. അഭയാർത്ഥി ക്യാമ്പുകളിൽ നിന്ന് പലസ്തീൻ സമൂഹത്തിന്റെ സാമൂഹ്യമായ അവകാശങ്ങളെ പുറം ലോകത്തെത്തിച്ചത് ഹമാസായിരുന്നു. പി. എൽ. ഒ. യുടെ കീഴിലുള്ള യൂണിഫൈഡ് നാഷ്ണൽ ലീഡർഷിപ്പിനു (യു.എൻ.എൽ) എതിരായിരുന്നു ഹമാസിന്റെ കീഴിൽ നിരവധി മതപരവും മതേതരവുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നുവന്നു. അങ്ങിനെ 1990-കളിൽ പലസ്തീന്റെ വിമോചനത്തിനു വേണ്ടി രൂപപ്പെട്ട സംഘടനകളിൽ ഏറ്റവും പ്രബലമായ സംഘടനയായി ഹമാസ്മാറി.



പലസ്തീൻ വിമോചനത്തിനുവേണ്ടി രൂപീകൃതമായ മതേതരവും മതപരവുമായ സംഘടകളുടെ പ്രവർത്തനങ്ങളെ താരതമ്യപ്പെടുത്തിക്കൊണ്ട് ഒരു സംവാദം സംഘടിപ്പിക്കുക.

## ഇൻതിഫാദ

ഇസ്രായേലിന്റെ പലസ്തീനിലേക്കുള്ള കടന്നുകയറ്റത്തെ ശക്തിയോടെ നേരിടാൻ പലസ്തീനിലെ അറബ് വംശജർ തീരുമാനമെടുക്കുകയും സായുധ പോരാട്ടത്തോടൊപ്പം പത്രമാധ്യമങ്ങളിലൂടെയും മറ്റുപാധികളുലൂടെയും തങ്ങളുടെ അവസ്ഥയും ലോകത്തെ അറിയിച്ചുകൊണ്ട് ഒരു സ്വതന്ത്രരാഷ്ട്രമെന്ന ആവശ്യത്തെ ലോകത്തിനു മുമ്പിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ 1987 ൽ തുടങ്ങിയ വിവിധ രീതിയിലുള്ള പ്രവർത്തനങ്ങളും ഉജ്ജ്വല പോരാട്ടങ്ങളും സമരമുറകളുമാണ് ഇൻതിഫാദ എന്നറിയപ്പെടുന്നത്. ഹമാസും ഇൻതിഫാദയും, പി. എൽ. ഒ. യുടെ സഹായത്തോടെ രൂപീകരിച്ച സംയുക്ത ദേശീയ നേതൃത്വമെന്ന പാലസ്തീനിൽ സ്ഥാപിതമായ പ്രാദേശിക ഭരണസംവിധാനത്തെ എന്നും എതിർത്തിരുന്നു. സി. ഇ. 1987-ൽ വെസ്റ്റ് ബാങ്കിലും ഗാസ മുനമ്പിലുമായിട്ടായിരുന്നു ഇൻതിഫാദയുടെ പ്രവർത്തനങ്ങൾക്ക് തുടക്കമിടു



ഇൻതിഫാദ പ്രവർത്തനം

ന്നത്. ഗാസയിൽ സി. ഇ. 1989 ഡിസംബറിൽ ഒരു ഇസ്രായേലി സൈനിക വാഹനം തട്ടി നാല് പാലസ്തിനികൾ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ആയിരകണക്കിന് പലസ്തീനികൾ ഇതിനെതിരെ ഗാസയിൽ ഒന്നിച്ചപ്പോൾ ഇസ്രായേൽസൈന്യം അവർക്കെതിരെ വെടിയുതിർക്കുകയും നിരവധി പലസ്തിനികൾ മരണപ്പെടുകയുമുണ്ടായി. വെസ്റ്റ് ബാങ്കിൽ സമ്മേളിച്ച പലസ്തീനികൾ കല്ലെറിഞ്ഞും, മറ്റുപകരണങ്ങൾ വലിച്ചെറിഞ്ഞും ഇസ്രായേലി സൈന്യത്തെ ശക്തമായി തുരത്താൻ ശ്രമിച്ചു. തുടർന്ന് പലസ്തീനി സമൂഹം മുഴുവനും ഈ യുദ്ധമുറ ഉപയോഗിക്കാൻ തുടങ്ങി. പലസ്തിൻ ജനതയെ ഇസ്രായേലിനെതിരെ തിരിയാൻ അഹ്വാനം ചെയ്തുകൊണ്ട് ഒരു പുതിയ നേതൃത്വം സാധാരണക്കാരുടെ കീഴിൽ അണിനിരന്നു. ചെറിയ കുട്ടികൾ വരെ ഇതിൽ അംഗങ്ങളായിരുന്നു. ഇൻതിഫാദയ്ക്കെതിരെ ഇസ്രായേൽ കടുത്ത ശിക്ഷാനടപടികൾ സ്വീകരിച്ചത് 1990–92 കളിൽ ഇൻതിഫാദയെ കൂടുതൽ ശക്തമാക്കി.


ഇൻതിഫാദ

## 1990–91 ലെ ഗൾഫ് പ്രതിസന്ധി

ശാത്തൽ അറബ് എണ്ണപ്പാടത്തിന്റെ അധികാരത്തെ ചൊല്ലിയായിരുന്നു ഇറാഖും ഇറാനും തമ്മിൽ ആദ്യത്തെ ഗൾഫ്‌യുദ്ധം നടക്കുന്നത്. ഇതിൽ വിജയിച്ച സദ്ദാംഹുസൈൻ പിന്നീട് അതിർത്തിപ്രദേശത്തെ ചൊല്ലിയും മറ്റു സാമ്പത്തിക കാരണങ്ങൾ കൊണ്ടുമാണ് കുവൈറ്റിനെതിരെ 1990 ആഗസ്റ്റ് 2–ന് ഗൾഫ് യുദ്ധമാരംഭിക്കുന്നത്. ഇറാഖിന്റെ 19–ാ മത്തെ പ്രവശ്യയായി കുവൈറ്റിനെ സദാം ഹുസൈൻ പ്രഖ്യാപിച്ചു. കുവൈറ്റിനെതിരെ കാരണമില്ലാതെയുള്ള സദ്ദാംഹുസൈന്റെ ആക്രമണത്തെ ലോകരാജ്യങ്ങൾ എതിർക്കുകയുണ്ടായി. സൗദി അറേബ്യയും യു.എസും ചേർന്ന് ഇറാഖിനെ യുദ്ധത്തിലൂടെ തോൽപ്പിക്കാൻ തീരുമാനമെടുത്തു. സി. ഇ. 1991 ജനുവരി–ഫെബ്രുവരി മാസങ്ങളിലായി. അമേരിക്കയും നാറ്റോസംഖ്യവും ഇറാഖിനെതിരെ യുദ്ധം പ്രഖ്യാപിച്ചു. "ഓപ്പറേഷൻ ഡസേർട്ട് ഷീൽഡ്  എന്ന ശക്തമായ പോരാട്ടം നടക്കുകയും പിന്നീട് യു.എൻ ഏജൻസി കുവൈ



പലസ്തീൻ

റ്റിൽ നിന്നും പിൻവാങ്ങാൻ സദ്ദാം ഹുസൈനിനോട് ആവശ്യപ്പെടുകയും ചെയ്തു. ലോകരാജ്യങ്ങളുടെ സംയുക്തസേനയെ നേരിടാൻ തീരുമാനിച്ച സദ്ദാംഹുസൈനെതിരെ "ഓപ്പറേഷൻ ഡസേർട്ട് സ്റ്റോം" എന്ന് പേരിൽ യു.എസിന്റെ കീഴിൽ ഏകദേശം 30-ഓളം വരുന്ന രാജ്യങ്ങളുടെ സഹായത്തോടെ യുദ്ധം പ്രഖ്യാപിച്ചു. സി. ഇ. 1991-ൽ ഈ സംയുക്ത സേന ഇറാഖിനെ പൂർണമായി പരാജയപ്പെടുത്തുകയും കുവൈറ്റിനെ മോചിപ്പിക്കുകയും ചെയ്തു.



ഗൾഫ് യുദ്ധം

## യുദ്ധത്തിന്റെ അനന്തരഫലങ്ങൾ


- മെസപ്പൊട്ടേമിയൻ സംസ്കാരത്തിന്റെ കേന്ദ്രമായ ഇറാഖിനെ നാശോന്മുഖമാക്കി.
- അഭയാർത്ഥി പ്രശ്നം കൂടുതൽ വഷളായി.
- പടിഞ്ഞാറൻ ഏഷ്യയിലെ ചോദ്യം ചെയ്യപ്പെടാത്ത രാഷ്ട്രീയ നിയന്ത്രണ ശക്തിയായി അമേരിക്ക ഉയർന്നു വന്നു.

പിന്നീട് ഉയർന്നുവന്ന ഇറാഖ്-ഇസ്രായേലി പ്രതിസന്ധികൾ ഇറാഖ്-കുവൈറ്റ് പ്രശ്നങ്ങൾക്കു ആക്കംക്കൂട്ടി.

### യുദ്ധകാരണം

ഇറാഖിന്റെയും കുവൈറ്റിന്റെയും ഇടയിൽ നിർദ്ദേശിച്ചിട്ടുള്ള അതിർത്തി അംഗീകരിക്കാൻ ഇറാഖ് തയ്യാറായില്ല. സി. ഇ. 1923-ലെ ഇറാഖ് - കുവൈറ്റ് കരാറിലൂടെ ബ്രിട്ടൻ അതിർത്തി നിർണയിക്കുകയും ആദ്യകാല കുവൈറ്റ് ഭരണാധികാരികളുടെ കീഴിൽ ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ പ്രദേശങ്ങൾ വടക്കൻഭാഗത്ത് കുവൈറ്റിനു നൽകുകയും ചെയ്തു. ഇത് പേർഷ്യൻ ഉൾക്കടലിലെ ഇറാഖിന്റെ അധികാരം കുറക്കാൻ വേണ്ടിയായിരുന്നു. ഇറാഖ് അറബ് രാജ്യങ്ങളിലെ മികച്ച നാവിക ശക്തിയാവുന്നതിനെ ബ്രിട്ടൻ എതിർത്തു. ബ്രിട്ടൻ വരച്ച ഈ അതിർത്തിരേഖ അംഗീകരിക്കാൻ ഇറാഖ് തയ്യാറായില്ല. കുവൈറ്റ് ബസറയുടെ ഒരു പ്രദേശമായിത്തന്നെ തുടരുകയെന്നതായിരുന്നു ഇറാഖിന്റെ ആവശ്യം.

സദ്ദാം ഹുസൈൻ കുവൈറ്റിനെതിരെ യുദ്ധം പ്രഖ്യാപിക്കുമ്പോൾ തന്നെ അമേരിക്കയുടെ എതിർപ്പും സൈനിക നടപടിയും പ്രതീക്ഷിച്ചിരുന്നു. കുവൈറ്റ് കീഴടക്കിയാൽ ഇറാഖ്, സൗദിക്ക് നേരെ തിരിയുമെന്ന് സൗദി ഭരണകൂടം ഭയക്കുകയും അത് അമേരിക്കയുടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തു. അതുകൊണ്ടുതന്നെ സൗദി അറേബ്യയെ ഇറാഖിന്റെ ആക്രമണത്തിൽ നിന്നും സംരക്ഷിക്കേണ്ടതാവശ്യമാണെന്ന് പ്രശ്രോളിയം ആവശ്യമായ അമേരിക്ക കരുതുകയും സഹായിക്കാനൊത്തുകയും ചെയ്തു.





ഓപറേഷൻ ഡിസർട്ട് സ്കോം

സൗദി അറേബ്യയുടെ സഹായാഭ്യർഥന മാനിച്ച് സി. ഇ. 1990-ൽ 20000-ൽപ്പരം അമേരിക്കൻ സൈനികരെ സൗദി അറേബ്യയിലേക്കയക്കുകയും ഓപ്പറേഷൻ ഡിസർട്ട് സ്റ്റോം എന്ന സൈനിക നടപടി ഇറാഖിനെതിരെ ആരംഭിക്കുകയുമുണ്ടായി.



ഗൾഫ്‌യുദ്ധം എണ്ണപ്പാടങ്ങളെ ബാധിക്കുന്നു

ഐക്യരാഷ്ട്ര സഭ നിരവധി പ്രമേയങ്ങളിലൂടെ ഇറാഖിനോട് കുവൈറ്റിൽ നിന്നും നിരുപാധികം പിൻവാങ്ങാൻ ആവശ്യപ്പെട്ടെങ്കിലും ഇറാഖതിനു തയ്യാറായില്ല. പന്ത്രണ്ട് തവണ സെക്യൂരിറ്റി കൗൺസിൽ ഇറാഖിനോട് നിരുപാധികം പിൻവാങ്ങാൻ ആവശ്യപ്പെട്ടു. തുടർന്ന് തുടർന്ന് സി. ഇ. 1991 ജനുവരി-1 ന് നാറ്റോസംഖ്യം തിരിച്ചടിക്കുകയും 42-ദിവസത്തെ സൈനിക നടപടിക്ക് ശേഷം ഇറാഖ് പൂർണമായും തകർക്കപ്പെടുകയും ചെയ്തു. തുടർന്ന് ഫെബ്രുവരി 27-ന് കുവൈറ്റിനെ അമേരിക്കയുടെ കീഴിലുള്ള സംയുക്തസേന മോചിപ്പിക്കുകയും ചെയ്തു.



ഗൾഫ് യുദ്ധത്തിനുശേഷം കേരളത്തിലേക്ക് തിരിച്ചുവന്ന പ്രവാസികളുമായി അഭിമുഖം നടത്തികൊണ്ട് ഒരു കുറിപ്പ് തയ്യാറാക്കുക.

## ഫലസ്തീൻ സമാധാന സന്ധി

ലോകശക്തിയായി അമേരിക്കമാറിയതും, ഇസ്രായേൽ ലേബർ ഗവൺമെന്റ് വന്നതും അറബ് - ഇസ്രായേൽ പ്രശ്ന പരിഹാരത്തിന്റെ മുഖം മാറ്റിമറിച്ചു. ഗൾഫ് യുദ്ധാനന്തരം അറബ് - ഇസ്രായേൽ പ്രശ്നപരിഹാരത്തിന് പ്രമേയം പാസാക്കാൻ അമേരിക്ക തീരുമാനിച്ചു. ഇൻതിഫാദയുടെ രൂപികരണത്തെ തുടർന്ന് ഇസ്രായേലും അമേരിക്കയും ഫലസ്തീനും പ്രതിരോധ പ്രവർത്തനങ്ങളെ പ്രധാന്യത്തോടെയായിരുന്നു വീക്ഷിച്ചത്. ഇസ്രേയൽ ലേബർ പാർട്ടി അധികാരത്തിൽ വന്നതു പലസ്തീൻ - ഇസ്രായേൽ പ്രശ്നങ്ങൾക്കു പരിഹാരം നിർദ്ദേശിക്കാനുള്ള തുടക്കമായി 1991 ൽ സ്പെയ്നിന്റെ തലസ്ഥാനമായ മാഡ്രിഡിൽ വെച്ച് അമേരിക്കയുടെയും സോവിയറ്റ് യൂണിയന്റെയും മധ്യസ്ഥതയിൽ ഇരു രാജ്യങ്ങളും തമ്മിൽ കരാറിൽ ഒപ്പുവെച്ചു. പലസ്തീൻ സമാധാന ചർച്ചകളുടെ തുടക്കമായിരുന്ന ഈ കരാറിൽ പി.എൽ.ഒ ആയിരുന്നു പലസ്തീനുവേണ്ടി ഒപ്പുവെച്ചത്.




സമാധാന ചർച്ച

തുടർന്ന് നിരവധി സമാധാന ചർച്ചകൾ പാശ്ചാത്യ രാജ്യങ്ങളുടെ മധ്യസ്ഥതയിൽ ഇസ്രായേലും ഫലസ്തീനും തമ്മിൽ നടന്നുവെങ്കിലും ഒന്നും വിജയിച്ചു കണ്ടില്ല. വെസ്റ്റ് ബാങ്കിന്റെയും ഗാസാ സ്ട്രിപ്പിന്റെയും ഉടമസ്ഥാവകാശത്തെ ചൊല്ലിയായിരുന്നു മുഖ്യചർച്ചകൾ നടന്നിരുന്നത്. ഇതിനു വിരാമമിടുന്നത്. മോസ്കോ, വാഷിംഗ്ടൺ എന്നിവിടങ്ങളിലായി ഈ കാലയളവിൽ നിരവധി സമാധാന ചർച്ചകൾ നടത്തപ്പെടുകയുണ്ടായി. ഇസ്രായേലിന്റെ നിയമവിരുദ്ധമായ അറബ് പ്രദേശങ്ങളിലേക്കുള്ള അധിനിവേശത്തെ അമേരിക്ക ശക്തമായെതിർത്തു. ഈ തർക്കം സി.ഇ. 1992-ഓടെ അതിന്റെ പാരമ്യത്തിലെത്തുകയും ഗാസാ മുനമ്പിൽ നിന്നും വെസ്റ്റ്ബാങ്കിൽ നിന്നും ഇസ്രായേൽ പിൻവാങ്ങാതെ, ഇസ്രായേലിനു നൽകാമെന്നേറ്റ 10 ദശലക്ഷം ഡോളർ ലോൺ തടഞ്ഞുവെക്കുമെന്ന് അമേരിക്ക പ്രഖ്യാപിക്കുകയും ചെയ്തു. സി. ഇ. 1992-ലെ ഇലക്ഷനിൽ ലേബർ പാർട്ടി നേതാവായ ഇശാഖ് റാബിൻ അധികാരത്തിൽ വന്നു. അദ്ദേഹം സി. ഇ. 1992-ൽ അമേരിക്കൻ നേതാക്കളെ സമീപിക്കുകയും സമാധാനസന്ധിക്ക് തയ്യാറാവുകയും ചെയ്തു.

സി. ഇ. 1993-ൽ വാഷിംഗ്ടണിൽ അറബ്-ഇസ്രായേലി നേതാക്കൾ ചേർന്ന് പതിനൊന്നാമത്തെ വട്ടമേശ സമ്മേളനം നടത്തി. ഇസ്രായേലും പാലസ്തീനും പരസ്പരം അംഗീകരിക്കുകയും, വെസ്റ്റ് ബാങ്കിനും, ഗാസാ മുനമ്പിനും സ്വയംഭരണാധികാരം നൽകുകയും ചെയ്തു. നോർവെയിലെ ഓസ്‌ലോവിൽ വെച്ച് ഇരുനേതാക്കളും ചർച്ചനടത്തി.

ഒരാഴ്ചയ്ക്കുശേഷം സി. ഇ. 1993 സെപ്റ്റംബർ-13 ന് വൈറ്റ്ഹൗസിൽ വെച്ച് ഇരുനേതാക്കളും വീണ്ടും ഒന്നിച്ചുകൂടുകയുണ്ടായി. യാസർ അറാഫത്തും ഇശാഖ് റാബിനും സമാധാന പരമായി പരസ്പരം അംഗീകരിക്കുന്ന കരാറിൽ ഒപ്പുവെയ്ക്കുകയും സൗഹൃദപരമായി പരിയുകയും ചെയ്തു. പ്രസ്തുത കരാറിന്റെ നിർദ്ദേശങ്ങളായിരുന്നു, സി. ഇ. 1993-ലെ ഓസ്‌ലോ ഉടമ്പടിയായി ലോകം അംഗീകരിച്ചത്. ഓസ്‌ലോ ഉടമ്പടി പ്രകാരം ആ രണ്ട് പ്രദേശങ്ങൾക്കും സ്വയം ഭരണാവകാശം നൽകാമെന്നു ഇരുരാജ്യങ്ങളും സമ്മതിച്ചു. പി. എൽ. ഒ. അദ്ധ്യക്ഷനായിരുന്ന യാസർ അറാഫത്ത് പങ്കെടുത്ത ഓസ്‌ലോ കരാറിന്റെ പ്രധാനപ്പെട്ട തീരുമാനങ്ങൾ ഇതായിരുന്നു.

- ഫലസ്തീനും ഇസ്രയേലും തമ്മിൽ പരസ്പര ധാരണയിലെത്തുന്ന കരാറായിരുന്നു ഇത്. ഇസ്രായേൽ അറാഫത്തിന്റെ കീഴിലുള്ള പി. എൽ. ഒ. യെ ഫലസ്തീൻ ജനതയുടെ അവകാശങ്ങൾ നേടിയെടുക്കാനുള്ള സംഘടനയായി അംഗീകരിച്ചു. അതുപോലെ ഇസ്രേലിലെ ജൂതവിഭാഗത്തിന് സമാധാനത്തോടെ ജീവിക്കാനുള്ള അവകാശമുണ്ടെന്ന് അംഗീകരിക്കുന്നതായി പി. എൽ. ഒ. പ്രഖ്യാപിച്ചു.
- ഈ കരാറിലൂടെ ഫലസ്തീൻ ജനതയ്ക്ക് സ്വയം ഭരണാധികാരം നൽകപ്പെട്ടു. ഫലസ്തീൻ ജനതയുടെ കീഴിലുള്ള പ്രദേശങ്ങളിൽ 5 വർഷത്തോളം നീണ്ടുനിൽക്കുന്ന താൽക്കാലിക ഫലസ്തീൻ സ്വയം ഭരണത്തിന് അധികാരം നൽകപ്പെട്ടു.
- ഗാസ സ്ട്രിപ്പ് വെസ്ററ് ബാങ്ക് എന്നിവിടങ്ങളിൽ നിന്നും ഇസ്രേയൽ പിൻവാങ്ങാനും അവിടെ പലസ്തീൻ ജനതയുടെ ഭരണം രൂപികരിക്കാനും കരാർ ആവശ്യപ്പെട്ടു.



ഓസ്‌ലോ കരാർ

- പലസ്തീൻ ജനതയുടെ സാമൂഹ്യപരവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനുവേണ്ടി ഫലസ്തീൻ കൗൺസിൽ എന്ന പേരിൽ ഒരു സംരംഭം ഓസ്ലോ കരാർ മുന്നോട്ടു വച്ചു.
- ഇസ്രയേലിലെ ജൂതതാമസകേന്ദ്രങ്ങൾ സംരക്ഷിക്കാനുള്ള ചുമതല ഇസ്രയൽ സൈന്യത്തിനു ഉണ്ടായിരിക്കുമെന്ന് പ്രഖ്യാപിച്ചു.




പലസ്തീൻ

1950 ൽ വീണ്ടും ഫലസ്തീൻ ഇസ്രയേൽ സമാധാന ചർച്ചകൾ ഓസ്ലോയിൽ വച്ച് നടത്തുകയുണ്ടായി. ഇതിനെ രണ്ടാം ഓസ്ലോ കരാർ എന്നറിയപ്പെടുന്നു. യു. എന്നിന്റെ നേതൃത്വത്തിലുള്ള എല്ലാ കരാറുകളെയും അവഗണിച്ചുകൊണ്ട് ഇസ്രായേൽ ഇന്നും ഫലസ്തീൻ പ്രദേശത്ത് ആക്രമങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നു.

ഒന്നാം ഓസ്ലോ കരാറിനുശേഷം വീണ്ടും ചർച്ചകൾ നടത്തുകയും സി.ഇ. 1998-ൽ ഐക്യരാഷ്ട്ര സഭയുടെ സെക്യൂരിറ്റി കൗൺസിൽ പ്രമേയം 242, 388 തുടങ്ങിയവയിലൂടെ താൽകാലിക ഓസ്ലോ നിബന്ധനകളെ കരാറായി പ്രഖ്യാപിച്ചു. ഒസ്ലോ തീരുമാനങ്ങൾ സി.ഇ. 1995 ലാണ് യു.എൻ. നിർദേശമായി രൂപപ്പെട്ടത്. അതുകൊണ്ട് ഇതിനെ രണ്ടാം ഓസ്ലോ കരാറെന്നും വിളിക്കപ്പെടുന്നു. ഇതിലൂടെയാണ് പലസ്തീൻ ജനതയക്ക് അന്താരാഷ്ട്രതലത്തിൽ സ്വീകാര്യത ലഭിച്ചത്.

### സംഗ്രഹം

*ഈ അധ്യായം ഇസ്രായേൽ രാഷ്ട്രത്തിന്റെ രൂപീകരണം, 1948, 1967, 1973-കളിലെ അറബ് ഇസ്രായേൽ യുദ്ധം, ഇറാനിയൻ വിപ്ലവം, സൂയസ് പ്രതിസന്ധി എന്നിവ ചർച്ചചെയ്യുന്നു. അതുപോലെ ആധുനിക ഇറാക്ക്, സിറിയ, ലെബനൻ, സൗദി അറേബ്യ എന്നിവയുടെ രൂപീകരണവും വിശദമാക്കുന്നു.*

## ചോദ്യങ്ങൾ

1. ഇസ്രായേലിന്റെ രൂപീകരണത്തെപ്പറ്റി ഒരു കുറിപ്പെഴുതുക.
2. ഇസ്രായേലിന്റെ രൂപീകരണത്തിൽ യുനിസ്കോപ്പിന്റെ പങ്കെന്തെന്നു വിശദമാക്കുക.
3. പലസ്തീൻ ഇസ്രായേൽ പ്രശ്നത്തിൽ യു എന്നിന്റെ പങ്ക് വിലയിരുത്തുക
4. ഗൾഫ് പ്രതിസന്ധി അവസാനിക്കുന്നതിൽ നിങ്ങളുടെ നിർദേശങ്ങൾ പങ്കുവെക്കുക.
5. സൂയസ് കനാൽ ദേശസാത്കരണത്തിലേക്ക് നയിച്ച കാരണങ്ങൾ വിശദമാക്കുക.

K5I4X7

# 7 മുസ്‌ലിം ഭരണം ഇന്ത്യയിൽ: രാഷ്ട്രം, സമൂഹം സംസ്കാരം

### പഠനനേട്ടങ്ങൾ

- ഡൽഹിയിലെ സുൽത്താൻഭരണത്തിന്റെ സംസ്ഥാപനത്തെ പറ്റി വിശദമാക്കുക.
- എങ്ങിനെയാണ് 'ഖിൽജികൾ' കമ്പോള നിലവാരം നിയന്ത്രിച്ചത് എന്നതിനെ കുറിച്ച് വിവരിക്കുക.
- മതസൗഹാർദവും സമർപ്പണവും വികസിച്ചുവന്നതിൽ സൂഫിസത്തിന്റെ പങ്ക് വിശകലനം ചെയ്യുക.
- മതസൗഹാർദം വികസിപ്പിക്കുക.
- സാംസ്കാരികവികാസത്തെ പ്രോത്സാഹിപ്പിക്കുക
- മതേതര കാഴ്ചപ്പാട് വളർത്തിയെടുക്കുക.
- വാസ്തുശില്പകല ആസ്വദിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കുക.
- സാഹിത്യകൃതികളെയും ഭാഷാഭേദങ്ങളെയും പരിചയപ്പെടുത്തുക.

### പ്രധാനാശയങ്ങൾ

- ഡൽഹിയിലെ സുൽത്താൻ ഭരണം
- ഖിൽജികളും കമ്പോള നിയന്ത്രണവും
- സൂഫിസം
- ഭക്തിപ്രസ്ഥാനം
- മുഗളൻമാർ
- അക്ബറും ദിൻ ഇലാഹിയും
- വാസ്തുശില്പകലയുടെ വികാസം
- ഭാഷകളുടെ വികാസം
- പേർഷ്യൻ, ഉറുദു, സംസ്കൃതസാഹിത്യങ്ങൾ

## മുസ്ലിം ഭരണത്തിന് ഒരു ആമുഖം

അറബികളും ഇന്ത്യയുമായുള്ള വ്യാപാരവാണിജ്യ സാംസ്കാരികബന്ധത്തിന് അറബികളുടെ സിന്ധാക്രമണത്തെക്കാൾ പഴക്കമുണ്ട് എഡി 7-ാം നൂറ്റാണ്ടിൽ ഇസ്ലാമിന്റെ വരവോടു കൂടി അറബികൾ സമുദ്രവ്യാപാരത്തിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ചു. ഇസ്ലാമിന്റെ 2-ാം ഖലീഫയായ ഉമർ അധികാരത്തിൽ എത്തിയതോടെ സമുദ്രാന്തരവ്യാപാരത്തിന്റെ വ്യാപ്തി വർധിച്ചു. ബസറാ, ഷാത്തുൽ അറബ്, ഫ്സോക്കോട്ടറ തുടങ്ങിയ പ്രദേശങ്ങളിൽ അദ്ദേഹം വ്യാപാരതുറമുഖങ്ങൾ നിർമിച്ചു. അറേബ്യയും കിഴക്കൻ ഏഷ്യൻ രാജ്യങ്ങളും തമ്മിലുള്ള വ്യാപാരം പ്രധാനമായും നടന്നിരുന്നത് ഇന്ത്യ വഴിയായിരുന്നു. ഇത് ഇന്ത്യയുടെ തീരപ്രദേശങ്ങളിലേക്ക് അറബ് കുടിയേറ്റത്തിനിടയാക്കി. 7-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി മുസ്ലിം കച്ചവടക്കാരായ അറബികളും പേർഷ്യൻ വംശജരും ഇന്ത്യയുടെ പടിഞ്ഞാറെ തീരത്ത്, പ്രധാനമായും മലബാർ തീരങ്ങളിൽ അവരുടെ വ്യാപാര കേന്ദ്രങ്ങൾ സ്ഥാപിച്ചിരുന്നു.



ബനാറസ്

സി.ഇ. 661-ൽ ഡമസ്ക്കസിൽ ഉമവി ഖിലാഫത്ത് സ്ഥാപിക്കപ്പെട്ടു. ഉമവി ഖലീഫ അൽവലീദിന്റെ കാലഘട്ടത്തിൽ പേർഷ്യയിലെ ഗവർണർ ആയിരുന്ന ഹജ്ജാജ് ഇബിൻ യൂസഫ് അദ്ദേഹത്തിന്റെ സൈനിക മേധാവി മുഹമ്മദ് ഇബിൻ ഖാസിമിനെ ഇന്ത്യ ആക്രമിക്കാൻ വേണ്ടി നിയോഗിച്ചു. 712- ൽ ഇന്ത്യയിൽ എത്തിയ മുഹമ്മദ് ഇബിൻ ഖാസിം സിന്ധ് കീഴടക്കി . അറബികളുടെ സിന്ധാക്രമണം പ്രധാനമായും ആശയങ്ങളുടെ കൈമാറ്റത്തിനാണ് കാരണമായത്. അറബി മുസ്ലിങ്ങളും അവരുടെ ഹിന്ദുസഹോദരൻമാരും വർഷങ്ങളോളം സമാധാനത്തിലും സഹവർത്തിത്വത്തിലും ജീവിച്ചു പോന്നതായി പ്രശസ്ത ചരിത്രകാരൻമാരായ അൽമസൂദിയും ഇബിൻ ഹർക്കലും രേഖപ്പെടുത്തുന്നു. വിഖ്യാതനായ അറബ് വാനശാസ്ത്രജ്ഞൻ അബുമശ്ഹർ ബനാറസിൽ എത്തുകയും അവിടെ നിന്ന് 10 വർഷത്തോളം വാനശാസ്ത്രത്തിൽ പഠനം നടത്തുകയും ചെയ്തതായി അമീർ ഖുസ്രു സൂചിപ്പിക്കുന്നു.

## ഗസ്നികൾ

9-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ട്രാൻസ് ഓക്സിയാന, ഖുറാസാൻ പേർഷ്യയുടെ ചില ഭാഗങ്ങൾ എന്നിവ ഭരിച്ചിരുന്നത് പേർഷ്യൻ വംശത്തിൽപ്പെട്ട സമാനിഡുകൾ ആയിരുന്നു. സമാനിഡ് ഗവർണർമാരിൽപ്പെട്ട തുർക്കി വംശജനും അടിമയുമായ അലാപ്തജിൻ, ഗസ്നി തലസ്ഥാനമാക്കിക്കൊണ്ട് സ്ഥാപിച്ച രാജവംശമാണ് ഗസ്നാവിഡ് രാജവംശം. അലാപ്തജിന്റെ അടിമ സബുക്തജിൻ ഹിന്ദുഷാഹി ഭരണകൂടത്തിന്റെ നിയന്ത്രണത്തിൽ ഉണ്ടായിരുന്ന ലാംഗാന, പേർഷ്യൻ അതിർത്തി പ്രദേശമായിരുന്ന സിസ്ടിൻ എന്നിവ കീഴടക്കുകയും ഗസ്നി ഏകീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. സബുക്തജിന്റെ മകനും പിൻഗാമിയുമായ സുൽത്താൻ മഹമൂദ് (999–1103) തന്റെ പിതാവിന്റെ നയങ്ങൾ പിന്തുടരുകയും തന്ത്രപ്രധാനമായ സ്ഥലങ്ങളും അതിർത്തിപ്രദേശങ്ങളും കീഴടക്കുകയും ചെയ്തു. ഇന്ത്യയിലേക്കുള്ള ഭാവി ആക്രമണത്തിന്റെ തുടക്കമായിരുന്നു ഇത്.

17 പ്രാവശ്യം ഇന്ത്യ ആക്രമിക്കുകയും വിജയിക്കുകയും ചെയ്ത മഹമൂദ് ഒരിക്കൽ പോലും രവി

നദിക്ക് അപ്പുറത്തുള്ള പ്രദേശങ്ങൾ തന്റെ സാമ്രാജ്യത്തോട് കൂട്ടിച്ചേർത്തിരുന്നില്ല. 1001-ൽ ഹിന്ദു ഷാഹി ഭരണാധികാരികൾക്ക് എതിരെ അദ്ദേഹം ആക്രമണം നടത്തി. ഹിന്ദു ഷാഹി ഭരണാധികാരിയായ ജയപാലനെ മഹമൂദ് പരാജയപ്പെടുത്തുകയും തലസ്ഥാനമായ വാഹിന്ദിലേക്ക് നീങ്ങുകയും ചെയ്തു. മുൾത്താനിലെ മുസ്ലിം ഭരണാധികാരികൾക്കെതിരെയും മഹമൂദ് ആക്രമണം നടത്തുകയുണ്ടായി. ജയപാലന്റെ മകൻ അനന്തപാലനും മുൾത്താനിലെ മുസ്ലിം ഭരണാധികാരിയും സംയുക്തമായി മഹമൂദിനെതിരെ സൈനിക മുന്നേറ്റം സംഘടിപ്പിച്ചു. ഹിന്ദുഷാഹി ഭരണാധികാരികളിൽ നിന്നു പഞ്ചാബ് പിടിച്ചെടുത്ത മഹമൂദ് തുടർന്ന് ഗംഗാസമതലത്തിലേക്ക് മൂന്ന് തവണ ആക്രമണം നടത്തുകയുണ്ടായി. മഹമൂദ്ഗസ്നി ഇന്ത്യയിലെ പ്രധാനപ്പെട്ട പട്ടണങ്ങളും ആരാധനാലയങ്ങളും ആക്രമിച്ച് അതുവഴി ലഭിച്ച സമ്പത്തുകൾ ഉപയോഗിച്ച് തന്റെ രാജ്യത്തെ തകർന്ന സാമ്പത്തിക വ്യവസ്ഥ പുനരുജ്ജീവിപ്പിക്കാൻ ശ്രമിച്ചു. 1018-ൽ ഖനൗജും 1025-ൽ സോമനാഥും ഗസ്നി ആക്രമിച്ച് കീഴ്പ്പെടുത്തി. ഈ ആക്രമണങ്ങൾക്ക് ശേഷം മഹമൂദ് അളവറ്റ സമ്പത്തുമായി തന്റെ രാജ്യമായ ഗസ്നിയിലേക്ക് മടങ്ങുകയും ഈ പണം ഉപയോഗിച്ചു കൊണ്ട് മധ്യേഷ്യയിലെ തന്റെ ശത്രുക്കൾക്ക് എതിരെ മുന്നേറ്റങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

യഥാർഥത്തിൽ മഹമൂദിന്റെ ഇന്ത്യൻ ആക്രമണത്തിൽ കാര്യമായ രാഷ്ട്രീയലക്ഷ്യങ്ങളൊന്നുംതന്നെ ഉണ്ടായിരുന്നില്ല. മഹമൂദിന്റെ പ്രധാനലക്ഷ്യം വിശാലമായ ഒരു ടർക്കോ പേർഷ്യൻ സാമ്രാജ്യം സ്ഥാപിക്കുന്നതിനുള്ള വിഭവങ്ങൾ ശേഖരിക്കുക എന്നതാണ്. അതേ സമയം അദ്ദേഹത്തിന്റെ ആക്രമണം തുടർന്നു വന്ന വൈദേശികാക്രമണങ്ങൾക്കു കാരണമായി. ഇത് ഇന്ത്യയെ സാമ്പത്തികമായും രാഷ്ട്രീയമായും ദുർബലപ്പെടുത്തി. പഞ്ചാബ് ഗസ്നാവിഡ് സാമ്രാജ്യത്തിന്റെ ഭാഗമാകാനും പഞ്ചാബ് മുസ്ലിം ആധിപത്യത്തിന്റെ അതിർത്തിരേഖയായി മാറുവാനും ഈ ആക്രമണങ്ങൾ സഹായകമായി.

ഇന്ത്യയിൽനിന്നു കടത്തിക്കൊണ്ടു പോയ അളവറ്റ സമ്പത്ത് തന്റെ തലസ്ഥാനനഗരം മോടിപിടിപ്പിക്കുന്നതിന് വേണ്ടിയാണ് മഹമൂദ്ഗസ്നി ഉപയോഗിച്ചത്. 1030-ൽ മഹമൂദ്ഗസ്നിയുടെ മരണത്തോടെ ഗസ്നാവിഡ് സാമ്രാജ്യം ഗസ്നിയിലും പഞ്ചാബിലുമായി ഒതുക്കപ്പെട്ടു. ഗസ്നാവിഡുകൾ ഇന്ത്യയിലേക്കുള്ള അവരുടെ ആക്രമണപരമ്പര തുടർന്നുകൊണ്ടേയിരുന്നു. അതേസമയം വടക്കേ ഇന്ത്യയിൽ ഉയർന്നുവന്ന പുതിയ രാഷ്ട്രീയസമൂഹങ്ങൾ ഒരുപരിധിവരെ ഗസ്നാവിഡുകളെ തകർക്കുന്നതിൽ വിജയം കണ്ടു.

## ഘോറികൾ

1173-ൽ മുഹമ്മദ് ഘോറി ഗസ്നിയിൽ അധികാരത്തിൽ എത്തി. ഷൻസാബനി രാജവംശത്തിൽപ്പെട്ട മുഹമ്മദ് ഘോറി തന്റെ സാമ്രാജ്യത്തിന്റെ ഭാഗമായ വടക്കുപടിഞ്ഞാറൻ ഇന്ത്യൻ പ്രദേശങ്ങൾ ആക്രമിച്ചു. 1175- ൽ മുഹമ്മദ് ഘോറി കർമ്മാതിയൻമാരുടെ കൈകളിൽ നിന്നു മുൾത്താൻ പിടിച്ചെടുത്തു.

1178-ൽ അൻ-ഹിൽവാലയിലേക്ക് ഘോറി മുന്നേറ്റം സംഘടിപ്പിച്ചെങ്കിലും പരാജയപ്പെടുകയായിരുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡം പൂർണമായും കീഴടക്കണമെങ്കിൽ പഞ്ചാബ് തന്റെ അധീനതയിൽ ആയിരിക്കണമെന്ന് ഘോറി മനസ്സിലാക്കി. തൽഫലമായി പഞ്ചാബിലെ ഗസ്നാവിഡുകൾക്കെതിരെ അദ്ദേഹം സൈന്യത്തെ നയിച്ചു. 1190-ൽ പെഷവാർ, ലാഹോർ, സിയാൽക്കോട്ട് തുടങ്ങിയ പ്രദേശങ്ങൾ കീഴടക്കുകയും ഈ വിജയം ഡൽഹിയിലേക്കും ഗംഗാസമതലത്തിലേക്കും അദ്ദേഹത്തിന്റെ ശ്രദ്ധ തിരിയാൻ കാരണമാവുകയും ചെയ്തു.

അതേസമയം, അജ്മീറിലെ രജപുത്രവിഭാഗമായ ചൗഹാൻമാർ വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ ശക്തമായ രീതിയിൽ വളർന്നുവന്നിരുന്നു. അവർ കിഴക്കൻ രാജസ്ഥാനെ തങ്ങളുടെ വരുതിയിലാക്കുകയും തോമറിൽ നിന്നു ഡൽഹി പിടിച്ചെടുക്കുകയും ചെയ്തു. ചൗഹാൻമാരുടെ പഞ്ചാബിലേക്കുള്ള രാഷ്ട്രീയവ്യാപന ശ്രമങ്ങൾ ഗസ്നവികളുമായുള്ള സംഘർഷത്തിനു കാരണമായി.


1182-ൽ മുഹമ്മദ് ഘോറി ഗോമൽചുരം കടന്ന് വരുകയും സിന്ധ് കീഴടക്കുകയും ചെയ്തു. 1182-ൽ ഘോറി ലാഹോർ കീഴടക്കി. ഗംഗാസമതലത്തിന്റെ നിയന്ത്രണം രജപുത്രൻമാരിൽ നിന്നു പിടിച്ചെടുത്തു 1191-ൽ പൃഥിരാജ് ചൗഹാന്റെ നേതൃത്വത്തിലുള്ള രജപുത്ര സൈന്യം ഡൽഹിയിലെ തറൈൻയുദ്ധക്കളത്തിൽവെച്ച് മുഹമ്മദ്ഘോറിയെ പരാജയപ്പെടുത്തി. രജപുത്രൻമാർ വിജയിച്ച ഈ യുദ്ധമാണ് ഇന്ത്യാചരിത്രത്തിൽ ഒന്നാം തറൈൻയുദ്ധം എന്ന പേരിൽ അറിയപ്പെടുന്നത്. 1192-ൽ അതേ യുദ്ധക്കളത്തിൽവെച്ച് മുഹമ്മദ്ഘോറി പൃഥ്വിരാജ് ചൗഹാനെ പരാജയപ്പെടുത്തി. ഇത് രണ്ടാം തറൈൻ യുദ്ധം എന്ന പേരിൽ അറിയപ്പെടുന്നു. ഇതോടെ രജപുത്ര ശക്തി ക്ഷയിക്കുകയും ഡൽഹി മുസ്ലിം ഭരണത്തിനു കീഴിൽ വരികയും ചെയ്തു. തുടർന്ന് മുഹമ്മദ് ഘോറി ഗംഗാ,യമുന സമതലപ്രദേശങ്ങളും ബിഹാർ, ബംഗാൾ എന്നിവയും തന്റെ ഭരണത്തിൻ കീഴിൽ കൊണ്ടു വന്നു. മുഹമ്മദ് ഘോറിയുടെ ആക്രമണം ഇന്ത്യാചരിത്രത്തിൽ പുതിയ ഒരു യുഗത്തിന് നാന്ദി കുറിച്ചു. 1206-ൽ ഗസ്നിയിലേക്ക് തിരിച്ചുപോയ മുഹമ്മദ് ഘോറി അവിടെ വച്ച് കൊല്ലപ്പെടുകയായിരുന്നു.

## അടിമ രാജവംശം (1206-1290)

മുഹമ്മദ് ഘോറിയുടെ ആക്രമണം ഇന്ത്യയുടെ രാഷ്ട്രീയചരിത്രത്തിൽ വഴിത്തിരിവായി മാറുകയായിരുന്നു. 1206-ൽ ഡൽഹിയിൽ സുൽത്താൻഭരണത്തിന് തുടക്കമിട്ടത് ഘോറിയുടെ ആക്രമണമായിരുന്നു. പിടിച്ചെടുത്ത പ്രദേശങ്ങൾ തന്റെ അടിമയും ആദ്യകാല സൈനികമേധാവിയുമായ കുത്തുബുദ്ദീൻ ഐബക്കിനെ ഏൽപ്പിക്കുകയും ഘോറി സ്വദേശത്തേക്ക് മടങ്ങുകയും ചെയ്തു. സ്വദേശത്ത് വച്ച് ഘോറി മരണമടഞ്ഞപ്പോൾ കുത്തുബുദ്ദീൻ ഐബക്ക് ഘോറി പിടിച്ചെടുത്ത ഇന്ത്യൻ പ്രദേശങ്ങളുടെ അധിപനായിമാറി. 1206-ൽ കുത്തുബുദ്ദീൻ ഐബക്കാണ് അടിമവംശം അഥവാ, മംലൂക്ക് രാജവംശം സ്ഥാപിച്ചത്. 1206-മുതൽ 1210 വരെ അദ്ദേഹം ഡൽഹിയിലെ സുൽത്താനായിരുന്നു. 1210-ൽ പോളോ കളിക്കുമ്പോൾ കുതിരപ്പുറത്തുനിന്നുണ്ടായ വീഴ്ചയുടെ ഫലമായി അദ്ദേഹം മരണമടഞ്ഞു. ഡൽഹിയിലെ സുൽത്താൻ ഭരണത്തിന്റെ സ്ഥാപകൻ എന്ന പേരിലറിയപ്പെടുന്നത് കുത്തുബുദ്ദീൻ ഐബക്കാണ്

കുത്തുബുദ്ദീൻ ഐബക്കിനെ തുടർന്ന് ഇൽത്തുമിഷ് (1210-1236) ഡൽഹിയിലെ രണ്ടാമത്തെ സുൽത്താനായി അവരോധിക്കപ്പെട്ടു. ഘോറി പിടിച്ചെടുത്ത പ്രദേശങ്ങൾ ഇൽത്തുമിഷ് ഏകീകരിച്ചു. പുതിയരാഷ്ട്രത്തിന്റെ തലസ്ഥാന നഗരമായി ഡൽഹിയെ മാറ്റിയെടുത്തു. പുതിയ ഒരു ഏകാധിപത്യ ഭരണ രീതിയും ഒരു ഭരണവിഭാഗവും അദ്ദേഹം വികസിപ്പിച്ചെടുത്തു. 1229-ൽ ഡൽഹി സുൽത്താനേറ്റിനെ ബാഗ്ദാദിലെ ഖിലാഫത്തുമായി കൂട്ടിയോജിപ്പിക്കുന്ന ഒരു പ്രഖ്യാപനം അദ്ദേഹം നടത്തി. ഇക്ത സംവിധാനം നടപ്പിലാക്കിയത് ഇൽത്തുമിഷാണ്. സൈന്യം, കറൻസി, ഭൂനികുതി എന്നിവ ഡൽഹിസുൽത്താനത്തിന്റെ ഭരണത്തിൽ വലിയ പങ്ക് വഹിച്ചു. ഇക്ത എന്നാൽ ശമ്പളത്തിന് പകരം ഉദ്യോഗസ്ഥൻമാർക്ക് ഭൂമി പതിച്ചുനൽകുന്ന രീതിയാണ്. ഇങ്ങനെ ലഭിക്കുന്ന ഭൂമിക്ക് പാരമ്പര്യ അവകാശം ഉണ്ടാവുകയില്ല. സഹായധനം ലഭിച്ച ഭൂമി ഒരു ഉദ്യോഗസ്ഥനു ശേഷം അടുത്തു വരുന്ന ഉദ്യോഗസ്ഥന് കൈമാറുന്ന രീതിയായിരുന്നു നിലവിലു

ണ്ടായിരുന്നത്. കൂടുതൽ ഭരണപരമായ ഉത്തരവാദിത്വം ഉള്ളവർക്ക് നൽകിയ ഇക്തയും കൂടുതലായിരിക്കും. കേന്ദ്രവുമായി ബന്ധിപ്പിക്കുന്ന തരത്തിലായിരുന്നു ഇക്താ സമ്പ്രദായം സാമ്രാജ്യത്തിൽ നടപ്പിലാക്കിയത് . സുൽത്താനത്തിന്റെ സൈന്യത്തെ രാജ്യത്തിന്റെ സൈന്യം എന്ന രീതിയിലാണ് അംഗീകരിച്ചിരുന്നത്. കേന്ദ്ര സർക്കാറിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലുള്ള സൈന്യത്തിലേക്ക് നേരിട്ട് നിയമനം നടത്തുകയും കേന്ദ്രംതന്നെ ശമ്പളം നൽകുകയും ചെയ്തിരുന്നു. നാണയപരിഷ്ക്കരണത്തിന്റെ ഭാഗമായി വെള്ളിയും തങ്കവും ചെമ്പും ജിത്തലും കൊണ്ടുവന്നത് ഇൽത്തുമിഷ് ആണ് . ഇൽത്തുമിഷ് ഭരിക്കുമ്പോൾ അദ്ദേഹം ധാരാളം പ്രശ്നങ്ങളെ അഭിമുഖീകരിച്ചിരുന്നു .അദ്ദേഹത്തിന് ശേഷമാണ് മംഗോൾ നേതാവ് ചെംഗിസ്ഖാന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ ആക്രമണം തുടങ്ങിയത്. മംഗോളുകൾ സിന്ധ് മേഖല കീഴടക്കുകയും പലപ്പോഴും രവിനദി മുറിച്ച് കടന്ന് പഞ്ചാബിലേക്ക് തങ്ങളുടെ ആക്രമണ പരമ്പര തുടരുകയും ചെയ്തിരുന്നു. ചില വർഷങ്ങളിൽ മംഗോളിയൻമാർ പഞ്ചാബിനെ പൂർണമായും തങ്ങളുടെ വരുതിയിൽ ആക്കുകയും സുൽത്താൻ ഭരണത്തിന് വലിയ ഭീഷണിയുയർത്തുകയും ചെയ്തു. ഇൽത്തുമിഷിനെ തുടർന്ന് അദ്ദേഹത്തിന്റെ മകൾ റസിയ സുൽത്താന (1236-1239) അധികാരത്തിലെത്തി. പ്രശ്നസങ്കീർണമായ ഒരു കാലഘട്ടത്തിലാണ് റസിയ അധികാരത്തിലെത്തിയത്. ഡൽഹിയിലെ ആദ്യത്തെ വനിതാ ഭരണാധികാരി കൂടിയാണ് റസിയ സുൽത്താന. ഒരു സ്ത്രീ എന്ന നിലയിൽ റസിയയ്ക്ക് ഭരണത്തിൽ ധാരാളം പ്രശ്നങ്ങൾ നേരിട്ടു. ആ കാലഘട്ടത്തിൽ രൂപീകരിക്കപ്പെട്ട തുർക്കി പ്രമുഖൻമാരുടെ സംഘടനയായ ദ ഫോർട്ടി (ചഹൽഗാനി) റസിയയ്ക്കെതിരെ കലാപം സൃഷ്ടിച്ചു. അവസാനം റസിയ കൊല്ലപ്പെട്ടു. സുൽത്താനയായി ഒരു സ്ത്രീയെ നാമനിർദേശം ചെയ്തത് ചരിത്രത്തിൽ ഒരു പുതുമയായി. അവർ സ്ത്രീവേഷം ഒഴിവാക്കുകയും പുരുഷ വേഷം ധരിക്കുകയും മുഖം മറക്കാതെ രാജ്യസഭയിൽ എത്തുകയും ചെയ്തു. ജലാലുദ്ദീൻ യാകൂത്ത് എന്ന അബ്സിനിയൻ അടിമയുമായി അവർക്ക് ഉണ്ടായ അതിരു കടന്ന സൗഹൃദം പലതരത്തിലുള്ള ആരോപണങ്ങൾക്ക് കാരണമായി. പിന്നീട് യാകൂത്ത് കൊല്ലപ്പെടുകയും റസിയയെ തബർഹിന്ദയിൽ ജയിലിൽ അടയ്ക്കുകയും ചെയ്തു. എന്നാൽ റസിയ തന്റെ പടത്തലവനായിരുന്ന അൾതൂനിയയെ സ്വാധീനിക്കുകയും വിവാഹം കഴിക്കുകയും ചെയ്തു കൊണ്ട് ഡൽഹി ഭരണം പിടിച്ചെടുക്കാൻ ശ്രമിച്ചെങ്കിലും 1246-ൽ അവർ പരാജയപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തു. സുൽത്താന്റെമേലുള്ള രാഷ്ട്രീയസ്വാധീനം വർധിപ്പിക്കാൻ ദ ഫോർട്ടി ശ്രമിച്ചപ്പോൾ സുൽത്താൻ അവരെ പൂർണമായും ദുർബലമാക്കാൻ ആഗ്രഹിച്ചു. അതേ സമയം ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള തന്റെ രാജകീയമായ പ്രത്യേകാധികാരം അടിയറവെക്കാനും അദ്ദേഹം തയ്യാറായില്ല. ഇത്തരത്തിലുള്ള സന്തുലിതാവസ്ഥ നിലനിർത്താൻ ഇൽത്തുമിഷിന് സാധിച്ചെങ്കിലും അദ്ദേഹത്തിന്റെ മരണശേഷം ആ ശ്രമവും വിഫലമായി. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് റസിയ സുൽത്താനയെ അംഗീകരിക്കാൻ ചില ഉന്നതകുലജാതർ തയ്യാറാകാതിരുന്നത്. അതിനുകാരണം അവർ ടർക്കിഷ് വിഭാഗത്തിൽപ്പെട്ട ഒരു കൂട്ടം ആളുകളെ സംഘടിപ്പിക്കുകയും ദ ഫോർട്ടിക്ക് സമാന്തരമായി നിൽക്കുകയും ചെയ്തു. രാജ്യത്ത് ഇതേ അവസ്ഥതന്നെ നസറുദ്ധീൻ മഹ്മൂദിന്റെ കാലത്തും തുടരുകയുണ്ടായി. എന്നാൽ ബാൽബൻ അധികാരത്തിൽവന്നപ്പോൾ ഫോർട്ടിയുടെ അധികാരം ലഘൂകരിക്കപ്പെട്ടു.



ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഏഷ്യയിലെ വനിതാ ഭരണാധികാരികളുടെ പേര് ശേഖരിക്കുക.

### ഫോർട്ടി അഥവാ, ചഹൽഗാനിയും സുൽത്താനുമായുള്ള ബന്ധം

കുത്തുബുദ്ധീൻ ഐബക്ക് ഡൽഹിയിലെ സുൽത്താനായി അവരോധിക്കപ്പെട്ടപ്പോൾ ചില പ്രധാനപ്പെട്ട കുലീനവിഭാഗങ്ങൾ അദ്ദേഹത്തിന്റെ അധികാരം അംഗീകരിക്കാൻ തയ്യാറായില്ല. കുത്തുബുദ്ദീൻ ഐബക്കിനെ തുടർന്ന് അധികാരത്തിൽ എത്തിയ ഇൽത്തുമിഷും സമാനമായ പ്രശ്നങ്ങളെ അഭിമുഖീകരിച്ചു. സൈനികശക്തികൊണ്ടും നിയന്ത്രണപരതകൊണ്ടുമാണ് ഇൽത്തുമിഷ് ഈവിഷയത്തെ മറികടന്നത്. പിൽക്കാലത്ത് ഇൽത്തുമിഷ് പ്രഭുക്കൻമാരുടെ ഒരു സംഘടന രൂപീകരിച്ചു. ഈ സംഘടന ദ ഫോർട്ടി അഥവാ ചഹൽഗാനി എന്ന പേരിലറിയപ്പെട്ടു. സുൽത്താനോട് വ്യക്തിപരമായി അടുപ്പം കാണിച്ചിരുന്ന അംഗങ്ങളായിരുന്നു ചഹൽഗാനിയിൽ ഉണ്ടായിരുന്നത്. സ്വാഭാവികമായും ചഹൽഗാനിയിൽ അംഗങ്ങൾ അല്ലാതിരുന്ന പ്രഭുക്കൻമാർക്ക് അവരോട് അസൂയ തോന്നി. അതേസമയം ചഹൽഗാനിയിലെ അംഗങ്ങൾ തങ്ങളുടെ രാഷ്ട്രീയ സ്വാധീനം പുനഃസ്ഥാപിക്കുവാനും വർധിപ്പിക്കുവാനും അതുവഴി സുൽത്താനെ ദുർബലപ്പെടുത്താനും ശ്രമങ്ങൾ തുടങ്ങി. ഇൽത്തുമിഷിന്റെ മരണശേഷം ഫോർട്ടിയിലെ അംഗങ്ങളും രാജകുടുംബങ്ങളും തമ്മിൽ അധികാരവടംവലി നടന്നു. ഇൽത്തുമിഷിനുശേഷം അധികാരത്തിൽ എത്തിയ റസിയയെയും അംഗീകരിക്കാൻ അവർ തയ്യാറായില്ല. ദ ഫോർട്ടി അഥവാ, ചഹൽഗാനിക്ക് എതിരെ തുർക്കികൾ അല്ലാത്ത ജനവിഭാഗങ്ങളെ സംഘടിപ്പിക്കുകയും അത് ഫോർട്ടിക്ക് എതിരെ ഉപയോഗിക്കുകയും ചെയ്തു എന്നതാണ് റസിയക്ക് എതിരെ ഉന്നയിക്കപ്പെട്ട പ്രധാന ആരോപണം. നാസറുദ്ദീൻ മുഹമ്മദിന്റെ കാലം വരെ ഈ അസന്തുലിതാവസ്ഥ സുൽത്താൻ ഭരണത്തിന്റെ ഭാഗമായി നിലകൊണ്ടു. ബാൽബൻ അധികാരത്തിൽ വന്നതോടെ ചഹൽഗാനിയുടെ സ്വാധീനം കുറയുകയും പുതിയ രാഷ്ട്രീയ പരിതസ്ഥിതികൾ രൂപപ്പെടുകയും ചെയ്തു.


ഡൽഹി സുൽത്താനത്തിലെ പ്രധാന ഭരണാധികാരിയായിരുന്നു ബാൽബൻ (1265-1285). ഫോർട്ടിയിലെ അംഗമായ ബാൽബൻ 1265 ലാണ് ഡൽഹിയിലെ സുൽത്താനായി അവരോധിക്കപ്പെട്ടത് ആദ്യകാലഘട്ടത്തിൽ അധികാരത്തിലെത്തിയപ്പോൾ ഫോർട്ടി അഥവാ ചഹൽഗാനിയെതകർക്കാനുള്ള ശ്രമമാണ് ബാൽബൻ നടത്തിയത്. ഏകാധിപത്യം ശക്തിപ്പെടുത്താനും എല്ലാ അധികാരങ്ങളും തന്റെ കൈകളിൽ കേന്ദ്രീകരിക്കാനും ബാൽബൻ ശ്രമിച്ചു. രാജാവ് ദൈവത്തിന്റെ പ്രതിപുരുഷനാണ് (സില്ലുല്ലാഹ്) എന്നാണ് അദ്ദേഹം പ്രഖ്യാപിച്ചത്. ജന്മംകൊണ്ട് ഉന്നതൻ എന്നും താഴ്ന്നവൻ എന്നുമുള്ള വാദത്തെ അദ്ദേഹം അരക്കിട്ടുറപ്പിച്ചു. ശക്തമായ ഒരു കേന്ദ്രീകൃതസൈന്യത്തെ ബാൽബൻ നിലനിർത്തി. ബാൽബൻ ഡൽഹിയുടെ ഭരണാധികാരിയായി അധികാരത്തിൽ എത്തിയപ്പോൾതന്നെ മംഗോൾ വിഭാഗം ശക്തമായ ഭീഷണിയുമായി രംഗത്ത് വന്നു. മംഗോൾ ആക്രമണത്തെ തടയാൻ ബിസ് നദിയുടെ കരയിൽ ശക്തമായ ഒരു സൈന്യത്തെ ബാൽബൻ നിലനിർത്തി. മംഗോൾ നേതാവായ ഹുലാഗുഖാനുമായി നല്ല നയതന്ത്ര ബന്ധം പുലർത്താൻ ബാൽബനു കഴിഞ്ഞു ഹുലാഗുഖാന്റെ ദൂതൻമാർ ബാൽബന്റെ ആതിഥേയത്വം സ്വീകരിച്ചിരുന്നു. ബാൽബൻ ഉരുക്കു സുൽത്താൻ എന്നാണറിയപ്പെടുന്നത്.

## ഖിൽജി സുൽത്താൻമാർ (1290 - 1320)

അടിമരാജവംശത്തെ തുടർന്ന് ഡൽഹിയിൽ അധികാരത്തിലെത്തിയത് ഖിൽജികളാണ്. 1290-ൽ ജലാലുദ്ദീൻ ഖിൽജിയാണ് രാജവംശം സ്ഥാപിച്ചത്. ജലാലുദ്ദീൻ ഖിൽജിയെ തുടർന്ന് അദ്ദേഹത്തിന്റെ അനന്തരവൻ അലാവുദ്ദീൻ ഖിൽജി (1296-1316) അധികാരത്തിൽ എത്തി. അലാവുദ്ദീൻ ഖിൽജി ശക്തനും ദീർഘദൃഷ്ടിയുള്ള ഭരണാധികാരിയുമായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് മധ്യകാല ഇന്ത്യയിൽ നിരവധി പരിഷ്കരണങ്ങൾക്കാണ് തുടക്കം കുറിച്ചത്. തുർക്കി സുൽത്താൻമാരുടെ അധികാരം ഡൽഹി, ഗംഗാസമതലം, കിഴക്കൻ രാജസ്ഥാൻ എന്നിവിടങ്ങളിൽ

ഒതുങ്ങിയിരുന്നു. ബംഗാൾ, ബീഹാർ എന്നിവ 13-ാം നൂറ്റാണ്ടിന്റെ അവസാനം വരെ ഡൽഹി സുൽത്താനത്തിന്റെ ഭാഗമായിരുന്നില്ല. പഞ്ചാബ് മംഗോൾ ആധിപത്യത്തിന് കീഴിലായിരുന്നു. അതുകൊണ്ടുതന്നെ ഇന്ത്യ മുഴുവനും വ്യാപിച്ചു കിടക്കുന്ന പ്രവിശാലമായ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കുന്നതിൽ അലാവുദ്ദീൻ പരാജയപ്പെട്ടു.

നീണ്ട 25 വർഷത്തെ ഭരണത്തിൽ അലാവുദ്ദീൻ തന്റെ സാമ്രാജ്യം വ്യാപിപ്പിക്കുന്നതിനെക്കാൾ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് ശക്തിപ്പെടുത്തുന്നതിലായിരുന്നു. മാൾവയും ഗുജറാത്തും അലാവുദ്ദീൻ തന്റെ അധീനതയിലാക്കി. ഡെക്കാൻ ഉൾപ്പെടെ തെക്കേ ഇന്ത്യയിലെ മധുര വരെ അദ്ദേഹം തന്റെ പടയോട്ടം നടത്തി. അലാവുദ്ദീന്റെ തെക്കേഇന്ത്യൻ പടയോട്ടത്തിന് നേതൃത്വം കൊടുത്തത് മാലിക് കഫിർ എന്ന സേനാനായകനായിരുന്നു. തെക്കേ ഇന്ത്യയിൽ നിന്നു അളവറ്റ സമ്പത്തും സ്വർണവും ശേഖരിച്ചു. ദേവഗിരിയിലെ യാദവൻമാരെയും വാറംഗലിലെ കാകതിയൻമാരെയും അതുപോലെ ഹൊയ്സാലയെയും ദ്വാരസമുദ്രത്തെയും അദ്ദേഹം കീഴടക്കുകയും സ്വർണം ഉൾപ്പെടെയുള്ള അളവറ്റ സമ്പത്ത് കൈക്കലാക്കുകയും ചെയ്തു. ഈ ഭരണാധിപരെല്ലാം അലാവുദ്ദീൻ ഖിൽജിക്ക് കപ്പം നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. അലാവുദ്ദീൻ ഖിൽജിയുടെ പിന്മുറക്കാർ അവരുടെ തെക്കേ ഇന്ത്യൻ പടയോട്ടം അതിന്റെ ഉച്ചസ്ഥായിൽ എത്തിക്കുകയും ചെയ്തു.




1299, 1303, 1306 എന്നീ വർഷങ്ങളിൽ ഡൽഹി സുൽത്താനത്തിന് എതിരെ മംഗോളിയക്കാർ ശക്തമായ ആക്രമണങ്ങൾ നടത്തി. അലാവുദ്ദീൻ ഖിൽജിയാകട്ടെ ഈ ആക്രമണങ്ങളെയെല്ലാം

ശക്തമായി നേരിട്ടു. 1306 – ൽ ഓക്സിയാനയിൽ ഉണ്ടായ ആഭ്യന്തരപ്രശ്നങ്ങൾ കാരണം മംഗോൾ ആക്രമണകാരികൾ മധ്യേഷ്യയിലേക്ക് തിരിച്ചുപോയി. നേരിട്ട് തിരഞ്ഞെടുക്കുകയും കൃത്യമായി ശമ്പളം നൽകുകയും ചെയ്തിരുന്ന ഒരു സ്ഥിരം സൈന്യത്തെ നിലനിർത്താൻ കഴിഞ്ഞു എന്നതാണ് അലാവുദ്ദീന്റെ സൈനികവിജയങ്ങൾക്ക് കാരണമായത്. അഴിമതിയും ദുഷ്പ്രവണതയും തടയാൻ സൈന്യത്തിലെ കുതിരകൾക്ക് 'ചാപ്പ' കുത്തുന്ന സമ്പ്രദായം അലാവുദ്ദീൻ നടപ്പാക്കി. അതുപോലെത്തന്നെ പട്ടാളക്കാരുടെ പേരു വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു പട്ടിക (ചേഹര) അലാവുദ്ദീൻ നിലനിർത്തി. ശക്തമായ ഒരു സൈന്യത്തെ നിലനിർത്താൻ രാഷ്ട്രത്തിന് വൻതോതിലുള്ള വരുമാനം വർധിപ്പിക്കാൻ അലാവുദ്ദീൻ കാർഷികപരിഷ്ക്കരണങ്ങൾ നടപ്പിലാക്കി. തന്റെ മുൻഗാമികൾ പിന്തുടർന്ന പല നല്ല പരിഷ്ക്കരണങ്ങളും അലാവുദ്ദീൻ തുടർന്നു വന്നു. ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും കർഷകർക്ക് കൊടുത്തിരുന്ന ധനസഹായം പുനഃക്രമീകരിക്കുകയും ചെയ്തു. ഭൂനികുതി മൊത്തോൽപ്പാദനത്തിന്റെ പകുതിയായി ക്രമപ്പെടുത്തി. വീട്ടുനികുതിയും കന്നുകാലികളുടെ മുകളിലുള്ള നികുതിയും വർധിപ്പിച്ചു. നികുതി ഏർപ്പെടുത്തിയിരുന്നത് ഒരു പ്രത്യേക പ്രദേശത്തിന്റെ ശരാശരി വരുമാനം കണ്ടുകൊണ്ടായിരുന്നു. അഴിമതി നിരോധിക്കാൻ ഭൂനികുതി പിരിച്ചെടുക്കുന്ന പ്രഭുക്കൻമാരെ പ്രത്യേകനിരീക്ഷണത്തിനു വിധേയരാക്കി. വരുമാനം വർധിപ്പിക്കുന്നതിനായി ഭൂനികുതിക്കു പുറമെ സെസ് ഏർപ്പെടുത്തുന്ന സമീപനം അദ്ദേഹം നിർത്തലാക്കി.


എല്ലാത്തിനുമുപരി അവശ്യസാധനങ്ങളുടെ വിലവർധനവ് നിയന്ത്രിക്കാൻ കമ്പോള പരിഷ്ക്കരണം നടപ്പിലാക്കി. ഇത് ദൈനംദിന ചെലവും ജീവിതനിലവാരവും തമ്മിൽ ഒരു സന്തുലിതാവസ്ഥ ഉണ്ടാകാൻ സഹായകമായി. ഡൽഹിയിൽ അലാവുദ്ദീൻ ഇതിനുവേണ്ടി മൂന്ന് കമ്പോളങ്ങൾ തുറന്നു.

- ഒന്നാമത്തേത് ഭക്ഷ്യസാധനങ്ങൾക്കു വേണ്ടിയായിരുന്നു.
- രണ്ടാമത്തേത് തുണിത്തരങ്ങൾക്ക് വേണ്ടിയും പഴവർഗങ്ങൾ, വില കൂടിയ മറ്റുത്പന്നങ്ങൾ എന്നിവക്ക് വേണ്ടിയുമായിരുന്നു.
- മൂന്നാമത്തെ കമ്പോളമാകട്ടെ കുതിരകൾ, അടിമകൾ, കന്നുകാലികൾ എന്നിവയ്ക്ക് വേണ്ടിയായിരുന്നു.

അലാവുദ്ദീൻ സ്ഥാപിച്ച ഓരോ കമ്പോളവും നിയന്ത്രിക്കാൻ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു. അദ്ദേഹത്തിന്റെ പേര് ഷാഹിന എന്നായിരുന്നു. ഷാഹിനയുടെ പ്രധാന കടമകൾ ഇവയാണ്:

- തന്റെ നിയന്ത്രണത്തിലുള്ള കച്ചവടക്കാരുടെ പേരു വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുക.
- ഓരോ ഉത്പന്നത്തിന്റെ വിലയും അത് വിൽക്കുന്ന കച്ചവടക്കാരനെയും നിയന്ത്രിക്കുക.
- ഭക്ഷ്യധാന്യങ്ങൾ അതിന്റെ സംഭരണശാലയിൽ വേണ്ടത്രയുണ്ട് എന്ന് ഉറപ്പുവരുത്തുക.
- വ്യാപാരികളെയും കച്ചവടക്കാരെയും നിയന്ത്രിച്ചുകൊണ്ട് ഭക്ഷ്യധാന്യങ്ങളുടെ പൂഴ്ത്തിവെപ്പ്, കൃത്രിമ വിലക്കയറ്റം എന്നിവ തടയുക

അലാവുദ്ദീൻ ഖിൽജിയുടെ അവസാന കാലഘട്ടത്തിൽ ഗുജറാത്ത്, ചിത്തോർ, ദേവഗിരി തുടങ്ങിയ പ്രദേശങ്ങൾ സുൽത്താൻഭരണത്തിന്റെ കീഴിൽ വന്നു. 1316-ൽ അലാവുദ്ദീൻ ഖിൽജിയുടെ മരണശേഷം 1320-ൽ ഗിയാസുദ്ദീൻ തുഗ്ലക് ഡൽഹിയിലെ സുൽത്താനായി അവരോധിക്കപ്പെടുന്നതു വരെ ഡൽഹി ഭരിച്ചത് അലാവുദ്ദീൻ ഖിൽജിയുടെ അപ്രസക്തരായ പിൻഗാമികളായിരുന്നു.



അലാവുദ്ദീൻ ഖിൽജിയുടെ കമ്പോളനിയന്ത്രണങ്ങളെ വർത്തമാനകാല വിലക്കയറ്റവും കമ്പോള നിയന്ത്രണത്തിന് സർക്കാർ കൈക്കൊള്ളുന്ന നടപടികളുമായും താരതമ്യപ്പെടുത്തിക്കൊണ്ട് ഒരു ലഘുവിവരണം തയ്യാറാക്കുക.

## തുഗ്ലക്ക് സുൽത്താൻമാർ (1320 - 1415)

1320 ൽ ഗിയാസുദ്ദീൻ തുഗ്ലക്ക് സ്ഥാപിച്ച തുഗ്ലക്ക് രാജവംശം അവസാനിക്കുന്നത് 1420-ലാണ്. പ്രധാനമായും രാജവംശം സംഭാവനചെയ്തത് മൂന്ന് ഭരണാധികാരികളെയാണ്. 1320 മുതൽ 1325 വരെ ഭരിച്ച ഗിയാസുദ്ദീൻ തുഗ്ലക്ക്, 1325 മുതൽ 1351 വരെ ഭരണം നടത്തിയ മുഹമ്മദ് ബിൻ തുഗ്ലക്ക് 1351 മുതൽ 1388 വരെ ഭരണം നടത്തിയ ഫിറോസ് ഷാ തുഗ്ലക്ക് എന്നിവരാണ് അവർ. മുഹമ്മദ് ബിൻ തുഗ്ലക്ക് നടപ്പാക്കിയ രണ്ട് ഭരണപരിഷ്കാരങ്ങളാണ് തലസ്ഥാനമാറ്റവും നാണയ പരിഷ്കരണവും.





മുഹമ്മദ് ബിൻ തുഗ്ലക് പുറത്തിറക്കിയ നാണയങ്ങൾ

നിലവിലുള്ള വെള്ളി നാണയങ്ങൾക്ക് സമാനമായ മൂല്യത്തോടുകൂടി ചെമ്പ്, പിച്ചള എന്നിവയിൽ മുഹമ്മദ് ബിൻ തുഗ്ലക്ക് ടോക്കൺ നാണയങ്ങൾ അടിച്ചിറക്കി. ഈ ആശയം അദ്ദേഹം നേരിട്ടിരുന്ന പല സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കാൻ ഉതകുന്നതായിരുന്നു. നാണയങ്ങൾ അടിച്ചിറക്കാനുള്ള അവകാശം രാഷ്ട്രത്തിന്റെ കുത്തകയാക്കിമാറ്റാത്തതിനാൽ ജനങ്ങൾ വ്യാജനാണയങ്ങൾ ധാരാളം അടിച്ചിറക്കി. അതുകൊണ്ടുതന്നെ ഈ ഭരണപരിഷ്കരണവും പരാജയപ്പെട്ടു. സാമ്പത്തിക പ്രശ്നങ്ങളും പണപ്പെരുപ്പവും ഇത് കാരണമുണ്ടായി. അവസാനം മുഹമ്മദ് ബിൻ തുഗ്ലക്ക് നാണയ പരിഷ്കരണം പിൻവലിച്ചു.

വിശാലമായ മധ്യകാലഇന്ത്യ ഭരിക്കാൻ ഡൽഹിയിൽ നിന്നു പ്രയാസങ്ങൾ അനുഭവപ്പെട്ടപ്പോൾ മുഹമ്മദ് ബിൻ തുഗ്ലക്ക് തന്റെ തലസ്ഥാനനഗരം മധ്യേന്ത്യയിലുള്ള ഡക്കാനിലെ ദേവഗിരിയിലേക്ക് മാറ്റാൻ തീരുമാനിച്ചു. ഡക്കാനിന്റെ പേര് ദൗലത്താബാദ് എന്ന് പുനർനാമകരണം ചെയ്യുകയും ദക്ഷിണേന്ത്യയിലേക്ക് തന്റെ സാമ്രാജ്യം വ്യാപിപ്പിക്കുകയും ചെയ്തു. ദക്ഷിണേന്ത്യയെ ദൗലത്താബാദ് കേന്ദ്രമാക്കി ഭരിക്കാൻ സുഖമായിരിക്കുമെന്ന് അദ്ദേഹം കരുതി. ഡൽഹിയിലെ ജനങ്ങളോട് നിർബന്ധമായും ദേവഗിരിയിലേക്ക് പോകുവാനും അദ്ദേഹം ആവശ്യപ്പെട്ടു. ഇത് ജനങ്ങളെ വളരെയധികം പ്രയാസപ്പെടുത്തി. ജനങ്ങൾക്ക് തിരാദുരിതം വരുത്തി വച്ച ഈ പരിഷ്ക്കരണം മുഹമ്മദ് ബിൻ തുഗ്ലക്ക് അവസാനം വേണ്ടെന്നു വെച്ചു. മാത്രമല്ല ദേവഗിരിയിൽ നിന്നു ഡൽഹിയിലേക്കും വടക്കൻ അതിർത്തി പ്രദേശങ്ങളിലേക്കും കൂടുതൽ ശ്രദ്ധിക്കാൻ കഴിയാതെ മുഹമ്മദ് ബിൻ തുഗ്ലക്ക് ഡൽഹിയിലേക്ക് മടങ്ങുകയും ചെയ്തു.

1351 മുതൽ 1388 വരെ ഭരണത്തിൽ ഇരുന്ന ഫിറോസ് ഷാ തുഗ്ലക്ക് രാജവംശത്തിലെ മറ്റൊരു പ്രധാന ഭരണാധികാരിയായിരുന്നു. കൃഷി, ജലസേചനം, ഭരണം, നികുതിസമ്പ്രദായം എന്നീ മേഖലകളിൽ അദ്ദേഹം നടപ്പാക്കിയ പരിഷ്കരണങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. പുതിയ ഒരു സാമൂഹിക സാംസ്കാരികാക്രമണത്തിനാണ് ഫിറോസ് ഷാ തുഗ്ലക്ക് തുടക്കം കുറിച്ചത്. ഡൽഹി സുൽത്താനത്തിന്റെ ദൗർബല്യങ്ങൾ മംഗോളിയൻ ആക്രമണങ്ങളിലൂടെയാണ് വെളിവാകുന്നത്. 1398 - ൽ മംഗോൾ ഭരണാധികാരിയായിരുന്ന തിമൂർ ഡൽഹി ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്തു.

തുഗ്ലക്ക് രാജവംശത്തിനുശേഷം പ്രധാന രാജവംശങ്ങളാണ് സയ്യിദ് വംശവും) 1414-1451) ലോദി വംശവും( 1451 - 1526) അവസാനത്തെ ലോദി ഭരണാധികാരി ഇബ്രാഹിം ലോദിയെ പരാജയപ്പെടുത്തുകയും മുഗൾ സാമ്രാജ്യത്തിന് തുടക്കമിടുകയും ചെയ്തത് ബാബർ ആണ്.



- മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ പരിഷ്കരണങ്ങളെ കുറിച്ച് ഒരു സംവാദം സംഘടിപ്പിക്കുക.
- ഡൽഹി സുൽത്താൻമാരുടെ പേര് ആലേഖനം ചെയ്ത് ഒരു ചാർട്ട് തയ്യാറാക്കുക.

## സയ്യിദ് രാജവംശം

1414 മുതൽ 1451 വരെ ഡൽഹി ഭരിച്ച നാലാമത്തെ സുൽത്താൻ രാജവംശമാണ് സയ്യിദ് രാജവംശം. തുഗ്ലക്ക് രാജവംശത്തെ പുറത്താക്കി അധികാരത്തിൽ വന്ന സയ്യിദ് രാജവംശം ലോദിവംശം എത്തുന്നതുവരെ അധികാരത്തിൽ നിലനിന്നു.

ഈ രാജവംശം സയ്യിദുകൾ എന്ന പേര് സ്വീകരിച്ചത് മുഹമ്മദ് നബിയുടെ പിന്തുടർച്ചക്കാർ എന്ന നിലയ്ക്കാണ്. 1398–ലെ തിമൂറിന്റെ ആക്രമണവും മംഗോളിയരുടെ വരവും ഡൽഹിയിലെ സുൽത്താൻ ഭരണത്തിന്റെ കേന്ദ്രീകൃത ഭരണത്തെ ദുർബലപ്പെടുത്തിയിരുന്നു. ഈ ഒരു പരിതസ്ഥിതിയിലാണ് സയ്യിദുകൾ അധികാരത്തിലെത്തിയത്. 37 വർഷക്കാലത്തെ സയ്യിദുകളുടെ ഭരണത്തിൽ പ്രധാനമായും നാല് സുൽത്താൻമാരാണ് ഉണ്ടായിരുന്നത്.

## ലോദി രാജവംശം

ലോദി രാജവംശം (1451 –1526) ഡൽഹിയിലെ സുൽത്താൻ ഭരണത്തിന്റെ അവസാനകാലഘട്ടത്തിൽ അധികാരത്തിലെത്തിയ ലോദികൾ അഫ്ഗാനിസ്താനിലെ പഷ്തൂൺ വിഭാഗത്തിലെ ഖിൽസായി ഗോത്രത്തിൽപ്പെട്ടവരാണ്. 1451–ൽ അവസാനത്തെ സയ്യിദ് ചക്രവർത്തിയായ മുഹമ്മദ് ബിൻ ഫരീദ് അന്തരിച്ചപ്പോൾ പഞ്ചാബിലെ ഗവർണറും സേനാനായകനുമായ ബഹുലുൽഖാൻ ലോദി അധികാരത്തിലേറി. പ്രവിശ്യയിലെ സംഘർഷങ്ങൾ അടിച്ചമർത്തുകയും പ്രാദേശിക അഫ്ഗാൻ ഭൂപ്രഭുക്കൻമാർക്ക് ജാഗീറുകൾ പതിച്ചുനൽകുകയും ചെയ്തുകൊണ്ട് അവരുടെ പിന്തുണ നേടിയെടുക്കുകയും ചെയ്തു. ചക്രവർത്തിയാകുന്നതിനുമുമ്പ് ഗവർണർ എന്ന നിലയിൽ അദ്ദേഹത്തിന് ഉണ്ടായ പരാജയങ്ങൾ പിന്നീടുള്ള ഭരണത്തിൽ വളരെയേറെ ഗുണം ചെയ്തു. ബഹുലുൽഖാൻ ലോദിയെ തുടർന്ന് വന്ന പിൻഗാമികൾ ഒന്നുംതന്നെ കഴിവുറ്റ ഭരണാധികാരികൾ ആയിരുന്നില്ല. വ്യക്തിസുഖങ്ങൾക്കുവേണ്ടി ആഡംബരജീവിതം നയിച്ച ഇവർ മടിയൻമാരും ദുർവ്യയക്കാരും ആയിരുന്നു. അവരുടെ പിൻമുറക്കാർ ആണ് ആദ്യത്തെ മുഗൾ ചക്രവർത്തിയായ ബാബറിനെ ഇന്ത്യ ആക്രമിക്കാൻ ക്ഷണിച്ചത്. ബാബർ ഇന്ത്യയിൽ എത്തുകയും അവസാനത്തെ ലോദി ഭരണാധികാരി ഇബ്രാഹിം ലോദിയെ പാനിപ്പത്ത് യുദ്ധത്തിൽ പരാജയപ്പെടുത്തുകയും ചെയ്തു. അദ്ദേഹമാണ് മുഗൾസാമ്രാജ്യം സ്ഥാപിച്ചത്.

## സാമൂഹികാചാരങ്ങളും അനുഷ്ഠാനങ്ങളും

സുൽത്താന്റെ ഭരണത്തിൽ സ്ത്രീകൾക്ക് ഉന്നതപദവികളും ബഹുമാനവും ലഭിച്ചിരുന്നു. സാമൂഹികജീവിതത്തിൽ ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കും ഇടയിൽ പുരുഷൻമാർ ആയിരുന്നു കുടുംബത്തിന്റെ തലവൻമാർ. ശൈശവ വിവാഹം നിലനിന്നിരുന്നു. പ്രത്യേക സാഹചര്യത്തിൽ വിവാഹമോചനം അനുവദിച്ചിരുന്നു. വിധവാവിവാഹം ഉന്നത ജാതിക്കാർക്കിടയിൽ മാത്രമാണ് അനുവദിക്കപ്പെട്ടത്. സതി നിലവിൽ ഉണ്ടായിരുന്നു. ഉന്നത കുലജാതരുടെ ഇടയിൽ പർദ സമ്പ്രദായവും നിലനിന്നിരുന്നു.

## സുൽത്താൻ കാലഘട്ടത്തിലെ ഭരണരീതികൾ

മധ്യകാലഘട്ടത്തിലെ ഭരണം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് ഭൂനികുതി പിരിച്ചെടുക്കുന്നതിനും ക്രമസമാധാന പാലനത്തിനുമായിരുന്നു. തുർക്കികളുടെ വരവിനു മുൻപ് നികുതി പിരിച്ചെടുത്തിരുന്നത് ഗ്രാമങ്ങൾ തോറും പ്രവർത്തിച്ചിരുന്ന പ്രാദേശിക ഉദ്യോഗസ്ഥരായിരുന്നു.


ഗ്രാമങ്ങൾ ഭരണത്തിന്റെ അടിസ്ഥാനയൂണിറ്റായിരുന്നു. ഗ്രാമഭരണം നടത്തിയിരുന്നത് പ്രധാനമായും മൂന്ന് ഉദ്യോഗസ്ഥരായിരുന്നു. ഗ്രാമത്തലവൻ എന്നറിയപ്പെടുന്ന മുഖദം, വരവ്, ചെലവ് കണക്കുകൾ സൂക്ഷിക്കുന്ന പത്ത്‌വാരി, റവന്യൂകണക്കുകളും രേഖകളും മറ്റു പ്രാദേശിക രേഖകളും പരിശോധിച്ചിരുന്ന മുഷിരിഫ് എന്നിവരായിരുന്നു അവർ. നികുതിപിരിവും വരവു ചെലവ് കണക്കുകളും പരിശോധിക്കുകയും പൊതുചെലവ് നിയന്ത്രിക്കുന്നതിന് മേൽനോട്ടം കൊടുക്കുകയും ചെയ്തത് കൊട്ടാരത്തിലുള്ള വസീർ അഥവാ, മുഖ്യമന്ത്രിയാണ്. പട്ടാളക്കാരുടെ രജിസ്റ്ററുകൾ, ആയുധങ്ങൾ, ഫ്യൂഡൽ പ്രഭുക്കന്മാരിൽ നിന്നു പിരിച്ചെടുക്കുന്ന പണം എന്നിവ സൈനികമന്ത്രിയാണ് കൈകാര്യം ചെയ്തത്. രാജ്യാന്തരബന്ധങ്ങൾ. നയതന്ത്രബന്ധങ്ങൾ അതുപോലെത്തന്നെ പ്രവിശ്യകളും കൊട്ടാരവും തമ്മിലുള്ള ബന്ധങ്ങൾ എല്ലാം മുഖ്യമന്ത്രിയുടെ ചുമതലയായിരുന്നു. സദർ, മുഖ്യപുരോഹിതൻ അഥവാ ഖാസി മുഖ്യജഡ്ജികൂടിയായിരുന്നു. മതപരമായ കാര്യങ്ങളിൽ ഉപദേശങ്ങൾ നൽകിയിരുന്നത് ഖാസി ആയിരുന്നു. ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കാനും സുൽത്താനെ ഉപദേശിക്കാനുമുള്ള അധികാരവും വസീറിൽ അഥവാ മുഖ്യമന്ത്രിയിൽ നിക്ഷിപ്തമായിരുന്നു.



ചർച്ച : എങ്ങനെയാണ് സുൽത്താൻ ഭരണം ഉമവി ഭരണത്തിൽ നിന്നു വ്യത്യസ്തമായിരിക്കുന്നത്?

## സൂഫി പ്രസ്ഥാനം

ഇസ്ലാമിലെ മിസ്റ്റിക്ക് വിഭാഗമാണ് സൂഫികൾ എന്ന് അറിയപ്പെടുന്നത്. ദൈവത്തോടുള്ള അഗാധമായ സ്നേഹത്തിലൂടെ ഒരാൾക്ക് ദൈവത്തിൽ വിലയം പ്രാപിക്കാൻ കഴിയുമെന്ന് സൂഫികൾ വിശ്വസിച്ചു. വ്യത്യസ്തമായ സൂഫിക്രമങ്ങൾ സിൽസില എന്നാണ് അറിയപ്പെട്ടത്. ഒരു സൂഫി ക്രമത്തിന്റെ നായകൻ അതിലെ ഏറ്റവും മുതിർന്ന സൂഫിവര്യൻ ആയിരിക്കും. അദ്ദേഹത്തെ പീർ എന്നാണ് വിളിച്ചിരുന്നത്. സൂഫിക്രമത്തിലെ മറ്റംഗങ്ങളെ മുരീദ് അഥവാ ശിഷ്യൻമാർ എന്ന പേരിലാണ് അറിയപ്പെട്ടത്. പീറും മുരീദും തമ്മിലുള്ള ദൃഢമായ ബന്ധമാണ് സൂഫിസത്തിന്റെ പ്രത്യേകത. പ്രധാനമായും മൂന്ന് സൂഫിക്രമങ്ങളാണ് ഇന്ത്യയിൽ നിലനിന്നിരുന്നത്. ഡൽഹിയിലും പരിസരപ്രദേശങ്ങളിലും പ്രചാരം നേടിയ 'ചിസ്തി' സൂഫിക്രമം അതിലെ ഒന്നാമത്തേത് ആണ്. സിന്ധിലെ സുഹ്റവർദി. ബീഹാറിൽ ഉണ്ടായിരുന്ന ഫിർദൗസി എന്നിവയാണ് മറ്റ് രണ്ട് സൂഫിക്രമങ്ങൾ. ഇവരുടെ അഭിപ്രായത്തിൽ സംഗീതത്തിൽ വിലയം പ്രാപിച്ചുകൊണ്ട് ദൈവത്തിലേക്ക് അടുക്കാൻ കഴിയും. ഖവാലി സൂഫികൾക്കിടയിൽ പ്രചുരപ്രചാരം നേടിയ ഒരു സംഗീതഗ്രൂപ്പായിരുന്നു. സൂഫി പ്രസ്ഥാനം ഹിന്ദു മുസ്ലിം ഐക്യത്തിന് വലിയ സംഭാവനയാണ് നൽകിയത്. നിസാമുദ്ദീൻ ഔലിയ ഹിന്ദുക്കളും മുസ്ലിങ്ങളും ഒരുപോലെ ബഹുമാനിച്ചിരുന്ന സൂഫിവര്യനായിരുന്നു.



ഓരോ സൂഫി ക്രമത്തിന്റെയും പ്രത്യേകതകൾ ഉൾക്കൊള്ളുന്ന ചാർട്ട് തയ്യാറാക്കുക.

## ഭക്തിപ്രസ്ഥാനം

മധ്യകാല ഇന്ത്യയിലെ ഭക്തിപ്രസ്ഥാനം ഇന്ത്യയിൽ പുരാതനകാലം മുതൽ ഉണ്ടായിരുന്ന ഒരു ആരാധനാക്രമത്തിന്റെ തുടർച്ചയായിരുന്നു. മനുഷ്യരും ദൈവവും തമ്മിലുള്ള ബന്ധം സ്നേഹത്തിൽ അധിഷ്ഠിതമാണെന്ന് ഭക്തിപ്രസ്ഥാന സന്ന്യാസിമാർ നമ്മെ പഠിപ്പിച്ചു. ഭക്തിപ്രസ്ഥാന സന്ന്യാസിമാർ മനുഷ്യനും മതങ്ങളും തമ്മിലുള്ള ബന്ധത്തിൽ സഹിഷ്ണുതയ്ക്കാണ് പ്രാധാന്യം കൊടുത്തത്. ജാതിസംവിധാനത്തിനെതിരെ അവർ നില കൊണ്ടു. ഭക്തിപ്രസ്ഥാനത്തിന്റെ പ്രധാനപ്പെട്ട പ്രയോക്താക്കളായിരുന്നു കബീറും ഗുരുനാനാക്കും. നിലവിലുള്ള വിഗ്രഹാരാധന, തീർത്ഥാടനങ്ങൾ, വിശുദ്ധനദിയിൽ സ്നാനംചെയ്യൽ എന്നീ ആചാരങ്ങളെ ഭക്തിപ്രസ്ഥാന സന്ന്യാസിമാർ ശക്തമായി എതിർത്തു. ഹിന്ദു മുസ്ലിം ഐക്യത്തിനുവേണ്ടി കഠിനപ്രയത്നം നടത്തിയവരാണ് ഭക്തി ചിന്തകൻമാർ. 14-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 15-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമാണ് കബീർദാസിന്റെ ജീവിതകാലം. ഒരു ഐതിഹ്യപ്രകാരം കബീർ ദാസ് ജനിച്ചത് ഒരു ഗ്രാമീണ വിധവയിലാണ്. ജനനശേഷം ബനാറസ്സിലെ കുളത്തിനരികെ കബീറിനെ ഉപേക്ഷിച്ചു. അവിടെ നിന്നു കബീറിനെ കണ്ടെത്തുകയും വളർത്തുകയും ചെയ്തത് ഒരു മുസ്ലിം നെയ്ത്തുകാരനാണ്. മുസ്ലിംപുരോഹിതന്മാരുമായും ഹിന്ദുപുരോഹിതൻമാരുമായും ബന്ധപ്പെടാൻ കബീറിനു അവസരം ലഭിച്ചു. അതുകൊണ്ടു തന്നെ അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചത് സ്നേഹം ആയിരുന്നു. ഹിന്ദുക്കളും തുർക്കികളും രണ്ട് പാത്രം നിർമ്മിക്കാൻ ഉപയോഗിച്ച ഒരേ മണ്ണാണ് എന്നും അള്ളാഹുവും രാമനും ഒരേ ദൈവത്തിന്റെ വ്യത്യസ്ത പേരുകളാണെന്നും കബീർ പഠിപ്പിച്ചു.

1469-ൽ താൽവണ്ടിയിലെ രവിനദിയുടെ തീരത്ത് കാത്രി കുടുംബത്തിലാണ് ഗുരുനാനാക്ക് ജനിച്ചത്. സാർവലൗകികമായ സഹിഷ്ണുതയാണ് ഗുരുനാനാക്ക് പഠിപ്പിച്ചത്. നിരവധി സ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചു. നാനാക്ക് മക്കയും സിലോണും സന്ദർശിച്ചു. സിക്ക് മതം സ്ഥാപിച്ചത് ഗുരുനാനാക്ക് ആണ്.



അസൈൻമെന്റ്: ഭക്തിപ്രസ്ഥാനത്തെ സൂഫി പ്രസ്ഥാനവുമായി താരതമ്യപ്പെടുത്തുക. പ്രശസ്തരായ ഭക്തിപ്രസ്ഥാനസന്ന്യാസിമാരുടെ പേര് ശേഖരിക്കുകയും അതുൾക്കൊള്ളുന്ന ഒരു ചാർട്ട് തയ്യാറാക്കുകയും ചെയ്യുക.

## മുഗൾ സാമ്രാജ്യം



ബാബർ

ട്രാൻസ് ഓക്സിയാനിൽ നിന്നു ഇന്ത്യയിലേക്ക് വന്ന ബാബർ (1526-1530) ആണ് മുഗൾ സാമ്രാജ്യത്തിന്റെ സ്ഥാപകൻ. 1526-ൽ ഡൽഹിക്ക് അടുത്തുള്ള പാനിപ്പത്തിൽ വെച്ച് ഇബ്രാഹിംലോദി എന്ന അവസാനത്തെ സുൽത്താൻ ഭരണാധികാരിയെ പരാജയപ്പെടുത്തിയാണ് ബാബർ മുഗൾ സാമ്രാജ്യം സ്ഥാപിച്ചത്. ഇബ്രാഹിംലോദിയും ബാബറും തമ്മിൽ പാനിപ്പത്തിൽ നടന്ന യുദ്ധമാണ് ഇന്ത്യാചരിത്രത്തിൽ ഒന്നാം പാനിപ്പത്ത് യുദ്ധം എന്നറിയപ്പെടുന്നത്. 1527-ൽ റാണാസംഘ എന്ന രജപുത്ര രാജാവിനെയും ബാബർ പരാജയപ്പെടുത്തി. ബാബർ റാണാസംഘയെ പരാജയപ്പെടുത്തിയത് ഖാന്വാ യുദ്ധത്തിലാണ്. കഴിവുറ്റ ഒരു എഴുത്തുകാരൻ കൂടിയായിരുന്നു ബാബർ. അദ്ദേഹത്തിന്റെ ആത്മകഥയാണ് 'തുസുക്കി ബാബരി' (ബാബർ നാമ). തന്റെ ആത്മകഥയിൽ

ഇന്ത്യയെക്കുറിച്ച് അതിമനോഹരമായിട്ടാണ് ബാബർ വർണിച്ചിരിക്കുന്നത്. 1530 ൽ ബാബർ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ മകൻ ഹുമയൂൺ അധികാരത്തിൽ എത്തി. ചുരുങ്ങിയ കാലത്തെ ഭരണത്തിനുശേഷം 1540-ൽ ഹുമയൂണിനെ ഷേർഷ പരാജയപ്പെടുത്തി.

## ഷേർഷ (1540-1545)

മുഗൾകാലഘട്ടത്തിനിടയിൽ ഇന്ത്യയുടെ ഭരണം കുറച്ചു കാലം ഷേർഷയുടെ കൈകളിൽ ആയിരുന്നു. ഷേർഷയാണ് 'സൂർ' രാജവംശം ഇന്ത്യയിൽ സ്ഥാപിച്ചത്. കിഴക്ക് ബ്രഹ്മപുത്ര മുതൽ പടിഞ്ഞാറ് സിന്ധുനദി വരെയും വടക്ക് ഹിമാലയം മുതൽ തെക്ക് നർമദ വരെയും ഷേർഷയുടെ 'സൂർ' സാമ്രാജ്യം വ്യാപിച്ചുകിടന്നു. ഷേർഷ ഭരിച്ച അഞ്ച് വർഷക്കാലം റവന്യൂ രംഗത്തും സൈനിക രംഗത്തും നീതിന്യായരംഗത്തും ഭരണരംഗത്തും സാമൂഹികരംഗത്തും ദൂരവ്യാപകമായ മാറ്റങ്ങൾക്കാണ് ഇന്ത്യ സാക്ഷ്യം വഹിച്ചത്. പട്ടയം എന്ന പേരിൽ കർഷകർക്ക് ഒരു രേഖ ഷേർഷ നൽകി. വിളവ് ഇറക്കുന്ന സ്ഥലം, വിളവിന്റെ തരം, കർഷകൻ അടയ്ക്കേണ്ട നികുതി എന്നിവ ഈ രേഖയിൽ കൃത്യമായി സൂചിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ സൈനികപരിഷ്കരണങ്ങൾ അലാവുദ്ദീൻ ഖിൽജിയുടെ പരിഷ്കരണങ്ങൾക്ക് സമാനമായിരുന്നു. പട്ടാളക്കാരെ സൈന്യത്തിലേക്ക് നേരിട്ടു തെരഞ്ഞെടുക്കുകയും ഗവൺമെന്റ് അവർക്ക് നേരിട്ടുതന്നെ ശമ്പളം നൽകുകയും ചെയ്തിരുന്നു. എല്ലാ പട്ടാളക്കാരും അവരുടെ വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിരുന്നു. ഈ സമ്പ്രദായമാണ് 'ചേഹര' എന്ന പേരിൽ അറിയപ്പെടുന്നത്. രാജകീയ കുതിരകളെ തിരിച്ചറിയാൻ വേണ്ടി കുതിരകൾക്ക് ചാപ്പ കുത്തുന്ന സമ്പ്രദായവും അദ്ദേഹം നടപ്പാക്കി.



ഷേർഷ

രാജ്യത്തെ ഗതാഗത-വാർത്താവിനിമയ സംവിധാനം ഷേർഷ ശക്തിപ്പെടുത്തി. സിന്ധുമുതൽ ബംഗാളിലെ സോണാർഗഞ്ച് വരെയുള്ള ദേശീയപാത ഷേർഷ പുനർനിർമിച്ചു. ഈ പാത ആദ്യമായി നിർമിച്ചത് മൗര്യകാലഘട്ടത്തിലാണ്. ആഗ്ര മുതൽ ജോധ്പുർ, ചിറ്റോർ ഭാഗങ്ങളിലേക്ക് ഗുജറാത്തിലെ തുറമുഖത്തെ ബന്ധിപ്പിച്ചുകൊണ്ട് ഒരു പാത ഷേർഷ നിർമിച്ചു. ലാഹോർ മുതൽ മുൾത്താൻ വരെ വേറൊരു പാത കൂടി ഷേർഷ നിർമിച്ചു. യാത്രക്കാരുടെ സൗകര്യത്തിനു വേണ്ടി റോഡുകളുടെ ഇരുവശവും സത്രങ്ങളും വിശ്രമകേന്ദ്രങ്ങളും കിണറുകളും ഒരുക്കി. കൂടാതെ പാതയോരങ്ങളിൽ ധാരാളം മരങ്ങൾ അദ്ദേഹം വെച്ചു പിടിപ്പിച്ചു. കച്ചവടക്കാർക്കും വ്യാപാരികൾക്കും അവരുടെ സാധനങ്ങൾ സൗകര്യപ്രദമായ രീതിയിൽ കൊണ്ടുപോകാൻ ഈ പാതകൾ ഉപകരിച്ചു. വ്യാപാരവും വാണിജ്യവും പുരോഗതി പ്രാപിച്ചു. 'രൂപ' എന്ന പേരിൽ പുതിയ ഒരു നാണയം ഷേർഷ പുറത്തിറക്കി. ഇന്ത്യൻ രൂപയുടെ പിതാവ് എന്ന് അറിയപ്പെടുന്നത് ഷേർഷയാണ്.



ഷേർഷയുടെ പരിഷ്കാരങ്ങളെക്കുറിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക

ഷേർഷയുടെ നയങ്ങളെ അലാവുദ്ദീൻ ഖിൽജിയുടെ നയങ്ങളുമായി താരതമ്യം ചെയ്യുക.

## അക്ബർ (1556 – 1605)


1556-ൽ ഹുമയൂണിന്റെ മരണശേഷം അദ്ദേഹത്തിന്റെ മകൻ അക്ബർ അധികാരത്തിൽ എത്തി. ഇന്ത്യയുടെ ചക്രവർത്തിയായി അവരോധിക്കപ്പെടുമ്പോൾ അക്ബറിന് 13 വയസ്സായിരുന്നു. അധികാരത്തിൽ എത്തിയ ഉടനെതന്നെ പഞ്ചാബിലെ സിക്കന്ദർ അദിൽഷയുടെ സേനാനായകൻ ഹെമു, അക്ബറിന് എതിരെ കലാപം ഉയർത്തി. 1556-ൽ തന്റെ രക്ഷാധികാരിയായ ബൈറാം ഖാന്റെ സഹായത്തോടെ അക്ബർ ഹെമുവിനെ പരാജയപ്പെടുത്തി. അക്ബർ ഹെമുവിനെ പരാജയപ്പെടുത്തിയത് 1556-ലെ രണ്ടാം പാനിപ്പത്ത് യുദ്ധത്തിലാണ്. സൈനികവ്യവസ്ഥയുമായി ചേർന്നുകൊണ്ട് അക്ബർ നടപ്പാക്കിയ പുതിയ ഭരണപരിഷ്കാരമാണ് 'മാൻസബ്ദാരി' സമ്പ്രദായം. മാൻസബ് എന്ന പദം സൂചിപ്പിക്കുന്നത് പദവി എന്നാണ്. മാൻസബ്ദാരി സമ്പ്രദായപ്രകാരം സൈന്യത്തിലെ ഓഫീസർമാർക്ക് മാൻസബ് എന്ന പേരിൽ പദവി നൽകുന്നു. ഓരോ സൈന്യാധിപന്റെയും അധികാരത്തിലുള്ള പട്ടാളക്കാരുടെ എണ്ണത്തെ ആശ്രയിച്ചാണ് ഇത്തരം പദവികൾ നൽകിയിരുന്നത്. 'സാത്ത്' എന്നും 'സവാർ' എന്നും രണ്ട് തരത്തിലാണ് അക്ബർ പദവികൾ കൊടുത്തത്. സ്ഥിരപ്പെടുത്തപ്പെട്ട ശമ്പളം ലഭിക്കുന്ന സേനാനായകൻമാരാണ് 'സാത്ത്' പദവിയിൽ ഉൾപ്പെട്ടിരുന്നത്. വർഷത്തിൽ 240 രൂപയോ അതിൽ കൂടുതലോ ശമ്പളമായി ലഭിക്കുന്ന ആളാണ് സവാർ എന്ന പേരിൽ അറിയപ്പെടുന്നത്. പണമായി ശമ്പളം കൊടുക്കുന്നതിൽനിന്നു വിഭിന്നമായി മാൻസബ്ദാർമാർക്ക് 'ജാഗീർ' പതിച്ചുനൽകുന്ന രീതി നിലവിലുണ്ടായിരുന്നു. തുടക്കത്തിൽ അക്ബർ പിന്തുടർന്ന വന്നത് ഷേർഷയുടെ ഭൂനികുതിസമ്പ്രദായമാണ്. 1518-ൽ 'ദഹ്സാല' എന്ന പേരിൽ അക്ബർ പുതിയ നികുതിപരിഷ്കരണം നടപ്പാക്കി. ദഹ്സാലപ്രകാരം വ്യത്യസ്ത വിളകളുടെ കഴിഞ്ഞ 10 വർഷത്തെ വിലകളുടെ ശരാശരി കണക്കാക്കുകയും അതിന്റെ മൂന്നിൽ ഒന്ന് സർക്കാരിന്റെ വിഹിതം ആയി നിജപ്പെടുത്തുകയും ചെയ്തു.



അക്ബർ

**ചർച്ച നടത്തുക**

- ദിൻ ഇലാഹി
- തത്വങ്ങൾ
- ലക്ഷ്യങ്ങൾ
- പരാജയകാരണങ്ങൾ




നിരവധി പരിഷ്കരണങ്ങൾ വിജയകരമായി നടപ്പാക്കിയ അക്ബർ തന്റെ ആത്മീയവും മതപരവും ആശയപരവുമായ ദാഹം ശമിപ്പിക്കുന്നതിനു വേണ്ടി പല നടപടികളും കൈക്കൊണ്ടു. 1575-ൽ അക്ബർ നിർമിച്ച പ്രാർഥനാഹാൾ ആണ് ഇബാദത്ത്ഖാന എന്ന പേരിൽ അറിയപ്പെടുന്നത്. ആദ്യ കാലഘട്ടത്തിൽ സുന്നി വിഭാഗത്തിന് മാത്രമായിരുന്നു ഇബാദത്ത്ഖാനയിൽ പ്രവേശനം. എന്നാൽ പിൽക്കാലഘട്ടത്തിൽ എല്ലാ വിഭാഗം ജനങ്ങൾക്കും സൂഫികൾക്കും ഷിയാക്കൾക്കും ക്രിസ്ത്യാനികൾക്കും സ്വരാഷ്ട്രർക്കും അതുപോലെ ഹിന്ദുക്കൾക്കും ജൈനമത വിശ്വാസികൾക്കും യുക്തിവാദികൾക്കും ഇബാദത്ത് ഖാനയിൽ പ്രവേശനം നൽകി. പണ്ഡിതശ്രേഷ്ഠന്മാർ



ജഹാംഗീർ

ആത്യന്തികമായ സത്യത്തെക്കുറിച്ച് ബുദ്ധിപരമായ ചർച്ചകൾക്ക് വേദിയാക്കിയത് ഇബാദത്ത്ഖാനയായിരുന്നു. ഇബാദത്ത്ഖാനയിൽ നടന്ന ചർച്ചകളാണ് 1579-ലെ 'മഹ്സർ നാമ' എന്ന പ്രഖ്യാപനത്തിലേക്ക് നയിച്ചത്. ഈ പ്രഖ്യാപനത്തിലൂടെ ഖുർആൻ വ്യാഖ്യാതാക്കൾ അഥവാ മുജ്തഹിദുകൾ തമ്മിലുണ്ടായിരുന്ന അഭിപ്രായവ്യത്യാസങ്ങൾ ലഘൂകരിക്കാനും ജനതയ്ക്ക് ഉതകുന്ന രീതിയിലുള്ള ഖുർആൻ വ്യാഖ്യാനങ്ങൾ സ്വീകരിക്കുവാനും അക്ബർ ആഹ്വാനം ചെയ്തു. 1582-ൽ ഇബാദത്ത് ഖാനയിൽ വെച്ചുള്ള സംവാദങ്ങൾ അക്ബർ അവസാനിപ്പിച്ചു. എന്നാൽ ആത്യന്തികമായ സത്യം കണ്ടെത്തുന്നതിൽ തന്റെ അന്വേഷണം അക്ബർ തുടർന്നുകൊണ്ടേയിരുന്നു. ഭൗതികവും ആത്മീയവും ആയ ചർച്ചകൾ ക്രോഡീകരിക്കുകയും 'തൗഹീദ്ഇലാഹി' അഥവാ, ദൈവികമായ ഏകത്വം സ്ഥാപിക്കപ്പെടുകയും ചെയ്തു. എല്ലാ മതങ്ങളിലും അടങ്ങിയിരിക്കുന്ന സമത്വം ഇതിൽ ഉൾപ്പെടുത്തുന്നു. ഇതാണ് അക്ബർ സ്ഥാപിച്ച പുതിയമതം അഥവാ, 'ദിൻഇലാഹി'. ദിൻഇലാഹി എന്ന പദം 80 വർഷത്തിന് ശേഷമാണ് ഇതിൽ കൂട്ടിച്ചേർത്തത്. തന്റെ പ്രസ്ഥാനത്തിലൂടെ അക്ബർ ആത്മീയ, രാഷ്ട്രീയമായ നേതാവായി മാറുകയായിരുന്നു. എല്ലാവർക്കും സമാധാനവും സഹവർത്തിത്വവുമാണ് പുതിയ മതത്തിലൂടെ അക്ബർ ഉദ്ദേശിച്ചത്. അക്ബർ സ്ഥാപിച്ച പുതിയ മതം അംഗീകരിക്കുന്നവർ പൂർണമായും ആത്മീയതയിൽ ജീവിക്കുകയും സ്വത്തും പദവിയും ത്യജിക്കുകയും ചെയ്യേണ്ടതാണ്. വളരെ കുറച്ച് പേർ മാത്രമാണ് ഈ മതവിശ്വാസം സ്വീകരിച്ചത്. അതുകൊണ്ടു തന്നെ അക്ബറിന്റെ മരണത്തോടുകൂടി ഈ പുതിയമതവും മരണത്തെ പ്രാപിച്ചു. എന്നിരുന്നാലും വൈവിധ്യങ്ങളുടെ കേന്ദ്രമായ ഇന്ത്യാമഹാരാജ്യത്തെ ഐക്യപ്പെടുത്താനുള്ള ആത്മാർഥമായ ശ്രമമാണ് ഈ പുതിയ മതത്തിന്റെ സ്ഥാപനത്തിലൂടെ അക്ബർ നടത്തിയത്. 'സുൽഖുൽ' അഥവാ എല്ലാവർക്കും സമാധാനം എന്നതായിരുന്നു അക്ബറിന്റെ നയം. അക്ബറിനെ തുടർന്ന് അദ്ദേഹത്തിന്റെ മകൻ ജഹാംഗീർ അധികാരത്തിൽ എത്തി. ജഹാംഗീറിന്റെ ഭാര്യ മെഹറുന്നിസ (നൂർജഹാൻ) ആണ് അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ രാഷ്ട്രകാര്യങ്ങൾ നോക്കി നടത്തിയത്. ജഹാംഗീർ ആണ് മുഗൾ പൂന്തോട്ടങ്ങളായ ഷാലിമാർ, നിശാന്ത്ബാഗ് എന്നിവ നിർമിച്ചത്. ഇംഗ്ലീഷ് ചക്രവർത്തിയുടെ പ്രതിനിധികളായ ക്യാപ്റ്റൻ ഹോക്കിൻസും സർ തോമസ് റോയും ഇന്ത്യ സന്ദർശിച്ചത് ജഹാംഗീറിന്റെ കാലഘട്ടത്തിലാണ്. ക്യാപ്റ്റൻ ഹോക്കിൻസ് 1608-ലും സർ തോമസ് റോ 1615-ലും ആണ് ഇന്ത്യ സന്ദർശിച്ചത്. കല, സംസ്കാരം, വാസ്തുശിൽപ്പകല എന്നീ മേഖലകളിൽ വലിയ മാറ്റങ്ങളാണ് മുഗൾ കാലഘട്ടത്തിലുണ്ടായത്.



ഷാജഹാൻ

ജഹാംഗീറിനെ തുടർന്ന് ഷാജഹാൻ (1628- 1658) അധികാരത്തിൽ എത്തി. ഷാജഹാൻ അറിയപ്പെടുന്നത് 'നിർമിതിയുടെ രാജകുമാരൻ' എന്ന പേരിലാണ്. ഷാജഹാൻ തന്റെ മകൻ ഔറംഗസീബിനെ ഡക്കാനിലെ വൈസ്രോയിയായി നിയമിച്ചു. ഔറംഗസീബ്, ഡക്കാൻ നാട്ടുരാജ്യങ്ങൾ ആയിരുന്ന ബിജാപുരും ഗോൽഖണ്ഡയും കീഴടക്കാനുള്ള ശ്രമം നടത്തി. അന്തിമ ഫലം പരാജയമായിരുന്നു. അതേസമയം മറാത്തശക്തികൾ മുഗളൻമാർക്ക് എതിരെ ശക്തമായ ഒരു അധികാരകേന്ദ്രമായി വളർന്നു. ഷാജഹാന്റെ അവസാന കാലഘട്ടത്തിൽ ശക്തമായ അധികാരപിന്തുടർച്ചാവകാശ സമരങ്ങൾക്ക് മുഗൾകൊട്ടാരം സാക്ഷ്യം വഹിച്ചു. 1657-ൽ ഷാജഹാന്റെ മൂന്നാമത്തെ മകൻ ഔറംഗസീബ് അധികാരത്തിൽ എത്തി. ഔറംഗസീബ് ഷാജഹാനെ തടങ്കലിൽ പാർപ്പിച്ചു. 1666-ൽ തന്റെ മരണം വരെ ഷാജഹാൻ ജയിലിൽ കഴിച്ചു കൂട്ടി.



ഔറംഗസേബ്

1658 മുതൽ 1707 വരെ മുഗൾസാമ്രാജ്യം ഭരിച്ചത് ഔറംഗസീബ് ആണ്. ഔറംഗസീബിന്റെ കാലഘട്ടത്തിൽ മുഗൾ സാമ്രാജ്യം വിസ്തൃതിയിൽ അതിന്റെ പാരമ്യത്തിൽ എത്തി. 1686-ൽ ബിജാപുരും 1687 ൽ ഗോൽഖണ്ഡയും കീഴടക്കി. ഈ രണ്ട് ഡക്കാൻ രാഷ്ട്രങ്ങളുടെയും കീഴടക്കലിനുശേഷം ഔറംഗസീബ് തന്റെ ശ്രദ്ധയും ഊർജവും മറാത്തയിൽ കേന്ദ്രീകരിച്ചു. ഡക്കാൻ രാഷ്ട്രങ്ങൾക്കെതിരെയുള്ള ഔറംഗസീബിന്റെ നയം മുഗൾസാമ്രാജ്യത്തിന്റെ തകർച്ചയിലേക്കാണ് എത്തിയത്. മുഗളൻമാരുടെ തകർച്ച ഇന്ത്യയിലെ യൂറോപ്യൻ ആധിപത്യത്തിനാണ് വഴി തെളിയിച്ചത്.

## വാസ്തു ശിൽപകല

ഡൽഹിയിലെ തുർക്കിവംശത്തിന്റെ രാഷ്ട്രീയാധികാരം വാസ്തുശിൽപ്പകലയുടെ ഉയർച്ചയ്ക്കാണ് വഴിവെച്ചത്.


വാസ്തുശിൽപ്പകലാരംഗത്ത് പുതിയ കമാനങ്ങളും മകുടങ്ങളും സ്ഥാപിക്കുന്ന രീതി തുർക്കികളാണ് ഇന്ത്യയിൽ പരിചയപ്പെടുത്തിയത്. കമാനങ്ങളും മകുടങ്ങളും ഉൾപ്പെടുന്ന നിർമാണ രീതി


കുത്തബ്മീനാർ


തുഗ്ലക്കാബാദ്

പേർഷ്യയിൽ നിന്നു മധ്യേഷ്യ വഴി ഇന്ത്യയിൽ എത്തിച്ചത് തുർക്കികളും അഫ്ഗാനികളുമാണ്. ബീമുകളുടെ പിന്തുണയില്ലാതെ കൂർത്ത ആർച്ചുകൾ ചെങ്കല്ലുകൾ ഉപയോഗിച്ച് നിർമിക്കുന്ന സമ്പ്രദായമാണ് തുർക്കികൾ ഇന്ത്യയിൽ പരീക്ഷിച്ചത്. അർധവൃത്താകൃതിയിൽ വിശാലമായ ഹാളുകൾക്കും പ്ലാറ്റ്ഫോമുകൾക്കും മേൽക്കൂര നിർമിക്കുന്ന രീതിയാണ് മകുടസമ്പ്രദായം. കമാന

നിർമിതിയിലും മകുടനിർമിതിയിലും പ്രധാനമായും നമുക്ക് കാണാൻ കഴിയുന്നത് വാസ്തു ശിൽപ്പകലയിലുള്ള അഗാധമായ വൈദഗ്ധ്യമാണ്. പള്ളികളുടെ നിർമാണത്തിലും കൊട്ടാരങ്ങളുടെയും ശവക്കല്ലറകളുടെയും സ്വകാര്യ വിടുകളുടെയും നിർമിതിയിലുമാണ് ഏറ്റവും കൂടുതൽ ആർച്ച് ആൻഡ് ഡോം മെത്തേഡ് ഉപയോഗിക്കപ്പെട്ടത്. ഇത്തരം നിർമിതികൾ അതിമനോഹരമായ രീതിയിൽ അലങ്കരിക്കപ്പെട്ടിരുന്നു. ഈ അലങ്കാരപ്രവർത്തനങ്ങളെല്ലാം നടത്തിയത് ഇന്ത്യൻ കലാകാരന്മാരായിരുന്നു. ഡൽഹിയിലെ ഖുവ്വത്തുൽ ഇസ്ലാം പള്ളിയും കുത്തബ്മിനാറും മംലൂക്ക് സുൽത്താൻമാർ നിർമിച്ച ഇൻഡോ പേർഷ്യൻ രീതിയിലുള്ള നിർമിതികളുടെ ആദ്യകാല ഉദാഹരണങ്ങളാണ്. സുൽത്താൻ കാലഘട്ടത്തിലെ വാസ്തുശിൽപ്പകല തുഗ്ലക്കുകളുടെ വരവോടെ മാറ്റത്തിന് വിധേയമായി. ഡൽഹിയിലെ ഫിറോസ്ഷാ കോട്‌ലയും തുഗ്ലക്കാബാദ് കോട്ടയും ഇതിന് ഉദാഹരണങ്ങളാണ്. ലോദി കാലഘട്ടത്തിലാകട്ടെ, ഇരട്ടഗോപുരങ്ങളും തടിച്ച ചുമരുകളും വാസ്തുശിൽപ്പകലയിൽ കാണാം. ഫിറോസ്ഷാ കോട്‌ലയിലെ എനാമൽഡ് ടൈൽസ് പേർഷ്യയിൽ നിന്നു കൊണ്ടുവന്നതാണ്.




ഖുവ്വത്തുൽ ഇസ്ലാംപള്ളി സമുച്ചയം

മുഗൾ കാലഘട്ടം വടക്കേ ഇന്ത്യയിലെ രണ്ടാം ക്ലാസിക്കൽ യുഗം എന്നാണ് അറിയപ്പെടുന്നത്. ഈ കാലഘട്ടത്തിൽ വാസ്തു ശിൽപ്പ കലയിലെ ഇന്ത്യൻ പാരമ്പര്യം ടർക്കോ-ഇറാനിയൻ പാരമ്പര്യവുമായി കൂടിച്ചേരുന്നത് കാണാൻ കഴിയും. കൃത്യമായ ജലസേചനസൗകര്യത്തോടുകൂടി മുഗള കാലഘട്ടത്തിൽ നിരവധി പൂന്തോട്ടങ്ങളാണ് ആഗ്രയിലും ലാഹോറിലും നിർമിക്കപ്പെട്ടത്. കാശ്മീരിലെ നിഷാത്ബാഗും ലാഹോറിലെ ഷാലിമാറും പഞ്ചാബിലെ പിൻജോർ ഗാർഡനും ഇന്നും അതിജീവിക്കുന്നവയാണ്.




മുഗൾ പൂന്തോട്ടം - ഡൽഹി





ഷേർഷായുടെ ശവകുടീരം

ബിഹാറിലെ ശശാരം എന്ന സ്ഥലത്തുള്ള ഷേർഷയുടെ ശവകുടീരവും ഡൽഹിയിലെ പുരാതന മുസ്ലിംപള്ളിയും മുഗൾ കാലഘട്ടത്തിന് തൊട്ടുമുമ്പുള്ള കലാരൂപങ്ങളാണ്. വലിയ രീതിയിൽ നിർമാണപ്രക്രിയകൾക്ക് തുടക്കം കുറിച്ചത് മുഗൾ ചക്രവർത്തി അക്ബർ ആണ്. ധാരാളം കോട്ടകൾ അദ്ദേഹം നിർമിച്ചു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ചെമ്മൺകല്ലിൽ വലിയ കമാനങ്ങളോടെ നിർമിച്ച ആഗ്രകോട്ടയാണ്. ആഗ്രയിൽ നിന്നു 36 കി.മീ മാറി. 'ഫത്തേപൂർസിക്രി' എന്ന ഒരു കൊട്ടാരസമുച്ചയംതന്നെ അക്ബർ പണി കഴിപ്പിച്ചു. ചെമ്മൺ കല്ലുകളുടെ വ്യാപകമായ ഉപയോഗം ഇവിടെയും നമുക്ക് കാണാൻ കഴിയും. അർധ വൃത്താകൃതിയിലുള്ള മകുട നിർമിതിയിൽ പേർഷ്യൻ സ്വാധീനം കാണാൻ കഴിയും. മിന്നിത്തിളങ്ങുന്ന നീല ടൈലുകളുടെ ഉപയോഗം മധ്യേഷ്യൻ ശൈലിയാണ്. ഗുഹാമുഖങ്ങൾ പോലെയുള്ള അർധ വൃത്താകൃതിയിലുള്ള പ്രവേശന കവാടങ്ങൾ ഇന്ത്യയുടെ തനത് പാരമ്പര്യമാണ്.



ഹുമയൂണിന്റെ ശവകുടീരം



ബുലന്ദ് ദർവാസ

അക്ബർ ഗുജറാത്ത് കീഴടക്കിയതിന്റെ ഓർമയ്ക്കായാണ് ബുലന്ത് ദർവാസ എന്ന പേരിൽ അറിയപ്പെടുന്ന പ്രവേശന കവാടവും പള്ളിയും നിർമിച്ചത്. അർധ വൃത്താകൃതിയിലുള്ള കുമ്പകൾ ബുലന്ത് ദർവാസയിൽ കാണാം. മുഗൾ നിർമിതിയുടെ പ്രത്യേകതയാണ് ഇത്തരം കുമ്പകൾ. ഡൽഹിയിൽ അക്ബർ നിർമിച്ച ഹുമയൂണിന്റെ ശവകുടീരം സ്മാരകനിർമിതിയിൽ സുൽത്താൻ ശൈലിയിൽ നിന്നു വേറിട്ടു നിൽക്കുന്ന ഒന്നാണ്. ഈ ശവകുടീരത്തിന്റെ കവാടവും വലിയ പൂന്തോട്ടവും മുഗൾ ശിൽപ്പകലയുടെ ഒരു പുതിയ തുടക്കമായിരുന്നു. പൂന്തോട്ടങ്ങളും വലിയ കമാനങ്ങളും അലങ്കരിച്ച്ഡിസൈൻ ചെയ്ത തറകളും മുഗള ശിൽപ്പകലയിൽ കാണാൻ കഴിയും. പിയാട്രധാര എന്ന പേരിൽ അറിയപ്പെടുന്ന പ്രത്യേകതരത്തിലുള്ള അലങ്കരിക്കൽ ഷാജഹാന്റെ കാലത്തോടെ വ്യാപകമായ രീതിയിൽ ഉപയോഗിക്കപ്പെട്ടു. പിയാട്രധാര സമ്പ്രദായത്തിലുള്ളതാണ് താജ്മഹൽ.




താജ്മഹൽ



ആഗ്ര കോട്ട

നടുവിൽ വലിയ കുബ്ബയും ഇരുവശങ്ങളിലുമായി അത്രതന്നെ വലുതല്ലാത്ത നാല് ഖുബ്ബകളും ഇവയെല്ലാംതന്നെ ഒരേ തറയോടു ചേർത്തുവെക്കുകയും ചെയ്ത ഒരു നിർമാണ രീതിയാണ് താജ്മഹലിൽ പ്രയോഗിച്ചിരിക്കുന്നത്. സുതാര്യമായ മാർബിളുകളും പിയാട്രാദൂരയിൽ ചെയ്ത ചാത്രികളും ആണ് താജ്മഹലിന്റെ പ്രത്യേകത. താജ്മഹലിന്റെ മുന്നിൽ അതിമനോഹരമായി തയ്യാറാക്കിയ പൂന്തോട്ടം കൂടി ഉണ്ട്.

ഷാജഹാന്റെ കാലഘട്ടത്തിൽ പള്ളിനിർമാണവും വളരെ പുരോഗതി പ്രാപിച്ചു. ആഗ്രയിലെ മോത്തി മസ്ജിദും ജുമാമസ്ജിദും വൃന്ദാവനിലെ ഗോവിന്ദദേവക്ഷേത്രവും ഈ കാലഘട്ടത്തിലെ ചെങ്കൽ നിർമ്മിതികളാണ്. അമൃതസ്സറിലെ സുവർണ ക്ഷേത്രം കമാനവും മകുടവും കൂടിയ നിർമാണ പ്രക്രിയക്ക് ഉദാഹരണമാണ്.



മോത്തി മസ്ജിദ്



സുവർണക്ഷേത്രം

## പെയിന്റിങ്ങുകൾ

മുഗള കാലഘട്ടത്തിൽ പ്രാചീന ഇന്ത്യയിൽ നിലനിന്നിരുന്ന മിനിയേച്ചർ പെയിന്റിങ്സ് പുരോഗതി പ്രാപിച്ചു. കൊട്ടാരങ്ങളും യുദ്ധരംഗങ്ങളും പടയോട്ടങ്ങളും പെയിന്റിങ്ങിലൂടെ അവതരിപ്പിക്കുന്ന പുതിയ രീതി വികസിപ്പിച്ചെടുത്തത് മുഗളന്മാരാണ്. പെയിന്റിങ്ങിന് വേണ്ടി അക്ബർ സ്ഥാപിച്ച രാജകീയ സ്ഥാപനങ്ങളാണ് കാർഖാനകൾ. രാജ്യത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലുള്ള ചിത്രകാരൻമാർ ഈ കാർഖാനകളിൽ ഒരുമിച്ചുകൂടി. ജസ്വന്തും ദാസവനും അക്ബർ ചക്രവർത്തിയുടെ കൊട്ടാരത്തിൽ താമസിച്ചിരുന്ന പ്രശസ്തരായ ചിത്രകാരൻമാരാണ്. ചിത്രകലയിലെ ഇന്ത്യൻ വിഷയങ്ങൾ പ്രധാനമായും പ്രകൃതിയും അതിന്റെ ചുറ്റുപാടുകളുമായും ബന്ധപ്പെട്ടതായിരുന്നു. നിറങ്ങളിൽ ഇന്ത്യൻ ചുവപ്പും തിളങ്ങുന്ന നീലയും വ്യാപകമായ രീതിയിൽ ഉപയോഗിക്കപ്പെട്ടു. മുഗള ചിത്രകലയിൽ ചുമർചിത്രങ്ങൾക്ക് പ്രചുരപ്രചാരം ലഭിക്കുന്നത് ജഹാംഗീറിന്റെ കാലത്തോടെയാണ്. ബിഷൻദാസ്, മുറാദ്, മൻസൂർ ബഹാദൂർ തുടങ്ങിയ പ്രശസ്ത ചിത്രകാരന്മാർ ജഹാംഗീറിന്റെ സദസ്സിലാണ് ജീവിച്ചത്. മുഗൾ ചിത്രകലയോടൊപ്പം വളർന്നുവന്ന ചിത്രകലാ ശൈലിയാണ് ഡക്കാൻ സ്കൂൾ ഓഫ് പെയിന്റിങ്.

## സംഗീതം

സംഗീതത്തിന് മുഗളകാലഘട്ടത്തിൽ വളരെയധികം പ്രാധാന്യം ലഭിച്ചിട്ടുണ്ട്. ഹിന്ദുസ്താനി സംഗീതം അറബി-പേർഷ്യൻ സ്വാധീനത്താൽ വളർന്നുവന്നു. സംഗീതോപകരണങ്ങളായ സിത്താർ, സാരംഗി, തബല തുടങ്ങിയവ പ്രചുരപ്രചാരം നേടി. അമീർ ഖുസ്രു ഹിന്ദുസ്താനി സംഗീതത്തിൽ അവഗാഹം നേടിയ പണ്ഡിതനായിരുന്നു. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ വളർച്ചയ്ക്ക് മുഗള കാലഘട്ടം സാക്ഷ്യം വഹിച്ചു. അക്ബറിന്റെ കൊട്ടാരത്തിൽ ജീവിച്ചിരുന്ന പ്രശസ്ത സംഗീതജ്ഞനാണ് ടാൻസൻ. നിരവധി മെലഡികളും രാഗങ്ങളും അദ്ദേഹം ചിട്ടപ്പെടുത്തിയിട്ടുണ്ട്. അക്ബറിന് വേണ്ടി പ്രത്യേകമായി ടാൻസൻ ചിട്ടപ്പെടുത്തിയ രാഗമാണ്

'രാഗ്ദർബാരി' പേർഷ്യൻ സംഗീതത്തിന്റെ പല പ്രത്യേകതകളും ഹിന്ദുസ്താനി സംഗീതത്തിൽ കാണാൻ കഴിയും.

### അമീർ ഖുസ്രു (1253-1325)

സുൽത്താൻ കാലഘട്ടത്തിൽ ജീവിച്ചിരുന്ന പ്രശസ്തനായ സൂഫിസംഗീതജ്ഞനും കവിയും പണ്ഡിതനുമായിരുന്നു അമീർ ഖുസ്രു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിൽ വിഗ്രഹസമാനമായ വ്യക്തിത്വത്തിനുടമയാണ് അമീർ ഖുസ്രു. മിസ്റ്റിസിസത്തിൽ ആകൃഷ്ടനായ അമീർ ഖുസ്രു നിസാമുദ്ദീൻ ഔലിയയുടെ ശിഷ്യൻകൂടിയായിരുന്നു. സിത്താർ, തബല തുടങ്ങിയ ഉപകരണങ്ങളിൽ അമീർ ഖുസ്രു ആകൃഷ്ടനായിരുന്നു. പേർഷ്യൻ ഭാഷയിൽ കവിതകൾ എഴുതിയ അമീർ ഖുസ്രു ഖവാലി എന്ന സംഗീതശാഖയുടെ പിതാവ് എന്ന പേരിലറിയപ്പെടുന്നു. ദൈവത്തെ പ്രകീർത്തിച്ചുകൊണ്ടുള്ള സംഗീതശാഖയാണ് ഖവാലി എന്ന പേരിലറിപ്പെടുന്നത്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ സൂഫികൾ ഖവാലി വലിയ രീതിയിൽ ഉപയോഗിച്ചു. ഗസലുകൾ ഇന്ത്യയിൽ പരിചയപ്പെടുത്തിയതും അമീർ ഖുസ്രുവാണ്. ഇന്ത്യയിലും പാകിസ്താനിലും ഖവാലികളും ഗസലുകളും ഇന്നും വളരെ പ്രചാരത്തിൽ ഉണ്ട്. ഇന്ത്യൻ ക്ലാസിക്കൽ സംഗീതത്തിൽ അറബി, ടർക്കി, പേർഷ്യൻ സ്വാധീനം കാണാൻ കഴിയുന്നുണ്ടെങ്കിൽ അത് അമീർ ഖുസ്രുവിന്റെ സംഭാവനയാണ്. ഖയാൽ, തരാനാ തുടങ്ങിയ സംഗീത ശാഖകൾ ഇന്ത്യയിൽ പരിചയപ്പെടുത്തിയത് അമീർ ഖുസ്രുവാണ്.

ജഹാംഗിറും ഷാജഹാനും പേർഷ്യൻ സ്വാധീനത്തിലുള്ള ഹിന്ദുസ്താനി സ്കൂൾ ഓഫ്മ്യൂസിക്കിന് വളരെയധികം പ്രാധാന്യം നൽകി. മുഗള കൊട്ടാരത്തിൽ വികസിച്ചുവന്ന സംഗിതശാഖയാണ് ഖയാലും തുമ്രിയും. മുഗള കാലഘട്ടത്തിൽ പേർഷ്യൻ ഭാഷയിലെ ഗദ്യസാഹിത്യവും പദ്യസാഹിത്യവും വളരെയധികം പുരോഗതി പ്രാപിച്ചു.

അക്ബറിന്റെ കൊട്ടാരത്തിൽ താമസിച്ചിരുന്ന പ്രശസ്തനായ ഗദ്യസാഹിത്യകാരനാണ് അബുഫസലിന്റെ സഹോദരൻ ഫായിസ് ഉതുബി. ഈ കാലഘട്ടത്തിലെ പ്രശസ്തകവിയാണ് ഹിന്ദിഭാഷയിൽ ദോഹകൾ എഴുതിയ അബ്ദുൽ റഹ്മാൻ. അബ്ദുൽറഹ്മാന്റെ ദോഹകൾ ഇന്നും പാരായണം ചെയ്യപ്പെടുന്നു. ഹിന്ദിയിൽ തുളസീദാസ് എഴുതിയ രാമായണമാണ് 'രാമചരിതമാനസം', സൂർദാസാണ് 'സൂർസാഗർ' എഴുതിയത്. 18-ാം നൂറ്റാണ്ടോടെ ഉറുദുഭാഷ എഴുത്തുകാരാലും കൃതികളാലും സമ്പുഷ്ടമാക്കപ്പെട്ടു. ഡൽഹിയും ലക്നൗവും ഉറുദുഭാഷയുടെ കേന്ദ്രങ്ങളായി മാറി.



സിത്താർ



തബല



സാരംഗി

## ഇൻഡോ-മുസ്ലിം ചരിത്ര രചന

ചരിത്രരചനാശാസ്ത്രം എന്നാൽ ചരിത്രം എഴുതുന്ന കലയാണ്. ഇത് പ്രധാനമായും ചരിത്രകാരൻമാരെക്കുറിച്ച്, അവരുടെ വീക്ഷണങ്ങളെക്കുറിച്ച്, അവർ ജീവിച്ചിരുന്ന കാലത്തെ കുറിച്ചുള്ള പഠനമാണ്. ഇന്ത്യയിലേക്കുള്ള ഇസ്ലാമിന്റെ വരവ് ചരിത്രരചനയിൽ വൻമാറ്റങ്ങൾക്കാണ് കാരണമായത്. മദ്ധ്യേഷ്യയിലെ ജനങ്ങളുടെ ചരിത്രബോധം കാശ്മീരിലെ ജനങ്ങളെ സ്വാധീനിക്കുകയും ആ സ്വാധീനത്തിന്റെ ഫലമായി കൽഹണൻ രാജതരംഗിണി എഴുതുകയും ചെയ്തു. 13-ാം നൂറ്റാണ്ടു മുതൽ 15-ാം നൂറ്റാണ്ടുവരെ മുസ്ലിം ചരിത്രകാരൻമാർ പേർഷ്യൻ ചരിത്രരചനാരീതിയാണ് മാതൃകയാക്കിയത്. ചരിത്രരചനയിൽ അതിന്റെ വിഷയത്തിലും സമീപനത്തിലും കൃത്യമായ മാറ്റങ്ങൾ പ്രകടമാകുന്നത് മുസ്ലിങ്ങളുടെ വരവോടുകൂടിയാണ്. ചരിത്രരചനയുടെ ഉള്ളടക്കത്തിലും വിഷയസമീപനത്തിലും രചനാശാസ്ത്രത്തിലും വലിയ മാറ്റം പ്രകടമാകുന്നത് മുഗളന്മാരുടെ വരവോടുകൂടിയാണ്. ഇസ്ലാം ചരിത്രത്തിന് നൽകിയ ഏറ്റവും പ്രധാനപ്പെട്ട സംഭാവന കാലഗണനയാണ്. എ.ഡി.622-ലെ ഹിജ്റ വർഷത്തിന്റെ ആരംഭമാണ് ഇതിലേക്കു നയിച്ചത്.

**ഡൽഹിയിൽ സുൽത്താൻ ഭരണകാലത്ത് ജീവിച്ചിരുന്ന ചരിത്രകാരന്മാരും**

## അവരുടെ കൃതികളും

| | | |
|---|---|---|
| അൽബിറൂനി | - | കിത്താബുൽ ഹിന്ദ് |
| മിൻഹാജ് സിറാജ് | - | തബക്കാത്ത് നാസരി |
| സിയാവുദ്ദീൻ ബറാനി | - | ഫത്തുവായി ജഹൻദാരി, താരിക്ക് ഫിറോസ്ഷായിഹി |
| ഫിറോസ് ഷാ തുഗ്ലക് | - | ഫുത്തുവായി ഫിറോഷായി |

**മുഗള കാലഘട്ടത്തിലെ ചരിത്രകാരന്മാരും അവരുടെ കൃതികളും**

| | | |
|---|---|---|
| ബാബർ | - | തുസുക്കി ബാബരി |
| ഗുൽബദാൻബീഗം | - | ഹുമയൂൺനാമ |
| അബുൽ ഫസൽ | - | അക്ബർ നാമ, അയ്നി അക്ബരി |
| അബ്ദുൾ ഫൈസി | - | മുൻതഖാബത്ത് തവാരിഖ്, ഖാദർ ബദൗനി |
| ഔറംഗസീബ് | - | ഫത്തുവായി ആലംഗീരി |
| കാഫിഖാൻ | - | മുൻതക്കബുൽ - ലുബാബ് |

മധ്യകാലഘട്ടം ചരിത്രത്തിന്റെ വിളനിലമായിരുന്നു. സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ സംഭവങ്ങളെക്കുറിച്ചെല്ലാം ഈ കാലഘട്ടത്തിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. പിൽക്കാലഘട്ടത്തിൽ ഉപയോഗിക്കപ്പെട്ട ഓർമക്കുറിപ്പുകൾ, ഡയറികൾ, നോവലുകൾ തുടങ്ങിയ വ്യത്യസ്ത ചരിത്രസ്രോതസ്സുകൾ ഈ കാലഘട്ടത്തിൽ എഴുതപ്പെട്ടു.

## മുഗള സാമ്രാജ്യത്തിന്റെ തകർച്ച


1707-ലെ ഔറംഗസീബിന്റെ മരണത്തോടെയാണ് മുഗളസാമ്രാജ്യത്തിന്റെ തകർച്ച തുടങ്ങുന്നത്. മുഗളകൊട്ടാരം ആഭ്യന്തരകലഹങ്ങളുടെ വേദിയായി മാറുകയും തത്ഫലമായി പ്രവിശ്യാ ഗവർണർമാർ അവരുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും ചെയ്തു. മുഗള ശക്തികൾ അവരുടെ അധികാരം ഡക്കാനിലേക്കും മധ്യ ഇന്ത്യയിലേക്കും വ്യാപിപ്പിച്ചു. സാമ്രാജ്യത്തിന്റെ ദൗർബല്യം

1739-ൽ നാദിർഷ ഡൽഹി കീഴടക്കിയതോടെ വ്യക്തമായി. നാദിർഷായെ തുടർന്ന് അഹമ്മദ്ഷാ അബ്ദാലി 1748-നും 1767-നും ഇടയിൽ ആറ് പ്രാവശ്യം ഡൽഹി കൊള്ളയടിച്ചു. ഔറംഗസീബിന്റെ ഡക്കാൻ നയം മുഗള സാമ്രാജ്യത്തിന്റെ തകർച്ചക്ക് വഴിയൊരുക്കി.


### അഹമ്മദ്ഖാൻ അബ്ദാലി

അഹമ്മദ്ഷാദുറാനി (1722-1772), അഹമ്മദ്ഖാൻ അബ്ദാലി എന്ന പേരിലും അറിയപ്പെടുന്നു. ആധുനിക അഫ്ഗാനിസ്താന്റെയും ദുറാനി സാമ്രാജ്യത്തിന്റെയും സ്ഥാപകൻ എന്ന പേരിൽ അറിയപ്പെടുന്നത് അഹമ്മദ്ഖാൻ അബ്ദാലിയാണ്. ഒരു പട്ടാളക്കാരനായിട്ടാണ് തന്റെ ജോലി അദ്ദേഹം തുടങ്ങിയത്. പിൽകാലത്ത് അബ്ദാലി റെജിമെന്റിന്റെ സ്ഥാപകനായി അദ്ദേഹം മാറി. 1747-ൽ 'നാദിർഷ' അഫ്ഷാറിന്റെ മരണത്തോടെ അഹമ്മദ്ഷാ ദുറാനി അഫ്ഗാനിസ്ഥാനിലെ രാജാവായി തെരഞ്ഞെടുക്കപ്പെട്ടു. അഫ്ഗാനി ഗോത്രങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഇന്ത്യയിലെ മുഗളൻമാർക്കും മറാത്ത ജനവിഭാഗങ്ങൾക്കുമെതിരെ അദ്ദേഹം പടപ്പുറപ്പാട് തുടങ്ങി. ഇത് പേർഷ്യയിലെ അഫ്ഷാരിഡ് സാമ്രാജ്യത്തെ തകർക്കുകയും കുറച്ച് വർഷങ്ങൾക്കു ശേഷം ഖുറാസാൻ മുതൽ പടിഞ്ഞാറ് കാശ്മീർ വരെ വടക്കെ ഇന്ത്യയിലേക്ക് ഒരു മുന്നേറ്റം നടത്തുന്നതിന് അദ്ദേഹത്തിന് സഹായകമായിത്തീരുകയും ചെയ്തു.

ഡക്കാൻരാഷ്ട്രങ്ങളെ ശിവജിക്കും മറാത്തക്കാർക്കും എതിരെ നിർത്തുന്നതിൽ ഔറംഗസീബ് പരാജയപ്പെട്ടു. മറാത്തയുടെ ഉയർച്ചയും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ വരവും ഇന്ത്യൻ രാഷ്ട്രീയ ചക്രവാളത്തിൽ നിന്നു മുഗളൻമാർ പൂർണമായും അപ്രത്യക്ഷരാകാൻ കാരണമായി.



മുഗളൻമാരുടെ തകർച്ചയെക്കുറിച്ച് ഒരു ചർച്ച സംഘടിപ്പിക്കുക.




ഔറംഗസേബിന്റെ സാമ്രാജ്യം

## സംക്ഷിപ്തം

ഈ പാഠഭാഗത്ത് പ്രധാനമായും ചർച്ച ചെയ്യുന്നത് 712-ലെ അറബികളുടെ സിന്ധാക്രമണം മുതൽ 1858-ലെ മുഗളസാമ്രാജ്യത്തിന്റെ തകർച്ചവരെയുള്ള ഇന്ത്യാചരിത്രമാണ്. രാഷ്ട്രീയചരിത്രം മാത്രമല്ല സമൂഹത്തിന്റെ രൂപീകരണം, സംസ്കാരം, കല, വാസ്തുശില്പകല തുടങ്ങിയവ ഈ പാഠഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കൂടാതെ ഇൻഡോ-മുസ്ലിം ചരിത്രരചനാശാസ്ത്രം, ഭാഷയുടെയും സാഹിത്യത്തിന്റെയും വികാസം എന്നിവയും ഈ പാഠഭാഗത്തിലുണ്ട്.

## ചോദ്യങ്ങൾ

1. ഗസ്നവി രാജവംശത്തിന്റെ സ്ഥാപകൻ?
2. ഷാനാമയുടെ രചയിതാവ്?
3. അടിമരാജവംശത്തിന്റെ സ്ഥാപകൻ?
4. മുഗളസാമ്രാജ്യത്തിന്റെ സ്ഥാപകൻ?
5. ദിൻ ഇലാഹിയുടെ സ്ഥാപകൻ?
6. മാൻസബ്ദാരി സമ്പ്രദായത്തിന്റെ സ്ഥാപകൻ?
7. താഴെ തന്നിരിക്കുന്നവയെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.
    - തറൈൻ യുദ്ധം
    - ഒന്നാം പാനിപ്പത്ത് യുദ്ധം
    - മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ തലസ്ഥാനമാറ്റം
    - ഔറംഗസീബിന്റെ ഡക്കാൻ നയം
    - അലാവുദ്ദീൻ ഖിൽജിയും സുൽത്താനത്തിന്റെ വ്യാപനവും
8. ഇന്ത്യൻ ഭരണസംവിധാനത്തിന്റെ സ്ഥാപകൻ ഷെർഷയാണ്. വിശദീകരിക്കുക.
9. ഷാജഹാന്റെ കാലഘട്ടം മാർബിളിന്റെ യുഗമാണ്. വിശദീകരിക്കുക.
10. ഡക്കാൻ അൾസർ മുഗളന്മാരെ തകർത്തു. വിലയിരുത്തുക.
11. അക്ബറിന്റെ മതനയം വിമർശനാത്മകമായി വിലയിരുത്തുക.?

# 8

# സ്വാതന്ത്ര്യസമരവും ഇന്ത്യൻ മുസ്‌ലിംകളും

K7V3D1

## പഠനനേട്ടങ്ങൾ

- ഐക്യം ഇല്ലാതാക്കുന്നത് വൈദേശിക കടന്നുകയറ്റത്തിലേക്കു നയിക്കുമെന്ന് വിദ്യാർഥികൾ തിരിച്ചറിയുന്നു.
- ഇന്ത്യൻ മുസ്‌ലിംകൾക്കിടയിൽ ദേശീയ വികാരമുണർത്തുന്നതിനായ് ദാറുൽ ഉലൂം ദയൂബന്ദിലെ പണ്ഡിതന്മാരുടെ സംഭാവനകളെ വിദ്യാർഥികൾ പ്രകീർത്തിക്കുന്നു.
- സ്വാതന്ത്ര്യ മൂല്യത്തിന്റെയും ജനകീയ മുന്നേറ്റത്തിന്റെയും പ്രാധാന്യം വിദ്യാർഥികൾ തിരിച്ചറിയുന്നു.
- വൈദേശികഭരണത്തെ എതിർക്കുവാനുള്ള ഏറ്റവും നല്ല മാധ്യമങ്ങളിലൊന്ന് സാഹിത്യമാണെന്ന് വിദ്യാർഥികൾ മനസ്സിലാക്കുന്നു.
- ഇന്ത്യൻ മുസ്‌ലിംകൾക്കിടയിലെ വിദ്യാഭ്യാസ രീതികളുടെ മാറ്റങ്ങൾ, മതസഹിഷ്ണുത, മതേതര വീക്ഷണം എന്നിവ വിദ്യാർഥികൾ തിരിച്ചറിയുന്നു.
- മതേതരത്വവും ദേശീയ വികാരവും വിദ്യാർഥികളിൽ വളർത്തുന്നു.

## പ്രധാനാശയങ്ങൾ

- കോളനിവത്കരണത്തിനെതിരെയുള്ള ഇന്ത്യൻ മുസ്‌ലിംകളുടെ പ്രതിഷേധം.
- ദയൂബന്ദ് മുസ്‌ലിം പണ്ഡിതന്മാരായ സയ്യിദ് അഹ്മദ് ഷാഹിദിന്റെയും വഹാബി പ്രസ്ഥാനത്തിന്റെയും പങ്ക്
- ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യസമരവും മുസ്‌ലിംകളോടുള്ള ബ്രിട്ടീഷുകാരുടെ സമീപനവും.
- സർസയ്യിദ് അഹ്മദ്ഖാൻ, അലിഗർ പ്രസ്ഥാനം, അലിഗർ മുസ്‌ലിം സർവകലാശാല, ജംഇയത്തുൽ-ഉലമാ-ഹിന്ദ്, നദ്‌വത്തുൽ ഉലമ, ദാറുൽ ഉലൂം എന്നിവയുടെ പങ്ക്
- ജാമിഅ മില്ലിയ ഇസ്‌ലാമിയ സർവകലാശാലയും ഖിലാഫത്ത് പ്രസ്ഥാനവും
- ഗാന്ധിജിയും അലി സഹോദരന്മാരും
- പ്രധാനപ്പെട്ട മുസ്‌ലിം വ്യക്തിത്വങ്ങളും സ്വാതന്ത്ര്യസമരവും
- ബദറുദ്ദീൻ തയാബ്ജി, അബുൽ കലാം ആസാദ്, അബ്ദുൽ ഗഫർ ഖാൻ, മുഹമ്മദ് ഇഖ്ബാൽ, ഡോ. എം. എ. അൻസാരി, അബ്ദുൽ ബാരി ഫിറംഗി മഹൽ, ഹസ്രത്ത് മൊഹാനി.

1600 സി.ഇ.യിൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി ഇന്ത്യയിൽ സ്വാധീനമുറപ്പിക്കാൻ തുടങ്ങി. ആദ്യം കച്ചവടമേൽക്കോയ്മയും പിന്നീട് ഇന്ത്യൻ ഭരണവും അവർ പിടിച്ചടക്കുകയുണ്ടായി. ഏകദേശം ഇരുന്നൂറ് വർഷത്തോളമാണ് ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണം നിലനിന്നിരുന്നത്. സി. ഇ. 1857-ലെ വിപ്ലവത്തിൽ ബ്രിട്ടീഷ് ഭരണത്തിനെതിരെ ഇന്ത്യൻജനത പ്രക്ഷോഭം നടത്തിയെങ്കിലും നിരവധി കാരണങ്ങളാലത് പരാജയപ്പെട്ടു. ഈ വിപ്ലവാനന്തരം മുസ്‌ലിംകൾക്കെതിരെയായിരുന്നു ബ്രിട്ടീഷ് കമ്പനി കർശനനിലപാടുകളും ശത്രുതയും പ്രകടമാക്കിയത്. പതിനേഴാം നൂറ്റാണ്ടിൽത്തന്നെ അധികാരം നഷ്ടപ്പെട്ട മുസ്‌ലിംകൾക്ക് ഈ പ്രക്ഷോഭത്തിലൂടെ അവരുടെ അഭിമാനവും സ്ഥിരതയും സമൂഹത്തിലെ ഉന്നതസ്ഥാനങ്ങളും നഷ്ടമാവുകയും പിന്നോക്കാവസ്ഥയിലേക്കവർ തഴയപ്പെടുകയുമുണ്ടായി. ഇത്തരമൊരു പരിതാപകരമായ അവസ്ഥയിലായിരുന്നു ഹസ്രത്ത് മൊഹാനി, ബദറുദ്ദീൻ തിയാബ്ജി, മൗലാന ആസാദ്, ഖാൻ അബ്ദുൽ ഖാഫർ ഖാൻ, അല്ലാമ മുഹമ്മദ് ഇക്ബാൽ, അലി സഹോദരന്മാർ, ഡോ. എം. എ. അൻസാരി എന്നിവർ മുസ്‌ലിം സമൂഹത്തിന്റെ ഉന്നമനത്തിനു വേണ്ടി മുന്നോട്ടുവന്നത്. മാത്രമല്ല, ഇവർ ഇന്ത്യയിലെ ബ്രിട്ടീഷ് രാജിനെതിരെയും പ്രവർത്തിച്ചിരുന്നു. പരിഷ്കർത്താക്കളിൽ സർ സയ്യിദ് അഹമ്മദ് ഖാനെപ്പോലുള്ളവരുടെ വിദ്യാഭ്യാസ ചിന്തകൾ വേറിട്ടുനിൽക്കുന്നതായിരുന്നു.

മുസ്‌ലിം നേതാക്കന്മാരെപ്പോലെത്തന്നെ ഗാന്ധിജിയും ഖിലാഫത്ത് പ്രസ്ഥാനത്തെയും മതേതര സ്വഭാവമുള്ള ജാമിയ മില്ലിയ ഇസ്‌ലാമിയ പോലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളെയും അനുകൂലിച്ചു. ഹിന്ദു-മുസ്‌ലിം ഐക്യത്തിനുവേണ്ടി പ്രവർത്തിച്ച ദീർഘവീക്ഷണമുള്ള ഇന്ത്യൻ നേതാവായിരുന്നു ഗാന്ധിജി. അദ്ദേഹം ദേശീയ പ്രസ്ഥാനരംഗത്തു സജീവമായപ്പോൾ ഖിലാഫത്ത് പ്രസ്ഥാനത്തെ അനുകൂലിക്കുകയും ചെയ്തു. അതോടൊപ്പംതന്നെ അദ്ദേഹം മുസ്‌ലിംകളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ വികാസത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു. രുന്നു. ഇന്ത്യയിലെ വികസന മനോഭാവമുള്ളവരും മതേതര ചിന്താഗതിക്കാരുമായ മുസ്‌ലിം നേതാക്കളാണ് ദയൂബന്ദിൽ ദാറുൽ ഉലൂം എന്ന വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ചത്. പിന്നീടത് സ്വാതന്ത്ര്യസമര പ്രസ്ഥാന കേന്ദ്രം കൂടിയായി മാറി. വഹാബി പ്രസ്ഥാനത്തിലൂടെ ഷാഹിദ് അഹമ്മദ് ബറേലി ഇന്ത്യൻ സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടുകയുണ്ടായി. ബ്രിട്ടീഷ് ഇന്ത്യയിലുണ്ടായിരുന്ന നദ്‌വത്തുൽ ഉലമ, ജംഇയ്യത്തുൽ ഉലമ തുടങ്ങിയ പ്രബല മുസ്‌ലിം സംഘടനകൾ മതേതരത്വത്തിനും വിദ്യാഭ്യാസത്തിനും ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ചിരുന്നു.


## ഇന്ത്യയിലേക്കുള്ള യൂറോപ്യൻ ആഗമനം

സി. ഇ. 1498, ഇന്ത്യൻ ചരിത്രത്തെ സംബന്ധിച്ചിടത്തോളം വളരെ വഴിത്തിരിവായൊരു വർഷമായിരുന്നു. കാരണം, പോർച്ചുഗീസ് നാവികനായ വാസ്കോ-ഡ-ഗാമ കേരളത്തിലെ കാപ്പാട്ടെത്തിയത് ഈ വർഷമായിരുന്നെന്ന് ചരിത്ര ഏടുകളിൽ കാണാം. യൂറോപ്യൻ ശക്തികൾ കച്ചവടത്തിനായിട്ടായിരുന്നു ഇന്ത്യയിലെത്തിയതെങ്കിലും പിന്നീട് ആഭ്യന്തര ഭരണകാര്യങ്ങളിൽ സ്വാധീനമുറപ്പിക്കാനായി അവരുടെ ശ്രമങ്ങൾ. പോർച്ചുഗീസുകാരുടെ ഈ അധിനിവേശ മനോഭാവം കുഞ്ഞാലിമരക്കാരും സാമൂതിരി രാജാവും അവർക്കെതിരെ തിരിയാൻ കാരണമായി. പോർച്ചുഗീസുകാരെ തുടർന്ന് ഡച്ച്, ഫ്രഞ്ച്, ഇംഗ്ലീഷ് ശക്തികളും പതിനേഴാം നൂറ്റാണ്ടോടെ വ്യാപാരാവശ്യത്തിനായി ഇന്ത്യയിലെത്തുകയുണ്ടായി. എന്നാൽ അവരിൽ ബ്രിട്ടീഷുകാരാണ് ഇന്ത്യയെ പൂർണമായും അവരുടെ കോളനിയാക്കി മാറ്റുന്നതിൽ വിജയിച്ചത്.

പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യത്തിലാണ് ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യയിൽ അവരുടെ കോളനിവത്ക്കരണമാരംഭിക്കുന്നത്. അതിന്റെ പ്രധാന കാരണം ശക്തമായ എതിർപ്പുകൾ ഇന്ത്യൻ ജനതയുടെ ഭാഗത്തുനിന്നുമുണ്ടാകാതിരുന്നതാണ്. ഉത്തരേന്ത്യ ഭരിച്ചിരുന്ന മുഗൾ സുൽത്താന്റെ ഭരണമാണെങ്കിൽ അന്തസ്സ് ക്ഷയിച്ച് ആധിപത്യം നഷ്ടപ്പെട്ട അവസ്ഥയിലുമായിരുന്നു.

### ആംഗ്ലോ- മൈസൂർ യുദ്ധങ്ങൾ

ബ്രിട്ടീഷുകാർക്കെതിരെ ഹൈദരലിയും ടിപ്പു സുൽത്താനും നടത്തിയ യുദ്ധങ്ങളാണിവ. പ്രധാനമായും നാല് ആംഗ്ലോ-മൈസൂർ യുദ്ധങ്ങളാണ് നടന്നിട്ടുള്ളത്. ആദ്യത്തെ രണ്ടെണ്ണം നയിച്ച ഹൈദരലി രണ്ടാം ആംഗ്ലോ-മൈസൂർ യുദ്ധത്തിൽ അർബുദം കാരണം മരണപ്പെട്ടതിനെത്തുടർന്ന് സേനാനേതൃത്വം മകനായ ടിപ്പുസുൽത്താൻ ഏറ്റെടുത്തു. തുടർന്ന് നടന്ന യുദ്ധത്തിൽ ബ്രിട്ടീഷുകാർക്കെതിരെ ശക്തമായി തിരിച്ചടിച്ച് അദ്ദേഹം വിജയം നേടുകയും യൂറോപ്യൻ ശക്തികളുടെ മുന്നേറ്റത്തിനു വിഘാതമേൽപ്പിക്കുകയും ചെയ്തു. സി. ഇ. 1799-ൽ നടന്ന നാലാം ആംഗ്ലോ-മൈസൂർ യുദ്ധത്തിൽ അദ്ദേഹം രക്തസാക്ഷിയാവുകയും ചെയ്തു.



ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ടിപ്പുസുൽത്താൻ വഹിച്ച പങ്ക് വിവരിക്കുക.

## കോളനി ഭരണത്തിനെതിരേയുള്ള ഇന്ത്യൻ മുസ്‌ലിംകളുടെ ചെറുത്തുനിൽപ്പ്

മധ്യകാല ഇന്ത്യാ ചരിത്രം മുസ്‌ലിം വിഭാഗങ്ങളുടെ സാമൂഹികവും രാഷ്ട്രീയവുമായ ആധിപത്യത്തെ കുറിച്ച് വിശദമായ വിവരങ്ങൾ നൽകുന്നു. സമൂഹത്തിന്റെ എല്ലാ മേഖലകളുടെയും വികാസത്തിനു അവർ സംഭാവന നൽകിയിട്ടുണ്ട്. എന്നാൽ സി. ഇ. 1707-ൽ ഔറംഗസീബിന്റെ മരണത്തോടെ മുഗൾ പ്രതാപം ക്ഷയിക്കാൻ തുടങ്ങി. ബ്രിട്ടീഷുകാരുടെ രാഷ്ട്രീയ കടന്നുകയറ്റത്തിലൂടെ രാഷ്ട്രീയ, കച്ചവട, സാമ്പത്തിക, കാർഷിക മേഖലകളിലുണ്ടായിരുന്ന മുസ്‌ലിംകളുടെ മേൽക്കോയ്മയ്ക്ക് മങ്ങലേൽക്കാൻ തുടങ്ങി. ഇതിനിടയിൽ ബ്രിട്ടീഷുകാർ 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന നയം കൊണ്ടുവന്നു. തങ്ങളുടെ അധികാര സുസ്ഥിരതയ്ക്കും ഇന്ത്യൻ സമ്പത്ത് ചൂഷണം ചെയ്യുന്നതിനുംവേണ്ടി സാമ്പത്തിക ചോർച്ചാനയം സ്വീകരിക്കുകയും അവകാശികളില്ലാത്ത പ്രദേശങ്ങൾ കൈക്കലാക്കുകയും തങ്ങൾക്കെതിരെയുള്ള എല്ലാ എതിർപ്പുകളെയും അടിച്ചമർത്തുകയും ചെയ്തു.

## സയ്യിദ് അഹമ്മദ് ബറേലവിയും വഹാബി പ്രസ്ഥാനവും

ഷാ വലിയുള്ളയുടെ മകനായ ഷാ അബ്ദുൾ അസീസിന്റെ സ്വാധീനത്തിലാണ് സയ്യിദ് അഹമ്മദ് ബറേലവി സാമൂഹ്യരംഗത്തേക്കെത്തുന്നത്. സി. ഇ. 1786-ൽ ജനിക്കുകയും സി. ഇ. 1831-ൽ മരണപ്പെടുകയും ചെയ്ത അദ്ദേഹം ഇന്ത്യമുഴുവൻ സഞ്ചരിക്കുകയും ഇസ്‌ലാമിക തത്വങ്ങളുടെയും ഭരണത്തിന്റെയും പുനരാവിഷ്കരണത്തിനായി പ്രവർത്തിക്കുകയും ചെയ്തു. ഇസ്‌ലാമിക ലോകത്തെ വിപ്ലവാത്മക പ്രവർത്തകനായതുകൊണ്ട് അനുയായികൾ അദ്ദേഹത്തെ 'അമീറുൽ മുഅ്മിൻ' എന്നാണ് വിളിച്ചിരുന്നത്. മതപരവും രാഷ്ട്രീയപരവും സമാധാനപരവുമായൊരു പ്രസ്ഥാനത്തിനദ്ദേഹം തുടക്കം കുറിച്ചു. ബ്രിട്ടീഷ് ഭരണത്തിനും ബ്രിട്ടീഷ്‌രാജിനുമെതിരെ മുസ്‌ലിംകളോട് പോരാടാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

ഇന്ത്യയിൽ വഹാബി പ്രസ്ഥാനത്തിന്റെ ശക്തനായ വക്താവായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടായിരുന്നു വഹാബി പ്രസ്ഥാനം ഇന്ത്യയിൽ പ്രചരിക്കുകയും ഇന്ത്യയിലെ പ്രധാന നഗരങ്ങളിലെല്ലാമിത് വ്യാപിക്കുകയും ചെയ്തത്. ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് ഇന്ത്യയെ മോചിപ്പിക്കുന്നതിന് ബ്രിട്ടീഷ് രാജിനെതിരെ ധാരാളം പ്രക്ഷോഭങ്ങൾ അദ്ദേഹം നടത്തുകയുണ്ടായി. അദ്ദേഹം മക്കയിൽ രണ്ടുവർഷക്കാലം താമസിക്കുകയും ഇന്ത്യമുഴുവൻ സഞ്ചരിക്കുകയും വഹാബി ആശയങ്ങളും കോളനി വിരുദ്ധ മനോഭാവവും ഇന്ത്യൻ പൊതുസമൂഹത്തിനിടയിൽ പ്രചരിപ്പിക്കുകയും ചെയ്തു.

## 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരവും ഫലങ്ങളും

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിനെതിരെ ജാതി-മത വിഭാഗീയതകളില്ലാതെ ഇന്ത്യൻ ജനത നടത്തിയ സായുധവിപ്ലവമാണ് സി. ഇ. 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരമെന്ന് അറിയപ്പെടുന്നത്. മീററ്റിൽ ആരംഭിച്ച വിപ്ലവം വടക്കെ ഇന്ത്യയിലും മധ്യഇന്ത്യയിലുമാകമാനം വ്യാപിക്കുകയും ചെയ്തു. ഈ പ്രക്ഷോഭത്തെ ബ്രിട്ടീഷുകാർ ശിപായി ലഹളയെന്നു വിളിക്കുകയുണ്ടായി. സാമ്പത്തികവും രാഷ്ട്രീയവും സൈനികവും മതപരവുമായ നിരവധി കാരണങ്ങൾ ഈ വിപ്ലവത്തിന്റെ പിന്നിലുണ്ടായിരുന്നുവെന്ന് ചരിത്ര രേഖകളിൽ കാണാം.



1857 ലെ സ്വാതന്ത്ര്യസമരം

## സാമ്പത്തിക കാരണങ്ങൾ

സി. ഇ. 1857-ലെ വിപ്ലവസമയത്ത് ബ്രിട്ടീഷ് ഇന്ത്യ ഭരിച്ചിരുന്നത് ഗവർണർ ജനറൽ ആയിരുന്ന വില്യം ബെൻടിക് പ്രഭു ആയിരുന്നു. അക്കാലത്ത് ഇന്ത്യൻ യുവതയ്ക്ക് തൊഴിലില്ലായ്മ നേരിടുകയുണ്ടായി. കാരണം വില്യം ബെൻടിക് ജന്മി-കുടിയാൻ വ്യവസ്ഥ ഇല്ലാതാക്കുന്ന വിധത്തിലുള്ള ചില സംവിധാനങ്ങൾ സ്വീകരിച്ചതിലൂടെ നിരവധി കൃഷി ഭൂമികൾ ബ്രിട്ടീഷുകാരുടെ കൈകളിലായി. ഭൂഉടമകളുടെ ഭൂമി കണ്ടുകെട്ടുകയതും വാടകരഹിത പാട്ടസംവിധാനം നടപ്പിലാക്കിയതും ഇവരിൽ അസംതൃപ്തിയുണ്ടാക്കി. ഇതായിരുന്നു രാജ്യത്ത് തൊഴിലില്ലായ്മ വർധിക്കുവാൻ കാരണമായത്. ഈ നിയമത്തിലൂടെ ബ്രിട്ടീഷ് കമ്പനി ഇരുപതിനായിരം എസ്റ്റേറ്റുകൾ ഡക്കാൻ പ്രദേശത്തുനിന്നു കരസ്ഥമാക്കി.

## രാഷ്ട്രീയ കാരണങ്ങൾ

റൗലറ്റ് നിയമത്തിലൂടെ പിൻഗാമിയില്ലാത്ത ഇന്ത്യൻ നാട്ടുരാജാക്കന്മാരുടെ രാജ്യവും അധികാരവും ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിലാകുമെന്ന വ്യവസ്ഥയുണ്ടായി. ഈ നിയമത്തിലൂടെ നിരവധി നാട്ടുഭരണാധികാരികൾക്ക് ഭരണം നഷ്ടമാവുകയും അവരുടെ അടുത്ത ബന്ധുക്കൾക്ക് ഭരണമേറ്റെടുക്കാൻ സാധിക്കാതെ വരികയും ചെയ്തു. അധികാരം നഷ്ടപ്പെട്ട നാട്ടുരാജാക്കന്മാർ ബ്രിട്ടീഷ് ഭരണത്തിനെതിരെ തിരിയാൻ തുടങ്ങി.

## മതപരമായ കാരണങ്ങൾ


മംഗൾ പാണ്ടെ

ബ്രിട്ടീഷുകാർ തങ്ങളുടെ ഭരണസൗകര്യത്തിനായി സ്വീകരിച്ച ഒരു നടപടിയായിരുന്നു 'ഭിന്നിപ്പിച്ച് ഭരിക്കുക' എന്നത്. ഈ നയത്തിലൂടെ ചില നാട്ടുരാജാക്കന്മാരെ കൂടെ നിർത്തുകയും മറ്റു ചില ഭരണാധികാരികളോട് ശത്രുത പുലർത്തുകയും ചെയ്തു. ഇതിലൂടെ ഇന്ത്യയിലെ ചെറിയ ഭരണകൂടങ്ങളെ തമ്മിലടിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. ബ്രിട്ടീഷ് ഇന്ത്യയുടെ നിലനിൽപ്പിനായവർ സ്വീകരിച്ച മറ്റൊരു നിലപാടായിരുന്നു ഹിന്ദു-മുസ്‌ലിം സ്പർധ വളർത്തുകയെന്നത്. ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും ഐക്യം തകർക്കാനായി മതത്തെ ഉപയോഗിക്കുവാൻ ബ്രിട്ടീഷുകാർ ശ്രമം തുടങ്ങി.

## സൈനിക കാരണങ്ങൾ

ബ്രിട്ടീഷ്‌രാജിലെ സൈന്യത്തിൽ പട്ടാളക്കാരായിട്ട് ബ്രിട്ടീഷുകാരും ഇന്ത്യക്കാരുമുണ്ടായിരുന്നു. ഇതിൽ ഇന്ത്യൻ പട്ടാളക്കാരെ ശിപായികൾ എന്നാണവർ വിളിച്ചിരുന്നത്. ഇതിൽ മുസ്‌ലിംകളും ഹിന്ദുക്കളുമായിരുന്നു കൂടുതലും ഉണ്ടായിരുന്നത്. ശിപായികൾക്ക് സൈന്യത്തിൽ രണ്ടാംകിട സ്ഥാനമായിരുന്നു നൽകപ്പെട്ടിരുന്നത്. ഇന്ത്യൻ സൈനികരെന്നും യൂറോപ്യൻ സൈനികരെന്നും ബ്രിട്ടീഷുകാർ സൈന്യത്തെ വേർതിരിച്ചിരുന്നു. ഇതിനു പുറമെ ഉയർന്ന ജാതിക്കാരെന്നും താഴ്ന്ന ജാതിക്കാരെന്നും വേർതിരിവു കാണിച്ചിരുന്നു. വേതനം, സ്ഥലമാറ്റം, സ്ഥാനക്കയറ്റം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയിലെല്ലാം സൈനികർക്കിടയിൽ വിവേചനം നടപ്പിലാക്കിയിരുന്നു. ഈ വിവേചനത്തിൽ ശിപായികൾക്ക് കടുത്ത എതിർപ്പുണ്ടായിരുന്നു.

ഇതിനിടയിലായിരുന്നു ഗ്രീസ് ഉപയോഗിച്ചുകൊണ്ടുള്ള പുതിയതരം വെടിയുണ്ട ബ്രിട്ടീഷുകാർ സൈനികരംഗത്ത് ഉപയോഗിക്കാൻ തുടങ്ങിയത്. പ്രസ്തുത ഗ്രീസ് നിർമാണത്തിലെ അസംസ്കൃത വസ്തുക്കളിൽ പശുവിന്റെയും പന്നിയുടെയും വെണ്ണയായിരുന്നു കൂടുതലായും ഉണ്ടായിരുന്നത്. ഈ വെടിയുണ്ടയുടെ മുൻഭാഗം പല്ലുകൊണ്ട് കടിച്ചു വേർപെടുത്തി നീക്കം ചെയ്ത ശേഷമേ ഉപയോഗിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. ഇത്തരം തിര ഉപയോഗിക്കാൻ ഹിന്ദു-മുസ്‌ലിം സൈനികർക്ക് മാനസിക ബുദ്ധിമുട്ടായി. കാരണം ഹിന്ദുക്കൾക്ക് ദൈവതുല്യ മൃഗമായിരുന്നു പശു. മുസ്‌ലിംകൾക്കാകട്ടെ ഏറ്റവും നിഷിദ്ധമായ മൃഗമായിരുന്നു പന്നി. പ്രസ്തുത തിര ഉപയോഗിക്കാൻ ശിപായികൾ വിസമ്മതിച്ചതുകൊണ്ട് അവരെത്തന്നെ ഇതിനായ് ബ്രിട്ടീഷുകാർ നിർബന്ധിക്കുകയും നിയോഗിക്കുകയും ചെയ്തു. ഇത് ശിപായിമാർക്കിടയിൽ ബ്രിട്ടീഷുകാർക്കെതിരെ പ്രതിഷേധമുയരാൻ കാരണമായി. ഈ സൈനികരായിരുന്നു മീററ്റിൽ ആദ്യമായി ബ്രിട്ടീഷുകാർക്കെതിരെ സായുധ വിപ്ലവമാരംഭിക്കുന്നത്.

## യുദ്ധത്തിന്റെ ഗതി

ആദ്യം മീററ്റിലായിരുന്നു വിപ്ലവമാരംഭിച്ചതെങ്കിലും പിന്നീട് വടക്കെ ഇന്ത്യയിലാകമാനം ഇത് വ്യാപിച്ചു. ബംഗാളിലെ വിപ്ലവ നേതാവായിരുന്ന മംഗൾപാണ്ഡെയാണ് ഈ പ്രക്ഷോഭത്തിലെ ആദ്യത്തെ രക്തസാക്ഷി. മീററ്റിൽ നിന്നു പ്രക്ഷോഭകാരികൾ ഡൽഹിയിലെത്തുകയും അവിടത്തെ സൈനികരോടൊപ്പം ചേർന്നുകൊണ്ട് ഡൽഹി നഗരം പിടിച്ചെടുക്കുകയും ബ്രിട്ടീഷ് ഉദ്യോഗസ്ഥനെ വധിക്കുകയും ചെയ്തു. അവർ മുഗൾ ഭരണാധികാരിയായ വൃദ്ധനും ദുർബലനുമായ ബഹദൂർ ഷാ സഫർ രണ്ടാമനെ തങ്ങളുടെ ഭരണാധികാരിയായി പ്രഖ്യാപിച്ചു. തുടർന്ന് ഇന്ത്യയുടെ നാനാഭാഗത്തുനിന്നും ജനങ്ങൾ ഡൽഹിയിൽ എത്തുകയുണ്ടായി. ഈ പ്രക്ഷോഭത്തിന്റെ

മറ്റു കേന്ദ്രങ്ങളായിരുന്നു കാൺപൂർ, ലക്നൗ, ബറേലി, ഝാൻസി എന്നിവ. കാൺപൂരിലെ പേഷ്വ ബാലാജി ബാജി റാവുവിന്റെ വളർത്തുപുത്രനായ നാനാസാഹിബായിരുന്നു പ്രക്ഷോഭകരുടെ നേതാവ്. അദ്ദേഹത്തെ കാൺപൂരിലെ ഭരണാധികാരിയായി (പേഷ്വ) പ്രഖ്യാപിക്കുകയും ബഹദൂർ ഷാ സഫറിനെ ഇന്ത്യയുടെ ചക്രവർത്തിയായി അംഗീകരിക്കുകയും ചെയ്തു. താന്തിയ തോപ്പി, നാനാ സാഹിബ് തുടങ്ങി പ്രശസ്തരായ സ്വാതന്ത്ര്യ സമരസേനാനികൾ ബ്രിട്ടീഷുകാർക്കെതിരെ ഈ പ്രക്ഷോഭത്തിൽ ധീരമായി പൊരുതുകയുണ്ടായി.

ലക്നൗവിലെ പ്രക്ഷോഭകാരികളെ നയിച്ചത് അവധ് ബീഗമായിരുന്നു. അക്കാലഘട്ടത്തിലെ സാമൂഹ്യപ്രമുഖരുടെ വലിയ പിന്തുണ അവർക്ക് ലഭിക്കുകയും ചെയ്തു. ഝാൻസിയിലെ റാണി ലക്ഷ്മി ഭായ് ബ്രിട്ടീഷ്‌രാജിനെതിരെ ശക്തമായി പോരാടി. അവർക്കു ജനങ്ങളിൽനിന്നു ശക്തമായ പിന്തുണ ലഭിച്ചുവെങ്കിലും ബ്രിട്ടീഷുകാർക്കെതിരെയുള്ള യുദ്ധത്തിൽ പരാജയപ്പെടുകയും വീര മൃത്യു വരിക്കുകയുമുണ്ടായി. ബിഹാറിൽ സമരം നടത്തിയ കൻവർ സിങ് ബ്രിട്ടീഷുകാരോട് പൊരുതി വീരമൃത്യു വരിച്ചു. മറ്റൊരു നേതാവായ മൗലവി അബ്ദുള്ള ബ്രിട്ടീഷുകാരോട് ധീരമായി പൊരുതുകയും രക്തസാക്ഷിയാവുകയും ചെയ്തു. 1857-ലെ ഈ പ്രക്ഷോഭം അവസാനിക്കുന്നത് ബ്രിട്ടീഷുകാർ ഇന്ത്യയുടെ ഭരണം പിടിച്ചടക്കിക്കൊണ്ടായിരുന്നു. അവസാനത്തെ മുഗൾ ഭരണാധികാരിയെ തടവിലാക്കുകയും ബർമയിലെ റംഗൂണിലേക്ക് നാടുകടത്തുകയും ചെയ്തു. 1862 സി. ഇ. യിൽ അവിടവെച്ചു അദ്ദേഹം മരണമടഞ്ഞു. ഡൽഹി കേന്ദ്രീകരിച്ച് ബ്രിട്ടീഷുകാർക്കെതിരെ സൈന്യത്തെ നയിച്ച അന്നത്തെ മുഗൾ സുൽത്താനോടൊപ്പം മറ്റു നേതാക്കളും ബ്രിട്ടീഷുകാർക്കു മുമ്പിൽ കീഴടങ്ങേണ്ടിവന്നു. നാനാസാഹിബ് നേപ്പാളിലെ വനാന്തരങ്ങളിലേക്ക് നാടുകടത്തപ്പെടുകയും അവിടെ മരണപ്പെടുകയും ചെയ്തു.

വടക്കെ ഇന്ത്യയിലായിരുന്നു ഈ പ്രക്ഷോഭം ഏറ്റവും കൂടുതൽ അലയടിച്ചത്. ഇന്ത്യൻ സൈന്യം ശക്തമായി നേരിട്ടെങ്കിലും ബ്രിട്ടീഷ് സൈന്യമായിരുന്നു ഈ യുദ്ധത്തിൽ വിജയിച്ചത്. 1858-ഓടെ ബ്രിട്ടീഷുകാർ മുഴുവൻ പ്രക്ഷോഭകാരികളെയും അടിച്ചമർത്തി.

## 1857 വിപ്ലവാനന്തര ഫലങ്ങൾ

ബ്രിട്ടീഷ് ഭരണത്തിനെതിരെ ഇന്ത്യൻജനത സംഘടിതമായി നടത്തിയ ആദ്യത്തെ പ്രക്ഷോഭമാണ് 1857-ൽ നടന്നത്. സംഘടിത ദേശീയ പ്രസ്ഥാനമായിരുന്നില്ല ഇത്. ജനങ്ങളുടെ പങ്കാളിത്തം നാമമാത്രമായിരുന്നു. ഇതിലെ ഭൂരിഭാഗം നാട്ടുരാജാക്കന്മാരും സമീന്ദാർമാരും ബ്രിട്ടീഷുകാരുമായി സൗഹൃദം സ്ഥാപിച്ചിരുന്നവരുമായിരുന്നു. തങ്ങളുടെ അധികാരത്തിന് പ്രശ്നങ്ങൾ ഇല്ലാതിരിക്കാൻവേണ്ടി അവർ പ്രക്ഷോപത്തിൽ പങ്കെടുത്തില്ലെന്നു മാത്രമല്ല, പരോക്ഷമായി ബ്രിട്ടീഷുകാരെ സഹായിക്കുകയായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. കൂടാതെ ഗ്രാമവാസികൾ, കച്ചവടക്കാർ, മധ്യവർഗങ്ങൾ ഇവരൊന്നും ഈ പ്രക്ഷോഭത്തിൽ പങ്കെടുക്കാതെ ബ്രിട്ടീഷുകാരെ പരോക്ഷമായി സഹായിച്ചു.

ഇന്ത്യൻചരിത്രത്തെ സംബന്ധിച്ചിടത്തോളം 1857-ലെ വിപ്ലവം ഒരു വഴിത്തിരിവായി കണക്കാക്കാം. ഇതു പിന്നീട് ശക്തവും സംഘടിതവുമായ ഒരു ദേശീയ പ്രസ്ഥാനത്തിനു ആരംഭംകുറിക്കാൻ കാരണമായി. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഭരണം അവസാനിക്കുകയും ഇന്ത്യയിൽ രാജ്ഞിയുടെ നേരിട്ടുള്ള ഭരണത്തിനു തുടക്കംകുറിക്കുകയും ചെയ്തു. വ്യവസ്ഥാപിതമായൊരു ബ്രിട്ടീഷ് സൈന്യവും പിന്നീടിതിനെ തുടർന്നു രൂപീകൃതമായി.

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അവരുടെ പിന്നോക്കാവസ്ഥയ്ക്ക് 1857-ലെ വിപ്ലവം മറ്റൊരു കാരണമായി. അവരെ അധികാരത്തിൽ നിന്നും രാഷ്ട്രീയ കാര്യങ്ങളിൽ നിന്നും ബ്രിട്ടീഷുകാർ പൂർണമായും തുടച്ചുനീക്കി. അവർക്ക് മുഗൾ ഭരണത്തിൻ കീഴിലുണ്ടായിരുന്ന പ്രൗഢി നഷ്ടമാ


വുകയുണ്ടായി. ഒരിക്കൽ ഇന്ത്യയുടെ രാഷ്ട്രീയ യജമാനന്മാരായിരുന്ന മുഗൾ രാജവംശത്തിനു പരമാധികാരം നഷ്ടമായി. വൈസ്രോയി ഭരണകൂടത്തിൻ കീഴിൽ മോശമായ ജീവിത സാഹചര്യങ്ങളിലേക്ക് ഇന്ത്യൻ മുസ്‌ലിംകൾ പുറന്തള്ളപ്പെട്ടു. ഈ അരക്ഷിതാവസ്ഥയിൽനിന്നുമവരെ രക്ഷിക്കാൻ നിരവധി മതനേതാക്കളും രാഷ്ട്രീയ വിദ്യാഭ്യാസ പ്രസ്ഥാനങ്ങളും ഉയർന്നുവരികയുണ്ടായി.

ഇന്ത്യൻ മുസ്‌ലിംകളുടെ പുനരുദ്ധാരണത്തിനുവേണ്ടി ജംഇയ്യത്തുൽ ഉലമ, നദ്‌വത്തുൽ ഉലമ, ദയൂബന്ദിലെ ദാറുൽ ഉലൂം വിദ്യാഭ്യാസകേന്ദ്രം, അലിഗർ പ്രസ്ഥാനം എന്നിവ രൂപീകൃതമാവുകയുണ്ടായി.

1857-ലെ പരാജയം ഇന്ത്യയിലെ വ്യത്യസ്ത സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളെ ഒന്നിപ്പിക്കുകയും പൊതുലക്ഷ്യത്തിനുവേണ്ടി ഒന്നിച്ചു നിൽക്കേണ്ടതിന്റെ ആവശ്യകത അവർ ഇതിലൂടെ മനസ്സിലാക്കുകയും ചെയ്തു. 1857-ലെ പരാജയമായിരുന്നു പിന്നീട് ബ്രിട്ടീഷുകാർക്കെതിരെ ശക്തമായി പൊരുതാനുള്ള ഊർജം ഇന്ത്യൻ ജനതയ്ക്ക് നൽകിയത്.

- ബ്രിട്ടീഷ് ഭരണസാരഥിയായിരുന്ന ഗവർണർ ജനറലിന്റെ സ്ഥാനത്ത് വൈസ്രോയി ഭരണം ഇന്ത്യയിൽ സ്ഥാപിതമായി. ഒപ്പം സെക്രട്ടറി ഓഫ് സ്റ്റേറ്റ് എന്ന ഒരു പുതിയ പദവിയും നിലവിൽ വന്നു.
- ബ്രിട്ടീഷ് സൈന്യം പൂർണ്ണമായും പുനക്രമീകരിക്കപ്പെട്ടു.
- ഇന്ത്യൻ സംസ്ഥാനങ്ങളെന്ന പുതിയ ആശയരൂപീകരണത്തിനും തുടക്കമിട്ടു.

1857-ലെ വിപ്ലവത്തിലൂടെ ബ്രിട്ടീഷ്‌രാജ്ഞിയുടെ നേരിട്ടുള്ള ഭരണത്തിലായി ഇന്ത്യ. 1858-ലെ ആക്ടിലൂടെ ബ്രിട്ടീഷ് രാജ്ഞി വൈസ്രോയി ഭരണം ഇന്ത്യയിലാരംഭിക്കുകയും ചെയ്തു.



1857-ലെ വിപ്ലവത്തെപ്പറ്റി ചർച്ച ചെയ്യുക


### ബ്രിട്ടീഷ് കോളനി ഭരണത്തിനെതിരെ ഇന്ത്യൻ മുസ്‌ലിംകൾ നടത്തിയ പ്രതിരോധ ശ്രമങ്ങൾ



ദയൂബന്ദിലെ ദാറുൽ ഉലൂം

1857-ലെ വിപ്ലവത്തിനുശേഷം മുസ്‌ലിംകൾ അധികാര-രാഷ്ട്രീയ സ്ഥാനങ്ങളിൽ നിന്നും പുറന്തള്ളപ്പെട്ടു. ഇത്തരമൊരു സാഹചര്യത്തിലാണ് മുസ്‌ലിം നവോത്ഥാന നായകന്മാരായ മുഹമ്മദ് ഖാസിം നാനാതവി ദയൂബന്ദിൽ ദാറുൽ ഉലൂം എന്ന വിദ്യാഭ്യാസ സ്ഥാപനം 1866-ൽ സ്ഥാപിക്കുന്നത്. പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ:

- ബ്രിട്ടീഷുകാരുടെ കൈകളിൽ നിന്നും ഇന്ത്യയെ സ്വതന്ത്രമാക്കുക.
- വൈദേശിക ഭരണാധികാരികൾക്കെതിരെ ജിഹാദി പരിവേഷം സൃഷ്ടിക്കുക
- ഖുർആനിന്റെയും ഹദീസിന്റെയും ശുദ്ധമായ അധ്യാപനങ്ങൾ നടത്തുക.



സ്വാതന്ത്ര്യസമരത്തിനുവേണ്ടി ദാറുൽ ഉലൂം ദയൂബന്ദ് വഹിച്ച പങ്ക് വിവരിക്കുക.

1857-ലെ വിപ്ലവത്തിനുശേഷം മുസ്‌ലിം സമുദായത്തെ അന്നത്തെ സാമൂഹ്യ പിന്നോക്കാവസ്ഥയിൽനിന്നു മുഖ്യധാരയിലേക്ക് കൊണ്ടുവരാനും നിരവധി മുസ്‌ലിം പുനരുദ്ധാരകരും പുരോഗമന പ്രസ്ഥാനങ്ങളും അവർക്കിടയിൽ നിന്നു ഉയർന്നുവരികയുണ്ടായി. അവയുടെയെല്ലാം പ്രധാനലക്ഷ്യങ്ങൾ ഇന്ത്യയെ ബ്രിട്ടീഷുകാരിൽനിന്നു മോചിപ്പിക്കുക, സ്വാതന്ത്ര്യത്തിനുവേണ്ടി സായുധവിപ്ലവത്തിലേർപ്പെടുക, യഥാർത്ഥ ഇസ്‌ലാമിക തത്വങ്ങളിലേക്ക് മുസ്‌ലിംകളെ തിരിച്ചു കൊണ്ടുവരിക എന്നതായിരുന്നു.


## നദ്‌വത്തുൽ ഉലമ

അശ്റഫ് അലി സാനവിയുടെയും മഹ്മൂദ് അൽ ഹസ്സന്റെയും ശിബ്‌ലി നുഅ്മാനിയുടേയും അലി മോൻഗിരിയുടെയും കീഴിൽ ലക്നൗവിൽ 1894-ൽ രൂപീകൃതമായ വിദ്യാഭ്യാസ സ്ഥാപനമാണ് നദ്‌വത്തുൽ ഉലമ. പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രധാനലക്ഷ്യം വ്യത്യസ്ത മുസ്‌ലിം വിഭാഗങ്ങൾക്കിടയിൽ സഹകരണവും സാഹോദര്യവും സ്ഥാപിക്കുകയും ധാർമികവും മതപരവും വിദ്യാഭ്യാസപരവുമായ വികസനവും നവോത്ഥാനവും നടപ്പാക്കുകയും ചെയ്യുന്നു എന്നതായിരുന്നു.

## ജംഇയ്യത്തുൽ ഉലമ

ശൈഖുൽ ഹിന്ദ് മൗലാന മഹ്മൂദ് അൽ ഹസ്സന്റെ നേതൃത്വത്തിൽ 1919-ൽ രൂപീകരിച്ച ഇസ്‌ലാമിക സംഘടനയാണ് ജംഇയ്യത്തുൽ ഉലമ. അഹിംസയ്ക്കും സ്വാതന്ത്ര്യ സമരത്തിനുംവേണ്ടി പ്രവർത്തിച്ച സംഘടനയാണിത്. മുസ്‌ലിംകൾക്കായി പ്രത്യേക ഭരണപ്രദേശമെന്ന ആശയത്തെ ജംഇയ്യത്തുൽ ഉലമ ശക്തമായി എതിർക്കുകയും ചെയ്തു. വ്യത്യസ്ത പോഷക സംഘടനകളുള്ള ജംഇയ്യത്തുൽ ഉലമയുടെ ഉർദു ദിനപത്രമായിരുന്നു അൽ ജംഇയ്യത്ത്. 2008-ആയപ്പോഴേക്കും പ്രസ്തുത സംഘടന മൗലാന മഹ്മൂദ് മദനിയുടെയും മൗലാന അർശദ് മദനിയുടെയും കീഴിൽ രണ്ടായി വിഭജിക്കപ്പെട്ടു.

**സർ സയ്യിദ് അഹമ്മദ്ഖാൻ :** ബ്രിട്ടീഷ് ഇന്ത്യയിലെ മുസ്‌ലിം തത്വചിന്തകൻ, പ്രായോഗിക നേതാവ്, വിദ്യാഭ്യാസ വിചക്ഷണൻ എന്നീ നിലകളിൽ അറിയപ്പെട്ട സർ സയ്യിദ് അഹമദ് ഖാൻ 1817 ഒക്ടോബർ 17-നാണ് ജനിച്ചത്. ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷങ്ങൾക്കിടയിൽ പാശ്ചാത്യ വിദ്യാഭ്യാസം നടപ്പിലാക്കാനായി അദ്ദേഹം അലിഗർ എന്ന പ്രസ്ഥാനം ആരംഭിച്ചു. മുഗൾ കുടുംബ പാരമ്പര്യമുള്ള അദ്ദേഹത്തിന്റെ ബുദ്ധിവൈഭവവും കുലീനത്വവും ബ്രിട്ടീഷ് ഗവൺമെന്റിന്റെ കീഴിലെ ജഡ്ജിയായി നിയമിക്കപ്പെടാൻ സഹായകമായി. ബ്രിട്ടീഷ് ഭരണനയങ്ങളോട് ആഭിമുഖ്യം കാണിച്ചിരുന്ന അദ്ദേഹം ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ നയങ്ങളെ എതിർക്കുന്നത് തന്റെ മുസ്‌ലിം വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി ഭവിക്കുമെന്ന് മനസ്സിലാക്കി. അതുകൊണ്ടുതന്നെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളെ എതിർക്കുകയും ഇന്ത്യൻ മുസ്‌ലിംകളുടെ ഔദ്യോഗിക ഭാഷ



സർ സയ്യിദ് അഹമദ്ഖാൻ


യെന്ന നിലയിൽ ഉർദുഭാഷയെ മാറ്റിയെടുക്കുകയും ചെയ്തു. ഹിന്ദു-മുസ്‌ലിം ഐക്യത്തിനുവേണ്ടിയും അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടിയും പ്രവർത്തിച്ചിരുന്ന അദ്ദേഹം, സുന്ദരിയായൊരു വധുവിന്റെ രണ്ടു കണ്ണുകളുമായി ഹിന്ദുവിനെയും മുസ്‌ലിമിനെയും താരതമ്യം ചെയ്തു. മുസ്‌ലിംസമൂഹത്തിനിടയിൽ കടന്നുകൂടിയിരുന്ന അജ്ഞതയെയും അന്ധവിശ്വാസത്തെയും പൈശാചിക ആചാരാനുഷ്ഠാനങ്ങളെയും അദ്ദേഹം എതിർക്കുകയും വിദ്യാഭ്യാസത്തോട് അതിയായ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് ബ്രിട്ടീഷ് ഭരണത്തോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ടുതന്നെ മുസ്‌ലിംകളുടെ ഉന്നമനത്തിനായി അദ്ദേഹം ശ്രമിക്കുകയും ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയുമുണ്ടായി.

## അലിഗർ മുസ്‌ലിം സർവ്വകലാശാല


അലിഗർ മുസ്ലിം സർവകലാശാല

സർ സയ്യിദ്അഹ്മദ്ഖാൻ സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനമാണ് അലിഗർ മുസ്‌ലിം സർവകലാശാല. 1857-ൽ മുഹമ്മദൻ ആംഗ്ലോ ഇന്ത്യൻ സ്കൂൾ എന്നായിരുന്നു പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തുടക്കത്തിലുള്ള പേര്. പിന്നീടത് മുഹമ്മദൻ ആംഗ്ലോ ഇന്ത്യൻ ഓറിയന്റൽ കോളേജായും തുടർന്ന് 1920-ൽ സർവകലാശാലയായും വികസിക്കുകയും ചെയ്തു. ഇന്നത് ഇന്ത്യയുടെ പ്രശസ്തമായ കേന്ദ്ര സർവകലാശാലയായി മാറുകയും ചെയ്തിരിക്കുന്നു. ഗവൺമെന്റ് ഉദ്യോഗം കരസ്ഥമാക്കുന്നതിനായ് പാശ്ചാത്യ വിദ്യാഭ്യാസം നേടിയെടുക്കേണ്ടത് അത്യാവശ്യമാണെന്നദ്ദേഹം മുസ്‌ലിംകളെ ഉപദേശിക്കുകയുണ്ടായി. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകിയ അദ്ദേഹം ബ്രിട്ടീഷ് ഭരണത്തോട് അനുഭാവപൂർവം നിലപാടുകളെടുത്തുകൊണ്ട് പാശ്ചാത്യ വിദ്യാഭ്യാസത്തിലൂടെ മാത്രമേ മുസ്‌ലിം സമുദായത്തിന് പരിഷ്കരണം സാധ്യമാവുകയുള്ളൂവെന്ന് വിശ്വസിച്ചു. അതുകൊണ്ടു തന്നെ രാഷ്ട്രീയ പരമായ കാര്യങ്ങളിൽ ഇടപെടുന്നതിനേക്കാൾ കൂടുതൽ ശ്രദ്ധ വിദ്യാഭ്യാസ പരമായ കാര്യങ്ങൾക്ക് നൽകാൻ അദ്ദേഹം മുസ്‌ലിംകളോട് ആഹ്വാനം ചെയ്തു. പിന്നീട് അലിഗർ പ്രസ്ഥാനത്തിന്റെ ആശയങ്ങളോട് വിയോജിച്ച് ബ്രിട്ടീഷുകാർക്കെതിരെ ദേശീയ പ്രസ്ഥാനത്തിലേക്ക് വിദ്യാർഥികൾ ആകൃഷ്ടരായി.

അലിഗർ ചിഹ്നം



മുസ്‌ലിം വിദ്യാഭ്യാസ വികസനത്തിനായ് അലിഗർ മുസ്‌ലിം സർവ്വകലാശാല നൽകിയ സംഭാവനകൾ സെമിനാറിനായി അവതരിപ്പിക്കുക.

## ജാമിയ മിലിയ ഇസ്‌ലാമിയ സർവകലാശാല


സ്വാതന്ത്ര്യ സമരകാലത്ത് നിസ്സഹകരണ പ്രസ്ഥാനത്തിന്റെ അനുബന്ധമായാണ് 1920-ൽ ജാമിയ മിലിയ ഇസ്‌ലാമിയ സർവകലാശാല സ്ഥാപിതമാകുന്നത്. ഇന്നിത് ഡൽഹിയിലെ പ്രസിദ്ധമായൊരു കേന്ദ്ര സർവകലാശാലയാണ്. ഇവിടത്തെ വിദ്യാർഥികളും അധ്യാപകരും




ജാമിയ മിലിയ ഇസ്ലാമിയ സർവകലാശാല

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിനു വേണ്ടി വളരെയധികം സേവന മനുഷ്ഠിച്ചിരുന്നു. ഇതിന്റെ സ്ഥാപക നേതാക്കളായിരുന്ന മൗലാന മുഹമ്മദ് അലി, ഷൗക്കത്തലി, ഹാകിം അജ്മൽ ഖാൻ, ഡോ. എം. എ. അൻസാരി, മഹാത്മാഗാന്ധി എന്നിവർ സ്വാതന്ത്രസമര രംഗത്തും ഖിലാഫത്ത് പ്രസ്ഥാനത്തിലും ഒരുപോലെ പ്രവർത്തിച്ചവരായിരുന്നു. ഈ സ്ഥാപനത്തിന്റെ പ്രഥമലക്ഷ്യം ന്യൂനപക്ഷ വിഭാഗങ്ങളെ പ്രത്യേകിച്ച്, മുസ്ലിംകളെ വിദ്യാസമ്പന്നരും പ്രബുദ്ധരുമാക്കുകയും ദേശീയ പ്രസ്ഥാന പ്രവർത്തകരാക്കുകയും ചെയ്യുകയെന്നതായിരുന്നു. ഇതിലൂടെ മുസ്ലിംകൾക്ക് മതേതര വിദ്യാഭ്യാസം സാധ്യമാവുകയും അവരെ സർക്കാർ ഉദ്യോഗങ്ങൾക്ക് പ്രാപ്തരാക്കുകയും ചെയ്തു. ജാമിയ മിലിയ ഇസ്ലാമിയ അലിഗറിലായിരുന്നു സ്ഥാപിതമായതെങ്കിലും പിന്നീടത് ഡൽഹിയിലേക്ക് മാറ്റുകയാണുണ്ടായത്.

## മഹാത്മാഗാന്ധി



ഗാന്ധിജി


ഇന്ത്യയുടെ രാഷ്ട്രപിതാവായി അറിയപ്പെടുന്ന ഗാന്ധിജി 1869-ൽ ഗുജറാത്തിലെ പോർബന്തറിലാണ് ജനിച്ചത്. ലണ്ടനിൽ നിന്നു നിയമബിരുദം കരസ്ഥമാക്കിയ അദ്ദേഹം ഇന്ത്യയുടെ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ അനിഷേധ്യ നേതാവായിരുന്നു. രാഷ്ട്ര പിതാവായി അറിയപ്പെടുന്ന അദ്ദേഹത്തെ ബാപ്പുവെന്നും വിളിക്കുന്നു. സത്യാഗ്രഹവും അഹിംസയുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ആയുധങ്ങൾ. തന്റെ ആശയങ്ങൾ അദ്ദേഹം വികസിപ്പിച്ചത് തെക്കെ ആഫ്രിക്കയിൽ വെച്ചായിരുന്നു. ചമ്പാരൻ സത്യാഗ്രഹത്തിലൂടെയായിരുന്നു അദ്ദേഹം ഇന്ത്യയിലെ രാഷ്ട്രീയ പ്രസ്ഥാനത്തിലേക്ക് കടന്നുവരുന്നത്. തൊട്ടുകൂടായ്മ അവസാനിപ്പിക്കാനും ദാരിദ്ര്യം നിർമാർജനം ചെയ്യാനും, സ്ത്രീകളുടെ അവകാശങ്ങൾ നേടിയെടുക്കാനും, മതപരവും പ്രാദേശികവുമായ പാരമ്പര്യം ഉറപ്പിക്കാനും സ്വരാജ് എന്ന ആശയം പ്രായോഗികമാക്കാനും വർധിപ്പിച്ച ഭൂനികുതി വിവേചന സമ്പ്രദായത്തിനെതിരെ കർഷകരെ സമരസജ്ജരാക്കുന്നതിനു വേണ്ടിയും അദ്ദേഹം പ്രവർത്തിച്ചു. ഏത് ദുർഘടാവസ്ഥയിലും അഹിംസയും സത്യവും നിലനിർത്താൻ അദ്ദേഹം ആഹ്വാനം ചെയ്തു. ഇന്ത്യൻ പൈതൃക സമ്പത്തായ ചർക്കയിൽ നെയ്ത ദോത്തിയും മേൽമുണ്ടുമായിരുന്നു ഗാന്ധിജി ധരിച്ചിരുന്നത്. ഒരു മതഭ്രാന്തന്റെ വെടിയേറ്റ് 1948 ജനുവരി-30 നു അദ്ദേഹം രക്തസാക്ഷിയാവുകയും ചെയ്തു.

മതേതരത്വത്തിലൂടെ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിയെടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണം. ഇന്ത്യാവിഭജനത്തെ നഖശിഖാന്തം എതിർത്തിരുന്ന അദ്ദേഹം ഹിന്ദു- മുസ്ലിം

ഐക്യത്തിന്റെ വക്താവായിരുന്നു. മതസൗഹാർദത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ആഗോള മുസ്‌ലിംകളുടെ രാഷ്ട്രീയ നേതാവായിരുന്ന തുർക്കി ഭരണാധികാരിയുടെ ഖിലാഫത്ത് സ്ഥാനം ഇല്ലാതാക്കിയതിൽ പ്രതിഷേധിച്ച് ഇന്ത്യയിൽ അതിനു ബദലായി രൂപം കൊടുത്തതായിരുന്നു ഖിലാഫത്ത് പ്രസ്ഥാനം. ഹിന്ദു- മുസ്‌ലിം ഐക്യം സ്ഥാപിക്കുന്നതിനുള്ള പ്രസ്ഥാനമായി ഗാന്ധിജി ഇതിനെ രൂപപ്പെടുത്തി. ഒന്നാം ലോകമഹായുദ്ധത്തിൽ ഓട്ടോമൻ സാമ്രാജ്യം പരാജയപ്പെട്ടത് അറേബ്യയിലെ പരിശുദ്ധ നഗരങ്ങളുടെ നിലനിൽപ്പിനും മുസ്‌ലിം മതനേതൃത്വത്തിനുമേറ്റ പ്രഹരമായി കണക്കാക്കപ്പെട്ടു. അഖിലേന്ത്യാ മുസ്‌ലിം കോൺഫറൻസുമായി ചേർന്ന് പ്രവർത്തിച്ചിരുന്നില്ലെങ്കിലും മുസ്‌ലിം സമുദായത്തിനുവേണ്ടി അദ്ദേഹം സംസാരിച്ചു. അവരുമായുള്ള സൗഹൃദം നിലനിർത്തുന്നതിനുവേണ്ടി, ബ്രിട്ടീഷ് ഭരണകൂടം അദ്ദേഹത്തിന് നൽകിയ പല ബഹുമതികളും തിരികെ നൽകുകയും ചെയ്തു.

## അലിസഹോദരന്മാരും ഖിലാഫത്ത് പ്രസ്ഥാനവും

മൗലാന മുഹമ്മദലിയും ഷൗക്കത്തലിയുമാണ് അലി സഹോദരന്മാരെന്ന് അറിയപ്പെടുന്നത്. ഇവരാണ് ഇന്ത്യയിൽ ഖിലാഫത്ത് പ്രസ്ഥാനമാരംഭിക്കുന്നത്. ഓട്ടോമൻ തുർക്കികൾ ഒന്നാംലോകമഹായുദ്ധത്തിൽ പരാജയപ്പെടുകയും മുസ്തഫ കമാൽ പാഷയുടെ കീഴിൽ തുർക്കി റിപ്പബ്ലിക് ആവുകയും ഖിലാഫത്ത് ഭരണം അവസാനിപ്പിക്കുകയും ചെയ്തതോടെയാണ് ഇന്ത്യയിൽ ഖിലാഫത്ത് പ്രസ്ഥാനത്തിന് ആരംഭം കുറിക്കുന്നത്.


മൗലാനാ ശൗഖത്തലി

## മൗലാന ഷൗഖത്തലി

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പ്രധാനപ്പെട്ട നേതാവ് മൗലാന മുഹമ്മദലിയുടെ സഹോദരനായ മൗലാന ഷൗഖത്തലിയാണ് അദ്ദേഹം 1873-ൽ ഉത്തർ പ്രദേശിൽ ജനിക്കുകയും അലിഗർ മുസ്‌ലിം സർവകലാശാലയിൽനിന്ന് വിദ്യാഭ്യാസം നേടുകയും ചെയ്തു. തന്റെ സഹോദരന്റെ പ്രസിദ്ധീകരണങ്ങളിൽ സഹായിയായ ഷൗഖത്തലി ഖിലാഫത്ത് കോൺഫറൻസിന്റെ ആദ്യത്തെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഗാന്ധിജി അദ്ദേഹത്തെ ഇന്ത്യൻ രാഷ്ട്രീയത്തിലേക്ക് കൊണ്ടുവരികയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പല പ്രക്ഷോഭങ്ങളിലും പങ്കെടുപ്പിക്കുകയും ചെയ്തു. എന്നാൽ, പിന്നീടദ്ദേഹം കോൺഗ്രസ്സിന്റെയും ഗാന്ധിജിയുടെയും വിമർശകനായി. ഷൗഖത്തലി നെഹ്റു റിപ്പോർട്ടിനെ അംഗീകരിച്ചില്ല. മാത്രമല്ല, ഇദ്ദേഹം മുഹമ്മദലി ജിന്നയുടെ ഏറ്റവുമടുത്ത അനുയായിയായി. 1936-ൽ മുസ്‌ലിം ലീഗിൽ അംഗത്വം എടുത്തു. 1939-ൽ മരണമടഞ്ഞു.


## മൗലാന മുഹമ്മദ് അലി ജൗഹർ

1878 ഡിസംബർ 10-ാംതിയ്യതി ജനിച്ച മൗലാന മുഹമ്മദ് അലി ജൗഹർ പത്രപ്രവർത്തകനും കവിയും പണ്ഡിതനും ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ അറിയപ്പെടുന്ന നേതാവുമായിരുന്നു. 1923-ൽ അദ്ദേഹത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റായി തിരഞ്ഞെടുത്തു. അഖിലേന്ത്യ മുസ്‌ലിം ലീഗിന്റെ രൂപീകരണ


മൗലാനാ മുഹമ്മദ് അലി ജൗഹർ


നേതാവുകൂടിയായിരുന്ന ഇദ്ദേഹം ദാറുൽ ഉലൂം ദയൂബന്ദ്, അലിഗർ മുസ്ലിം സർവകലാശാല, ഓക്സ്ഫോർഡിലെ ലിങ്കൺ കോളേജ് എന്നിവിടങ്ങളിൽ നിന്ന് ഉന്നത വിദ്യാഭ്യാസം നേടി. ഉർദുവിൽ ഹംദർദെന്നും ഇംഗ്ലീഷിൽ ദി കോമ്രേഡ് എന്നുമുള്ള വാരികകൾ ആരംഭിക്കുകയും ചെയ്തു. 1913-ൽ അദ്ദേഹം ഡൽഹിയിലേക്ക് പോവുകയും ജാമിയ മിലിയ ഇസ്ലാമിയ സർവകലാശാലയുടെ രൂപീകരണത്തിൽ സജീവ പങ്കാളിയാവുകയും ചെയ്തു.

ഖലീഫയായ തുർക്കി സുൽത്താനെ നീക്കം ചെയ്യരുതെന്ന് ഭരണ കൂടത്തെ ബോധ്യപ്പെടുത്താനായി ഇംഗ്ലണ്ടിലേക്കു നിയോഗിച്ച മുസ്ലിം പ്രതിനിധി സംഘത്തിലെ അംഗമായിരുന്നു അദ്ദേഹം. എന്നാൽ ഈ ശ്രമം വിഫലമാവുകയും ഇന്ത്യയിൽ ബ്രിട്ടീഷ് നയത്തിനെതിരെ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ രൂപീകരണത്തിനു കാരണമാവുകയുംചെയ്തു. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പ്രധാനപ്പെട്ട നേതാക്കളായിരുന്നു മൗലാന ഷൗക്കത്തലി, മൗലാന ആസാദ്, ഹാക്കിം അജ്മൽ ഖാൻ, ഡോ. എം. എ. അൻസാരി, ഗാന്ധിജി എന്നിവർ. ധാരാളം ഹിന്ദുക്കൾ ഈ പ്രസ്ഥാനത്തിൽ അംഗങ്ങളാവുകയും ദേശീയ നിസ്സഹകരണ പ്രസ്ഥാനത്തിലൂടെ ഇന്ത്യയിലുടനീളം ഖിലാഫത്തു പ്രസ്ഥാനം വ്യാപിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി നിരവധി ഖിലാഫത്ത് പ്രവർത്തകരെ തടവിലാക്കുകയുണ്ടായി. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പരാജയത്തോടെ മുഹമ്മദലി കോൺഗ്രസ്സിൽ നിന്നു വിട്ടുനിന്നു. മൗലാന മുഹമ്മദ് അലി നെഹ്റു



ഇന്ത്യൻ ഖിലാഫത്ത് പ്രസ്ഥാനത്തിന് മൗലാനാ മുഹമ്മദലി നൽകിയ സേവനങ്ങൾ വിലയിരുത്തുക.

റിപ്പോർട്ടിനും സൈമൺ കമ്മീഷനും എതിരായിരുന്നു. വട്ടമേശ സമ്മേളനങ്ങളിൽ അദ്ദേഹത്തിന്റെ സജീവ പങ്കാളിത്തമുണ്ടായിരുന്നു. ലണ്ടനിൽ 1931-ജനുവരി 4-ാം തിയ്യതി മരണപ്പെട്ട അദ്ദേഹം ജറുസലേമിലാണ് അന്ത്യവിശ്രമം കൊള്ളുന്നത്.



മുഹമ്മദ് അലി ജിന്ന

## മുഹമ്മദ് അലി ജിന്ന

പാകിസ്താന്റെ സ്ഥാപകൻ എന്നറിയപ്പെടുന്ന മുഹമ്മദ് അലി ജിന്ന (1876-1948 സി. ഇ.) പ്രശസ്ത രാഷ്ട്രീയ ചിന്തകനും അഭിഭാഷകനുമായിരുന്നു. അദ്ദേഹത്തെ ലക്നൗ പാക്ടിന്റെ (1916) രൂപരേഖ തയ്യാറാക്കിയ നേതാവായി കരുതുന്നു. 1913 മുതൽ 1947 വരെ അഖിലേന്ത്യ മുസ്ലിം ലീഗിന്റെ നേതാവായി പ്രവർത്തിച്ച ജിന്ന, പാകിസ്താന്റെ ആദ്യത്തെ ഗവർണർ ജനറൽ ആയിരുന്നു. അദ്ദേഹം ഹിന്ദു- മുസ്ലിം ഐക്യത്തിന്റെ വക്താവായിരുന്നു. പ്രാദേശിക തിരഞ്ഞെടുപ്പിനുശേഷമാണ് അദ്ദേഹം ദ്വിരാഷ്ട്ര രൂപീകരണത്തിന്റെ വക്താവായി മാറുന്നത്.


## ബദറുദ്ദീൻ തിയാബ്ജി



ബദറുദ്ദീൻ തയാബ്ജി

1844 ഒക്ടോബർ 10-ാം തിയ്യതി ജനിക്കുകയും 1906 ഓഗസ്റ്റ് 19-ാം തിയ്യതി മരണമടയുകയും ചെയ്ത സ്വാതന്ത്ര്യ സമര സേനാനിയാണ് ബദറുദ്ദീൻ തയാബ്ജി. യൂറോപ്പിൽ നിന്നാണദ്ദേഹം നിയമബിരുദം നേടിയത്. ഈ കാലഘട്ടത്തിൽ മുസ്ലിംകൾ പൂർണമായും പാശ്ചാത്യ വിദ്യാഭ്യാസത്തിനെതിരായിരുന്നു. ഇക്കാലഘട്ടത്തിലായുരുന്നു അദ്ദേഹം ബോംബെ

യിൽ നിയമജ്ഞനായി സേവനവമനുഷ്ഠിക്കുന്നത്. ബ്രിട്ടീഷ് ഭരണ കാലത്ത് ചീഫ് ജസ്റ്റിസാകുന്ന ആദ്യത്തെ ഇന്ത്യക്കാരനെന്ന ബഹുമതി അദ്ദേഹം നേടിയെടുക്കുകയും ചെയ്തു. ബോംബെ അസ്സോസ്സിയേഷനിലെ പ്രധാനപ്പെട്ട അംഗമായിരുന്ന ബദറുദ്ദീൻ തിയാബ്ജി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ മൂന്നാമത്തെ പ്രസിഡന്റാവുകയും ദേശീയ പ്രസ്ഥാനത്തിന്റെ നേതാവായിമാറുകയും ചെയ്തു.




മൗലനാ ഹസ്റത്ത് മൊഹാനി

## മൗലാന ഹസ്രത്ത് മൊഹാനി

1875-ൽ ജനിച്ച ഹസ്രത്ത് മൊഹാനി സ്വാതന്ത്ര്യ സമര രംഗത്തെ പ്രശസ്ത നേതാവും കവിയും ഉർദുഭാഷ പണ്ഡിതനും പത്രപ്രവർത്തകനും മികച്ച രാഷ്ട്രീയ ചിന്തകനുമായിരുന്നു. ബ്രിട്ടീഷ് ഇന്ത്യയിൽ പാർലമെന്റ് അംഗമായിരുന്ന അദ്ദേഹം വിമർശനാത്മകചിന്തയുടെ വക്താവായിരുന്നു. കൃഷ്ണഭക്തനായിരുന്ന അദ്ദേഹം മഥുരയിലെ നിത്യസന്ദർശകനായിരുന്നു. അലിഗർ മുസ്‌ലിം സർവകലാശാലയിൽ വിദ്യാർഥിയായിരുന്ന അദ്ദേഹമായിരുന്നു ഇൻക്വിലാബ് സിന്ദാബാദ് എന്ന മുദ്രാവാക്യത്തിന്റെ ഉപജ്ഞാതാവ്. പൂർണസ്വരാജിനുവേണ്ടി പ്രവർത്തിച്ച അദ്ദേഹത്തിന് വർഷങ്ങളോളം ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവന്നു.

### മുസ്‌ലിം ലീഗ്

ബംഗ്ലാദേശിലെ ധാക്കയിൽ 1906-ലാണ് മുസ്‌ലിം ലീഗ് രൂപീകരിക്കപ്പെടുന്നത്. സ്ഥാപക നേതാക്കളിൽ പ്രധാനികളായിരുന്നു ആഗാഖാനും മുഹ്സിനുൽ മുൽക്കും. മുസ്‌ലിംകളുടെ രാഷ്ട്രീയ അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിക്കാനായിരുന്നു ഈ സംഘടന ലക്ഷ്യമിട്ടിരുന്നത്.



ഒരു സ്വാതന്ത്ര്യസമര ദേശീയ നേതാവെന്ന നിലയിൽ ബദറുദ്ദീൻ തിയാബ്ജി നൽകിയ സേവനങ്ങൾ പരിശോധിക്കുക.

## മൗലാന അബുൽ കലാം ആസാദ്




മൗലാനാ അബുൽ കലാം ആസാദ്

സ്വതന്ത്രഇന്ത്യയുടെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രിയായി അറിയപ്പെടുന്ന സ്വാതന്ത്ര്യ സമര നേതാവായിരുന്നു മൗലാന അബുൽ കലാം ആസാദ്. 1888-ൽ മക്കയിൽ ജനിച്ച അദ്ദേഹം ഇന്ത്യയിലെ രാഷ്ട്രീയ നിരീക്ഷകനും മതനേതാവും സാമൂഹ്യപരിഷ്കർത്താവുമായിരുന്നു. അദ്ദേഹത്തിന്റെ യഥാർഥ നാമം അബുൽകലാം മുഹിയുദ്ദീൻ അഹ്മദ് ആസാദ് എന്നാകുന്നു. ഉറുദുഭാഷയിലെ കവിയായിരുന്ന അദ്ദേഹം ഇസ്‌ലാം മതത്തെയും അതിന്റെ തത്വശാസ്ത്രത്തെയുംപറ്റി ധാരാളം പ്രബന്ധങ്ങളെഴുതുകയുണ്ടായി. അദ്ദേഹം ധാരാളം വാരികകൾ ആരംഭിക്കുകയും ബ്രിട്ടീഷ്‌രാജിനെ എതിർക്കുകയും ചെയ്തു. 1992-ൽ മരണാനന്തരബഹുമതിയായി ഭാരതരത്നം നൽകി ഇന്ത്യ അദ്ദേഹത്തെ ആദരിക്കുകയുണ്ടായി. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ വക്താവായിരുന്ന അദ്ദേഹം നിസ്സഹകരണ പ്രസ്ഥാനത്തിലും സ്വദേശി, സ്വരാജ് പ്രസ്ഥാനങ്ങളിലും അംഗമായിരുന്നു. 35-ാം വയസ്സിൽ കോൺഗ്രസ്

പ്രസിഡന്റായി പ്രവർത്തിച്ച അദ്ദേഹം ഹിന്ദു-മുസ്‌ലിംഐക്യത്തിന്റെയും വക്താവായിരുന്നു. 1940-1945 കാലയളവിൽ അദ്ദേഹം വീണ്ടും ഐ.എൻ.സി. യുടെ പ്രസിഡന്റാവുകയും ചെയ്തു. സാമുദായിക സൗഹാർദത്തിന്റെ വക്താവായിരുന്ന അദ്ദേഹം ഇന്ത്യാവിഭജനത്തെ എതിർത്തു.

നെഹ്റുവിന്റെ ഭരണത്തിൻകീഴിൽ വിദ്യാഭ്യാസമന്ത്രിയെന്ന നിലയിൽ അദ്ദേഹം നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപീകരിച്ചു. ഐ.ഐ.ടി എന്ന പേരിൽ കേന്ദ്രീകൃത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും യു.ജി.സി. (യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ), മറ്റു ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ അദ്ദേഹത്തിന്റെ സംഭാവനയാണ്. അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 11-ാം തിയ്യതി ദേശീയ വിദ്യാഭ്യാസദിനമായി ആഘോഷിക്കുന്നു.

ഇമാം ഗസ്സാലിയുടെ ജീവചരിത്രവും ഖുർആൻ വ്യാഖ്യാനവും ഹദീസ് വിശദീകരണ ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ പ്രധാന സംഭാവനയാണ്. ഹിന്ദി, അറബി, ഉർദു, ഇംഗ്ലീഷ്, ബംഗാളി, പേർഷ്യൻ ഭാഷകളിൽ അദ്ദേഹം പ്രാവീണ്യം നേടിയിരുന്നു. യുവത്വത്തിൽതന്നെ ഹനഫി, മാലിക്കി, ശാഫി, ഹമ്പലി ചിന്താധാരകളിലും കഴിവ് പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ വീക്ഷണങ്ങളെ ബ്രിട്ടീഷുകാർ വംശീയ വിവേചനമായും ദേശീയ താത്പര്യത്തിനുവേണ്ടിയുള്ള സാമൂഹിക വീക്ഷണങ്ങളുമായി മുസ്‌ലിം രാഷ്ട്രീയ ചിന്തകരും തെറ്റിദ്ധരിച്ചു. അഖിലേന്ത്യാ മുസ്‌ലിം ലീഗിന്റെ ആശയങ്ങളെ എതിർക്കുകയും ഇന്ത്യൻ ജനങ്ങൾക്കിടയിൽ സാമുദായിക വിഭജനം എന്ന ആശയത്തോട് വിയോജിക്കുകയും ചെയ്തു. ഇതിനിടയിൽ അദ്ദേഹം അഫ്ഗാനിസ്ഥാൻ സന്ദർശിക്കുകയും ജമാലുദ്ദീൻ അഫ്ഗാനിയുടെ ഇസ്‌ലാമിക തത്വങ്ങളെ പഠന വിധേയമാക്കുകയും ചെയ്തു. പിന്നീട് തന്റെ വീക്ഷണങ്ങൾ മാറ്റിയ അദ്ദേഹം സാമ്രാജ്യത്വ വിരുദ്ധ നിലപാടുകളിൽ ഉറച്ചുനിൽക്കുകയും ബംഗാൾ വിഭജനത്തെ എതിർക്കുകയുംചെയ്തു. തന്റെ രചനകളിലൂടെ മുസ്‌ലിംകളെ അദ്ദേഹം ദേശീയ പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടരാക്കി. 'ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു' എന്നത് അദ്ദേഹത്തിന്റെ ആത്മകഥയാണ്. തർജുമാനുൽ ഖുർആനാണ് അദ്ദേഹം രചിച്ച ഖുർആൻ വ്യാഖ്യാന വിശദീകരണഗ്രന്ഥം. മുസ്‌ലിം ലീഗിന്റെ ഇന്ത്യാവിഭജനത്തെ എതിർത്ത അദ്ദേഹം ബ്രിട്ടീഷ് നയങ്ങളെ എതിർക്കുകയും ചെയ്തു. മുസ്‌ലിംകളെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുവാനും ബ്രിട്ടീഷ് നയങ്ങളെ തുറന്നെതിർക്കുവാനുംവേണ്ടി 1912-ൽ ആരംഭിച്ച ഉറുദു ആഴ്ചപതിപ്പാണ് അൽ ഹിലാൽ. തുർക്കി സുൽത്താന്റെ ഖിലാഫത്ത് സ്ഥാനം നിലനിർത്തുന്നതിനുവേണ്ടി പ്രവർത്തിക്കാൻ മുസ്‌ലിംകളെ ആഹ്വാനം ചെയ്തുകൊണ്ട് അദ്ദേഹം ആരംഭിച്ച മറ്റൊരു മാസികയാണ് അൽ ബലാഗ്. ഖിലാഫത്ത് പ്രസ്ഥാന വക്താക്കളോട് തുർക്കിയിലെ സുൽത്താന്റെ ഖിലാഫത്ത് സ്ഥാനം സംരക്ഷിക്കാൻ ആഹ്വാനം ചെയ്യലായിരുന്നു അൽബലാഗയുടെ പ്രഥമലക്ഷ്യം. 1958-ൽ മരണപ്പെട്ട അദ്ദേഹത്തിന്റെ ജീവിതം പ്രവാചകൻ മുഹമ്മദിനെ പോലെ ലളിതവും ആർഭാടരഹിതവുമായിരുന്നു.




ദേശീയ പ്രസ്ഥാനത്തിന് മൗലാന അബ്ദുൽ കലാം ആസാദ് നൽകിയ സംഭാവനകൾ വിലയിരുത്തുക.

### ഹിന്ദു – മുസ്‌ലിം ഐക്യത്തിനായുള്ള ആസാദിന്റെ പ്രഖ്യാപനം

ഒരു ഇന്ത്യക്കാരനായതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഇന്ത്യൻ ദേശീയതയെന്ന അദൃശ്യമായ ഐക്യത്തിന്റെ ഭാഗമാണ് ഞാൻ. പ്രൗഢമായ ഈ പാരമ്പര്യത്തിന്റെ അവിഭാജ്യഘടകമാണ് ഞാൻ. എന്നെക്കൂടാതെ ഈ ഗംഭീരമായ ഘടന പൂർണമാവുകയില്ല. ഞാനൊരു അത്യാവശ്യഘടകമാണ്, ഒരു രാഷ്ട്രത്തിന്റെ നിർമാണത്തിന്. ഈ അവകാശത്തിനുവേണ്ടിയല്ലാതെ ഞാൻ കീഴടങ്ങില്ല.


## ഖാൻ അബ്ദുൾ ഗഫാർ ഖാൻ



ഖാൻ അബ്ദുൽ ഗഫാർ ഖാൻ

അതിർത്തി ഗാന്ധി എന്നപേരിൽ പ്രസിദ്ധനായ ഖാൻ അബ്ദുൾ ഗാഫർ ഖാൻ ഗാന്ധിജിയുടെ അടുത്ത സുഹൃത്തായിരുന്നു. അദ്ദേഹമൊരു രാഷ്ട്രീയനേതാവും ആത്മീയനേതാവും കൂടിയായിരുന്നു. ബച്ചാഖാൻ, പച്ചാഖാൻ, ബാദ്ഷാഖാൻ തുടങ്ങിയ പേരുകളിലറിയപ്പെടുന്നത് ഇദ്ദേഹമാണ്. 1890-ൽ ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായ പെഷവാർ താഴ്‌വരയിൽ ജനിച്ചു. 1911-ൽ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ ചേർന്നു. മുസ്‌ലിം പള്ളികളോട് ചേർന്ന് വിദ്യാഭ്യാസ സ്ഥാപനത്തിന് രൂപം നൽകിയെങ്കിലും 1915-ൽ ബ്രിട്ടീഷുകാർ പ്രസ്തുത സംരംഭത്തെ എതിർക്കുകയുണ്ടായി. സാമൂഹ്യപരിഷ്കരണത്തിൽ ശ്രദ്ധയൂന്നിയ അദ്ദേഹം 1921-ൽ അഫ്ഗാൻ പുനരുദ്ധാരണ സഭ, പഷ്തൂൺ കൂട്ടായ്മ തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് രൂപം നൽകി. അദ്ദേഹമാരംഭിച്ച മാസികകളായിരുന്നു 1927-ൽ പുറത്തിറങ്ങിയ പഷ്തൂണും 1929-ൽ ആരംഭിച്ച ഖുദി ഖിദ്മതിയാറും. 1987-ൽ ഇന്ത്യൻ ഭരണകൂടം അദ്ദേഹത്തിന് ഭാരതരത്നം നൽകി ആദരിച്ചു. ഇന്ത്യയുടെ പരമോന്നത ബഹുമതിയായ ഭാരതരത്നം ലഭിക്കുന്ന ആദ്യത്തെ വിദേശീയനുമാണദ്ദേഹം. ഇന്ത്യാവിഭജനത്തെ ശക്തമായി എതിർത്ത അദ്ദേഹത്തെ 1948 മുതൽ 1956 വരെ പാകിസ്താൻ വീട്ടുതടങ്കലിലാക്കി. 1988-ൽ അദ്ദേഹം മരണപ്പെടുകയും അഫ്ഗാനിസ്താനിലെ ജലാലാബാദിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. ഖിലാഫത്ത് പ്രസ്ഥാന പ്രവർത്തനത്തിന്റെ ഭാഗമായി അദ്ദേഹം പെഷവാറിൽനിന്നു കാബൂൾ വരെ സമരജാഥ നടത്തിയിരുന്നു. ഗാന്ധിജിയുടെ സത്യാഗ്രഹമെന്ന ആശയത്തെ അദ്ദേഹത്തിന്റെ ഖുദിഖിദ്മതിയാർ എന്ന സംഘടന ഏറ്റെടുക്കുകയും അതിനുവേണ്ടി ശക്തമായി പിന്തുണയ്ക്കുകയും ചെയ്തു. ഗാന്ധിജിയോട് വളരെയധികം സൗഹൃദം സൂക്ഷിച്ചിരുന്ന അദ്ദേഹം 1947-വരെ ഒരുമിച്ചു പ്രവർത്തിച്ചിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സജീവപ്രവർത്തകനായ അദ്ദേഹം നിരവധി സമരങ്ങളിൽ പങ്കെടുക്കുകയും സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിലകൊള്ളുകയും ചെയ്തു.

## അബ്ദുൽ ബാരി ഫിരാങ്കി മഹൽ



ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിനു ഖാൻ അബ്ദുൽ ഗഫാർ ഖാന്റെ രചനകൾ നൽകിയ സംഭാവനകളെപറ്റി സെമിനാർ നടത്തുക.

അബ്ദുൽ ബാരി ഫിരാങ്കി മഹൽ 1878-ൽ ജനിക്കുകയും 1926-ൽ മരിക്കുകയും ചെയ്തു. അദ്ദേഹം പാശ്ചാത്യ വിദ്യാഭ്യാസത്തെ എതിർക്കുകയും ലക്നൗവിൽ മദ്രസ്സ നിസ്സാമിയ എന്ന വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുകയും ചെയ്തു. 1920-ൽ സ്ഥാപിതമായ ജംഇയ്യത്തുൽ ഉലമ ഹിന്ദിന്റെ സ്ഥാപക പ്രസിഡന്റ് കൂടിയായിരുന്നു അദ്ദേഹം. അതുപോലെ അലിഗറിൽ സ്ഥാപിച്ച ജാമിയ മിലിയ ഇസ്‌ലാമിയയുടെ സ്ഥാപക നേതാക്കളിലൊരാളുമായിരുന്നു.

ഒന്നാം ലോക മഹായുദ്ധ കാലത്ത് തുർക്കി സുൽത്താനോട് ബ്രിട്ടനെ പിന്തുണച്ചുകൊണ്ട് യുദ്ധമുഖത്തുനിന്നും വിട്ടുനിൽക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. മുസ്‌ലിംകളോടുള്ള ബ്രിട്ടീഷ്

മനോഭാവത്തിൽ പ്രതിഷേധിച്ച് 1919-ൽ ലക്നൗ കേന്ദ്രീകരിച്ച് ബ്രിട്ടീഷുകാർക്കെതിരെ നടന്ന പ്രക്ഷോഭം നയിച്ചത് ഇദ്ദേഹമായിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിൽ സജീവമായിരുന്ന അദ്ദേഹം ഹിന്ദു- മുസ്ലിം ഐക്യത്തിനായി നിലകൊണ്ടു. നൂറ്റിപ്പതിനഞ്ചോളം രചനകളദ്ദേഹം നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വസതി സന്ദർശിച്ച ഗാന്ധിജിയോടുള്ള ബഹുമാനാർഥം അവിടെയുണ്ടായിരുന്ന മുസ്ലിം കുടുംബങ്ങളിലെ സ്ത്രീകൾ മാംസാഹാരം പാചകം ചെയ്യുന്നത് ഒഴിവാക്കിയിരുന്നു. ദേശീയ നേതാക്കളായ സരോജിനി നായിഡു, ജവഹർലാൽ നെഹ്റു, അബുൽ കലാം ആസാദ് എന്നിവരും സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിലൂടെ ഹിന്ദു- മുസ്ലിംഐക്യത്തിനായുള്ള ചർച്ചകൾക്കുവേണ്ടി ഗാന്ധിജി അദ്ദേഹത്തെ മൂന്ന് തവണ സന്ദർശിച്ചിരുന്നു.

## ഡോ. എം. എ. അൻസാരി


ഡോ.എം.എ.അൻസാരി

1880 ഡിസംബർ 25-ാം തിയ്യതി ഗാസിപുരിൽ ജനിച്ച ഡോ. മുക്താർ അഹ്മദ് അൻസാരി ഇന്ത്യൻ സ്വാതന്ത്ര്യ സമരരംഗത്തെ പ്രമുഖനായ നേതാവായിരുന്നു. എം.ഡി., എം.എസ് ബിരുദങ്ങൾ നേടിയ അദ്ദേഹം ഒരു പ്രശസ്ത ഭിഷഗ്വരനായിരുന്നു. ഇംഗ്ലണ്ടിലായിരിക്കുമ്പോൾതന്നെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിച്ചിരുന്നു അദ്ദേഹം. ഡൽഹിയിൽ തിരിച്ചെത്തിയ ശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും പിന്നീട് മുസ്ലിംലീഗിന്റെയും പ്രസിഡന്റായ അദ്ദേഹം ഗാന്ധിജിയുടെ സന്തത സഹചാരിയായിരുന്നു. ജാമിയ മിലിയയുടെ സ്ഥാപക നേതാക്കളിലൊരാളായിരുന്ന അദ്ദേഹമായിരുന്നു 1928 മുതൽ 1936 വരെ പ്രസ്തുത സ്ഥാപനത്തിന്റെ ചാൻസലറായി വർത്തിച്ചത്. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ വക്താവായിരുന്ന അദ്ദേഹത്തിന്റെ പത്നി ഡൽഹിയിൽ മുസ്ലിം സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടിയുള്ള സജീവ പ്രവർത്തകയായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയ പ്രവർത്തനങ്ങളുടെ സ്ഥിരംവേദിയായിരുന്നു അദ്ദേഹത്തിന്റെ ഭവനം.

ദേശീയ മുസ്ലിം നവോത്ഥാന നായകന്മാരായ മൗലാന അബുൽ കലാം ആസാദ്, മുഹമ്മദലി ജിന്ന എന്നിവരുടെ കൂട്ടത്തിലൊരാളായിരുന്ന ഇദ്ദേഹം ഇന്ത്യൻ മുസ്ലിംകളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചിരുന്നു. എന്നാൽ, ഇന്ത്യൻ മുസ്ലിം സമുദായത്തെ പ്രതിനിധികരിക്കുന്നത് മുസ്ലിം ലീഗാണെന്ന വാദത്തെയും ഇന്ത്യയിൽ മുസ്ലിംകൾക്ക് പ്രത്യേക ഭരണ പ്രദേശമെന്ന മുസ്ലിം ലിഗിന്റെ വാദത്തെയും അദ്ദേഹം എതിർത്തു. 1936-ൽ മരണപ്പെട്ട അദ്ദേഹത്തിന്റെ ഭൗതിക ശരീരം ജാമിയ മിലിയയിലാണ് അടക്കം ചെയ്തിട്ടുള്ളത്.



ഇന്ത്യൻ സ്വാതന്ത്ര്യസമരങ്ങളിൽ ഡോ. എം. എ. അൻസാരി നടത്തിയ സേവനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.


## അല്ലാമ മുഹമ്മദ് ഇഖ്ബാൽ

1877-ൽ ജനിച്ച അല്ലാമ മുഹമ്മദ് ഇഖ്ബാൽ കവിയും തത്വജ്ഞാനിയും രാഷ്ട്ര തന്ത്രജ്ഞനും പ്രസിദ്ധനായ ഉർദു ഭാഷാ പണ്ഡിതനുമായിരുന്നു. 1922-ൽ കിങ് ജോർജ് അഞ്ചാമൻ അദ്ദേഹത്തിന് യോദ്ധാവെന്ന പദവിയും സർ എന്ന പദവിയും നൽകുകയുണ്ടായി. എന്നാൽ



അല്ലാമ മുഹമ്മദ് ഇഖ്സാൽ

ഇഖ്ബാൽ അതെല്ലാം നിരാകരിച്ചു. അദ്ദേഹത്തെ സർ തോമസ് ആർണോൾഡിന്റെ അധ്യാപനങ്ങൾ വളരെയധികം സ്വാധീനിച്ചു. 1905-ൽ ഉന്നതപഠനത്തിനായ അദ്ദേഹം ഇംഗ്ലണ്ടിലേക്ക് പോയി. 1906-ൽ മ്യൂനിച്ച് സർവകലാശാലയിൽ നിന്നും നിയമ ബിരുദവും 1908-ൽ ഡോക്ടറേറ്റും കരസ്ഥമാക്കി. ലാഹോറിൽ തിരിച്ചെത്തിയ അദ്ദേഹം ഇംഗ്ലീഷ്, തത്വശാസ്ത്രം തുടങ്ങിയ വിഷയങ്ങളുടെ പ്രൊഫസറായി സേവനമനുഷ്ഠിച്ചു. പാശ്ചാത്യ തത്വശാസ്ത്രവും മൗലാന റൂമിയുടെ കവിതകളും അദ്ദേഹത്തെ സ്വാധീനിക്കുകയും തന്റെ വഴികാട്ടിയായി റൂമിയെ സ്വീകരിക്കുകയും ചെയ്തു. തന്റെ രചനകളിലൂടെ പഴയ ഇസ്‌ലാമിക സംസ്കാര പാരമ്പര്യത്തിലേക്ക് അനുവാചകരെ അടുപ്പിക്കുകയും ഇസ്‌ലാംമതം സാമൂഹ്യ-രാഷ്ട്രീയ സ്വാതന്ത്ര്യങ്ങളിലൂന്നി പ്രവർത്തിക്കുന്ന മതമാണെന്ന് തന്റെ ശുദ്ധമായ ആശയ ശൈലികളിലൂടെ പ്രകടമാക്കുകയും ചെയ്തു. 1930-ൽ മുസ്‌ലിംലീഗിന്റെ അധ്യക്ഷ പ്രസംഗം നടത്തിയത് അദ്ദേഹമായിരുന്നു. ദേശീയഗീതമായ സാരെ ജഹാം സെ അച്ഛ എന്ന ഗാനത്തിന്റെ രചയിതാവ് അദ്ദേഹമാണ്. 1934-ൽ പുറത്തിറങ്ങിയ 'ഇസ്‌ലാമിലെ മത ചിന്താധാരയുടെ പുനരാവിഷ്കാരമെന്ന' രചനയാണ് അദ്ദേഹത്തെ പ്രസിദ്ധനാക്കുന്നത്. ആധുനിക ലോകത്തിനുപോലും ഉതകുന്നവിധത്തിലുള്ള മതപരവും രാഷ്ട്രീയപരവും തത്വശാസ്ത്രപരവുമായ നയങ്ങളാണ് ഇസ്‌ലാമിലുള്ളതെന്ന് അദ്ദേഹം വാദിക്കുന്നു. മുസ്‌ലിംലീഗിന്റെ സജീവ പ്രവർത്തകനായ അദ്ദേഹം നിയമം, കവിത തുടങ്ങിയ കാര്യങ്ങൾക്കാണ് കൂടുതൽ സമയം ചെലവഴിച്ചത്. മുഹമ്മദലി ജിന്നയുമായി ആത്മബന്ധം പുലർത്തിയിരുന്ന അദ്ദേഹം 1926-ൽ പഞ്ചാബ് നിയോജക മണ്ഡലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 'യഥാർഥ ഇസ്‌ലാം' എന്നപേരിൽ ബ്രിട്ടീഷ് ഇന്തൃയിൽ ഇറങ്ങിയ വാരികയുടെ സജീവ പ്രവർത്തകനായിരുന്നു അദ്ദേഹം. 1938-ൽ അദ്ദേഹം മരണപ്പെടുകയും ചെയ്തു.



മുഹമ്മദ് ഇഖ്ബാലും ഇന്ത്യൻ സ്വാതന്ത്ര്യ സമരവും എന്ന വിഷയത്തെപ്പറ്റി സംവാദം സംഘടിപ്പിക്കുക.

## ചോദ്യങ്ങൾ

- 1857-ലെ വിപ്ലവത്തിലേക്ക് നയിച്ച കാരണങ്ങളും അതിന്റെ ഫലങ്ങളും എഴുതുക.
- 1857-ലെ വിപ്ലവത്തിനു ശേഷം മുസ്‌ലിംകളോടുള്ള ബ്രിട്ടീഷ് മനോഭാവം എന്തായിരുന്നു വ്യക്തമാക്കുക.
- ഇന്ത്യൻ രാഷ്ട്രപിതാവായ ഗാന്ധിജി ഖിലാഫത്ത് പ്രസ്ഥാനത്തിന് അമൂല്യമായ സേവനങ്ങൾ നൽകിയിരുന്നു. പരിശോധിക്കുക.
- ഇന്ത്യൻ മുസ്‌ലിംകളുടെ സാമൂഹ്യ-വിദ്യാഭ്യാസ മേഖലകളെ സർ സയ്യിദ് അഹ്മദ് ഖാൻ പുനഃക്രമീകരിക്കുകയുണ്ടായി. വിലയിരുത്തുക.
- ഇന്ത്യൻ മുസ്‌ലിംകളുടെ സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനു പ്രകടമായ സേവനങ്ങൾ നൽകിയ രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ജാമിഅ മില്ലിയ ഇസ്‌ലാമിയയും അലിഗർ മുസ്‌ലിം സർവകലാശാലയും. പരിശോധിക്കുക.

- ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിനു ഡോ. എം. എ. അൻസാരി നൽകിയ സംഭാവനകളെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.
- ദേശീയ സ്വാതന്ത്ര്യ സമരത്തിന് മൗലാന അബുൽ കലാം ആസാദ് നൽകിയ പങ്ക് വിശദമാക്കുക.
- മുസ്‌ലിം നവോത്ഥാനത്തിനുവേണ്ടി വളരെയധികം പ്രയത്നിച്ച വ്യക്തിത്വമായിരുന്നു അല്ലാമ മുഹമ്മദ് ഇഖ്ബാൽ. വിലയിരുത്തുക.
- അബ്ദുൽ ബാരി ഫിരാങ്കി മഹലിനെപ്പറ്റി ഒരു ഖണ്ഡികയെഴുതുക.
- ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിനുവേണ്ടി പ്രവർത്തിച്ച നേതാവായിരുന്നു ബദറുദ്ദീൻ തയാബ്ജി. പരിശോധിക്കുക.
- ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ നല്ലൊരു നേതാവായിട്ടാണ് ഹസ്രത്ത് മൊഹാനിയെ പരിഗണിക്കുന്നത്. വിലയിരുത്തുക.

# ഇസ്‌ലാമിക പാരമ്പര്യം കേരളത്തിൽ

9

S1H3U9

## പഠനനേട്ടങ്ങൾ


- കേരള മുസ്‌ലിങ്ങളിൽ ബ്രിട്ടീഷ് അധിനിവേശം ഉണ്ടാക്കിയ ഫലങ്ങൾ വിശദീകരിക്കുക.
- മാപ്പിളക്കലാപങ്ങൾ വിശകലനം ചെയ്യുക.
- മാപ്പിളക്കലാപത്തിന്റെ കേന്ദ്രങ്ങൾ തിരിച്ചറിയുക
- 1921-ലെ മലബാർ കലാപം 19-ാം നൂറ്റാണ്ടിൽ നടന്ന മാപ്പിളക്കലാപത്തിൽ നിന്നു വേർതിരിച്ചു നിർത്തുക.
- 1921-ലെ മലബാർ കലാപത്തിന്റെ പരിണിത ഫലങ്ങൾ വിശദീകരിക്കുക.
- രാഷ്ട്രീയം, മതം, സാമൂഹികപരിഷ്കരണം എന്നീ മേഖലകളിൽ പ്രവർത്തിച്ച മുസ്‌ലിം നേതാക്കൻമാരെ പരിചയപ്പെടുത്തുക
- കേരള മുസ്‌ലിം ഐക്യസംഘത്തെക്കുറിച്ച് വിശദീകരിക്കുക
- അറബി മലയാളം സാഹിത്യത്തെ പരിചയപ്പെടുത്തുക

## പ്രധാനാശയങ്ങൾ

- ബ്രിട്ടീഷ് അധിനിവേശവും കേരള മുസ്‌ലിം സമൂഹത്തിലുണ്ടായ പരിണത ഫലങ്ങളും
- മാപ്പിളക്കലാപങ്ങൾ, 1921-ലെ മലബാർ കലാപം
- 1921-ലെ മലബാർ കലാപത്തിന്റെ പരിണത ഫലം
- മുസ്‌ലിം നേതാക്കൻമാരും പരിഷ്കരണങ്ങളും
- കേരള മുസ്‌ലിം ഐക്യസംഘം

## ബ്രിട്ടീഷ് അധിനിവേശത്തിന്റെ പരിണത ഫലങ്ങൾ:

കേരളസമൂഹത്തിൽ ബ്രിട്ടീഷ് അധിനിവേശത്തിന്റെ ആരംഭം കുറിക്കുന്നത് ശ്രീരംഗ പട്ടണം ഉടമ്പടിയോടുകൂടിയാണ്. ബ്രിട്ടീഷുകാരും ടിപ്പുസുൽത്താനും ഒപ്പു വച്ച ഈ ഉടമ്പടി 1792-ലെ മൂന്നാം ആംഗ്ലോ-മൈസൂർ യുദ്ധത്തിന്റെ അവസാനത്തോടുകൂടിയാണ്. ബ്രിട്ടീഷുകാർ ഈ കാലഘട്ടത്തോടെ ദക്ഷിണേന്ത്യയിലെ ഭൂരിഭാഗം പ്രദേശങ്ങളിലും അവരുടെ ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞിരുന്നു. മലബാറിലെ രാഷ്ട്രീയ കാലാവസ്ഥ നിർണയിക്കുന്നതിൽ വലിയ പങ്കാണ് മൈസൂർ യുദ്ധങ്ങൾ വഹിച്ചത്. മലബാറിലെ ബ്രിട്ടീഷ് അധിനിവേശത്തെ തുടർന്ന് 1792-ൽ ബ്രിട്ടീഷ് ഗവൺമെന്റ് ഒരു ജോയന്റ് കമ്മീഷണറെ നിയമിച്ചു. ഈ കമ്മീഷൻ 1801 വരെ മലബാറിന്റെ സാമൂഹിക രാഷ്ട്രീയ മേഖലകളിൽ ബ്രിട്ടീഷ് ഭരണത്തിന് ചുക്കാൻ പിടിക്കുകയുണ്ടായി. വില്യം മാക്ക് ലീഡിനെ 1801 ഒക്ടോബർ 1 ന് മലബാറിന്റെ ആദ്യത്തെ കളക്ടർ ആയി ബ്രിട്ടീഷ് ഗവൺമെന്റ് നിയമിച്ചു. മലബാറിൽ പുതിയ ഭരണനടപടിക്ക് തുടക്കം കുറിച്ചത് വില്യം മാക്ക്ലിഡ് ആണ്. ജന്മിമാർ ഭൂമിയുടെ യജമാനന്മാരായി പ്രഖ്യാപിക്കപ്പെട്ടു. പുതിയ ഭൂസർവ്വേ നടത്തി നിയമരഹിതമായി സംഭരിക്കപ്പെട്ട ആയുധങ്ങൾ പിടിച്ചെടുത്തു കൊണ്ട് പ്രവിശ്യയിലെ നിരായുധീകരണത്തിന് തുടക്കം കുറിച്ചു. നികുതി സംവിധാനം പരിഷ്കരിച്ചു. അങ്ങനെ ഭരണരംഗത്തെ യൂറോപ്യൻ മാതൃകയുടെ പരീക്ഷണം മലബാറിൽ തുടങ്ങുകയുണ്ടായി. പുതിയ ഭരണപരിഷ്കരണങ്ങൾ മലബാറിലെ പ്രധാന വിഭാഗമായ മാപ്പിളമാരിൽ അതൃപ്തി പടർന്നു പിടിക്കാൻ കാരണമായി.



## മാപ്പിളക്കലാപങ്ങൾ

മൈസൂർഭരണകാലഘട്ടത്തിൽ മലബാറിലെ കർഷകരിൽ നിന്നും ഉദ്യോഗസ്ഥർ നേരിട്ടു നികുതി പിരിക്കുന്ന സമ്പ്രദായമാണ് നിലനിന്നിരുന്നത്. എന്നാൽ ബ്രിട്ടീഷു കാരുടെ വരവോടെ പഴയ നികുതി സമ്പ്രദായം നിലവിൽ വന്നു. കർഷകർ സർക്കാർ ഖജനാവിലേക്ക് നേരിട്ട് കരം അടയ്ക്കുന്ന രീതി അവസാനിപ്പിക്കുകയും പകരം കർഷകരിൽ നിന്ന് നികുതി പിരിച്ചെടുക്കാൻ ജന്മിമാർ നിയമിക്കപ്പെടുകയും ചെയ്തു. അതോടെ മണ്ണിൽ പണി ചെയ്യുന്ന കർഷകന് ഭൂമിയിലുള്ള അവന്റെ ഉടമസ്ഥാവകാശം നഷ്ടപ്പെട്ടു. പുതിയ ഭൂവുടമാവിഭാഗവും മധ്യവർത്തികളായ ജന്മിമാരും കുടിയാൻ വിരുദ്ധ സമീപനമാണ് കൈക്കൊണ്ടത്. മലബാറിൽ പ്രധാന തദ്ദേശീയരായ മാപ്പിളമാർ കുടിയാന്മാർ ആയിരുന്നു. അതേസമയം ജന്മിമാരായും നികുതി ശേഖരിക്കുന്നവരായും നിയമിക്കപ്പെട്ടത് പ്രാദേശിക ഹിന്ദുരാജാക്കന്മാരായിരുന്നു. അസംതൃപ്തരായ മാപ്പിളക്കുടിയാന്മാർ ഈ അനീതിക്കെതിരെ പ്രാദേശിക നേതാക്കന്മാരായ അത്തൻ കുരിക്കൾ, ഉണ്ണിമൂസ തുടങ്ങിയവരുടെ കീഴിൽ സംഘടിക്കുകയും ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ സമരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. 19-ാം നൂറ്റാണ്ടിൽ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ചെറുകിട വ്യാപാരികളുടെയും നേതൃത്വത്തിൽ നടന്ന ജന്മിത്തവിരുദ്ധ-ബ്രിട്ടീഷ്‌വിരുദ്ധ കലാപങ്ങളെ മാപ്പിളക്കലാപങ്ങൾ എന്നാണ് ബ്രിട്ടീഷ് ഗവൺമെന്റ് വിളിച്ചത്. അസംതൃപ്തിയും ചൂഷണവും അതിന്റെ ഉച്ചസ്ഥായിയിലെത്തിയത് 1836 മുതൽ 1853 വരെയുള്ള കാലഘട്ടത്തിലാണ്. സമാനതകളില്ലാത്ത കഷ്ടതയും ദുരിതവുമാണ് ഈ കാലഘട്ടത്തിലെ മാപ്പിളക്കർഷകർ അനുഭവിച്ച് പോന്നത്.

മലബാറിലെ മൂന്നിൽ രണ്ട് ഭാഗം നികുതിയും സംഭാവന ചെയ്തത് ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിലെ ധാന്യവിളകളിൽ നിന്നായിരുന്നു. എന്നാൽ മലബാറിലെ ഭൂമിയുടെ ഭൂരിഭാഗവും ഹൈന്ദവക്ഷേത്രങ്ങൾക്കും നമ്പൂതിരിമാർക്കും മറ്റ് ഉയർന്ന ജാതിവിഭാഗങ്ങൾക്കും അവകാശപ്പെട്ടതായിരുന്നു. ഭൂരിപക്ഷംവരുന്ന മുസ്ലിങ്ങൾ കുടിയാന്മാരും തൊഴിലാളികളുമായിരുന്നു. സ്വാഭാവികമായും ഈ അസംതൃപ്തരായ മാപ്പിളമാരുടെ സമരം ഒരേസമയംതന്നെ ഭൂവുടമകൾക്കും സർക്കാറിനും എതിരായിരുന്നു. വർധിച്ച നികുതിഭാരം, അപ്രതീക്ഷിതമായ കുടിയിറക്കൽ ഭീഷണി എന്നിവ കലാപങ്ങൾ ക്ഷണിച്ചുവരുത്തി. ഒരു പാവപ്പെട്ട മാപ്പിളക്കർഷകനെ അവന്റെ ഭൂമിയിൽ നിന്നു അകാരണമായി ഇറക്കിവിടുമ്പോൾ അവനെ സംരക്ഷിക്കാനുള്ള ബാധ്യത വിശ്വാസപരമായി തങ്ങൾക്കുണ്ട് എന്ന് മറ്റ് മാപ്പിളമാർ വിശ്വസിച്ചു. അതുകൊണ്ട് മാപ്പിളമാരുടെ സമരം ഒരേസമയം ജന്മിമാർക്കും ബ്രിട്ടീഷ് ഗവൺമെന്റിനും എതിരെയുള്ള മതപരമായ ഉത്തരവാദിത്വമായി അവർ കണക്കാക്കി മാറി. 1836-നും 1919-നുമിടയിൽ 32-ഓളം കലാപങ്ങളാണ് ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്.

### പ്രധാനപ്പെട്ട മാപ്പിളക്കലാപങ്ങൾ ഇവയാണ്.

- 1849-ലെ അങ്ങാടിപ്പുറം, മഞ്ചേരി കലാപങ്ങൾ
- 1851-ൽ വള്ളുവനാട് രാജാവിന്റെ കാര്യസ്ഥനായ കോമുമേനോന് എതിരെ നടന്ന കലാപങ്ങൾ
- 1852-ൽ കളത്തിൽ കേശവൻ തങ്ങൾക്കെതിരെ നടന്ന മട്ടനൂർ കലാപം.
- 1879-ലെ കുളത്തൂർ കലാപം
- 1919-ലെ മങ്കട കലാപം

മലബാർമേഖലയിൽ പടർന്നുപിടിച്ച കലാപങ്ങളെക്കുറിച്ച് അന്വേഷിക്കാൻ സദർ അദാലത്ത് ന്യായാധിപൻ ടി.എൽ. സ്ട്രെയ്ഞ്ചിന്റെ നേതൃത്വത്തിൽ ബ്രിട്ടീഷ് ഗവൺമെന്റ് ഒരു അന്വേഷണകമ്മീഷനെ നിയമിച്ചു. മുൻകലാപങ്ങളുടെ കാരണങ്ങളും അദ്ദേഹത്തിന്റെ അന്വേഷണ

പരിധിയിൽ ഉൾപ്പെടുത്തി. മുസ്‌ലിം സമുദായത്തിനോടുള്ള സ്ട്രെയ്ഞ്ച് റിപ്പോർട്ടിന്റെ മുൻവിധിയോടുകൂടിയ സമീപനം വിമർശനങ്ങൾ ക്ഷണിച്ചുവരുത്തി. കലാപങ്ങളുമായി ബന്ധപ്പെട്ട് താഴെപറയുന്ന വിഷയങ്ങളിൽ പ്രത്യേക നിയമനിർമാണം നടത്താൻ കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

- അനന്തരാവകാശികൾ ഇല്ലാതെ മരിക്കുന്ന കലാപകാരികളുടെ വസ്തുവകകൾ സർക്കാരിലേക്ക് കണ്ടുകെട്ടുക.
- കലാപബാധിത ജില്ലയിലെ കലാപകാരികൾക്ക് മേൽ പിഴ ചുമത്തുക.
- സംശയാലുക്കളെ നാട് കടത്തുക.
- ആയുധങ്ങൾ, നിത്യോപയോഗ വസ്തുക്കൾ നിർമാണസാമഗ്രികൾ എന്നിവ കൈവശം വയ്ക്കുന്നതിലും പള്ളികൾ നിർമിക്കുന്നതിലും നിയന്ത്രണം ഏർപ്പെടുത്തുക.
- കലാപത്തെ നേരിടാൻ ഒരു പ്രത്യേക പോലീസ് സേനയെ രൂപികരിക്കുക എന്ന തീരുമാനം.

കലാപാനന്തരനടപടികൾ പ്രദേശത്തെ കാർഷിക അസംതൃപ്തി വർധിക്കാനാണ് ഉപകരിച്ചത്. നികുതി പിരിച്ചെടുക്കാൻ വേണ്ടി ഈ പ്രദേശത്ത് സ്ഥിരം സൈന്യത്തെ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് 1792-ൽ ബ്രിട്ടിഷുദ്യോഗസ്ഥൻമാർ സർക്കാരിനോട് ആവശ്യപ്പെട്ടു.



സംവാദം: മാപ്പിളക്കലാപങ്ങൾ: ഭൂവുടമകൾക്കും ബ്രിട്ടീഷ് നയങ്ങൾക്കുമെതിരെ

## മലബാർ വിപ്ലവം (1921)


ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ആരംഭത്തോടുകൂടി മാപ്പിളക്കലാപങ്ങൾക്ക് കൂടുതൽ ദേശീയ സ്വഭാവം പ്രകടമായി തുടങ്ങി. 1920-ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ മഞ്ചേരി സമ്മേളനത്തോടുകൂടിയാണ് മലബാർ മുസ്ലിങ്ങളുടെ ഇടയിൽ ഖിലാഫത്ത് പ്രസ്ഥാനം രാഷ്ട്രീയമായി പരിചിതമാവുന്നത്. ഭൂവുടമകളുടെ എതിർപ്പ് വകവക്കാതെ മഞ്ചേരി കോൺഗ്രസ് സമ്മേളനം കുടിയാന്മ നിയമനിർമാണം അഥവാ, കുടിയാന്മാർക്ക് അവരുടെ ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കാൻ നിയമ നിർമാണം നടത്തണമെന്ന് സർക്കാറിനോട് ആവശ്യപ്പെടുന്ന പ്രമേയം പാസാക്കി. മഹാത്മാഗാന്ധിയും മൗലാനഷൗക്കത്ത് അലിയും 1920 ആഗസ്റ്റ് 18-ന് മലബാർ സന്ദർശിച്ചു. നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും ഒന്നിച്ചു കൊണ്ടു പോകണമെന്ന് ഇരുനേതാക്കളും ആവശ്യപ്പെട്ടു. ഈസന്ദർഭം മലബാറിൽ ഖിലാഫത്ത് പ്രസ്ഥാനവും നിസ്സഹരണ പ്രസ്ഥാനവും ശക്തി പ്രാപിക്കാനിടയാക്കി. ഇതിന്റെ പരിണിതഫലമെന്നോണം ഹിന്ദുക്കളും മുസ്ലിങ്ങളും ഒന്നിച്ച് നിന്നു കൊണ്ട് നിരവധി കോൺഗ്രസ് ഖിലാഫത്ത് കമ്മിറ്റികൾക്ക് രൂപം നൽകി. ഇത്തരം കോൺഗ്രസ് ഖിലാഫത്ത് കമ്മിറ്റികൾ മലബാറിലെ ഹിന്ദു-മുസ്ലിം ഐക്യത്തിന്റെ പ്രതീകങ്ങളായി മാറുകയായിരുന്നു. 1921-ലെ മലബാർ കലാപത്തിന് ദീർഘകാലമായി പരിഹരിക്കപ്പെടാത്ത നിരവധി കാരണങ്ങളാണ് ഉണ്ടായിരുന്നത്. അവ താഴെ ചേർക്കുന്നു.

അവ:


- മുസ്ലിം കുടിയാന്മാരിൽ പടർന്നു പിടിച്ചിരുന്ന അസംതൃപ്തി.
- ഉയർന്ന രീതിയിലുള്ള പാട്ടവർധന.

- ഖിലാഫത്ത് നേതാക്കന്മാരെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്തത്.
- മാപ്പിളമാരുടെ മതചിഹ്നങ്ങളും തൊപ്പികളും നിർബന്ധമായി ഒഴിവാക്കിയത്.
- ഖിലാഫത്ത് കൊടികൾ വ്യാപകമായി നശിപ്പിക്കപ്പെട്ടത്.

## തിരൂരങ്ങാടി കലാപം




മലബാർ കലാപം നടന്ന സ്ഥലങ്ങൾ



ഭൂപടത്തിൽ മലബാർകലാപം നടന്ന പ്രധാനപ്പെട്ട പ്രദേശങ്ങൾ അടയാളപ്പെടുത്തുക.


1921-ജൂൺ 8-ന് മുസ്ലിം മതപണ്ഡിതനും തിരൂരങ്ങാടിയിലെ ഖിലാഫത്ത് നേതാവുമായ അലി മുസ്ലിയാർ തിരൂരങ്ങാടിയിലെ കിഴക്കെ പള്ളിയിൽ നിന്നു തിരൂരങ്ങാടിയിലെ സർക്കാർ പബ്ലിക് ഓഫീസിലേക്ക് നടത്തിയ ഒരു വളണ്ടിയർ മാർച്ചാണ് കലാപത്തിന് കാരണമായത്. 1894-ൽ കലാപത്തിൽ കൊല്ലപ്പെട്ടവരുടെ മൃതശരീരം അടക്കം ചെയ്യപ്പെട്ട പബ്ലിക് ഓഫീസ് കോമ്പൗണ്ടിലേക്കാണ് അലി മുസ്ലിയാർ മാർച്ച് സംഘടിപ്പിച്ചത്. ഈ മാർച്ചിൽ ബ്രിട്ടീഷ് പോലീസും മാർച്ചിൽ പങ്കെടുത്തവരും ഏറ്റുമുട്ടി. ജില്ലാ പോലീസ് സുപ്രണ്ടായ ഹിച്ച്കോക്കിന്റെ അഭിപ്രായത്തിൽ മനഃപൂർവമുള്ള ഈ മാർച്ചാണ് കലാപത്തിലേക്കു നയിച്ച പ്രധാനകാരണം.

## പൂക്കോട്ടൂർ യുദ്ധം

1921- ജൂലൈ മാസത്തിൽ മാപ്പിള കുടിയാൻഗ്രാമമായ പൂക്കോട്ടൂരിൽ നടന്ന കലാപമാണ് പൂക്കോട്ടൂർ യുദ്ധം എന്നറിയപ്പെടുന്നത്. പൂക്കോട്ടൂർ ഗ്രാമത്തിലെ 80 ശതമാനത്തിൽ കൂടുതൽ വരുന്ന കൃഷിഭൂമി നിലമ്പൂർ കോവിലകത്തെ തച്ചിറക്കാവിൽ ചിന്നാമുണ്ണി തിരുമുൽപ്പാട് എന്ന


ഏക ജൻമിയുടെ അധീനതയിലായിരുന്നു. കോവിലകത്തെ ജോലിക്കാരനായ വടക്കേ വീട്ടിൽ മുഹമ്മദ് പൂക്കോട്ടൂരിലെ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറി ആയിരുന്നു. തിരുമുൽപ്പാടിന്റെ പേരിൽ ലൈസൻസുള്ള ഒരു തോക്ക് മുഹമ്മദ് മോഷ്ടിച്ചു എന്ന ഒരു കള്ളക്കേസ് വടക്കേ വീട്ടിൽ മുഹമ്മദിന്റെ മേൽ ചാർത്തുകയും സ്ഥലം സബ് ഇൻസ്പെക്ടർ നാരായണമേനോന്റെ നേതൃത്വത്തിൽ മുഹമ്മദിന്റെ വീട് റെയ്ഡ് ചെയ്യുകയും ചെയ്തു. എന്നാൽ വീട്ടിൽ നിന്നു തോക്കുകൾ കണ്ടെത്താൻ സാധിച്ചില്ല മുഹമ്മദിനെ അറസ്റ്റ് ചെയ്യാനുള്ള പോലീസിന്റെ ആസൂത്രിതശ്രമം പ്രാദേശിക മുസ്‌ലിങ്ങളെ പ്രകോപിതരാക്കി. പോലീസ് നടത്തിയ ഗൃഹപരിശോധനയ്ക്കു ശേഷം വടക്കേവീട്ടിൽ മുഹമ്മദ് ഒരുസംഘം ഖിലാഫത്ത് അനുയായികളുമായി നിലമ്പൂർ കോവിലകത്ത് എത്തി. അവർ മുഹമ്മദിന് ലഭിക്കാനുള്ള ശമ്പള കുടിശ്ശിക ഉടൻ നൽകണമെന്ന് ആവശ്യപ്പെട്ടു. തിരുമുൽപ്പാടിന്റെ പരാതി പ്രകാരം സ്ഥലം പോലീസ് ഓഫീസർ വീണ്ടും പൂക്കോട്ടൂർ എത്തി. ഈ വാർത്തയറിഞ്ഞ് തിരൂരങ്ങാടി, നെല്ലിക്കുത്ത്, പൊൻമള എന്നീ പ്രദേശങ്ങളിൽ നിന്നു സംഘടിച്ചെത്തിയ ഒരുകൂട്ടം മാപ്പിളമാർ കോവിലകത്തിനു സമീപം തടിച്ചു കൂടി. ജനക്കൂട്ടം മുഹമ്മദിന്റെ ഗൃഹം പരിശോധിക്കാനുള്ള പോലീസ് ശ്രമം വിഫലമാക്കുകയും കോവിലകം ആക്രമിക്കുകയും ചെയ്തു.

ജില്ലാ കളക്ടർ ഇ.എഫ്. തോമസ് കൂടുതൽ സേനയെ ആവശ്യപ്പെട്ടുകൊണ്ട് മദ്രാസിലേക്ക് കത്തെഴുതി. കൂടുതൽ സേനയെ അയയ്ക്കാനും പെട്ടെന്ന് നടപടി എടുക്കാനും ആവശ്യപ്പെട്ടുകൊണ്ടുള്ള അപായ സന്ദേശമാണ് കളക്ടർ മദ്രാസിലേക്ക് അയച്ചത്. 1921 ആഗസ്റ്റ് 16-ന് മദ്രാസ് ഗവൺമെന്റ് കളക്ടറുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും തിരൂരങ്ങാടിയിൽ കൂടുതൽ സൈന്യത്തെ നിലനിർത്താനും ശക്തമായ റെയ്ഡുകൾ നടത്താനും ആവശ്യപ്പെട്ടു. അതിന്റെ ഫലമായി അലി മുസ്ലിയാർ ഉൾപ്പെടെ തിരൂരങ്ങാടിയിലെ 17-ഓളം പേരെ 1854-ലെ മാപ്പിളക്കലാപ നിരോധന നിയമപ്രകാരം അറസ്റ്റ് ചെയ്യുവാൻ കളക്ടർ ഇ.എഫ്. തോമസ് വാറന്റ് പുറപ്പെടുവിച്ചു. സായുധ സൈന്യത്തിന്റെ വലിയ രീതിയിലുള്ള ഇടപെടലിനെതിരെ ഖിലാഫത്ത് നേതാക്കൻമാർ ജനങ്ങളോട് ശാന്തരാവാൻ ആവശ്യപ്പെട്ടു. അതേസമയം തിരൂരങ്ങാടി പള്ളിയും മമ്പുറം ജാറവും ബ്രിട്ടീഷ് സൈന്യം ആക്രമിച്ചു എന്ന വാർത്ത പടരുകയും മുസ്‌ലിങ്ങൾ


ആലിമുസ്‌ലിയാർ

കൂട്ടത്തോടെ തിരൂരങ്ങാടി ലക്ഷ്യമാക്കി നീങ്ങുകയും ചെയ്തു. 1921 ആഗസ്റ്റ് 20-ന് സൈന്യം തിരൂരങ്ങാടി പള്ളി വളയുകയും മൂന്നു പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. അലി മുസ്‌ലിയാർ അറസ്റ്റ് ചെയ്യപ്പെട്ട മൂന്നു പേരെ മോചിപ്പിക്കാൻവേണ്ടി പോലീസ് സ്റ്റേഷനിലേക്ക് പോയി. പോലീസ്സ്റ്റേഷൻ വരെ ജനക്കൂട്ടം അലി മുസ്‌ലിയാരെ പിന്തുടർന്നു. പോലീസ് മേലധികാരി റൗളെ കളക്ടർ തോമസ് എത്തുന്നതുവരെ സമാധാനമായി ഇരിക്കാൻ ജനങ്ങളോട് ആവശ്യപ്പെട്ടു. റൗളെയെ വിശ്വസിച്ച് നിലയുറപ്പിച്ച ജനക്കൂട്ടത്തെ പെട്ടെന്ന് വെടിവെക്കാൻ റൗളെ ഉത്തരവിട്ടു. നിരായുധരായ ജനക്കൂട്ടം പോലീസിനെ ആക്രമിച്ചു. റൗളെ ഉൾപ്പെടെ ആറ് പേർ ഈ കലാപത്തിൽ കൊല്ലപ്പെട്ടു. 17-ഓളം മാപ്പിളമാർക്ക് ഈ സംഭവത്തിൽ ജീവൻ നഷ്ടപ്പെട്ടു. പ്രകോപിതരല്ലാത്ത നിരായുധരായ ജനങ്ങൾക്കിടയിലേക്ക് നിറയൊഴിച്ചതാണ് 1921-ലെ കലാപത്തിന് തുടക്കമിട്ടത്. ആഗസ്റ്റ് 22, 23 തിയ്യതികളോടെ തെക്കെ മലബാർ മുഴുവൻ കലാപത്തിന്റെ പിടിയിലായി. തെക്കെ മലബാറിലെ പല ഭാഗങ്ങളിലും ഖിലാഫത്ത് പ്രവർത്തകർ ബ്രിട്ടീഷ്ഭരണത്തിന്റെ അന്ത്യം കുറിച്ചതായും സ്വതന്ത്ര പ്രദേശങ്ങൾ രൂപികരിച്ചതായും പ്രഖ്യാപിച്ചു. കുമാര പുത്തൂരിലെ സീതിക്കോയ തങ്ങളും വാരിയം കുന്നത്ത് കുഞ്ഞഹമ്മദ്ഹാജിയും പ്രാദേശിക ഭരണാധികാരികളായി സ്വയം പ്രഖ്യാപിച്ചു. ഖി

ലാഫത്ത് നേതാക്കൻമാരായ മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബ്, വി. ഗോപാലമേനോൻ, കെ.പി.കേശവമേനോൻ, ഇ.മൊയ്തു മൗലവി തുടങ്ങിയവർ സമരരംഗത്തുള്ള മാപ്പിളമാരോട് ആയുധം ഉപേക്ഷിച്ചു കൊണ്ട് പരിഹാരമാർഗങ്ങൾ തേടാൻ ഉപദേശിച്ചു. അലി മുസ്‌ലിയാരാകട്ടെ ഖിലാഫത്ത് നേതാക്കൻമാർ മുന്നോട്ടു വച്ച പരിഹാരമാർഗങ്ങൾ അംഗീകരിക്കാൻ തയ്യാറായി. എന്നാൽ അദ്ദേഹത്തിന്റെ അനുയായികൾ മരണംവരെ പൊരുതാനാണ് തീരുമാനിച്ചത്. ഫെബ്രുവരി 26-ന് സൈന്യം പൂക്കോട്ടൂർ എത്തുകയും ജുമാനമസ്ക്കാരത്തിനുശേഷം പള്ളിയിൽ നിന്നു പുറത്തിറങ്ങിയ ജനക്കൂട്ടത്തിനു നേരെ നിർദാക്ഷിണ്യം നിറയൊഴിക്കുകയും ചെയ്തു. 250-ഓളം ആളുകൾ തൽക്ഷണം കൊല്ലപ്പെട്ടു. അടുത്ത ദിവസം ഒരു വലിയ സൈന്യം തിരൂരങ്ങാടി ജുമാ മസ്ജിദ് വളയുകയും പള്ളിക്ക് ചുറ്റും കിടങ്ങുകൾ നിർമിക്കുകയും ചെയ്തു തുടർന്ന് പള്ളിയിലേക്ക് വെടിയുതിർത്തു. അലി മുസ്ലിയാർ ഉൾപ്പെടെ 14-ഓളം ഖിലാഫത്ത് ഭടൻമാർ പള്ളിയിൽ കുടുങ്ങി. തുടർന്ന് നടന്ന വെടിവെപ്പിൽ 22 പേർക്ക് ജീവഹാനി സംഭവിച്ചു. പള്ളി നശിപ്പിക്കപ്പെടാതിരിക്കാൻ വേണ്ടി അലി മുസ്ലിയാരും 37 പേരും സൈന്യത്തിനു മുന്നിൽ കീഴടങ്ങി. പ്രത്യേക കോടതി വധശിക്ഷയ്ക്ക് വിധിച്ചെങ്കിലും 1922 ഫെബ്രുവരി 17-ന് കോയമ്പത്തൂർ ജയിലിൽ വെച്ച് അലി മുസ്‌ലിയാർ മരണമടഞ്ഞു



മാപ്പിളക്കലാപവുമായി ബന്ധപ്പെട്ട പ്രധാന വർഷങ്ങൾ, നേതാക്കൻമാർ, കലാപപ്രദേശങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു ചാർട്ട് തയ്യാറാക്കുക


## വാഗൺ ദുരന്തം

1922 നവംബർ 19-ന് സംഭവിച്ച വാഗൺ ദുരന്തം മലബാർ കലാപഘട്ടത്തിലെ ഏറ്റവും ദാരുണമായ സംഭവമാണ്. കലാപത്തിൽ പിടിക്കപ്പെട്ട എഴുപതോളം വരുന്ന തടവുകാരെ ഒരു ചരക്കു വണ്ടിയിൽ കയറ്റി തിരൂരിൽ നിന്നു ബല്ലാരി ജയിലിലേക്ക് കൊണ്ടുപോയി. യാത്രാമധ്യേ ചരക്കു വണ്ടിയുടെ വാതിൽ തുറന്ന് നോക്കിയപ്പോൾ കണ്ടകാഴ്ച അതിഭയാനകമായിരുന്നു. തടവുകാരിൽ 61-ഓളം പേർ ശുദ്ധവായു ലഭിക്കാതെ ഭീകരമായ രീതിൽ കൊല്ലപ്പെട്ടിരുന്നു. ഈ സംഭവം വാഗൺ ട്രാജഡി എന്ന പേരിലാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്.

## കലാപത്തിന്റെ അനന്തര ഫലങ്ങൾ

കലാപാനന്തരം മുസ്ലിങ്ങളുടെ അവസ്ഥ പരിതാപകരമായിരുന്നു. കലാപ പ്രദേശങ്ങളിലെ മുസ്ലിം സ്ത്രീകളും കുട്ടികളുമുൾപ്പെടെ അടുത്ത പ്രദേശങ്ങളിലേക്കു കുടിയേറാൻ നിർബന്ധിതരായി ഇത്തരം കുടിയേറ്റങ്ങളാകട്ടെ പ്രവേശന പാസുകളാൽ നിരോധിക്കപ്പെടുകയും ചെയ്തു. ആത്മരക്ഷാർഥം ജൻമനാട്ടിൽ നിന്നു രക്ഷപ്പെടാൻ ഒരാൾക്കും കഴിഞ്ഞില്ല. മാത്രമല്ല, ഈ ജനവിഭാഗം എപ്പോഴും പോലിസ് നിരീക്ഷണത്തിലുമായിരുന്നു. ദേശീയ പ്രസ്ഥാനത്തിനും ഖിലാഫത്ത് പ്രസ്ഥാനത്തിനും കുടിയായ്മ പ്രശ്നങ്ങൾക്കും വലിയ തിരിച്ചടിയാണ് കലാപം നൽകിയത്.

1921-ലെ കലാപം ഉണ്ടാക്കിയ തിക്താനുഭവങ്ങൾ മലബാറിലെ മുസ്ലിങ്ങൾക്കിടയിൽ സ്വത്വപ്രതിസന്ധി രൂപപ്പെടാൻ കാരണമായി. ഈ സ്വത്വപ്രതിസന്ധിയാണ് കോൺഗ്രസ്സിനകത്ത് പ്രവർത്തിച്ചു വന്നിരുന്ന മുസ്ലിം ജനസാമാന്യത്തെ അഖിലേന്ത്യ മുസ്ലിംലീഗുമായി സഹകരിച്ച് പ്രവർത്തിക്കാൻ ഇടയാക്കിയത്. എല്ലാറ്റിനുമുപരി 1930-ലെ കുടിയായ്മപരിഷ്ക്കരണ നിയമത്തിന്റെ ഗുണം മലബാറിലെ കുടിയാൻമാർക്ക് ലഭിക്കാതെ പോയതും ഇതുകൊണ്ടാണ്.




മാപ്പിളകലാപത്തിൽ പിടിക്കപ്പെട്ടവർ കോഴിക്കോട് കോടതിയിൽ

**മനുഷ്യസഹനം**

മനുഷ്യസഹനത്തിന്റെ കാഠിന്യം കലാപത്തെ അതിജീവിച്ച സി.പി മുഹമ്മദ്ഹാജി കലാപത്തിൽ മരണപ്പെടാതെ അവശേഷിച്ച വ്യക്തി ഇങ്ങനെ സംഗ്രഹിക്കുന്നു :

കുടുംബത്തിലെ എല്ലാ പുരുഷന്മാരും അറസ്റ്റ് ചെയ്യപ്പെട്ടു. കുറഞ്ഞ സമ്പാദ്യം കൊണ്ട് ഞങ്ങൾ ജീവിക്കാൻ പ്രയാസപ്പെട്ടു. പാടത്തുനിന്ന് ഞങ്ങൾക്കു ലഭിച്ചിരുന്ന കുറഞ്ഞ സമ്പാദ്യം കൊണ്ട് ജീവിക്കാൻ കഴിഞ്ഞിരുന്നെങ്കിലും എത്ര കുട്ടികൾക്കാണ് പിതൃസ്നേഹശൂന്യതയിൽ വളരേണ്ടി വന്നത്, എത്രയധികം ദൗർഭാഗ്യവതികളായ വിധവകളാണ്, നിസ്സഹായരായ രക്ഷിതാക്കളാണ് അവസാനമില്ലാത്ത ദുരിതക്കയത്തിലേക്ക് എടുത്തെറിയപ്പെട്ടത്, എത്ര ഗൃഹനാഥരാണ് തീരാപ്പട്ടിണിയിലേക്ക് എടുത്തെറിയപ്പെട്ടത്

കോൺട്രാഡ് വുഡ് : മാപ്പിളക്കലാപവും അതിന്റെ ഉത്ഭവവും



1921-ലെ കലാപത്തെക്കുറിച്ച് ഒരു സെമിനാർ കുറിപ്പ് തയ്യാറാക്കുക

### ആദ്യകാല മുസ്ലിം നേതാക്കൻമാരും പരിഷ്കർത്താക്കളും

## ശൈഖ് സൈനുദ്ദീൻ (1467-1521)

മഖ്ദും കുടുംബത്തിന്റെ വരവോടെയാണ് പൊന്നാനി മുസ്ലിം മതപഠനകേന്ദ്രമായിമാറുകയും ചെറിയ മക്ക എന്ന പേരിലറിയപ്പെടുകയും ചെയ്തത്. മഖ്ദും എന്ന പദം യമനിൽ നിന്നു തമിഴ്നാട്ടിലേക്ക് കുടിയേറിയ ഒരു അറബ് ഗോത്രത്തിന്റെ പേരിൽ നിന്നുണ്ടായതാണ്. അവർ കുടിയേറിയ തമിഴ്നാട്ടിലെ പ്രദേശമാണ് മാഅബർ എന്ന പേരിലറിയപ്പെട്ടത്. അലിബിൻ മഅ്ബാരി

എന്ന പേരിൽ അറിയപ്പെട്ട ഒരു മഖ്ദൂം കുടുംബം കൊച്ചിയിലേക്ക് കുടിയേറി പാർത്തു. അലിയുടെ മകനായ സൈനുദ്ദീൻ മഖ്ദൂം തന്റെ അമ്മാവനൊപ്പം പിൽക്കാലത്ത് പൊന്നാനിയിലേക്ക് കുടിയേറി. മത ശാസ്ത്രത്തിൽ നിരവധി ഗ്രന്ഥങ്ങളാണ് സൈനുദ്ദീൻ മഖ്ദൂം രചിച്ചത്. തഹ്‌രിദ് അനഹ്‌ലിൻ ഈമാൻ അലാ ജിഹാദി അബാദത്തി സുൽബാൻ എന്ന അദ്ദേഹത്തിന്റെ കവിത മലബാറിലെ പോർച്ചുഗീസുകാരുടെ വരവും മുസ്ലിങ്ങൾക്കെതിരെ അവർ നടത്തിയ മതപീഡനവും വിശദീകരിക്കുന്നു. 1521-ൽ അന്തരിച്ച ശൈഖ് സൈനുദ്ദീൻ ഒന്നാമനെ അടക്കം ചെയ്തിരിക്കുന്നത് പൊന്നാനി ഖബർസ്ഥാനിലാണ്.

## ശൈഖ് സൈനുദ്ദീൻ ജൂനിയർ

ശൈഖ്സൈനുദ്ദീൻ ഒന്നാമന്റെ പുത്രനും അറിപ്പെടുന്ന പണ്ഡിതനും ചരിത്രകാരനുമാണ് ശൈഖ് സൈനുദ്ദീൻ ജൂനിയർ അദ്ദേഹമാണ് 'തുഹ്ഫത്തുൽ മുജാഹിദ്ദീൻ' (യോദ്ധാക്കളുടെ സംഭാവന) എന്ന കൃതി രചിച്ചത്. അറബിഭാഷയിൽ രചിക്കപ്പെട്ട ഈ ഗ്രന്ഥമാണ് കേരള മുസ്‌ലിങ്ങളുടെ ആദ്യകാലചരിത്രമായി കണക്കാക്കുന്നത്. യൂറോപ്യൻ കൊളോണിയൽ ചരിത്രത്തിന്റെ ഉപാദനമായ ഈ ഗ്രന്ഥം പോർച്ചുഗീസുകാരുടെ ഇടപെടലും അതിനെതിരെ മാപ്പിളമാർ നടത്തിയ പ്രതിരോധപോരാട്ടങ്ങളെയും ആശയപരമായി നിർവചിക്കാൻ ശ്രമിക്കുന്നു. പോർച്ചുഗീസുകാർക്കെതിരെയുള്ള പോരാട്ടത്തിന് വിശ്വാസികളെ സജ്ജരാക്കുകയാണ് ഈ കൃതിയുടെ ലക്ഷ്യം. ശൈഖ് സൈനുദ്ദീൻ ജൂനിയർ രചിച്ച മറ്റൊരു ഗ്രന്ഥമാണ് ഫത്തുഉൽ മുഈൻ 1583-ൽ അന്തരിച്ച അദ്ദേഹത്തെ മാഹിക്കടുത്തുള്ള ചോമ്പാലിലാണ് സംസ്കരിച്ചത്.

## മമ്പുറം തങ്ങന്മാർ

മമ്പുറം തങ്ങന്മാരുടെ കുടുംബം 1775-ൽ അറേബ്യൻ ഉപഭൂഖണ്ഡത്തിലെ ഹദർമൗത്തിലെ തരിമിൽ നിന്നാണ് കേരളത്തിൽ കുടിയേറിയത്. ഇസ്‌ലാമിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി സയ്യിദ് ജിഫ്രി തങ്ങൾ കോഴിക്കോട്ടെത്തി. മലബാറിലെ രാജാവായ സാമൂതിരി അദ്ദേഹത്തെ സ്വാഗതം ചെയ്യുകയും കോഴിക്കോട്ട് കുറച്ച് ഭൂമി ദാനമായി നൽകുകയും ചെയ്തു. കുറച്ച് കാലത്തിനു ശേഷം സയ്യിദ് ജിഫ്രി തങ്ങളുടെ സഹോദരൻ സയ്യിദ് ഹസ്സൻ ജിഫ്രി കോഴിക്കോട്ടെത്തി. പിന്നീട് മലബാറിലെ പ്രശസ്തമായ മതവിദ്യാഭ്യാസ കേന്ദ്രമായ മമ്പുറത്തേക്ക് നീങ്ങി. കടലുണ്ടിപ്പുഴയുടെ വടക്കേതീരമായ മമ്പുറം തന്റെ മതപ്രബോധനപ്രസ്ഥാനത്തിന്റെ ആസ്ഥാനമാക്കി മാറ്റുകയായിരുന്നു തങ്ങൾ. ഈ കുടുംബം സംഭാവന ചെയ്ത പ്രശസ്ത നേതാക്കൻമാരാണ് സയ്യിദ് അലവി തങ്ങളും സയ്യിദ് ഫസൽ പൂക്കോയ തങ്ങളും

## സയ്യിദ് അലവി തങ്ങൾ (1749-1843)

സയ്യിദ് ഹസൻ ജിഫ്രി തങ്ങളുടെ മരുമകൻ ഹദർമൗത്തിൽ നിന്നു കോഴിക്കോട്ടെത്തിയ സയ്യിദ് അലവി തങ്ങൾ ഇസ്‌ലാമിക മതപ്രബോധനരംഗത്താണ് പ്രധാനമായും പ്രവർത്തിച്ചത്. ഏറനാട് വള്ളുവനാട് പ്രദേശങ്ങളിൽ നിരവധി പള്ളികൾ അദ്ദേഹം നിർമിച്ചു. ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ കോളനിവിരുദ്ധസമരത്തിൽ അദ്ദേഹത്തിന്റെ സജീവസാന്നിധ്യം ഉണ്ടായിരുന്നു.

ബ്രിട്ടീഷുകാർക്കെതിരെ സന്ധിയില്ലാസമരം ജിഹാദ് പ്രഖ്യാപിച്ചുകൊണ്ട് അറബിഭാഷയിൽ തയ്യാറാക്കി സയ്യിദ് അലവി തങ്ങൾ പ്രഖ്യാപിച്ച (മതവിധി) ഫത്‌വ യാണ് സൈഫുൽബതാർ. മുട്ടിയറ പള്ളിയിൽ പ്രാർഥനയിൽ മുഴുകിയിരുന്ന നിഷ്കളങ്കരായ മുസ്‌ലിങ്ങളോട് ബ്രിട്ടീഷുകാർ കാണിച്ച അകാരണമായ അതിക്രമങ്ങളാണ് ഈ ഫത്‌വയ്ക്ക് കാരണമായത് എന്നാണ് തങ്ങൾ പറയുന്നത്. മുസ്‌ലിം നേതാവായ അത്തൻകുരിക്കളുടെ മകന്റെ നേതൃത്വത്തിൽ നടന്ന മഞ്ചേരി കലാപത്തോടെയാണ് ബ്രിട്ടീഷ് സർക്കാർ അലവി തങ്ങളെ ആദ്യമായി സംശയിച്ചത്. സയ്യിദ് അലവി തങ്ങളുടെ

പ്രേരണയാൽ ധാരാളം മാപ്പിളമാർ ബ്രിട്ടീഷുകാർക്കെതിരെ സംഘടിച്ചു. ഇത് 1836-ലെ ഏറനാട് കലാപത്തിലും 1837-ലെ പരുതൻ കലാപത്തിലും വലിയ ജനപങ്കാളിത്തമുണ്ടാവാൻ കാരണമായി. 1843-ൽ നടന്ന ചേറൂർ കലാപത്തിൽ സജീവമായി പങ്കെടുത്ത അലവി തങ്ങൾ മാരകമായ പരിക്കേറ്റ് മരിച്ചു.

**ചേറൂർ കലാപം**

സയ്യിദ് അലവി തങ്ങൾ പങ്കെടുത്ത നിരവധി കലാപങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ചേറൂർകലാപം. തിരൂരങ്ങാടിയിലെ കപ്രാട്ട് കൃഷ്ണപണിക്കരുടെ വേലക്കാരായ ഈഴവയുവതികൾ ഇസ്ലാം സ്വീകരിക്കുകയും കുപ്പായമിടുകയും (ബ്ലൗസ് ധരിക്കൽ) ചെയ്തു. കോപാകുലനായ അധികാരി ബ്ലൗസ് ഒഴിവാക്കാൻ നിർബന്ധിച്ചു. തുടർന്ന് അധികാരിയെ കൊലപ്പെടുത്തിയ മാപ്പിളമാർ 1843-ൽ ഒക്ടോബറിൽ ബ്രിട്ടീഷ് സൈന്യത്തെ ആക്രമിച്ചു. നിരവധി സൈനികർ കൊല്ലപ്പെടുകയും സാരമായ പരിക്കേൽപ്പിക്കപ്പെടുകയും ചെയ്തു.

## സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ (1823-1901)

സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ സയ്യിദ് അലവി തങ്ങളുടെ മകനും വിഖ്യാത പണ്ഡിതനുമായിരുന്നു. ബ്രിട്ടീഷ് അധികാരികളുടെ അതിക്രമങ്ങൾക്കെതിരെ പോരാടാൻ മുസ്ലിം സമൂഹത്തെ സജ്ജമാക്കാൻ അദ്ദേഹം നിരന്തരം ശ്രമിച്ചു കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ സമരാഹ്വാനം പല അവസരങ്ങളിലും കലാപങ്ങൾക്കു കാരണമായിട്ടുണ്ട്.


അറബി ഭാഷയിൽ സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ പ്രസിദ്ധീകരിച്ച ലഘു ലേഖയാണ് ഉദ്ധത്തുൽ ഉമറ. അറേബ്യയിൽ പ്രസിദ്ധീകരിച്ച ഉദ്ധത്തുൽ ഉമറ മലബാറിലെ മഹല്ലുകളിൽ വിതരണം ചെയ്യുകയുണ്ടായി. മലബാർ കളക്ടറായ കനോലി ഈ ലഘു ലേഖ നിരോധിക്കുകയുണ്ടായി. മാപ്പിള സമൂഹത്തിൽ ഉണ്ടായിരുന്ന പല അനിസ് ലാമിക ആചാരങ്ങളെയും തങ്ങൾ വിമർശിച്ചു. 1852-ൽ സയ്യിദ് ഫസൽ പൂക്കോയ തങ്ങളെ അറേബ്യയിലേക്കു നാടുകടത്തി. 1901-ൽ അന്തരിച്ച തങ്ങളെ അടക്കം ചെയ്തത് തുർക്കിയിലാണ്. ഫസൽ പൂക്കോയ തങ്ങളുടെ തിരോധാനത്തിൽ പ്രകോപിതരായ മാപ്പിളമാർ കളക്ടർ കൊനോലിയെ കൊലപ്പെടുത്തി.

**ഫസൽ പൂക്കോയ തങ്ങൾ പങ്കെടുത്ത കലാപങ്ങൾ**

- 1849-ലെ മഞ്ചേരി കലാപം
- 1851-ലെ കുളത്തൂർ കലാപം
- 1852-ലെ മട്ടനൂർ കലാപം

## വെളിയങ്കോട് ഉമർ ഖാസി (1757-1852)

പൊന്നാനി താലൂക്കിലെ ഒരു പണ്ഡിത കുടുംബത്തിലാണ് ഉമർഖാസി ജനിച്ചത്. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ നികുതി നിഷേധ സമരം ആദ്യമായി പ്രഖ്യാപിച്ചത് ഉമർഖാസിയാണ്. അറബി ഭാഷയിലും മലയാളത്തിലും നിരവധി കവിതകൾ ഉമർഖാസി രചിച്ചിട്ടുണ്ട്. ''നഫീസ ദാറുൽ സല്ലാല്ലാഹു ബൈത്ത്'' അത്തരത്തിൽ ഒന്നാണ്. മത നേതാവ് എന്നതിലുപരി സാധാരണക്കാരുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടിരുന്നു. ഭൂവുടമകളുടെയും സർക്കാർ ഉദ്യോഗസ്ഥൻമാരുടെയും മർദകസമീപനത്തിൽ നിന്ന് അദ്ദേഹം ജനങ്ങളെ രക്ഷപ്പെടുത്തി. 95 വയസ് വരെ ജീവിച്ച അദ്ദേഹം 1852-ൽ വെളിയങ്കോട്ട് അന്തരിച്ചു.



മുസ്ലിംനേതാക്കൻമാരുടെകോളനി വിരുദ്ധ പ്രവർത്തനങ്ങൾ എന്ന വിഷയത്തിൽ അസൈൻമെന്റ് തയാറാക്കുക

## ആധുനിക വിദ്യാഭ്യാസവും മുസ്‌ലിം സമൂഹവും

പ്രാർത്ഥനയ്ക്കും മത ശാസ്ത്ര പഠനത്തിനും മാപ്പിളമാർ വളരെയധികം പ്രാധാന്യം കൊടുത്തു. പള്ളികൾ ഒരേ സമയം പ്രാർഥനയുടെയും മതപഠനത്തിന്റെയുംകേന്ദ്രങ്ങളായി. ക്രമേണ അഭ്യുദയകാംക്ഷികളായ പണ്ഡിതർ സംഘടനാ സംവിധാനങ്ങൾക്കു രൂപം നൽകുകയും വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ പ്രോത്സാഹനങ്ങൾ മാപ്പിളമാർക്കു തങ്ങളുടെ ബോധവും സാംസ്ക്കാരിക പാരമ്പര്യവും നിലനിർത്താനാകുന്ന വിധത്തിലായിരുന്നു. പാശ്ചാത്യവിദ്യാഭ്യാസം 19- ാം നൂറ്റാണ്ടിൽ തന്നെ പ്രചുരപ്രചാരം നേടിയെങ്കിലും തങ്ങളുടെ മുൻവിധികളാൽ മാപ്പിളമാർ അതിനോട് അനുകൂലമായി പ്രതികരിച്ചില്ല. പുരോഗമനചിന്താഗതി യുടെ അഭാവവും ആധുനിക വിദ്യാഭ്യാസത്തോട് പിന്തിരിഞ്ഞു നിന്നതും മുസ്‌ലിം സമുദായത്തെ മുഖ്യധാരയിൽ നിന്നു കാലങ്ങളോളം അകറ്റി നിർത്തി. അതുകൊണ്ട് തങ്ങളുടെ സഹോദര സമുദായങ്ങൾ വികസനത്തിന്റെ പാതയിലൂടെ സഞ്ചരിക്കുമ്പോൾ മുസ്‌ലിങ്ങൾക്ക് നിശ്ശബ്ദരായി നോക്കിനിൽക്കേണ്ടി വന്നു. മുസ്‌ലിം സമൂഹത്തിന്റെ പുരോഗമന പാതയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച വച്ച പണ്ഡിതൻമാരാണ് സനാഉള്ള മക്തി തങ്ങൾ, ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി, വക്കം അബ്ദുൽഖാദർ മൗലവി തുടങ്ങിയവർ. മറ്റു സമുദായങ്ങളോടൊപ്പം മുസ്ലിങ്ങളെ ഉയർത്തിക്കൊണ്ടു വരാൻ മേൽപ്പറഞ്ഞ പണ്ഡിതൻമാർക്ക് തങ്ങളുടെ ജീവിതത്തിലുടനീളം പ്രവർത്തിക്കേണ്ടി വന്നു. ഈ പ്രശസ്ത വ്യക്തിത്വങ്ങളാണ് ഇസ്‌ലാഹി പ്രസ്ഥാനത്തിനു തുടക്കം കുറിച്ചത് ഇസ്ലാഹി എന്ന പദം സൂചിപ്പിക്കുന്നത് ഇസ്ലാമിക ആചാരാനുഷ്ഠാനക്രമങ്ങളിലുള്ള പുനർനവീകരണമാണ് . ഈ പ്രക്രിയയുടെ പര്യായമാണ് തജ്ദീദ്. ഈ പ്രവണതയെ വിശദീകരിക്കാനാണ് കേരളത്തിൽ ഇസ്‌ലാഹി എന്ന പദം ഉപയോഗിക്കപ്പെട്ടത്. ഇസ്‌ലാഹി പ്രസ്ഥാനത്തിനു തുടക്കമിട്ടത് സനാഉള്ള മക്തി തങ്ങൾ, ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി, വക്കം അബ്ദുൽഖാദർ മൗലവി തുടങ്ങിയവരാണ്.

## സയ്യിദ് സനാഉള്ളാ മക്തി തങ്ങൾ (1847-1921)

മലയാള പഠനത്തെക്കുറിച്ചു ബോധവൽക്കരിക്കാൻ മുന്നോട്ടുവന്ന പണ്ഡിതനാണ് സനാഉള്ള മക്തി തങ്ങൾ. ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവിണ്യം നിമിത്തം വളരെ ചെറുപ്പത്തിൽ എക്സൈസ് ഇൻസ്പെക്ടറായി സർക്കാർ ഓഫീസിൽ ജോലിക്കു ചേർന്നു. മിഷണറിമാരുടെ തെറ്റായ പ്രചാരണത്തിൽ നിന്നു വിശ്വാസത്തെ രക്ഷിക്കാൻ മക്തി തങ്ങൾ തന്റെ ജോലി രാജി വെച്ചു. മുസ്ലിങ്ങളെ

മതേതര വിദ്യാഭ്യാസത്തിന്റെ പാതയിലേക്കു നയിക്കാൻ അദ്ദേഹം ശ്രമമാരംഭിച്ചു. മക്തി തങ്ങളുടെ സേവനം വിദ്യാഭ്യാസമേഖലയിൽ വളരെ പ്രസക്തമാണ് ബ്ലാക്ക് ബോർഡുകളുടെ ഉപയോഗം മദ്രസകളിൽ ആസൂത്രണം ചെയ്യപ്പെട്ട ക്ലാസ് റൂമുകൾ, അറബി ഭാഷാപഠനത്തിന്റെ പ്രഥമ ഗ്രന്ഥമായ തൈമുൽ ഇഖ്വാന്റെ പ്രകാശനം, അറബി മലയാളം ലിപികൾ വികസിക്കപ്പെടുന്നത് തുടങ്ങിയവ മതവിദ്യാഭ്യാസത്തിന്റെ ഉന്നതിക്ക് സനാഉള്ള മക്തി തങ്ങൾ നൽകിയ സംഭാവനകളാണ്. മതവിദ്യാഭ്യാസത്തോടൊപ്പം മതേതരവിദ്യാഭ്യാസവും നേടാൻ മുസ്ലിങ്ങളെ അദ്ദേഹം പ്രേരിപ്പിച്ചു. യാഥാസ്ഥിതികരായ പണ്ഡിതൻമാരുടെ എതിർപ്പ് മറികടന്നു കൊണ്ട് മതപഠനത്തോടൊപ്പം മലയാളം, ഇംഗ്ലീഷ് എന്നിവ പഠിക്കാൻ അദ്ദേഹം മുസ്ലിങ്ങളോട് ആഹ്വാനം ചെയ്തു.

**സനാഉള്ള മക്തി തങ്ങളുടെ പ്രധാന കൃതികളും പ്രസിദ്ധീകരണങ്ങളും**

- കഠോര കുഠാരം
- പാർക്കളിത പോർക്കളം
- നബിനയനം
- സത്യപ്രകാശം (ആഴ്ചപ്പതിപ്പ് ജേണൽ)
- നിത്യജീവൻ (മാസിക ജേണൽ)
- പരോപകാരി (മാസിക ജേണൽ)

## ചാലിലകത്ത് കുഞ്ഞഹമ്മദ്ഹാജി

മദ്രസാ പ്രസ്ഥാനത്തിന്റെ പിതാവെന്ന് അറിയപ്പെടുന്ന ചാലിലകത്ത് കുഞ്ഞഹമ്മദ്ഹാജി ആധുനികകേരളത്തിലെ അറിയപ്പെടുന്ന മതപണ്ഡിതനാണ്. എണ്ണമറ്റ പരിഷ്കരണങ്ങളാണ് മദ്രസ്സകളിലൂടെ അദ്ദേഹം നടപ്പിലാക്കിയത്. അവയിൽ ചിലത് ഇവിടെ സൂചിപ്പിക്കുന്നു.

- ഗ്ലോബ്, അറ്റ്ലസ്, ഭൂപടം, ലൈബ്രറി റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ നടപ്പിലാക്കി.
- പാഠ്യരീതി പരിഷ്കരിച്ചു. മലയാളം, ഗണിതം എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി.
- നാല് ക്ലാസുകളിലായി കുട്ടികളെ ക്രമീകരിക്കുന്ന രീതി നടപ്പാക്കി.
- പാഠ്യപദ്ധതി നടപ്പാക്കി.
- ഓരോ ക്ലാസിലേക്കും വേണ്ട പാഠപുസ്തകങ്ങൾ തയ്യാറാക്കി.
- പത്രപാരായണം നടപ്പാക്കി.

തന്റെ മകളെ സ്കൂളിലേക്ക് അയച്ചുകൊണ്ട് ഭൂരിപക്ഷം മുസ്ലിം പണ്ഡിതൻമാരിൽ നിന്ന് വ്യത്യസ്തമായ പെൺകുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ തന്റേതായ നിലപാട് അദ്ദേഹം സ്വീകരിച്ചു.

## ശൈഖ് ഹമദാനി തങ്ങൾ

എറണാകുളത്തിനടുത്തുള്ള വടുതലയിലാണ് ഹമദാനി തങ്ങൾ ജനിച്ചത്. വെല്ലൂരിൽ നിന്നു മതപഠനം പൂർത്തിയാക്കിയ അദ്ദേഹം മുസ്ലിങ്ങളിലെ വിദ്യാഭ്യാസ പുരോഗതിക്കായി ഒരു മുസ്ലിം കോൺഫറൻസ് രൂപീകരിച്ചു. തിരുവിതാംകൂർ സർക്കാർ അദ്ദേഹത്തെ ശ്രീമൂലം പ്രജാസഭയിലേക്കു നാമനിർദേശം ചെയ്തു. സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് തന്റെ സമുദാ

യത്തിന്റെ വിദ്യാഭ്യാസപുരോഗതിക്ക് തങ്ങൾ അഹോരാത്രം പ്രയത്നിച്ചു. അലിഗർ മുസ്ലിം സർവ്വകലാശാലയുടെ മാതൃകയിൽ ആലുവയിൽ ഒരു വിദ്യാഭ്യാസകേന്ദ്രം പടുത്തുയർത്താൻ ദിവാൻ പി.രാജഗോപാലാചാരി അദ്ദേഹത്തിന് ആലുവയിൽ 7 ഏക്കർ ഭൂമി സംഭാവന ചെയ്തിരുന്നു. എന്നാൽ ഈ പദ്ധതി പൂർത്തിയാക്കാനാവാതെ 1922 ൽ വടുതലയിൽ വെച്ച് തങ്ങൾ അന്തരിച്ചു.

## വക്കം അബ്ദുൽ ഖാദർ മൗലവി (1873 – 1932)

വക്കം അബ്ദുൽ ഖാദർ മൗലവി കേരള മുസ്ലിം നവോത്ഥാനത്തിന്റെ വഴികാട്ടി എന്നാണറിയപ്പെടുന്നത്. ഔപചാരിക വിദ്യാഭ്യാസത്തിനുശേഷം വിവിധ സംഘടനകൾ രൂപീകരിച്ചുകൊണ്ട് തന്റെ പ്രവർത്തനത്തിലൂടെ സമുദായത്തെ നവീകരിക്കുക എന്ന ലക്ഷ്യത്തോടെ കഠിനപ്രയത്നത്തിൽ അദ്ദേഹം ഏർപ്പെട്ടു. നിലക്കാമുക്കിലെ ഇസ്‌ലാം ധർമപരിപാലന സംഘം, ഹിദായത്തുൽ ഇസ്ലാം സംഘം, ചിറയിൻകീഴ് താലൂക്ക് സമാജം, കൊടുങ്ങല്ലൂരിലെ മുസിലിം ഐക്യസംഘം തുടങ്ങിയ സംഘടനകൾ അദ്ദേഹത്തിന്റെ പ്രവർത്തന ഫലമായി രൂപീകരിക്കപ്പെട്ടവയാണ്.

വക്കം മൗലവി തുടങ്ങിവെച്ച നവോത്ഥാനപ്രവർത്തനങ്ങൾ വലിയ വിഭാഗം ജനങ്ങളെ ആകർഷിച്ചു. ആധുനികവിദ്യാഭ്യാസ പ്രചാരണത്തിനുവേണ്ടി നിലകൊണ്ട വക്കം അബ്ദുൽ ഖാദർ മൗലവി യഥാർഥ ഇസ്ലാമികതത്വങ്ങളും ആചാരങ്ങളും പുനഃസ്ഥാപിക്കാനുള്ള ശ്രമം തുടങ്ങി. അദ്ദേഹത്തിന്റെ ശ്രമഫലമായി ഒരു ഹയർ എലിമെന്ററി സ്കൂൾ ആലപ്പുഴയിൽ ആരംഭിക്കുകയും ഒരു അറബി അധ്യാപകനെ അവിടെ നിയമിക്കുകയും ചെയ്തു. അതിന്റെ പരിണതഫലമെന്നോണം വിദ്യാഭ്യാസം പ്രചരിപ്പിക്കപ്പെടുകയും മുസ്ലിം യുവാക്കൾ കോളേജിൽ ചേർന്ന് പഠിക്കുകയും ചെയ്തു.

തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി മൗലവി ധാരാളം പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കി. അവയിൽ ചിലത് ഇവയാണ്:

- ദ മുസ്ലീം, ദീപിക, സ്വദേശാഭിമാനി (മലയാളം)
- അൽ ഇസ്ലാം (അറബി മലയാളം)


വക്കം അബ്ദുൾ ഖാദർ മൗലവിയുടെ പത്രങ്ങളും എഴുത്തുകളും മുസ്ലിം സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിയിൽ പ്രത്യേകിച്ച്, മതതത്വങ്ങളെക്കുറിച്ചുള്ള പഠനത്തിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ഇത് സമൂഹത്തിൽ അവരുടെ ഉന്നമനത്തിനുകാരണമായി. പത്രങ്ങളായ അൽ ഇസ്ലാം, ദ മുസ്ലിം എന്നിവ മുസ്ലിം വിദ്യാഭ്യാസ വ്യാപനത്തിന് വലിയ സംഭാവനയാണ് നൽകിയത്. തന്റെ പ്രസിദ്ധീകരണങ്ങളിലൂടെ മുഹമ്മദ് അബ്ദു, റഷീദ് റിദ തുടങ്ങിയ മുസ്ലിം ബുദ്ധിജീവികളുടെ ചിന്തകൾ മലയാളികൾക്കു പരിചയപ്പെടാൻ കഴിഞ്ഞു. തന്റെ ജീവിതത്തിന്റെ അവസാനവർഷത്തിൽ മൗലവി ആരംഭിച്ച മാസികയാണ് ദീപിക. ഈ പുതിയ മാസിക വായനക്കാരെ ഉദ്ബുദ്ധരാക്കുകയും പുതിയ ആശയങ്ങളുടെ ലോകത്തേക്ക് അവരെ നയിക്കുകയും ചെയ്തു. ഇത് സമുദായത്തിന്റെ സാംസ്കാരിക പുരോഗതിക്കു കാരണമായി. ഈ മാസികയിലൂടെയാണ് അദ്ദേഹം അമുസ്ലിങ്ങളെ ഇസ്ലാമിക തത്വങ്ങളും ആശയങ്ങളും പരിചയപ്പെടുത്തിയത്. 'സ്വദേശാഭിമാനി' പത്രത്തിന്റെ പത്രാധിപർ എന്ന പേരിലാണ് വക്കം അബ്ദുൾ ഖാദർ മൗലവി കേരളചരിത്രത്തിൽ പ്രശസ്തനാകുന്നത്.



സെമിനാർ : ആധുനിക വിദ്യാഭ്യാസത്തിൽ മുസ്‌ലിം പണ്ഡിതരുടെ പങ്ക്

## കേരള മുസ്‌ലിം ഐക്യസംഘം

മേൽപറഞ്ഞ മുസ്‌ലിം പണ്ഡിതൻമാരും അവരുടെ പ്രവർത്തനങ്ങളും 20-ാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിൽ വളർന്നുവന്നപ്പോൾ ആണ് കേരള മുസ്ലിം ഐക്യസംഘം രൂപീകൃതമായത്. കൊടുങ്ങല്ലൂരിലെ സമ്പന്ന മുസ്‌ലിം കുടുംബങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ രൂപീകൃതമായ ഒരു പ്രശ്നപരിഹാരസഭ എന്ന നിഷ്പക്ഷസംഘമാണ് പിന്നീട് കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ രൂപീകരണത്തിലേക്കു നയിച്ചത്. പിൽക്കാലത്ത് ഇതിന്റെ ശാഖകൾ മലബാറിലേക്കുകൂടി വ്യാപിക്കുകയായിരുന്നു. കേരള മുസ്‌ലിങ്ങൾക്കിടയിലെ ആദ്യത്തെ അഖിലകേരള സംഘടനകൂടിയാണിത്. സമുദായത്തെ മുഴുവൻ ഉന്നതിയിലെത്തിക്കാനും പരിഷ്കരണങ്ങളും ആധുനിക വിദ്യാഭ്യാസവും വ്യാപിപ്പിക്കാനും പ്രതിജ്ഞാബദ്ധമായ സംഘടന കേരള മുസ്‌ലിങ്ങളുടെ വഴികാട്ടി എന്നാണ് അറിയപ്പെടുന്നത്. കെ.എം. സീതിസാഹിബ് കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ സ്ഥാപകാംഗമായിരുന്നു. ദീർഘകാലം സമുദായത്തെ നയിച്ചതും സംഘടനാപരമായ അടിത്തറയും പ്രചോദനവും സമുദായത്തിന് നൽകിയതും ഈ സംഘടനയാണ്. രണ്ട് പത്രങ്ങൾ സംഘടന പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളഭാഷയിലെ 'മുസ്ലിം ഐക്യ'വും അറബിമലയാള ഭാഷയിലെ 'അൽ ഇർഷാദും' ആണ് അവ. സമൂഹത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരെയും അന്ധവിശ്വാസങ്ങൾക്കെതിരെയും ഈ പത്രങ്ങൾ ശക്തമായി നിലകൊണ്ടു. ഇസ്‌ലാമിലെ ആചാരങ്ങളെയും തത്വങ്ങളെയും പുനരുജ്ജീവിപ്പിച്ചു നടപ്പിൽ വരുത്തുന്ന പ്രക്രിയയാണ് 'തജ്ദീദ്' എന്നറിയപ്പെടുന്നത്. ചിലപ്പോഴൊക്കെ തജ്ദീദ് എന്ന പദം ഇസ്‌ലാഹി എന്ന പേരിലും അറിയപ്പെടാൻ തുടങ്ങി. ഇസ്‌ലാമിക പഠനത്തിൽ അവഗാഹം നേടിയ യുവാക്കൾ ഇസ്‌ലാമിക പുനരുദ്ധാരണത്തിന് നേതൃത്വം നൽകി. ഇങ്ങനെ ഇസ്‌ലാമിക പുനരുദ്ധാരണത്തിന് തുടക്കമിട്ടത് കെ.എം. മൗലവിയാണ്. ഈ പുനരുദ്ധാരണ പ്രക്രിയയുടെ ഭാഗമായി 'തൗഹീദ്' എന്ന തത്വത്തിന് പ്രാധാന്യം നൽകുകയും എല്ലാ വിധത്തിലുള്ള 'ബിദ്അത്തു'കളെയും (പുതിയ കണ്ടെത്തലുകൾ) നേർച്ച ചന്ദനക്കുടം തുടങ്ങിയവയെയും നിരാകരിക്കുകയും ചെയ്തു. അതുകൊണ്ടു തന്നെ ഈ പ്രസ്ഥാനം ഖുർആന്റെയും ഹദീസിന്റെയും മഹത്വത്തിലേക്ക് തിരിച്ചു പോകാനുള്ള ഒരാഹ്വാനമായും പരിഗണിക്കപ്പെടുന്നു.




**അസൈൻമെന്റ് : കേരള മുസ്ലിം ഐക്യസംഘത്തിന്റെ നേട്ടങ്ങൾ**

## മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് (1898 - 1945)

1898-ൽ കൊടുങ്ങല്ലൂരിലെ അഴീക്കോട് ജനിച്ച മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, പ്രശസ്ത സ്വാതന്ത്ര്യസമരസേനാനിയും കേരളമുസ്‌ലിം നവോത്ഥാനത്തിന്റെ വഴി കാട്ടിയുംകൂടിയാണ്. തന്റെ സ്കൂൾ വിദ്യാഭ്യാസം വാണിയമ്പാടിയിലും കോഴിക്കോട്ടുമാണ് അദ്ദേഹം പൂർത്തീകരിച്ചത്. മദ്രാസിലും അലിഗറിലും അദ്ദേഹം കോളേജ് പഠനം നടത്തിയിട്ടുണ്ട്. അലിഗർ സർവ്വകലാശാലാപഠന കാലഘട്ടത്തിൽ തന്റെ പഠനം പാതിവഴിയിലുപേക്ഷിച്ചുകൊണ്ടാണ് മലബാറിലെ നിസ്സഹകരണ പ്രസ്ഥാനത്തിലും ഖിലാഫത്ത് പ്രസ്ഥാനത്തിലും അദ്ദേഹം പങ്കെടുത്തത്.

1921-ലെ മലബാർ കലാപത്തിനു ശേഷം കലാപപ്രദേശങ്ങളിൽ ആശ്വാസനടപടികളുമായി പ്രവർത്തിച്ചുവരികയായിരുന്ന സാഹിബിനെ ബ്രിട്ടീഷ് അധികാരികൾ അറസ്റ്റ് ചെയ്യുകയും 1921

ഒക്ടോബറിൽ രണ്ട് വർഷത്തേക്ക് ജയിലിലടയ്ക്കുകയും ചെയ്തു. ഉപ്പ് നിയമം ലംഘിച്ചുകൊണ്ട് കോഴിക്കോട് കടപ്പുറത്ത് 1930-ൽ അദ്ദേഹം ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്തു. എല്ലായ്പ്പോഴും മുസ്ലിങ്ങളിലെ പരിഷ്കരണ വിഭാഗങ്ങളോടൊപ്പമായിരുന്നു മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് നിലകൊണ്ടത്.



മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്

1929-1939 കാലഘട്ടത്തിൽ കോഴിക്കോട്ടു നിന്ന് പ്രസിദ്ധീകരിച്ചിരുന്ന അൽ അമീൻ പത്രത്തിന്റെ എഡിറ്ററും പ്രസാധകനും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് ആയിരുന്നു. ദേശീയപ്രസ്ഥാനത്തെ ശക്തിപ്പെടുത്താനും മുസ്ലിങ്ങളിൽ ദേശീയബോധം ശക്തിപ്പെടുത്താനും വേണ്ടിയാണ് പത്രം നിലകൊണ്ടത്. കേരള പ്രദേശ് കോൺഗ്രസ് കമ്മറ്റി (കെ.പി.സി.സി) പ്രസിഡന്റും അഖിലേന്ത്യ കോൺഗ്രസ് കമ്മിറ്റി അംഗവുമായിരുന്ന അദ്ദേഹം, 1940-നും 1945-നും ഇടയിൽ ജയിൽവാസമനുഷ്ഠിച്ചിട്ടുണ്ട്. ജയിൽമോചിതനായി കോഴിക്കോട്ട് തിരിച്ചെത്തിയ സാഹിബ് കോൺഗ്രസ് പ്രവർത്തനത്തിൽ സജീവമാവുകയാണ് ചെയ്തത്. കൊടിയത്തൂരിൽ ഒരു പൊതുയോഗത്തിൽ പങ്കെടുത്ത് തിരിച്ചുവരുന്ന വഴിയിൽ ചേന്ദമംഗല്ലൂരിനടുത്തുള്ള പൊറ്റശ്ശേരിയിൽ വെച്ച് 1945 നവംബർ 23-ന് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് അന്തരിച്ചു. ഏറിയാട്ടുള്ള അബ്ദുറഹിമാൻ സാഹിബിന്റെ വീട് കേരള സർക്കാർ ഏറ്റെടുക്കുകയും നസറുൽ ഇസ്ലാം എന്ന പേരിൽ സംരക്ഷിച്ചു വരികയും ചെയ്യുന്നു.

## ഇ. മൊയ്തുമൗലവി

പൊന്നാനിയിലെ മാറഞ്ചേരിയിൽ മലയൻ കുളത്തേൽ മരക്കാർ മുസ്ല്യാർ കുടുംബത്തിൽ സ്വാതന്ത്ര്യസമരസേനാനിയും കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന്റെ വഴികാട്ടികളായ നേതാക്കളിൽ ഒരാളുമായ ഇ. മൊയ്തുമൗലവി 1890-ൽ ജനിച്ചു. കോടഞ്ചേരി ദർസിൽ നിന്നു പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം, ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ കീഴിൽ വാഴക്കാട് ദാറുൽ ഉലൂമിൽ ചേർന്ന പഠിച്ചുകൊണ്ടിരിക്കെ 1919-ൽ മൊയ്തു മൗലവി ഇന്ത്യൻദേശീയ പ്രസ്ഥാനത്തിൽ ചേർന്നു. കേരളത്തിലെ മുസ്ലിം ജനസാമാന്യത്തിനുവേണ്ടി പ്രവർത്തിക്കുകയും അവരെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമാക്കുകയും ചെയ്ത മൗലവി മജ്ലിസുൽ ഉലമയുടെ സ്ഥാപക സെക്രട്ടറികൂടിയാണ്. 1921-ൽ ഖിലാഫത്ത് സമരത്തിന്റെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ട മൗലവി കഠിനമായ ജയിൽശിക്ഷ അനുഭവിച്ചു. 1930-ലെ പയ്യന്നൂർ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ അദ്ദേഹം ഒമ്പത് മാസത്തെ ജയിൽ ശിക്ഷ അനുഭവിച്ചു. ക്വിറ്റ് ഇന്ത്യാസമരത്തിൽ പങ്കെടുത്ത ഇ. മൊയ്തുമൗലവിയെ ബ്രിട്ടീഷ് അധികാരികൾ മൂന്ന് വർഷത്തേക്ക് ജയിലിലടച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുശേഷം 1947-ൽ കോൺഗ്രസ് പാർട്ടി അധികാരത്തിൽ വന്നപ്പോഴാണ് അദ്ദേഹത്തെ മോചിപ്പിച്ചത്.

കെ.പി.സി.സി യുടെ പ്രവർത്തകസമിതി അംഗമായും എ.ഐ.സി.സി. അംഗമായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. 1938-ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്ക് അണ്ടത്തോട് ഫർക്കയിൽനിന്നു അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ പാർലമെന്റിൽ അംഗമായി അദ്ദേഹത്തെ നാമനിർദേശം ചെയ്യാൻ തയ്യാറായപ്പോൾ മൊയ്തുമൗലവി അത് നിരസിക്കുകയാണുണ്ടായത്. തുടർന്ന് രാഷ്ട്രീയത്തിൽ നിന്നു വിരമിച്ച മൗലവി സമുദായത്തിലെ വിദ്യാഭ്യാസ

സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. കോഴിക്കോട് നിന്ന് 1929-നും 1939-നും ഇടയിൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് ഇ.മൊയ്തുമൗലവിയുമൊന്നിച്ചാണ് അൽ അമീൻ പത്രം പ്രസിദ്ധീകരിച്ചത്. 1995 ൽ അദ്ദേഹം മരണമടഞ്ഞു. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി ഒരു സ്മാരകം കോഴിക്കോട്ട് നിർമിച്ചിട്ടുണ്ട്.



ഇ.മൊയ്തുമൗലവി

## വക്കം അബ്ദുൾ ഖാദർ : സ്വാതന്ത്ര്യസമര സേനാനി

വക്കം അബ്ദുൽ ഖാദറിന്റെ ജീവിതവും ദൗത്യവും ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ അപൂർവസംഭവങ്ങളുടെ ഉദാഹരണങ്ങളിൽ ഒന്നാണ്. ചെറുപ്പകാലത്തു തന്നെ തന്റെ ജീവിതം മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ത്യജിച്ച വ്യക്തിയാണദ്ദേഹം. തെക്കൻകേരളത്തിലെ ചിറയിൻകീഴ് താലൂക്കിൽ വക്കം എന്ന സ്ഥലത്ത് 1917 മെയ് 25-നാണ് വക്കം അബ്ദുൽഖാദറിന്റെ ജനനം. 10-ാം ക്ലാസിൽ തന്റെ വിദ്യാഭ്യാസം ഉപേക്ഷിച്ച അബ്ദുൽഖാദർ പ്രദേശ് കോൺഗ്രസ് പാർട്ടിയുടെ സജീവ പ്രവർത്തകനായി മാറി. സ്വാതന്ത്ര്യസമരത്തിൽ തിരുവിതാംകൂർ മേഖലയിൽ മുന്നണിപ്പടയാളിയായി നിലകൊണ്ടത് കോൺഗ്രസ് പാർട്ടിയായിരുന്നു. 22-ാമത്തെ വയസ്സിൽ രക്ഷിതാക്കൾ അദ്ദേഹത്തെ മലയയിലേക്ക് അയച്ചു. മലയയിൽ വെച്ച് ഖാദർ റാഷ് ബിഹാരി ബോസ് നയിക്കുന്ന ഇന്ത്യൻ ഇൻഡിപെൻഡന്റ് ലീഗിൽ ചേർന്നു പ്രവർത്തിക്കാൻ തീരുമാനിച്ചു. പിൽക്കാലത്ത് അദ്ദേഹം സുഭാഷ് ചന്ദ്രബോസിന്റെ ഐ.എൻ.എ. യിൽ ചേർന്നു. ഐ.എൻ.എ. ഭടൻമാർക്ക് പരിശീലനം നൽകുന്ന പെനാങ്ങിലെ സ്വരാജ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഖാദർ ചേർന്നു. കുശാഗ്ര ബുദ്ധിയും സാമർഥ്യവും യുദ്ധനിപുണതയും ചാരപ്രവർത്തനത്തിലുള്ള കഴിവും ഒത്തിണങ്ങിയ ഒരു ഐ.എൻ.എ. ഭടനായിരുന്നു ഖാദർ.



ഐ.എൻ.എ.യുടെ ഇന്ത്യയിലെ സൈന്യത്തെ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഖാദറിന്റെകൂടെ 21-ഓളം ഐ.എൻ.എ. ഭടൻമാരെ ഇന്ത്യയിലേക്ക് അയച്ചു. ഖാദറും ഐ.എൻ.എ. ഭടൻമാരും മലബാറിലെ തീരപ്രദേശമായ താനൂരിൽ ഒരു റബ്ബർബോട്ടിൽ വന്നിറങ്ങി.

ഖാദറെയും സംഘത്തെയും ബ്രിട്ടീഷ് പോലീസ് പിടികൂടി കോഴിക്കോട് ജയിലിലടച്ചു. ഐ.എൻ.എ.യുടെ രഹസ്യവിവരങ്ങൾ ലഭിക്കാൻവേണ്ടി ഖാദറിനെ ബ്രിട്ടീഷ് പോലീസ് ജയിലിൽ ക്രൂരപീഡനത്തിന് വിധേയനാക്കി. ചോദ്യം ചെയ്യാനായി അദ്ദേഹത്തെ മദ്രാസിലേക്കും അവിടുന്ന് ഡൽഹിയിലെ സൈനിക ആസ്ഥാനത്തേക്കും കൊണ്ടുപോയി. കഠിനമായ സമ്മർദത്തിന്റെ ഫലമായി വക്കം അബ്ദുൽഖാദറിന്റെ സഹപ്രവർത്തകനായ ബാലകൃഷ്ണൻ ഐ.എൻ.എ. രഹസ്യങ്ങൾ മുഴുവൻ അധികാരികളുടെ മുമ്പിൽ വെളിപ്പെടുത്തി. വിചാരണയ്ക്കായി ഇ.ഇ. മാക്കിന്റെ മുന്നിൽ ഹാജരാക്കപ്പെട്ട ഖാദറിനുമേൽ ചാരപ്രവർത്തനം, രാഷ്ട്രീയ ഗൂഢാലോചന എന്നീ കുറ്റങ്ങൾ ചാർത്തി വധശിക്ഷ വിധിച്ചു.

വാർത്തയറിഞ്ഞ ഖാദറിന്റെ പിതാവ് മറ്റൊരു സ്വാതന്ത്ര്യസമര സേനാനിയായ വക്കം മജീദുമൊന്നിച്ച് തന്റെ പ്രിയപുത്രനെ കാണാൻ ജയിലിലെത്തി. ധീരനായ മകനെ അവസാനമായി ഒരു നോക്കുകണ്ട ആ വന്ദ്യപിതാവ് വിങ്ങുന്ന ഹൃദയവുമായി ജയിലിൽനിന്നു തിരിച്ചുവന്നു. 1943 സെപ്തംബർ 10-നായിരുന്നു വധശിക്ഷ നടപ്പാക്കേണ്ടിയിരുന്നത്. തലേദിവസം (09.09.1943) ഖാദർ തന്റെ പിതാവിന് സുദീർഘമായ ഒരു കത്ത് എഴുതുകയുണ്ടായി. മരണത്തെ അഭിമുഖീകരിക്കുന്ന അദ്ദേഹത്തിന്റെ നിശ്ചയ ദാർഢ്യവും സ്വഭാവമഹിമയും അചഞ്ചലമായ ദൈവവിശ്വാസവും വെളിപ്പെടുത്തുന്നതായിരുന്നു ആ കത്ത്. 1943 സെപ്തംബർ 10 (റംസാൻ 7ന്) പുലർച്ചെ ബ്രിട്ടീഷ് സർക്കാർ അദ്ദേഹത്തിന്റെ വധശിക്ഷ നടപ്പാക്കി.

## മാപ്പിള സാഹിത്യം

മാപ്പിളമാർ കേരളസാഹിത്യത്തിന് നൽകിയ ഏറ്റവും പ്രധാനപ്പെട്ട സംഭാവനയാണ് മാപ്പിളസാഹിത്യം. ഇത് അറബി-മലയാളം സാഹിത്യം എന്നും അറിയപ്പെടുന്നു. ഈ സാഹിത്യം പ്രധാനമായും രചിക്കപ്പെട്ടിരിക്കുന്നത് അറബി-മലയാളം ലിപിയിൽ എഴുതിയ മലയാളവാക്കുകൾ കൊണ്ടാണ്. അറബിമലയാള സാഹിത്യം രൂപം കൊള്ളുന്നത് മതപഠനത്തിനുള്ള ഒരു മാധ്യമം എന്ന നിലയ്ക്കാണ്. അറബിമലയാള സാഹിത്യത്തിന്റെ ഉത്ഭവത്തെക്കുറിച്ച് നമുക്ക് കൃത്യമായ തെളിവുകൾ ഒന്നുംതന്നെയില്ല. ഏറ്റവും ആദ്യത്തെ അറബി മലയാളം കവിത രചിക്കപ്പെട്ടത് 1607-ൽ ആണ്.

32 അക്ഷരങ്ങളായിരുന്നു അറബി-മലയാളം ഭാഷയിൽ ഉണ്ടായിരുന്നത്. പല മലയാള അക്ഷരങ്ങൾക്കും കൃത്യമായ അറബി മലയാളം ലിപികൾ ഉണ്ടായിരുന്നില്ല. ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെയും സനാഉള്ള മക്തിതങ്ങളുടെയും വക്കം അബ്ദുൽ ഖാദർ മൗലവിയുടെയും ശ്രമഫലമായി ചില മാറ്റങ്ങൾ ഈ ഭാഷാശാഖയിൽ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഈ ഭാഷയിൽ 50 അക്ഷരങ്ങൾ ഉണ്ട്. മാപ്പിള സാഹിത്യത്തെ ഗദ്യ സാഹിത്യമെന്നും പദ്യസാഹിത്യമെന്നും രണ്ടായി തിരിക്കാം.

## അറബി മലയാളം ഗദ്യസാഹിത്യം

കോളനിവത്കരണത്തിനെതിരെയുള്ള മാപ്പിളപ്രതിരോധം കലാപങ്ങളുടെ രൂപത്തിൽ ശക്തിപ്പെട്ടതിന് പിന്നിൽ മാപ്പിളസാഹിത്യത്തിന് വലിയ പങ്കാണുള്ളത്. മാപ്പിള പ്രതിരോധം ഒരേസമയം ജന്മിമാർക്കും ബ്രിട്ടീഷ് സർക്കാറിനുമെതിരെയുള്ള ഒരു വിശുദ്ധയുദ്ധമായിരുന്നു. അവരുടെ മത ആശയങ്ങൾ സാഹചര്യം സങ്കീർണമാക്കിത്തീർക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചത്. മതപരവും

നിയമപരവുമായ കാര്യങ്ങൾക്കുപരിയായി ഭൂരിഭാഗം മാപ്പിളസാഹിത്യങ്ങളും ജിഹാദിനെ പ്രകീർത്തിച്ചുകൊണ്ടുള്ള പാട്ടുകളും കവിതകളുമായിരുന്നു. ഇവയെല്ലാംതന്നെ ഒന്നുകിൽ അറബിയിലോ അല്ലെങ്കിൽ അറബി മലയാളത്തിലോ ആണ് എഴുതപ്പെട്ടത്. ശൈഖ് സൈനുദ്ദീൻ ജൂനിയറിന്റെ കൃതികളായ 'തഹ്‌രീദി അഹ്‌ലിൽ ഇമാം', 'തുഹ്‌ഫത്തുൽ മുജാഹിദീൻ', ഖാസി മുഹമ്മദിന്റെ 'ഫത്തഹുൽ മുബിൻ', സയ്യിദ് അലവി തങ്ങളുടെ 'അസ്സൈഫുൽ ബത്താർ', ഫസൽ പൂക്കോയതങ്ങളുടെ 'ഉദ്ദത്തുൽ ഉമറ' എന്നിവ ഉദാഹരണങ്ങളാണ്. നിരവധി സംസ്കൃത ഗ്രന്ഥങ്ങൾ ഗദ്യരൂപത്തിൽ അറബി മലയാളത്തിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി. അഷ്ടാംഗഹൃദയം, അമരകോശം, മാപ്പിള രാമായണം എന്നിവ ഉദാഹരണങ്ങളാണ്.

## അറബിമലയാളം കവിത

അറബി-മലയാളം ലിപികളിൽ എഴുതപ്പെട്ട കവിതകളാണ് അറബിമലയാളം കവിത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പൊതുവെ മാപ്പിളപ്പാട്ടുകൾ എന്നു വിളിക്കപ്പെടുന്ന ഇവ മാലപ്പാട്ട്, പടപ്പാട്ട്, ഖിസ്സപ്പാട്ട്, ഉറുദിപ്പാട്ട്, മൈലാഞ്ചിപ്പാട്ട് തുടങ്ങി നിരവധി പേരുകളിൽ അറിയപ്പെടുന്നു. മുതിർന്ന മുസ്‌ലിങ്ങൾ വ്യാപകമായി പാരായണം ചെയ്യുന്ന ഒരു കൃതിയാണ് മുഹ്‌യുദ്ദീൻമാല.

മാപ്പിള എഴുത്തുകാരിൽ പ്രഗത്ഭനായ കവിയാണ് മോയിൻകുട്ടി വൈദ്യർ. മാപ്പിളപ്പാട്ട് രചനയ്ക്കു മതപരമല്ലാത്ത കാൽപ്പനിക വിഷയങ്ങൾ അദ്ദേഹം ഉപയോഗപ്പെടുത്തി. അത്തരത്തിലുള്ള ഒരു പ്രണയകാവ്യമാണ് ബദറുൽ മുനിറും ഹുസനുൽ ജമാലും.

### പ്രധാനപ്പെട്ട കവികളും അവരുടെ കൃതികളും

| പേര് | കൃതികൾ |
|---|---|
| ചേറ്റുവായിപരീക്കുട്ടി | സൗഭാഗ്യ സുന്ദരി |
| ചാക്കീരി മോയിൻകുട്ടി | ഫുതുഹു ഷാംസ് |
| പുലിക്കോട്ടിൽ ഹൈദർ | മിൻഹാദുൽ ബാരി |
| ടി. ഉബൈദ് | ആദി അഹ്ദന |
| | ചെറിയ തുഹ്ഫത്തുൽ ബാരി |
| | വലിയ തുഹ്ഫത്തുൽ ബാരി |
| | തുഹ്ഫത്തുൽ ഇഖ്‌വാൻ |
| | ദുർചരമാർ |
| | വെള്ളപ്പൊക്കമാല |
| | കാതുകുത്തുമാല |
| | നവരത്നമാല |
| | ബാഷ്പധാര |
| | ചന്ദ്രക്കല |


**സംക്ഷിപ്തം**

കേരളത്തിലെ മുസ്ലിം നേതാക്കൻമാർ, അവരുടെ സംഭാവനകൾ, സ്വാതന്ത്ര്യ സമരം എന്നിവയെക്കുറിച്ച് ഈ പാഠഭാഗത്ത് ചർച്ച ചെയ്യുന്നു. 1921-ലെ മലബാർ കലാപത്തെക്കുറിച്ചും മറ്റ് പ്രധാനപ്പെട്ട കലാപങ്ങളെക്കുറിച്ചു വ്യക്തമായ ഒരു ചിത്രം പാഠഭാഗത്തുനിന്നു ലഭിക്കുന്നു.


## ടി.ഇ. ചോദ്യങ്ങൾ

- മാപ്പിളക്കലാപങ്ങളെക്കുറിച്ച് ഒരു ലഘുകുറിപ്പ് എഴുതുക
- 1921-ലെ മലബാർ കലാപത്തിന്റെ കാരണങ്ങൾ എന്തൊക്കെയാണ്?
- കേരള മുസ്ലിം ഐക്യസംഘത്തെക്കുറിച്ച് ചുരുക്കം വാക്കുകളിൽ വിശദീകരിക്കുക.


**അബ്ബാസി സാമ്രാജ്യ വിസ്തൃതി ഹാറൂൺ റഷീദിന്റെ കാലഘട്ടത്തിൽ**




## അയ്യൂബി, അബ്ബാസി, സെൽജൂക്ക് സാമ്രാജ്യങ്ങൾ




## സ്പെയിൽ അബ്ദുൽ റഹ്മാൻ മൂന്നാമന്റെ കീഴിൽ




ഉസ്മാനിയ സുൽത്താൻ സുലൈമാന്റെ കാലഘട്ടത്തിലെ സാമ്രാജ്യ വിസ്തൃതി




**ഒന്നാം ലോകമഹായുദ്ധനന്തരം മധ്യപൗരസ്ത്യദേശത്ത് നടപ്പാക്കിയ അധിനിവേശ ഭരണം**



**അലവുദ്ദീൻ ഖിൽജിയുടെ സാമ്രാജ്യം**



1. ഡൽഹി
2. വാറംഗൽ
3 മധുര
4 ആഗ്ര
5. സിന്ദ്
6. ദേവഗിരി (ദൗലത്താബാദ്
7. ദ്വാരസമുദ്ര
8. പഞ്ചാബ്
9. പാനിപത്ത്
10. ബംഗാൾ




1. പെഷവാർ
2. ഡൽഹി
3. ആഗ്ര
4. ഗോൽകൊണ്ട
5. മറാത്ത
6. പാട്ന
7. രജപുത്
8. കോഴിക്കോട്
9. ഗോവ

മഅ്മൂന്റെ കാലഘട്ടത്തിലെ അബ്ബാസി സാമ്രാജ്യം

1. ബാഗ്ദാദ്
2. സ്പെയിൻ
3. വടക്കെ ആഫ്രിക്ക
4. ഇറാഖ്
5. മക്ക
6. മദീന
7. ജറൂസലേം
8. ഈജിപ്ത്



# പദാവലി

| | | |
|---|---|---|
| അസ്സഫ്ഫാഹ് | - | രക്തദാഹി |
| മൻസൂർ | - | വിജയി |
| ദിവാനുൽ ഖറാജ് | - | നികുതി വകുപ്പ് |
| അലിഫ് ലൈല | - | ആയിരത്തൊന്നു രാവുകൾ |
| സാഹിബു ശുർത്ത | - | പോലീസ് മേധാവി |
| സാഹിബുൽ ബരീദ് | - | പോസ്റ്റ് മാസ്റ്റർ |
| അമീറുൽ ബഹർ | - | നാവിക മേധാവി |
| ഖാളി അൽ ഖുളാത്ത് | - | ചീഫ് ജസ്റ്റിസ് |
| ഗാസി | - | യോദ്ധാവ് |
| ജാനിസ്സറി | - | പുതിയ സൈന്യം |
| ഖാനൂനി | - | നിയമദാതാവ് |
| തൻസീമത്ത് | - | നവീകരണം |
| ഒട്ടോമൻ സാമ്രാജ്യം | - | ഉസ്മാനിയ സാമ്രാജ്യം |
| ഷാഹിന | - | കമ്പോള നിയന്ത്രകൻ |
| ശിപായി | - | ബ്രിട്ടിഷ് സൈന്യത്തിലെ ഇന്ത്യൻ സൈനികർ |
| താരീഖ് | - | ചരിത്രം |
| മുഖദ്ദിമ | - | ആമുഖം |
| ഹദീസ് | - | പ്രവാചകൻ മുഹമ്മദിന്റെവചനങ്ങൾ പ്രവർത്തനങ്ങൾ, മൗനാനുവാദങ്ങൾ എന്നിവയുടെ സമാഹാരം |
| തഫ്സീർ | - | ഖുർആൻ വ്യാഖ്യാനം |
| ഇൽമ് | - | അറിവ് |
| മവാലി | - | ഉമവി-അബ്ബാസി കാലഘട്ടങ്ങളിലെ അനറബികൾ |
| അന്തലൂസിയ | - | സ്പെയിൻ |
| ശിയഅത്തു അലി | - | അലിയുടെ പക്ഷക്കാർ |
| മുഅ്തസിലിയാക്കൾ | - | മുഖ്യധാരയിൽ നിന്നു പുറത്തു പോയവർ |
| മിസ്റ് | - | ഈജിപ്ത് |
| ഹമാസ് | - | സ്ഥിരോത്സാഹം |
| മാൻഡേറ്ററി ഭരണം | - | അധിനിവേശ ഭരണം |